നെല്ലുളവിലിസ്

# കേരളത്തിലെ ക്രൈസ്തവസഭകൾ

1930 സെപ്റ്റംബർ 20



വിജയമകുടം ചൂടിയ
പുനരൈക്യ പരിശ്രമം

# കേരളത്തിലെ
# ക്രൈസ്തവസഭകൾ

(പരിഷ്കരിച്ച രണ്ടാം പതിപ്പ്)

പുനരൈക്യ
രജത ജൂബിലി സ്മാരകം

DHARMARAM COLLEGE LIBRARY BANGALORE-29
15440

ഗ്രന്ഥകർത്താ

ഫാദർ തോമസ് ഇഞ്ചക്കലോടി

(വില Rs. 2-8-0)

PRINTED AT
ST. JOSEPH'S PRESS,
TRIVANDRUM.
1954

Dharmaram College Library
Acc. No. 89744
Call. No. J63/JN21

M/209.954

1-st Edition

*Imprimatur :*

✠ JOSEPH MAR SEVERIOS
Bishop of Thiruvella

Thiruvella,
3—12—'52.

2-nd Edition

*Nihil Obstat :*

Fr. BONAVENTURE, O. C. D.

Carmel Hill Monastery,
Trivandrum,
29—10—'54.

*Imprimatur :*

✠ BENEDICT MAR GREGORIOS
Ap. Administrator,
Arch-Diocese of Trivandrum.

Trivandrum,
29—10—'54.

# മുഖവുര

ഭാരതത്തിൻെറ പ്രഥമാപ്പോസ്തലനായ വിശുദ്ധ തോമ്മാശ്ലീഹായുടെ കേരളപ്രവേശത്തിൻേറയും, ദ്വിതീയ അപ്പോസ്തലനായ വിശുദ്ധ ഫ്രാൻസിസ് സേവിയറിൻെറ നിര്യാണത്തിൻേറയും ജൂബിലിസ്മാരകമായി 1952-ഡിസംബർ മാസത്തിലാണു "കേരളത്തിലേ ക്രൈസ്തവ സഭകൾ" എന്ന ഈ ഗ്രന്ഥത്തിൻെറ ഒന്നാംപതിപ്പു പ്രസിദ്ധപ്പെടുത്തിയതു്. ഒരു വൎഷത്തിനുള്ളിൽത്തന്നെ ആദ്യപതിപ്പു മുഴുവൻ തീൎന്നുപോയതിനാൽ രണ്ടാംപതിപ്പ് ഉടൻതന്നെ പ്രസിദ്ധപ്പെടുത്തണമെന്നു പലേ സഹൃദയന്മാരും എന്നെ നിർബ്ബന്ധിച്ചു കൊണ്ടാണിരുന്നതു്, പക്ഷേ, ദിവംഗതനായ ആർച്ചുബിഷപ്പു മാർ ഈവാനിയോസു തിരുമനസ്സിലേ ജീവചരിത്രഗ്രന്ഥരചനയിൽ ഞാൻ വ്യാപൃതനായിത്തീരുകയാൽ രണ്ടാം പതിപ്പിൻെറ പ്രസിദ്ധീകരണത്തിനു കാലവിളംബം വരുത്തുകയാണുണ്ടായതു്. എന്നാൽ പുനരൈക്യപ്രസ്ഥാനത്തിൻെറ രജതജൂബിലി ആഘോഷിക്കുന്ന ഈ വർഷംതന്നെ ഇതിൻെറ പുനഃപ്രസിദ്ധീകരണം വലുതായ പ്രയോജനം വരുത്തുമെന്നു പുനരൈക്യകാംക്ഷികളായ പലരും അഭിപ്രായപ്പെട്ടതനുസരിച്ചാണു ദ്രുതഗതിയിലെങ്കിലും ഈ പതിപ്പു പ്രസിദ്ധപ്പെടുത്തുന്നതിനു ഞാൻ സന്നദ്ധനായതു്.

ഒന്നാം പതിപ്പിലുണ്ടായിരുന്ന ഓരോ അദ്ധ്യായത്തിലും അവിടവിടെയായി ഏതാനും വ്യത്യാസങ്ങൾ ഈ പതിപ്പിൽ വരുത്തിയിട്ടുണ്ടെന്നു മാത്രമല്ല, പുനരൈക്യജൂബിലിസ്മാരകമായി ഇതു പ്രസിദ്ധപ്പെടുത്തുന്നതിനാൽ പ്രസ്തുത പ്രസ്ഥാനത്തെ സംബന്ധിക്കുന്ന അഞ്ചു അദ്ധ്യായങ്ങൾ കൂടുതലായി ഇതിൽ ചേൎത്തിട്ടുമുണ്ടു്. കേരളത്തിലേ പുനരൈക്യ പ്രസ്ഥാനത്തെപ്പററി കൂടുതൽ അറിവു ലഭിക്കുന്നതിനു കത്തോലിക്കൎക്കും, യഥാൎത്ഥസത്യംഗ്രഹിച്ചു പുനരൈക്യപ്രസ്ഥാനം വഴിയായി കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്നതിനു അകത്തോലിക്കാസഹോദരങ്ങൾക്കും പ്രസ്തുത അദ്ധ്യായങ്ങളുടെ പാരായണം സഹായകമായിബ്ഭവിക്കുമെന്നു വിശ്വസിക്കുന്നു.

ഈ ഗ്രന്ഥത്തിൻെറ രചനയിലും പുനഃപ്രസിദ്ധീകരണത്തിലും എന്നെ സഹായിച്ചിട്ടുള്ള ഒട്ടനേകം സുഹൃത്തുക്കളോടുള്ള കൃതജ്ഞത ഈ അവസരത്തിൽ പ്രകടിപ്പിച്ചുകൊള്ളുന്നു. ഇതിൻെറ ആദ്യപതിപ്പു

അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നതിൽ നിഃസ്വാത്ഥമായി എന്നെ സഹായിച്ചിട്ടുള്ള ദേഹവും പുനരൈക്യപ്രസ്ഥാനപുരോഗതിക്കുവേണ്ടി പ്രസംഗങ്ങളാലും പ്രസിദ്ധീകരണങ്ങളാലും അശ്രാന്തം പരിശ്രമിച്ചു കൊണ്ടിരിക്കുന്ന പണ്ഡിതവര്യനുമായ വെരി റവ. ഫാദർ തോമസ്സ് വടശ്ശേരി, എൽ, ഡി. (റോം) അവർകളോട് എനിക്കുള്ള കൃതജ്ഞത നിസ്സീമമാണ്. ലേഖനമെഴുത്തിലും ഗ്രന്ഥരചനയിലും എപ്പോഴും എന്നെ പ്രോത്സാഹിപ്പിച്ചു കൊണ്ടിരിക്കുന്ന എറണാകുളം അതിരൂപതയുടെ സഹായമെത്രാൻ റൈററ് റവ. ഡോക്ടർ ജോസേഫ് പാറേക്കാട്ടിൽ ബി; ഏ.,ഡി.ഡി; തിരുമനസ്സുകൊണ്ടു് എൻെറ അഭ്യത്ഥനയനുസരിച്ചു കാര്യസംപൂണ്ണവും സദീർഘവുമായ ഒരു അവതാരിക എഴുതിത്തന്നതിൽ ആ വന്ദ്യതിരുമേനിയോടുള്ള കൃതജ്ഞതയും ഇത്തരുണത്തിൽ പ്രകടിപ്പിച്ചു കൊള്ളുന്നു. കത്തോലിക്കാ പ്രസിദ്ധീകരണപ്രചരണത്തിൽ ബദ്ധശ്രദ്ധരായിരിക്കുന്ന തിരുവനന്തപുരം സെൻറ ജോസഫ്സ് മുദ്രാലയഭാരവാഹികൾ ചുരുങ്ങിയ കാലയളവിനുള്ളിൽ എത്രയും ഭംഗിയായി ഈ ഗ്രന്ഥം മുദ്രണംചെയ്തു തന്നതിൽ അവരോടുള്ള ഹൃദയപൂവ്വകമായ കൃതജ്ഞതയും പ്രദർശിപ്പിച്ചുകൊള്ളുന്നു.

അവസാനമായി ഈ ഗ്രന്ഥം നിഷ്പക്ഷമനസ്സോടും സത്യാന്വേഷണബുദ്ധിയോടുംകൂടെ വായിക്കണമെന്നു് എൻെറ അകത്തോലിക്കാസഹോദരങ്ങളോടു വിനയപൂവ്വം അപേക്ഷിച്ചുകൊണ്ടു് ഈ പ്രസ്താവന ഉപസംഹരിച്ചുകൊള്ളുന്നു.

എന്നു്,

ഗ്രന്ഥകത്താ.

പന്തളം
3—11—'54.

ഒന്നാം പതിപ്പിന്റെ

# അവതാരിക

വിദേശരാജ്യങ്ങളിൽ എന്നപോലെ നമ്മുടെ മാതൃഭൂമിയായ കേരളത്തിലും പല ക്രൈസ്തവസഭകൾക്കു പ്രചാരം സിദ്ധിച്ചിട്ടുണ്ട്. ഇവയിൽ കത്തോലിക്കാ, യാക്കോബായ, മാർത്തോമ്മാ ആദിയായ സഭകളിൽ നില്ക്കുന്നവരും, "മലങ്കര നസ്രാണികൾ" എന്ന പേരിൽ പൊതുവേ അറിയപ്പെടുന്നവരുമായ ക്രിസ്ത്യാനികൾ മാർത്തോമ്മാശ്ലീഹയാണു തങ്ങളുടെ സഭയുടെ സ്ഥാപകനെന്നും, ആ വിശുദ്ധന്റെ ഉപദേശങ്ങൾ തന്നെയാണ് തങ്ങളുടെ സഭ ഇപ്പോഴും നല്കിക്കൊണ്ടിരിക്കുന്നതെന്നും ഏററം വാശിയോടും വൈരാഗ്യത്തോടും കൂടെ വാദിച്ചു വരുന്നു. എന്നാൽ ഈ സഭകളുടെ പ്രധാനപ്പെട്ട ചില വിശ്വാസവിഷയങ്ങളെ താരതമ്യം ചെയ്താൽ അവയിൽ പരസ്പരവിരുദ്ധതകൾ ഉണ്ടെന്നു മനസ്സിലാകും. തന്നിമിത്തം ഇവയെല്ലാം വി. തോമ്മാശ്ലീഹായിൽ നിന്നും വന്ന ദിവ്യോപദേശങ്ങളാണെന്നു സമ്മതിക്കുവാൻ നമ്മുടെ വിശേഷബുദ്ധിയും യുക്തിയും നമ്മെ അനുവദിക്കുന്നില്ല. അകയാൽ സത്യസ്ഥിതി അറിയുവാൻ അഭിലഷിക്കുന്നവർ, ഓരോ സഭക്കാരും നല്കുന്ന തെളിവുകളേയും ന്യായങ്ങളേയും താരതമ്യം ചെയ്തു നിഷ്പക്ഷബുദ്ധ്യാ പഠനം നടത്തേണ്ടിയിരിക്കുന്നു. ഇതു വളരെ ശ്രമസാദ്ധ്യമായ ഒരു കാര്യമാണെന്നു പറയേണ്ടതില്ലല്ലോ.

മലങ്കരസഭയുടെ സ്ഥാപനം, ആദിമവിശ്വാസം, ഭരണം, വിശ്വാസഭിന്നതകൾ ആദിയായി കേരളത്തിലേ കത്തോലിക്കരും അകത്തോലിക്കരുമായ ചരിത്രകാരന്മാരുടേയും, വേദശാസ്ത്രപണ്ഡിതന്മാരുടേയും, ഗ്രന്ഥകാരന്മാരുടെയും ഇടയിൽ അഭിപ്രായവ്യത്യാസമുള്ള അനേകം ചരിത്രവിഷയങ്ങളേയും വിശ്വാസസത്യങ്ങളേയും സ്വീകാരയോഗ്യമായ ചരിത്രരേഖകൾ, പുരാതനപിതാക്കന്മാരുടെ സാക്ഷ്യങ്ങൾ, വേദപുസ്തകവാക്യങ്ങൾ, യുക്തിയുക്തമായ അനുമാനങ്ങൾ എന്നിവയുടെ വെളിച്ചത്തിൽ ശോധന ചെയ്തു യഥാർത്ഥസ്ഥിതി നിർമ്മത്സരബുദ്ധികളായ സത്യാന്വേഷികൾക്കു പ്രസ്പഷ്ടമായി ചൂണ്ടിക്കാണിക്കുക എന്നുള്ള മഹനീയകൃത്യമാണ് "കേരളത്തിലേ ക്രൈസ്തവസഭകൾ" എന്ന വിശിഷ്ട ഗ്രന്ഥത്തിന്റെ രചനയാൽ റവ. ഫാദർ ഇഞ്ചെയ്ക്കലോടി അവർകൾ നിർവ്വഹിച്ചിരിക്കുന്നതു്. കേരളത്തിലേ ക്രൈസ്തവസഭകളിൽ ഓരോന്നിന്റേയും ഉത്ഭവം, വളർച്ച, ആധുനികസ്ഥിതിഗതികൾ എന്നിവയെ മാത്രമല്ല, ഓരോ സഭയ്ക്കും ഇതരസഭകളെ അപേക്ഷിച്ചുള്ള പ്രത്യേ

കതകൾ, സർവോപരി ഓരോ സഭയ്ക്കും സത്യസഭയോടു—നിഖ്യാ സൂന്നഹദോസിൻെറ വാക്കുകളിൽ പറഞ്ഞാൽ "സാർവ്വത്രികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭ"യോട്-വിശ്വാസവിഷയങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലുമുള്ള ഭിന്നതാഭിന്നതകൾ മുതലായവ ഉദാഹരണസഹിതം ഗ്രന്ഥകാരൻ വിശദമാക്കിയിട്ടുണ്ട്. കേരളത്തിൽ ഇന്നു പ്രചാരത്തിലിരിക്കുന്ന പല ചരിത്രഗ്രന്ഥങ്ങളിലും ഏതെങ്കിലുമൊരു സഭയെപ്പററിയല്ലാതെ ഇതരസഭകളെപ്പററിയുള്ള വിവരങ്ങൾ നാമമാത്രമോ തീരെ വിരളമോ അത്രേ. ചില സഭകളുടെ പേരുകൾ തന്നെയും സാധാരണജനങ്ങൾ കേട്ടിട്ടു പോലുമില്ലെന്നു വ്യസനസമേതം പറയേണ്ടിരിക്കുന്നു. എന്നാൽ ഫാദർ ഇഞ്ചെയ്ക്കലോടിയുടെ വിദഗ്ദ്ധമായ തൂലിക കേരളത്തിലുള്ള എല്ലാ ക്രൈസ്തവസഭകളേയും അവയുടെ തനിനിറത്തിൽ ചിത്രീകരിച്ചിട്ടുണ്ടെന്നുള്ള വാസ്തവം ഈ ഗ്രന്ഥം ഒരാവൎത്തി വായിക്കുന്ന ആരും സമ്മതിക്കാതിരിക്കയില്ല.

ചതുർവിധ വിഭവങ്ങളോടു കൂടിയ ഒരു വിരുന്ന് ആസ്വാദിച്ച് ആനന്ദം അടയുന്നവർ ആ വിരുന്ന് ഒരുക്കുന്നതിലും, സ്വാദിഷ്ടങ്ങളായ ഭക്ഷ്യപേയങ്ങൾ അതിഥികളുടെമുമ്പിൽ നിരത്തിവെയ്ക്കുന്നതിലും ആതിഥേയൻ പ്രദർശിപ്പിച്ചിട്ടുള്ള വിവേകവും, സാമൎത്ഥ്യവും, ബഹുവിധക്ലേശങ്ങളും അല്പമൊന്നു ചിന്തിക്കാതെ പെട്ടെന്നു ഗ്രഹിച്ചെന്നു വരുന്നതല്ല. മാൎത്തോമ്മാശ്ലീഹായുടെ കേരളപ്രവേശത്തിൻെറ പത്തൊൻപതാം ശതാബ്ദപൂർത്തി ആഘോഷിക്കപ്പെടുന്ന ഈ ശുഭവത്സരത്തിൽ ഫാദർ. ഇഞ്ചെയ്ക്കലോടി മാൎത്തോമ്മാശ്ലീഹായുടെ അരുമമക്കൾക്കായി വിളമ്പിയിരിക്കുന്ന ഈ ഗ്രന്ഥസദ്യ തയ്യാറാക്കുന്നതിൽ എത്രമാത്രം ശ്രദ്ധയും, വിവേചനവും, ബുദ്ധിമുട്ടും സഹിച്ചിട്ടുണ്ടെന്ന് ഇതിൻെറ ഓരോ അദ്ധ്യായവും വിളിച്ചു പറയുന്നു.

ഇനിയും ഇതുപോലെയുള്ള അമൂല്യഗ്രന്ഥങ്ങൾ മലങ്കര സഭാമാതാവിൻെറ പോഷണത്തിനും ഭൂഷണത്തിനുമായി രചിച്ചു ക്രൈസ്തവരുടെ ഇടയിൽ വിശ്വാസൈക്യവും, അന്യോന്യജ്ഞാനവും കൈവരുത്തുന്നതിനു വേണ്ട കഴിവുകളും ആയുരാരോഗ്യങ്ങളും സൎവ്വശക്തനായ ദൈവം നിർല്ലോഭം ഗ്രന്ഥകാരനു പ്രദാനം ചെയ്യട്ടേ എന്നു പ്രാൎത്ഥിച്ചുകൊണ്ടു് ഈ കൃതിതല്ലജത്തെ ബഹുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ഭദ്രാസനദൈവാലയം,
തിരുവല്ലാ,
25—12—'52.

ഫാദർ തോമ്മസ്സ് വടശ്ശേരി.

### രണ്ടാം പതിപ്പിൻെറ

# അവതാരിക

ഭൂലോകരക്ഷകനായ ക്രിസ്തുനാഥൻ ലോകത്തിൽ ഏകസഭ മാത്രമേ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിരുന്നുള്ളുവെന്ന വാസ്തവം വേദപുസ്തകത്തിലേ പുതിയ നിയമഗ്രന്ഥങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുന്ന ഒരുവനു നിഷ്പ്രയാസം ഗ്രഹിക്കുവാൻ സാധിക്കും. സഭയെക്കുറിച്ചു പ്രതിപാദിച്ചിട്ടുള്ളപ്പോഴെല്ലാം ഏകവചനമാണ് അവിടന്ന് ഉപയോഗിച്ചിട്ടുള്ളതു്. "നീ പാറയാകുന്നു. ഈ പാറമേൽ ഞാൻ എൻെറ സഭയെ പണിയും" (മത്തായി 16.18) എന്ന പ്രസ്താവന തന്നെ ഇതിനു് ഉത്തമോദാഹരണമാണ്. ഇതുമെന്യേ ദിവ്യരക്ഷകൻ സഭയെ കടുകുമണിയോടും, മേഷാലയത്തോടും, രാജ്യത്തോടും ഉപമിച്ചിരിക്കുന്നു. പ്രസ്തുത ഭാഗങ്ങളിലെല്ലാം തന്നെ സഭയുടെ ഏകത്വം സുവിശദമായി പ്രകാശിക്കുന്നുണ്ട്. ഒരു തൊഴുത്തും ഒരിടയനും മാത്രം ഉണ്ടായിരിക്കണമെന്നാണ് അവിടുത്തെ അഭിലാഷം. (യോഹന്നാൻ 10.16. മത്തായി 25. 1, മത്തായി 5.14). തൻെറ അനുയായികൾക്കു വേണ്ടി സ്വപിതാവിൻെറ സന്നിധിയിൽ ദിവ്യരക്ഷകൻ അർപ്പിച്ച ഹൃദയസ്പർശകവും അർത്ഥസംപുഷ്ടവുമായ അന്തിമപ്രാർത്ഥനയിലും ഈ ആശയം സുതരാം പ്രകാശിക്കുന്നുണ്ട്. "ഇവർക്കുവേണ്ടി മാത്രമല്ല, പിന്നയോ ഇവരുടെ വചനംമൂലം എന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടി കൂടെയുമാണ് ഞാൻ പ്രാർത്ഥിക്കുന്നതു്. നീ എന്നെ അയച്ചിരിക്കുന്നുവെന്നു ലോകം വിശ്വസിക്കേണ്ടതിനു് എൻെറ പിതാവെ, നീ എന്നിലും ഞാൻ നിന്നിലുമെന്നപോലെ, അവരും നമ്മിൽ ഒന്നാകേണ്ടതിനു തന്നെ" (യോഹന്നാൻ 17. 20–21).

ക്രിസ്തീയധർമ്മത്തിൻെറ മർമ്മം ഗ്രഹിച്ച വി. പൗലോസു ക്രിസ്ത്യാനികളുടെ സമൂഹത്തെ ഒരു ശരീരത്തോടു് ഉപമിക്കുകയും ഏകവിശ്വാസം, ഏക മാമോദീസാ, ഏക കർത്താവു്, ഏക സ്രഷ്ടാവു് എന്നീ ന്യായങ്ങളെ ആധാരമാക്കി ഐകമത്യം പാലിക്കുവാൻ ശക്തിയുക്തം ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു. "നിങ്ങളുടെ വിളിയുടെ ഏകപ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്ന പ്രകാരം നിങ്ങൾ ഒരേ ശരീരത്തോടും ഒരേ ആത്മാവോടും ഇരിക്കേണ്ടതിനായി സമാധാനത്തിൻെറ ബന്ധത്തിൽ ആത്മാവിൻെറ ഐക്യം കാത്തുകൊള്ളുവാൻ ഉത്സാഹിക്കുവിൻ. എന്തുകൊണ്ടെന്നാൽ, കർത്താവു് ഒരുവനാകുന്നു. വിശ്വാസവും

ഒന്ന് മാമ്മോദീസായും ഒന്ന്. എല്ലാവരുടേയും പിതാവും എല്ലാററിനും മേലും, എല്ലാററിലും, നമ്മിലെല്ലാവരിലും (സ്ഥിതിചെയ്യുന്നവനും ആയ) ദൈവവും ഒരുവൻ ആകുന്നു. (എഫേ. 4. 3—6).

ഇനിയും സഭയുടെ ഏകത്വത്തിൻെറ വിശദാംശങ്ങളിലേക്ക് പ്രവേശിക്കുന്നപക്ഷം വിശ്വാസം, ആരാധന, ഭരണം എന്നീ മൂന്നു മൗലികഘടകങ്ങളിലും സാർവ്വത്രികമായ ഐകരൂപ്യം ഉണ്ടായിരിക്കണമെന്ന് കാണാവുന്നതാണ്. "വിശ്വാസം ഒന്ന്" എന്നുള്ള വിശുദ്ധ പൗലോസിൻെറ പ്രസ്താവനയിൽ നിന്നും ക്രിസ്ത്യാനികൾ അവശ്യം സ്വീകരിക്കുകയും ആദരിക്കുകയും ചെയ്യേണ്ട ദൈവാവിഷ്കൃതസത്യങ്ങളുടെ കാര്യത്തിൽ ഭിന്നാഭിപ്രായങ്ങൾക്കും, വിട്ടുവീഴ്ചകൾക്കും, ഒത്തുതീപ്പിനും പഴുതില്ലെന്നു വ്യക്തമാണ്. ഏതൽക്കാരണത്താലത്രേ വി. പൗലോസ് അനന്യസാധാരണമായ സ്വപ്രത്യയസ്ഥൈര്യത്തോടെ അപ്പസ്തോലന്മാർ അറിയിച്ച ദിവ്യസന്ദേശം അക്ഷരംപ്രതി സംരക്ഷിക്കുവാൻ ഗലാത്തിയക്കാരോട് ആവശ്യപ്പെടുന്നതു. "ഞങ്ങൾ നിങ്ങളെ അറിയിച്ചതിനു വിപരീതമായി ഞങ്ങൾതന്നെയാകട്ടെ സ്വർഗ്ഗത്തിൽ നിന്നും ഒരു ദൂതൻ തന്നെയാകട്ടെ നിങ്ങളോടറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ. (ഗലാ. 1. 8)

"മാമോദീസായും ഒന്ന്" എന്നുള്ള വി. പൗലോസിൻെറ പ്രസ്താവന ദൈവികാരാധനയിൽ മൗലികമായ ഐക്യം ഉണ്ടായിരിക്കണമെന്ന് സൂചിപ്പിക്കുന്നു. വരപ്രസാദത്തിൻെറ സ്രോതസ്സുകളായി ക്രിസ്തുനാഥൻ നിശ്ചയിച്ചു തന്നിട്ടുള്ള കൂദാശകളെ വ്യത്യാസപ്പെടുത്തുവാനോ അവയുടെ എണ്ണം കുറയ്ക്കുവാനോ കൂട്ടുവാനോ യാതൊരു മാനുഷികശക്തിയ്ക്കും അധികാരമുള്ളതല്ല. വി. പത്രോസിനെ സഭയുടെ ആണിക്കല്ലും അടിസ്ഥാനവുമായി ദിവ്യരക്ഷകൻ നിശ്ചയിച്ചതിൽനിന്നും ഭരണകാര്യത്തിലും ഐക്യം അനുപേക്ഷണീയമാണെന്നു തെളിയിക്കാവുന്നതാണ്.

മേൽ പ്രസ്താവിച്ചതിൽ നിന്നും ക്രിസ്തു ഏകസഭ മാത്രമേ സ്ഥാപിച്ചിട്ടുള്ളു എന്നും അവിടത്തെ അനുയായികൾ ഒരേ സത്യങ്ങൾ വിശ്വസിക്കുവാനും, ഒരേ കൂദാശകൾ സ്വീകരിക്കുവാനും, ഒരേ ഭരണാധികാരിയ്ക്കു കീഴ്പ്പെട്ടിരിക്കുവാനും ബാദ്ധ്യസ്ഥരാണെന്നും സിദ്ധിക്കുന്നു. എന്നാൽ ഇന്നു ഭൂമുഖത്തു നമ്മുടെ ഈ കേരളക്കരയിൽ തന്നെ വിശ്വാസം, കൂദാശക്രമം, ഭരണക്രമം എന്നിവയിൽ ഐക്യം പുലത്താത്ത നിരവധി ഭിന്നതകൾ നാം ദശിക്കുന്നുണ്ട്. ക്രിസ്തുവിന്നു ഏകസഭമാത്രം

സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ടായിരുന്ന സ്ഥിതിക്ക് ഇവയുടെ എല്ലാം സ്ഥാപകൻ അവിടുന്ന് ആയിരിക്കുവാൻ നിവൃത്തിയില്ലെന്നുള്ളത് അനുക്തസിദ്ധമാണു. ക്രിസ്തുവല്ലാതെ മറെറാരു സ്ഥാപകൻ കത്തോലിക്കാസഭയ്ക്കില്ലെന്നു നിമ്മത്സരബുദ്ധ്യാ ചരിത്രം പഠിക്കുന്ന ഏവക്കും ബോധപ്പെടുന്നതാണു. ഇതരസഭകൾ എങ്ങനെ ഉണ്ടായി, ആരെല്ലാമാണു അവയുടെ സ്ഥാപകന്മാർ, അവ ഓരോന്നിൻേറയും ഉത്ഭവകാരണം എന്താണ് ഇത്യാദി പ്രശ്നങ്ങൾക്കുള്ള സാമാധാനം ചരിത്രത്തിൻെറ ഏടുകളിൽതന്നെ ഒളിഞ്ഞു കിടക്കുന്നുണ്ട്. പ്രസ്തുത സഭകൾക്കെല്ലാം ബീജാവാപം ചെയ്തിട്ടുള്ളതു ഓരോരോ കാലത്തു് രംഗപ്രവേശം ചെയ്തവരും, ദൈവദത്തമായ അധികാരസ്ഥാനത്തെ വകവയ്ക്കാത്തവരും, തൻെറ ശിഷ്യന്മാരും സഭാപിതാക്കന്മാരും വഴി പരമ്പരാഗതമായി ക്രിസ്തുനാഥൻ പ്രദാനം ചെയ്തിട്ടുള്ള തത്വസംഹിതകളെ അപേക്ഷിച്ചു സ്വാഭിപ്രായങ്ങൾക്കു മുൻഗണനന നല്കിയവരുമായ മനുഷ്യവ്യക്തികളാണ്.

കേരളത്തിലേ വിവിധക്രൈസ്തവസഭകളെ സംബന്ധിച്ചെടത്തോളം ഈ വാസ്തവം "കേരളത്തിലേ ക്രൈസ്തവസഭകൾ" എന്ന ഈ ഗ്രന്ഥം മൂഖേന ചരിത്രപടുവും പരിചയസമ്പന്നനുമായ ഫാദർ ഇഞ്ചെയ്ക്കലോടി തുറന്നു കാണിക്കുന്നു. മററു പല ഗ്രന്ഥങ്ങളും രചിച്ചു നേരത്തേ തന്നെ പേരും പെരുമയും സമ്പാദിച്ചിട്ടുള്ള അദ്ദേഹത്തിൻെറ ഈ ഗ്രന്ഥത്തിനു കേരളത്തിലേ കത്തോലിക്കരും അകത്തോലിക്കരുമായ അനുവാചകർ ഹൃദ്യമായ ഒരു സ്വാഗതമാണു അരുളിയതെന്നു ചുരുങ്ങിയ കാലയളവിൽ ഇതിന് ഒരു രണ്ടാം പതിപ്പു് വേണ്ടിവന്നു എന്നുള്ളതിൽ നിന്നു തന്നെ ഊഹിക്കാവുന്നതാണ്.

ചരിത്രപഠനമാണു ന്യൂമാൻ തുടങ്ങിയ മഹാപണ്ഡിതന്മാരെ കത്തോലിക്കാസഭയുടെ മടിയിലേക്ക് ആനയിച്ചതു്. വിവിധസഭകളുടെ ഉത്ഭവം നിഷ്പക്ഷബുദ്ധ്യാ പരിശോധിക്കുന്നവക്കു "സത്യസഭ" ഏതെന്നു കണ്ടുപിടിക്കുവാൻ പ്രയാസമുണ്ടാകുന്നതല്ല. 19-ാംശതാബ്ദത്തിൻെറ ഉത്തരാദ്ധത്തിൽ കത്തോലിക്കാസഭയിലേക്കുണ്ടായ മാനസാന്തരപ്രവാഹത്തെ തടയുന്നതിനായി ഒരു ഗ്രന്ഥം രചിക്കുവാൻ ഉദ്യുക്തനായ മാക്ക്വിസ് ഓഫ് റിപ്പൺ എന്ന മിണ്ടാവേദക്കാരൻ (Freemason) കത്തോലിക്കാസഭ എന്തെന്നു ഗ്രഹിച്ചശേഷമേ താൻ അതിനെ വിമശിക്കുകയുള്ളൂ എന്ന മനോഭാവത്തോടുകൂടെ കത്തോലിക്കാ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുവാൻ തുടങ്ങി. പത്തുമാസത്തെ പഠനത്തിനു

ശേഷം ക്രിസ്തു സ്ഥാപിച്ച ഏകരക്ഷാമാർഗ്ഗം കത്തോലിക്കാസഭയാണെന്ന അദ്ദേഹത്തിനു ബോധപ്പെട്ടുകയും തൽഫലമായി സഭയുടെ തണലിൽ അദ്ദേഹം അഭയം കണ്ടെത്തുകയും ചെയ്തു.

മുൻ വിധികൾ മാററിവെച്ചുകൊണ്ടു സത്യാന്വേഷണത്തിനു ഒരുമ്പെടുന്ന ഏതൊരുവൻെറ അനുഭവവും ഇതുതന്നെ ആയിരിക്കും. സുപ്രസിദ്ധ അമേരിക്കൻ ഗ്രന്ഥകാരനും ചിന്തകനുമായ ജോൺ എൽ സ്റ്റൊഡാർഡ് (John L. Stodard) അജ്ഞേയവാദം തിരസ്കരിച്ച് കത്തോലിക്കാസഭയെ ആശ്ലേഷിച്ച ശേഷം അതിനെ പ്രശംസിച്ചിരിക്കുന്നതു നോക്കുക. "മാനുഷികമായ നവീകരണങ്ങളുടെ ആക്രമണങ്ങളാൽ അഭേദ്യമായി, സാമ്രാജ്യങ്ങളുടെ ഉദയാസ്തമയങ്ങളെ അവഗണിച്ചുകൊണ്ടും നാശനഷ്ടങ്ങളെ അതിജീവിച്ചുകൊണ്ടും, ഛിദ്മങ്ങൾക്ക് ഉപരിയായും, പീഡനത്തിൽ സ്ഥിരതയോടു കൂടെയും, ശത്രുക്കളുടെ ശിഥിലീകരണത്തെ പ്രശാന്തമായി വീക്ഷിച്ചുകൊണ്ടും ഐക്യത്തിൻെറ നികേതനമായ കത്തോലിക്കാസഭ നിലകൊള്ളുന്നു. അങ്ങനെയാണു മാററമില്ലാത്ത റോമാസഭ നില്ക്കുന്നതു്. അങ്ങനെ തന്നെ അതു് സ്വസ്ഥാപകനായ ക്രിസ്തുവിൻെറ പ്രത്യാഗമനംവരെ നില നില്ക്കുകയും ചെയ്യും." (Re-building A Lost Faith P. 87) കത്തോലിക്കാസഭയെപ്പററി നിഷ്പക്ഷമായി പഠനം നടത്തുന്ന ഏതൊരു സത്യാന്വേഷകനും ഈ നിഗമനത്തിൽ എത്തിച്ചേരുന്നതായിരിക്കും. അപ്പോൾ അയാളുടെ ഹൃദയം കുളിർക്കുകയും അന്തരാത്മാവു പുളകമണിയുകയും ചെയ്യും. സത്യഗ്രഹണത്തിൽ കർദ്ദിനാൾ ന്യൂമൻെറ ആനന്ദം കരകവിഞ്ഞൊഴുകുന്നതു നോക്കുക. "ദീർഘകാലം തേടിയതും സാവകാശം കണ്ടെത്തിയതുമായ ഹൃദയത്തിൻെറ അഭിലാഷം! നിരവധി നിഴലുകൾക്കുശേഷമുള്ള സത്യം! പല മുന്നനുഭവങ്ങൾക്കു ശേഷമുള്ള പൂർത്തീകരണം! നിരവധി കൊടുങ്കാററുകൾക്കു ശേഷമുള്ള ഭവനം! ഹതഭാഗ്യരായി അലഞ്ഞു നടക്കുന്നവരേ, നിങ്ങൾ അവളെ സമീപിക്കുവിൻ. കാരണം, അവൾക്കാണു—അവൾക്കു മാത്രമാണ്—നിങ്ങളുടെ അസ്തിത്വത്തിൻെറ രഹസ്യവും നിങ്ങളുടെ അന്ത്യത്തിൻെറ അർത്ഥവും വെളിപ്പെടുത്തുവാൻ കഴിയുന്നതു്."

കേരളത്തിലെ ക്രൈസ്തവസഭകളെപ്പററി ഫാദർ ഇഞ്ചെയ്ക്കലോടിയാൽ വിരചിതമായിട്ടുള്ള ഈ ഗ്രന്ഥം വിവധ സഭകളുടെ ഉത്ഭവം, വളർച്ച, വിശ്വാസവിഷയങ്ങൾ, അവ ഓരോന്നിൻേറയും ആധുനികസ്ഥിതി എന്നിവ സംബന്ധിച്ചു അനുവാചകരുടെ മുമ്പിൽ നിരത്തിവയ്ക്കുന്ന ചരിത്രവസ്തുതകൾ ഉപരിപഠനത്തിനു സത്യാന്വേഷികളായ ഏവർക്കും

പ്രചോദനം നല്കുന്നതാണു്. കേരളത്തിൽ ഇന്നുള്ള എല്ലാ ക്രൈസ്തവ സഭകളെപ്പററിയും സ്ഥൂലമായ ഒരു ജ്ഞാനം കത്തോലിക്കർക്കും കത്തോലിക്കേരർക്കും ലഭിക്കുന്നതിന് ഈ ഗ്രന്ഥം ഉപകരിക്കുമെന്നുള്ളതിനു തെല്ലും സംശയമില്ല. ഏതൽക്കാരണത്തിൽ ഗ്രന്ഥകാരനെ ഹൃദയപൂർവ്വം അനുമോദിക്കുകയും, ഗ്രന്ഥത്തിനു പ്രചുരപ്രചാരം ആശംസിക്കുകയും, സത്യാന്വേഷികളായ കേരളത്തിലേ അകത്തോലിക്കാസഹോദരങ്ങളുടെ കത്തോലിക്കാപുനരൈക്യത്തിനു് ഈ ഗ്രന്ഥത്തിൻെറ പാരായണം പ്രേരകമായിത്തീരുമെന്നു വിശ്വസിക്കുകയും, അതിനുവേണ്ടി സത്യസഭാസ്ഥാപകനായ ക്രിസ്തുനാഥനോടു പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടു് ഈ അവതാരിക ഉപസംഹരിച്ചുകൊള്ളുന്നു.

എറണാകുളം
11—9—'54

✠ ജോസേഫ് പറേക്കാട്ടിൽ
എറണാകുളം സഹായമെത്രാൻ

# വിഷയവിവരണിക


| | | പുറം |
|---|---|---|
| മുഖവുര | | i |
| ഒന്നാം പതിപ്പിന്റെ അവതാരിക | | iii |
| (വെരി റവ. ഫാദർ തോമസ്സ് വടക്കേരി L. D. (Rome)) | | |
| രണ്ടാം പതിപ്പിന്റെ അവതാരിക | | v |
| (റൈററ് റവ. ഡോക്ടർ ജോസേഫ് പാറേക്കാട്ടിൽ B. A., D. D.) | | |
| അദ്ധ്യായം | | |
| 1. | പ്രാചീന കേരളം | 1—7 |
| 2. | വി. തോമ്മാശ്ലീഹാ | 8—17 |
| 3. | മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യയിലെ പ്രേഷിതവൃത്തി | 18—30 |
| 4. | കത്തോലിക്കാസഭയും അകത്തോലിക്കാസഭകളും | 31—39 |
| 5. | കേരളീയ ക്രൈസ്തവസഭ | 40—50 |
| 6. | ,, | 51—59 |
| 7. | കേരളത്തിലെ പുരാതനസഭ | 60—75 |
| 8. | ഉദയംപേരൂർ സൂനഹദോസും കൂനൻകുരിശുസത്യവും | 76—87 |
| 9. | കേരളീയ കത്തോലിക്കാസഭ | 88—98 |
| 10. | യാക്കോബായസഭ | 99—112 |
| 11. | കത്തോലിക്കാസഭയും യാക്കോബായസഭയും | 113—127 |
| 12. | മലങ്കര ഓർത്തഡോക്സ് സഭ | 128—144 |
| 13. | ,, | 145—158 |
| 14. | നെസ്തോറിയൻ സഭ | 159—174 |
| 15. | മാർത്തോമ്മാ (നവീകരണ) സഭ | 175—192 |
| 16. | ,, | 193—209 |

| അദ്ധ്യായം | | പുറം |
|---|---|---|
| 17. | ആംഗ്ലിക്കൻ സഭ | 210—224 |
| 18. | തെന്നിൻഡ്യൻ ഐക്യസഭ | 225—235 |
| 19. | ബ്രദറൺ സഭ | 236—243 |
| 20. | പെന്തിക്കോസ്ത സഭ | 244—252 |
| 21. | രക്ഷാസൈന്യം | 253—263 |
| 22. | സപ്തദിനപുനരാഗമന സഭ (ശബ്ബത്തുസഭ) | 264—271 |
| 23. | യുയോമയം (അഞ്ചരവേദം) | 272—277 |
| 24. | അഞ്ചു ചെറുസഭകൾ 1. തോഴിയൂർ സഭ 2. ദൈവസഭ 3. റസ്സൽസഭ 4. പ്രത്യക്ഷരക്ഷാ ദൈവസഭ 5. ലൂതറൻ സഭ. | 278—284 |
| 25. | ക്രൈസ്തവ പുനരൈക്യം | 285—293 |
| 26. | കത്തോലിക്കാപുനരൈക്യ സാഹചര്യങ്ങളും പ്രതിബന്ധങ്ങളും | 294—305 |
| 27. | പുത്തൻകൂറുകാരും പുനരൈക്യപരിശ്രമങ്ങളും | 306—319 |
| 28. | വിശ്വവിഖ്യാതമായ പുനരൈക്യപ്രസ്ഥാനം | 320—329 |
| 29. | കത്തോലിക്കാമതത്തിനുള്ള പ്രത്യേക വിശേഷതകൾ | 330—336 |
| 30. | ഉപസംഹാരം | 337—343 |

# കേരളത്തിലെ ക്രൈസ്തവസഭകൾ

## അദ്ധ്യായം 1.

## പ്രാചീനകേരളം

### സംക്ഷിപ്ത ചരിത്രം

ക്രിസ്തുമതാരംഭത്തിനു മുൻപുള്ള കേരളത്തിന്റെ ചരിത്രം സുവിശദമായും പ്രമാദരഹിതമായും രേഖപ്പെടുത്തുന്നതിന് ഉപയുക്തങ്ങളായ തെളിവുകൾ ചരിത്രകാരന്മാർക്ക് ഇതേവരെ സുലഭമായി ലഭിച്ചിട്ടില്ല. എങ്കിലും, പുരാതനങ്ങളായ നിരവധി ഐതിഹ്യങ്ങൾ, ശിലാലിഖിതങ്ങൾ, താമ്രശാസനങ്ങൾ, നാണയങ്ങൾ, സംസ്കൃതത്തിലും, പ്രാകൃതത്തിലും, ചെന്തമിഴിലും, ഇതര ദ്രാവിഡഭാഷകളിലും രചിച്ചിട്ടുള്ള പുരാതന സാഹിത്യകൃതികൾ, വിദേശ്യരായ യാത്രക്കാർ എഴുതിയിട്ടുള്ള വിവരണങ്ങൾ എന്നിവയെല്ലാം പരിശോധിച്ചതിന്റെ ഫലമായി ക്രിസ്ത്വബ്ദത്തിന് മുൻപുണ്ടായിരുന്ന കേരളത്തെപ്പററി ഏതാനും ചില വിവരങ്ങൾ നല്കുവാൻ ചരിത്രകാരന്മാർക്ക് ഇതിനകം സാധിച്ചിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ഗ്രഹിക്കുന്നതു പല വിധത്തിലും വായനക്കാർക്കു പ്രയോജകീഭവിക്കുന്നതാകയാൽ പ്രാചീന കേരളത്തിന്റെ സംക്ഷിപ്തമായ ഒരു ചരിത്രം ഈ പ്രഥമാദ്ധ്യായത്തിൽതന്നെ പ്രതിപാദിച്ചുകൊള്ളുന്നു.

### കേരളോൽപത്തി

അതിപുരാതനകാലം മുതൽത്തന്നെ നമ്മുടെ മാതൃഭൂമിയായ ഭാരതം "ആര്യദേശം", "ദ്രാവിഡദേശം" എന്നീ രണ്ടു രാജ്യങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. ഹിമാലയത്തിനും വിന്ധ്യപർവ്വതത്തിനും ഇടയ്ക്കുള്ള പ്രദേശം "ആര്യദേശം" എന്നും, വിന്ധ്യപർവ്വതത്തിനു തെക്കുള്ള ഭൂവിഭാഗം

"ദ്രാവിഡ ദേശം" എന്നുമുള്ള പേരിനാലാണ് അറിയപ്പെട്ടിരുന്നതു്. ഇതിൽ ദ്രാവിഡഭൂവിഭാഗം ആന്ധ്റാ, കർണ്ണാടകം, ചേരം, പാണ്ഡ്യം, ചോഴം എന്നിങ്ങനെ അഞ്ചു പ്രധാന രാജ്യങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. ഇവയിൽ ചേരരാജ്യത്തിൽപ്പെട്ടതായിരുന്നു കേരളം.

കിഴക്കു സഹ്യപർവ്വതനിരയും പടിഞ്ഞാറ് അറേബ്യൻ മഹാസമുദ്രവും അതിരുകളായി ഗോകർണ്ണം മുതൽ കന്യാകുമാരി വരെ തെക്കു വടക്കു നീണ്ടുകിടക്കുന്ന ഭൂവിഭാഗമാണു കേരളം. ഈശ്വരാവതാരങ്ങളിൽ ഒന്നായി പരിഗണിക്കപ്പെട്ടുപോരുന്ന ശ്രീപരശുരാമൻ ഗോകർണ്ണത്തിൽനിന്നും മഴു എറിഞ്ഞതിന്റെ ഫലമായി സമുദ്രാന്തർഭാഗത്തു നിന്നും പൊങ്ങിവന്നതാണു കേരളമെന്നുള്ള ഹൈന്ദവരുടെ പുരാതനമായ ഐതിഹ്യത്തിനു ആധുനിക ചരിത്രകാരന്മാർ യാതൊരു പ്രസക്തിയും നല്കുന്നില്ല. ക്രിസ്തുവർഷാരംഭത്തിന് ഉദ്ദേശം അഞ്ചുശതവർഷങ്ങൾക്കു മുൻപ് പരശുരാമനെന്ന ഒരാളിന്റെ നേതൃത്വത്തിൽ മദ്ധ്യഭാരതത്തിൽനിന്നും ഒട്ടേറെ ആര്യബ്രാഹ്മണർ കേരളത്തിൽ കുടിയേറിപ്പാർത്തതായി രേഖകളുണ്ടു്. ഇപ്രകാരം കുടിയേറിത്താമസിച്ചവർ ഇവിടത്തെ ആദിമനിവാസികളോടു യോജിച്ചുകൊണ്ടു വനങ്ങളും കുററിക്കാടുകളും വെട്ടിത്തെളിച്ചും, ചിറകളും തോടുകളും നിർമ്മിച്ചും കേരളത്തെ കൃഷിക്കു് ഉപയുക്തമായ ഒരു രാജ്യമാക്കിത്തീർക്കുകയുണ്ടായി. പരശുരാമനും കേരളസൃഷ്ടിയുമായുള്ള ബന്ധത്തെപ്പററി ഐതിഹ്യം പ്രചരിക്കുവാനുണ്ടായ കാരണം ഇതാണെന്നത്രേ ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നതു്.

മലയാളം, മലബാർ, മലങ്കര, ചേരനാട്, കേരളം എന്നിപ്രകാരമുള്ള വിവിധ നാമങ്ങളിലായിരുന്നു അന്നു കേരളം അറിയപ്പെട്ടിരുന്നതു്. മലയുടേയും ആഴിയുടേയും ഇടയ്ക്കുള്ള സ്ഥലമാകയാൽ മലയാഴം—മലയാളം—എന്നും, മലയാളരുടെ ദേശമാകയാൽ മലയാളമെന്നുമുള്ള പേരുണ്ടായി എന്നു ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. മലയുടെ കീഴ്ഭാഗം (വാരം) ആകയാൽ മലവാരം—മലബാർ-എന്നും, മലയുടെ ദേശം (ബാർ) ആകയാൽ മലബാർ എന്നുമുള്ള പേരു കേരളത്തിനു ലഭിച്ചുവത്രേ. മലങ്കരയെന്ന പേരു കേരളത്തിനു ലഭിച്ചതു് മലയുള്ള കരയാകയാലാണ് എന്നത്രേ ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നതു്. ചേരവംശജരായ രാജാക്കന്മാർ ഇവിടത്തെ ഭരണകർത്താക്കളായിരുന്നതു നിമിത്തം ചേരനാട് എന്ന പേരും, ചേരളന്റെ ദേശ

മായിരുന്നതിനാൽ ചേരളം—കേരളം—എന്ന നാമവും ലഭിച്ചു എന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. ഏതായാലും പുരാതനങ്ങളായ സ്ഥലനാമങ്ങളുടെ ഉല്പത്തിയെപ്പററി വ്യാഖ്യാനിക്കുന്നതിനുള്ള അഭിപ്രായസ്വാതന്ത്ര്യം ചരിത്രകാരന്മാക്ക് പരിപൂൎണ്ണമായി വിട്ടുകൊടുക്കുന്നതിനേ തൽക്കാലം നിവൃത്തിയുള്ളു.

## ആദിമനിവാസികൾ

ചരിത്ര ദൃഷ്ടിക്ക് അതീതമായ കാലംമുതൽത്തന്നെ ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യേകമായി വടക്കേ ഇൻഡ്യയിൽ ദ്രാവിഡ വംശജരായ ജനങ്ങൾ കൂട്ടമായി നിവസിച്ചിരുന്നു. ബി. സി. 4000 ത്തോടടുത്തു മദ്ധ്യ ഏഷ്യയിൽ നിന്നും ആര്യവൎഗ്ഗത്തിൽപ്പെട്ട ഒട്ടനേകം ജനങ്ങൾ ഹിമാലയ പൎവ്വതം കടന്ന് ഉത്തര ഭാരതത്തിൽ കുടിയേറി നിവസിച്ചുതോടുകൂടെ ദ്രാവിഡന്മാരിൽ ബഹുഭൂരിപക്ഷവും വിന്ധ്യ പൎവ്വതം കടന്ന് ദക്ഷിണേൻഡ്യയിൽ വന്നെത്തി താമസമാരംഭിച്ചു. ഇക്കൂട്ടത്തിൽ കേരളത്തിലും ദ്രാവിഡഗോത്രജർ കൂട്ടമായി വന്നെത്തുകയും, ഇവിടത്തേ വനങ്ങളും മററും വെട്ടിത്തെളിച്ച് കൃഷി ചെയ്ത് ഉപജീവനം കഴിച്ചുപോരുകയും ചെയ്തു. അക്കാലത്തു വിഷമുള്ള സൎപ്പങ്ങൾ ഇവിടെ ധാരാളം ഉണ്ടായിരുന്നതിനാൽ അവയുടെ പ്രീതി ലഭിക്കുന്നതിനു വേണ്ടി അവയ്ക്കു ഭക്ഷണവും മററും നല്കുകയും, താമസിക്കുന്നതിനായി കാവുകൾ നിൎമ്മിക്കുകയും, അങ്ങനെ അവയോടുള്ള ബഹുമാനവും ഭക്തിയും പ്രകടിപ്പിക്കുകയും ചെയ്തതിനാൽ "നാഗവൎഗ്ഗക്കാർ" എന്ന പേരും ഇവിടത്തെ ആദിമനിവാസികൾക്കു ലഭിച്ചുവത്രേ. ഇന്നും കേരളത്തിൽ അവിടവിടെയായി അവശേഷിച്ചിരിക്കുന്ന സൎപ്പക്കാവുകൾ ഇതിന്റെ പ്രത്യക്ഷലക്ഷ്യമായി പരിഗണിക്കാമെന്നുള്ളതിനു സംശയമില്ല.

ബി. സി. 1000-ത്തോടടുത്തു വടക്കേ ഇൻഡ്യയിൽ നിന്നും ഒട്ടനേകം ബ്രാഹ്മണർ കുടിയേറിപാർക്കുന്നതിനായി കേരളത്തിൽ വന്നെത്തുകയുണ്ടായി. അന്ന് ഇവിടെ നിവസിച്ചുകൊണ്ടിരുന്ന ദ്രാവിഡ വൎഗ്ഗക്കാരുമായി യോജിച്ച് കൃഷിയും വ്യവസായവും അഭിവൃദ്ധികരമായി അവർ നടത്തിക്കൊണ്ടിരുന്നു. കേരളം ഫലഭൂയിഷ്ഠമായ ഒരു പ്രദേശമാണെന്നറിഞ്ഞതോടുകൂടെ തുടർച്ചയായി ക്ഷത്രിയർ, വൈശ്യർ, നമ്പൂതിരിമാർ, ശൂദ്രർ, മുതലായ വിവിധവൎണ്ണക്കാർ ഈ പ്രദേശത്തേക്കു

കുടിയേറിപ്പാർപ്പിനായി വന്നുചേരുകയും അങ്ങനെ ക്രിസ്തുവർഷത്തിനു മുമ്പുതന്നെ കേരളത്തിന്റെ മിക്ക ഭാഗങ്ങളും ജനാധിവാസപ്രദേശങ്ങളായിത്തീരുകയും ചെയ്തു.

## ഭരണകർത്താക്കൾ

ആര്യബ്രാഹ്മണർ വന്നെത്തുന്നതിനു മുമ്പ് അനേകവർഷക്കാലം ഇവിടെ രാജഭരണം നിലവിലിരുന്നു എന്നത്രേ ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നത്. ചേരവംശജരായ രാജാക്കന്മാർ കൊടുങ്ങല്ലൂരിനടുത്തു തിരുവഞ്ചിക്കുളം ആസ്ഥാനമാക്കി ഇവിടത്തേ ദ്രാവിഡവർഗ്ഗക്കാരെ ഭരിച്ചുകൊണ്ടിരുന്നു. ആര്യന്മാരുടെ ആഗമനാനന്തരം പ്രസ്തുത രാജവംശം അന്യംനിന്നു പോകയുണ്ടായി. തൻമൂലം അന്നു് ഇവിടത്തെ പ്രബല വർഗ്ഗക്കാരായിരുന്ന ബ്രാഹ്മണർ ഗോകർണ്ണം മുതൽ കന്യാകുമാരിവരെയുള്ള കേരളപ്രദേശത്തെ അറുപത്തിനാലു ഗ്രാമങ്ങളായി വിഭജിച്ചു് ഓരോ ഗ്രാമവും തെരഞ്ഞെടുപ്പുമൂലം ഓരോ തലവൻ ഭരിക്കത്തക്കവിധമുള്ള ഭരണക്രമം ഏർപ്പെടുത്തുകയുണ്ടായി. എന്നാൽ കാലക്രമേണ സ്വാർത്ഥമാത്രപ്രസക്തരായിത്തീർന്ന ഗ്രാമത്തലവന്മാർ പരസ്പരം മത്സരിക്കുകയും കലഹത്തിനും യുദ്ധത്തിനും സന്നദ്ധരാകുകയും ചെയ്തതിന്റെ ഫലമായി പ്രസ്തുത ഭരണക്രമം അപജയത്തിൽ കലാശിക്കയാണുണ്ടായതു്.

അനന്തരം ബി. സി. 100-നോടടുത്തു പെരുമാൾ വംശത്തിൽപ്പെട്ട രാജാക്കന്മാർ ഇവിടത്തേ ഭരണകർത്താക്കളായിത്തീർന്നു. ഇപ്രകാരം ആദ്യമായി ഭരണഭാരം ഏററതു് 'ഉദയബാണവർമ്മനാഥൻ' എന്ന പേരോടുകൂടിയ ഒരു പെരുമാളായിരുന്നുവത്രേ. മക്കത്തായ മുറപ്രകാരം ആരംഭിച്ച പ്രസ്തുത പെരുമാൾഭരണം പത്തു നൂററാണ്ടു കാലത്തോളം നിലനില്ക്കുകയുണ്ടായി. ഒടുവിൽ ആ ഭരണവും അവസാനിക്കുകയും ഇടപ്രഭുത്വഭരണം വീണ്ടും ആരംഭിക്കുകയും ചെയ്തു. ഏവംവിധം "രാജഭരണത്തിൽ" നിന്നും "ജനാധിപത്യ"ത്തിലേക്കും, പിന്നീടു് "പ്രഭുത്വഭരണ"ത്തിലേക്കും, അനന്തരം രാജാധിപത്യത്തിലേക്കും ഇങ്ങനെ വിവിധ രീതിയിലുള്ള ഭരണക്രമങ്ങൾ ഇക്കേരളക്കരയിൽ മാറിമറിഞ്ഞുകൊണ്ടിരുന്നതായിട്ടാണു കാണുന്നതു്. എന്നാൽ ഇവയിൽ ജനങ്ങൾക്കു് ഏററം അനുഗ്രഹകരവും അഭിവൃദ്ധിപ്രദായകവുമായിരുന്നതു പെരുമാൾ രാജാക്കന്മാരുടെ ഭരണമായിരുന്നു എന്നത്രേ ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നതു്.

## വിവിധ മതങ്ങൾ

ക്രിസ്ത്വബ്ദത്തിനു മുൻപു കേരളത്തിലുണ്ടായിരുന്ന ജനങ്ങൾ ഹിന്ദുമതം, ബുദ്ധമതം, യഹൂദമതം എന്നീ മൂന്നു മതങ്ങളിൽ ഉൾപ്പെട്ടവരായിരുന്നു. ഇവിടത്തേ ആദിമ നിവാസികളായിരുന്ന ദ്രാവിഡർ ഏതെങ്കിലും പ്രത്യേക മതവിഭാഗത്തിൽ ഉൾപ്പെട്ടു നിന്നിരുന്നു എന്നു പറയുന്നതിനു നിവൃത്തിയില്ല. ആര്യന്മാർ ഇവിടെ ആഗതരായതോടുകൂടെയാണ് ഹിന്ദുമതത്തിന് ഇവിടെ പ്രവേശം സിദ്ധിച്ചതു്.

ഹിന്ദുമതം. ക്രിസ്തുമതം, ബുദ്ധമതം, മഹമ്മദുമതം ആദിയായ മതങ്ങളെപ്പോലെ ഒരു സ്ഥാപകനെ ചൂണ്ടിക്കാണിക്കുവാൻ നിവൃത്തിയില്ലാത്തതിനാൽ ഹിന്ദുമതത്തിൻെറ ഉത്ഭവകാലം സുനിശ്ചിതമായി പ്രസ്താവിക്കുവാൻ ആരാലും സാദ്ധ്യമല്ല. എങ്കിലും വേദകാലമായ ബി. സി. 1500-നോടടുത്തു് ഇന്നത്തെ നിലയിലല്ലെങ്കിലും ഹിന്ദുമതം ആരംഭിച്ചു എന്നു പറയാവുന്നതാണ്. ആര്യബ്രാഹ്മണർ കേരളത്തിൽ വന്നെത്തിയതു് ബി. സി. 1000-ത്തിനു ശേഷവുമാണല്ലോ. അവരുടെ വരവോടുകൂടിയാണ് ഇവിടത്തെ ദ്രാവിഡവർഗ്ഗക്കാർ ഹിന്ദുമതാവലംബികളായിത്തീൎന്നതു്. കേരളത്തിൻെറ വിവിധ ഭാഗങ്ങളിലായി കാണപ്പെടുന്ന പുരാതന ക്ഷേത്രങ്ങളും, ബിംബങ്ങളും, ലിഖിതങ്ങളും ഈ വാസ്തവം തെളിയിക്കുകയും ചെയ്യുന്നു.

ബുദ്ധമതം. ക്രിസ്തുവിന് ഉദ്ദേശം 500 വർഷങ്ങൾക്കുമുൻപ് ശ്രീ ബുദ്ധൻ എന്ന യോഗിവര്യനാൽ സ്ഥാപിതമായ ബുദ്ധമതം വടക്കേ ഇൻഡ്യയിൽ അതിശീഘ്രം പ്രചരിക്കയുണ്ടായി. അനന്തര കാലഘട്ടത്തിൽ നിസ്സ്വാർത്ഥരായ ബുദ്ധമതപ്രേഷിതർ ചൈനാ, ജപ്പാൻ, സിലോൺ ആദിയായ രാജ്യങ്ങളിൽ മതപ്രചരണാർത്ഥം സഞ്ചരിക്കുകയും, അവിടങ്ങളിലെല്ലാം പ്രസ്തുത മതം പ്രചരിപ്പിക്കുകയും ചെയ്തു. ബി. സി. 200-നോടടുത്തു സിലോണിൽനിന്നും കേരളത്തിൽ വന്നെത്തിയ ബുദ്ധമത പ്രചാരകന്മാർ ഇവിടത്തെ ഹിന്ദുക്കളിൽ ബഹുഭൂരിപക്ഷത്തേയും ബുദ്ധമതാവലംബികളാക്കിത്തീൎത്തു. പള്ളിബാണപ്പെരുമാൾ എന്ന പേരോടുകൂടിയ പെരുമാൾരാജവംശത്തിലെ ഒരു രാജാവും ബുദ്ധമതാനുയായിആയിത്തീൎന്നതായും അനന്തരം പ്രസ്തുത മതത്തിൻെറ പ്രചരണത്തിനുവേണ്ടി അദ്ദേഹം കഴിവതു പ്രവൎത്തിച്ചതായും പ്രാചീന ചരിത്രത്തിൽ കാണുന്നു. ഹിന്ദുമതത്തെക്കാൾ പ്രാബല്യം ബുദ്ധമതത്തിന് അന്ന് ഇവിടെ സിദ്ധിച്ചിരുന്നുവെങ്കിലും

കാലക്രമേണ ഹിന്ദുക്കളുടെ ശക്തിമത്തായ എതിർപ്പുമൂലം പ്രസ്തുത മതം ശോഷിക്കുകയും അവസാനം പതിമൂന്നാംനൂററാണ്ടോടുകൂടെ നിശ്ശേഷം നിന്നുപോകയും ചെയ്തു. കേരളത്തിൽ ചില സ്ഥലങ്ങളിൽ കാണപ്പെടുന്ന ബുദ്ധവിഹാരങ്ങളുടെ അവശിഷ്ടങ്ങളും ആലപ്പുഴയ്ക്കടുത്ത കരിമാടിയിലുള്ള ബുദ്ധവിഗ്രഹവും (കരിമാടിക്കുട്ടൻ) ഇവിടത്തെ ബുദ്ധമതപ്രചാരത്തിൻെറ സ്മാരകലക്ഷ്യങ്ങളായി പരിഗണിക്കാവുന്നതാണ്.

യഹൂദമതം. വാണിജ്യവിഷയത്തിൽ അനിതരസാധാരണമായ സാമർത്ഥ്യം പരമ്പരാഗതമായി സിദ്ധിച്ചിരുന്നവരും സിറിയ, പലസ്തീനാഎന്നീ രാജ്യങ്ങളിൽ നിവസിച്ചിരുന്നവരുമായ യഹൂദന്മാർ അതിപുരാതനകാലംമുതൽത്തന്നെ കേരളവുമായി കച്ചവടം നടത്തിയിരുന്നു. ബി. സി. 300-നു മുൻപുതന്നെ ഫലഭൂയിഷ്ഠമായ ഈ പ്രദേശത്ത് അസംഖ്യം യഹൂദന്മാർ കുടിയേറി പാർത്തിരുന്നതായി ചരിത്രത്തിൽ കാണുന്നു. കൊടുങ്ങല്ലൂർ, പറവൂർ ആദിയായ സ്ഥലങ്ങളിലായിരുന്നു ഇവർ കൂട്ടമായി താമസിച്ചിരുന്നത്. അലക്സാണ്ടർ മഹാരാജാവിൻെറ കാലത്ത് ഇരുപതിനായിരത്തോളം യഹൂദന്മാർ ഈ കേരളത്തിലുണ്ടായിരുന്നുവത്രെ. ഇപ്രകാരം ക്രിസ്തബ്ദാരംഭത്തിനു മുൻപുതന്നെ ഹിന്ദുമതത്തിനും ബുദ്ധമതത്തിനും ഇവിടെ പ്രചാരം സിദ്ധിച്ചിരുന്നു.

## പുരാതന ഭാഷ

ആദിമകാലത്തു ദക്ഷിണഭാരതത്തിലെ ദ്രാവിഡവർഗ്ഗക്കാർ ഉപയോഗിച്ചിരുന്ന ഭാഷ തമിഴായിരുന്നു എന്നുള്ളത് അവിതർക്കിതമായ കാര്യമത്രേ. തൻമൂലം കേരളത്തിലെ ആദിമനിവാസികളായ ദ്രാവിഡവർഗ്ഗക്കാരും അതേ ഭാഷതന്നെയാണ് ഉപയോഗിച്ചിരുന്നത്. സംസ്കൃതഭാഷ സംസാരിച്ചിരുന്ന ആര്യന്മാർ ഇവിടെ കുടിയേറി പാർത്തുവെങ്കിലും സംസ്കൃതത്തെ വൈദികഭാഷയായി മാത്രമേ അവർ ഉപയോഗിച്ചിരുന്നുള്ളു. എന്നാൽ പില്ക്കാലത്ത് ആര്യഭാഷയ്ക്ക് പ്രാധാന്യം സിദ്ധിക്കുകയും, സംസ്കൃതവും തമിഴുംകൂടെ യോജിച്ചുള്ള ഒരു മിശ്രഭാഷ രൂപമെടുക്കുകയും ചെയ്തു. ക്രിസ്തബ്ദം 1300-നു ശേഷം മാത്രമാണ് മലയാളം തമിഴിൽനിന്നും വേർപെടുകയും അങ്ങനെ ഒരു സ്വതന്ത്രഭാഷയായി തീരുകയും ചെയ്തത്. ആദ്യകാലത്ത് വട്ടെഴുത്തായിരുന്നു മലയാളത്തിലെ ലിപിഭാഷ. പില്ക്കാലത്ത് വട്ടെഴുത്ത് കോലെഴുത്തായി രൂപാന്തരം പ്രാപിക്കുകയും പിന്നീട് ഗ്രന്ഥാ

ക്ഷരമായിത്തീരുകയും ചെയ്തു. അനന്തരം അവ രണ്ടും സമ്മിശ്രപ്പെട്ടതിൻെറ ഫലമായിട്ടാണു് ഇപ്പോഴത്തെ രൂപത്തിലായിത്തീന്നതു്.

## വാണിജ്യസ്ഥിതി

ഇൻഡ്യയുടെ പടിഞ്ഞാറൻ തീരപ്രദേശങ്ങളും പലസ്തീൻ രാജ്യവും തമ്മിൽ അതിപുരാതനകാലം മുതൽത്തന്നെ വാണിജ്യബന്ധം പരിപാലിച്ചിരുന്നു. ബി. സി. 1000–ന മുൻപു് കേരളത്തിൽ നിന്നും ഇഞ്ചി, കറുവാപ്പട്ട, കുരുമുളകു്, ഏലം, ദന്തം, ചന്ദനം, മയിൽ, കുരങ്ങുകൾ ആദിയായവ ശലോമോൻ രാജാവിൻെറ കപ്പലുകൾ വഴിയായി വിദേശത്തേയ്ക്കു കൊണ്ടുപോകപ്പെട്ടിരുന്നു. അവയ്ക്കു പകരം സ്വർണ്ണം, വെള്ളി, ചെമ്പു്, പിത്തള, സുഗന്ധദ്രവ്യങ്ങൾ എന്നിവ ഇവിടേയ്ക്കു കൊണ്ടുവരപ്പെട്ടിരുന്നു. ഫിനീഷ്യ, സിറിയാ, ഈജിപ്ത് എന്നീ രാജ്യങ്ങൾ അക്കാലത്തു് കേരളവുമായി വിപുലമായ കച്ചവടം നടത്തി വാണിജ്യബന്ധം പുലത്തിയിരുന്നു. റോമാസാമ്രാജ്യം പ്രബലമായതോടുകൂടെ സമുദ്രമാർഗ്ഗേണ ഇൻഡ്യയിലേയ്ക്കുള്ള ഒരു എളുപ്പവഴി കണ്ടുപിടിക്കുകയും, അതോടുകൂടെ കേരളത്തിലെ തുറമുഖങ്ങൾ കച്ചവടപ്രാധാന്യമുള്ളവയായിത്തീരുകയും ചെയ്തു. അക്കാലത്തെ പ്രധാന തുറമുഖം കൊടുങ്ങല്ലൂരായിരുന്നു. ക്രിസ്തുവർഷാരംഭത്തിൽ ജീവിച്ചിരുന്ന പ്ളീനി, ടോളമി ആദിയായ ചരിത്രകാരന്മാരും, പെരിപ്ളസ് എന്ന കൃതിയുടെ കർത്താവും കേരളവും വിദേശരാജ്യങ്ങളുമായി ഉണ്ടായിരുന്ന ഈദൃശവാണിജ്യബന്ധത്തെപ്പററി തങ്ങളുടെ കൃതികളിൽ സവിസ്തരം രേഖപ്പെടുത്തിയിട്ടുണ്ടു്.

അദ്ധ്യായം 2.

# വി. തോമസ്സ് അപ്പോസ്തലൻ.

## ഭാരതത്തിൻെറ പ്രഥമ പ്രേഷിതൻ

ഭൂലോകരക്ഷകനായ ക്രിസ്തുനാഥൻ "നരകവാതിലുകൾ പ്രബലപ്പെടാതെ" ലോകാവസാനം വരെ നിലനില്ക്കേണ്ടുന്നതിനായി അവിട്ടത്തെ പരസ്യജീവിതകാലത്തു് ലോകത്തിൽ തൻെറ മതത്തെ സ്ഥാപിച്ചു. പ്രസ്തുത മതത്തിൻെറ വിശ്വാസസത്യങ്ങൾ ലോകമെങ്ങും ഘോഷിക്കുന്നതിനും, അങ്ങനെ ലോകത്തിൻെറ എല്ലാ ഭാഗങ്ങളിലും തൻെറ മതം പ്രചരിപ്പിക്കുന്നതിനും, ദൈവാലയങ്ങൾ സ്ഥാപിക്കുന്നതിനും, വൈദികാധികാരികളെ നിയമിക്കുന്നതിനും വേണ്ടി പന്ത്രണ്ടു ശിഷ്യന്മാരെ അവിട്ടന്നു തിരഞ്ഞെടുത്തു. ഈ പന്ത്രണ്ടുപേരിലൊരുവനായിരുന്നു വി. തോമസ്സ്.

## ജീവചരിത്രം

യൂദയാരാജ്യത്തിൽ "ഗലീലി." എന്ന ഗ്രാമമായിരുന്നു അപ്പോസ്തലൻെറ ജന്മഭൂമി. അദ്ദേഹത്തിൻെറ കുടുംബത്തെപ്പററിയോ മാതാപിതാക്കന്മാരെക്കുറിച്ചോ ചെറുപ്പകാലത്തെ ജീവിതത്തെപ്പററിയോ യാതൊരറിവും ലഭിച്ചിട്ടില്ല. സ്വശിഷ്യന്മാരിലൊരുവനായി ക്രിസ്തുവിനാൽ തെരഞ്ഞെടുക്കപ്പെട്ട തോമസ്സ് തൻെറ വിളിയെ സസന്തോഷം സ്വീകരിച്ചു് കർത്താവിനെ അനുഗമിച്ചു. സ്വനാഥനുവേണ്ടി ജീവനെ ബലികഴിക്കുന്നതിനുള്ള പരിപൂർണ്ണ സന്നദ്ധതയും അദ്ദേഹത്തിനുണ്ടായിരുന്നു. മരിച്ച ലാസറിനെ ഉയിർത്തെഴുന്നേല്പിക്കുവാനായി യൂദായാരാജ്യത്തേക്കു പോകുവാൻ ക്രിസ്തു സന്നദ്ധനായപ്പോൾ യഹൂദന്മാരെ ഭയന്നു ക്രിസ്തുവിനെ അനുഗമിക്കുവാൻ ശിഷ്യന്മാരിൽ പലരും വൈമനസ്യം പ്രകടിപ്പിക്കുകയുണ്ടായി. ആ സന്ദർഭത്തിൽ "വരുവിൻ, നമുക്കു് അവനോടുകൂടെ മരിക്കാം" എന്നു പറഞ്ഞു് ശിഷ്യന്മാരെ ധൈര്യപ്പെടുത്തുകയും അപ്രകാരം തൻെറ നാഥനോടുള്ള സ്നേഹവും ഭക്തിയും പ്രത്യക്ഷമാക്കുകയും ചെയ്തതു് വി. തോമസ്സ് ആയിരുന്നു. ക്രിസ്തുവിൻെറ മരണാനന്തരം ഭയവിഹ്വലരായിത്തീർന്ന അപ്പോസ്തലന്മാർ ഒരു മുറിയിൽകൂടിയിരുന്നപ്പോൾ ഉയിർത്തെഴുന്നേററ ക്രിസ്തു അവരുടെ മദ്ധ്യേ പ്രത്യക്ഷനാകുകയും അവരെ സമാശ്വസിപ്പിക്കുകയും ചെയ്തു. തദവസരത്തിൽ അവിടെ ഇല്ലായി

15440

രുന്ന തോമ്മസ്സ് പിന്നീട്ട വന്നുചേന്നപ്പോഠം ക്രിസ്തു ഉയിൎത്തെഴുന്നേററതും തങ്ങഠംക്കു പ്രത്യക്ഷനായതും അപ്പോസ്തോലന്മാർ വിവരിക്കയുണ്ടായി. ആ വിവരം ഗ്രഹിച്ച തോമ്മസ്സ് അപ്പോസ്തലൻ അകട്ടെ "അദ്ദേഹത്തിൻെറ കൈകളിലേ ആണിപ്പഴുതിൽ എൻെറ വിരലിട്ടുകയും മാർവ്വിൽ എൻെറ കൈകഠം വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കയില്ല" എന്ന് ഒരു യുക്തിവാദിയെപ്പോലെ പറയുകയുണ്ടായി. എട്ടുദിവസം കഴിഞ്ഞു് ശിഷ്യന്മാർ ഒന്നിച്ചിരുന്നപ്പോഠം ക്രിസ്തു തോമസ്സിനു പ്രത്യക്ഷനാകുകയും "നിൻെറ വിരൽ കൊണ്ടു് എൻെറ കൈ തൊട്ടുനോക്കുക. നിൻെറ കൈവിരൽ എൻെറ മാൎവ്വിലേക്കു് ഇടുക, അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക" എന്നു കല്പിക്കുകയും ചെയ്തു സന്തപ്തചിത്തനായ തോമസ്സ് തൽക്ഷണം "എൻെറ കൎത്താവും എൻെറ ദൈവവുമേ"എന്നു പറഞ്ഞുകൊണ്ടു ക്രിസ്തുവിൻെറ മുമ്പാകെ സാഷ്ടാംഗപ്രണാമം ചെയ്തു. ക്രിസ്തുനാഥനാകട്ടേ തോമസ്സിനോടരുളിച്ചെയ്തു. "തോമസ്സ്, നീ കണ്ടതുകൊണ്ടു വിശ്വസിച്ചു. കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ".

(വി. യോഹന്നാൻ XX. 26—30)

ഈ സംഭവത്തെപ്പററി പ്രത്യേക വ്യാഖ്യാനം എഴുതിയിട്ടുള്ള പുരാതന പിതാക്കന്മാർ വി. തോമസ്സിനെ സ്തുതിക്കുകയത്രേ ചെയ്തിട്ടുള്ളതു്. ക്രിസ്തുവിൻെറ കഷ്ടാനുഭവവും ഉയിർപ്പും ഭാവിയിലേ ജനങ്ങഠംക്കു വിശ്വസിക്കുവാൻ പൎയ്യാപ്തമായ ഒരു സാക്ഷ്യം നല്കുന്നതിനാണു് ഈ സംഭവം ഉണ്ടായതു് എന്നത്രേ അവരുടെ അഭിപ്രായം. "ക്രിസ്തുവിൻെറ മുറിവുകളെ സ്പൎശിച്ചതുമൂലം നമ്മുടെ ഹൃദയങ്ങളിലുള്ള സന്ദേഹവ്രണങ്ങളെ തോമസ്സു സൗഖ്യമാക്കി എന്നു മാർ ഗ്രിഗോറിയോസും "അനായാസേന വിശ്വസിച്ചവരായ ഇതര ശ്ലീഹന്മാരുടെ ദൃഢവിശ്വാസത്തെക്കാഠം മാത്തോമ്മായുടെ അവിശ്വാസം ഉപരിപ്രയോജനപ്രദമായിത്തീൎന്നിരിക്കുന്നു" എന്നു് വിശുദ്ധ ബൊനവന്തുരായും പറഞ്ഞിരിക്കുന്നു. തോമസ്സ് അപ്പോസ്തലൻെറ പരമാൎത്ഥബുദ്ധിയേയും നിഷ്കളങ്കഹൃദയത്തേയും ഈ സംഭവം പ്രസ്പഷ്ടമാക്കുന്നുണ്ടെന്നുള്ളതിനു് സംശയമില്ല.

## പ്രഥമ സുവിശേഷഘോഷണം

പെന്തിക്കോസ്തുദിവസം പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച ശിഷ്യന്മാർ "നിങ്ങഠം പോയി സകല ജാതികളേയും പഠിപ്പിക്കുവിൻ"

എന്നുള്ള തങ്ങളുടെ നാഥൻെറ കല്പനയനുസരിച്ചു് ലോകത്തിൻെറ നാനാഭാഗങ്ങളിലേക്കും സുവിശേഷപ്രചരണാർത്ഥം പുറപ്പെട്ടു. കേവലം മുക്കുവരെങ്കിലും ക്രിസ്തുവിൻെറ അനുഗ്രഹത്താലും പരിശുദ്ധാത്മാവിൻെറ ശക്തിയാലും സ്വജീവനെപ്പോലും തൃണവൽഗണിച്ചു് ക്രൂശിതനായ ക്രിസ്തുവിൻെറ സുവിശേഷം ശത്രുക്കളുടെ മദ്ധ്യത്തിൽ സധൈര്യം, അവർ പ്രസംഗിച്ചു. ഗ്രാമങ്ങളിലും, പട്ടണങ്ങളിലും, കുടിലുകളിലും, കൊട്ടാരങ്ങളിലും എന്നുവേണ്ടാ, ലോകം മുഴുവൻ പണ്ഡിതനേയും, പാമരനേയും, ചക്രവർത്തിയേയും, ചണ്ഡാലനേയും തങ്ങളുടെ നാഥൻെറ ദൗത്യം അവർ അറിയിച്ചു. തൽഫലമായി രക്ഷകനായ ക്രിസ്തുവിൽ വിശ്വസിച്ച അനേകലക്ഷം അജ്ഞാനികളെ ജ്ഞാനസ്നാനപ്പെടുത്തി ക്രിസ്തുസഭാംഗങ്ങളാക്കി തീർത്തുകൊണ്ടു് അവർ ലോകമെങ്ങും സഞ്ചരിച്ചു.

തോമസ്സ്ൂ് അപ്പോസ്തലൻെറ പ്രഥമയാത്രകളെക്കുറിച്ചു് ശരിയായ ചരിത്രരേഖകളില്ലെങ്കിലും പലസ്തീനാ, മെസപ്പൊട്ടോമിയാ, പേഷ്യാ,മേദിയാ, ഹിർക്കാനിയാ,ബാക്ട്രിയാ എന്നിത്യാദിരാജ്യങ്ങളിൽ ചുററിസഞ്ചരിച്ചു് പ്രസംഗിച്ചു് അനേകായിരങ്ങളെ ക്രിസ്തുവിലേക്കു് അദ്ദേഹം ആകർഷിച്ചു. അക്കാലത്തു സിറിയാ മുതൽ പാത്തിയാ വരെയുള്ള പ്രദേശങ്ങൾ റോമൻ സാമ്രാജ്യത്തിലാണു് ഉൾപ്പെട്ടിരുന്നതു്. തന്മൂലം പ്രസ്തുത രാജ്യങ്ങളിൽ നിർബാധം സഞ്ചരിക്കുന്നതിനു് അവശ്യം വേണ്ടതായ യാത്രാസൌകര്യങ്ങൾ അദ്ദേഹത്തിനു സുലഭമായി ലഭിച്ചിരുന്നു. പല പൌരസ്ത്യരാജ്യങ്ങളിലും അദ്ദേഹം സഞ്ചരിച്ചു് സുവിശേഷം പ്രസംഗിക്കുകയും, അനേകരെ ജ്ഞാനസ്നാനപ്പെടുത്തുകയും, ദൈവാലയങ്ങൾ സ്ഥാപിക്കുകയും, പുരോഹിതന്മാരെ നിയമിക്കുകയും ചെയ്തതായി വി. സിപ്രിയാനോസ് രേഖപ്പെടുത്തിയിരിക്കുന്നു. ഇക്കൂട്ടത്തിൽ എത്യോപ്യായിലും സുമാട്രാ ദ്വീപിലും അപ്പോസ്തലൻ സുവിശേഷം പ്രസംഗിച്ചതായി പുരാതനരേഖകളിൽ കാണുന്നുണ്ടു്.

## ഇൻഡ്ധ്യയിലേക്കുള്ള യാത്ര

എത്തിയോപ്യായിൽനിന്നും കപ്പൽമാർഗ്ഗം ഇൻഡ്യയുടെ പടിഞ്ഞാറേ തീരപ്രദേശത്തുള്ള കൊടുങ്ങല്ലൂരിനടുത്ത "മാല്യങ്കര" എന്ന ദ്വീപത്തിലാണു് ആദ്യമായി അപ്പോസ്തലൻ വന്നിറങ്ങിയതു്. ഇപ്രകാരം ഇൻഡ്ധ്യയിലേക്കു വരുന്നതിനു നാലു കാരണങ്ങൾ വിശുദ്ധനു പ്രേരകമായിരുന്നു എന്നത്രേ ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നതു്.

1. സഹോദരസ്നേഹം. വാണിജ്യകേന്ദ്രങ്ങളായിരുന്ന പലസ്തീൻ, സിറിയാ എന്നീ രാജ്യങ്ങളും ഇൻഡ്യയും തമ്മിലുള്ള കച്ചവടം പ്രബലമായി നടത്തപ്പെട്ടിരുന്ന കാലഘട്ടമായിരുന്നു അതു്. തന്മൂലം കച്ചവടത്തിനായി ധാരാളം യഹൂദന്മാർ കേരളത്തിൽ എത്തിത്താമസിച്ചിരുന്നു. കൊടുങ്ങല്ലൂർ, പാലയൂർ, പുറക്കാട്ട് ആദിയായ പട്ടണങ്ങളിലായിരുന്നു യഹൂദന്മാർ ധാരാളമായി നിവസിച്ചിരുന്നതു്. സ്വസഹോദരങ്ങളെ സന്ദർശിക്കുന്നതിനും ക്രിസ്തുവിൻെറ നാമം അവരോടു പ്രസംഗിച്ചു ക്രിസ്തുവിങ്കലേക്ക് അവരെ ആനയിക്കുന്നതിനുമുള്ള ആഗ്രഹാധിക്യം കേരളത്തിലേക്കു വരുന്നതിനു വിശുദ്ധനെ പ്രേരിപ്പിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല.

2. കെട്ടിടനിർമ്മാണം. "ഗുണ്ടഫർ" എന്ന പേരോടുകൂടിയ ഇൻഡ്യൻ രാജാവു് (ചോഴപ്പെരുമാൾ) മനോഹരമായ ഒരു കൊട്ടാരം പണിയുന്നതിനുവേണ്ടി സമർത്ഥനായ ഒരു ശില്പിയെ അന്വേഷിക്കുന്നതിനായി ശില്പികളുടെ നാടായ പലസ്തീനായിലേക്ക് ഹാബാൻ എന്ന പേരോടുകൂടിയ ദൂതനെ അയയ്ക്കുകയും അയാൾ അവിടെ എത്തി തോമസ്സ് അപ്പോസ്തലനെ അതിനായി ക്ഷണിക്കുകയും ചെയ്തു. ക്രിസ്തുവിൻെറ ഹിതമനുസരിച്ചു സസന്തോഷം ആ ക്ഷണം വിശുദ്ധൻ സ്വീകരിച്ച് ഇൻഡ്യയിലേക്കു യാത്ര തിരിച്ചു. ഇപ്രകാരം ഇൻഡ്യയിലേക്കുള്ള ആഗമനത്തിനു് ഇതും ഒരു കാരണമായിത്തീർന്നിരിക്കണം.

3. യാത്രാസൌകര്യം ക്രിസ്ത്വബ്ദം 47-ൽ ഹിപ്പാലൂസ് എന്ന ഒരു ഗ്രീക്കു നാവികവിദഗ്ദ്ധൻ ഇൻഡ്യൻ മഹാസമുദ്രത്തിൽ "മൺസൂൺ" എന്നു പറയപ്പെടുന്ന കാററുകൾ ഉണ്ടെന്നും, ഈ വാതകങ്ങളുടെ സഹായത്താൽ ഒരു വർഷത്തിൽത്തന്നെയുള്ള ചില ഋതുക്കളിൽ ഇൻഡ്യയിലേക്കും, ഇവിടെനിന്നു തിരിച്ചും അനായാസേന കപ്പലോടിക്കാമെന്നും കണ്ടുപിടിച്ചതിൻെറ ഫലമായി നിരവധി കപ്പലുകൾ ആ സന്ദർഭമനുസരിച്ച് ഇൻഡ്യയിലേക്കു വരുകയും ഇവിടെനിന്നും മടങ്ങിപ്പോകുകയും ചെയ്തുകൊണ്ടിരുന്നു. തന്മൂലം ഇൻഡ്യയിലേക്കുള്ള യാത്രയുടെ സുഗമത വിശുദ്ധനു ബോദ്ധ്യമാകുന്നതിനും അങ്ങനെ ഇവിടേയ്ക്കു വരുന്നതിനും ഇടയായിത്തീർന്നു.

4. സുരക്ഷിതത്വം. ആദ്യകാലങ്ങളിൽ കടൽക്കള്ളന്മാരുടെ ഉപദ്രവം നിമിത്തം കപ്പൽയാത്ര സുരക്ഷിതമായിരുന്നില്ല. എന്നാൽ

ക്രിസ്തുവബ്ദം അൻപതിനോടടുത്തു് റോമൻ കൈസറിൻെറ പരിശ്രമ ഫലമായി കടൽക്കള്ളന്മാർ നിശ്ശേഷം തുരത്തപ്പെടുകയും തന്മൂലം കപ്പൽ യാത്ര സുഗമവും സുരക്ഷിതവുമായിത്തീരുകയും ചെയ്തു. ഇക്കാരണവും ഇൻഡ്യയിലേക്കു വരുന്നതിന് വിശുദ്ധനു പ്രേരണ നല്കിയിരിക്കണം.

ഏവംവിധമുള്ള സാഹചര്യങ്ങളും കാരണങ്ങളും സുവിശേഷ ഘോഷണാത്ഥം ഇൻഡ്യയിലേക്കു വരുന്നതിനു വിശുദ്ധ തോമസ്സ് അപ്പോസ്തലനു പ്രേരകമായിത്തീന്നു. തൽഫലമായി പലസ്തീൻ രാജ്യത്തെ പ്രധാന പട്ടണമായ സിസ്സറിയായിൽ നിന്നും ഹാബാനൊന്നിച്ചു് ഇൻഡ്യയിലേക്കു കപ്പൽമാർഗ്ഗം വിശുദ്ധൻ യാത്രതിരിച്ചു. വഴിമദ്ധ്യേ സുക്കാട്രാ ദ്വീപിൽ ഇറങ്ങി ഏതാനും ദിവസങ്ങൾ താമസിച്ചു സുവിശേഷം പ്രസംഗിക്കുകയും അനേകരെ ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്തു. അനന്തരം വീണ്ടും കപ്പൽ കയറി ഏതാനും മാസങ്ങൾകൊണ്ടു ദക്ഷിണേൻഡ്യയുടെ പടിഞ്ഞാറേതീരത്തുള്ള കൊടുങ്ങല്ലൂരിനടുത്ത "മാല്യങ്കര" എന്ന ദ്വീപപ്രദേശത്തു് എ. ഡി. 52-ൽ അപ്പോസ്തലൻ വന്നിറങ്ങുകയുംചെയ്തു.

കൊടുങ്ങല്ലൂരും പരിസരങ്ങളിലും നിവസിച്ചിരുന്ന സ്വസഹോദരന്മാരായ യഹൂദന്മാരെ സന്ദർശിച്ചശേഷം ചോഴപ്പെരുമാളുടെ നഗരത്തിലേക്കു വിശുദ്ധൻ പുറപ്പെട്ടു. അവിടെ ചെന്നു കൊട്ടാരം പണിയുന്നതിനുള്ള ധനം വാങ്ങിക്കുകയും, അനന്തരം മൈലാപ്പൂരിലെത്തി സുവിശേഷം പ്രസംഗിക്കുകയും, അവിടെനിന്നും മലാക്കാ, ചൈനാ എന്നീ രാജ്യങ്ങളിലേക്കു പോകുകയും ചെയ്തതായി ഐതിഹ്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അധികം താമസിയാതെ തന്നെ വീണ്ടും വിശുദ്ധൻ ഇൻഡ്യയിലേക്കു മടങ്ങി കൊടുങ്ങല്ലൂരെത്തുകയുണ്ടായി. അവിടെനിന്നും കേരളത്തിൻെറ പല ഭാഗങ്ങളിലേക്കു പുറപ്പെട്ടു സുവിശേഷം പ്രസംഗിക്കുകയും ഏഴു സ്ഥലങ്ങളിൽ ദൈവാലയങ്ങൾ സ്ഥാപിക്കുകയുംചെയ്തു.

## സപ്ത ദൈവാലയങ്ങൾ

കേരളത്തിൽ തൻെറ സഞ്ചാരത്തിനിടയിൽ വി. തോമസ്സ് അപ്പോസ്തലൻ കൊടുങ്ങല്ലൂർ, പാലയൂർ, പറവൂർ(കോട്ടയ്ക്കാവു്), കോക്കമംഗലം, കൊല്ലം, നിരണം (തൃപ്പാലേശ്വരം), ചായൽ (നിലയ്ക്കൽ) എന്നീ ഏഴു സ്ഥലങ്ങളിൽ ദീർഘകാലം താമസിച്ചു് ദൈവാലയങ്ങൾ

സ്ഥാപിക്കയുണ്ടായി. അവിടെയെല്ലാം നിരവധി അത്ഭുതങ്ങൾ പ്രവ ൎത്തിക്കയും, അനേകരെ ജ്ഞാനസ്നാനപ്പെടുത്തുകയും, അവക്കായി ആചാൎയ്യന്മാരെ നിയമിക്കുകയും ചെയ്തു.

വിശുദ്ധൻ സ്ഥാപിച്ച ദൈവാലയങ്ങളുടെ ചുരുങ്ങിയ ചരിത്രം ചുവടേ ചേൎത്തുകൊള്ളുന്നു:

കൊടുങ്ങല്ലൂർ. സന്ത്രോക്കു്, ആന്ത്രപോലീസ്, മുസ്സിരീസ്, മൊയിരിക്കോട്ട എന്നീ വിവിധ നാമങ്ങളിൽ അറിയപ്പെട്ടിരുന്ന പട്ടണവും ഇൻഡ്യയുടെ പശ്ചിമതീരത്തു് അക്കാലത്തുണ്ടായിരുന്ന ഏററം പ്രധാന തുറമുഖവും ആയിരുന്നു കൊടുങ്ങല്ലൂർ. കപ്പൽവഴി ആദ്യമായി വിശുദ്ധൻ വന്നിറങ്ങിയതും അവിടെത്തന്നെയായിരുന്നു. അവിടെ സുവിശേഷം ഘോഷിച്ചതിൻെറ ഫലമായി മുപ്പത്തിരണ്ടു് ബ്രാഹ്മണ ഇല്ലക്കാർ ഉൾപ്പെടെ നാന്തറപേരെ ജ്ഞാനസ്നാനപ്പെടുത്തി സഭാംഗങ്ങളാക്കിത്തീൎത്തു. കൊടുങ്ങല്ലൂർ രാജാവായിരുന്ന ബാണവൎമ്മപെരുമാളേയും അദ്ദേഹത്തിൻെറ മരുമകനേയും വിശുദ്ധൻ ജ്ഞാനസ്നാനപ്പെടുത്തുകയുണ്ടായത്രേ. തന്നിമിത്തം കൊടുങ്ങല്ലൂർ ഒരു ക്രിസ്തീയ പട്ടണമായിത്തീരുകയാൽ മഹാദേവൻെറ പട്ടണം എന്ന അൎത്ഥത്തിൽ "മഹാതേവർ പട്ടണം" എന്ന സംജ്ഞയും കൊടുങ്ങല്ലൂരിനു സിദ്ധിച്ചു. വിശുദ്ധൻ പിന്നീടു് കൊല്ലത്തേയ്ക്കു പുറപ്പെട്ടു.

2. കൊല്ലം. കുരക്കേണിക്കൊല്ലം എന്നറിയപ്പെട്ടിരുന്ന കൊല്ലം അന്നുണ്ടായിരുന്ന ഏററം പ്രധാനപ്പെട്ട ഒരു തുറമുഖവും ജ്യോതിശാസ്ത്രജ്ഞന്മാരുടെ ആസ്ഥാനവുമായിരുന്നു. അപ്പോസ്തലൻ കൊല്ലത്തു് എത്തിയശേഷം അവിടെ സുവിശേഷം ഘോഷിച്ചു് ഒട്ടനേകരെ മാനസാന്തരപ്പെടുത്തി ക്രൈസ്തവരാക്കിത്തീൎത്തു. കൊല്ലത്തും പരിസരങ്ങളിലും അക്കാലത്തു് അധിവസിച്ചിരുന്ന ശൈവവെള്ളാളജനത്തിൽനിന്നും അനവധി ആളുകൾ ക്രിസ്തുമതത്തെ ആശ്ലേഷിക്കുകയുണ്ടായി. "മഹാപിള്ള"മാരെന്ന പേരിലത്രേ മററുള്ളവർ ഇവരെ വിളിച്ചുവന്നിരുന്നതു്. പ്രസ്തുത പദം ലോപിച്ചാണു് "മാപ്പിള"യായിത്തീൎന്നതു്. കൊല്ലത്തുവച്ചു് "ഈഴത്തുനാടെ"ന്നു പേരുള്ള ലങ്കാദ്വീപിലെ രാജാവു് വിശുദ്ധനെ കാണുന്നതിനായി വരികയും, അദ്ദേഹത്തിൽനിന്നും ജ്ഞാനസ്നാനം സ്വീകരിക്കുകയും, അനന്തരം ലങ്കാദ്വീപിലേയ്ക്കു് അദ്ദേഹത്തെ കൊണ്ടുപോയി അവിടെയും ക്രിസ്തുമതം പ്രചരിപ്പിക്കു

കയും ചെയ്തതായി പുരാതന രേഖകളിൽ കാണുന്നു. ലങ്കയിലേയ്ക്കുള്ള യാത്രാമദ്ധ്യേ തിരുവാംകോട്ട്, കന്യാകുമാരി എന്നീ സ്ഥലങ്ങളിൽ വെച്ച് വിശുദ്ധൻ പലരേയും ക്രൈസ്തവരാക്കിത്തീർക്കുകയുണ്ടായി. ലങ്കയിൽനിന്നു മടങ്ങി കൊല്ലത്തെത്തുകയും അവിടെനിന്നും വിശുദ്ധൻ നിരണത്തേയ്ക്കു പോകയും ചെയ്തു.

3. നിരണം (തൃപ്പാലേശ്വരം) നിരണത്തുള്ള പുരാതനമായ തൃപ്പാലേശ്വരം ക്ഷേത്രത്തിനു ചുററും ധാരാളം ബ്രാഹ്മണരും നമ്പൂതിരിമാരും അക്കാലത്തു താമസിച്ചിരുന്നു. അവിടെയും വിശുദ്ധൻ സുവിശേഷം അറിയിക്കയും, അനേകം അത്ഭുതങ്ങൾ പ്രവർത്തിക്കുകയും തൽഫലമായി ഒട്ടനേകം ഹിന്ദുക്കളെ ക്രൈസ്തവരാക്കിത്തീർക്കുകയും ചെയ്തു. മാങ്കി, മടത്തിലാൻ, തയ്യിലാൻ, പട്ടമൂക്കൻ എന്നിങ്ങനെ നാലു പ്രധാന ഇല്ലക്കാരെ വിശുദ്ധൻ ജ്ഞാനസ്നാനപ്പെടുത്തുകയുണ്ടായത്രെ. അവിടെ ദൈവാലയം സ്ഥാപിച്ചശേഷം നിലയ്ക്കലേക്കാണ് വിശുദ്ധൻ പുറപ്പെട്ടതു്.

4. നിലയ്ക്കൽ (ചായൽ) നിരണത്തുനിന്നും നേരെ കിഴക്കോട്ടു പ്രയാണംചെയ്ത് മലമ്പ്രദേശത്തുള്ള ചായൽ എന്ന സ്ഥലത്തു് അപ്പോസ്തലൻ എത്തിച്ചേർന്നു. ആ സ്ഥലം മുമ്പ് പാണ്ടിക്കാരുടെ ആസ്ഥാനമായിരുന്നു. ധാരാളം കർഷകജനങ്ങൾ അവിടെ താമസിച്ചുകൊണ്ടിരുന്നു. അവിടെയും സുവിശേഷം ഘോഷിച്ച് പലരേയും ജ്ഞാനസ്നാനപ്പെടുത്തുകയും സ്ളീബാ സ്ഥാപിക്കയും ചെയ്തശേഷം നിരണത്തേക്കു മടങ്ങുകയും അവിടെ ഏതാനും നാൾ താമസിച്ചശേഷം കോക്കമംഗലത്തേയ്ക്കു യാത്ര പുറപ്പെടുകയും ചെയ്തു.

(പതിമൂന്നാം ശതാബ്ദത്തിൽ പാണ്ടിക്കാരുടെ ഉപദ്രവം ഉണ്ടാകയാൽ നിലയ്ക്കലെ ക്രിസ്ത്യാനികൾ കൂട്ടമായി പുറപ്പെട്ടു. കാഞ്ഞിരപ്പള്ളി, ചെങ്ങന്നൂർ ആദിയായ സ്ഥലങ്ങളിൽ പോയി താമസിക്കുകയുണ്ടായി. അതോടുകൂടെ നിലയ്ക്കൽ ഒരു കാട്ടുപ്രദേശമായി രൂപാന്തരപ്പെടുകയും ചെയ്തു.)

5. കോക്കമംഗലം. നിലയ്ക്കൽനിന്നും നിരണംവഴി വിശുദ്ധൻ കോക്കമംഗലത്തെത്തിച്ചേർന്നു. നാല്പതിൽപരം നമ്പൂതിരി ഇല്ലക്കാരുടേയും ഒട്ടേറെ നായന്മാരുടെയും നിവാസസ്ഥാനമായിരുന്നു

കോക്കമംഗലം. അവിടെയും സുവിശേഷം പ്രസംഗിച്ച് അനേകരെ ക്രൈസ്തവരാക്കിത്തീർക്കുകയും ദൈവാലയം സ്ഥാപിക്കുകയും ചെയ്തു. അനന്തരം പറവൂരേക്കാണ് അദ്ദേഹം പുറപ്പെട്ടതു്.

6. പറവൂർ (കോട്ടയ്ക്കാവു്) ബ്രാഹ്മണരുടെ പ്രധാന ആസ്ഥാനമായിരുന്നു അക്കാലത്തെ പറവൂർ. അവിടെയും ചില അത്ഭുതങ്ങൾ പ്രവർത്തിച്ച് ഭൂരിപക്ഷം ബ്രാഹ്മണരേയും വിശുദ്ധൻ ക്രൈസ്തവരാക്കിത്തീർത്തു. അവിടത്തെ ഹൈന്ദവക്ഷേത്രം ക്രൈസ്തവദൈവാലയമായി വിശുദ്ധൻ രൂപാന്തരപ്പെടുത്തുകയുണ്ടായത്രേ. അനന്തരം അദ്ദേഹം പാലയൂരിൽ എത്തിച്ചേർന്നു.

7. പാലയൂർ. റോമൻ കച്ചവടക്കാരുമായുള്ള വാണിജ്യബന്ധം നിമിത്തവും ആഢ്യബ്രാഹ്മണരുടെ ആസ്ഥാനമെന്ന നിലയിലും കേരളത്തിലെ പ്രധാന നഗരങ്ങളിൽ ഒന്നായിരുന്നു പാലയൂർ. കച്ചവടക്കാരായ യഹൂദന്മാരും ചെട്ടികളും പാലയൂരിലും പരിസരങ്ങളിലും അന്നു കൂട്ടമായി നിവസിച്ചിരുന്നു. പാലയൂരിലെത്തിയ ശേഷം യഹൂദന്മാരുടെ അതിഥിയായി താമസിച്ചുകൊണ്ടു് അവരുടെ ഇടയിൽ ക്രിസ്തുവിൻെറ സുവിശേഷം പ്രസംഗിച്ച് അനേകം യഹൂദന്മാരെ അദ്ദേഹം ക്രൈസ്തവരാക്കിത്തീർത്തു. കൂടാതെ അവിടെയും ഒരു ദൈവാലയം സ്ഥാപിക്കയും അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ച് നിരവധി ബ്രാഹ്മണകുടുംബങ്ങളെ ക്രിസ്തീയകുടുംബങ്ങളാക്കി തീർക്കുകയും ചെയ്തു. കള്ളി, കാളിയങ്കാവ്, ശങ്കരപുരി, പകലോമററം, എന്നീ നാലു ബ്രാഹ്മണകുടുംബങ്ങൾ ഇവയിൽ പ്രാധാന്യം വഹിക്കുന്നു.

തോമ്മസ്സ് അപ്പോസ്തലൻ സ്ഥാപിച്ച ഏഴു പള്ളികളിൽ* ആറും കാലാന്തരത്തിൽ രൂപാന്തരം പ്രാപിച്ചെങ്കിലും അവ എല്ലാം ഇപ്പോഴും സ്ഥിതി ചെയ്യുന്നുണ്ടു്. ഈ പള്ളികൾ പ്രാരംഭകാലത്തു ഹൈന്ദവക്ഷേത്രങ്ങൾപോലെ ആയിരുന്നുവെങ്കിലും നാലാം നൂററാണ്ടിൽ ഉണ്ടായ സുറിയാനിക്കാരുടെ വരവോടുകൂടെ പരിഷ്കരിക്കപ്പെട്ടു

---

* വി. തോമസ്സ് അപ്പോസ്തോലൻ ഏഴരപ്പള്ളികളാണു് കേരളത്തിൽ സ്ഥാപിച്ചതെന്നും, തെക്കൻ തിരുവിതാംകൂറിലുള്ള "തിരുവാങ്കോടു" ആണു് അരപ്പള്ളിയെന്നും ചില ചരിത്രകാരന്മാർ പ്രസ്താവിക്കുന്നുണ്ടു്. ചെറിയ പള്ളി ആയതുനിമിത്തമായിരിക്കാം അരപ്പള്ളി എന്നു വിളിക്കപ്പെടുന്നതു്.

കയുണ്ടായി. പിന്നീട്ട പതിനാറാം നൂററാണ്ടിൽ കേരളത്തിൽ എത്തിയ പോർട്ടുഗീസുകാർ പ്രസ്തുത ദൈവാലയങ്ങൾക്കു് വീണ്ടും രൂപ ഭേദം വരുത്തുകയുണ്ടായി.

## രക്തസാക്ഷിമരണം

കേരളത്തിൽ പല സ്ഥലങ്ങളിലും ക്രിസ്തുവിൻെറ സുവിശേഷം ഘോഷിക്കയും ദൈവാലയങ്ങൾ സ്ഥാപിക്കയും ചെയ്തശേഷം അപ്പോസ്ഥലൻ ചോഴമണ്ഡലത്തിലേക്കു പോകുയുണ്ടായി. അവിടെ മൈലാപ്പൂരിലും പരിസരപ്രദേശങ്ങളിലും പ്രസംഗങ്ങൾ നടത്തി അനേകരെ ക്രൈസ്തവരാക്കിതീൎത്തു. മൈലാപ്പൂർ രാജാവും അനുജൻ പൗലോസും ക്രിസ്തുവിൽ വിശ്വസിച്ചു ജ്ഞാനസ്നാനം സ്വീകരിച്ചു. അനന്തരം വിശുദ്ധൻ കേരളത്തിലേക്കു വീണ്ടും മടങ്ങിവന്നു പല സ്ഥലങ്ങളിലും സഞ്ചരിച്ചു് ഇവിടത്തെ ക്രൈസ്തവരെ വിശ്വാസത്തിൽ സ്ഥിരതയുള്ള വരാക്കിത്തീൎത്തു.

അതിനുശേഷം തൻെറ കേരളീയ സന്താനങ്ങളോടു അന്ത്യ യാത്ര പറഞ്ഞു ചായലിൽനിന്നും മുല്ലപ്പെരിയാർവഴി വിശുദ്ധൻ പാണ്ടിയിൽ ചെന്നുചേൎന്നു. അവിടെനിന്നും മൈലാപ്പൂരിൽ എത്തി. അവിടെവച്ചു ക്ഷേത്രത്തിലെ എമ്പ്രാന്മാരുമായി മതസംബന്ധമായ ഒരു വാഗ്വാദം നടത്തുകയാൽ രോഷാകുലരായിത്തീൎന്ന എമ്പ്രാന്മാർ അദ്ദേഹത്തെ കൊല്ലുന്നതിനു് ഗൂഢമായ ആലോചന നടത്തുകയു ണ്ടായി. അവസാനം ഒരു ഗുഹയിൽ വിശുദ്ധൻ പ്രാൎത്ഥിച്ചുകൊണ്ടി രിക്കയിൽ അവർ ശൂലം ചാണ്ടി അതിഭയങ്കരമായ മുറിവു് അദ്ദേഹ ത്തിനേല്പിച്ചു. മൈലാപ്പൂർ രാജാവും അനുജൻ പൗലോസും ഈ വിവരം അറിഞ്ഞു തൽക്ഷണം അവിടെ വന്നെത്തി. അവൎക്കു വേണ്ട ഉപദേശങ്ങൾ നല്കിയശേഷം വിശുദ്ധഅപ്പോസ്ഥലൻ തൻെറ ആത്മാവിനെ ദൈവതൃക്കരങ്ങളിൽ സമൎപ്പിച്ചു. അനന്തരം അദ്ദേഹ ത്തിൻെറ മൃതശരീരം സമീപസ്ഥലത്തു് അനുയായികളാൽ സംസ്കരിക്ക പ്പെടുകയും ചെയ്തു.

## തിരുശേഷിപ്പുകൾ

വിശുദ്ധൻെറ തിരുശേഷിപ്പുകളുടെ പ്രധാനഭാഗം മൈലാ പ്പൂരിൽനിന്നും മെസോപ്പെട്ടോമിയായിലുള്ള ക്രൈസ്തവകേന്ദ്രമായ എഡേസായിലേക്കു മൂന്നാംനൂററാണ്ടിൽ മാററി സ്ഥാപിക്കപ്പെട്ടു

എഡേസാ മഹമ്മദീയരുടെ ആധിപത്യത്തിന്ന് വിധേയമായിത്തീൎന്നതിനാൽ പ്രസ്തുത തിരുശേഷിപ്പുകൾ 1143-ൽ ഏഷ്യാമൈനറിന്റെ പടിഞ്ഞാറെതീരത്തുള്ള കിയോസ്ദ്വീപിലേക്ക് മാററപ്പെട്ടുകയുണ്ടായി. അവിടെനിന്നും 1257-ൽ മദ്ധ്യഇററലിയുടെ കിഴക്കേതീരത്തുള്ള ഒർട്ടോനാ നഗരത്തിലേക്ക് മാററപ്പെട്ടു. പ്രസ്തുത നഗരത്തിൽ വിശുദ്ധന്റെ നാമത്തിലുള്ള കത്തീഡ്റൽ ദൈവാലയത്തിലെ പ്രധാന ബലിപീഠത്തിന്റെ അടിയിൽ ഇക്കഴിഞ്ഞ എഴുനൂററാണ്ടുകളായി പ്രസ്തുത തിരുശേഷിപ്പുകൾ ഭദ്രമായി സൂക്ഷിക്കപ്പെട്ടുകയും ബഹുമാനിക്കപ്പെട്ടുകയും ചെയ്തുപോരുന്നു.

വി. തോമസ്സ് അപ്പോസ്ഥലന്റെ കേരളപ്രവേശത്തിന്റെ പത്തൊൻപതാം ശതാബ്ദപൂൎത്തിയും വിശുദ്ധ ഫ്രാൻസിസ് സേവിയറിന്റെ ചരമത്തിന്റെ നാലാം ശതാബ്ദപൂൎത്തിയും സംബന്ധിച്ചുള്ള ആഘോഷങ്ങൾ കേരളീയ ക്രൈസ്തവർ ഇക്കഴിഞ്ഞ 1952-ൽ അത്യാഡംബരപൂർവ്വം കൊണ്ടാടുകയുണ്ടായി. പ്രസ്തുതാഘോഷങ്ങൾക്കു ശേഷം കേരളം സന്ദർശിക്കുന്നതിനു വേണ്ടി റോമിൽ നിന്നും ഇവിടെ ആഗതനായ പൌരസ്ത്യസഭാതിരുസംഘത്തിന്റെ സെക്രട്ടറി അത്യുന്നത കർദ്ദിനാൾ ടിസറന്റ തിരുമനസ്സുകൊണ്ടു് ഓർട്ടോനായിൽനിന്നും മാർത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പിൽ ഒരു ഭാഗം കേരളത്തിലേക്ക് കൊണ്ടുവന്ന് വിശ്വാസികളുടെ വണക്കത്തിനായി പല സ്ഥലങ്ങളിലും പ്രദർശിപ്പിക്കയുണ്ടായി. അനന്തരം AD 52-ൽ തോമസ് അപ്പോസ്തലൻ കേരളത്തിൽ ആദ്യമായി കാലു കുത്തിയ കൊടുങ്ങല്ലൂരിൽ പ്രത്യേകമായി സജ്ജമാക്കിയിരുന്ന സ്തൂപികയിൽ പ്രസ്തുത തിരുശേഷിപ്പുകൾ ഭദ്രമായി നിക്ഷേപിക്കുകയും ചെയ്തു. കേരളീയക്രൈസ്തവർ തങ്ങളുടെ പിതാവിനോടുള്ള ബഹുമാനം പ്രസ്തുത തിരുശേഷിപ്പുകളോടുള്ള വണക്കംവഴിയായി പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു.

അദ്ധ്യായം 3

# മാർത്തോമ്മാശ്ളീഹായുടെ ഇൻഡ്യയിലെ പ്രേഷിതവൃത്തി

## അനിഷേധ്യങ്ങളായ ചരിത്രരേഖകൾ

ക്രിസ്തുമതം ഇൻഡ്യയിൽ ആദ്യമായി പ്രസംഗിച്ചതും പ്രചരിപ്പിച്ചതും വി. തോമ്മാശ്ലീഹാ തന്നെയാണെന്നുള്ള സത്യം നിഷേധിക്കുന്നതിന് പതിനേഴാം നൂററാണ്ടിനു മുമ്പു ജീവിച്ചിരുന്നിട്ടുള്ള ചരിത്രകാരന്മാരിൽ ഒരുവൻപോലും ധൈര്യം പ്രദർശിപ്പിച്ചിട്ടില്ല. എന്നാൽ പ്രസ്തുത നൂററാണ്ടിനു ശേഷം മാത്രം ജീവിച്ചിരുന്നിട്ടുള്ള ചരിത്രകാരന്മാരിൽ അപൂവ്വം ചിലർ ഈ വസ്തുതയെ സംശയപൂർവ്വം വീക്ഷിക്കുന്നതിനും, ഏതാനും ചിലർ ധൈര്യപൂർവ്വം നിഷേധിക്കുന്നതിനും സന്നദ്ധരായിട്ടുണ്ടെന്നുള്ളതു് പരമാർത്ഥം തന്നെ. മാർത്തോമ്മാശ്ലീഹാ ഇൻഡ്യയിലെത്തി സുവിശേഷം ഘോഷിച്ചു എന്നും, ഒട്ടനേകം ദൈവാലയങ്ങൾ ഇവിടെ സ്ഥാപിച്ചുവെന്നുമുള്ള സത്യം അനിഷേദ്ധ്യങ്ങളും അസംഖ്യങ്ങളുമായ ചരിത്രരേഖകൾ തെളിയിക്കുന്നുണ്ടു്. ആകയാൽ പ്രസ്തുത രേഖകളിൽ ഏതാനും ചിലതു് ഈ അദ്ധ്യായത്തിൽ ഉദ്ധരിക്കുന്നതു് സമുചിതമായിരിക്കുമെന്നു കരുതുന്നു.

## A. പരമ്പരാഗതമായ ഐതിഹ്യങ്ങൾ

ഭാരതീയക്രൈസ്തവരുടെ ഇടയിൽ ഒന്നാം നൂററാണ്ടു മുതൽ നിലവിലിരുന്നിട്ടുള്ള നിരവധി ഐതിഹ്യങ്ങൾ മാർത്തോമ്മാശ്ലീഹായുടെ ഭാരതാഗമനത്തെ സുസ്പഷ്ടം തെളിയിക്കുന്നുണ്ടു്. മാർത്തോമ്മാശ്ലീഹാ സുവിശേഷം ഘോഷിച്ചിട്ടുള്ള സ്ഥലങ്ങളിലെല്ലാം അദ്ദേഹം പ്രവർത്തിച്ചിട്ടുള്ള അത്ഭുതങ്ങളെപ്പററിയും, മാനസാന്തരത്തെക്കുറിച്ചും, സ്ഥാപിച്ചിട്ടുള്ള ദൈവാലയങ്ങളെ പുരസ്കരിച്ചുമുള്ള ഒട്ടനേകം ഐതിഹ്യങ്ങൾ പരമ്പരയായി നിലവിലിരിക്കുന്നുണ്ടു്. ഏതാദൃശ ഐതിഹ്യങ്ങളെല്ലാം അക്ഷരാർത്ഥം വിശ്വസിക്കണമെന്നില്ലെങ്കിലും അവയിൽ തെളിഞ്ഞു പ്രകാശിക്കുന്ന സത്യം ഭാരതത്തിലെ ക്രിസ്തുമതത്തിൻെറ പ്രഥമ അപ്പോസ്തലൻ മാർത്തോമ്മാശ്ലീഹാ തന്നെ ആണെന്നുള്ളതത്രേ.

കേരളീയ ക്രൈസ്തവർ ഒന്നാം നൂററാണ്ടുമുതൽ തന്നെ തങ്ങൾ മാർത്തോമ്മാശ്ലീഹായുടെ സന്താനങ്ങളാണെന്നു വിശ്വസിക്കുകയും അഭിമാനിക്കുകയും ചെയ്തുപോരുന്നു. "മാർത്തോമ്മാ ക്രിസ്ത്യാനികൾ" എന്ന നാമധേയത്താലാണ് കേരളത്തിലെ ക്രിസ്ത്യാനികൾ പുരാതന കാലം മുതൽതന്നെ വിളിക്കപ്പെട്ടുപോരുന്നത്. വി. ശ്ലീഹാ കപ്പലിൽ വന്നിറങ്ങിയ തുറമുഖവും, സ്ഥാപിച്ച പള്ളികളും, പ്രാർത്ഥിച്ച മലയും, മരിച്ചടക്കപ്പെട്ട ശ്മശാനവും ഇന്നും സംപൂജ്യമായി കരുതപ്പെടുന്നു. അദ്ദേഹത്തിൻെറ പാദസ്പർശനത്താൽ പരിപാവനമായി തീർന്നിട്ടുള്ള ഒട്ടേറെ സ്ഥലങ്ങൾ കേരളത്തിൻെറ വിവിധ ഭാഗങ്ങളിൽ ചൂണ്ടിക്കാണിക്കപ്പെടുന്നു. വിശുദ്ധൻെറ പരിശുദ്ധ കരങ്ങളാൽ വൈദികസ്ഥാനത്തേയ്ക്കുയർത്തപ്പെട്ടിട്ടുള്ള ശ്രേഷ്ഠകുടുംബങ്ങൾ ഇപ്പോഴും നിലനില്ക്കുന്നു. കേരളത്തിൽ ക്രൈസ്തവരുടെ ആസ്ഥാനങ്ങളായി ശ്ലീഹാ നിശ്ചയിച്ച സ്ഥലങ്ങൾ ഇപ്പോഴും സ്ഥിതിചെയ്യുന്നു. വിശുദ്ധൻെറ സുവിശേഷ പ്രവർത്തനങ്ങളെ പ്രകീർത്തിക്കുന്ന പാട്ടുകൾ പൂർവ്വരൂപത്തിൽതന്നെ ഇപ്പോഴും ആലപിക്കപ്പെടുന്നു. ഈദൃശ പരമാർത്ഥങ്ങളെയെല്ലാം പാടേ നിഷേധിക്കുവാൻ നിഷ്പക്ഷവാദികളായ ചരിത്രകാരന്മാർക്ക് ഒരുകാലത്തും സാധിക്കുന്നതല്ല.

## B. പുരാതന കൃതികളും പാട്ടുകളും

1. തോമ്മാശ്ലീഹായുടെ പ്രവൃത്തികൾ. വി. തോമ്മാശ്ലീഹായുടെ ഭാരതത്തിലെ സുവിശേഷവേലയെപ്പററിയുള്ള വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള കൃതികളിൽ ആദ്യത്തേതു് രണ്ടാം നൂററാണ്ടിനോടടുത്തു് എഡേസാ സ്വദേശിയായ ബറദേസനീസ് എന്ന സുറിയാനിക്കാരൻ എഴുതിയിട്ടുള്ള "തോമ്മാശ്ലീഹായുടേ പ്രവൃത്തികൾ" എന്ന പുസ്തകമത്രേ. പ്രസ്തുത ഗ്രന്ഥം ഗ്രീക്കുഭാഷയിലേയ്ക്കു പിന്നീട് വിവർത്തനം ചെയ്യപ്പെടുകയുണ്ടായി. ഈ ഗ്രന്ഥത്തിൽ വിശുദ്ധൻെറ ഭാരതത്തിലെ സുവിശേഷവേലയെപ്പററി സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.

2. മാർഗ്ഗംകളിപ്പാട്ട്. പതിനാറാം നൂററാണ്ടിനു മുൻപ് പോർട്ടുഗീസുകാർ ഇൻഡ്യയിൽ വന്നപ്പോൾ വി. തോമ്മാശ്ലീഹാ ദക്ഷിണഭാരതത്തിൽ നടത്തിയ സുവിശേഷ പ്രവർത്തനങ്ങളെ തെളിയിക്കുന്ന ഒട്ടനേകം പാട്ടുകൾ മാർത്തോമ്മാനസ്രാണികൾ ഹൃദിസ്ഥമാക്കി പാടിവന്നിരുന്നതു് കാണുകയും കേൾക്കുകയും ചെയ്തതായി അവർ

രേഖപ്പെടുത്തിയിട്ടുണ്ടു്. അവയിൽ ഏററം പ്രാധാന്യം അർഹിക്കുന്ന ഒന്നാണു് മാർഗ്ഗംകളിപ്പാട്ടു്. വിളക്കിനുചുററും പന്ത്രണ്ടു പുരുഷന്മാർ (വട്ടമിട്ടു) നിന്നുകൊണ്ടു് ചുവടും താളവുമെടുത്തു് കളിക്കുന്ന ഒരു സംഗീത പ്രസഹനമാണു് ഇതു്. പതിമൂന്നു പാദങ്ങളിലായി മുന്നൂററിഅമ്പതു വരികളുള്ള ഈ പാട്ടിൽ തോമ്മാശ്ലീഹായുടെ ജീവചരിത്രമാണു് അടങ്ങിയിരിക്കുന്നതു്. തെക്കുംഭാഗം സുറിയാനിക്കാർ കല്യാണാവസരങ്ങളിലും മററും ഈ പാട്ടു് ഇപ്പോഴും ആലപിച്ചുപോരുന്നുണ്ടു്. മാർത്തോമ്മാശ്ലീഹാ ഇൻഡ്യയിൽ വന്നു് സുവിശേഷം ഘോഷിച്ചു് അനേകായിരങ്ങളെ ജ്ഞാനസ്നാനപ്പെടുത്തിയെന്നും അവസാനം മൈലാപ്പൂരിൽ വച്ചു് രക്തസാക്ഷിമരണം കൈവരിച്ചുവെന്നും പുരാതനമായ ഈ പാട്ടിൽ വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു.

3. റമ്പാൻപാട്ടു്. തോമ്മാശ്ലീഹായുടെ ജീവചരിത്രം വിശദമായി വിവരിച്ചിരിക്കുന്ന മറെറാരു പുരാതന പാട്ടാണു് റമ്പാൻപാട്ടു്. വിശുദ്ധനിൽനിന്നും നേരിട്ടു ജ്ഞാനസ്നാനം സ്വീകരിച്ച "മാളിയേക്കൽ തോമ്മാറമ്പാൻ" രചിച്ചതും, അന്നുമുതൽ തുടർച്ചയായി മാർത്തോമ്മാ നസ്രാണികൾ ചൊല്ലിവന്നതും, തോമ്മാറമ്പാൻെറ വംശത്തിൽ നാല്പത്തിഎട്ടാം തലമുറക്കാരനായ വേറൊരു റമ്പാൻ 1601-ൽ സംക്ഷേപിച്ചെഴുതിയതുമത്രേ ഈ പാട്ടു്. മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യയിലേക്കുള്ള വരവും, കേരളത്തിലെ വേദപ്രചാരണവും, ദൈവാലയസ്ഥാപനവും, രക്തസാക്ഷിമരണവും ഈ പാട്ടിലും സുവിശദമായി രേഖപ്പെടുത്തിയിട്ടുണ്ടു്.

4. തോമ്മാപർവ്വം, അബ്രഹാം മെത്രാൻെറ പാട്ടു്. ആദിയായ വേറെ പുരാതന പാട്ടുകളിലും തോമ്മാശ്ലീഹായുടെ ഭാരതത്തിലെ സുവിശേഷവേലയെപ്പററി സവിസ്തരം രേഖപ്പെടുത്തിയിട്ടുണ്ടു്.

## C. പിതാക്കന്മാരുടെ സാക്ഷ്യങ്ങൾ

ക്രൈസ്തവസഭയുടെ ആദിമശതകങ്ങളിൽ ജീവിച്ചിരുന്ന ഒട്ടനേകം പിതാക്കന്മാർ വി. തോമ്മാശ്ലീഹായുടെ ഭാരതത്തിലെ സുവിശേഷവേലയെപ്പററിയും രക്തസാക്ഷിമരണത്തെക്കുറിച്ചും അവരുടെ കൃതികളിൽ സ്പഷ്ടമായി, രേഖപ്പെടുത്തിയിട്ടുണ്ടു്. അവയിൽ ചിലവമാത്രം താഴെ ചേർത്തുകൊള്ളുന്നു.

1. നാലാം ശതകത്തിൽ ജീവിച്ചിരുന്ന സുപ്രസിദ്ധ പണ്ഡിതനായ വി. അപ്രേം തോമ്മാശ്ലീഹായെ സ്തുതിച്ചുകൊണ്ടു് ഇപ്രകാരം എഴുതിയിരിക്കുന്നു. "സൂര്യരശ്മിപോലെ വലിയ ഗോളത്തിൽനിന്നും പുറപ്പെടുന്നവനേ, നീ ഭാഗ്യവാൻ. നിൻെറ അനുഗ്രഹീതാഗമനമാകുന്ന പ്രഭാതം ഇൻഡ്യയുടെ അന്ധകാരത്തെ മാററുന്നു."

"പന്ത്രണ്ടിലൊരുവനായ വലിയ ദീപമേ, കുരിശിൽനിന്നുള്ള തൈലത്താൽ നിറഞ്ഞവനായി ഇൻഡ്യയുടെ ഇരുട്ടുനിറഞ്ഞ നിശയെ ദീപംകൊണ്ടു നീ നിറയ്ക്കുന്നു."

വീണ്ടും വി. അപ്രേം, തോമ്മാശ്ലീഹായോടു പറയുന്നതായിഎഴുതിയിരിക്കുന്നു. "കണ്ടാലും, ഇൻഡ്യയിൽ നിൻെറ അത്ഭുതങ്ങൾ. ഞങ്ങളുടെനാട്ടിൽ നിൻെറ വിജയവും, എല്ലായിടത്തും നിൻെറ തിരുനാളും."

മാർത്തോമ്മാ രക്തസാക്ഷിമരണം കൈവരിച്ചതു് ഇൻഡ്യയിൽ തന്നെയാണു് എന്നുള്ളതിനു് വി. അപ്രേം തന്നെ സാക്ഷ്യം നല്കുന്നുണ്ടു്. സാത്താൻ പറയുന്നതായി അദ്ദേഹം എഴുതിയിരിക്കുന്നു. "ഇൻഡ്യയിൽ ഞാൻ വധിച്ച അപ്പോസ്തലൻ എനിക്കുമുമ്പേ എഡേസായിൽ വന്നിരിക്കുന്നു."

(St. Ephrem, Carmina Nisibena Edition of Bickell-Lipsia-Page 701—704).

തിരുശേഷിപ്പുകൾ എഡേസായിലേക്കു കൊണ്ടുപോയതിനേപ്പററിയും വി. അപ്രേം പറയുന്നു. "അയാൾ (വണിക്ക് ശ്രേഷ്ഠൻ)പല പ്രാവശ്യം ഇൻഡ്യയിലേക്ക് പോകയും തിരിച്ചുവരുകയും ചെയ്കയാൽ അയാൾ അവിടെ കണ്ടിട്ടുള്ള സകല ദ്രവ്യങ്ങളും അങ്ങേ അസ്ഥികളോടു താരതമ്യപ്പെടുത്തി നോക്കുമ്പോൾ വെറും മലിനവസ്തുക്കളായി മാത്രമേ അയാൾ പരിഗണിച്ചുള്ളു." (Ibid P. 704.)

2. നാലാം നൂററാണ്ടിൽ ജീവിച്ചിരുന്ന വി. ജറോം ഇപ്രകാരം പ്രസ്താവിക്കുന്നു. "മിശിഹാ എല്ലാ ദേശങ്ങളിലും വസിക്കുന്നു. തോമ്മായോടുകൂടെ ഇൻഡ്യയിലും പത്രോസിനോടുകൂടെ റോമ്മായിലും പൗലോസിനോടുകൂടെ ഇല്ലീരിക്കമിലും വസിക്കുന്നു."

(Jerome Epistle ad Rusticum 3 M. L. 22. 1074).

3. നസിയാൻസിലെ മാർ ഗ്രീഗോറിയോസ് ഇപ്രകാരമാണ് എഴുതിയിരിക്കുന്നതു് "അപ്പോസ്തലന്മാരിൽ ഓരോരുത്തരും അവരവർ സുവിശേഷം അറിയിച്ച സ്ഥലങ്ങളിൽ അന്യന്മാരായിരുന്നില്ലയോ? പൗലോസ് പുറജാതികൾക്കും തോമ്മാ ഇൻഡ്യയ്ക്കും യോഹന്നാൻ എപ്പേസൂസിനും, മർക്കോസ് ഇററലിക്കും അന്യന്മാരായിരുന്നില്ലയോ? "

(St. Gregory Nazianzen. Oration 11. MG. 36. 227)

4. ആറാം നൂററാണ്ടിൽ ജീവിച്ചിരുന്ന ടൂറിലെ വി. ഗ്രീഗോറി രേഖപ്പെടുത്തിയിരിക്കുന്നു. "ഭാരതത്തിൽ മാർത്തോമ്മാശ്ലീഹായുടെ പ്രഥമ വിശ്രമസങ്കേതത്തിൽ ഒരു സന്യാസാശ്രമവും വിസ്തൃതമായ ഒരു ദൈവാലയവുമുണ്ടു്."

(St. Gregory of Tours Miraculorum Liber 1—32. M. L. 71, 733).

5. ഏഴാം നൂററാണ്ടിൽ വി. ഇസിദോർ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "തോമ്മാശ്ലീഹാ കുന്തത്താൽ കുത്തപ്പെട്ടു് ഇൻഡ്യയിലെ ഒരു പട്ടണമായ കലമിനായിൽ വച്ചു മരിക്കയും അവിടെ സംസ്കരിക്കയും ചെയ്തു."

(St. Isidore De Ortu et obitu Patrum 74—132 M. L. 83. 152.)

## D. തിരുനാളും പ്രാർത്ഥനക്രമങ്ങളും

വി. തോമ്മാശ്ലീഹായുടെ ചരമദിനമായ ജൂലൈ മൂന്നാം തീയതി ഭാരതീയ ക്രൈസ്തവർ ആദ്യനൂററാണ്ടുമുതൽ തന്നെ പ്രതിവർഷം ആചരിച്ചുകൊണ്ടിരുന്നു. "ദുക്റാനാ" എന്ന പേരിലുള്ള പ്രസ്തുത പെരുനാൾ ഞായറാഴ്ചപോലെ കടമുള്ള തിരുനാളായിട്ടാണ് ആചരിച്ചു വരുന്നതു്. തന്നെയുമല്ല, ഇതോടനുബന്ധിച്ചു് എട്ടു ദിവസത്തെ പ്രത്യേക പ്രാർത്ഥനകളും നടത്തിപ്പോരുന്നു. പ്രസ്തുത തിരുനാൾ ലോകത്തിൻെറ ഒരുഭാഗത്തും വേറെ ആരുംതന്നെ ഇപ്രകാരം ആഘോഷിക്കുന്നില്ല. ആകയാൽ കേരളീയ ക്രൈസ്തവർക്ക് തോമ്മാശ്ലീഹായോടുള്ള ബന്ധം അന്യാദൃശമാണെന്നു തെളിയുന്നു. ആ ബന്ധമാകട്ടെ ഇവിടുത്തെ പ്രഥമ അപ്പോസ്തലൻ എന്ന നിലയിലുള്ള ബന്ധമല്ലാതെ വേറെയൊന്നാകുവാനും ഇടയില്ല.

ഇനിയും കേരളീയ ക്രിസ്ത്യാനികൾ പുരാതനകാലംമുതൽതന്നെ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പ്രാൎത്ഥനക്രമങ്ങളും നമസ്കാരക്രമങ്ങളും പരിശോധിക്കുന്നപക്ഷവും അവയിൽ പല ഭാഗങ്ങളിലും തോമ്മാശ്ലീഹായുടെ ഭാരത സുവിശേഷവേലയെപ്പററി രേഖപ്പെടുത്തിയിരിക്കുന്നതു കാണുവാൻ സാധിക്കുന്നതാണ്.

1. ദുക്റാനാ തിരുനാൾ സംബന്ധിച്ചുള്ള ആറാം ദിവസത്തെ ജപത്തിൻെറ ഒരു ഭാഗത്തു് ഇങ്ങനെ കാണുന്നു. "ഇൻഡ്യാ രാജ്യത്തു ശൂലാരോഹിതനായി മരിച്ച വി. തോമ്മായേ.......................

പ്രസ്തുത ജപഗ്രന്ഥത്തിൽ വീണ്ടും പറയുന്നതു കേട്ടാലും:— "തോമ്മാ ആകാശങ്ങളിൽ ഒരു അരമന പണിയുകയും, അതിനെ സകലവിധ ആഡംബരങ്ങൾകൊണ്ടു പ്രശോഭിതമാക്കുകയും വിവിധ ഭാഗ്യങ്ങളാൽ പൂൎത്തീകരിക്കുകയും ചെയ്തശേഷം ഇൻഡ്യാനിവാസികളും അവരുടെ രാജാവും ആ ഭവനത്തിലെ ആനന്ദപൂൎവ്വകമായ വാസത്തിൽ ലയിച്ചു് അതിലുള്ള അനന്തഭാഗ്യങ്ങളെ അനുഭവിക്കുന്നതിനുവേണ്ടി അവരെ രക്ഷിക്കയുംചെയ്തു."

2. റോമൻ ബ്രിവ്യറി എന്ന ഗ്രന്ഥത്തിൽ തോമ്മാശ്ലീഹായുടെ പൗരസ്ത്യദേശത്തേ പ്രേഷിതവൃത്തിയെപ്പററി പറയുന്നതിങ്ങനെയാണു്. "ഗലീലദേശവാസിയും ദിദിമോസ് എന്ന മറുനാമധാരിയുമായ വി. തോമ്മസു് അപ്പോസ്തോലൻ പല രാജ്യങ്ങളിൽ സുവിശേഷം പ്രസംഗിക്കയും പാർത്തിയന്മാർ, മേദിയന്മാർ, പേർഷ്യന്മാർ, ഹൃക്കാനിയന്മാർ, ബാക്ട്രിയന്മാർ എന്നീ ജനങ്ങളെ ക്രിസ്തുവേദം അറിയിക്കയും ചെയ്തു. ഒടുവിൽ അദ്ദേഹം ഇൻഡ്യയിലേക്കു പോകുകയും ആ രാജ്യനിവാസികൾക്കു് ക്രിസ്തുമതജ്ഞാനം നൽകുകയും ചെയ്തു. ആ രാജ്യത്തിലെ ഒരു ഭരണകൎത്താവു് അദ്ദേഹത്തെ കൊലയ്ക്കു വിധിക്കയും അദ്ദേഹം കലമീന എന്ന സ്ഥലത്തുവച്ചു് അസ്ത്രപ്രയോഗത്താൽ വേദസാക്ഷിമുടിയേററു കാലധൎമ്മം പ്രാപിക്കയും ചെയ്തു."

3. മൂസലിലുള്ള സുറിയാനിക്കാരുടെ ജൂലൈ മൂന്നാം തീയതിയിലെ തോമ്മാശ്ലീഹായുടെ തിരുനാളിൻെറ ആരാധനക്രമത്തിൽ ഇപ്രകാരം കാണുന്നു. "ഭാരതീയരും ചീനക്കാരും പേർഷ്യക്കാരും മററു ദ്വീപവാസികളും സിറിയായിലും, അമ്മേനിയായിലും, ഗ്രീസിലും, റൂമേനിയായിലുമുള്ളവരും മാൎത്തോമ്മായുടെ ചരമസ്മാരകദിനത്തിൽ തങ്ങളുടെ രക്ഷകൻെറ തിരുനാമത്തിനു് ആരാധന സമർപ്പിക്കുന്നു."

പ്രസ്തുതതിരുനാളിൻെറ വേറൊരു ജപത്തിൽ കാണുന്നതു് ഇപ്രകാരമാണ്: "ശ്രേഷ്ഠപൗരോഹിത്യത്തിൻെറ തൈലംകൊണ്ടു് റോമായുടെ അന്തർഭാഗത്തു് ശെമഓനെ അങ്ങു് അഭിഷേകിച്ചു. തോമ്മായെ ഇപ്പോൾ അങ്ങേയ്ക്കിഷ്ടപ്പെട്ടവിധം ഭാരതീയരുടെ മദ്ധ്യേ തൈലാഭിഷേകം ചെയ്യുന്നു. കണ്ടാലും ഇരുവരുടേയും ജയഭേരികൾ പുറജാതികളുടെ ഇടയിൽ മുഴക്കപ്പെട്ടിരിക്കുന്നു."

4. സുറിയാനി കാനോൻ ജപപുസ്തകത്തിൽ തോമ്മാശ്ലീഹായുടെ പെരുനാളിനു ചൊല്ലുന്ന ചില ഭാഗങ്ങൾ താഴെ ഉദ്ധരിക്കുന്നു: "പരിശുദ്ധാത്മാവിൻെറ പ്രേരണയാൽ തോമ്മാശ്ലീഹാ ഇൻഡ്യയിൽ വരുകയും അനവധി ജനങ്ങൾ അദ്ദേഹത്തിനു വിധേയനാകുകയും ചെയ്തു. ഇൻഡ്യയിലെ സഭ സുഭിക്ഷമായ ഒരു ഉദ്യാനംപോലെ പ്രകാശിക്കുന്നു. ജ്ഞാനസ്നാനമാർഗ്ഗേണ ഭാരതഭൂമി അബദ്ധത്തിൽനിന്നു് സത്യത്തിലേയ്ക്കു പിൻതിരിഞ്ഞു. വി. തോമ്മാ വഴിയായി ഇൻഡ്യാരാജ്യം ശോഭായമാനമായിത്തീരുകയും വിഗ്രഹാരാധനയുടെ അന്ധകാരത്തിൽനിന്നു് മോചിക്കപ്പെടുകയും ചെയ്തു. വി. തോമ്മാശ്ലീഹാമൂലം വിഗ്രഹാരാധനയുടെ മൗഢ്യം ഭാരതീയരിൽനിന്നു ബഹിഷ്കൃതമായി. ചൈനാക്കാരും, കുശായക്കാരും സത്യത്തിലേയ്ക്കു തിരിഞ്ഞതു് വിശുദ്ധശ്ലീഹാവഴിയായിട്ടാണ്. വി. തോമ്മാശ്ലീഹായിൽനിന്നു് സത്യോപദേശത്തിൻെറ വെളിച്ചം ഇൻഡ്യയിൽ സവ്വത്ര വ്യാപിച്ചു. വി. തോമ്മായുടെ സാന്നിദ്ധ്യത്താൽ ഇൻഡ്യാരാജ്യം പ്രശോഭിതമായ ഒരു ഗോപുരം ഉയരത്തിൽ പണിചെയ്തു. ഭാരതവർഷത്തിലെ രാജാക്കന്മാർ വി. തോമ്മായുടെ സഹായത്താൽ ആ മന്ദിരത്തിൽ പ്രവേശിപ്പാനാഗ്രഹിച്ചു. വി. പ്രേഷകൻെറ പ്രയത്നത്താൽ രാജാവായ മിശിഹായ്ക്കു് നിസ്തുലമായ സ്തുതികളോടു് ജപനമസ്കാരങ്ങൾ സമപ്പിക്കപ്പെടുന്ന മഹത്തരങ്ങളായ ദൈവാലയങ്ങൾ ഇൻഡ്യയിൽ സവ്വത്ര നിമ്മിക്കപ്പെട്ടു. അദ്ദേഹം ആയുഷ്കാലത്തിൻെറ അന്തിമ മുഹൂത്തത്തിൽ കുന്തത്താൽ കുത്തപ്പെടുകയും തദ്വാരാ രക്തസാക്ഷിമകുടം പ്രാപിക്കയും ചെയ്തു.

5. ഗ്രീക്കു സഭയിലെ ഒരു തക്സായിൽ പാത്തിയർ, മേദ്യർ, പേർഷ്യർ, ഭാരതീയർ എന്നിവരോടു് മാർത്തോമ്മാശ്ലീഹാ ദൈവവചനം പ്രസംഗിച്ചു എന്നും അദ്ദേഹത്തിൻെറ അത്ഭുതകൃത്യങ്ങളാൽ ആകൃഷ്ടരായ അനേകർ ക്രൈസ്തവവിശ്വാസത്തിൻെറ വെളിച്ചത്തിലേയ്ക്കു് അടുത്തുവന്നുവെന്നും, ഒരു ഇൻഡ്യൻ രാജാവിനാൽ അദ്ദേഹം വധിക്കപ്പെട്ടു എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

6. നെസ്തോറിയൻ സഭയിലെ പ്രാത്ഥനാഗ്രന്ഥത്തിൽ മാർത്തോമ്മാശ്ലീഹായുടെ സ്മരണദിനമായ കർക്കടകം പതിമൂന്നാം തീയതിയിലെ ഒരു പ്രാത്ഥനയിൽ ഇൻഡ്യയിൽവച്ച് ശൂലപ്രയോഗത്താൽ അദ്ദേഹത്തെ വധിച്ചതായും തിരുശേഷിപ്പുകൾ ഖാബിൻ എന്ന വ്യാപാരി എഡേസായിലേയ്ക്കു കൊണ്ടുപോയതായും പ്രസ്താവിച്ചിരിക്കുന്നു.

## E. കബറിടസന്ദർശനങ്ങൾ

മാർത്തോമ്മാ ശ്ലീഹാ രക്തസാക്ഷിമരണം കൈവരിച്ചതു് ഇൻഡ്യയിൽ മൈലാപ്പൂരിൽവച്ചു തന്നെയാണെന്നും അദ്ദേഹത്തിൻെറ കബറിടം അവിടെ തന്നെയാണെന്നുമുള്ളതിനു് ഒന്നാം നൂററാണ്ടുമുതൽ തുടർച്ചയായി മൈലാപ്പൂരിലേയ്ക്കു പൊയ്ക്കൊണ്ടിരുന്ന തീത്ഥയാത്രക്കാർ സാക്ഷ്യം വഹിക്കുന്നു.

1. ക്രിസ്താബ്ദത്തിൻെറ ആദ്യശതകം മുതൽത്തന്നെ കേരളീയ നസ്രാണികൾ മാർത്തോമ്മാശ്ലീഹായുടെ സംപൂജ്യ ശവകുടീരം സന്ദർശിക്കുന്നതിനായി മൈലാപ്പൂരിലേയ്ക്കു തീത്ഥയാത്ര പൊയ്ക്കൊണ്ടിരുന്നു. ഇപ്രകാരം ഇവിടത്തെ ക്രൈസ്തവർ മൈലാപ്പൂർ തീത്ഥയാത്രയ്ക്കു പൊയ്ക്കൊണ്ടിരുന്നതായി പതിമൂന്നാം നൂററാണ്ടിൽ മാർക്കോപോളോ സാക്ഷിച്ചിരിക്കുന്നു.

2. ആറാം ശതാബ്ദത്തിൽ സിറിയാ നിവാസിയായ തെയദോർ എന്ന തീത്ഥസഞ്ചാരി മൈലാപ്പൂരിലെത്തുകയും വി. തോമ്മാശ്ലീഹായുടെ പ്രേതമഞ്ചം വണങ്ങുകയും ചെയ്തു. അനന്തരം ടൂർസിലെ മെത്രാനായിരുന്ന വി. ഗ്രിഗോറിയോസിനെ പ്രസ്തുത വിവരം ധരിപ്പിക്കയും അദ്ദേഹം തൻെറ കൃതിയിൽ അക്കാര്യം രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

3. ക്രിസ്താബ്ദം 883-ാമാണ്ടിടയ്ക്കു് ഇംഗ്ലണ്ടിലെ രാജാവായ ആൽഫ്റഡ് ഇൻഡ്യയിലുള്ള മാർത്തോമ്മാശ്ലീഹായുടെ ശവകുടീരത്തിലേയ്ക്കു നേർച്ചകാഴ്ചകളും കൊടുത്തു് ഷെർബനിലെ മെത്രാനായിരുന്ന സിഖലിൻെറ നേതൃത്വത്തിൽ ഒരു തീത്ഥസംഘത്തെ അയയ്ക്കുകയുണ്ടായി.

4. ഒൻപതാം ശതകത്തിൽ അറേബ്യായിൽനിന്നും ഏതാനും മുസ്‌ലിംസഞ്ചാരികൾ ഇൻഡ്യയിലെത്തുകയും അനന്തരം മൈലാപ്പൂരിൽ ചെന്നു് തോമ്മാശ്ലീഹായുടെ കബറിടം സന്ദർശിക്കയും ചെയ്തതായി അവർ രേഖപ്പെടുത്തിയിരിക്കുന്നു. അക്കാലത്തു് മൈലാപ്പൂരിനെ "ബേസ്‌തോമ്മാ" (തോമ്മാശ്ലീഹായുടെ വീടു്) എന്നാണു് വിളിച്ചുവന്നിരുന്നതു്.

5. 1293-ൽ മാക്പോളാ എന്ന വെനീഷ്യൻ ദേശസഞ്ചാരി ദക്ഷിണേൻഡ്യയിൽ എത്തുകയും വി. തോമ്മാശ്ലീഹായുടെ ശവകുടീരം സന്ദർശിക്കയും ചെയ്തു. ക്രൈസ്തവരും മഹമ്മദീയരും പ്രസ്തുത കബറിടത്തെ ബഹുമാനിക്കുന്നതും, പ്രസ്തുത കബറിടത്തിൽ അത്ഭുതം നടക്കുന്നതും നേരിട്ടുകാണുവാൻ സാധിച്ചു എന്നു തന്റെ കൃതിയിൽ അദ്ദേഹം രേഖപ്പെടുത്തയിരിക്കുന്നു.

6. 1324-ൽ ഇററലിയിലെ വാഴ്ത്തപ്പെട്ട ഓഡറിക് എന്ന ദേഹം വേദസാക്ഷികളായി മരിച്ച തന്റെ രണ്ടു സ്നേഹിതന്മാരുടെ അസ്ഥികൾ കൊണ്ടുവരുവാൻ പോയ അവസരത്തിൽ മൈലാപ്പൂരിൽ തോമ്മാശ്ലീഹായുടെ കബറിടം സന്ദർശിച്ചതായി എഴുതിയിരിക്കുന്നു.

7. 1350-ൽ മാർപ്പാപ്പായുടെ പ്രതിനിധിയായ ജോൺ മരിഞ്ഞോളി എന്ന ദേഹം മാർത്തോമ്മാശ്ലീഹായുടെ മൈലാപ്പൂർ കബറിടം സന്ദർശിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു.

8. 1425-ൽ "നിക്കളോദെക്കോൻതി" എന്ന യൂറോപ്യൻ സഞ്ചാരി മൈലാപ്പൂർ കബറിടംസന്ദർശിക്കയും അതിനുശേഷം റോമായിലെത്തി വി. തോമ്മാശ്ലീഹായുടെ കബറിടത്തിൽ നടക്കുന്ന സംഭവങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള ഒരു പ്രസ്താവന പുറപ്പെടുവിക്കയുംചെയ്തു.

9. 16-ാംനൂററാണ്ടിന്റെ പ്രഥമഘട്ടത്തിൽ മാർ യാക്കോബു ആബൂനായും ഏതാനും ആളുകളും കൂടെ മൈലാപ്പൂരിൽ തോമ്മാശ്ലീഹായുടെ കബറിടത്തിലേക്കു ഒരു തീർത്ഥയാത്രയ്ക്കു പോയതായി രേഖപ്പെടുത്തിയിരിക്കുന്നു.

10. 16-ാം നൂററാണ്ടിൽ പോർട്ടുഗീസുകാർ മൈലാപ്പൂരിൽ വന്നിറങ്ങുകയും, അവിടെ ഒരു വലിയ ദൈവാലയത്തിന്റെ അവശിഷ്ട

ങ്ങൾ കണ്ടെത്തുകയും, അതു തോമ്മാശ്ലീഹായുടെ ശ്മശാനസങ്കേതമായിരുന്നുവെന്ന് അവർക്കു ബോദ്ധ്യപ്പെടുകയുംചെയ്തതായി എഴുതിയിരിക്കുന്നു.

11. 1545-ൽ വി. ഫ്രാൻസിസ് സേവിയർ മൈലാപ്പൂർ സന്ദർശിക്കുക മാത്രമല്ല, അവിടെ നാലു മാസത്തോളം താമസിച്ച് വി. തോമ്മാശ്ലീഹായുടെ ശവകുടീരത്തിനു സമീപം രാത്രിസമയം പ്രാർത്ഥനയിൽ നിമഗ്നനായിരുന്നതായി അദ്ദേഹമെഴുതിയ കത്തുകളിൽ കാണുന്നു.

ഏവംവിധം പതിനേഴാം നൂററാണ്ടിനുമുമ്പു ജീവിച്ചിരുന്നിട്ടുള്ള ഒട്ടനേകം ചരിത്രകാരന്മാരും, തീർത്ഥയാത്രക്കാരും, മിഷ്യനറിമാരും തോമ്മാശ്ലീഹായുടെ കബറിടം മൈലാപ്പൂരാണെന്ന് അവരുടെ സന്ദർശനങ്ങൾ വഴിയായി സാക്ഷ്യം വഹിച്ചിരിക്കുന്ന സ്ഥിതിക്ക് പതിനേഴാം നൂററാണ്ടിനുശേഷം ജീവിച്ചിട്ടുള്ളവരും ചരിത്രകാരന്മാരെന്നു സ്വയം അഭിമാനിക്കുന്നവരുമായ ചില പണ്ഡിതമ്മന്യന്മാർ തോമ്മാശ്ലീഹാ ഇൻഡ്യയിൽ വന്നിട്ടുപോലുമില്ലെന്നും, മൈലാപ്പൂരിൽവച്ച് അദ്ദേഹം രക്തസാക്ഷിമരണം കൈവരിച്ചിട്ടില്ല എന്നും, അദ്ദേഹത്തിൻെറ കബറിടം മൈലാപ്പൂരിലാണെന്ന് പറയുന്നതു് കേവലം കെട്ടുകഥയാണെന്നും മററം വാദിക്കുന്നതിൽ അത്ഭുതപ്പെടുകയല്ലാതെ എന്തു ചെയ്യേണ്ടു !

## F. ചരിത്രപണ്ഡിതന്മാരുടെ പ്രസ്താവനകൾ

മേലുദ്ധരിച്ച നിരവധി ചരിത്രരേഖകൾ പരിശോധിച്ചതിൻെറ ഫലമായി സുപ്രസിദ്ധ ചരിത്ര പണ്ഡിതന്മാർ മാർത്തോമ്മാശ്ലീഹാതന്നെയാണ് ഇൻഡ്യയുടെ അപ്പോസ്തലൻ എന്ന വാസ്തവം സമ്മതിച്ചേററു പറഞ്ഞിട്ടുണ്ട്. അവയിൽ ചിലവ ഉദ്ധരിച്ചുകൊണ്ട് ഈ അദ്ധ്യായം ഉപസംഹരിച്ചുകൊള്ളാം.

1. ഇൻഡ്യാചരിത്രപ്രവീണന്മാരിൽ അദ്വിതീയനായ ഡാക്ടർ വിൻസൺസ്മിത്തു എന്ന ധീരൻ 1923-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള "ഓക്സ്ഫോർഡ് ഹിസ്റ്ററി ഓഫ് ഇൻഡ്യാ" എന്ന ഗ്രന്ഥത്തിൽ പറയുന്നതിപ്രകാരമാണ്:—"തോമ്മാശ്ലീഹായുടെ മരണത്തെപ്പററി രണ്ടു പക്ഷമുള്ളതിൽ കൂടുതൽ വിശ്വാസയോഗ്യമായിട്ടുള്ളതു് ദക്ഷിണഭാരതത്തിൽ വച്ചുള്ള രക്തസാക്ഷിത്വമാണെന്നത്രെ ധാരാളം ചരിത്രരേഖകൾ പരിശോധിച്ചതിൻെറ ഫലമായി എനിക്കു ബോദ്ധ്യപ്പെട്ടിട്ടുള്ളതു്."

2. ക്ലോഡിയസ് ബുക്കാനാൻ എന്ന പ്രോട്ടസ്റ്റൻറ മിഷ്യനറി ഇങ്ങനെയാണ് എഴുതിയിരിക്കുന്നതു്:— "പത്രോസ് ശ്ലീഹാ റോമിൽ മരിച്ചു എന്നുള്ളതിലേയ്ക്കു് നമുക്ക് എത്രത്തോളം തെളിവുകളുണ്ടോ അത്രത്തോളം തെളിവ് തോമ്മാശ്ലീഹാ ഇൻഡ്യയിൽ മരിച്ചു എന്നതിലേയ്ക്കുമുണ്ട്."

3. കൽക്കട്ടായിൽ ആംഗ്ലിക്കൻ മിഷ്യനറിയായിരുന്ന ബിഷപ്പു ഹീബർ പറയുന്നതു കേട്ടാലും:—"വി. പൗലോസ് റോമാനഗരിയിലും ലിയോണിദാസ് തെമ്മോപോലിയിലും വെച്ചു മരണം കൈവരിച്ചു എന്ന വസ്തുതകളെ നാം എത്രത്തോളം ശരിയായി വിശ്വസിക്കുന്നുവോ അത്രത്തോളം സന്നദ്ധതയോടുകൂടെ തോമ്മാശ്ലീഹായുടെ മൈലാപ്പൂരിലെ മരണത്തെ നമുക്കു വിശ്വസിക്കാവുന്നതാണ്." (Jurnal Vol. III. P. 212.)

4. മാഞ്ചെസ്റ്റർ നഗരവാസിയും സുപ്രസിദ്ധ സിറിയൻഭാഷാ പ്രവീണനുമായ ഡാക്ടർ വിജ്ഞാനാ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—"മാർത്തോമ്മാശ്ലീഹായെപ്പററി പ്രസ്താവിക്കുന്ന അവസരങ്ങളിലൊക്കെയും ഇൻഡ്യയെ അദ്ദേഹത്തിൻെറ പേരിനോടു സംഘടിപ്പിക്കാത്തതായ യാതൊരു ചരിത്രകത്താവാകട്ടെ, കവിയാകട്ടെ, പ്രാത്ഥനാഗ്രന്ഥമാകട്ടെ, ആരാധനാക്രമമാകട്ടെ ഇല്ല. ഇക്കാൎയ്യത്തിൽ ഇൻഡ്യയും തോമ്മായും പൎയ്യായപദങ്ങളായി തീൎന്നിരിക്കുന്നു." (Early spread of Christianity in India)

5. 14-ാം നൂററാണ്ടിൽ അറേബ്യയിൽ ജീവിച്ചിരുന്നിട്ടുള്ള "അമീർ" എന്ന ക്രിസ്തീയ ചരിത്രകാരൻ എഴുതിയിട്ടുള്ള സൂറിയാനി ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു:—"തോമ്മാശ്ലീഹായുടെ ശവകുടീരം ഇൻഡ്യാ ദേശത്തിൽപ്പെട്ട മൈലാപ്പൂർ ദ്വീപിൽ പുണ്യവാൻെറ നാമധേയത്തിലുള്ള സന്യാസാശ്രമത്തിൻെറ ബലിപീഠത്തിൻെറ വലത്തുഭാഗത്തായി സ്ഥിതിചെയ്യുന്നു."

6. സുപ്രസിദ്ധ ഗ്രന്ഥകാരനായ അസെമാൻ ഇപ്രകാരമാണെഴുതിയിരിക്കുന്നതു്:—"ഗ്രീക്ക്, ലത്തീൻ, സൂറിയാനി എന്നീ ഭാഷകളിലുള്ള സകല വൈദിക ഗ്രന്ഥങ്ങളും മാർത്തോമ്മാശ്ലീഹാ ഇൻഡ്യയുടെ അപ്പോസ്തലനായിരുന്നുവെന്നു സാക്ഷ്യപ്പെടുത്തിയിരിക്കുന്നു." (Dissert Syro Nestorians. Tom. IV. P. 439.)

7. സുപ്രസിദ്ധ പൗരസ്ത്യപണ്ഡിതനായ ഡോക്ടർ ജെ. എൽ. ഫാക്കുഹാർ 1927-ൽ ഇപ്രകാരം എഴുതിയിരിക്കുന്നു:—"30 വഷങ്ങൾക്കു മുമ്പ് വി. തോമ്മാശ്ലീഹായുടെ ഇൻഡ്യയിലെ സുവിശേഷവേലയെപ്പററിയുള്ള കഥയ്ക്കു് പരിപൂണ്ണമായ എതിരായിട്ടായിരുന്നു സംശയത്തിൻെറ ത്രാസ് തൂങ്ങിക്കൊണ്ടിരുന്നതു്. എന്നാൽ ഇന്നാകട്ടെ അതെപ്പററിയുള്ള ചരിത്രസത്യത്തെ പരിപൂണ്ണമായി അനുകൂലിച്ചുകൊണ്ടാണ് ആ ത്രാസ്സ് തൂങ്ങിക്കിടക്കുന്നതു്."

മേലുദ്ധരിച്ച ചരിത്രകാരന്മാരെ കൂടാതെ കണ്ണൽ, യൂർ, എഡ്വേർഡ്, തേഷ്ടൻ, റോളിൻ, ബിഷപ്പുമെഡ്ലിക്കോട്ട്, പത്രോസ് ജാറി, വിൻസൻറ മരിയാ എന്നീ പണ്ഡിതന്മാരായ ചരിത്രകാരന്മാരെല്ലാം മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യയിലെ സുവിശേഷവേലയെപ്പററി തങ്ങളുടെ കൃതികളിൽ പ്രതിപാദിച്ചിട്ടുണ്ടു്. എന്നാൽ സത്യാന്വേഷികളെ ബോദ്ധ്യപ്പെടുത്തുന്നതിനു് മേലുദ്ധരിച്ച തെളിവുകൾ മതിയാകുമെന്നുള്ളതുകൊണ്ടും വിസ്തരഭയം നിമിത്തവും അവ ഉദ്ധരിക്കാതെ വിട്ടുകളയുന്നു.

## "അന്നത്തെ ഇൻഡ്യയും ഇന്നത്തെ ഇൻഡ്യയും"

മാർത്തോമ്മാശ്ലീഹാ സുവിശേഷവേല ചെയ്തതും, രക്തസാക്ഷിമരണം കൈവരിച്ചതും നമ്മുടെ മാതൃഭൂമിയായ ഈ ഇൻഡ്യാ ആയിരിക്കുവാൻ ഇടയില്ലെന്നും, പ്രത്യുത, എത്തിയോപ്പിയായിലുള്ള ഇൻഡ്യയോ അഥവാ സിന്ധുനദിക്കു് പടിഞ്ഞാറുള്ള അഫ്ഗാനിസ്ഥാൻ ഇൻഡ്യയോ ആയിരിക്കാമെന്നും ചില ചരിത്രകാരന്മാർ വാദിക്കുന്നുണ്ടു്.

പക്ഷേ, ഒന്നാം നൂററാണ്ടിൽ ഇൻഡ്യാ എന്ന നാമത്താലറിയപ്പെട്ടിരുന്ന ഭൂവിഭാഗം നമ്മുടെ ഇൻഡ്യാ തന്നെയാണെന്നു പുരാതന ചരിത്രകാരന്മാർ ഐകകണ്ഠ്യേന സമ്മതിച്ചിട്ടുണ്ടു്. അവയിൽ ചിലവ ചുവടെ ചേർത്തുകൊള്ളുന്നു:—

1. ഇൻഡ്യയുടെ തെക്കും കിഴക്കും അതിത്തികൾ സമുദ്രവും പടിഞ്ഞാറേ അതിത്തി സിന്ധുനദിയുമാണെന്നു് അത്രേ പ്ലീനി എഴുതിയിരിക്കുന്നതു്. (Natural History Book IV. P. 38.)

2. പെരിപ്ലസ് എന്ന കൃതിയുടെ കത്താവു് ഇപ്രകാരമാണെഴുതിയിരിക്കുന്നതു്. "ആ നദിയുടെ (സിന്ധു) തീരത്തുനിന്നു്

ഇൻഡ്യാ ആരംഭിക്കുന്നു. അതിൻെറ വടക്കേ അതിർത്തി ടാറസ്സും തെക്കേത്തു് സമുദ്രവും പടിഞ്ഞാറേത്തു് സിന്ധുനദിയുമാകുന്നു."

(Periplus P. 16)

3. സിന്ധുവിനു് കിഴക്കുള്ള രാജ്യം ഇൻഡ്യയായി ഗണിക്കപ്പെട്ടിരുന്നുവെന്നും മലബാർ അതിൻെറ ഒരംശം മാത്രമായിരുന്നുവെന്നുമാണു് കോസ്മോസ് എന്ന ചരിത്രകാരൻ തൻെറ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു്.

4. ഏഴാംശതകത്തിൽ ജീവിച്ചിരുന്ന വി. ഇസിദോർ തൻെറ വ്യുല്പത്തിയുടെ പുസ്തകത്തിൽ അന്നത്തെ ഇൻഡ്യയെപ്പററി ഇപ്രകാരമാണു് എഴുതിയിരിക്കുന്നതു്. "തൻെറ പടിഞ്ഞാറെ അതിർത്തിയിൽ കിടക്കുന്ന സിന്ധുനദിയിൽ നിന്നും ഇൻഡ്യയ്ക്കു് "ഇൻഡ്യാ" എന്ന പേരുണ്ടായി. ഇൻഡ്യാ, തെക്കു സമുദ്രം മുതൽ ഉദയാചലം വരെയും വടക്കു കോക്കസ് (ഹിമാലയ) പർവ്വതം വരെയും നീണ്ടു വ്യാപിച്ചു കിടക്കുന്നു. അതിൽ പല ജാതിക്കാരും പട്ടണങ്ങളും ഇൻഡ്യക്കാരെ വിഖ്യാതരാക്കിത്തീർക്കുന്ന സിന്ധു, ഗംഗാ, ഹിഫാസിസ് നദികളുമുണ്ടു്."

(St. Isidore Etymol liber 14. 3. 5—6)

മാർത്തോമ്മാശ്ലീഹാ സുവിശേഷം ഘോഷിച്ചതും രക്തസാക്ഷിമരണം കൈവരിച്ചതുമായ ഇൻഡ്യാ നമ്മുടെ ഇൻഡ്യാ തന്നെയാണെന്നുള്ള വാസ്തവമല്ലയോ ഈ ചരിത്രകാരന്മാരുടെ അനിഷേദ്ധ്യങ്ങളായ സാക്ഷ്യങ്ങൾ തെളിയിക്കുന്നതു്?

അദ്ധ്യായം 4.

# കത്തോലിക്കാസഭയും അകത്തോലിക്കാസഭകളും

## ഒരു താരതമ്യനിരൂപണം

യേശുക്രിസ്തുവിനെ തങ്ങളുടെ രക്ഷകനായി സ്വീകരിച്ചിരിക്കുന്ന തൊണ്ണൂററിമൂന്നു കോടിയിൽപരം ക്രൈസ്തവർ ഇന്നു ലോകത്തിൻെറ നാനാഭാഗങ്ങളിലുമായി നിവസിക്കുന്നു. ഇവരിൽ ബഹു ഭൂരിഭാഗവും (48 കോടിയും) റോമ്മാ മാർപാപ്പായുടെ ഭരണത്തിൻ കീഴിൽ ഉൾപ്പെട്ടുനില്ക്കുന്ന കത്തോലിക്കരാണ്. ബാക്കി 45കോടിയോളം വരുന്ന അകത്തോലിക്കരിൽ ഉദ്ദേശം 25 കോടി ജനങ്ങൾ ആയിരത്തിൽപരം സഭാവിഭാഗങ്ങളിലായി ഭിന്നിച്ചിരിക്കുന്ന പ്രോട്ടസ്റ്റൻറു സഭയിലേ അംഗങ്ങളാണ്. ബാക്കിയുള്ള 20 കോടിയോളം ക്രൈസ്തവരാകട്ടെ യൗനായ, ഈജിപ്തായ, യാക്കോബായ ആദിയായ പൗരസ്ത്യ അകത്തോലിക്കാസഭകളിൽ (ഉൾപ്പെട്ടു) നില്ക്കുന്നു. ആകയാൽ ക്രൈസ്തവ സഭയെപ്പററി പൊതുവിലും അകത്തോലിക്കാസഭകളെപ്പററി പ്രത്യേകമായും ചില കാര്യങ്ങൾ ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നതു വായനക്കാർക്ക് പ്രയോജനപ്രദമാകുമെന്നു വിശ്വസിക്കുന്നു.

## ക്രൈസ്തവസഭാസ്ഥാപനം

മനുഷ്യകുലരക്ഷാർത്ഥം നരാവതാരംചെയ്ത സത്യദൈവമായ ക്രിസ്തു ലോകാവസാനംവരെ നിലനില്ക്കേണ്ടുന്നതിനായി ദൃശ്യമായ ഒരു സഭയെ ലോകത്തിൽ സ്ഥാപിച്ചു എന്നുള്ള പരമസത്യത്തിന് വേദപുസ്തകം സാക്ഷ്യം വഹിക്കുന്നു. തൻെറ സഭയ്ക്കു് "സ്വർഗ്ഗരാജ്യം" എന്ന നാമധേയം നല്കിക്കൊണ്ടു് വിവിധങ്ങളായ ഉപമകളാൽ അതിൻെറ ലക്ഷണങ്ങളെ ക്രിസ്തു വിശദീകരിച്ചു. സഭയാകുന്ന സ്വർഗ്ഗരാജ്യത്തെ കടലിൽ എറിയപ്പെട്ടതും പലതരത്തിലുള്ള മത്സ്യങ്ങളോടുകൂടിയതുമായ വലയോടു് (മത്തായി 13. 47—48) ഉപമിച്ചിരിക്കുന്നതിൽ നിന്നും തൻെറ സഭയാകുന്ന സാമ്രാജ്യത്തിൽ പലതരത്തിലുള്ള ആളുകൾ ഉണ്ടായിരിക്കുമെന്നു ക്രിസ്തു വ്യക്തമാക്കി. പുളിച്ച മാവിനോടു് (ലൂക്കോസ് 4, 30—32) സഭയെ ഉപമിച്ചിരിക്കുന്നതിനാൽ സഭയുടെക്രമാനുഗതവും

അഖിലലോകവ്യാപകവുമായ വളർച്ചയെ ക്രിസ്തു പ്രസ്പഷ്ടമാക്കി. ഒരു തൊഴുത്തിനോടും ഒരു ആട്ടിൻകൂട്ടത്തോടും (യോഹന്നാൻ 10.16) സഭയെ ഉപമിച്ചതിൽനിന്നും ഏകഭരണത്തിലും ഏകവിശ്വാസത്തിലും അടിസ്ഥാനം ഉറപ്പിച്ചതായിരിക്കും തൻെറ സഭയെന്നു് അവിടുന്നു സുവ്യക്തമാക്കി. പത്രോസാകുന്ന പാറമേൽ തൻെറ സഭയെ പണിതതിനാലും നരകവാതിലുകൾ ജയിക്കയില്ലെന്നു് വാഗ്ദാനം ചെയ്തതിനാലും (മത്തായി 16.18) തൻെറ സഭയുടെ സ്ഥിരതയേയും, ലോകാവസാനംവരെയുള്ള അതിൻെറ നിലനില്പിനേയും അവിടുന്നു പ്രസ്പഷ്ടമാക്കി.

ദൃശ്യമായ സാധനങ്ങളോടു് സഭയെ ഉപമിച്ചിരിക്കുന്നതിനാൽ സഭ ദൃശ്യമായ ഒരു സ്ഥാപനമാണെന്നു് അവിടുന്നു് വ്യക്തമാക്കി. ദൃശ്യമായ തൻെറ സഭയുടെ പ്രഥമപരമാധികാരിയായി വി പത്രോസിനേയും പ്രഥമപ്രേഷിതരായി പന്ത്രണ്ടുപേരേയും അവിടുന്നു തെരഞ്ഞെടുക്കുകയും അവർക്കു വിവിധ അധികാരങ്ങൾ നൽകുകയും ചെയ്തു. ഏവംവിധം ക്രിസ്തുനാഥൻ സ്ഥാപിച്ച സഭ അവിടുത്തെ സ്വർഗ്ഗാരോഹണത്തിനുശേഷം പെന്തിക്കോസ്തു് ദിവസത്തിൽ ഉൽഘാടനം ചെയ്യപ്പെടുകയും അനന്തരം ലോകമെങ്ങും പ്രചരിക്കയും ചെയ്തു.

## സത്യസഭാലക്ഷണങ്ങൾ

ഇതരസഭകളിൽ നിന്നും സംഘടനകളിൽനിന്നും സത്യസഭയെ തിരിച്ചറിയുന്നതിനുവേണ്ടി സുവിദിതങ്ങളായ ഏതാനും ലക്ഷണങ്ങൾ തൻെറ സഭയ്ക്കു ക്രിസ്തു പ്രദാനം ചെയ്തിട്ടുണ്ടു്. സാർവ്വത്രികത്വം (കാതോലികത്വം), അപ്പോസ്തോലികത്വം, ഏകത്വം, വിശുദ്ധത എന്നീ നാലു ലക്ഷണങ്ങളത്രേ അവ. "കാതോലികവും, ശ്ലൈഹികവും, ഏകവും വിശുദ്ധവുമായ സഭയിൽ ഞങ്ങൾ വിശ്വസിക്കുന്നു" എന്നു് വിശ്വാസപ്രമാണത്തിൽ രേഖപ്പെടുത്തിയതിനാൽ ഈ ലക്ഷണങ്ങൾ തൻെറ സഭയ്ക്കു ക്രിസ്തു പ്രദാനം ചെയ്തതാണെന്നു് നിഖ്യായിലെ പിതാക്കന്മാരും സ്പഷ്ടമായി തെളിയിച്ചിരിക്കുന്നു. ലോകത്തിൻെറ എല്ലാഭാഗങ്ങളിലും വ്യാപിക്കേണ്ടതും വ്യാപിച്ചിരിക്കുന്നതും, ശ്ലൈഹിക പിൻതുടർച്ചയോടുകൂടിയതും, ഏകഭരണത്തിൽ ഏകവിശ്വാസത്തിൽ നില നില്ക്കുന്നതും, വിശുദ്ധീകരണമാർഗ്ഗങ്ങൾ നിരന്തരം ഉപയോഗിച്ചു് അംഗങ്ങളെ വിശുദ്ധീകരിക്കുന്നതുമായിരിക്കണം സത്യക്രിസ്തുസഭ. ഇന്നു ക്രിസ്തുവിൻെറ പേരിൽ ലോകത്തിൽ കാണപ്പെടുന്ന അയിരത്തിൽപരം സഭ

കളിൽ ഒരൊററ സഭയ്ക്കുമാത്രമേ ഈ നാലു ലക്ഷണങ്ങളും പരിപൂർണ്ണമായി യോജിക്കുന്നുള്ളുവെന്ന വാസ്തവം നിഷ്പക്ഷബുദ്ധ്യാ പഠനം നടത്തുന്ന ഏവക്കും ബോദ്ധ്യപ്പെടുന്നതാണ്. ഒന്നാംനൂററാണ്ടുമുതൽ ഈ ഇരുപതാം നൂററാണ്ടുവരെ നാരകീയശക്തികളാൽ തോല്പിക്കപ്പെടാതെ നിലനില്ക്കുന്നതും, ലോകത്തിലെ അഞ്ചു ഭൂഖണ്ഡങ്ങളിലും വ്യാപിച്ചിരിക്കുന്നതും വി. പത്രോസിൻെറ യഥാത്ഥപിൻഗാമിയായ റോമാ മാർപാപ്പായുടെ ഭരണത്തിൻകീഴിൽ ഏകവിശ്വാസം പഠിപ്പിച്ചുകൊണ്ടിരിക്കുന്നതും, നിരവധി വിശുദ്ധീകരണമാർഗ്ഗങ്ങൾ മുഖേന ആത്മാക്കളുടെ വിശുദ്ധീകരണത്തിനുവേണ്ടി ലോകമെങ്ങും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ കത്തോലിക്കാസഭയത്രേ അതു്.

## സഭാബഹിഷ്കരണം

സഭയെ കേൾക്കാത്തവനെ അജ്ഞാനിയേയും ചുങ്കക്കാരനേയും പോലെ പരിഗണിക്കണമെന്നും (മത്തായി 8. 11) നിങ്ങളുടെ വാക്കു കേൾക്കുന്നവൻ എൻെറ വാക്കു കേൾക്കുന്നു. നിങ്ങളെ നിഷേധിക്കുന്നവൻ എന്നെ നിഷേധിക്കുന്നു. (ലൂക്കോ 10. 16) എന്നുമുള്ള ക്രിസ്തുവിൻെറ കല്പനയും, ഞങ്ങൾ നിങ്ങളോടു സുവിശേഷിച്ചതിനു വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽനിന്നും ഒരു ദൈവദൂതൻ ആകട്ടെ സുവിശേഷം പ്രസംഗിച്ചാലും അവൻ സഭയിൽ നിന്നും ശപിക്കപ്പെട്ടവനാകട്ടേ (ഗലാ 1. 9) എന്നുള്ള വി. പൗലോസിൻെറ വചനങ്ങളും അനുസരിച്ചു് ഓരോകാലത്തും വിശ്വാസവിപരീതികളേയും അനുസരണവിമുഖരേയും സത്യസഭയിൽനിന്നും ബഹിഷ്കരിച്ചിട്ടുണ്ട്. ഏവംവിധം സഭാബഹിഷ്കൃതരായവർ പുതിയ സഭകളെ സ്ഥാപിക്കയും, അവയുടെ പ്രചാരണത്തിനും സത്യസഭയുടെ നാശത്തിനും വേണ്ടി അക്ഷീണം പ്രവർത്തിക്കയും ചെയ്തിട്ടുണ്ട്. പക്ഷേ, അവരുടെ പരിശ്രമങ്ങളെല്ലാം അവസാനം പരാജയപ്പെട്ടതായിട്ടു മാത്രമേ ലോകചരിത്രവും സഭാചരിത്രവും തെളിയിക്കുന്നുള്ളു. സത്യക്രിസ്തുസഭയിൽനിന്നും ബഹിഷ്കരിക്കപ്പെട്ടതിൻെറ വൈരാഗ്യം നിമിത്തം സ്ഥാപിക്കപ്പെട്ട സഭകളിൽ പലതും വൃക്ഷത്തിൽനിന്നും ഛേദിക്കപ്പെട്ട ശിഖരം പോലെ അല്പകാലം പച്ചപിടിച്ചു നിലനിന്നതിനു ശേഷം അവയുടെ നാമം മാത്രം ഭൂമുഖത്തു് അവശേഷിപ്പിച്ചിട്ടു ലോകത്തിൽനിന്നും എന്നന്നേക്കുമായി തിരോധാനം ചെയ്യുയാണുണ്ടായിട്ടുള്ളതു്.

ബാക്കിയുള്ളവയാകട്ടേ. പല പല സഭകളായി വിഭജിക്കപ്പെട്ടു യാതൊരു പുരോഗതിയുമില്ലാത്ത നിലയിൽ ബാഹ്യമായും ആഭ്യന്തരമായും പ്രതിദിനം അധഃപതിച്ചു കൊണ്ടാണിരിക്കുന്നതു് എന്നുള്ള വാസ്തവം അവ ഓരോന്നിൻേറയും ആധുനികസ്ഥിതി വിളിച്ചുപറയുന്നു.

## സാർവത്രിക സുന്നഹദോസുകൾ.

സത്യവിശ്വാസത്തിനെതിരായി ഇക്കഴിഞ്ഞ ഓരോ നൂററാണ്ടിലും ദുരുപദേശകർത്താക്കൾ സഭയ്ക്കുള്ളിൽ നിന്നുതന്നെ എഴുന്നേല്ക്കയും തങ്ങളുടെ പ്രഭാഷണങ്ങളാലും പ്രസിദ്ധീകരണങ്ങളാലും വിശ്വാസികളെ വഴിതെററിക്കുന്നതിനു് പരിശ്രമിക്കുകയും ചെയ്തിട്ടുണ്ടു്. അപ്പോഴെല്ലാം യഥാർത്ഥ വിശ്വാസം പ്രഖ്യാപിക്കുന്നതിനും, പ്രസ്തുത വിശ്വാസം സ്വീകരിക്കുന്നതിൽ വിമുഖത പ്രദർശിപ്പിക്കുന്നവരെ സഭയിൽനിന്നും ബഹിഷ്കരിക്കുന്നതിനും വേണ്ടി സാർവ്വത്രിക സുന്നഹദോസുകൾ സഭയിൽ നടത്തപ്പെട്ടിട്ടുമുണ്ടു്. ഇക്കഴിഞ്ഞ ഇരുപതു ശതാബ്ദങ്ങളിലായി അപ്രകാരമുള്ള ഇരുപതു സാർവ്വത്രിക സുന്നഹദോസുകളാണു് നടത്തപ്പെട്ടിട്ടുള്ളതു്. അവ ഏവയെല്ലാമെന്നും ഏതെല്ലാം കാലഘട്ടത്തിലാണു് അവ ഓരോന്നും നടത്തിയിട്ടുള്ളതെന്നും ചുവടേ ചേർത്തുകൊള്ളുന്നു:

| | സുന്നഹദോസ് | | ക്രിസ്തുവർഷം |
|---|---|---|---|
| 1. | ഒന്നാം നിഖ്യാ സുന്നഹദോസ് | | 325 |
| 2. | ഒന്നാം കുസ്തന്തീനോസ് പോലീസ് | | 381 |
| 3. | എഫേസൂസ് | | 431 |
| 4. | കല്ക്കദോനിയാ | | 451 |
| 5. | രണ്ടാം കുസ്തന്തീനോസ് പോലീസ് | | 553 |
| 6. | മൂന്നാം | ,, | 680 |
| 7. | രണ്ടാം നിഖ്യാ | | 787 |
| 8. | നാലാം കുസ്തന്തീനോസ് പോലീസ് | | 869 |
| 9. | ഒന്നാം ലാററൻ | | 1123 |
| 10. | രണ്ടാംലാററൻ സുന്നഹദോസ് | | 1139 |
| 11. | മൂന്നാം ലാററൻ | ,, | 1179 |
| 12. | നാലാം ലാററൻ | ,, | 1215 |
| 13. | ഒന്നാം ലിയോൺസ് | ,, | 1245 |
| 14. | രണ്ടാം ലിയോൺസ് | ,, | 1274 |
| 15. | വിയൻ | ,, | 1312 |

| | | |
|---|---|---|
| 16. | കോൺസ്റ്ററൻസ് സുന്നഹദോസ് | 1414-18 |
| 17. | ഫ്ളോറൻസ് ,, | 1438-45 |
| 18. | അഞ്ചാം ലാറററൻ ,, | 1512-17 |
| 19. | ത്രെന്തോസ് സുന്നഹദോസ് | 1545-63 |
| 20. | വത്തിക്കാൻ സുന്നഹദോസ് | 1869-70 |

## കത്തോലിക്കേതരസഭകൾ.

ലോകത്തിൽ ഇന്നുള്ള അകത്തോലിക്കാസഭകളിൽ ഒന്നിനു പോലും ഇത്രയും സാൎവ്വത്രിക സുന്നഹദോസുകൾ നടത്തിയതായി അഭിമാനിക്കുന്നതിനു സാധിക്കുന്നതല്ല. ഓരോ അകത്തോലിക്കാ സഭയും അതാതു സഭകളുടെ സ്ഥാപകന്മാരെ ബഹിഷ്കരിച്ചിട്ടുള്ള സുന്നഹദോസിനേയും അതിനുശേഷം നടന്നിട്ടുള്ള സുന്നഹദോസുകളേയും നിഷേധിക്കയും, അതിനുമുമ്പു നടന്നിട്ടുള്ള സുന്നഹദോസുകളെ സ്വീകരിക്കയുമത്രേ ചെയ്യുന്നതു്. തന്മൂലം ഏതെങ്കിലും ഒരു അകത്തോലിക്കാസഭയുടെ ഉത്ഭവം എന്നാണെന്നു് അറിയുവാൻ ആഗ്രഹിക്കുന്നവർ സാൎവ്വത്രിക സുന്നഹദോസുകളുമായി അവയ്ക്കുള്ള ബന്ധം പരിശോധിച്ചാൽ മാത്രം മതിയാകുന്നതാണു്. 1545-ൽ നടത്തപ്പെട്ട ത്രെന്തോസ് സുന്നഹദോസിനുമുമ്പ് കൂടീട്ടുള്ള എല്ലാ സാൎവ്വത്രിക സുന്നഹദോസുകളേയും സാധുവായി പരിഗണിക്കുന്ന പ്രോട്ടസ്റ്റൻറുകാർ ത്രെന്തോസ് സുന്നഹദോസിനേയും അതിനുശേഷം നടത്തപ്പെട്ടിട്ടുള്ള വത്തിക്കാൻ സുന്നഹദോസിനേയും അവഗണിക്കുകയാണു ചെയ്യുന്നതു്. ഗ്രീക്കു (യവുനായസഭ) പത്താം നൂററാണ്ടിൽ മാത്രം ആരംഭിച്ചതാണെന്നുള്ളതിനു് പ്രത്യക്ഷതെളിവു കുസ്തന്തിനോസ് പോലീസിൽവച്ചു് നടന്ന രണ്ടാം സുന്നഹദോസിനു മുമ്പുള്ള എല്ലാ സുന്നഹദോസുകളേയും സ്വീകരിക്കുകയും അതിനുശേഷം നടന്നിട്ടുള്ള സുന്നഹദോസുകളെ പാടെ നിഷേധിക്കുകയും ചെയ്യുന്നതിൽനിന്നും പ്രസ്പഷ്ടമാകുന്നതാണു്. യാക്കോബായക്കാരും അവരെ അനുകരിച്ചു് ഇന്നാട്ടിലെ ഓൎത്തഡോക്സു്, മാൎത്തോമ്മാ എന്നീ സഭക്കാരും മൂന്നു സാവ്ത്രിക സുന്നഹദോസുകൾ മാത്രം അംഗീകരിക്കുന്നതിനാൽ നാലാം സാവ്ത്രിക സുന്നഹദോസിൽ (കല്ക്കദോനിയാ) വച്ചു മുടക്കപ്പെട്ടവരാൽ സംഘടിക്കപ്പെട്ടതോ അഥവാ അപ്രകാരം സംഘടിക്കപ്പെട്ട സഭയിൽനിന്നും പൊട്ടിപ്പുറപ്പെട്ടതോ ആണു് അവയെന്നു തെളിയുന്നു. ഏവം വിധം ഇന്നു ലോകത്തിലുള്ള അകത്തോലിക്കാ സഭാംഗങ്ങളെല്ലാം തങ്ങളെ മുടക്കിയ സുന്നഹദോസിനേയും അനന്തര

സുന്നഹദോസുകളേയും നിഷേധിക്കയും അതിന്റെ മുമ്പുണ്ടായിട്ടുള്ള എല്ലാ സുന്നഹദോസുകളേയും അംഗീകരിക്കയുമാണ ചെയ്യുന്നതു്. അതിന്റെ കാരണം മുകളിൽ പറഞ്ഞതിൽ നിന്നും പ്രസ്പഷ്ടമാണല്ലോ.

## പൗരസ്ത്യ അകത്തോലിക്കാ സഭകൾ

കത്തോലിക്കേതര സഭകളെ "പൗരസ്ത്യ സഭകൾ" എന്നും, പാശ്ചാത്യ അഥവാ "പ്രോട്ടസ്റ്റന്റ സഭകൾ" എന്നും രണ്ടായി തരം തിരിക്കാവുന്നതാണു്. ഇതിൽ പൗരസ്ത്യ അകത്തോലിക്കാ സഭകളെ നാലായി വിഭജിക്കാവുന്നതാണു്.

1. ഗ്രീക്കു് (യൗനായ) സഭ. 2. ഇഗുപ്തായസഭ. 3. അർമ്മേനിയാസഭ. 4. സുറിയാനി സഭ.

### 1. ഗ്രീക്കുസഭ

ക്രിസ്താബ്ദം 869-ൽ നടന്ന കസ്തന്തീനോസ് പോലീസിലെ നാലാം സുന്നഹദോസിൽവച്ചു് സഭാ ബഹിഷ്കൃതനായിത്തീൎന്ന ബൊസന്ത്യാ പാത്രിയൎക്കീസായ ഫോസിയസ് അടിസ്ഥാനമിട്ടതും, 1043-ൽ ബോസന്ത്യാ സിംഹാസനത്തിൽ ആരൂഢനായ മൈക്കൾ ചെറുളാരിയൂസ് പാത്രിയൎക്കീസിനാൽ പ്രചരിക്കപ്പെട്ടതുമായ സഭയത്രേ യൗനായ അഥവാ ഗ്രീക്കുസഭ. പ്രാരംഭകാലത്തു് കാൎയ്യമായ പ്രചാരണം പ്രസ്തുത സഭയ്ക്കു് ലഭിച്ചിരുന്നുവെങ്കിലും പില്ക്കാലത്തു് അതു പല പാത്രീയൎക്കീസന്മാരുടെ കീഴിൽ വിവിധ വിഭാഗങ്ങളായി പിരിയുകയാണുണ്ടായതു്. ഈ സഭയിൽ അലക്സാണ്ഡ്റിയാ, അന്ത്യോക്യാ, ഓർശ്ലേം, റഷ്യൻ ആദിയായ പതിനാറിൽപ്പരം പേരുകളോടുകൂടിയ വിഭാഗങ്ങളുള്ളതിൽ ജനസംഖ്യയിൽ മികച്ചു നില്ക്കുന്നതു് റഷ്യൻ സഭയായിരുന്നു. എന്നാൽ റഷ്യയിൽ ഈ അടുത്ത കാലത്തു് കമ്യൂണിസ്റ്റ് ഗവമ്മെന്റ് അധികാരം പ്രാപിച്ചതോടുകൂടെ പ്രസ്തുത സഭ കമ്യൂണിസ്റ്റ് ഗവമ്മെന്റിന്റെ പരിപൂൎണ്ണ നിയന്ത്രണത്തിൻ കീഴിലാകുകയും അങ്ങനെ ബാഹ്യമായും ആദ്ധ്യാത്മികമായും അധഃപതിക്കയും ചെയ്തിരിക്കുന്നു. യൗനായസഭയിലെ വിഭാഗങ്ങളിൽ എല്ലാംകൂടെ എട്ടു കോടിയോളം അംഗങ്ങൾ ഇപ്പോഴുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

### 2. ഇഗുപ്തായസഭ

ക്രിസ്താബ്ദം 451-ൽ സമ്മേളിച്ച കൽക്കദോനിയാ സൂനഹദോസിൽ വച്ചു് സഭാ ബഹിഷ്കൃതരായ ഏകസ്വഭാവ വാദികളുടെ

പ്രവത്തനഫലമായി അലക്സാണ്ഡ്റിയായിൽ ഉത്ഭവിച്ചതും പരിസരങ്ങളിൽ പ്രചരിച്ചതുമായ ഒരു സഭയത്രേ ഇതു്. അലക്സാണ്ഡ്റിയാ പാത്രിയക്കീസിൻെറ ഭരണത്തിൻ കീഴിലത്രേ അബ്സീനിയൻ (എത്തിയോപ്യൻ) സഭയും ഇപ്പോൾ സ്ഥിതിചെയ്യുന്നതു്. യാതൊരു പുരോഗതിയുമില്ലാത്ത പ്രസ്തുത സഭയും പ്രതിദിനം അധഃപതിച്ചുകൊണ്ടാണിരിക്കുന്നതു്.

### 3. അമ്മേനിയൻ സഭ

ആറാം ശതകത്തിൻെറ മദ്ധ്യത്തിൽ ഏകസ്വഭാവവാദികളായി തീന്നവരത്രേ അമ്മേനിയൻ സഭക്കാർ. നാലു പാത്രിയക്കീസന്മാരുടെ കീഴിലായി ലോകത്തിൻെറ പല ഭാഗങ്ങളിലും ചിതറപ്പെട്ടിരിക്കുന്നതിനാൽ സംഘടിതമായ പ്രവത്തനപദ്ധതിയോ കാലാനുസൃതമായ പുരോഗതിയോ ഇവക്കില്ലെന്നു പറയേണ്ടിയിരിക്കുന്നു. ഓത്തഡോക്സ് സഭാംഗങ്ങളെന്നും ഗ്രിഗോറിയന്മാരെന്നും മററുമുള്ള നാമങ്ങൾ അഭിമാനപൂവം ഇവർ ഉപയോഗിക്കുന്നുണ്ടു്.

### 4. സുറിയാനിസഭ

സുറിയാനിഭാഷ ആരാധനാഭാഷയായി സ്വീകരിച്ചിരിക്കുന്ന അകത്തോലിക്കാ സഭകളെ ഈ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണു്. "പാശ്ചാത്യ സുറിയാനി"ക്കാരെന്നും, "പൗരസ്ത്യ സുറിയാനി"ക്കാരെന്നും രണ്ടായി ഇവരെ തരം തിരിക്കാവുന്നതാണ്. നെസ്തോറിയൻ സഭയിൽ ഉൾപ്പെട്ട നില്ക്കുന്നവരെ പൗരസ്ത്യ സുറിയാനിക്കാരായും യാക്കോബായക്കാർ, കേരളത്തിലെ ഓർത്തഡോക്സുകാർ, മാർത്തോമ്മാക്കാർ, തൊഴിയൂർ സഭക്കാർ എന്നിവരെ പാശ്ചാത്യ സുറിയാനിക്കാരായും പരിഗണിക്കാവുന്നതാണ്. കേസിലും വ്യവഹാരച്ചുഴലിയിലും പെട്ട കാര്യമായ യാതൊരു പുരോഗതിയുമില്ലാതെ പ്രതിദിനം ജനസംഖ്യയിലും സ്ഥാപനങ്ങളിലും അധഃപതിച്ചുകൊണ്ടിരിക്കുന്ന ഈ സഭകളിൽ എല്ലാംകൂടെ ഒരു കോടിയിൽ താഴെ മാത്രമേ ജനങ്ങളുള്ളു.

## പാശ്ചാത്യ അകത്തോലിക്കാസഭകൾ

പതിനാറാം നൂററാണ്ടിൽ യൂറോപ്പിലുണ്ടായ പ്രചണ്ഡമായ മതവിപ്ളവത്തിൻെറ ഫലമായി ഉത്ഭവിച്ച പ്രോട്ടസ്റ്റൻറു സഭകളത്രേ ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നതു്. മാർട്ടിൻ ലൂഥർ, മെലാംഗ്ടൻ, സ്വിംഗ്ലി,

കാൽവിൻ, ഹെൻട്രി എട്ടാമൻ എന്നിവരെല്ലാം പ്രസ്തുത സഭകളുടെ സ്ഥാപകന്മാരിൽ പ്രധാന സ്ഥാനം അർഹിക്കുന്നു. അനിതരസാധാരണമായ അഹങ്കാരപ്രമത്തതയും, അനിയന്ത്രിതമായ ജഡമോഹവും, അമിതമായ സ്വാതന്ത്ര്യകാംക്ഷയുമായിരുന്നു പ്രോട്ടസ്റ്റൻറു സഭാസ്ഥാപനത്തിന് ഇവക്കു പ്രേരണ നല്കിയതു്. വേദപുസ്തകത്തിൻെറ സ്വേഛാനുസരണമുള്ള വ്യാഖ്യാനം പ്രസ്തുതസഭയെ അനേകശതം വിഭാഗങ്ങളാക്കിത്തീക്കുന്നതിനു പിന്നീടു കാരണമായിത്തീന്നു. യൂറോപ്പിലും അമേരിക്കയിലും മററുമായി ആയിരത്തിൽപരം പ്രോട്ടസ്റ്റൻറു സഭാവിഭാഗങ്ങൾ ഇപ്പോൾ ഉണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. എപ്പിസ്കോപ്പൽ സഭകളെന്നും, പ്രെസ്ബിറേററിയൻ സഭകളെന്നും, കോൺഗ്രിഗേഷനൽ സഭകളെന്നും മൂന്നായി ഇവയെ തരം തിരിക്കാവുന്നതാണു്.

### 1. എപ്പിസ്ക്കോപ്പൽ സഭകൾ.

മെത്രാന്മാർ, വൈദികന്മാർ ആദിയായ ആദ്ധ്യാത്മികാധികാരികളുടെ നേതൃത്വത്തിൽ നിയന്ത്രിക്കപ്പെടുന്ന സഭകളത്രേ എപ്പിസ്ക്കോപ്പൽ സഭകൾ.

### 2. പ്രസ്ബിറേററിയൻ സഭകൾ

പുരോഹിതന്മാരില്ലെങ്കിലും മൂപ്പന്മാരെന്നും മററുമുള്ള പേരിൽ അധികാരസ്ഥാനികളെ അംഗീകരിക്കയും അവരുടെ ഭരണത്തിൻ കീഴിലിരിക്കുകയും ചെയ്യുന്ന സഭകളത്രേ ഇവ.

### 3. കോൺഗ്രിഗേഷനൽ സഭകൾ

യാതൊരധികാരസ്ഥാനത്തേയും സമ്മതിക്കാത്തവരും,കേവലം സമത്വവാദസിദ്ധാന്തികളും, സ്വതന്ത്രന്മാരുമായ അംഗങ്ങളോടുകൂടിയവയാണു് കോൺഗ്രിഗേഷനൽ സഭകൾ.

ലൂഥറൻ, സ്വിംഗ്ലിയൻ, ആംഗ്ലിക്കൻ, പ്രസ്ബിറേററിയൻ, രക്ഷാസൈന്യം, യൂണിറേററിയൻ, ബാപ്ററിസ്റ്റ്, പെന്തിക്കോസ്റ്റ്, സെവൻത്ഡേ അഡ്വൻറിസ്റ്റ് ആദിയായ സഭകൾ ഈ മൂന്നു വിഭാഗത്തിലുമുൾപ്പെടുന്നവയാണു്. ദൈവത്തിൻെറയും മനുഷ്യാത്മാവിൻെറയും അസ്തിത്വമൊഴിച്ചുള്ള എല്ലാ വിശ്വാസസത്യങ്ങളെപ്പററിയും പരസ്പര വിപരീതമായി പഠിപ്പിക്കുന്നവയും അന്യോന്യമുള്ള കലഹത്തിലും വാദപ്രതിവാദത്തിലും കഴിച്ചുകൂട്ടുന്നവയുമായ പ്രസ്തുത സഭകളുടെ സംഖ്യ വായുവിലെ അണുക്കളെന്നോണം പ്രതിദിനം വർദ്ധിച്ചു

കൊണ്ടാണിരിക്കുന്നതു്. ഇംഗ്ലണ്ടു്, അമേരിക്കാ ആദിയായ രാജ്യങ്ങളിലുള്ള പണ്ഡിതന്മാരായ ഒട്ടനേകം പ്രോട്ടസ്റ്റൻറസഭാംഗങ്ങൾ തങ്ങളുടെ സത്യാന്വേഷണഫലമായി വ്യക്തികളായും സംഘടനകളായും കത്തോലിക്കാസഭയെ ആശ്ലേഷിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതു ക്രൈസ്തവ പുനരൈക്യകാംക്ഷികളായ ഏവൎക്കും സന്തോഷപ്രദമായ കാൎയ്യമത്രേ.

## ക്രൈസ്തവസഭകളുടെ പുനരൈക്യം

ലോകത്തിൽ ഒരുസഭയെ മാത്രമേ ക്രിസ്തു സ്ഥാപിച്ചിട്ടുള്ളു എന്നു സമ്മതിക്കുന്നവരും ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്നവരുമായ ക്രൈസ്തവർ ഇപ്രകാരം വിവിധസഭകളിലായി നിലകൊള്ളുന്നതു് അഭിലഷണീയമല്ലെന്നുള്ള വാസ്തവം സകലരും സമ്മതിക്കുന്നു. ക്രൈസ്തവരുടെ ബാഹ്യവും ആഭ്യന്തരവുമായ അഭിവൃദ്ധിക്കും, അക്രൈസ്തവരുടെ മാനസാന്തരത്തിനും, പ്രതികൂലശക്തികളുടെമേലുള്ള വിജയപ്രാപ്തിക്കും ക്രൈസ്തവസഭകളുടെ ഈട്ടശഭിന്നത പ്രധാന പ്രതിബന്ധമായി നിലകൊള്ളുന്നുവെന്നതിനു യാതൊരു സന്ദേഹവുമില്ല. ആകയാൽ ക്രൈസ്തവസഭകളുടെ പുനരൈക്യം അത്യന്താപേക്ഷിതമാണെന്നു നിഷ്പക്ഷബുദ്ധികളായ സകലരും സമ്മതിക്കുന്നുണ്ടു്. പക്ഷേ, ഏതുവിധമുള്ള പുനരൈക്യമാണു് പ്രായോഗികവും സുസ്ഥിരവുമായി നിലനില്ക്കുന്നതു് എന്നുള്ളതിനെപ്പററിയുള്ള അഭിപ്രായത്തിൽ ക്രൈസ്തവസഭാംഗങ്ങൾ യോജിക്കുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. പൗരസ്ത്യ അകത്തോലിക്കാ സഭകളും ഇക്കാൎയ്യത്തിനു നിൎദ്ദേശിക്കുന്ന പ്രായോഗികമാൎഗ്ഗങ്ങൾ ഫലപ്രദമായി തീരുകയില്ലെന്നും സുസ്ഥിരമായ പുനരൈക്യം അതുമൂലം സാദ്ധ്യമാകയില്ലെന്നും ഇതിനകം നടന്നിട്ടുള്ള പുനരൈക്യപരിശ്രമങ്ങളും അവയുടെ പരാജയവും തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. എന്നാൽ കത്തോലിക്കാസഭയാകട്ടെ ഇതിനുവേണ്ടി നിൎദ്ദേശിക്കുന്ന മാൎഗ്ഗം അതേ, വേദപുസ്തകത്തേയും, പിതാക്കന്മാരുടെ സാക്ഷ്യങ്ങളേയും, യുക്തിയുടെ അനുശാസനത്തേയും അവലംബമാക്കി ചൂണ്ടിക്കാണിക്കുന്ന മാൎഗ്ഗം മാത്രമേ ഫലപ്രദമായി ഭവിക്കയുള്ളു എന്നതിനു് യാതൊരു സംശയവുമില്ല. ഏകഭരണാധികാരിയുടെ കീഴിൽ ഏകവിശ്വാസത്തിൽ ക്രൈസ്തവരെല്ലാം യോജിക്കുക എന്നുള്ളതത്രേ ആ പ്രായോഗികമാൎഗ്ഗം. ഇതെപ്പററി വേറൊരു അദ്ധ്യായത്തിൽ വിശദമായി പ്രതിവാദിക്കുന്നതായിരിക്കും.

അദ്ധ്യായം 5.

# കേരളീയ ക്രൈസ്തവസഭ

## ഒരു വിഹഗവീക്ഷണം

കേരളത്തിലെ ക്രൈസ്തവസഭയുടെ പത്തൊൻപതു നൂററാണ്ടു കാലത്തെ ചരിത്രം സംക്ഷിപ്തമായി പ്രതിപാദിക്കുന്നതിനത്രേ ഇനിയും ഞാൻ ഉദ്യമിക്കുന്നതു്. സുദീർഘവും സംഭവബഹുലവുമായ പ്രസ്തുത ചരിത്രം മൂന്നുകാലഘട്ടങ്ങളായി വിഭജിച്ചുകൊണ്ടു് ഓരോ കാലഘട്ടത്തിലും നടന്നിട്ടുള്ള പ്രധാന സംഭവങ്ങൾ രേഖപ്പെടുത്തുന്നതിനു മാത്രമേ ഈ ഗ്രന്ഥത്തിൻെറ സ്ഥലപരിമിതി അനുവദിക്കുന്നുള്ളു. ആകയാൽ, ഒന്നുമുതൽ നാലുവരെയുള്ള നൂററാണ്ടുകാലം "പൂർവ്വകാല"മെന്നും, നാലുമുതൽ പതിനാറുവരെയുള്ള കാലം "മദ്ധ്യകാല"മെന്നും, പതിനാറാം ശതാബ്ദംമുതൽ ഇരുപതാംശതാബ്ദം വരെയുള്ള കാലഘട്ടം "ആധുനിക കാല"മെന്നും വിവക്ഷിച്ചുകൊണ്ടു് പ്രസ്തുത കാലഘട്ടങ്ങളിൽ നടന്നിട്ടുള്ള പ്രധാന സംഭവങ്ങളെ ഓരോന്നായി ഇവിടെ പ്രതിപാദിക്കുവാനാണുദ്ദേശിക്കുന്നതു്.

## പൂർവ്വ കാലഘട്ടം

(A. D. 52—400 വരെ)

കേരളീയക്രൈസ്തവസഭയുടെ സ്ഥാപകൻ വി. തോമ്മാശ്ലീഹായാണെന്നും, പ്രഥമ ശതകത്തിൽത്തന്നെ ക്രൈസ്തവസഭ കേരളത്തിൽ ബീജാവാപം ചെയ്യപ്പെട്ടുവെന്നും നിരവധി ചരിത്രരേഖകളെ ആസ്പദമാക്കി ചരിത്രകാരന്മാരിൽ ബഹുഭൂരിപക്ഷവും വാദിക്കുന്നു. എന്നാൽ ക്രിസ്ത്വബ്ദം നാലാംശതകത്തിൽ സിറിയായിൽ നിന്നും ക്നായിത്തൊമ്മനും മററും വന്നുചേർന്നതിനുശേഷം മാത്രമാണു് ക്രൈസ്തവസഭ ഇവിടെ സമാരംഭിച്ചതു് എന്നത്രേ ചില ചരിത്രകാരന്മാർ വാദിക്കുന്നതു്. അപൂർവ്വം ചില ചരിത്രകാരന്മാർ ആറാം നൂററാണ്ടിൽ പേർഷ്യയിൽ നിന്നും വന്നെത്തിയ ഏതാനും നെസ്തോറിയൻ മിഷ്യനറിമാരാണു ക്രിസ്തുമതത്തിനു് ഇവിടെ അടിസ്ഥാനമിട്ടതെന്നും ശഠിക്കുന്നുണ്ടു്. എന്നാൽ ഒന്നാം നൂററാണ്ടിൽത്തന്നെ വി. തോമ്മാശ്ലീഹായാൽ ക്രിസ്തുമതം ഇവിടെ സംസ്ഥാപിതമായി എന്നുള്ള വാസ്തവം നിരവധി

ചരിത്രരേഖകളെ ഉദ്ധരിച്ചുകൊണ്ടു് ഈ ഗ്രന്ഥത്തിൻെറ രണ്ടും മൂന്നും അദ്ധ്യായങ്ങളിൽ തെളിയിച്ചിട്ടുണ്ടല്ലോ. അനിഷേധ്യങ്ങളായ പ്രസ്തുത ചരിത്രരേഖകളെ അവഗണിച്ചശേഷം സ്ഥാപിതതല്പരന്മാരായ അപൂൎവ്വം ചില ചരിത്രകാരന്മാരുടെ അഭിപ്രായത്തിനു വില നല്കുവാൻ ഇന്നത്തെ പണ്ഡിതലോകം സന്നദ്ധമാകുന്നതല്ല.

## പന്തേനൂസിൻെറ ആഗമനം

രണ്ടാം നൂററാണ്ടിൻെറ അന്തിമ ഘട്ടത്തിൽ ഹൈന്ദവമത പണ്ഡിതനും, ക്രിസ്തുമത വിദ്വേഷിയുമായിരുന്ന "മാണിക്യവശ്യൻ" എന്ന ഒരു പരദേശബ്രാഹ്മണൻ കേരളത്തിൽ വരുകയും അയാളുടെ പ്രസംഗങ്ങളാലും വാദപ്രതിവാദങ്ങളാലും ഒട്ടനേകം ക്രൈസ്തവരെ ഹിന്ദുമതത്തിലേക്കു് ആകർഷിക്കയും ചെയ്തു. ഇതിനു പരിഹാരമുണ്ടാക്കുന്നതിനും ഈ ഹൈന്ദവപണ്ഡിതനെ വാദത്തിൽ പരാജയപ്പെടുത്തുന്നതിനും, അങ്ങനെ ക്രൈസ്തവരെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുന്നതിനുമായി അലക്സാണ്ഡ്റിയായിൽനിന്നും ഒരു ക്രൈസ്തവ മതപണ്ഡിതനെ ഇവിടേയ്ക്കു് അയയ്ക്കണമെന്നു് അവിടത്തെ മെത്രാനോടു് മലങ്കരയിലെ ക്രൈസ്തവർ അഭ്യൎത്ഥിച്ചു തൽഫലമായി അലക്സാണ്ഡ്റിയായിലെ വൈദിക വിദ്യാലയത്തിൻെറ അധിപതിയായിരുന്ന പന്തേനൂസിനെ A. D. 190-ൽ കേരളത്തിലേക്കയക്കുകയുണ്ടായി. പന്തേനോസ് ഇവിടെ എത്തി മാണിക്യവശ്യരുമായി മതസംബന്ധമായ വാദപ്രതിവാദങ്ങൾ നടത്തി അയാളെ തോല്പിക്കയും മതപരിവൎത്തനം നടത്തിയ ക്രൈസ്തവരെ വീണ്ടും ക്രിസ്തുമതത്തിലേയ്ക്കു സ്വീകരിക്കുകയും ചെയ്തു. പന്തേനൂസ് മടങ്ങിപ്പോയപ്പോൾ എബ്രായ ഭാഷയിലെഴുതപ്പെട്ടിരുന്ന വി. മത്തായിയുടെ സുവിശേഷം ഇവിടെനിന്നും കൊണ്ടുപോകയുണ്ടായി. വി. ജറോം, യൗസേബിയോസ് ആദിയായ പിതാക്കന്മാർ ഈ ചരിത്രസത്യത്തിനു സാക്ഷ്യം വഹിക്കുന്നു. പന്തേനൂസിൻെറ ആഗമനവും വാഗ്വാദങ്ങളും ഇവിടത്തെ . ക്രൈസ്തവസഭയ്ക്കു് ഒരു നവോന്മേഷം പ്രദാനംചെയ്തു എന്നുള്ളതിനു സംശയമില്ല.

## ക്നായിത്തൊമ്മൻെറ കുടിയേററം

കേരളീയ ക്രൈസ്തവസഭയുടെ ആദിമചരിത്രത്തിൽ ഏററം പ്രാധാന്യമർഹിക്കുന്ന ഒരു സംഭവമത്രേ പ്രസിദ്ധ വണിഗ്വരനായ ക്നായിത്തൊമ്മൻേറയും അനുയായികളുടേയും കേരളത്തിലേയ്ക്കുള്ള

കുടിയേററം. നാലാം നൂററാണ്ടിന്റെ പ്രാരംഭ ഘട്ടത്തിൽ സിറിയായിലും പരിസരങ്ങളിലും സാപ്പോർ ദ്വിതീയൻ ചക്രവർത്തി ഭയങ്കരമായ മതപീഡനം നടത്തുകയും തൽഫലമായി ക്നായിത്തൊമ്മനും അദ്ദേഹത്തോടൊന്നിച്ച് നാന്നൂറിൽപരം കുടുംബക്കാരും ഏതാനും വൈദികന്മാരും സിറിയായിൽനിന്നും ഇൻഡ്യയിലേയ്ക്കു കപ്പൽ കയറുകയും A. D. 345-ൽ കേരളത്തിൽ വന്നെത്തുകയും ചെയ്തു. അന്നത്തെ പ്രധാന തുറമുഖമായ കൊടുങ്ങല്ലൂരിൽ ആവാസമുറപ്പിച്ചുകൊണ്ടു് ഇവിടുത്തെ ക്രൈസ്തവരുമായി എല്ലാവിധത്തിലും അവർ സഹകരിച്ചു പ്രവർത്തിച്ചു. ഇപ്രകാരം കുടിയേറി പാർത്തവർ പട്ടണത്തിന്റെ തെക്കേഭാഗത്തും ഇവിടെയുണ്ടായിരുന്ന ക്രൈസ്തവർ വടക്കേഭാഗത്തും താമസിക്കയുണ്ടായെന്നും അതു നിമിത്തമാണ് "തെക്കുംഭാഗർ"എന്നും, "വടക്കുംഭാഗർ" എന്നുമുള്ള ജാതീയ വിഭാഗങ്ങൾ കേരളീയ ക്രൈസ്തവരുടെ ഇടയിലുണ്ടായതെന്നും പല ചരിത്രകാരന്മാരും അഭിപ്രായപ്പെടുന്നു. കേരളീയ ക്രൈസ്തവർക്ക് "സുറിയാനി ക്രിസ്ത്യാനികൾ"എന്ന നാമധേയം സിദ്ധിച്ചതും ക്നായിത്തൊമ്മന്റെ കുടിയേററത്തിനു ശേഷമാണെന്നു ന്യായമായി ഊഹിക്കാവുന്നതാണ്. കൊടുങ്ങല്ലൂർ ആസ്ഥാനമാക്കിക്കൊണ്ടു കേരളത്തെ അന്നു ഭരിച്ചുകൊണ്ടിരുന്ന ചേരമാൻ പെരുമാൾ രാജാവു് എഴുപത്തിരണ്ടു പദവികളടങ്ങിയ ചെപ്പേടു് ക്നായിത്തൊമ്മനും അനുയായികൾക്കും നല്കുകയുണ്ടായി. ഇവരുടെ കുടിയേററം കേരളീയ ക്രൈസ്തവസഭയ്ക്കു് നാനാവിധമുള്ള അഭിവൃദ്ധിക്കു നിദാനമായി ഭവിച്ചു എന്നുള്ളതു് സംശയരഹിതമായ കാര്യമത്രേ.

## വൈദികഭരണം

മലങ്കരയിലെ ആദിമ ക്രൈസ്തവരുടേയും അവരുടെ സന്താനങ്ങളുടേയും ആദ്ധ്യാത്മിക ഭരണം മൂന്നുറു വർഷക്കാലത്തേക്കു നിർവ്വഹിച്ചുകൊണ്ടിരുന്നതു് സ്വദേശമെത്രാന്മാരും വൈദികന്മാരുമായിരുന്നു എന്നുള്ളതു് അവിതർക്കിതമാണ്. വി. തോമ്മാശ്ലീഹാ ഇന്നാട്ടുകാരായ രണ്ടു മെത്രാന്മാരേയും നാലു റമ്പാന്മാരെയും അഭിഷേചിക്കുകയും ഏഴുപേർക്കു വൈദികപട്ടവും ഇരുപത്തിയൊന്നു പേർക്കു് ശെമ്മാശുപട്ടവും നല്കുകയും ചെയ്തതായി പുരാതനമായ ഐതിഹ്യത്തിൽ കാണുന്നു. ശങ്കരപുരി, പകലോമററം എന്നീ രണ്ടു കുടുംബങ്ങളിൽ തുടർച്ചയായി ആചാര്യസ്ഥാനം നിലനിന്നുപോന്നതായും കാണുന്നുണ്ടു്.

സിറിയായിൽ നിന്നും ക്നായിതൊമ്മനും അദ്ദേഹത്തോടൊന്നിച്ച് ഒരു മെത്രാനും ഏതാനും വൈദികന്മാരും ഇവിടെ വന്നതിനു ശേഷം മാത്രമാണ് വിദേശവൈദികാധികാരികൾ ഇവിടെ വന്നു തുടങ്ങിയതു്. അക്കാലത്തു് ഇവിടത്തെ സഭ പേർഷ്യയിലെ കത്തോലിക്കമെത്രാപ്പോലീത്തായുടെയും, തദ്വാരാ റോമാ മാർപ്പാപ്പായുടെയും കീഴ്വഴങ്ങിയിരുന്നതായി നിഖ്യാ സുന്നഹദോസിൻെറ ചരിത്രത്തിൽനിന്നും തെളിയുന്നുണ്ടു്. അതെപ്പററി അന്യത്ര പ്രസ്താവിക്കുന്നതാണ്.

## ആരാധനക്രമം

ആദ്യത്തെ മൂന്നു നൂററാണ്ടുകളിൽ കേരളീയ ക്രൈസ്തവരുടെ ആരാധനക്രമം ഏതു ഭാഷയിൽ ആയിരുന്നുവെന്നുള്ളതു് തക്ക്വിഷയകമായിത്തീർന്നിരിക്കുന്ന ഒരു കാര്യമാണ്. ആദ്യ ശതകങ്ങളിൽ കേരളത്തിലേ സംസാരഭാഷയായിരുന്ന തമിഴിലാണ് വി. തോമ്മാശ്ലീഹാ ഇവിടെ ആരാധനക്രമം ഏർപ്പെടുത്തിയതെന്നും, നാലാം നൂററാണ്ടിൽ സിറിയായിൽ നിന്നും ക്നായിതൊമ്മൻ ഒന്നിച്ചു വന്നെത്തിയ വൈദികാധികാരികളാണു തമിഴ്റീത്തുമാററി സുറിയാനിറീത്തു് ഇവിടെ നടപ്പിലാക്കിയതെന്നും മററും അപൂർവം ചില ചരിത്രകാരന്മാർ വാദിക്കുന്നുണ്ടു്. എന്നാൽ, ക്രിസ്തുവിൻേറയും ശിഷ്യന്മാരുടെയും സംസാരഭാഷയായിരുന്ന സുറിയാനിയിലാണ് വി. തോമ്മാശ്ലീഹാ ഇവിടെ ആരാധനക്രമം നടപ്പിലാക്കിയതു് എന്നാത്രേ ബഹുഭൂരിപക്ഷം ചരിത്രകാരന്മാർ വാദിക്കുന്നതു്.

പ്രഥമ ശതകങ്ങളിൽ പാശ്ചാത്യരാജ്യങ്ങളിലേ പ്രധാന ഭാഷ ഗ്രീക്കും പൌരസ്ത്യരാജ്യങ്ങളിലേ പ്രധാന ഭാഷ സുറിയാനിയുമായിരുന്നുവെന്നുള്ള വാസ്തവം അക്കാലത്തെ ലോകചരിത്രവും സഭാചരിത്രവും തെളിയിക്കുന്നു. ശ്ലീഹന്മാർ സുവിശേഷഘോഷണാർത്ഥം സഞ്ചരിച്ച സ്ഥലങ്ങളിലെല്ലാം അതാതുസ്ഥലത്തെ പ്രധാന ഭാഷയിൽ ആരാധനക്രമം ഏർപ്പെടുത്തി എന്നതു് അനിഷേദ്ധ്യവുമത്രേ. ആകയാൽ പാശ്ചാത്യരാജ്യങ്ങളിൽ ഗ്രീക്കിലും പൌരസ്ത്യദേശങ്ങളിൽ സുറിയാനിയിലുമായിരിക്കണം ആരാധനക്രമം ഏർപ്പെടുത്തിയിട്ടുള്ളതു്. പുരാതനരേഖകളും പാരമ്പര്യവും ഈ വാസ്തവം തെളിയിക്കുകയും ചെയ്യുന്നു.

കേരളത്തിൽ വി. തോമ്മാശ്ലീഹാ ഏർപ്പെടുത്തിയതും, ആദ്യ നൂററാണ്ടുമുതൽ ഇവിടെ നിലവിൽ ഇരുന്നതുമായ വൈദിക

ഭാഷ സുറിയാനിയായിരുന്നുവെന്നു നിരവധി തെളിവുകളെ ആസ്പദമാക്കി റവ. ഫാദർ ബർണാഡ്. സി. ഡി. അവർകൾ "മാർത്തോമ്മാ ക്രിസ്ത്യാനികൾ" എന്ന ഗ്രന്ഥത്തിൽ സവിസ്തരം പ്രതിവാദിച്ചിട്ടുണ്ട്. (മാർത്തോമ്മാ ക്രിസ്ത്യാനികൾ പുറം 183-190) പ്രഥമ ശതകം മുതൽ തന്നെ ഇവിടെ ഉപയോഗത്തിലിരുന്ന "ഈശോമിശിഹാ, മാർ, സ്ലീഹാ, സ്ലീബാ, കൂദാശ, കുർബാന, മാമോദീസാ, റൂശ്മാ, കാസാ, പീലാസാ" ആദിയായ സുറിയാനിപ്പദങ്ങൾ ഇവിടത്തെ പുരാതനമായ വൈദികഭാഷ സുറിയാനിയായിരുന്നുവെന്നു നിസ്തക്കം തെളിയിക്കുന്നുണ്ട്. ആദ്യന്തുററാണ്ടുകളിൽ ഇവിടുത്തെ ആരാധന ഭാഷ തമിഴായിരുന്നുവെങ്കിൽ പ്രസ്തുത ഭാഷ മാററി പകരം സുറിയാനിയാക്കുവാൻ അന്നത്തെ ക്രൈസ്തവർ ഒരു കാലത്തും സമ്മതിക്കുമായിരുന്നില്ലെന്നും, അപ്രകാരം മാററി എന്നുള്ളതിനു യാതൊരു ചരിത്രരേഖയുമില്ലെന്നും, നേരേമറിച്ച്, സുറിയാനി റീത്തായിരുന്നു കേരളത്തിലെ പൂർവ്വിക റീത്ത് എന്നുള്ളതിനു നിരവധിരേഖകൾ ഉണ്ടെന്നും മററുമുള്ള റവ. ഫാദർ ബർണാഡ് അവർകളുടെ വാദം നിഷ്പക്ഷവാദികൾക്കു സമ്മതിക്കാതിരിക്കുവാൻ നിവ്വാഹമില്ല.

## മദ്ധ്യകാലചരിത്രം

(A. D. 400—1500വരെ)

കേരളീയ ക്രൈസ്തവ സഭാചരിത്രത്തിൽ സംഭവബഹുലമായ ഒരു കാലഘട്ടമായിരുന്നു എ. ഡി. 400—1500 വരെയുള്ള പതിനൊന്നു നൂററാണ്ടുകൾ. ക്നായിത്തൊമ്മൻെറയും മററും വരവിനുശേഷം ഇവിടുത്തെ ക്രൈസ്തവർ സാമുദായികമായും, സാമ്പത്തികമായും, രാഷ്ട്റീയമായും ഉത്തരോത്തരം അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരുന്നു. കേരളത്തിലേ വിവിധ ജാതികളെ അപേക്ഷിച്ച് ഉൽകൃഷ്ടമായ ഒരു നിലയായിരുന്നു അന്നു സുറിയാനിക്രിസ്ത്യാനികൾക്ക് ഉണ്ടായിരുന്നതു്. വാണിജ്യത്തിലും കൃഷികവൃത്തിയിലും സമത്ഥന്മാരായിരുന്ന ക്രൈസ്തവർ സാമ്പത്തികമായും ഉയച്ച പ്രാപിച്ചിരുന്നു. അന്നത്തേ രാജാക്കന്മാരുടെ പ്രീതി ലഭിക്കുകയാൽ പല സ്ഥാനമാനങ്ങൾക്കും ക്രൈസ്തവർ അർഹരാകുകയും, വിവിധ ഉദ്യോഗങ്ങളിൽ പ്രവേശിക്കുകയും, സൈന്യസേവനത്തിൽ അസാധാരണ സാമത്ഥ്യം പ്രകടിപ്പിക്കയും ചെയ്തു. നസ്രാണികളിൽ നിന്നും ഒരു രാജവംശം തന്നെ ഉണ്ടാകത്തക്ക നിലയിൽ രാഷ്ട്റീയമായും അവർ അഭിവൃദ്ധിപ്രാപിച്ചിരുന്നു.

# നാലു ചെപ്പേട്ടുകൾ

സുറിയാനി ക്രിസ്ത്യാനികളുടെ സേവനത്തിലും സാമർത്ഥ്യത്തിലും സന്തുഷ്ടരായിത്തീൎന്ന രാജാക്കന്മാരിൽ നിന്നും "നാലു ചെപ്പേട്ടുകൾ" അഥവാ ചില പ്രത്യേക പദവികളും, അധികാരാവകാശങ്ങളും, സ്വാതന്ത്ര്യങ്ങളും പ്രദാനം ചെയ്തിരുന്ന താമ്രശാസനങ്ങൾ ഇവിടത്തെ ക്രൈസ്തവൎക്ക ലഭിക്കുകയുണ്ടായി. അവ ഓരോന്നിനേയും പററിയുള്ള ചുരുങ്ങിയ വിവരണം ചുവടേ ചേൎക്കുന്നു.

1. കൊടുങ്ങല്ലൂരേ ക്രൈസ്തവരുടേയും പട്ടണത്തിൻേറയും നായകനായിരുന്ന ഇരവികോൎത്തന് അവിടത്തേ വീരരാഘവചക്രവൎത്തി നല്കിയതത്രേ ഒന്നാമത്തെ ചെപ്പേട്ട്. ഈ ചെപ്പേട്ട് ക്രിസ്തുവൎഷം 230-ലാണ് നല്കിയിട്ടുള്ളതെന്നും അതല്ല, എട്ടാം നൂററാണ്ടിലാണെന്നും, അതുമല്ല, പതിന്നാലാം ശതകത്തിലാണെന്നുമുള്ള അഭിപ്രായവ്യത്യാസങ്ങൾ ചരിത്രപണ്ഡിതന്മാരുടേയും ജ്യോതിശാസ്ത്രജ്ഞന്മാരുടേയും ഇടയിൽ ഇപ്പോഴും നിലവിലിരിക്കുന്നുണ്ട്.

2. സിറിയായിൽ നിന്നും വന്നുചേൎന്ന ക്നായിത്തൊമ്മനും അദ്ദേഹം വഴിയായി സുറിയാനി ക്രിസ്ത്യാനികൾക്കും ചേരമാൻ പെരുമാൾ രാജാവ് A. D. 345-ൽ നല്കിയതും എഴുപത്തിരണ്ടു പദവികൾ അടങ്ങിയതുമായ ചെപ്പേടത്രേ രണ്ടാമത്തേതു്.

3. ബാബേലിൽ നിന്നും സബരിശോയുടെ നേതൃത്വത്തിൽ കൊല്ലത്തു വന്നിറങ്ങിയ സുറിയാനിക്രിസ്ത്യാനികൾക്ക് വേണാട്ടുരാജാവായ അയ്യനടികൾ എ. ഡി. 880-നോടടുത്തു നല്കിയതാണ് മൂന്നാമത്തേ ചെപ്പേട്ട്. കൊല്ലത്തു നിൎമ്മിച്ച തരീസാ പള്ളിയുടെ പേരിലത്രേ ഈ ചെപ്പേട്ടു നല്കപ്പെട്ടിരിക്കുന്നതു്.

4. വേണാട്ടു രാജാവായ അയ്യനടികൾ കൊല്ലത്തേ ക്രിസ്ത്യാനികൾക്ക് അതേ വൎഷം തന്നെ നല്കിയതത്രേ നാലാമത്തേ ചെപ്പേട്ട്. ആദ്യത്തേ ചെപ്പേടിൽ നല്കിയതിനേക്കാൾ കൂടുതൽ അവകാശങ്ങളും പദവികളും ഈ ചെപ്പേട്ടു വഴി നല്കുകയുണ്ടായി.

പുരാതനമായ തമിഴക്ഷരത്തിൽ ദ്രാവിഡഭാഷ ഇടകലൎത്തി എഴുതപ്പെട്ടിരിക്കുന്ന ഈ ചെപ്പേട്ടുകളിൽ രണ്ടെണ്ണം ഇപ്പോൾ

കോട്ടയം പഴയസെമ്മനാരിയിലും ഒരെണ്ണം തിരുവല്ലാ മാർത്തോമ്മാ സെമ്മനാരിയിലും സൂക്ഷിക്കപ്പെട്ടിട്ടുണ്ടു്.

## വില്ലാർവട്ടം രാജവംശം

കേരളത്തെ ഭരിച്ചിരുന്ന ചേരമാൻ പെരുമാക്കന്മാരുടെ ഭരണം പത്താം ശതകത്തോടുകൂടെ അന്യം നിന്നുപോകയാൽ പല പല ചെറു രാജ്യങ്ങളായി കേരളം വിഭജിക്കപ്പെടുകയും ഓരോ രാജ്യത്തിൻേറയും അധിപതികളായി ഓരോ രാജാക്കന്മാർ ഭരണം നിർവ്വഹിച്ചുതുടങ്ങുകയും ചെയ്തു. ഈക്കൂട്ടത്തിൽ ഉദയംപേരൂർ തലസ്ഥാനമാക്കിക്കൊണ്ടു് വില്ലാർവട്ടം വംശത്തിൽപെട്ട നസ്രാണിരാജാക്കന്മാർ തുടർച്ചയായി പതിനഞ്ചാം നൂററാണ്ടുവരെ വിജയശ്രീയോടുകൂടെ ഭരണം നടത്തിക്കൊണ്ടിരുന്നു. പതിന്നാലാം ശതകത്തിൽ ഇരുപത്തിരണ്ടാം യോഹന്നാൻ മാർപ്പാപ്പാ യോർദ്ദാനോസു് വശം വില്ലാർവട്ടം രാജാവിനു കൊടുത്തയച്ച ഒരു സന്ദേശത്തിൽ ഇപ്രകാരം കാണുന്നു.

"നസ്രാണികളുടെ അധിപനായ പ്രഭുവിനും അദ്ദേഹത്തിൻെറ കീഴിൽ കൊല്ലത്തുള്ള എല്ലാ നസ്രാണി ക്രിസ്ത്യാനികൾക്കും അനുഗ്രഹം ഇപ്പോഴും ഉണ്ടാകുമാറാകട്ടെ. ഈ അനുഗ്രഹം അവരെ ഭാവിമഹത്വത്തിലേക്കാനയിക്കട്ടെ! ഈയിടെ നാം അപ്പോസ്തോലികാധികാരത്താൽ മഹനീയമായ മെത്രാൻ പദത്തിലേക്കുയർത്തിയിരിക്കുന്ന ആളും, .... .... .... .... ഡോമിനിക്കൻ സഭയിലെ വ്രതവാഗ്ദാനം ചെയ്ത അംഗവും, കൊല്ലത്തിൻെറ മെത്രാനുമായ നമ്മുടെ വന്ദ്യസഹോദരൻ യോർദാന്നൂസ് കത്ത്‌ലാനിയെ നിങ്ങൾക്കു് പ്രത്യേകമായി നിയോഗിച്ചിട്ടുള്ളതാണെന്നു് അപ്പോസ്തോലിക സിംഹാസനത്തോടും നമ്മോടുമുള്ള ബഹുമാനത്താൽ നിങ്ങൾ പരിഗണിക്കണമെന്നു് .... .... .... .... .... .... താല്പര്യമായി നാം നിങ്ങളോടാവശ്യപ്പെടുകയും, ഉപദേശിക്കയും പ്രബോധിപ്പിക്കയും ചെയ്യുന്നു." (The Vatican Archives, Reg. Vati 93 No. 816.)

A. D. 1439-ൽ നാലാം എവുജീനിയോസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് പ്രസ്തുത രാജവംശത്തിൽപെട്ട തോമ്മാസ് എന്ന പേരോടുകൂടിയ രാജാവിനു് കൊടുത്തയച്ച ഒരു സന്ദേശം ആരംഭിക്കുന്നതു് ഇപ്രകാരമാണു്. "മിശിഹായിൽ നമ്മുടെ ഏററം വാത്സല്യപുത്രനും, ഭാരതീയരുടെ പ്രശസ്തതനയനും, ചക്രവർത്തിയുമായ

തോമ്മാസ്സ് ആരോഗ്യവും അപ്പോസ്തോലികാശീർവാദവും. അങ്ങും അങ്ങയുടെ രാജ്യത്തിലെ പ്രജകളായ എല്ലാവരും സത്യക്രിസ്ത്യാനികളാണെന്നുള്ള അറിവു പലപ്പോഴും നമ്മുടെ സമക്ഷം എത്തിയിട്ടുണ്ട്."
(The Travancore State Manuel, Vol. II P. 147.)

പതിനഞ്ചാം നൂററാണ്ടിന്റെ അന്തിമഘട്ടത്തിൽ പോർട്ടുഗീസുകാർ ഇവിടെ എത്തിയപ്പോൾ ഇവിടുത്തെ നസ്രാണികൾ പോർട്ടുഗീസുകപ്പിത്താനായ വാസ്കോഡിഗാമായെ സമീപിച്ചു തങ്ങളുടെ വംശത്തിലുണ്ടായിരുന്ന രാജാക്കന്മാരുടെ ഭരണം അസ്തമിച്ചുപോയതായി സങ്കടസമേതം അറിയിക്കയുണ്ടായി. പകരം പോർട്ടുഗീസുരാജാവിനെ തങ്ങളുടെ രാജാവായി സ്വീകരിക്കുവാൻ ഉള്ള സന്നദ്ധത അവർ പ്രകടിപ്പിക്കയും, വില്ലാർവട്ടം രാജാക്കന്മാരുടെ ചെങ്കോലും മററു രാജചിഹ്നങ്ങളും വാസ്കോഡിഗാമയെ ഏല്പിക്കയും ചെയ്തു. പ്രസ്തുത രാജവംശത്തെപ്പററി ലാക്രോസ്സ് ഹൌ ആദിയായ ചരിത്രകാരന്മാർ തങ്ങളുടെ കൃതികളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

## നസ്രാണികൾക്കുണ്ടായിരുന്ന സ്ഥാനങ്ങളും അവകാശങ്ങളും

പതിനാറാം നൂററാണ്ടിനുമുമ്പു ജീവിച്ചിരുന്ന കേരളീയ നസ്രാണികൾക്ക് ഇതരമതസ്ഥരെ അപേക്ഷിച്ച് ഉണ്ടായിരുന്ന സ്ഥാനങ്ങളും അവകാശങ്ങളും ക്രോഡീകരിച്ച് സുപ്രസിദ്ധ ചരിത്രകാരനായ റവ. ഫാദർ. ബെർണാഡ് സി. ഡി. അവർകൾ "മാർത്തോമ്മാ ക്രിസ്ത്യാനികൾ" എന്ന കൃതിയിൽ എഴുതിയിരിക്കുന്നതു് ചുവടേ ഉദ്ധരിച്ചുകൊള്ളുന്നു :—

1. നസ്രാണികൾ സാമൂഹ്യാവസ്ഥയിൽ നായന്മാരെക്കാൾ ആഭിജാത്യമുള്ളവരാണ്. അവരോടു സഹോദരഭാവത്തിൽ വർത്തിക്കുന്നതു് ഒരു ബഹുമാനമായി നായന്മാർ കരുതുന്നു. നസ്രാണികൾ അവരെ തൊടുകകൂടെ ചെയ്യുന്നില്ല.

2. നസ്രാണികൾ ബ്രാഹ്മണരോടു സമന്മാരായി ഗണിക്കപ്പെടുന്നു. തന്നിമിത്തം ബ്രാഹ്മണർ കഴിഞ്ഞാൽ അവർ കേരളീയ ജനങ്ങളുടെ ഇടയിൽ സാമൂഹ്യാവസ്ഥ കൊണ്ടു് ഉയന്ന ഒരു നിലയെ പ്രാപിച്ചിരിക്കുന്നു.

3. കമ്മാളർ ആദിയായ ജാതികളുടെ രക്ഷാകർത്താക്കൾ നസ്രാണികൾ ആകുന്നു. ആ ജാതിക്കാരെ യാതൊരുവൻ എങ്കിലും ഉപദ്രവിച്ചാൽ ഉപദ്രവിച്ച ആളിനെക്കൊണ്ടു് പരിഹാരം ചെയ്യിക്കുവാൻ നസ്രാണികൾക്കധികാരമുണ്ടു്.

4. രാജാവിനും അദ്ദേഹത്തിന്റെ പ്രധാന മന്ത്രിയ്ക്കും അല്ലാതെ അധികാരികളിൽ മററാക്കും നസ്രാണികളുടെ മേൽ സിവിൾ സംബന്ധമായും ക്രിമിനൽ സംബന്ധമായും ആധിപത്യം ഇല്ല

5. നസ്രാണികളുടെ സ്ഥാനപദവികളേയാകട്ടെ അവകാശങ്ങളേയാകട്ടെ ആരെങ്കിലും ലംഘിക്കുന്നതായാൽ സമൂഹം ചേന്നു് അപരാധപരിഹാരം ചെയ്യിക്കുന്നതിനു് അവക്കധികാരമുണ്ടു്.

6. ഒരു നസ്രാണിയെ ഇതരമതയാനയായികളിൽ ആരെങ്കിലും അടിച്ചാൽ അടിച്ച ആൾ മരണശിക്ഷയ്ക്കു് പാത്രീഭൂതനാകുന്നു. എങ്കിലും, അടിയേററ ആളിന്റെ അവസ്ഥാഭേദം അനുസരിച്ചു് പൊന്നുകൊണ്ടോ വെള്ളികൊണ്ടോ നിമ്മിതമായ ഒരു ആൾ രൂപമോ മററു് ഏതെങ്കിലും ഒരു കാണിക്കയോ പള്ളിക്കു കൊടുത്തുകൊണ്ടു് ആ ശിക്ഷയിൽ നിന്നും ഒഴിയുന്നതിനു് അനുവദിക്കപ്പെട്ടിരിക്കുന്നു.

7. നസ്രാണികൾ പ്രഭുക്കന്മാരെ പോലെ ഗണിക്കപ്പെടുന്നു.

8. അവക്കു പനചെത്തുന്ന ചാന്നാന്മാർ മുതലായവർ ഉൾപ്പെടെയുള്ള സേനാനിരകൾ ഉണ്ടു്.

9. ബ്രാഹ്മണാലയങ്ങൾക്കുള്ളതുപോലെ സ്വന്ത ഗൃഹങ്ങളുടെ പുരോഭാഗത്തു പടിപ്പുരകൾ വെയ്ക്കുന്നതിനുള്ള അവകാശം അവക്കുണ്ടു്.

10. ബ്രാഹ്മണർ, പ്രഭുക്കന്മാർ ആദിയായവരെപ്പോലെ ആനപ്പുറത്തു സഞ്ചരിക്കുന്നതിനുള്ള അവകാശം നസ്രാണികൾക്കുണ്ടു്.

11. രാജസമക്ഷം പരവതാനിമേൽ ഇരിക്കുന്നതിനുള്ള വിശേഷസ്വാതന്ത്ര്യം അവക്കുണ്ടു്.

12. നസ്രാണികളുടെ മെത്രാൻ രാജകീയപദവികളും ബഹുമാനങ്ങളും ഉള്ള ഒരാളാണു്.

ക്രിമിനൽ കേസ്സുകൾ ഒഴിച്ചു വൈദികമായും രാജകീയമായും ഉണ്ടാകുന്ന സകല സിവിൾകേസ്സുകളിലും ന്യായാധിപതി അദ്ദേഹവും അക്കിദിയാക്കോനുമാണ്. (മാർത്തോമ്മാക്രിസ്ത്യാനികൾ, 7-ാംഅദ്ധ്യായം പുറം 15-16)

## വിവിധനാമധേയങ്ങൾ

കേരളത്തിലെ അന്നത്തെ ക്രൈസ്തവർ വിവിധനാമധേയങ്ങളാൽ വിളിക്കപ്പെട്ടിരുന്നതായിട്ടത്രേ പുരാതന കൃതികളിൽ കാണുന്നതു്. പ്രസ്തുത നാമങ്ങൾ ഓരോന്നും ചുവടേ ചേർത്തുകൊള്ളുന്നു.

### 1. നസ്രാണികൾ

നസ്രായനായ ക്രിസ്തുവിന്റെ അനുയായികൾ എന്ന അർത്ഥത്തിൽ നസ്രാണികൾ എന്ന പേരിനാൽ പുരാതനകാലം മുതൽതന്നെ ഇവിടത്തെ ക്രിസ്ത്യാനികൾ വിളിക്കപ്പെട്ടുപോന്നിരുന്നു. ബഹുമാനസൂചകമായ "നസ്രാണിമാപ്പിള" എന്ന നാമത്താലും അവർ അഭിസംബോധനം ചെയ്യപ്പെട്ടിരുന്നു.

### 2. തരിസായ്ക്കൾ.

സത്യവിശ്വാസികൾ എന്നർത്ഥമുള്ള തരിസായ്ക്കൾ, തരിതായ്ക്കന്മാർ, ധരിയായ്ക്കർ എന്നിത്യാദി നാമങ്ങളാലും കേരളീയ ക്രൈസ്തവർ അറിയപ്പെട്ടിരുന്നുവത്രേ.

### 3. മാർത്തോമ്മാ ക്രിസ്ത്യാനികൾ.

മാർത്തോമ്മാശ്ലീഹാ കേരളത്തിൽ സ്ഥാപിച്ച പ്രദേശിക സഭയിലെ അംഗങ്ങൾ ആകയാൽ "മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്ന നാമത്താൽ പുരാതനകാലം മുതൽത്തന്നെ ഇവിടത്തെ ക്രൈസ്തവർ വിളിക്കപ്പെട്ടു പോന്നിരുന്നു.

### 4. സുറിയാനി ക്രിസ്ത്യാനികൾ.

"സുറിയാനി ക്രിസ്ത്യാനികൾ" എന്ന പേരു മലങ്കരയിലെ ക്രൈസ്തവർക്കു് ലഭിച്ചതിനു് മൂന്നു കാരണങ്ങൾ ഉണ്ടായിരുന്നിരിക്കണം

a) <u>ആരാധനക്രമം.</u> സുറിയാനിഭാഷ ആദ്യശതകം മുതൽ തന്നെ ആരാധനാഭാഷയായി മലങ്കരയിലെ ക്രൈസ്തവർ ഉപയോഗിച്ചു

പോന്നിരുന്നുവെന്നു മുകളിൽ പ്രതിവാദിച്ചിരുന്നുവല്ലോ. തന്നിമിത്തമാണു് സുറിയാനിക്കാർ എന്ന നാമം ഇവിടത്തെ ക്രൈസ്തവൎക്കു് സിദ്ധിച്ചതു് എന്ന അനുമാനം സ്വീകാൎയ്യമായി പരിഗണിക്കേണ്ടിയിരിക്കുന്നു.

b) ഭരണകൎത്താക്കൾ. വിദേശിയരായ സുറിയാനിമെത്രാന്മാർ തുടൎച്ചയായി പുരാതനകാലംമുതൽതന്നെ ഇവിടത്തെ ക്രൈസ്തവരെ ഭരിച്ചിരുന്നതു നിമിത്തമായിരിക്കാം മലങ്കരയിലെ ക്രൈസ്തവൎക്കു് സുറിയാനിക്കാർ എന്ന പേരു ലഭിച്ചതു്.

c) സന്താനപരമ്പര. സിറിയായിൽനിന്നും നാലാം നൂററാണ്ടിൽ ക്നായിത്തൊമ്മനും മററും കൊടുങ്ങല്ലൂരും, എട്ടാം നൂററാണ്ടിൽ സബരീശോയും അനുഗാമികളും കോരക്കേണികൊല്ലത്തും കുടിയേറിത്താമസിക്കയുണ്ടായല്ലോ. അവർ ഇവിടത്തെ ക്രൈസ്തവരുമായി വിവാഹബന്ധത്തിൽ ഏൎപ്പെടുകയും തന്മൂലം അവൎക്കു് സന്താനങ്ങൾ ഉണ്ടാകുകയും ചെയ്തു. ഇപ്രകാരം സുറിയാനിക്കാരായ പി[illegible]ന്മരുടെ സന്താനങ്ങൾ സുറിയാനിക്കാർ എന്ന പേരിനാൽ അറിയപ്പെടുകയും അങ്ങനെ പ്രസ്തുത നാമം പ്രചാരത്തിൽ വരുകയും ചെയ്തതായിരിക്കണം.

ഏതായാലും മലങ്കരയിലെ ക്രൈസ്തവർ നസ്രാണികൾ, തരിസായ്ക്കൾ, മാൎത്തോമ്മാ ക്രിസ്ത്യാനികൾ, സുറിയാനി ക്രിസ്ത്യാനികൾ എന്നീ നാലു നാമധേയങ്ങളും ബഹുമാനസൂചകമായി പരിഗണിക്കുകയും ഉപയോഗിക്കുകയും ചെയ്തുകൊണ്ടിരുന്നുവെന്നതു് സംശയരഹിതമായ വാസ്തവമത്രേ.

അദ്ധ്യായം 6

# കേരളീയ ക്രൈസ്തവസഭ

## ആധുനിക കാലം

(A. D. 1500—1954 വരെ)

## പോർട്ടുഗീസുകാരുടെ ആഗമനം

പതിനാറാം നൂററാണ്ടിൻെറ ആദിമഘട്ടത്തിൽ കേരളവുമായി കച്ചവടം നടത്തുന്നതിനുവേണ്ടി ഒട്ടനേകം പോർട്ടുഗീസുകാർ കേരളത്തിൽ വന്നെത്തി. വാസ്ക്കോഡിഗാമാ, ആൽബുക്കർക്ക്, സ്വാരസ് ആദിയായ പോർട്ടുഗീസു നേതാക്കന്മാരെ ഇവിടത്തെ ക്രൈസ്തവർ സബഹുമാനം സ്വീകരിച്ചു് അവക്കു വേണ്ട സകല സഹായങ്ങളും നല്കാമെന്നു് വാഗ്ദത്തം ചെയ്കയുണ്ടായി. അപ്രകാരംതന്നെ പോർട്ടുഗീസുകാരും ഇവിടത്തെ ക്രൈസ്തവരെ പലവിധത്തിൽ സഹായിക്കുന്നതിനുള്ള സന്നദ്ധത പ്രദർശിപ്പിച്ചു. സാമ്പത്തികമായും, രാഷ്ട്രീയമായും, മതപരമായും ഇവിടത്തെ ക്രൈസ്തവരെ അഭിവൃദ്ധിപ്പെടുത്തുന്നതിനു് അവർ കഴിവതു പരിശ്രമിക്കയും ചെയ്തു. കേരളത്തിലെ വിവിധ ജാതികളായ ഹൈന്ദവരുടെ ഇടയിൽ ക്രിസ്തുവിൻെറ സുവിശേഷം പ്രസംഗിച്ചു് അവരെ ക്രിസ്തുമതാവലംബികളാക്കിത്തീക്കുന്നതിനു് ഒട്ടേറെ മിഷനറിപ്രവീണന്മാരും പോർട്ടുഗലിൽ നിന്നും ഇവിടെ വന്നെത്തി. ഇക്കൂട്ടത്തിൽ വിശ്വാസവീരനും വൈദികോത്തംസവുമായിരുന്ന വി. ഫ്റാൻസിസ് സേവിയറിൻെറ നാമധേയം അവിസ്മരണീയമത്രേ.

## വി. ഫ്റാൻസിസ് സേവിയർ

A. D 1542-ലാണു് വി. ഫ്റാൻസിസ് സേവിയർ കപ്പലിൽ ഗോവയിൽ വന്നിറങ്ങിയതു്. അനന്തരം ഭാരതത്തിൽ പല സ്ഥലങ്ങളിലും അദ്ദേഹം സഞ്ചരിക്കുകയും ക്രിസ്തുവിൻെറ സുവിശേഷം ഘോഷിക്കുകയും ചെയ്തു. തൽഫലമായി അനേകായിരം അക്രൈസ്തവരെ ക്രൈസ്തവരാക്കിത്തീക്കുന്നതിനു് അദ്ദേഹത്തിനു സാധിച്ചു. 1544-ൽ അദ്ദേഹം തിരുവിതാംകൂറിൽ എത്തുകയുണ്ടായി.

തിരുവിതാംകൂറിലെ കടൽത്തീരങ്ങളിൽ വിശുദ്ധൻ സഞ്ചരിക്കുകയും, സുവിശേഷം ഘോഷിക്കയും നിരവധി അത്ഭുതങ്ങൾ പ്രവർത്തിക്കയും ചെയ്തു. തൽഫലമായി അനേകായിരങ്ങൾ അദ്ദേഹത്തിൻെറ കരങ്ങളിൽനിന്നും ജ്ഞാനസ്നാനം സ്വീകരിച്ച് ക്രൈസ്തവരായിത്തീൎന്നു. നാല്പത്തിയഞ്ചു ദൈവാലയങ്ങളോളം വിശുദ്ധൻ പല സ്ഥലങ്ങളിലായി സ്ഥാപിക്കയുണ്ടായി. അന്നു തിരുവിതംകൂറിനെ ആക്രമിക്കുന്നതിനായി വന്നെത്തിയ മധുരപ്പടയെ കുരിശുരൂപം ഉയൎത്തിക്കാണിച്ച് വിശുദ്ധൻ പുറകോട്ട് ഓടിക്കുകയും അങ്ങനെ അന്നത്തെ തിരുവിതാംകൂർ മഹാരാജാവായിരുന്ന ഉണ്ണിക്കേരളവൎമ്മയുടെ പ്രീതി സമ്പാദിക്കുകയും ചെയ്തു. ഇന്നു കേരളത്തിലുള്ള ലത്തീൻ കത്തോലിക്കരിൽ ഭൂരിപക്ഷവും വി. ഫ്രാൻസിസ് സേവ്യറിൻെറ കരങ്ങളിൽനിന്നും ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ സന്താനങ്ങളത്രേ. നാലു വർഷത്തോളം ഇവിടെ സുവിശേഷഘോഷണം നടത്തിയശേഷം അദ്ദേഹം ഇൻഡ്യയുടെ ഇതരഭാഗങ്ങളിലും സഞ്ചരിച്ചു ക്രിസ്തുമതം പ്രചരിപ്പിച്ചു. അനന്തരം ജപ്പാനിലും ചൈനായിലും എത്തി സുവിശേഷം ഘോഷിക്കയും A. D. 1552-ൽ ദിവംഗതനാവുകയും ചെയ്തു. വിശുദ്ധൻെറ ശരീരം അഭംഗമായി ഇന്നും ഗോവായിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

## ഉദിയംപേരൂർ സുന്നഹദോസ്

വാണിജ്യം, വേദപ്രചാരണം എന്നീ ദ്വിവിധോദ്ദേശ്യങ്ങൾ മാത്രമായിരുന്നു പോർട്ടുഗീസുകാരുടെ പ്രവൎത്തനങ്ങളിലുണ്ടായിരുന്നതെങ്കിൽ കേരളീയ ക്രൈസ്തവർ അവരുടെ പ്രവൎത്തനങ്ങളെ എക്കാലവും മുക്തകണ്ഠം പുകഴ്ത്തുമായിരുന്നു. എന്നാൽ ഇവിടത്തെ സുറിയാനി ക്രൈസ്തവരുടെ ഇടയിൽ ഭിന്നിപ്പുണ്ടാക്കുന്നതിനും തൽഫലമായി ഒരു ശിശ്മയ്ക്കു് ഇവിടെ ബീജാവാപം ചെയ്യുന്നതിനും അവരുടെ ചില പ്രവൎത്തനങ്ങൾ മുഖാന്തരങ്ങളായിത്തീൎന്നു എന്നുള്ള സത്യം സങ്കടസമേതം പ്രസ്താവിക്കാതിരിക്കുവാൻ നിവൎത്തിയില്ല.

ഇവിടത്തെ ക്രൈസ്തവരുടെ ആത്മീയഭരണം നിവ്ഹിച്ചുകൊണ്ടിരുന്ന സുറിയാനി മെത്രാന്മാരെ മാററി പകരം പറങ്കിമെത്രാന്മാരുടെ ഭരണത്തിൻ കീഴിൽ ഇവിടത്തെ ക്രൈസ്തവരെ കൊണ്ടുവരുന്നതിനു വേണ്ടിയുള്ളതായിരുന്നു പ്രസ്തുത മിഷ്യനറിമാരുടെ ഒന്നാമത്തെ പരിശ്രമം. സുറിയാനി റീത്തു മാററി ലത്തീൻ റീത്തു് ഇവിടത്തെ ക്രൈസ്തവരെക്കൊണ്ടു് അംഗീകരിപ്പിക്കുന്നതിനായിരുന്നു അവരുടെ രണ്ടാ

മത്തെ പരിശ്രമം. ഈ രണ്ടു കാര്യങ്ങൾക്കും വേണ്ടി പ്രസ്തുത മിഷ്യനറിമാർ ചെയ്ത പ്രവർത്തനങ്ങൾ വിജയത്തിനു പകരം പരാജയത്തെ അഭിമുഖീകരിക്കേണ്ടതായിട്ടാണു് വന്നുകൂടിയതു്. ഇവിടെ ഭരിച്ചുകൊണ്ടിരുന്ന വിദേശ്യരായ സുറിയാനി മെത്രാന്മാരെ നാനാവിധത്തിലും ഉപദ്രവിക്കുന്നതിനും, റോമാ മാർപ്പാപ്പായെ ആദ്ധ്യാത്മിക തലവനായി സ്വീകരിച്ചിരുന്ന കേരളത്തിലെ ക്രൈസ്തവർ നെസ്തോറിയൻ പാഷണ്ഡരാണെന്നുള്ള വ്യാജവാർത്ത പ്രചരിപ്പിക്കുന്നതിനും, പുരാതനങ്ങളായ ഒട്ടനേകം സുറിയാനിഗ്രന്ഥങ്ങൾ പാഷണ്ഡത ആരോപിച്ചു നശിപ്പിക്കുന്നതിനും അവർ സന്നദ്ധരായി. ആർച്ചുബിഷപ്പു മെനേസിസ്സിൻെറ നേതൃത്വത്തിലും അന്നത്തെ രാഷ്ട്രീയാധികാരികളുടെ സ്വാധീനശക്തിയിലും നടത്തപ്പെട്ട പ്രസ്തുത പരിശ്രമങ്ങൾ പരിപൂർത്തിയിലെത്തിയതു് ഉദിയംപേരൂർ സുന്നഹദോസിൽ വച്ചായിരുന്നു. ആർച്ചുബിഷപ്പിൻെറ കല്പനയനുസരിച്ചു് കേരളത്തിൻെറ നാനാഭാഗങ്ങളിൽ നിന്നുമായി 153 വൈദികന്മാരും 671 അയ്മേനി പ്രതിനിധികളും ഉദിയംപേരൂർ സുന്നഹദോസിൽ സംബന്ധിച്ചു. 1599 ജൂൺ 20-ാം തീയതി ആരംഭിച്ചതും ഒരാഴ്ച നീണ്ടുനിന്നതുമായ പ്രസ്തുത സുന്നഹദോസിൽ ഒൻപതു സമ്മേളനങ്ങൾ നടത്തപ്പെടുകയുണ്ടായി. ആർച്ചുബിഷപ്പിൻെറ അനിതരസാധാരണമായ സാമർത്ഥ്യവും, നയവിശേഷവും, സ്വാധീനശക്തിയും നിമിത്തം അതിൽ സംബന്ധിച്ചിരുന്ന പ്രതിനിധികൾ ഒന്നടങ്കം അദ്ദേഹത്തിൻെറ ഇംഗിതത്തിനു കീഴ്വഴങ്ങി കൊടുക്കുകയാണു ചെയ്തതു്. അങ്ങനെ പുരാതനമായി തങ്ങൾ ഉപയോഗിച്ചുകൊണ്ടിരുന്ന സുറിയാനി റീത്തിൽ പല ഭേദഗതികൾ വരുത്തുന്നതിനും പറങ്കി മെത്രാന്മാരുടെ ഭരണത്തിനു വിധേയരായി തീരുന്നതിനും മലങ്കര നസ്രാണികൾ ഗത്യന്തരമില്ലാതെ സമ്മതിച്ചുകൊടുക്കേണ്ടിവന്നു. പക്ഷെ, അവരുടെ ഹൃദയാന്തർഭാഗത്തിൽ പറങ്കികൾക്കെതിരായി ജ്വലിച്ചുകൊണ്ടിരുന്ന അഗ്നിസ്ഫുലിംഗത്തിൻെറ ശക്തിയെ നശിപ്പിക്കുന്നതിന് യാതൊരുവനാലും സാദ്ധ്യമല്ലായിരുന്നു. ഉദിയംപേരൂർ സുന്നഹദോസിൽവച്ചു് പറങ്കികൾ നടത്തിയ ഗർഹണീയമായ പ്രവർത്തനങ്ങളുടെ പ്രത്യാഘാതം മട്ടാഞ്ചേരിയിലെ കൂനൻ കുരിശിൻെറ മുൻപാകെയാണു് പ്രത്യക്ഷപ്പെട്ടതു്.

## കൂനൻകുരിശു സത്യം

ബാബേൽ സിംഹാസനത്തിൽ വാണിരുന്ന സുറിയാനിമെത്രാന്മാർ വഴിയായി റോമ്മാ മാർപ്പാപ്പായുടെ ഭരണത്തിൻ കീഴിൽ ഉത്തമ

കത്തോലിക്കരായിരുന്ന തങ്ങളോടു പറങ്കികൾ ചെയ്ത അനീതിയെ ശക്തിയുക്തം ചെറുക്കുവാൻ ഉദിയംപേരൂർ സുന്നഹദോസിൽനിന്നും പുറത്തിറങ്ങിയ നസ്രാണിവീരന്മാർ നിശ്ചയിച്ചുകഴിഞ്ഞു. പോർട്ടുഗീസു വൈദികഭരണത്തെ കേരളത്തിൽനിന്നും നിഷ്കാസനം ചെയ്യുന്നതിനും, സുറിയാനി മെത്രാന്മാരെ എവിടെനിന്നെങ്കിലും ഇവിടെ കൊണ്ടുവരുന്നതിനുമുള്ള അക്ഷീണപരിശ്രമമായിരുന്നു ഇവിടുത്തെ ക്രൈസ്തവർ പിന്നീടു നടത്തിക്കൊണ്ടിരുന്നതു്. സുറിയാനി മെത്രാന്മാരെ ലഭിക്കുന്നതിനുവേണ്ടി പല സ്ഥലങ്ങളിലേയ്ക്കും അവർ എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരുന്നു. തൽഫലമായി "അഹത്തള്ളാ" എന്ന പേരോടുകൂടിയ ഒരു സുറിയാനി മെത്രാൻ ഇൻഡ്യയിലെ അന്നത്തെ പ്രധാന നഗരമായ സൂററ്റിലും അനന്തരം മൈലാപ്പൂരിലും വന്നെത്തി. അന്നു മൈലാപ്പൂരിലുണ്ടായിരുന്ന കേരളീയരായ രണ്ടു ശെമ്മാശ്ശന്മാർ മുഖേന തന്റെ ആഗമനവിവരം കാണിച്ചുള്ള എഴുത്തു് അഹത്തള്ളാ കേരളത്തിലേയ്ക്കു കൊടുത്തയച്ചു. ഈ വിവരമറിഞ്ഞു് അഹത്തള്ളാ മെത്രാനെ സ്വീകരിക്കുവാൻ ഇവിടുത്തെ ക്രൈസ്തവർ മൈലാപ്പൂരിലേക്കു പോകുവാൻ സന്നദ്ധരായി. എന്നാൽ പോർട്ടുഗീസുകാർ പ്രസ്തുത മെത്രാനെ കപ്പലിൽ കൊച്ചിയിലേക്കു കൊണ്ടുവന്നതായി അറിയുകയാൽ തൽക്ഷണം 25000-ത്തോളം നസ്രാണികൾ അഹത്തള്ളാ മെത്രാനെ സ്വീകരിക്കുവാൻ കൊച്ചിയിൽ എത്തിച്ചേർന്നു. തങ്ങളെ ഭരിക്കുവാൻ വന്നിരിക്കുന്ന സുറിയാനി മെത്രാനെ വിട്ടുതരണമെന്നു് അവർ അപേക്ഷിച്ചു. പക്ഷേ, പോർട്ടുഗീസു കപ്പിത്താനാകട്ടെ അഹത്തള്ളായെ കപ്പലിൽനിന്നും പുറത്തിറക്കുവാൻ വിസമ്മതം പ്രകടിപ്പിക്കയാണുണ്ടായതു്. തന്നിമിത്തം ക്ഷുഭിതരായിത്തീർന്ന ജനക്കൂട്ടത്തിന്റെ ഇടയിൽ കുബുദ്ധികളായ ആരോ ചിലർ ഒരു വാർത്ത പ്രചരിപ്പിച്ചു. പറങ്കികൾ അഹത്തള്ളാ മെത്രാനെ കൊച്ചീക്കായലിൽ മുക്കിക്കൊന്നു എന്നുള്ള അവാസ്തവ വാർത്തയായിരുന്നു അതു്. ഇതിൽ പ്രക്ഷുബ്ധരായിത്തീർന്ന നസ്രാണിവീരന്മാർ പറങ്കികളോടു പ്രതികാരം ചെയ്യുന്നതിനുതന്നെ നിശ്ചയിച്ചു. അതിനുള്ള പ്രാരംഭമായി കൊച്ചിയിൽ മട്ടാഞ്ചേരി പള്ളിക്കു സമീപമുണ്ടായിരുന്നതും "കൂനൻകുരിശു" എന്ന പേരോടുകൂടിയതുമായ കുരിശിന്റെ മുമ്പാകെ നിന്നുകൊണ്ടു് സത്യം ചെയ്യുവാൻ അവർ തയ്യാറായി. പ്രസ്തുത കുരിശിൽനിന്നും നാലുഭാഗത്തേക്കും കയറുകൾ കെട്ടിക്കൊണ്ടു് ആ കയറിന്മേൽ ഒന്നടങ്കം കൈപിടിച്ചുകൊണ്ടു് മേലാൽ സന്തതിയുള്ളകാലത്തോളം സംപാളൂർപാതിരിമാരുടെ കീഴിൽ തങ്ങൾ ഇരിക്കുകയില്ല എന്നു് അവർ സത്യം ചെയ്തു.

(പോർട്ടുഗീസുകാർ കൊടുങ്ങല്ലൂരിൽ വൈദിക പരിശീലനാർത്ഥം സെൻറ് പോൾസ് സിമ്മനാരി നടത്തിക്കൊണ്ടിരുന്നതിനാൽ സമ്പാളൂർ പാതിരിമാർ എന്ന പേരിലായിരുന്നു അവർ അറിയപ്പെട്ടിരുന്നതു്.)

ഈ സത്യമത്രേ ക്രിസ്ത്വാബ്ദം 1653-ൽ നടന്ന പ്രസിദ്ധമായ കൂനൻകുരിശു സത്യം. പ്രസ്തുത സത്യംമൂലം കേരളീയ നസ്രാണികൾ റോമ്മാ മാപ്പാപ്പായേയും കത്തോലിക്കാസഭയേയും പരിത്യജിക്കയാണു ചെയ്തതു് എന്നു ചില അകത്തോലിക്കാ ചരിത്രകാരന്മാർ എഴുതിയിട്ടുള്ളതു് യഥാർത്ഥ ചരിത്രത്തിനു കടകവിരുദ്ധമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഇതെപ്പററി അടുത്ത ഒരദ്ധ്യായത്തിൽ തെളിവുകൾ സഹിതം വിശദമായി പ്രതിവാദിക്കുന്നതായിരിക്കും.

## പഴയകൂറും പുത്തൻകൂറും

ഏകതൊഴുത്തിൽ, ഏകതലവൻെറ കീഴിൽ, ഏകയോഗക്ഷേമമായി കഴിഞ്ഞുകൂടിയിരുന്ന ഇവിടുത്തെ സുറിയാനിക്രിസ്ത്യാനികളുടെ ഇടയിൽ ഭിന്നതയുടെ വിഷബീജം വിതച്ചതു പോർട്ടുഗീസ് മിഷ്യനറിമാരിൽ ചിലരായിരുന്നു എന്ന പരമാർത്ഥം സങ്കടപൂർവ്വം സ്മരിക്കാതിരിക്കുവാൻ നിർവാഹമില്ല. തങ്ങളുടെ ഭരണത്തിൻകീഴിൽ കേരളത്തിലേ സുറിയാനിക്കാരെ കൊണ്ടുവരുന്നതിനും, പുരാതനമായ സുറിയാനി റീത്തിൽ നിരവധി ഭേദഗതികൾ ചെയ്യിക്കുന്നതിനും, ഇവിടുത്തേ നസ്രാണിപ്രതിനിധികളെക്കൊണ്ടു് അവയെല്ലാം സമ്മതിപ്പിച്ചു് ഒപ്പുകുത്തിക്കുന്നതിനും ഉദയംപേരൂർ സൂന്നഹദോസിൽവെച്ചു് പോർട്ടുഗീസുകാർക്കു സാധിച്ചു എന്നുള്ളതു പരമാർത്ഥം തന്നെ. പക്ഷേ, മനസ്സില്ലാമനസ്സോടുകൂടെ പ്രസ്തുത നിശ്ചയങ്ങൾക്കു് ഒപ്പിട്ട കരങ്ങൾ കൂനൻകുരിശിൻെറ ആലാത്തിൽ പിടിച്ചു സത്യം ചെയ്തു പോർട്ടുഗീസുകാരുമായുള്ള ബന്ധം എന്നന്നേക്കുമായി വിടർത്തുകയാണു് ചെയ്തതു്.

ലത്തീൻ മെത്രാന്മാരുടെ ഭരണത്തിൽനിന്നും വിമുക്തി നേടുന്നതിനു പരിശ്രമിച്ച സുറിയാനിക്കാർ "ചട്ടിയിൽനിന്നും അടുപ്പിലേക്കു ചാടുന്ന" കൃത്യമാണു പിന്നീടു നടത്തിയതു്. പന്ത്രണ്ടു വൈദികന്മാർ കൂടി ഒരു മെത്രാനെ വാഴിച്ചുകൊള്ളുന്നതിനു് അനുവാദം നല്കുന്നതും, അഹത്തള്ളാമെത്രാൻേറതായി കല്ലിശ്ശേരിൽ ഇട്ടിത്തൊമ്മൻ കത്തനാർ കൃത്രിമമായി എഴുതിയുണ്ടാക്കിയതുമായ ഒരു കത്തു വിശ്വസിച്ചു് ആലങ്ങാട്ടുവെച്ചു് പന്ത്രണ്ടു വൈദികന്മാർ ചേർന്നു് ഒരു

മെത്രാനെ വാഴിച്ചു. എന്നാൽ മെത്രാൻ പട്ടമില്ലാത്ത വെറും ചുവപ്പു വേഷധാരി മാത്രമാണ് "പുതിയ മെത്രാൻ" എന്നു ഗ്രഹിച്ച ഒട്ടനേകർ വേഷധാരിയെ ഉപേക്ഷിച്ചു പോർട്ടുഗീസ് മെത്രാന്മാരുടെ കീഴിൽ വീണ്ടും അഭയം പ്രാപിക്കയാണുണ്ടായതു്. എങ്കിലും "ഇല്ലം ചുട്ടാലും വേണ്ടില്ല, എലിയെ കൊല്ലുകതന്നെ വേണം" എന്ന ദൃഢവ്രതത്താൽ പ്രേരിതരായ ഒരു കൂട്ടർ ചുവപ്പുവേഷധാരിയെ മെത്രാനെന്നോണം സ്വീകരിക്കുന്നതിനു സന്നദ്ധരായി. പക്ഷേ, അദ്ദേഹം യഥാർത്ഥ കൈവെപ്പുള്ള മെത്രാൻ അല്ലെന്നു ബോദ്ധ്യമായപ്പോൾ യഥാർത്ഥ കൈവെപ്പു് അദ്ദേഹത്തിനു നല്കുന്നതിനായി ഒരു മെത്രാനെ അയച്ചു തരുന്നതിനു വേണ്ടിയുള്ള അപേക്ഷകൾ പല സ്ഥലത്തേക്കും അവർ അയയ്ക്കുകയുണ്ടായി. തൽഫലമായി ക്രിസ്ത്വാബ്ദം 1665-ൽ യരുശലേമിലെ ഒരു യാക്കോബായ മെത്രാനായിരുന്ന മാർ ഗ്രിഗോറിയോസു മലങ്കരയിൽ വന്നുചേർന്നു. യാക്കോബായ വിശ്വാസവും ആചാര രീതികളും ഇവിടെ പ്രചരിപ്പിക്കുന്നതിനു പ്രസ്തുത മെത്രാൻ പരിശ്രമിച്ചു തുടങ്ങി. കൂനൻകുരിശുസത്യം ചെയ്തവരും പറങ്കികളോടു വിരോധത്തിൽ വർത്തിച്ചിരുന്നവരുമായ നസ്രാണികളിൽ ഒരു ചെറിയ വിഭാഗം മാർ ഗ്രിഗോറിയോസ്സിനെ അനുകൂലിച്ചു് യാക്കോബ്യരായി തീർന്നു. ഇപ്രകാരം പുതിയ സഭയേയും, പുതിയ വിശ്വാസത്തേയും, പുതിയ ആചാര രീതികളേയും സ്വീകരിച്ചവർക്ക് പുത്തൻകൂറുകാരെന്നും പതിനാറു ശതവർഷത്തോളം ഇവിടെ നിലവിലിരുന്ന കത്തോലിക്കാമതവിശ്വാസത്തിൽ സ്ഥിരതയോടുകൂടെ നിന്നവർക്ക് പഴയ കൂറുകാർ എന്നും ഉള്ള നാമധേയം ലഭിക്കയും ചെയ്തു.

അനന്തര കാലഘട്ടങ്ങളിൽ ലത്തീൻ മെത്രാന്മാരുടെ ഭരണത്തിൽനിന്നും വിമുക്തി നേടുന്നതിന് പഴയ കൂറുകാരായ സുറിയാനിക്കാർ ഒട്ടനേകം പ്രയാസങ്ങൾ തരണം ചെയ്യേണ്ടി വന്നുവെങ്കിലും അവസാനം സുറിയാനി മെത്രാന്മാരുടെ ഭരണത്തിൻകീഴാകുന്നതിനുള്ള ഭാഗധേയം അവർക്കു ലഭിക്കയുണ്ടായി. പുത്തൻകൂറുകാരായ സുറിയാനിക്കാരാകട്ടെ യാക്കോബായബന്ധത്തെ തുടർന്നു പ്രോട്ടസ്റ്റൻറു സമ്പർക്കത്തിൽ അകപ്പെടുന്നതിനും തൽഫലമായി നിരവധി സഭാവിഭാഗങ്ങളിൽപ്പെട്ടു ഛിന്നാഭിന്നമായിത്തീരുന്നതിനും ഇടയായിത്തീർന്നു. ഇതെപ്പററി തുടർന്നുള്ള അദ്ധ്യായങ്ങളിൽ സവിസ്തരം വിവരിക്കുന്നതാകയാൽ ഇരുകൂട്ടർക്കും ഇതിനകമുണ്ടായിട്ടുള്ള അഭിവൃദ്ധിയെപ്പററി മാത്രം ചുരുക്കമായി ഇവിടെ പ്രതിപാദിച്ചുകൊള്ളുന്നു.

# ബാഹ്യമായ അഭിവൃദ്ധി

ക്രനൻകുരിശു സത്യത്തിനുശേഷം ഇക്കഴിഞ്ഞ 300 വഷത്തിനുള്ളിൽ കേരളീയസുറിയാനിക്കാരായ ക്രൈസ്തവർ നാനാവിധത്തിലും വിസ്മയാവഹമായ അഭിവൃദ്ധിയെ പ്രാപിച്ചിട്ടുണ്ടെന്നുള്ളതു സംശയരഹിതമായ പരമാത്ഥമത്രെ. കത്തോലിക്കരും അകത്തോലിക്കരുമായ പാശ്ചാത്യമിഷനറിമാരുടെ സഹായസഹകരണങ്ങളും, ഇവിടുത്തെ ക്രൈസ്തവരുടെ നിരന്തരപരിശ്രമവും, രാഷ്ട്രീയാധികാരികളുടെ പ്രോത്സാഹനങ്ങളും ഇതിനു കാരണമായിത്തീൎന്ന എന്നതിനു സംശയമില്ല. സാമ്പത്തികമായും, രാഷ്ട്രീയമായും, സാമുദായികമായും, വിദ്യാഭ്യാസപരമായും ഇവിടുത്തെ ഇതരമതസ്ഥരേയും ജാതികളേയും അതിശയിക്കത്തക്ക അഭിവൃദ്ധിയത്രേ സുറിയാനി ക്രിസ്ത്യാനികൾക്കു് ഇതിനകം കൈവന്നിട്ടുള്ളതു്. പോർട്ടുഗൽ, സ്പെയിൻ, ഇററലി, അമേരിക്കാ, ആദിയായ പാശ്ചാത്യരാജ്യങ്ങളിലേ കത്തോലിക്കരുടെ സഹായസഹകരങ്ങൾ പഴയക്രൂർ സുറിയാനിക്കാൎക്കു ലഭിച്ചപ്പോൾ ഇംഗ്ലണ്ടു്, അമേരിക്കാ എന്നീ രാജ്യങ്ങളിലെ പ്രോട്ടസ്ററൻറുകാരുടെ സഹായം ധാരാളമായി പുത്തൻക്രൂറുകാൎക്കും ലഭിച്ചു. കേരളത്തിലേ ലത്തീൻ കത്തോലിക്കരാകട്ടെ പാശ്ചാത്യ മെത്രാന്മാരുടെ ഭരണത്തിൻകിഴിൽ അഭിവൃദ്ധ്യുന്മുഖമായ പന്ഥാവിൽക്കൂടെ ഇതിനകം ത്വരിതഗമനം ചെയ്തുകൊണ്ടുമിരുന്നു. ഇന്നു കേരളത്തിലുള്ള തോട്ടങ്ങൾ, ബാങ്കുകൾ, കമ്പനികൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വാണിജ്യകേന്ദ്രങ്ങൾ, കാഷികപ്രദേശങ്ങൾ എന്നിവയിൽ ബഹുഭൂരിഭാഗവും കേരളീയ ക്രൈസ്തവരുടെ വകയായിത്തീൎന്നിരിക്കുന്നു. അപ്രകാരംതന്നെ പരോപകാര പ്രവത്തനകേന്ദ്രങ്ങളായ ആസ്പത്രികൾ, അനാഥശാലകൾ, വൃദ്ധമന്ദിരങ്ങൾ, അച്ചുടിശാലകൾ, തൊഴിൽശാലകൾ എന്നിവ കേരളത്തിന്റെ നാനാഭാഗങ്ങളിലായി സ്ഥാപിച്ചുകൊണ്ടു് സ്തുത്യർഹമായ പ്രവർത്തനങ്ങൾ കേരളീയ ക്രൈസ്തവർ നടത്തിക്കൊണ്ടിരിക്കുന്നു. അനേകായിരം ഉത്കൃഷ്ട ബിരുദധാരികൾ ആണു് ഇന്നു കേരളീയ ക്രൈസ്തവരുടെ ഇടയിൽ ഉള്ളതു്. ഉന്നത വിദ്യാഭ്യാസത്തിനായും വ്യവസായം, ഉദ്യോഗം എന്നിവയ്ക്കായും കേരളത്തിനു പുറമേ ലോകത്തിന്റെ നാനാഭാഗങ്ങളിലും കേരളീയ ക്രൈസ്തവർ പതിനായിരക്കണക്കിനു് സ്ഥലം പിടിച്ചുകഴിഞ്ഞിരിക്കുന്നു. ഇപ്രകാരം ഇരുപതാംനൂററാണ്ടിന്റെ മദ്ധ്യഘട്ടത്തിലേയ്ക്കു് കാലൂന്നിയിട്ടുള്ള കേരളീയ ക്രൈസ്തവരുടെ ആധുനികനിലശോഭനമായ ഒരു ഭാവിയെ വിളിച്ചുപറയുകയും ചെയ്യുന്നു.

## ആദ്ധ്യാത്മിക പുരോഗതി

ബാഹ്യമായ പുരോഗതിയോടൊപ്പം തന്നെ ആദ്ധ്യാത്മികനിലയിലും കേരളീയ കത്തോലിക്കർ പുരോഗതി പ്രാപിച്ചിട്ടുണ്ടെന്നുള്ളതു നിസ്സന്ദേഹമത്രെ. കേരളത്തെ വിവിധ ഹൈറാർക്കികളായും, രൂപതകളായും, ഇടവകകളായും വിഭജിച്ചുകൊണ്ടു റോമാ മാർപ്പാപ്പായുടെ ഭരണത്തിൻകീഴിൽ സുശിക്ഷിതരായ മെത്രാന്മാരും വൈദികരും കേരളീയ കത്തോലിക്കരുടെ ആദ്ധ്യാത്മികഭരണം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. രണ്ടായിരത്തോളം വൈദികരും ആറായിരത്തോളം കന്യാസ്ത്രീകളും കേരളത്തിലെ കത്തോലിക്കരുടെ ആദ്ധ്യാത്മികാഭിവൃദ്ധിയെ ലാക്കാക്കി നിസ്തന്ദ്രം അഹോരാത്രം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിൻെറ നാനാഭാഗങ്ങളിലുമുള്ള മനോഹരങ്ങളും ബ്രഹ്മാണ്ഡങ്ങളുമായ ദൈവാലയങ്ങൾ, ചാപ്പലുകൾ, കുരിശടികൾ, സന്യാസാശ്രമങ്ങൾ, കന്യകാമന്ദിരങ്ങൾ, പരോപകാരസ്ഥാപനങ്ങൾ എന്നിവയെല്ലാം കേരളീയ കത്തോലിക്കരുടെ ആദ്ധ്യാത്മിക ചൈതന്യത്തെ പ്രഘോഷിച്ചുകൊണ്ടു നിലകൊള്ളുന്നു.

എന്നാൽ പുത്തൻകൂർ സുറിയാനിക്കാർക്കാകട്ടെ ഏവംവിധമുള്ള ആദ്ധ്യാത്മികപുരോഗതി കൈവന്നിട്ടുണ്ടെന്നു പറയുവാൻ നിവൃത്തിയില്ല. അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസുമായുണ്ടായ ബന്ധം ഇന്നാട്ടിലേ പുത്തൻകൂററുകാർക്ക് ആദ്ധ്യാത്മികപാതയിൽ ഒരു വിലങ്ങുതടിയായിട്ടാണു പരിണമിച്ചതു്. വേണ്ടത്ര വിദ്യാഭ്യാസമോ, സംസ്കാരമോ, നിസ്വാർത്ഥ മനഃസ്ഥിതിയോ ഇല്ലാതിരുന്ന വിദേശമെത്രാന്മാരുടെ ആഗമനം മത്സരവും കലഹവും ഇവിടെ ഉല്പാദിപ്പിക്കുന്നതിനുമാത്രമേ കാരണമായിത്തീർന്നിട്ടുള്ളു. പത്തൊൻപതാം നൂററാണ്ടിൽ ഇവിടെയെത്തിയ പ്രോട്ടസ്റ്റൻറു മിഷ്യനറിമാരുടെ ആഗമനവും പ്രവർത്തനങ്ങളും ഇവിടുത്തേ പുത്തൻകൂററുകാരെ പലപല സഭാവിഭാഗങ്ങളിൽ നിപതിപ്പിക്കുന്നതിനും തദ്വാരാ അവരുടെ ആദ്ധ്യാത്മിക പുരോഗതിക്കു പ്രതിബന്ധം ഉളവാക്കുന്നതിനും മുഖാന്തിരമായിത്തീർന്നു. കേസുകളും വ്യവഹാരങ്ങളുംനിമിത്തം യാക്കോബായ, ഓർത്തഡോക്സ് എന്നീ സഭകളിലേ അംഗങ്ങളും, വിശ്വാസ വ്യതിചലനംനിമിത്തം മാർത്തോമ്മാ, പ്രോട്ടസ്ററൻറു എന്നീ സഭാവിഭാഗങ്ങളിൽപ്പെട്ടവരും ആദ്ധ്യാത്മികനിലയിൽ അഭ്യുന്നതി പ്രാപിക്കുന്നതിനു നിവൃത്തിയില്ലാത്ത പതനത്തിലും സാഹചര്യങ്ങളിലും കുടുങ്ങിപ്പോകുകയാണുണ്ടായതു്. പുരാതന വിശ്വാസത്തിൽ നിന്നും വ്യതിചലിക്കുന്നതിനും,

ആദ്ധ്യാത്മിക മാറ്റങ്ങളായ കൂദാശകൾ മുഖേനയുള്ള രക്ഷയെ പരിത്യജിക്കുന്നതിനും, അങ്ങനെ വിശുദ്ധീകരണമാറ്റത്തെ തടയുന്നതിനും പുത്തൻകൂറ്റുകാരുടെ ഇടയിലുണ്ടായ പ്രോട്ടസ്റ്റൻറു മിഷ്യനറിമാരുടെ പ്രവൎത്തനങ്ങൾ മുഖാന്തിരമായിത്തീരുകയാണുണ്ടായതു്.

ഏവംവിധം കേരളത്തിലേ പുത്തൻകൂറ്റുകാർ ആദ്ധ്യാത്മിക നിലയിൽ ശോചനീയമായ ഒരവസ്ഥയെ പ്രാപിച്ചിരിക്കുന്നു എന്നുള്ളതു് അനിഷേദ്ധ്യമായ ഒരു പരമാൎത്ഥമത്രേ. മാതൃസഭയായ കത്തോലിക്കാസഭയിലേക്കുള്ള പ്രത്യാഗമനം മാത്രമേ ആദ്ധ്യാത്മിക പുരോഗതിക്കു് സഹായകമായി ഭവിക്കയുള്ളു എന്നുള്ള ബോദ്ധ്യം ഇവിടത്തെ പുത്തൻകൂർ നേതാക്കന്മാരിൽ പലരുടേയും ഹൃദയാന്തർഭാഗത്തു് സംജാതമായിട്ടുള്ളതും അവരിൽ പലരും കത്തോലിക്കാസഭയെ ആശ്ലേഷിച്ചുകൊണ്ടിരിക്കുന്നതും ഭാവിശ്രേയഃപിശുനശകുനമായി പരിഗണിക്കാവുന്നതാണു്.

അദ്ധ്യായം 7

# കേരളത്തിലെ പുരാതനസഭ

## ചരിത്രപരമായ ഒരവലോകനം

ക്രിസ്ത്വബ്ദം 1599-ൽ ഉദയംപേരൂർവെച്ചു നടന്ന സൂന്നഹദോസിനു മുമ്പ് കേരളത്തിലുണ്ടായിരുന്ന ക്രൈസ്തവർ ഏതു സഭയുടെ അംഗങ്ങളായിരുന്നു എന്നതു ചരിത്രകാരന്മാരുടെ ഇടയിൽ വിവാദവിഷയമായിത്തീർന്നിട്ടുള്ള ഒരു വസ്തുതയാണ്. കേരളത്തിലെ പുരാതനസഭയെ സംബന്ധിച്ചുള്ള ചരിത്രകാരന്മാരുടെ വിവിധാഭിപ്രായങ്ങൾ ചുവടേ ചേർത്തുകൊള്ളുന്നു.

## വിവിധ വാദഗതികൾ

1. <u>കത്തോലിക്കാസഭ.</u> പതിനാറാം നൂററാണ്ടിനുമുൻപ് കേരളത്തിലെ ക്രൈസ്തവർ കത്തോലിക്കാസഭാംഗങ്ങളായിരുന്നുവെന്നും, റോമാമാർപ്പാപ്പായെ തങ്ങളുടെ അദ്ധ്യാത്മിക തലവനായി അവർ സ്വീകരിച്ചിരുന്നുവെന്നും, പേർഷ്യ, ബാബിലോൺ ആദിയായ സ്ഥലങ്ങളിൽ നിന്നും വന്നിരുന്ന കത്തോലിക്കാ മെത്രാന്മാരായിരുന്നു അവരുടെമേൽ ഭരണകർതൃത്വം നിർവ്വഹിച്ചുകൊണ്ടിരുന്നതെന്നും ഒട്ടനേകം ചരിത്രകാരന്മാർ വാദിക്കുന്നു.

2. <u>യാക്കോബായസഭ.</u> കേരളത്തിലേ പുരാതനസഭ യാക്കോബായസഭയായിരുന്നുവെന്നും അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസായിരുന്നു ഇവിടത്തെ അദ്ധ്യാത്മികഭരണം നടത്തിയിരുന്നതെന്നും ചില യാക്കോബായ ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു.

3. <u>നെസ്തോറിയൻസഭ.</u> ഒന്നാം നൂററാണ്ടുമുതൽ പതിനാറാം നൂററാണ്ടുവരെയുള്ള കേരളീയസഭ നെസ്തോറിയൻ സഭയായിരുന്നുവെന്നും, ബാബേൽക്കാരായ നെസ്തോറിയൻ മെത്രാന്മാരായിരുന്നു ഇവിടെ ഭരണം നിർവ്വഹിച്ചുകൊണ്ടിരുന്നതെന്നും സമർത്ഥിക്കുന്നതിന് ഏതാനും നെസ്തോറിയൻ ഗ്രന്ഥകാരന്മാരും ലത്തീൻ പ്രോട്ടസ്റ്റൻറ് ചരിത്രകാരന്മാരിൽ ചിലരും പരിശ്രമിക്കുന്നു.

4. <u>സ്വതന്ത്രസഭ.</u> പതിനാറാം നൂററാണ്ടിനുമുമ്പ് ഇവിടെയുണ്ടായിരുന്ന ക്രൈസ്തവസഭ ഒരു സ്വതന്ത്രസഭയായിരുന്നുവെന്നും, യാതൊരു വിദേശാധിപത്യത്തിനും ഇവിടത്തേ സഭ കീഴ്വഴങ്ങിയിട്ടില്ലെന്നും, ഏതാനും പരദേശമെത്രാന്മാർ ഇവിടെ വന്നെത്തിയിട്ടുള്ളതു കൈവെയ്പ് നല്കുന്നതിനു വേണ്ടി മാത്രമായിരുന്നെന്നും ഇന്നാട്ടിലെ മാർത്തോമ്മക്കാരും ഈയിടെയായി സ്വതന്ത്രരൂപം എടുത്തിരിക്കുന്ന ഓർത്തഡോക്സുകാരും വാദിക്കുന്നു.

ഏവംവിധം കേരളത്തിലേ ക്രൈസ്തവസഭയെപ്പററി ചരിത്രകാരന്മാർ വിവിധാഭിപ്രായങ്ങൾ പുറപ്പെടുവിക്കയും അവരവരുടെ വാദങ്ങൾ സ്ഥാപിക്കുന്നതിനു വേണ്ടി പുരാതന ചരിത്ര രേഖകൾ വ്യാഖ്യാനിക്കുകയും ചെയ്യുന്നതു നിമിത്തം നിഷ്പക്ഷവാദികളായ സത്യാന്വേഷികൾ യഥാർത്ഥ സത്യം ഗ്രഹിക്കുന്നതിനു നിവൃത്തിയില്ലാതെ വിഷമിക്കുകയാണു ചെയ്യുന്നതു്. ചരിത്രം എഴുതുന്നതിലോ അവ സൂക്ഷിക്കുന്നതിലോ പുരാതന കേരളീയർക്കുണ്ടായിരുന്ന അശ്രദ്ധ നിമിത്തം ഇതു സംബന്ധിച്ചുള്ള പ്രാചീനരേഖകൾ അപൂർവ്വമായി മാത്രമേ ലഭിച്ചിട്ടുള്ളുവെന്ന വാസ്തവം തുറന്നു സമ്മതിക്കാതെ നിവൎത്തിയില്ല. ഏതായാലും ഇതു സംബന്ധിച്ചു ലഭിച്ചിട്ടുള്ള ഏതാനും രേഖകൾ സത്യാന്വേഷികളായ വായനക്കാരുടെ മുമ്പാകെ നിരത്തിവയ്ക്കുന്നതിനത്രേ ഈ അദ്ധ്യായത്തിൽ ഞാൻ ഉദ്ദേശിക്കുന്നതു്.

## സ്വതന്ത്രസഭാസ്ഥാപനം അസാദ്ധ്യം

ഏതൽകൃത്യത്തിലേക്കു പ്രവേശിക്കുന്നതിനു മുമ്പ് മലങ്കരസഭ ഒരു സ്വതന്ത്രസഭയായിരുന്നുവെന്നുള്ള ചിലരുടെ വാദം സ്വീകാൎയ്യമല്ലെന്ന് ആദ്യമായി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. സഭാസ്ഥാപകനായ ക്രിസ്തു ഓരോ ദേശത്തേക്കും രാജ്യത്തേക്കും വേണ്ടി ഓരോ സ്വതന്ത്രസഭയെ സ്ഥാപിച്ചുകൊള്ളുവാൻ തന്റെ ശിഷ്യന്മാരോടു കല്പിച്ചിട്ടില്ലെന്നും പ്രത്യുത, താൻ സ്ഥാപിച്ച ഏകസഭയുടെ—അതേ, ആ കടുകുവൃക്ഷത്തിന്റെ ശാഖകളെ—ഓരോ രാജ്യത്തും സ്ഥാപിക്കുന്നതിനു മാത്രമേ അനുവദിച്ചിട്ടുള്ളുവെന്നുമത്രേ വേദപുസ്തകം സാക്ഷിക്കുന്നതു്. ഓരോ ദേശത്തിനും രാജ്യത്തിനും ഓരോ സ്വതന്ത്രസഭയെ ക്രിസ്തുനാഥൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ലോകത്തിൽ ഇന്നുള്ള ദേശങ്ങളുടേയും രാജ്യങ്ങളുടേയും സംഖ്യയനുസരിച്ച് പതിനായിരക്കണക്കിനു സ്വതന്ത്രസഭകൾ ഇന്നു കാണപ്പെടുമായിരുന്നു. ഐക്യത്തിന്റേയും സമാധാന

ത്തിൻേറയും നാഥനായ ക്രിസ്തു ഏക വിശ്വാസത്തോടുകൂടിയ ഏകദൃശ്യ സഭയെ മാത്രമേ ലോകത്തിൽ സ്ഥാപിച്ചിട്ടുള്ളുവെന്നത്രേ വേദപുസ്തകവും പിതാക്കന്മാരുടെ സാക്ഷ്യങ്ങളും തെളിയിക്കുന്നതു്. ആ ഏക സഭയെ ലോകമെങ്ങും പ്രചരിപ്പിക്കുന്നതിനത്രേ അവിടുന്നു ശിഷ്യന്മാരോടു് ആജ്ഞാപിച്ചിട്ടുള്ളതും. ആകയാൽ വി. തോമ്മാശ്ലീഹാ മലങ്കരയിൽ സ്ഥാപിച്ചതും തുടൎന്നു് ഇവിടെ ഉണ്ടായിരുന്നതുമായ സഭ സ്വതന്ത്രമായിരുന്നുവെന്നുള്ള വാദം അടിസ്ഥാനരഹിതമെന്നു സിദ്ധിക്കുന്നു.

അടുത്ത പ്രശ്നം മലങ്കരയിലേ സഭ യാക്കോബായസഭയോ നെസ്തോറിയൻസഭയോ ആയിരുന്നുവൊ എന്നുള്ളതത്രേ. പതിനാറാം നൂററാണ്ടിനു ശേഷം മാത്രമാണു യാക്കോബായ സഭയ്ക്കും നെസ്തോറിയൻ സഭയ്ക്കും ഈ കേരളത്തിൽ പ്രവേശനം സിദ്ധിച്ചതു എന്നുള്ള ചരിത്രസത്യം ഈ ഗ്രന്ഥത്തിൻെറ തുടൎന്നുള്ള അദ്ധ്യായങ്ങളിൽ തെളിയിക്കപ്പെടുന്നതാണു്. ക്രിസ്താബ്ദം 431-ൽ നടന്ന എഫേസോസ് സുന്നഹദോസിനു ശേഷം മാത്രമാണു് നെസ്തോറിയൻ സഭ ആരംഭിച്ചതെന്നും, ക്രിസ്തുവർഷം 451-ൽ കൂടിയ കൽക്കദോനിയാ സുന്നഹദോസു കഴിഞ്ഞു് അനേകവർഷങ്ങൾക്കു ശേഷമാണു് യാക്കോബായസഭ ലോകത്തിൽ ആവിർഭവിച്ചതു എന്നുമുള്ളതു് ചരിത്രത്തിൻെറ പുറങ്ങളിൽ തെളിഞ്ഞുകിടക്കുന്ന വാസ്തവമാണു്. ആകയാൽ കുറഞ്ഞപക്ഷം ആദ്യത്തേ നാലുനൂററാണ്ടു കാലത്തേക്കു കേരളത്തിൽ നെസ്തോറിയൻ സഭയോ യാക്കോബായസഭയോ ഉണ്ടായിരുന്നില്ല എന്ന വാസ്തവം സമ്മതിക്കാതെ നിവൃത്തിയില്ല. ഏതായാലും 16-ാം നൂററാണ്ടിനു മുമ്പു് കേരളീയ ക്രൈസ്തവർ ഏതു സഭയിൽ ഉൾപ്പെട്ടുനിന്നിരുന്നുവെന്നുള്ള പ്രശ്നത്തിനുത്തരമായി ഏതാനും ചരിത്രരേഖകൾ വായനക്കാരുടെ മുമ്പാകെ നിരത്തിവയ്ക്കുന്നതിനത്രേ ഞാൻ ഇവിടെ ഉദ്ദേശിക്കുന്നതു്.

## 1. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച സഭ

A. D. 52-ൽ മലങ്കരയെത്തിയ വി. തോമ്മാശ്ലീഹാ തൻെറ നാഥൻെറ ആജ്ഞയ്ക്കും അഭീഷ്ടത്തിനും വിരുദ്ധമായി ഒരു സ്വതന്ത്രസഭ ഇവിടെ സ്ഥാപിക്കയില്ലെന്നുള്ളതു് സുനിശ്ചിതമത്രേ. നാലാം നൂററാണ്ടിനുശേഷം മാത്രം ആവിർഭവിച്ച നെസ്തോറിയൻ സഭയോ ആറാം നൂററാണ്ടിൽ ആരംഭിച്ച യാക്കോബായ സഭയോ ഒന്നാം നൂററാണ്ടിൽ ഈ മലങ്കരയിൽ ഉണ്ടായിരിക്കുവാൻ നിവൃത്തിയില്ലെന്നുള്ള പരമാൎത്ഥം

നിഷ്പക്ഷവാദികൾ സമ്മതിക്കുകതന്നെ ചെയ്യും. ക്രസ്തുവിൻെറ ശിഷ്യന്മാർ ലോകത്തിൻെറ നാനാഭാഗങ്ങളിലും പോയി ഏതൊരു സഭയെ പ്രസംഗിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തുവോ—ലോകത്തിൻെറ എല്ലാ ഭാഗങ്ങളിലും ആദ്യനൂററാണ്ടിൽ ഏതൊരു സഭ ഉണ്ടായിരുന്നുവോ—ആ സഭതന്നെ ആയിരിക്കണം വി. തോമ്മാശ്ലീഹാ ഇവിടെ സ്ഥാപിച്ചതും ആദ്യനൂററാണ്ടിൽ ഇവിടെ ഉണ്ടായിരുന്നതും. ആ സഭ കത്തോലിക്കാസഭ മാത്രമായിരുന്നുവെന്നു് നിഷ്പക്ഷവാദികളായ സകല ചരിത്രകാരന്മാരും സമ്മതിക്കയും ചെയ്യുന്നു.

## 2. പന്തേനൂസ് ഉൾപ്പെട്ടുനിന്ന സഭ

രണ്ടാം നൂററാണ്ടിൻെറ അന്ത്യഘട്ടത്തിൽ ഇവിടുത്തെ ക്രൈസ്തവരുടെ അപേക്ഷ അനുസരിച്ചു് അലക്സാണ്ഡ്റിയായിലെ ദിമത്രയോസ് മെത്രാൻ വേദപണ്ഡിതനായ പന്തേനൂസിനെ ഇവിടേയ്ക്കു് അയച്ചതായി വി. യൗസേബിയസ്, വി. ജറോം എന്നീ പിതാക്കന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. പന്തേനൂസ് ഇവിടെ എത്തി ക്രൈസ്തവമതവിശ്വാസത്തിനെതിരായി അക്കാലത്തു് വാദപ്രതിവാദങ്ങൾ നടത്തിക്കൊണ്ടിരുന്ന ഹൈന്ദവപണ്ഡിതന്മാരെ തോല്പിക്കയും ഇവിടുത്തെ ക്രൈസ്തവരെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുകയും ചെയ്തു. ഭാരതത്തിലേ ക്രൈസ്തവർ അലക്സാണ്ഡ്റിയാ മെത്രാനോടു് മതപരമായ സഹായത്തിനായി അപേക്ഷിച്ച സ്ഥിതിക്കു് അലക്സാണ്ഡ്റിയാ മെത്രാനും അദ്ദേഹത്താൽ അയയ്ക്കപ്പെട്ട പന്തേനൂസും ഏതൊരു സഭയുടെ അംഗങ്ങളായിരുന്നുവോ ആ സഭയുടെ അംഗങ്ങളായിരുന്നു ഇവിടുത്തെ ക്രൈസ്തവരുമെന്നുള്ളതു സുസ്പഷ്ടമാണു്.

രണ്ടാം നൂററാണ്ടിൽ ലോകരംഗത്തു് ആവിർഭവിച്ചിട്ടില്ലാതിരുന്ന നേസ്തോറിയൻ സഭയും യാക്കോബായസഭയും അലക്സാണ്ഡ്റിയായിൽ അക്കാലത്തു് ഇല്ലായിരുന്നു എന്നുള്ളതു നിസ്തൎക്കമാണല്ലോ. തന്നെയുമല്ല, അലക്സാണ്ഡ്റിയാ പാത്രിയർക്കീസ്സിംഹാസനം റോമാസിംഹാസനത്തിനു കീഴ്വഴങ്ങിയിരുന്നുവെന്നു ചരിത്രം തെളിയിക്കയും ചെയ്യുന്നു. ആകയാൽ അലക്സാണ്ഡ്റിയായിലെ ദിമെത്രയോസ് മെത്രാനും പണ്ഡിതനായിരുന്ന പന്തേനൂസും കത്തോലിക്കാസഭാംഗങ്ങളായിരുന്നുവെന്നു സിദ്ധിക്കുന്നു. ഭാരതക്രൈസ്തവരും കത്തോലിക്കരായിരുന്നുവെന്നത്രേ ഈ സത്യം തെളിയിക്കുന്നതു്.

## 3. ഇൻഡ്യയുടെ മെത്രാപ്പോലീത്താ മാർ യോഹന്നാൻ

ക്രിസ്ത്വബ്ദം 325-ൽ നിഖ്യായിൽ സമ്മേളിച്ച പ്രഥമസാർവ്വത്രിക സുന്നഹദോസിൽ ഒപ്പിട്ടവരുടെ കൂട്ടത്തിൽ പേർഷ്യയുടേയും വലിയ ഇൻഡ്യയുടേയും മെത്രാനായ മാർ യോഹന്നാൻ പേരെഴുതി ഒപ്പിട്ടിരിക്കുന്നതായി കാണുന്നു. നിഖ്യാസുന്നഹദോസിൽ കൂടിയ പിതാക്കന്മാർ റോമാ മാർപ്പാപ്പായുടെ അധികാരത്തിനു വിധേയരായിരുന്നുവെന്നു പ്രസ്തുത സുന്നഹദോസിൻെറ ചരിത്രം തെളിയിക്കുന്നുണ്ടു്. സുന്നഹദോസിൽ ആദ്ധ്യക്ഷം വഹിച്ച ഫോസിയോസ് മെത്രാൻ അതിലെ നിശ്ചയങ്ങൾക്കു് ഒപ്പിട്ടശേഷം മാർപ്പാപ്പായുടെ പ്രതിനിധികളായ വിത്തസ്, വിനസന്തിയോസ് എന്നീ രണ്ടു വൈദികർ ഒപ്പിട്ടിരിക്കുന്നതായി കാണുന്നു. അതിനുശേഷം മാത്രമാണു് അന്ത്യോഖ്യയിലേയും അലക്സാണ്ഡ്റിയായിലേയും പാത്രിയക്കീസന്മാർ പ്രസ്തുത സുന്നഹദോസ് നിശ്ചയങ്ങൾക്കു് ഒപ്പിടുന്നതു്. മാർപ്പാപ്പായുടെ പ്രതിനിധികളായ പട്ടക്കാർ ഒപ്പിട്ടതിനുശേഷം മാത്രം പാത്രിയക്കീസന്മാർ, മെത്രാന്മാർ ആദിയായ സുന്നഹദോസ് പിതാക്കന്മാർ ഒപ്പിട്ടതിൽനിന്നും മാർപ്പാപ്പായുടെ പ്രഥമസ്ഥാനം പ്രസ്തുത സുന്നഹദോസിലെ പിതാക്കന്മാർ അംഗീകരിച്ചുവെന്നല്ലയോ തെളിയുന്നതു്? ആ സ്ഥിതിക്കു് ഇൻഡ്യയുടെ മെത്രാനായ മാർ യോഹന്നാനും മാർപ്പാപ്പായുടെ പരമാധികാരത്തിനു കീഴ്‌വഴങ്ങിയിരുന്ന ഒരു കത്തോലിക്കാ മെത്രാൻ ആയിരുന്നുവെന്നു തെളിയുന്നു. തൻമൂലം അദ്ദേഹത്താൽ ഭരിക്കപ്പെട്ടിരുന്ന ഭാരതത്തിലേയും മലങ്കരയിലേയും ക്രൈസ്തവർ കത്തോലിക്കരായിരുന്നുവെന്നു സിദ്ധിക്കുന്നു.

## 4. ക്നായിത്തോമ്മൻെറ കുടിയേററം

എ. ഡി. 345-ൽ സിറിയായിൽനിന്നും കേരളത്തിൽ കുടിയേറി പാർത്ത ക്നായിത്തോമ്മനും അദ്ദേഹത്തോടൊന്നിച്ചു് ഇവിടെ വന്നെത്തിയ മെത്രാനും, വൈദികരും, ജനങ്ങളും ഇവിടത്തെ ക്രൈസ്തവരുമായി മതപരമായ വിഷയങ്ങളിൽ സഹകരിച്ചു പ്രവർത്തിച്ചതിനാൽ അവരെല്ലാം ഏക സഭയുടെ അംഗങ്ങളായിരുന്നുവെന്നു തെളിയുന്നു. സിറിയായിൽ യാക്കോബായ സഭയോ നെസ്തോറിയൻ സഭയോ അക്കാലത്തില്ലായിരുന്നുവെന്നതു് നിസ്തക്കമാണല്ലോ ആകയാൽ ക്നായിത്തോമ്മനും അദ്ദേഹത്തോടൊരുമിച്ചുവന്ന മെത്രാനും, ജനങ്ങളും, വൈദിക

ന്മാരുമെല്ലാം കത്തോലിക്കരായിരുന്നുവെന്നു തെളിയുന്നു. തന്മൂലം അവരോട് ആദ്ധ്യാത്മികമായി സഹകരിച്ച ഇവിടുത്തെ ക്രൈസ്തവരും കത്തോലിക്കരായിരുന്നുവെന്നു സിദ്ധിക്കുന്നു.

## 5. കോസ്മോസിൻെറ വിവരണം

എ. ഡി. 522-ൽ കോസ്മോസ് എന്ന വിദേശസഞ്ചാരി ഇൻഡ്യാ, സിലോൺ ആദിയായ സ്ഥലങ്ങൾ സന്ദർശിച്ചശേഷം ഇവിടുത്തെ ക്രൈസ്തവരെപ്പററി താഴെക്കാണുംവിധം തൻെറ കൃതികളിൽ രേഖപ്പെടുത്തിയിരിക്കുന്നു:—"സഭ ക്ഷയോന്മുഖമായിട്ടില്ല. എന്നാലോ നാനാഭാഗങ്ങളിലും വിസ്തീർണ്ണപ്പെട്ടും വ്യാപിച്ചും, ഭൂമിമുഴവൻ ക്രിസ്തീയ ത്യാഗങ്ങളാൽ നിറഞ്ഞും അവ ദിനംപ്രതി എന്നവണ്ണം അഭിവൃദ്ധി പ്രാപിച്ചും, സുവിശേഷം ലോകമെങ്ങും പ്രസംഗിക്കപ്പെട്ടും വരുന്നതായി ഞങ്ങൾ കണ്ടിരിക്കുന്നു.............. കുരുമുളകു വിളയുന്ന മെയിൽ (മലബാർ) രാജ്യത്തും ക്രൈസ്തവസഭയുണ്ട്. എന്നു മാത്രമല്ല, "കല്യാണ" എന്ന സ്ഥലത്ത് പേർഷ്യയിൽ അഭിഷേകം ചെയ്യപ്പെട്ട ഒരു മെത്രാനും ഉണ്ട്." (Bibliothica Veterum Patrumt 2 liber III pp. 449 – 450.)

കോസ്മോസ് ഇൻഡ്യയിലേയും പ്രത്യേകിച്ചു കേരളത്തിലേയും സഭയെക്കുറിച്ച് ഇപ്രകാരം പറയുന്ന സ്ഥിതിക്കു കോസ്മോസ് ഉൾപ്പെട്ടിരുന്ന സഭയിലെ അംഗങ്ങളായിരുന്നു ഇവിടുത്തെ ക്രൈസ്തവർ എന്നതിനു സംശയമില്ല. കോസ്മോസിൻെറ സ്വദേശമായ അലക്സാണ്ഡ്റിയായിൽ നെസ്തോറിയൻസഭയോ യാക്കോബായ സഭയോ അക്കാലത്തു പ്രവേശിച്ചിട്ടില്ലായിരുന്നു. പിന്നെയോ, കത്തോലിക്കാസഭയായിരുന്നു അവിടെ പ്രചരിച്ചിരുന്നതു് എന്ന് അവിടുത്തെ ചരിത്രം തെളിയിക്കുന്നു. തന്മൂലം കോസ്മോസ് കത്തോലിക്കനായിരുന്നു എന്നും കേരളത്തിലെ സഭ കത്തോലിക്കാ സഭയായിരുന്നുവെന്നും സിദ്ധിക്കുന്നു.

## 6. കൊല്ലത്തെ കുടിയേററം

ക്രിസ്ത്വബ്ദം 880-ൽ ബാബേലിൽ നിന്നും സബറീശോ എന്ന വണിഗ്വരനും അദ്ദേഹത്തോടൊന്നിച്ച് സാബോർ, പ്രോത്ത് എന്നീ രണ്ടു മെത്രാന്മാരും ഒട്ടനേകം ജനങ്ങളും കപ്പലിൽ കൊല്ലത്തു വന്നിറങ്ങുകയും അവിടെ താമസമാരംഭിക്കയും ചെയ്തു. സാബോർ മെത്രാൻ

ഉദയംപേരൂർ ആസ്ഥാനമാക്കിയും പ്രോത്ത് മെത്രാൻ കൊല്ലം ആസ്ഥാനമാക്കിയും മലങ്കര നസ്രാണികളെ ഭരിച്ചുകൊണ്ടിരുന്നതായി കാണുന്നു. ഈ രണ്ടു മെത്രാന്മാരും നെസ്തോറിയരായിരുന്നുവെന്നു ചില ചരിത്രകാരന്മാർ എഴുതിയിട്ടുണ്ടെങ്കിലും അതു വാസ്തവമല്ലെന്നുള്ളതു നിസ്തക്കമാണ്. കാരണം, അന്നത്തെ നെസ്തോറിയൻ പാത്രിയക്കീസായിരുന്ന തിമോത്തിയോസ് മലങ്കരയ്ക്കു് അയച്ചിട്ടുള്ള മെത്രാന്മാരുടെ പട്ടികയിൽ സാബോർ, പ്രോത്ത് എന്നി നാമങ്ങൾ കാണുന്നില്ലെന്നുള്ളതുതന്നെ. പ്രസ്തുത മെത്രാന്മാരെ മലങ്കരയിലേക്കയച്ചതു് ബാബേലിലെ കത്തോലിക്കനായ "കാതോലിക്കോസ്" ആയിരുന്നു.

## 7. ആൽഫ്രഡ് രാജാവിൻെറ നേർച്ച

ഇംഗ്ലണ്ടിലേ കത്തോലിക്കാരാജാവായിരുന്ന ആൽഫ്രഡ് A. D. 885-ൽ സിങ്കളം എന്ന കത്തോലിക്കാ മെത്രാൻവഴി ഏതാനും കാഴ്ചദ്രവ്യങ്ങൾ മൈലാപ്പൂരിലേ മാർത്തോമ്മാശ്ലീഹായുടെ കബറിടത്തിലേക്ക് കൊടുത്തയച്ചതായി ചരിത്രത്തിൽ കാണുന്നു. തോമ്മാശ്ലീഹായുടെ കബറിടം കത്തോലിക്കക്ക് അധീനമായിരുന്നെന്നും തന്മൂലമാണ് കത്തോലിക്കനായിരുന്ന ആൽഫ്രഡ് രാജാവ് കത്തോലിക്കാമെത്രാൻ വശം കാഴ്ചകൾ കൊടുത്തയച്ചതു് എന്നുമുള്ളതു സ്പഷ്ടമാണ്. ഒരു അകത്തോലിക്കാ ദൈവാലയത്തിൽ കാഴ്ചകൾ കൊടുത്തയക്കുന്നതിനു കത്തോലിക്കനായ ഒരുവൻപോലും സന്നദ്ധനാകുന്നതല്ല. അപ്രകാരം തന്നെ ഒരു കത്തോലിക്കാമെത്രാൻ അകത്തോലിക്കാ ദൈവാലയത്തിൽ കാഴ്ചകൾ സമപ്പിക്കുന്നതുമല്ല. ആകയാൽ മൈലാപ്പൂരിലെ ദൈവാലയവും അവിടത്തെ ക്രൈസ്തവരും കത്തോലിക്കാസഭയിലായിരുന്നുവെന്നു സിദ്ധിക്കുന്നു. മൈലാപ്പൂരിലെ ക്രിസ്ത്യാനികളും കേരളത്തിലേ ക്രൈസ്തവരും അനേക ശതവഷക്കാലത്തേക്കു് പരസ്പരബന്ധം പരിപാലിച്ചുപോന്നു എന്നും, ഇവിടെനിന്നും മൈലാപ്പൂരിലേക്ക് തീത്ഥയാത്രയായി ക്രിസ്ത്യാനികൾ പോയിക്കൊണ്ടിരുന്നുവെന്നും, മൈലാപ്പൂരിലെ ക്രിസ്ത്യാനികൾ ഇവിടെ കുടിയേറി പാക്കുകയുണ്ടായി എന്നും, പരസ്പരം ആത്മീയകാര്യങ്ങളിൽ സഹകരിച്ചിരുന്നുവെന്നുമുള്ളതു് ചരിത്രസത്യമാണ്. ആകയാൽ മൈലാപ്പൂരിലെ ക്രൈസ്തവരും ഇവിടത്തേ ക്രൈസ്തവരും ഏക സഭയുടെ അംഗങ്ങളായിരുന്നുവെന്നു തെളിയുന്നു. മൈലാപ്പൂർ ക്രൈസ്തവർ കത്തോലിക്കരായിരുന്നതിനാൽ ഇവിടത്തെ ക്രൈസ്തവരും കത്തോലിക്കരായിരുന്നു എന്നുള്ളതു് അനുക്തസിദ്ധമാണല്ലോ.

## 8. അന്ത്യോക്യയിലേ കത്തോലിക്കാ പാത്രിയക്കീസന്മാരുടെ ഭരണം

അന്ത്യോഖ്യായിലേ കത്തോലിക്കാ പാത്രിയക്കീസ് (ഗ്രീക്കുമൽക്കയിറവ്) പന്ത്രണ്ടാം ശതകത്തിനു മുമ്പ് ബാഗ്ദാദിലെ കാതോലിക്കോസ് മുഖേന പൗരസ്ത്യദേശത്തെ ഭരിച്ചുകൊണ്ടിരുന്നുവെന്നും പ്രസ്തുത കാതോലിക്കോസന്മാർ ഇൻഡ്യയിലേക്കു മെത്രാന്മാരെ അയച്ചു കൊണ്ടിരുന്നുവെന്നും "റൗളിൻ" എന്ന ചരിത്രകാരൻ രേഖപ്പെടുത്തിയിരിക്കുന്നു. പന്ത്രണ്ടാം ശതകത്തിനു മുമ്പ് ഇൻഡ്യയിലും അക്കൂട്ടത്തിൽ മലങ്കരയിലുമുണ്ടായിരുന്ന ക്രൈസ്തവർ അന്ത്യോക്യാ കത്തോലിക്കാ പാത്രിയക്കീസിൻെറ കീഴിലുണ്ടായിരുന്ന കത്തോലിക്കരായിരുന്നുവെന്ന് ഇതിൽനിന്നും സ്പഷ്ടമായി തെളിയുന്നു.

## 9. ഇൻഡ്യയുടെ പാത്രിയക്കീസ് മാർ യോഹന്നാൻ

ക്രിസ്ത്വാബ്ദം 1122-ൽ "ഇൻഡ്യയുടെ പാത്രിയക്കീസ്" എന്ന അപരാഭിധാനമുണ്ടായിരുന്ന മാർ യോഹന്നാൻ കുസ്തന്തിനോസ് പോലീസു വഴി മാപ്പാപ്പായുടെ പ്രതിനിധികളുമൊന്നിച്ചു റോമിൽ എത്തുകയും "രണ്ടാം കലിക്സ്റ്റസ്" മാപ്പാപ്പായെ സന്ദർശിക്കയുമുണ്ടായി. മാർ യോഹന്നാൻ ഇൻഡ്യയിലേ വിവരങ്ങൾ മാപ്പാപ്പായെ ധരിപ്പിക്കുകയും പരിശുദ്ധ പിതാവിൽനിന്നും "പാല്യവസ്ത്രം" സ്വീകരിക്കയും ചെയ്തു. ഇൻഡ്യയിലെ സഭയെ അന്നു ഭരിച്ചിരുന്ന മാർ യോഹന്നാൻ കത്തോലിക്കാ മെത്രാനായിരുന്നുവെന്നും തദ്വാരാ, ഇവിടുത്തെ സഭ കത്തോലിക്കാ സഭയായിരുന്നുവെന്നും ഈ ചരിത്രസത്യവും വിളിച്ചുപറയുന്നു. (Roulin O. C, P. 435)

## 10. ഒഡോറിക്കുസിൻെറ സാക്ഷ്യം

ക്രിസ്ത്വബ്ദം 1145-നു മുമ്പ് ഒഡോറിക്കുസ് വിത്താലീസ് എന്ന ചരിത്രകാരൻ എഴുതിയ കൃതിയിൽ തോമ്മാശ്ലീഹാ സ്ഥാപിച്ച ഇവിടുത്തെ സഭയെക്കുറിച്ച് ഇപ്രകാരം എഴുതിയിരിക്കുന്നു:—"അവിടെ തോമ്മാശ്ലീഹായുടെ സിംഹാസനമുണ്ട്. ഇന്നുവരെ കത്തോലിക്കാ വിശ്വാസവും അവിടെയുണ്ട്." ഇവിടുത്തെ ക്രൈസ്തവർ പന്ത്രണ്ടാം നൂററാണ്ടിൽ കത്തോലിക്കരായിരുന്നുവെന്നത്രേ ഈ രേഖയും തെളിയിക്കുന്നതു്. (Mgr. Zaleski. Saints of India P. 144)

## 11 ഡീക്കൻ സക്കറിയാസിൻെറ എഴുത്തു്

ക്രിസ്തുവബ്ദം 1301-ൽ ഡീക്കൻ സക്കറിയാസ് എന്ന ആളി നാൽ എഴുതപ്പെട്ട ഒരു പ്രാചീന സുറിയാനിരേഖയിൽ കിഴക്കിൻെറ കാതോലിക്കോസും പാത്രിയക്കീസുമായ "മാർ എബെല്ലഹാ (v) യുടെയും അദ്ദേഹത്തിൻെറ വികാരിയായ മാർ യാക്കോബു മെത്രാൻെറയും ഭരണ ത്തിൻ കീഴിലായിരുന്ന ഭാരതീയ ക്രിസ്ത്യാനികളുടെ സിംഹാസനം— വി. തോമ്മാശ്ലീഹായുടെ സിംഹാസനം—ഇരുന്നതെന്നു് രേഖപ്പെടുത്തി യിരിക്കുന്നു. മാർ എബല്ലഹാ പാത്രിയക്കീസ് റോമാ മാപ്പാപ്പായുടെ അധികാരത്തിൻ കീഴിലുള്ള ഒരു ദേഹമായിരുന്നെന്നു് 1304-ൽ റോമി ലേക്കു് അദ്ദേഹം അയച്ച വിശ്വാസപ്രതിജ്ഞയിൽനിന്നും തെളിയുന്നു. ആകയാൽ ഭാരതീയ സഭ അക്കാലത്തു് കത്തോലിക്കാ സഭയായിരുന്നു വെന്നു സിദ്ധിക്കുന്നു.

## 12. കൊല്ലം മെത്രാനായ യോർദാനോസ്

A D, 1328-ൽ 22-ാം യോഹന്നാൻ മാപ്പാപ്പാ തിരുമനസ്സു കൊണ്ടു് ഒരു ഡൊമിനിക്കൻ സന്യാസിയായ യോർദ്ദാനോസിനെ കൊല്ലം മെത്രാനായി അഭിഷേചിക്കയും കൊല്ലത്തെ നസ്രാണിനേതാ വിനായി ഒരു കല്പനയും കൊടുത്തു് അദ്ദേഹത്തെ ഇവിടേയ്ക്കു് അയയ്ക്കു കയും ചെയ്തതായി കാണുന്നു. അന്നു് കൊല്ലത്തും പരിസരങ്ങളിലും ഉണ്ടായിരുന്ന ക്രൈസ്തവരും അവരുടെ നായകനും മാപ്പാപ്പായുടെ ഭര ണത്തിൻകീഴിൽ ജീവിച്ചിരുന്ന കത്തോലിക്കരായിരുന്നുവെന്നത്രേ ഇതും തെളിയിക്കുന്നതു്.

## 13. യോഹന്നാൻ മരിഞ്ഞോളിയുടെ കത്തു്

6-ാം ക്ലെമൻറ മാർപ്പാപ്പാ 1348-ൽ തൻെറ ഡലിഗററായി യോഹന്നാൻ മരിഞ്ഞോളി എന്ന ഒരു ഫ്റാൻസിസ്ക്കൻ മെത്രാനെ കേരളത്തിലേക്കയയ്ക്കുയും അദ്ദേഹം കൊല്ലത്തു് എത്തി 14 മാസത്തോളം താമസിക്കയും ചെയ്തു. ഇവിടെനിന്നും മടങ്ങിപ്പോയപ്പോൾ അദ്ദേഹം എഴുതിയ കത്തിൽ ഇപ്രകാരം കാണുന്നു. "മാർത്തോമ്മാ ക്രിസ്ത്യാനി കൾ കുരുമുളകിൻെറ ഉടമസ്ഥരാണു്. അവർ ഉടമസ്ഥരായിരിക്കുന്ന ആഫീസിൽനിന്നും മാപ്പാപ്പായുടെ പ്രതിപുരുഷൻ എന്ന നിലയിൽ പ്രതിമാസം 100 പൊൻപണവും സ്ഥലം വിട്ടപ്പോൾ 1000 പൊൻ പണവും അവർ എനിക്കു നല്കി", Mackenzie—Christianity

in Travancore P. 9) മാപ്പാപ്പായുടെ പ്രതിനിധിയെ ബഹുമാനിക്കയും അദ്ദേഹത്തിന്ന പ്രതിമാസം ശമ്പളം നല്കുകയും മടങ്ങിപ്പോയപ്പോൾ പാരിതോഷികം നല്കുകയും ചെയ്തതിനാൽ നിശ്ചയമായും ഇവിടുത്തെ ക്രൈസ്തവർ പതിന്നാലാം നൂററാണ്ടിലും മാപ്പാപ്പായുടെ ഭരണത്തിൻ കീഴിലുള്ള കത്തോലിക്കരായിരുന്നുവെന്ന തെളിയുന്നു.

## 14. വില്ലാർവട്ടം രാജാവിനുള്ള മാർപ്പാപ്പായുടെ കല്പന

കേരളത്തിലേ നസ്രാണികളുടെ രാജാവായി ഭരണം നടത്തിയിരുന്ന തോമസിന്ന് 1439-ൽ നാലാമത്തെ എവുജീനോസ് മാപ്പാപ്പാ കൊടുത്തയച്ച കല്പനയിൽ ഇപ്രകാരമാണ് എഴുതിയിരിക്കുന്നതു്. "മിശിഹായിൽ നമ്മുടെ പ്രിയ പുത്രനും ഇൻഡ്യയുടെ പ്രതാപപൂർണ്ണനായ ചക്രവർത്തിയുമായ തോമസിന്ന് ആരോഗ്യാശംസയും ശ്ലൈഹികാശിർവാദവും. അവിടുന്നും അവിടുത്തെ പ്രജകളും സത്യവിശ്വാസികളാണെന്നുള്ള കേഴ്വി പലപ്പോഴും നമ്മുടെ പക്കൽ എത്തിയിട്ടുണ്ടു്." (Travancore State Manuel Vol II. P. 147)

മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് "സത്യവിശ്വാസികൾ" എന്ന് കേരളത്തിലെ ക്രിസ്ത്യാനികളേയും അവരുടെ അധിപനേയുംപററി എഴുതണമെങ്കിൽ നിശ്ചയമായും അവർ കത്തോലിക്കരായിരുന്നിരിക്കണം. നെസ്തോറിയൻകാരെയോ യാക്കോബായക്കാരെയോ പററി "സത്യവിശ്വാസികളെ"ന്ന് ഒരു മാപ്പാപ്പായും ഒരിക്കലും പറയുന്നതല്ല.

## 15. മാർ യൗസേപ്പിന്റെ സാക്ഷ്യം

1490-ൽ കേരളത്തിലേക്കു മെത്രാന്മാരെ കൊണ്ടുവരുന്നതിനായി ഇവിടെ നിന്നും ബാബേലിലേക്കുപോയ കേരളീയനായ യൗസേഫ് അവിടെവച്ചു് പട്ടം സ്വീകരിക്കുകയുണ്ടായി. 1501-ൽ അദ്ദേഹം ചെയ്ത ഒരു പ്രസ്താവനയിൽ തന്റെ അധികാരിയായ കത്തോലിക്കാ പാത്രിയർക്കീസ് റോമ്മയിൽനിന്നുമുള്ള അധികാരത്താൽ അഭിഷേചിക്കപ്പെടുന്നുവെന്ന സ്പഷ്ടമായി പ്രസ്താവിച്ചിരിക്കുന്നു. കൂടാതെ അദ്ദേഹം റോമിൽ പോകുകയും ആറാം അലക്സാണ്ടർ മാർപ്പാപ്പായെ മുഖം കാണിക്കയും റോമായുടെ പരമാധികാരത്തിൽ തനിക്കുള്ള വിശ്വാസത്തെ പ്രകടിപ്പിക്കയും ചെയ്തു. കേരളത്തിലേക്കു മെത്രാന്മാരെ കൊണ്ടുവരുവാൻ ഇവിടുത്തെ നസ്രാണികൾ അയച്ച യൗസേഫ് കത്തോലിക്ക

നായിരുന്നുവെന്നും തദ്വാരാ, ഇവിടത്തെ ക്രൈസ്തവർ കത്തോലിക്കരായിരുന്നുവെന്നുമുള്ള വാസ്തവം ഇതും തെളിയിക്കുന്നു.

(Schurhammer· O. C. P. 30.)

## 16. ലൂയിസുകുഡ മുസ്ലോക്കിൻെറസാക്ഷ്യം

1493-ൽ കേരളം സന്ദർശിച്ച ലൂയിസുകുഡ മുസ്ലോക്ക് തിരുസഭയുടെ തലവൻ റോമാ മാർപ്പാപ്പായാണെന്ന് നസ്രാണികൾ വിശ്വസിച്ചിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. (Raulin Historia Ecclesiae Malabaricae P.385) 15-ാം നൂററാണ്ടിൽ കേരളീയ ക്രൈസ്തവർ കത്തോലിക്കരായിരുന്നുവെന്നല്ലയോ ഈ രേഖയും തെളിയിക്കുന്നതു്.

## 17. വാസ്കോഡിഗാമായ്ക്കു നല്കിയ സ്വീകരണം

A. D. 1502-ൽ ഒരു പോർട്ടുഗീസ് വണിഗ്വരനും കത്തോലിക്കനുമായിരുന്ന വാസ്കോഡിഗാമാ കൊച്ചിയിൽ എത്തിയപ്പോൾ ഇവിടത്തേ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഒരു നിവേദകസംഘം അദ്ദേഹത്തെ സ്വീകരിക്കുകയുണ്ടായി. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മുഖ്യനഗരമായ കൊടുങ്ങല്ലൂരിൽ നിന്നാണ് തങ്ങൾ വന്നതെന്നും ആ ദേശത്തിലേ ക്രിസ്ത്യാനികൾ മുപ്പതിനായിരത്തോളം ഉണ്ടെന്നും അവർ അദ്ദേഹത്തെ അറിയിച്ചു. യൂറോപ്പിലേ "ഏററം കത്തോലിക്കനായ" രാജാവിൻെറ ഉദ്യോഗസ്ഥനാണു ഗാമാ എന്നറിഞ്ഞു് അവർ അദ്ദേഹത്തോടു സഹായത്തിന് അഭ്യർത്ഥിച്ചു. തങ്ങളുടെ രാജകുടുംബം അന്യം നിന്നുപോയതിനാൽ ചെങ്കോലും രാജചിഹ്നങ്ങളും വാസ്കോഡിഗാമായെ ഏല്പിക്കുകയും പോർട്ടുഗൽ രാജാവിൻെറ സംരക്ഷണയിൽ തങ്ങളെ സ്വീകരിക്കണമെന്ന് അപേക്ഷിക്കയും, വാസ്കോഡിഗാമാ അതു സമ്മതിക്കയും ചെയ്തു. മാർത്തോമ്മാ ക്രിസ്ത്യാനികൾ ഉൾപ്പെട്ടിരുന്ന സഭയും, വാസ്കോഡിഗാമാ, പോർട്ടുഗൽരാജാവ് എന്നിവർ അംഗങ്ങളായിരുന്ന സഭയും ഒന്നുതന്നെ—അതേ, കത്തോലിക്കാസഭ തന്നെ—ആയിരുന്നുവെന്നാത്രേ ഇതു തെളിയിക്കുന്നതു്. ഏററം കത്തോലിക്കനായ രാജാവിൻെറ ഭരണത്തിൻകീഴിൽ ഇരിക്കുന്നതിന് അവർ സന്നദ്ധത പ്രകടിപ്പിച്ചതിൻെറ കാരണവും ഇതുതന്നെയെന്നു തെളിയുന്നു.

(Schurhammer. O. C. P. 8—9.)

## 18. ബാബിലോൺ മെത്രാന്മാർ

ക്രിസ്ത്വബ്ദം 1503-നുശേഷം ബാബേലിൽനിന്നു് 4 സുറിയാനി മെത്രാന്മാർ കേരളീയ ക്രൈസ്തവരുടെ ആദ്ധ്യാത്മിക ഭരണം നിർവഹിക്കുന്നതിനുവേണ്ടി കേരളത്തിൽ വന്നെത്തിയിട്ടുണ്ടു്. അവരെ പോർട്ടുഗീസ് മിഷ്യനറിമാർ സസന്തോഷം സ്വീകരിക്കുകയും, അവക്കു വിലയേറിയ സമ്മാനങ്ങൾ നല്കുകയും, തങ്ങളോടൊരുമിച്ചു താമസിപ്പിക്കയും, തങ്ങളുടെ ദൈവാലയങ്ങളിൽ ദിവ്യബലി അർപ്പിക്കുന്നതിനു് അവരെ അനുവദിക്കുകയും, പ്രസ്തുത ബലിയിൽ സംബന്ധിക്കുകയും ചെയ്കയുണ്ടായി. തങ്ങളുടെ സഭയിൽ ഉൾപ്പെട്ടിരുന്നവർ ആയിരുന്നതു നിമിത്തമല്ലയോ പോർട്ടുഗീസുകാർ ഇപ്രകാരമെല്ലാം പ്രസ്തുത മെത്രാന്മാരോടു പ്രവത്തിച്ചതു്. പ്രസ്തുത മെത്രാന്മാർ കത്തോലിക്കരായിരുന്നുവെന്നും അവരുടെ ഭരണത്തിൻകീഴിൽ ഉണ്ടായിരുന്ന ഇവിടത്തെ ക്രിസ്ത്യാനികൾ കത്തോലിക്കരായിരുന്നുവെന്നും ഈ വാസ്തവം വിളിച്ചു പറയുന്നു. (Giamel O. C. P. 593—600).

## 19. വി. ഫ്രാൻസിസ് സേവ്യറിന്റെ കത്തു്

A. D. 1504—1549 വരെ മലങ്കരയിലെ ക്രൈസ്തവരെ ഭരിച്ചിരുന്ന മെത്രാനായ മാർ യാക്കോബു് ഒരു കത്തോലിക്കാമെത്രാനായിരുന്നുവെന്നു് 1549-ൽ വി. ഫ്റാൻസിസ്സേവ്യർ പോർട്ടുഗൽ രാജാവിനു അയച്ച ഒരു കത്തിൽനിന്നും തെളിയുന്നു. ഇപ്രകാരമാണു് പ്രസ്തുത കത്തിൽ കാണുന്നതു്. "യാക്കോബു് ആബൂനാ എന്നു പേരുള്ള ഒരു അർമേനിയൻ മെത്രാൻ ദൈവത്തേയും അങ്ങയേയും സേവിച്ചുകൊണ്ടു് 45 കൊല്ലമായി ഇവിടെ ഭരിക്കുന്നു. സ്വഭാവഗുണവും പരിശുദ്ധിയും കൊണ്ടു് ദൈവത്തിനു് അത്യന്തം പ്രിയങ്കരനായ ഇദ്ദേഹത്തെ അവിടുന്നു് അവഗണിച്ചിരിക്കുന്നതായി തോന്നുന്നു. ദൈവദൃഷ്ടിയിൽ ഇത്ര സമ്മതനായ ഒരു മനുഷ്യന്റെ സന്മനസ്സും മാദ്ധ്യസ്ഥവും ഈ സന്ദർഭത്തിൽ അങ്ങേയ്ക്കു് അത്യാവശ്യമത്രേ." അകത്തോലിക്കനായ ഒരു മെത്രാനെപ്പററി വി. ഫ്രാൻസിസ് സേവ്യർ ഒരു കാലത്തും ഇപ്രകാരം എഴുതുന്നതല്ല. മാർ യാക്കോബിനെപ്പററി വി. ഫ്രാൻസിസ് സേവ്യർ എഴുതിയ വേറൊരു കത്തിൽ ഇപ്രകാരം കാണുന്നു. "അദ്ദേഹത്തിന്റെ വാദ്ധക്യകാലമായ ഇപ്പോഴും വി. മാതാവായ റോമാസഭയുടെ ആചാരങ്ങളോടു് വളരെ അനുസരണമുള്ളവനാകുന്നു". (Monumento Xaverina Matriti 1900, I, 480-481)

ഇതിൽനിന്നും മാർ യാക്കോബുമെത്രാൻ കത്തോലിക്കനായിരുന്നുവെന്നു് സ്പഷ്ടമായി തെളിയുന്നു. 45 കൊല്ലത്തോളം ആരുടെ ആദ്ധ്യാത്മിക ഭരണം മാർ യാക്കോബു നിർവഹിച്ചുകൊണ്ടിരുന്നുവോ ആ ക്രിസ്ത്യാനികൾ—അതേ കേരളീയ ക്രൈസ്തവർ—കത്തോലിക്കരായിരുന്നുവെന്നു് ഇതും നിസംശയം തെളിയിക്കുന്നു.

## 20. പൂർണ്ണ ദണ്ഡവിമോചനാഭ്യർത്ഥന

ക്രിസ്ത്വബ്ദം 1549-ൽ മാർത്തോമ്മാക്രിസ്ത്യാനികളുടെ വകയായ കൊടുങ്ങല്ലൂരുള്ള രണ്ടു ദൈവാലയങ്ങൾക്കു വേണ്ടി പൂർണ്ണദണ്ഡവിമോചനം നല്കുന്നതിനായി വി. ഫ്റാൻസിസ് സേവിയർ, വി. ഇഗ്നേഷ്യസ് ലയോളായോടു് ഒരു കത്തുമൂലം അഭ്യർത്ഥിക്കയുണ്ടായി. പ്രസ്തുത കത്തിൽ "വി. തോമ്മാശ്ലീഹായാൽ മാനസാന്തരപ്പെട്ടിട്ടുള്ളവരുടെ സന്താനങ്ങളും ഇദ്ദേശവാസികളുമായ ആളുകൾ പുണ്യത്തിൽ അഭിവൃദ്ധിപ്പെടുന്നതിനുവേണ്ടി" എന്നാണു രേഖപ്പെടുത്തിയിരിക്കുന്നതു്. (Coleridge. Life and letters of St. Francis Xavier P. 73—74) ദൈവാലയങ്ങൾ സന്ദർശിച്ചു് വി. കുർബാന സ്വീകരിക്കുന്നവർക്കായിട്ടത്രേ വി. ഫ്റാൻസിസ് സേവിയർ ദണ്ഡവിമോചനം അഭ്യർത്ഥിച്ചതു്. ഒരു അകത്തോലിക്കാ ദൈവാലയം സന്ദർശിച്ചു് വി. കുർബാന സ്വീകരിക്കുന്നവർക്കുവേണ്ടി വിശുദ്ധൻ ഒരു കാലത്തും ദണ്ഡവിമോചനം അഭ്യർത്ഥിക്കയില്ലെന്നുള്ളതു നിസ്തർക്കമത്രേ. അപ്രകാരം തന്നെ കത്തോലിക്കരല്ലാത്തവരുടെ പുണ്യാഭിവൃദ്ധിക്കുവേണ്ടി ദണ്ഡവിമോചനം വിശുദ്ധൻ അഭ്യർത്ഥിക്കുകയുമില്ല. ആകയാൽ ഉദിയംപേരൂർ സുന്നഹദോസിനു് സുമാർ അൻപതുവർഷങ്ങൾക്കു മുൻപു തന്നെ കൊടുങ്ങല്ലൂർ ഉണ്ടായിരുന്ന ദൈവാലയങ്ങൾ കത്തോലിക്കാ ദൈവാലയങ്ങളും അവിടത്തെ ക്രൈസ്തവർ കത്തോലിക്കരുമായിരുന്നു എന്നു നിർവ്വിവാദം തെളിയുന്നു.

## 21. വൈദികസെമ്മനാരി

വൈദികവിദ്യാർത്ഥികളെ അഭ്യസിപ്പിക്കുന്നതിനുവേണ്ടി പോർട്ടുഗീസുകാർ ഒരു സിമ്മനാരി കൊടുങ്ങല്ലൂരിൽ സ്ഥാപിക്കയുണ്ടായി. പ്രസ്തുത സിമ്മനാരിയിൽ വൈദികവിദ്യാഭ്യാസം നടത്തുന്നതിനുവേണ്ടി കേരളത്തിലെ ക്രൈസ്തവ കുടുംബങ്ങളിൽ ഏററം പ്രാധാന്യമർഹിക്കുന്ന നൂറിൽപരം കുടുംബങ്ങളിലെ വിദ്യാർത്ഥികൾ പഠനം നടത്തിക്കൊണ്ടിരുന്നതായി വി. ഫ്രാൻസിസ് സേവിയർ പോർട്ടുഗലിലേക്കു

യച്ച ഒരു കത്തിൽ കാണുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വൈദികപഠനാർത്ഥം ഉൽകൃഷ്ടക്രൈസ്തവ കുടുംബങ്ങളിലെ വിദ്യാർത്ഥികളെ ഒരു കത്തോലിക്കാ സിമ്മനാരിയിലേക്കയയ്ക്കണമെങ്കിൽ നിശ്ചയമായും പ്രസ്തുത കുടുംബങ്ങൾ കത്തോലിക്കാ കുടുംബങ്ങളായിരുന്നു എന്നതിനു സംശയമില്ല. ഉദിയംപേരൂർ സുന്നഹദോസിൽ വെച്ചാണു കേരളത്തിലെ ക്രൈസ്തവർ കത്തോലിക്കരായിത്തീർന്നതെന്നുള്ള പ്രസ്താവന അവാസ്തവമാണെന്നു് പ്രസ്തുത സുന്നഹദോസിനു് അനേക വർഷങ്ങൾക്കുമുമ്പു നടന്ന ഈ ചരിത്രസത്യവും വിളിച്ചു പറയുന്നു.

## 22. റോസ്സ് മെത്രാന്റെ പ്രബന്ധം

ഉദിയംപേരൂർ സുന്നഹദോസിന്റെ നിയമങ്ങൾ നിർമ്മിച്ചവരിൽ പ്രധാനിയും നസ്രാണികളുടെ ഒന്നാമത്തേ ലത്തീൻ മെത്രാനുമായിരുന്ന റോസ് എസ്. ജെ. അവർകൾ സുന്നഹദോസിനു പതിമൂന്നു വർഷങ്ങൾക്കു മുൻപു് എഴുതിയ ഒരു പ്രബന്ധത്തിൽ ഇവിടുത്തെ നസ്രാണികൾ റോമൻ കത്തോലിക്കാ വിശ്വാസമുള്ളവരാണെന്നും (Romanam fidem catholicam fuerint proffessi) നെസ്തോറിയൂസ്, തിയോദരസ് മുതലായവരുടെ നാമങ്ങൾ കൈവശമുള്ള പുസ്തകങ്ങളിൽ ഉണ്ടായിരുന്നെങ്കിലും കാനോൻ ജപം ചൊല്ലുകയിൽ മലങ്കര സുറിയാനി പട്ടക്കാർ ആ നാമങ്ങൾ വിട്ടുകളഞ്ഞിരുന്നു എന്നും, പരിശുദ്ധ കന്യകാമറിയം ദൈവമാതാവാണെന്നു പരസ്യമായി അവർ പഠിപ്പിച്ചിരുന്നു എന്നും രേഖപ്പെടുത്തിയിരിക്കുന്നു. (Orientalia Christiana N 40 p p. 15—32—21.

ഉദിയംപേരൂർ സുന്നഹദോസിനുമുമ്പു് ഇവിടുത്തേ ക്രൈസ്തവർ കത്തോലിക്കരായിരുന്നു എന്നുള്ള വാസ്തവമല്ലയോ ഈ സാക്ഷ്യവും തെളിയിക്കുന്നതു് ?

## 23. മാർ അബ്രഹാം മെത്രാൻ

ക്രിസ്താബ്ദം 1568—1597 വരെയുള്ള 29 വർഷക്കാലം മലങ്കരയിലെ ക്രൈസ്തവരെ ഭരിച്ചിരുന്ന മാർ അബ്രഹാം മെത്രാൻ ഒരു കത്തോലിക്കാ മെത്രാനായിരുന്നു എന്നു നിരവധി ചരിത്രരേഖകൾ തെളിയിക്കുന്നുണ്ടു്. അവയിൽ ചിലവ താഴെ ചേർത്തുകൊള്ളുന്നു.

1. 1577-ൽ കൊച്ചീ മഹാരാജാവു തിരുമനസ്സുകൊണ്ടു് മാർ അബ്രഹാം മെത്രാനെപ്പററി റോമ്മാ മാർപ്പാപ്പാ തിരുമനസ്സിലേക്കു് ഒരെഴുത്തയക്കയുണ്ടായി. പോർട്ടുഗീസുകാർ മാർ അബ്രഹാം മെത്രാനെ

പല വിധത്തിൽ ഉപദ്രവിക്കുന്നു എന്നായിരുന്നു മഹാരാജാവിൻെറ കത്തിൽ എഴുതിയിരുന്നതു്. പ്രസ്തുത കത്തുലഭിച്ച ഉടൻതന്നെ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് പോർട്ടുഗീസ് രാജാവിനും ഗോവാ മെത്രാപ്പോലീത്തായ്ക്കും കല്പനകൾ അയക്കയുണ്ടായി. "നമ്മുടെ ബഹുമാന്യ സഹോദരനായ അങ്കമാലി മെത്രാപ്പോലീത്തായോടു് (മാർ അബ്രഹാം മെത്രാൻ) ഭൂതദയയോടും സ്നേഹത്തോടും വർത്തിക്കണ"മെന്നായിരുന്നു പ്രസ്തുത കല്പനയിൽ എഴുതിയിരുന്നതു്. മാർ അബ്രഹാം മാർപ്പാപ്പായുടെ കീഴിലുള്ള ഒരു മെത്രാനായിരുന്നു എന്ന വാസ്തവമത്രേ കൊച്ചിമഹാരാജാവിൻെറ കത്തും മാർപ്പാപ്പായുടെ കല്പനയും തെളിയിക്കുന്നതു്.

2. 1579-ൽ മാർ അബ്രഹാം മെത്രാൻ മാർപ്പാപ്പാ തിരുമേനിയിൽനിന്നും "പാല്യവസ്ത്രം" അഭ്യർത്ഥിച്ചുകൊണ്ടുള്ള ഒരു കത്തയപ്പിക്കയുണ്ടായി. ഒരു അകത്തോലിക്കാ മെത്രാൻ പാല്യവസ്ത്രത്തിനു വേണ്ടി റോമിലേക്കഭ്യർത്ഥിപ്പിക്കയില്ലെന്നുള്ളതു നിസ്സംശയമത്രേ. ആകയാൽ മാർ അബ്രഹാം ഒരു കത്തോലിക്കാ മെത്രാനാണെന്നു് ഈ വാസ്തവവും തെളിയിക്കുന്നു. (Brief Sketch P. 43)

3. 1584-ൽ ജോർജ്ജ് അർക്കദിയാക്കോനെ പാത്രിയർക്കീസിൻെറ സമ്മതത്തോടുകൂടെ പാലയൂരെ മെത്രാൻ സ്ഥാനീയനും കോഅഡ്ജ്യൂട്ടറുമായി താൻ നിയമിച്ചിരിക്കുന്നതായി മാർ അബ്രഹാം മെത്രാൻ മാർപ്പാപ്പായിക്കു് എഴുതി അയയ്ക്കയുണ്ടായി. ഒരു കത്തോലിക്കാ മെത്രാനല്ലായിരുന്നു എങ്കിൽ മാർ അബ്രഹാം ഇപ്രകാരം മാർപ്പാപ്പായിക്കു് എഴുതി അയയ്ക്കുമായിരുന്നില്ല.

4. 1586-ൽ കൊടുങ്ങല്ലൂർ അതിരൂപതയ്ക്കായി പൂർണ്ണദണ്ഡവിമോചനം നല്കുന്നതിനു പതിമൂന്നാം ഗ്രീഗോറിയോസ് മാർപ്പാപ്പായോടു് മാർ അബ്രഹാം മെത്രാൻ അഭ്യർത്ഥിക്കയും അതനുസരിച്ചു് മാർപ്പാപ്പാ പൂർണ്ണദണ്ഡവിമോചനം നല്കുകയും ചെയ്കയുണ്ടായി. മാർപ്പാപ്പായുടെ കീഴിലുള്ള ഒരു കത്തോലിക്കാ മെത്രാനായിരുന്നു മാർ അബ്രഹാം എന്ന വാസ്തവമത്രേ ഇതും തെളിയിക്കുന്നതു്. (Beltrami O. C. P. 194.)

ഉദിയംപേരൂർ സുന്നഹദോസിനുമുൻപു് ഉദ്ദേശം 29-വർഷം കേരളത്തിലെ ക്രൈസ്തവരെ ഭരിച്ചുകൊണ്ടിരുന്ന മാർ അബ്രഹാം ഒരു കത്തോലിക്കാ മെത്രാനായിരുന്നു എന്നും തന്മൂലം അദ്ദേഹത്തിൻെറ

കീഴിലുണ്ടായിരുന്ന ഇവിടത്തെ ക്രൈസ്തവർ കത്തോലിക്കരായിരുന്നു എന്നുമുള്ള വാസ്തവമല്ലയോ മേലുദ്ധരിച്ച സുസ്പഷ്ടങ്ങളായ നാലു രേഖകളും തെളിയിക്കുന്നതു്?

## 24. ജൂബിലിദണ്ഡവിമോചന പ്രഖ്യാപനം

ഉദിയംപേരൂർ സൂന്നഹദോസിനു മൂന്നുവർഷങ്ങൾക്കുമുൻപു് (1596-ൽ) ക്ലമീസ് മാർപ്പാപ്പായുടെ ജൂബിലി കേരളത്തിൽ പ്രഖ്യാപനം ചെയ്യപ്പെടുകയുണ്ടായി. കേരളത്തിലേ ക്രൈസ്തവർ അതു സ്വീകരിച്ച വിധത്തെപ്പററി പീററർ ജാറി എന്ന ഗ്രന്ഥകാരൻ ഇപ്രകാരമാണു പ്രസ്താവിച്ചിരിക്കുന്നതു്. "ഈ ജൂബിലി പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ ഈ ക്രിസ്തീയജനം അത്യന്തം സന്തുഷ്ടരാകുകയും മാർപ്പാപ്പായെ ബഹുമാനിക്കുന്നതിനും പ്രശംസിക്കുന്നതിനും അവക്കു് ഇതൊരു കാരണമായി ഭവിക്കയും ചെയ്തു. പ്രസ്തുത ജൂബിലിയുടെ അവസരത്തിൽ അവർ ഉപവസിച്ചിരുന്ന ദിവസങ്ങളിൽ സന്ധ്യവരെ യാതൊന്നും അനുഭവിക്കാതെ പകൽ മുഴുവൻ ദൈവാലയത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ജൂബിലി പ്രസിദ്ധീകരിക്കപ്പെട്ടതും അധികം ജനബാഹുല്യമുള്ളതുമായ പട്ടണത്തിൽ രണ്ടായിരത്തിൽപരം ആളുകൾ കുമ്പസാരിക്കയുണ്ടായി". (O. C. 1, pp, 615–616)

ഉദിയംപേരൂർ സൂന്നഹദോസിനു മൂന്നു വഷം മുൻപുവരെ കേരളീയ ക്രൈസ്തവർ റോമാ മാർപ്പാപ്പായെ തങ്ങളുടെ ആദ്ധ്യാത്മിക തലവനായി സ്വീകരിച്ചിരുന്നു എന്നു് ഈ സംഭവം സ്പഷ്ടമായി തെളിയിക്കുന്നു.

മേലുദ്ധരിച്ച സുസ്പഷ്ടങ്ങളായ ഇരുപത്തിനാലു ചരിത്രരേഖകൾ തെളിയിക്കുന്ന വാസ്തവം 1599-ൽ നടന്ന ഉദിയംപേരൂർ സൂന്നഹദോസിനുമുൻപു് കേരളത്തിലുണ്ടായിരുന്ന ക്രൈസ്തവർ റോമ്മാ മാർപ്പാപ്പായുടെ ഭരണത്തിൻ കീഴിലുള്ള കത്തോലിക്കരായിരുന്നു എന്നുള്ളതത്രേ. അകയാൽ ഉദിയംപേരൂർ സൂന്നഹദോസിനുമുൻപു ജീവിച്ചിരുന്ന കേരളീയ നസ്രാണികൾ അകത്തോലിക്കരായിരുന്നു എന്നും, ഉദിയംപേരൂർ സൂന്നഹദോസിൽവെച്ചാണു് ആർച്ചുബിഷപ്പു് മെനസ്സിസും പോർട്ടുഗീസ് മിഷ്യനറിമാരും അവരെ കത്തോലിക്കരാക്കിത്തീർത്തതെന്നുമുള്ള ചില അകത്തോലിക്കാ ചരിത്രകാരന്മാരുടെ വാദം ചരിത്രസത്യത്തിനു് കടകവിരുദ്ധവും സത്യാന്വേഷികളെ തെററിദ്ധരിപ്പിക്കുന്നതിനുവേണ്ടിമാത്രം നിർമ്മിതവുമായിട്ടുള്ളതാണെന്നു സുസ്പഷ്ടം തെളിയുന്നു.

അദ്ധ്യായം 8.

# ഉദിയംപേരൂർ സൂന്നഹദോസും കൂനൻകുരിശു സത്യവും

## ചരിത്രരേഖകളുടെ വെളിച്ചത്തിൽ

ക്രിസ്ത്വബ്ദം 1599-ൽ നടന്ന ഉദിയംപേരൂർ സൂന്നഹദോസിനു മുൻപ് ജീവിച്ചിരുന്ന കേരളത്തിലെ ക്രൈസ്തവർ കത്തോലിക്കാസഭാംഗങ്ങളായിരുന്നു എന്നുള്ള സത്യം നിരവധി ചരിത്രരേഖകൾ ഉദ്ധരിച്ചുകൊണ്ട് കഴിഞ്ഞ അദ്ധ്യായത്തിൽ തെളിയിച്ചിരുന്നുവല്ലൊ. പ്രസ്തുത സൂന്നഹദോസ് നടത്തിയ ആർച്ചുബിഷപ്പ് മെനസ്സിസ്സ് ചതിരുപായങ്ങൾ പ്രയോഗിച്ച് അകത്തോലിക്കരായിരുന്ന ഇവിടത്തെ ക്രൈസ്തവരെ കത്തോലിക്കരാക്കിത്തീർക്കുകയാണു ചെയ്തതെന്നും മററും സുസ്പഷ്ടങ്ങളായ ചരിത്രരേഖകൾക്കെതിരായി ചില അകത്തോലിക്കാ ചരിത്രകാരന്മാർ എഴുതുകയുണ്ടായിട്ടുണ്ട്. അപ്രകാരം തന്നെ ക്രിസ്താബ്ദം 1653-ൽ കേരളീയ ക്രൈസ്തവർ മട്ടാഞ്ചേരിയിൽ വെച്ചു നടത്തിയ സത്യം റോമ്മാ മാർപ്പാപ്പായ്ക്കു് എതിരായിട്ടായിരുന്നു എന്നും, പ്രസ്തുത സത്യംചെയ്ത പിതാക്കന്മാർ കത്തോലിക്കാസഭയെ ഉപേക്ഷിക്കയാണു ചെയ്തതെന്നും പല അകത്തോലിക്കരും എഴുതുകയും പ്രസംഗിക്കയും ചെയ്യുന്നുണ്ട്. ഇവ രണ്ടും ചരിത്രസത്യങ്ങളാണെന്നു വിശ്വസിച്ചിട്ടുള്ള ഒട്ടനേകം ആളുകൾ കേരളത്തിലെ അകത്തോലിക്കരുടെ ഇടയിലുണ്ടെന്നുള്ളതു പരമാർത്ഥമാണ്. വാസ്തവവിരുദ്ധമായ ഇവരുടെ വാദങ്ങളും പ്രസ്താവനകളും ചരിത്രനികഷത്തിന്മേലുരച്ചു മാററു വെളിപ്പെടുത്തുന്നതിന്നാണ് ഈ അദ്ധ്യായത്തിൽ ഞാൻ ഉദ്ദേശിക്കുന്നതു്.

## ഉദിയംപേരൂർ സൂന്നഹദോസ്

ആർച്ചുബിഷപ്പ് മെനസ്സിസ് മലങ്കരയിൽ നടത്തിയ പ്രവർത്തനങ്ങളും അതു സംബന്ധിച്ച് അദ്ദേഹം എഴുതിയിട്ടുള്ള കത്തുകളും ഉദിയംപേരൂർ സൂന്നഹദോസിനു മുൻപു കേരളീയ ക്രൈസ്തവർ കത്തോലിക്കരായിരുന്നു എന്നുള്ള വാസ്തവം തെളിയിക്കുന്നുണ്ട്. അവയിൽ ഏതാനും ചിലതു ചുവടേ ചേർത്തുകൊള്ളുന്നു:—

## 1. ദൈവാലയ സന്ദർശനങ്ങൾ

ഉദിയംപേരൂർ സൂന്നഹദോസ് ആരംഭിക്കുന്നതിനുമുൻപ് മെനസ്സിസ് മെത്രാപ്പോലീത്താ ഒട്ടനേകം ദൈവാലയങ്ങൾ സന്ദർശിക്കയുണ്ടായി. പറവൂർ, ആലങ്ങാട്ട്, ചൊവ്വര, കാഞ്ഞൂർ, പുറക്കാട്ട്, കായംകുളം, കൊല്ലം, കടുത്തുരുത്തി, മുളന്തുരുത്തി, ഉദിയംപേരൂർ, തൃപ്പൂണിത്തുറ ആദിയായ ദൈവാലയങ്ങളായിരുന്നു അദ്ദേഹം സന്ദർശിച്ചവയിൽ പ്രാധാന്യം അർഹിക്കുന്നവ. പ്രസ്തുത ദൈവാലയങ്ങളിലെല്ലാം പരസ്യമായി അദ്ദേഹം ദിവ്യബലി അർപ്പിക്കുകയും പ്രസംഗങ്ങൾ നടത്തുകയും ചെയ്തു. (Roulin o. c. p. 25—26) ആ ദൈവാലയങ്ങൾ അകത്തോലിക്കാദേവാലയങ്ങളായിരുന്നു എങ്കിൽ—അവിടത്തെ ജനങ്ങൾ അകത്തോലിക്കരായിരുന്നുവെങ്കിൽ—ഒരു കത്തോലിക്കാമെത്രാപ്പോലീത്താ ഇപ്രകാരം ചെയ്യുവാൻ ധൈര്യപ്പെടുകയില്ലായിരുന്നു എന്നുള്ളതു് നിസ്സംശയമാണു്. അപ്രകാരം തന്നെ അവിടത്തെ ജനങ്ങളും വൈദികന്മാരും കത്തോലിക്കർ അല്ലായിരുന്നുവെങ്കിൽ ഒരു കത്തോലിക്കാമെത്രാപ്പോലീത്തായെ തങ്ങളുടെ ദൈവാലയങ്ങളിൽ ദിവ്യബലി അർപ്പിക്കുന്നതിനോ പ്രസംഗങ്ങൾ നടത്തുന്നതിനോ അനുവദിക്കയില്ലെന്നുള്ളതു് സുനിശ്ചിതമാണു്. ആകയാൽ പ്രസ്തുത ദൈവാലയങ്ങൾ കത്തോലിക്കാ ദൈവാലയങ്ങളും ജനങ്ങൾ കത്തോലിക്കരുമായിരുന്നുവെന്നു തെളിയുന്നു.

## 2. വൈദികാഭിഷേചനം

കൊടുങ്ങല്ലൂർ ദൈവാലയത്തിൽ വെച്ചു് അഞ്ചു ശെമ്മാശന്മാർക്കും ഉദിയംപേരൂർ പള്ളിയിൽവെച്ചു് മുപ്പത്തെട്ടു ശെമ്മാശന്മാർക്കും സൂന്നഹദോസിനു വളരെ മുൻപു് മെനസ്സിസ് മെത്രാപ്പോലീത്താ വൈദികപട്ടം നല്കുകയുണ്ടായി. (Roulin I bid p. 29) പ്രസ്തുത ശെമ്മാശന്മാരും അവരുടെ കുടുംബാംഗങ്ങളും അകത്തോലിക്കരായിരുന്നുവെങ്കിൽ ഒരു കത്തോലിക്കാമെത്രാപ്പോലീത്തായിൽനിന്നു പട്ടം സ്വീകരിക്കുന്നതിനു് അവർ സന്നദ്ധത പ്രദർശിപ്പിക്കുമോ? ഇല്ലെന്നുള്ളതു് സുനിശ്ചിതമാണു്. അപ്രകാരം തന്നെ അകത്തോലിക്കരുടെ ഇടവകയിലോ രൂപതയിലോ കയറി വൈദികന്മാരെ അഭിഷേചിക്കുന്നതിനു് ഒരു കത്തോലിക്കാ മെത്രാപ്പോലീത്താ സന്നദ്ധനാകുമോ? അവിടത്തെ ജനങ്ങളും വൈദികാധികാരികളും അതിനനുവദിക്കുമോ? ഇല്ലെന്നുള്ളതു നിർവിവാദമത്രേ. ആകയാൽ പ്രസ്തുത ദൈവാലയങ്ങൾ കത്തോലിക്കാദൈവാലയങ്ങളും, വൈദികന്മാരും ജനങ്ങളും കത്തോലിക്കരുമായിരുന്നു എന്നു സിദ്ധിക്കുന്നു.

## 3. മഹറോൻ ഭീഷണി

ആർച്ചുബിഷപ്പു മെനസ്സിസ് ദൈവാലയങ്ങൾ സന്ദർശിച്ച അവസരത്തിൽ സുറിയാനിറീത്തിനെതിരായി ചില പ്രസംഗങ്ങൾ നടത്തുകയാൽ അവിടത്തെ ജനങ്ങൾ പ്രക്ഷുബ്ധരായിത്തീൎന്നു. ജനങ്ങളുടെ ക്ഷോഭം ആർച്ചുബിഷപ്പിനെ കോപകലുഷിതനാക്കിത്തീൎക്കുകയും തന്നോടെതിർത്താൽ അവരെയെല്ലാം താൻ മഹറോൻ ചൊല്ലുമെന്നു ഭീഷണിപ്പെടുത്തുകയും ചെയ്തു. (Ibid p. 34—35) പ്രസ്തുത ജനങ്ങൾ കത്തോലിക്കരല്ലായിരുന്നുവെങ്കിൽ അവരെ മഹറോൻ ചൊല്ലുമെന്നു് ആർച്ചുബിഷപ്പു് ഭയപ്പെടുത്തുകയില്ലെന്നുള്ളതു് നിർവ്വിവാദമാണു്. ആകയാൽ ആർച്ചുബിഷപ്പു് ഏതൊരു സഭയുടെ മെത്രാപ്പോലീത്താ ആയിരുന്നുവോ ആ സഭയിലെ, അതേ കത്തോലിക്കാസഭയിലേ അംഗങ്ങളായിരുന്നു അവരും എന്നു തെളിയുന്നു.

## 4. മെനസ്സിസിൻെറ കല്പന

1599-ജൂൺ 29-ാംനു- ആയിരുന്നുവല്ലോ ഉദിയംപേരൂർ സൂന്നഹദോസ് ആരംഭിച്ചതു്. പ്രസ്തുത സൂന്നഹദോസിൽ സംബന്ധിക്കുന്നതിനായി ജനപ്രതിനിധികളെ ക്ഷണിച്ചുകൊണ്ടു് ആർച്ചുബിഷപ്പു് ഓരോ പള്ളികൾക്കും അയച്ച കല്പനയിലേ ഒരു ഭാഗം താഴെച്ചേൎക്കുന്നു:—

"ദിവ്യമായ അനുസരണത്തിൻെറ അവകാശത്തോടും ലംഘനത്തിൽ മഹറോൻശിക്ഷ വിധിച്ചുകൊണ്ടും നാം ആജ്ഞാപിക്കുന്നു. ഈ രൂപതയിലേ അൎക്കദിയാക്കോനും സകല വൈദികരും നമ്മോടൊന്നിച്ചു് രൂപതാസംബന്ധമായ ഒരു സൂന്നഹദോസു കൊണ്ടാടുന്നതിനായി ഉദിയംപേരൂർ നഗരത്തിൽ സന്നിഹിതരാകേണ്ടതാകുന്നു. അതേ തത്വത്തിലും അതേ ശിക്ഷയിലും നാം ആജ്ഞാപിക്കുന്നു ഈ രൂപതയിലേ സകല നഗരങ്ങളിലും ഗ്രാമങ്ങളിലുമുള്ള സകല ക്രിസ്ത്യാനികളും അവരുടെ ഇടയിൽ അത്യധികം ബഹുമാന്യരായ നാലുപേരെ ഓരോ ഇടവകയിൽനിന്നും തെരഞ്ഞെടുത്തു പ്രസ്തുത സൂന്നഹദോസിൽ അയയ്ക്കേണ്ടതാകുന്നു." (Raulin o. c. p. 62)

മേലുദ്ധരിച്ച കല്പനയിൽ ആർച്ചുബിഷപ്പു മെനസ്സിസ് സംബോധനചെയ്യുന്നതു് അകത്തോലിക്കരെയല്ല, പ്രത്യുത, കത്തോലിക്കരെയാണെന്നുള്ളതു സംശയരഹിതമായ കാൎയ്യമത്രേ. ദിവ്യമായ അനുസരണം ആരിൽനിന്നാണു് അദ്ദേഹത്തിനു് ആശിക്കാവുന്നതു്? ആരോ

ടാജ്ഞാപിക്കുന്നതിനാണു് അധികാരമുള്ളതു്? ആരിലാണു് മഹറോൻ ശിക്ഷ അദ്ദേഹത്തിനു പ്രയോഗിക്കാവുന്നതു്? കത്തോലിക്കരിൽനിന്നും, കത്തോലിക്കരോടും, കത്തോലിക്കരിലും എന്നൊരു മറുപടിയല്ലാതെ മറ്റൊരു സമാധാനവും ഈ പ്രശ്നത്തിനു ലഭിക്കുന്നതല്ല.

## 5. ജനപ്രതിനിധികളുടെ ആഗമനം

ആർച്ചുബിഷപ്പിൻെറ കല്പനയനുസരിച്ചു കേരളത്തിൻെറ നാനാഭാഗങ്ങളിലുമുള്ള ഇടവകകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളായി 153 പട്ടക്കാരും 671 അയ്മേനി പ്രതിനിധികളും സുന്നഹദോസിൽ സംബന്ധിക്കുന്നതിനായി ഉദിയംപേരൂരിൽ ചെന്നു ചേരുകയും ഒരാഴ്ച നടന്ന പ്രസ്തുത സുന്നഹദോസിൽ സംബന്ധിക്കയും ചെയ്തു. കേരളത്തിലെ സുറിയാനിക്കാർ യാക്കോബായരോ നെസ്തോറിയരോ ആയിരുന്നുവെങ്കിൽ ഒരു റോമൻ കത്തോലിക്കു് ആർച്ചുബിഷപ്പിൻെറ കല്പന കിട്ടിയ ഉടൻതന്നെ പ്രതിനിധികളെ തെരഞ്ഞെടുത്തയക്കുവാൻ അവർ സന്നദ്ധത പ്രദർശിപ്പിക്കുമോ? സുറിയാനിക്കാരുടെ പ്രതിനിധികളായ വൈദികന്മാരും അയ്മേനികളും അടങ്ങിയ 800-ൽ പരം ആളുകൾ ആർച്ചുബിഷപ്പു നടത്തിയ സുന്നഹദോസിലേക്കു പോകുവാൻ സന്നദ്ധരാകുമോ? അദ്ദേഹത്തിൻെറ അദ്ധ്യക്ഷതയിൽ കൂടിയ സുന്നഹദോസിൻെറ ഏഴു ദിവസത്തെ സമ്മേളനങ്ങളിൽ അവർ സംബന്ധിക്കുമോ? ഇല്ലെന്നുള്ളതു സംശയരഹിതമത്രേ. ആകയാൽ അവരെല്ലാംതന്നെ കത്തോലിക്കരായിരുന്നുവെന്നു സ്ഫടികസ്ഫുടം പോലെ തെളിയുന്നു.

## 6. സുന്നഹദോസിൻെറ ഡിക്രി

സുന്നഹദോസിൻെറ പ്രഥമ സമ്മേളനത്തിലെ നാലാമത്തെ ഡിക്രി ഇപ്രകാരമായിരുന്നു. "സകല ക്രിസ്ത്യാനികളും വൈദികന്മാരും പാപസങ്കീർത്തനം കഴിക്കണമെന്നും വൈദികരെല്ലാം പൂജ അർപ്പിക്കണമെന്നും നാം ശാസിക്കയും ആജ്ഞാപിക്കയും ചെയ്യുന്നു. സുന്നഹദോസിൻെറ വിജയത്തിനുവേണ്ടി പ്രതിദിനം രണ്ടു സംഗീതപൂജകൾ വീതം അർപ്പിക്കണം. അതിൽ ഒന്നു് ലത്തീൻകാർ പരിശുദ്ധാത്മാവിൻേറയും മററതു് സുറിയാനിക്കാർ ദൈവമാതാവിൻേറയും ബഹുമാനാർത്ഥം സമർപ്പിക്കേണ്ടതാണു്. ലത്തീൻകാരും സുറിയാനിക്കാരും പ്രതിദിനം സൂര്യാസ്തമനത്തിനുശേഷം ദൈവമാതാവിൻെറ സ്മരണയ്ക്കായി ലുത്തിനിയാ ജപിക്കേണ്ടതാകുന്നു." (Actio I. Decree 4.)

സുന്നഹദോസിൻെറ പ്രഥമ ദിവസംതന്നെ പാസ്സാക്കപ്പെട്ട നിശ്ചയങ്ങളിലൊന്നാണു് മേലുദ്ധരിച്ചതു്. വൈദികന്മാരും അയ്മേനികളും—അവിടെ ഉണ്ടായിരുന്ന സുറിയാനിക്കാരെല്ലാംതന്നെ—കത്തോലിക്കാരായിരുന്നു എന്നുള്ള വാസ്തവമല്ലയോ ഈ നിശ്ചയം തെളിയിക്കുന്നതു് ? കത്തോലിക്കരല്ലാത്തവരോടു പൂജ അപ്പിക്കുവാനും, ലുത്തിനിയാ ചൊല്ലുവാനും, പാപസങ്കീത്തനം കഴിക്കുവാനും ഒരു കത്തോലിക്കാ മെത്രാപ്പോലീത്താ സുന്നഹദോസു ഡിക്രിമൂലം ആജ്ഞാപിക്കയില്ലെന്നുള്ളതു് സുനിശ്ചിതമത്രേ.

ഇതിനു സമാധാനമായി ചതിരുപായങ്ങഠം പ്രയോഗിച്ചാണു് കേരളത്തിലെ അകത്തോലിക്കരെ ആർച്ചുബിഷപ്പു മെനസ്സിസ് സുന്നഹദോസിലേക്കു വരുത്തിയതെന്നും, അവിടെ വെച്ചു് ഭയപ്പെടുത്തിയാണു് അവരെ കത്തോലിക്കരാക്കിത്തീത്തതെന്നും മററും ചില അകത്തോലിക്കാ ചരിത്രകാരന്മാർ വാദിക്കുന്നുണ്ടു്. വിദേശ്യനായ ഒരു കത്തോലിക്കാ മെത്രാപ്പോലീത്താ നല്കിയ പണത്തെ മോഹിച്ചുകൊണ്ടോ, ഭീഷണിയെ ഭയപ്പെട്ടുകൊണ്ടോ തങ്ങളുടെ ആത്മാഭിമാനത്തെ പണയം വെയ്ക്കുന്നതിനോ, വിശ്വാസത്തെ തീറെഴുതുന്നതിനോ കേരളത്തിലെ നസ്രാണിവീരന്മാർ സന്നദ്ധരാകുമെന്നു് ഊഹിക്കുന്നതിനുപോലും നിവത്തിയില്ല. അവരുടെ സന്താനങ്ങളെന്നഭിമാനിക്കുന്ന ഇന്നത്തെ ചില അകത്തോലിക്കാ ഗ്രന്ഥകാരന്മാർ തങ്ങളുടെ അബദ്ധനിലയെ നീതികരിക്കുന്നതിനുവേണ്ടി മാത്രമാണു് സ്പഷ്ടമായ ചരിത്രരേഖകഠംക്കു വിരുദ്ധമായി പ്രസ്താവിക്കുന്നതിനു മുതിരുന്നതു് എന്നുള്ളതിനു സംശയമില്ല.

## കൂനൻകുരിശു സത്യം

ക്രിസ്താബ്ദം 1653-ൽ മട്ടാഞ്ചേരിയിൽ വെച്ചു നടന്ന കൂനൻകുരിശു സത്യത്തെപ്പററി കഴിഞ്ഞ അദ്ധ്യായത്തിൽ വിശദമായി പ്രതിവാദിച്ചിട്ടുണ്ടല്ലോ. കൂനൻകുരിശിൻെറ ആലാത്തുകളിൽ പിടിച്ചുകൊണ്ടു കേരളത്തിലെ സുറിയാനി പിതാക്കന്മാർ ചെയ്ത സത്യം കത്തോലിക്കാസഭയേയും മാർപ്പാപ്പായേയും ഉപേക്ഷിക്കുന്നതായിരുന്നുവെന്നു് ചരിത്ര വാസ്തവങ്ങഠംക്കു വിരുദ്ധമായി പല അകത്തോലിക്കാ ചരിത്രകാരന്മാരും എഴുതിയിട്ടുണ്ടു്. എന്നാൽ, പ്രസ്തുത സത്യം മാർപ്പാപ്പായ്ക്കോ, കത്തോലിക്കാസഭയ്ക്കോ എതിരല്ലായിരുന്നുവെന്നും പ്രത്യുത,

പറങ്കികൾക്കും പോർട്ടുഗീസുകാരായ മിഷ്യനറിമാക്കും എതിരായിട്ടുള്ളതു മാത്രമായിരുന്നുവെന്നും ചരിത്രരേഖകൾ പരിശോധിക്കുന്ന നിഷ്പക്ഷ വാദികൾക്കു ബോധപ്പെടുന്നതാണ്. ആകയാൽ പ്രസ്തുത ചരിത്രരേഖകളിൽ ഏതാനും ചിലതു ചുവടേ ചേർത്തുകൊള്ളുന്നു:—

## 1. ഗീവറുഗീസ് അക്കിദിയാക്കോൻെറ കത്തുകൾ

ഉദിയംപേരൂർ സുന്നഹദോസിനു ശേഷം ലത്തീൻകാരായ പറങ്കിമെത്രാന്മാരുടെ ഭരണത്തിൽ നിന്നൊഴിയുന്നതിനു മാത്രമായിരുന്നു സുറിയാനിക്കാരുടെ പരിശ്രമമെന്നും അല്ലാതെ കത്തോലിക്കാ സഭയിൽനിന്നു മാറുന്നതിനല്ലായിരുന്നുവെന്നും ഗീവറുഗീസ് അർക്കദിയാക്കോൻ പോർട്ടുഗലിലേക്കും റോമ്മാസിംഹാസനപ്രതിനിധിക്കും അയച്ചകത്തുകൾ തെളിയിക്കുന്നു. 1608-ലും 1628-ലും ഗീവറുഗീസ് അക്കിദിയാക്കോൻ അയച്ച കത്തുകളിൽ മലങ്കര സുറിയാനിക്കാക്ക് കത്തോലിക്കാ വിശ്വാസത്തോടും റോമാ തിരുസിംഹാസനത്തോടും വിപ്രതിപത്തി ഒട്ടുംതന്നെ ഉണ്ടായിരുന്നില്ലെന്നും പ്രത്യുത, അവരുടെ സർവ്വപ്രധാനമായ അഭ്യർത്ഥന പോർട്ടുഗീസുകാരായ ഈശോസഭക്കാരുടെ ഭരണത്തിൽ നിന്നും തങ്ങളെ ഒഴിവാക്കണമെന്നു മാത്രമായിരുന്നുവെന്നും പ്രസ്താവിച്ചിരിക്കുന്നതായി കാണുന്നു (Christanity in Travancore, Page 25.)

## 2. ബാബേലിലേക്ക് അയച്ച നിവേദകസംഘം

1632-ൽ ഗീവറുഗീസ് അക്കിദിയാക്കോനും ജനങ്ങളും കൂടെ തങ്ങളെ ഭരിക്കുന്നതിൻവേണ്ടി ഒരു മെത്രാനെ അയച്ചുതരുന്നതിനായി ബാബേലിലേ കത്തോലിക്കാ പാത്രിയക്കീസിൻെറ അടുക്കലേക്ക് ഒരു നിവേദകസംഘത്തെ അയക്കുകയുണ്ടായി. കത്തോലിക്കാസഭയെ പരിത്യജിക്കുന്നതിനുള്ള ഉദ്ദേശ്യം അവക്കുണ്ടായിരുന്നുവെങ്കിൽ കത്തോലിക്കാ പാത്രിയക്കീസിൻെറ അടുക്കലേക്ക് ഒരു കത്തോലിക്കാമെത്രാനെ അയച്ചുതരുന്നതിനായി ഒരു കാലത്തും അവർ നിവേദകസംഘത്തെ അയക്കയില്ലെന്നുള്ളതു് സുനിശ്ചിതമാണ്. (നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം പുറം 25).

## 3. അഹത്തള്ളാമെത്രാൻെറ കത്ത്

നിവേദകസംഘത്തിൻെറ ഫലമായി ബാബേലിൽ നിന്നും വന്നെത്തിയ അഹത്തള്ളാമെത്രാൻ കേരളീയരായ രണ്ടു ശെമ്മാശന്മാർ

മുഖേന മൈലാപ്പൂരിൽ നിന്നും കേരളീയ സുറിയാനിക്കാർക്കായി കൊട്ടത്തയച്ച കത്തിലേ ഒരു ഭാഗം ഇപ്രകാരമായിരുന്നു:—

"എൻെറ മക്കളേ വരുവിൻ! എന്നെ ശ്രവിക്കുവിൻ! നമ്മുടെ നാഥനായ മാർപ്പാപ്പയിൽ നിന്നും എല്ലാ അധികാരവും എനിക്കു് നല്കപ്പെട്ടിരിക്കുന്നു" (Eustachio Istoriadel Mgr Giuseppe P. 25) മാർപ്പാപ്പായുടെ അധികാരത്തോടുള്ള വിദ്വേഷമായിരുന്നു ഇവിടത്തെ പിതാക്കന്മാർക്കു് അന്നുണ്ടായിരുന്നതെങ്കിൽ ഇപ്രകാരമുള്ള ഒരു കത്തു് അഹത്തള്ളാമെത്രാൻ കൊട്ടത്തയക്കയില്ലായിരുന്നു. മാർപ്പാപ്പായാൽ അയക്കപ്പെടുന്ന സുറിയാനി മെത്രാന്മാരെ സ്വീകരിക്കുന്നതിനുള്ള പരിപൂർണ്ണസന്നദ്ധത ഇവിടത്തെ ക്രിസ്ത്യാനികൾക്കുണ്ടെന്നു് അറിഞ്ഞതുകൊണ്ടാണു് അദ്ദേഹം ഇപ്രകാരം എഴുത്തു കൊട്ടത്തയച്ചതു്.

### 4. അഹത്തള്ളായുടെ വേറൊരുകത്തു്

അഹത്തള്ളാമെത്രാൻ കൊട്ടത്തയച്ച വേറൊരു കത്തിൽ ഇപ്രകാരം ആണു് കാണുന്നതു്. "മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു് ആശ്വാസം നല്കുന്നതിനുവേണ്ടി-അവരുടെ അടുക്കലേക്കു് പത്താം ഇന്നസെൻറമാർപ്പാപ്പായാൽ ഞാൻ അയക്കപ്പെട്ടിരിക്കുന്നു. (Ibidem) ഇവിടത്തേ സുറിയാനിക്കാർക്കു് മാർപ്പാപ്പായുടെ ഭരണത്തോടു യാതൊരു വിദ്വേഷവുമില്ലായിരുന്നുവെന്നും, മാർപ്പാപ്പായാൽ അയക്കപ്പെട്ട തന്നെ സ്വീകരിക്കുവാൻ അവർ പരിപൂർണ്ണ സന്നദ്ധരാണെന്നുമുള്ള ബോദ്ധ്യമാണു് ഈ കത്തെഴുതുവാൻ അഹത്തള്ളായെ പ്രേരിപ്പിച്ചതെന്നുള്ളതിനു സംശയമില്ല.

### 5. പോർട്ടുഗീസുകപ്പിത്താൻെറ പേക്കു് അയച്ച എഴുത്തു്

കൂനൻകുരിശു സത്യത്തിനുശേഷം മട്ടാഞ്ചേരിയിൽ കൂടിയിരുന്ന സുറിയാനിക്കാർ പോർട്ടുഗീസുകപ്പിത്താനു കൊട്ടത്തയച്ച എഴുത്തിലേ ഒരു വാചകം ഇപ്രകാരമാണു്:—"പൗലസ്ത്യരല്ലാത്ത ആരെങ്കിലും മാർപ്പാപ്പായുടെ കല്പനപ്രകാരം ഇവിടെ വരട്ടെ. അദ്ദേഹത്തിനു ഞങ്ങൾ കീഴ്വഴങ്ങിക്കൊള്ളാം. (Travancore state Manuel II p. 184) കൂനൻകുരിശു സത്യം ചെയ്ത ഉടൻതന്നെ ഇപ്രകാരമൊരു കത്തു് മലങ്കരനസ്രാണികൾ കൊട്ടത്തയക്കണമെങ്കിൽ നിശ്ചയമായും മാർപ്പാപ്പായോടോ കത്തോലിക്കാസഭയോടോ യാതൊരു

വിദ്വേഷവും അവക്കില്ലായിരുന്നുവെന്നും അവക്കുണ്ടായിരുന്ന വിരോധം പൗലസ്ത്യരായ പറങ്കികളോടു മാത്രമായിരുന്നുവെന്നുമുള്ളതു പ്രസ്തുത കത്തിൽനിന്നും സ്പഷ്ടമായി തെളിയുന്നു.

## 6. ആലങ്ങാട്ടേ വിളംബരം

കൂനൻകുരിശുസത്യം ചെയ്ത സുറിയാനിപിതാക്കന്മാർ ആലങ്ങാട്ട് ഒരു യോഗം കൂടുകയും പ്രസ്തുത യോഗത്തിൽ നിന്നും ഒരു വിളംബരം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. അതിലേ ചില ഭാഗങ്ങൾ താഴെ ചേക്കുന്നു :—

"തോമ്മാശ്ലീഹായുടെ കബറിടത്തിലേക്കു പോയിരുന്ന നമ്മുടെ ആളുകൾ പാത്രിയക്കീസിനെ കണ്ടു് ഒരെഴുത്തും അധികാരപത്രവും സ്വീകരിച്ചു് അവ നമ്മുടെ പക്കൽ കൊണ്ടുവരുകയും അവയ്ക്കനുസരണം നാം ഭരിക്കപ്പെടുകയും ചെയ്യുന്നതിനാലും മാർപ്പാപ്പായുടേയും വി. മാതാവായ റോമാസഭയുടേയും കല്പനയാലേ വന്ന പാത്രിയക്കീസിൻെറ കല്പനയും നിശ്ചയവുമനുസരിച്ചു നാം ഒരു മെത്രാപ്പോലീത്തായെ അവരോധിച്ചിരിക്കുന്നതിനാലും നമുക്കു് ഈ മെത്രാപ്പോലീത്തായോടുകൂടി നില്ക്കുകതന്നെ ചെയ്യാം. ഈ കാരണം നിമിത്തം പൗലസ്ത്യപുരോഹിതന്മാർ പ്രസംഗമണ്ഡപത്തിൽനിന്നു് പ്രസംഗിച്ചു നാം പാഷാണ്ഡരാണെന്നു പറഞ്ഞുകൊള്ളട്ടെ! ................ ...................................................................................ആകയാൽ ഇവിടെ കൂടിയിരിക്കുന്ന നാം നിശ്ചയിക്കുന്നതെന്തെന്നാൽ അവർ മാർപ്പാപ്പായുടേയും വി. മാതാവായ റോമാസഭയുടേയും നമ്മുടെ ആദ്ധ്യക്ഷൻേറയും കല്പനകൾ വകവെയ്ക്കാതെ ഇരുന്നതുകൊണ്ടും പൗലസ്ത്യപുരോഹിതന്മാർ നമ്മുടെയും നമ്മുടെ വി. മാതാവായ റോമാസഭയുടെയും ശത്രുക്കളായിരിക്കുന്നതുകൊണ്ടും പാത്രിയക്കീസിനെ നമ്മുടെ കണ്ണുകൊണ്ടു കാണുന്നതുവരെ നാം അവരുടെ സ്നേഹത്തിലിരിക്കേണ്ടതല്ല. ആ സന്യാസസമൂഹത്തിലെ മെത്രാപ്പോലീത്തായുടെ കല്പനയെ നാം ശ്രദ്ധിക്കേണ്ടതുമല്ല." (Travancore State Manuel 11 P. 185) ഏവംവിധം ഒരു വിളംബരം പ്രസിദ്ധപ്പെടുത്തിയവർ റോമാ മാർപ്പാപ്പായുടെ അധികാരം സ്വീകരിക്കയില്ലെന്നു് സത്യം ചെയ്തവരാണെന്നു പറയുവാൻ എങ്ങനെ സാധിക്കും? പൗലസ്ത്യരായ പറങ്കികളോടുള്ള വിദ്വേഷം മാത്രമായിരുന്നു നമ്മുടെ പിതാക്കന്മാക്കുണ്ടായിരുന്നതെന്നു് ഈ വിളംബരവും തെളിയിക്കുന്നു.

## 7. പോർട്ടുഗീസ് കപ്പിത്താൻെറ കത്തു്

കൂനൻകുരിശു സത്യത്തെപ്പററി കൊച്ചീക്കോട്ടയുടെ കപ്പിത്താൻ ഗോവായിലെ പോർട്ടുഗീസ് വൈസ്രോയിയുടെ പേക്കു് അയച്ച കത്തിൽ ഇപ്രകാരം കാണുന്നു:—"തങ്ങളുടെ അദ്ധ്യക്ഷനായി (ഗാർസ്യാ) മെത്രാപ്പോലീത്തായെയോ ഈശോസഭക്കാരിലാരെയെങ്കിലുമോ കേരളത്തിൽ സ്വീകരിക്കയില്ലെന്നു് അവർ സത്യം ചെയ്തു." Travancore State Manuel 11. PP. 184-185) ഈ കത്തും സൂചിപ്പിക്കുന്നതു കൂനൻകുരിശുസത്യം ഈശോസഭക്കാക്കു് എതിരായിട്ടുമാത്രമായിരുന്നുവെന്നും മാർപ്പാപ്പായ്ക്കോ കത്തോലിക്കാസഭയ്ക്കോ എതിരായിട്ടല്ലായിരുന്നുവെന്നുമത്രേ.

## 8. ഇട്ടിത്തൊമ്മൻ കത്തനാരുടെ കത്തു്

കൂനൻകുരിശു സത്യാനന്തരമുണ്ടായ സകല കുഴപ്പങ്ങൾക്കും സൂത്രധാരത്വം വഹിച്ചിരുന്ന കല്ലിശ്ശേരിൽ ഇട്ടിത്തൊമ്മൻ കത്തനാർ കടവിൽ ചാണ്ടിക്കത്തനാരുടെ പേക്കയച്ച ഒരു കത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ആയതുകൊണ്ടു് നാം എല്ലാപേരും മട്ടാഞ്ചേരിയിൽക്കൂടി സത്യം ചെയ്തുകഴിഞ്ഞയുടനെ ഇതിനൊക്കെ ഭേദം വരുമെന്നു ചില അയ്മേനികൾ പറഞ്ഞപ്പോൾ ഒരു ഒണക്കകമ്പു ഞാൻ ഇതു മുറിക്കുടുമ്പോഴല്ലാതെ പറങ്കികളും നൊമ്മളും കൂടെ ഒരുമെപ്പെടുകയില്ലെന്നും പറഞ്ഞശേഷം ഇട്ടിത്തൊമ്മച്ചൻ പറഞ്ഞതു് ഒരു നിവിയസുഖമാകുന്നുവെന്നും ആയതിനു ഭേദം വരികയില്ലെന്നും പറഞ്ഞ അനുജൻെറ നാക്കിൽ തൊട്ടാൽ കൊള്ളാമെന്നു് എൻെറ കയി ആശപ്പെടുന്നുതാനും. നാം എല്ലാപേരുംകൂടി മെത്രാനച്ചനു് എഴുതിക്കൊടുത്തിരിക്കുന്ന പടിയോല പൊയ്പോയിട്ടില്ലതാനും. ഇപ്പടിക്കു് ഇട്ടിത്തൊമ്മൻ കത്തനാരു് എഴുത്തു്. ചുങ്കത്തിൽ പള്ളിയിൽനിന്നും (മാർത്തോമ്മാ ശ്ലീഹായുടെ ഇൻഡ്യൻസഭ. പുറം 146).

ഇട്ടിത്തൊമ്മൻ കത്തനാരുടെ മേലുദ്ധരിച്ച കത്തിൽനിന്നും സ്പഷ്ടമായി വെളിപ്പെടുന്ന വാസ്തവം കൂനൻകുരിശുസത്യം പറങ്കികൾക്കു എതിരായിട്ടുള്ളതുമാത്രമായിരുന്നു എന്നതല്ലയോ ?

## 9. യാക്കോബായ വൈദികൻെറ സാക്ഷ്യം

18-ാം ശതാബ്ദത്തിൻെറ ആരംഭത്തിൽ ഒരു കേരളീയ യാക്കോബായ വൈദികനായ മത്തായി എന്നാദേഹം "സുറിയാനിക്കാക്കു സംഭ

വിച്ച സംഭവങ്ങളും അവരുടെ ചരിത്രവും" എന്ന പേരിൽ സുറിയാനിയിൽ ഒരു പുസ്തകം പ്രസിദ്ധം ചെയ്യുകയുണ്ടായി. പ്രസ്തുത ഗ്രന്ഥത്തിൽ ക്കൂനൻകുരിശു സത്യത്തെപ്പററി വിവരിച്ചിരിക്കുന്നതിൽ ഒരു ഭാഗം ഇപ്രകാരമാണ്:—"സുറിയാനിക്കാരെല്ലാപേരും ഇങ്ങനെ സത്യം ചെയ്തു. ഇനിമുതൽ എന്നോളം ഞങ്ങൾ പറങ്കികളോടു യോജിക്കുന്നതല്ല. ഞങ്ങളുടെ സന്തതികൾ അവരുടെ സന്തതികളോടും യോജിക്കുന്നതല്ല". (Giamil O C P. 553)

ക്കൂനൻകുരിശുസത്യം എന്തായിരുന്നുവെന്ന് യാക്കോബായ വൈദികൻെറ ഈ സാക്ഷ്യവും പ്രസ്പഷ്ടമായി തെളിയിക്കുന്നു.

## 10. യാക്കോബായ മെത്രാപ്പോലീത്തായുടെ സാക്ഷ്യം

കേരളത്തിലേ പുത്തൻക്കൂററുകാരായ യാക്കോബായക്കാരെ ഭരിച്ചിരുന്ന മാർത്തോമ്മാ പഞ്ചമൻ 1748-ൽ റോമാ മാർപ്പാപ്പായ്ക്കു ഒരു അപേക്ഷാലേഖനം അയയ്ക്കുകയുണ്ടായി. അതിൻെറ ഒരുഭാഗം ഇപ്രകാരമാണ്. "പോർട്ടുഗീസുകാർ അദ്ദേഹത്തിൻെറ (അഹത്തള്ളായുടെ) കഴുത്തിൽ ഒരുവലിയ കല്ലുകെട്ടി കടലിലേക്കെറിഞ്ഞു. ഇക്കാരണത്താൽ പോർട്ടുഗീസുകാരും ഞങ്ങളും തമ്മിൽ ഐകമത്യവും യോജിപ്പും മേലാലൊരിക്കലും ഉണ്ടാകുന്നതല്ലെന്നു ഞങ്ങൾ സത്യം ചെയ്യുകയുണ്ടായി."

ക്കൂനൻകുരിശു സത്യം ആർക്കെതിരായിരുന്നുവെന്ന് യാക്കോബായ മെത്രാപ്പോലീത്തായുടെ ഈ രേഖയും തെളിയിക്കുന്നു.

## 11. മുളന്തുരുത്തി സുന്നഹദോസിൻെറ പടിയോല

കേരളത്തിലേ 102 പള്ളിക്കാർ 1876-ൽ പത്രോസ് പാത്രിയർക്കീസിൻെറ അദ്ധ്യക്ഷതയിലും പുലിക്കോട്ടു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യത്തിലും നവീകരണകക്ഷികൾ (മാർത്തോമ്മാ) ക്കെതിരായി മുളന്തുരുത്തിയിൽ കൂടിയ സുന്നഹദോസിൽ വെച്ചെഴുതിയ പടിയോലയിലെ ഒരു ഭാഗം കേട്ടാലും:— "ഞങ്ങൾ കൊച്ചി മട്ടാഞ്ചേരിയിൽ കൂട്ടംകൂടി മേലാൽ പറങ്കികളുമായി യാതൊരു സംബന്ധവും ചെയ്കയില്ലെന്നു സത്യം ചെയ്തു പിരിയുകയും ചെയ്തു". (സുന്നഹദോസു നിശ്ചയങ്ങൾ പുറം 26.) പറങ്കികൾക്കെതിരായിമാത്രമായിരുന്നു ക്കൂനൻകുരിശു സത്യം എന്നല്ലയോ ഈ രേഖയും തെളിയിക്കുന്നതു്?

## 12. വലിയ മാർ ദീവന്നാസ്യോസിൻെറ സാക്ഷ്യം

കേരളീയ യാക്കോബായ സഭയിലേ വലിയ മാർ ദീവന്നാസ്യോസ് അഥവാ ആറാം മാർത്തോമ്മാ മെത്രാപ്പോലീത്താ തത്തംപള്ളി പള്ളിയിൽവച്ചു് ഒപ്പിട്ട പടിയോലയിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.—"...........കൽദായ സുറിയാനിക്കാരുടെ ക്രമംപോലെ നാം എല്ലാവരും അനുസരിച്ചു നടന്നുവരുമ്പോൾ സുറിയാനിക്കാരിൽ നിന്നും റോമാവഴക്കമുള്ള മേല്പട്ടക്കാരെ മലയാളത്തിൽ വരാഴിക കൊണ്ടും നമ്മുടെ മേല്പട്ടക്കാരില്ലാതിരിക്കുമ്പോൾ ഗോവായുടെ മാർ അല്ലേസോസ് മെത്രാപ്പോലീത്താ മാർപ്പാപ്പായുടെ കല്പനയാലേ മലങ്കര വന്നു് ഉദിയംപേരൂർ സുന്നഹദോസ് കൂടി കല്പിച്ചിരിക്കുന്നപ്രകാരം 1652-ാം കാലത്തോളവും നാമെല്ലാവരും ഏകോപിച്ചു നടന്നുവരുമ്പോൾ സുറിയാനിക്കാരിൽ ഒരു മേല്പട്ടക്കാരൻ വന്നാറെ സമ്പാളൂർകാർ അന്നു കൊച്ചീക്കോട്ടയിൽ പ്രമാണമായിരിക്കുന്ന പറങ്കികളെ സ്വാധീനമാക്കി അപായം വരുത്തുക കൊണ്ടു് മലങ്കര ഇടവകക്കാരെല്ലാവരും മട്ടാഞ്ചേരി പള്ളിയിൽകൂടി സമ്പാളൂർക്കാരെ ജാതീയ യജമാനന്മാരായിട്ടു കൈക്കൊള്ളുകയില്ലെന്നു സത്യവും ചെയ്തു." (മാർത്തോമ്മാ നസ്രാണികളുടെ സത്യവിശ്വാസം പുറം 260—261) കൂനൻകുരിശു സത്യം എന്തായിരുന്നുവെന്നു വലിയ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഈ സാക്ഷ്യം വ്യക്തമാക്കുന്നു.

## 13. എട്ടാം മാർത്തോമ്മായുടെ കത്തു്

1812-ൽ മലങ്കരസഭയെ സംബന്ധിച്ചു് മദ്രാസ് ഗവണ്മെൻറധികാരികൾ 8-ാം മാർത്തോമ്മായോടു് ഏതാനും ചോദ്യങ്ങൾ എഴുതി ചോദിക്കുകയുണ്ടായി. പ്രസ്തുത ചോദ്യങ്ങൾക്കെല്ലാം 8-ാം മാർത്തോമ്മാ ഉടനെ മറുപടിയും അയച്ചുകൊടുത്തു. അതിൽ നാലാം ചോദ്യത്തിനയച്ച മറുപടിയുടെ ഒരു ഭാഗം ഇപ്രകാരമായിരുന്നു. "അക്കദയാക്കോനും പള്ളിക്കാരും കൂടെ മട്ടാഞ്ചേരി പള്ളിയിൽ കൂടി ഇനിമേലാൽ സന്തതി കാലംവരെയും പറങ്കികളെ അനുസരിക്കരുതെന്നു് സ്ലീബാ പിടിച്ചു സത്യം ചെയ്തു. എല്ലാവരും ആലങ്ങാട്ടുപള്ളിയിൽ കൂടി". (മലങ്കര മാർത്തോമ്മാ സഭാചരിത്ര സംഗ്രഹം ഒന്നാംഭാഗം പുറം 48).

മട്ടാഞ്ചേരിയിലെ സത്യം പറങ്കികൾക്കെതിരായിരുന്നുവെന്നു മാത്രമല്ലയോ ഈ മറുപടിക്കത്തും തെളിയിക്കുന്നതു്?

## 14. ഇട്ടുപ്പുറൈറ്ററുടെ സാക്ഷ്യം

യാക്കോബായ സഭയിലേ ഒരു ചരിത്രകാരനായിരുന്ന ഇട്ടുപ്പു റൈറ്റർ തൻെറ ഗ്രന്ഥത്തിൽ കൂനൻകുരിശു സത്യത്തെപ്പററി എഴുതിയിരിക്കുന്നതിൽ ഒരുഭാഗം ഇപ്രകാരമാണ്. "ഇതൊക്കെയും കണ്ടു ബോധിച്ചാറെ കൂടപ്പെട്ട സുറിയാനിക്കാർ അശേഷവും മട്ടാഞ്ചേരി പള്ളിയിലും കമ്പോളത്തിലുമായി സ്വരൂപിച്ചുകൂടി ശുദ്ധ പാത്രിയക്കീസിനെ ഒട്ടം സംശയവും ദൈവഭയവും കൂടാതെ അവ കൊലചെയ്തു എന്ന ഈ പറങ്കികളോട്ട് ഇനിയും നാം ചേരരുതെന്നും നമ്മുടെ അനന്തരവൻ കാലത്തിലും ഇവരുമായി ഇനിയും ചേർച്ചയും ഉപവിയും വേണ്ടായെന്നും അപ്പോൾ റോമ്മാവഴക്കം ഫ്രാൻസിസ് മെത്രാനെ യജമാനനെന്ന് വിചാരിക്കുന്നതല്ലെന്നും........................................ ......................
...........................സത്യംചെയ്തു." (പുറം 116.)

കൂനൻ കുരിശുസത്യം പറങ്കികൾക്കെതിരായിരുന്നു എന്നാത്രേ ഈ സാക്ഷ്യവും തെളിയിക്കുന്നതു്.

മേലുദ്ധരിച്ച പതിന്നാലു രേഖകൾ നിഷ്പക്ഷബുദ്ധ്യാ പരിശോധിക്കുന്ന വായനക്കാക്ക് കൂനൻകുരിശു സത്യംമൂലം കേരളീയ നസ്രാണികൾ കത്തോലിക്കാ സഭയെയോ റോമാ മാർപ്പാപ്പായെയോ ഉപേക്ഷിക്കുകയല്ല, പിന്നയോ, പോർട്ടുഗീസു് മേലദ്ധ്യക്ഷഭരണം നിഷേധിക്കുക മാത്രമാണു ചെയ്തതു് .എന്ന വാസ്തവം ബോദ്ധ്യമായിട്ടുണ്ടെന്നാത്രേ എൻെറ സുദൃഢമായ വിശ്വാസം.

അദ്ധ്യായം 9

# കേരളീയ കത്തോലിക്കാസഭ

---

## 16—20-ാംശതകം വരെ

ക്രിസ്ത്വബ്ദം 1653-ൽ നടന്ന പ്രസിദ്ധമായ കൂനൻകുരിശു സത്യത്തിനുശേഷം പോർട്ടുഗീസുകാരായ ലത്തിൻ മെത്രാന്മാരുടെ ഭരണത്തിൻകീഴിൽ ഇരിക്കേണ്ടിവന്നാലും കത്തോലിക്കരായിത്തന്നെജീവിതം നയിക്കണമെന്നുള്ള ആഗ്രഹം നിമിത്തം കേരളത്തിലേ സുറിയാനിക്കാരിൽ നാലിൽ ഒരു ഭാഗം വീണ്ടും പോർട്ടുഗീസുഭരണത്തിനു വിധേയരാകുകയാണ് ഉണ്ടായത്. മലങ്കരയിലെ ക്രൈസ്തവരുടെ ഇടയിലുണ്ടായ ഭിന്നിപ്പിനെപ്പററിയുള്ള വിവരങ്ങൾ റോമിൽ എത്തിയതിന്റെ ഫലമായി 7-ാം അലക്സാണ്ടർ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ജോസേഫ് സെബസ്ത്യാനി എന്ന ഒരു കർമ്മലീത്താ വൈദികനെ ഏതാനും സഹചരന്മാരോടും പ്രത്യേക അധികാരപത്രത്തോടുംകൂടെ കേരളത്തിലേക്ക് അയക്കുകയുണ്ടായി.

## ജോസേഫ് സെബസ്റ്റ്യാനിമെത്രാൻ

മാർപ്പാപ്പായുടെ സ്ഥാനപതിയായി കേരളത്തിൽ വന്നുചേന്ന ജോസേഫ് സെബസ്ത്യാനിയുടെ പ്രഥമ പരിശ്രമം ഇവിടത്തേ വിഭിന്നകക്ഷികളെ കത്തോലിക്കാസഭയിലേക്ക് ആനയിക്കുക എന്നുള്ളതായിരുന്നു. ഇട്ടിത്തൊമ്മൻ കത്തനാരുടെ വ്യാജനിർമ്മിതമായ കത്തിനെപ്പററിയും, തോമ്മസ് അക്കിദിയാക്കോന്റെ സ്ഥാനത്തിന്റെ അസാധുതയെക്കുറിച്ചും, ശിശ്മയുടെ ദോഷഫലങ്ങളെ പുരസ്കരിച്ചും ജോസേഫ് സെബസ്ത്യാനി ചെയ്ത പ്രസംഗങ്ങളും ഉത്ബോധനങ്ങളും നിമിത്തം യഥാർത്ഥ സത്യം ഗ്രഹിച്ചു് 40 ഇടവകകൾ ഒന്നാകെ തോമസ്സ് അക്കിദിയാക്കോന്റെ ഭരണത്തെ ഉപേക്ഷിച്ചു് കത്തോലിക്കാ സഭയിലേക്കു മടങ്ങിവരുകയുണ്ടായി.

1658-ൽ ജോസേഫ് സെബസ്ത്യാനി റോമിലേക്കു പോകുകയും മലങ്കരയിലുണ്ടായ കുഴപ്പങ്ങളുടേയും പരിവർത്തനത്തിന്റേയും

ചരിത്രവും ശീശ്മയെ ഉപേക്ഷിച്ച സുറിയാനിക്കാക്ക് ഈശോസഭക്കാരുടെ ഭരണത്തിലേക്ക പിൻതിരിയുന്നതിനുള്ള വിസമ്മതവും മാർപ്പാപ്പാ തിരുമേനിയെ വിശദമായി ഗ്രഹിപ്പിക്കുകയും ചെയ്തു. തൽഫലമായി മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് സെബസ്ത്യാനിയെ മലങ്കര മെത്രാനായി അഭിഷേചിച്ചു് അധികാരപത്രത്തോടുകൂടെ കേരളത്തിലേക്ക് അയച്ചു അങ്ങനെ 1661-ൽ സെബസ്ത്യാനിമെത്രാൻ കേരളത്തിൽ മടങ്ങി എത്തി ഇവിടത്തെ കത്തോലിക്കരായ സുറിയാനിക്കാരുടെ സഹായത്തോടുകൂടെ ശീശ്മയെ അവസാനിപ്പിക്കുന്നതിനു് അക്ഷീണം പരിശ്രമിച്ചുകൊണ്ടിരുന്നു. തന്നിമിത്തം ശീശ്മയിൽ ഉൾപ്പെട്ടിരുന്ന 114 പള്ളികളിൽ 60-ം ശീശ്മയെ ഉപേക്ഷിച്ചു കത്തോലിക്കാസഭയെ ആശ്ലേഷിക്കയുണ്ടായി. പ്രോട്ടസ്റ്റൻറുകാരായിരുന്ന ഡച്ചുകാർ 1662-ൽ കൊച്ചീക്കോട്ട പിടിച്ചെടുത്തപ്പോൾ സെബസ്ത്യാനിമെത്രാനും സഹചരന്മാരായ യൂറോപ്യൻ വൈദികന്മാരും കേരളം വിട്ടുപോകേണ്ടതായി വന്നുകൂടി.

## പള്ളിവീട്ടിൽ ചാണ്ടിമെത്രാൻ

സെബസ്ത്യാനിമെത്രാൻ കേരളം വിടുന്നതിനുമുമ്പ് റോമായിൽനിന്നും തനിക്കു ലഭിച്ചിരുന്ന പ്രത്യേക അധികാരം ഉപയോഗിച്ചു് കൊറവിലങ്ങാട്ടു സ്വദേശിയായ പള്ളിവീട്ടിൽ ചാണ്ടികത്തനാരെ മെത്രാനായി അഭിഷേചിക്കയും, മലങ്കരയുടെ വികാരി അപ്പൊസ്തോലിക്കയായി അദ്ദേഹത്തെ നിയമിക്കുകയും ചെയ്തു. "അലക്സാണ്ടർ" എന്ന നാമത്തിൽ അഭിഷിക്തനായ ദേശീയമെത്രാൻെറ നിയമനം സുറിയാനിക്കാർക്കു് അത്യധികം സന്തോഷത്തേയും സംതൃപ്തിയേയും പ്രദാനം ചെയ്തു. ഇദ്ദേഹത്തിൻെറ പരിശ്രമം നിമിത്തം വീണ്ടും 24 പള്ളിക്കാർകൂടെ ശീശ്മയെ ഉപേക്ഷിച്ചു് കത്തോലിക്കാസഭയിലേയ്ക്കു പിൻതിരിഞ്ഞു. ബാക്കി 30 പള്ളികളോളം മാത്രമേ ശീശ്മയിൽ നിലനിന്നിരുന്നുള്ളു. അലക്സാണ്ടർ മെത്രാൻെറ മരണശേഷം ഒരു സുറിയാനി നാട്ടുമെത്രാൻ നിയമിതനായിരുന്നു എങ്കിൽ നിശ്ചയമായും ബാക്കിയുണ്ടായിരുന്ന 30 പള്ളിക്കാരും ശീശ്മയെ ഉപേക്ഷിച്ചു് കത്തോലിക്കാസഭയിലേക്കു തിരിച്ചുവരുമായിരുന്നു എന്നതിനു സംശയമില്ല. അങ്ങനെയെങ്കിൽ പുത്തൻകൂററുകാരെന്നോ, യാക്കോബായക്കാരെന്നോ ഉള്ള നാമം കേരളക്കരയിൽ കേൾക്കുന്നതിനുപോലും ഇടവരുകയും ചെയ്യുമായിരുന്നില്ല. പക്ഷേ, നിർഭാഗ്യമെന്നല്ലാതെ എന്തു പറയേണ്ടു! അലക്സാണ്ടർ മെത്രാൻെറ മരണാനന്തരം വീണ്ടും ലത്തീൻ മെത്രാന്മാരുടെ ഭരണം ഇവിടെ തുടരുകയാണുണ്ടായതു്.

## വരാപ്പുഴയും കൊടുങ്ങല്ലൂരും

1651-ൽ നിര്യാണമടഞ്ഞ ഫ്റാൻസിസ് ഗാർസിയായുടെ അനന്തരഗാമികളായി തുടരെ അവരുപേർ നിയമിതരായെങ്കിലും അവരിൽ ആരുംതന്നെ കേരളത്തിൽ എത്തി ഭരണം നടത്തുകയുണ്ടായില്ല. 1701-ൽ പോർട്ടുഗീസുകാരനായ ഒരു മെത്രാൻ കേരളത്തിൽ എത്തി സഭാഭരണം നിർവ്വഹിച്ചുകൊണ്ടിരുന്നു.

1709-ൽ ക്ലെമെൻറ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ ഭരണത്തിൻകീഴിൽ കൊച്ചി, കൊടുങ്ങല്ലൂർ എന്നീ രൂപതകളുടെ ഭരണം ഏല്പിച്ചു. ഇതു സംബന്ധിച്ചു മാർപ്പാപ്പാതിരുമനസ്സുകൊണ്ടു പുറപ്പെടുവിച്ച കല്പനയിൽ സൂചിപ്പിച്ചിരിക്കുന്ന പ്രധാന കാരണം പ്രോട്ടസ്റ്റൻറുകാരായ ഡച്ചുകാരുടെ പ്രാതികൂല്യവും, നസ്രാണികൾക്കു് പോർട്ടുഗീസ് അധികാരികളോടുള്ള അവജ്ഞയുമാണ്. എന്നാൽ നസ്രാണികളുടെ മേലുള്ള ഭരണം വരാപ്പുഴമെത്രാന്മാക്കു് ഇതുമൂലവും ലഭിക്കുന്നതിനിടയായില്ല. ഡച്ചുമേൽക്കോയ്മയെ അനുസരിക്കാതിരുന്ന ഉത്തരകേരളത്തിലെ സുറിയാനിക്കാർ മുഴുവനും കൊടുങ്ങല്ലൂർ അധികാരത്തിൽത്തന്നെ പിന്നെയും കഴിഞ്ഞുകൂടി. ഏതന്മൂലം ഏകയോഗക്ഷേമമായി പുരാതന കാലംമുതലേ കഴിഞ്ഞുകൂടിയ പഴയകൂർ നസ്രാണികൾ ഇക്കാലം മുതൽ രണ്ടു ഭരണത്തിൻകീഴിൽ ഇരിക്കേണ്ടതായിവന്നു. 1802-ൽ വരാപ്പുഴ ഭരണത്തിൻകീഴിൻ 66 സുറിയാനിപ്പള്ളികളും കൊടുങ്ങല്ലൂർ ഭരണത്തിൻ കീഴിൽ 45 സുറിയാനിപ്പള്ളികളും ഉണ്ടായിരുന്നു എന്നാത്രേ കാണുന്നതു്. 1838-ൽ പ്രസിദ്ധീകൃതമായ തിരുവെഴുത്തുമൂലം പോർട്ടുഗീസുരക്ഷാധികാരം മാർപ്പാപ്പായാൽ റദ്ദുചെയ്യപ്പെടുകയാണുണ്ടായതു്. തന്മൂലം കൊടുങ്ങല്ലൂർ രൂപതയിലുണ്ടായിരുന്ന സുറിയാനിക്കാർ മുഴുവനും വീണ്ടും വരാപ്പുഴ അധികാരത്തിൽത്തന്നെ വന്നുചേരുന്നതിനിടയായിത്തീർന്നു.

1887-ൽ ഇൻഡ്യാ ഏഴുപ്രോവിൻസുകളായി വിഭാഗിച്ചു് ഓരോന്നിനും ഓരോ മെത്രാപ്പോലീത്തന്മാരെ റോമിൽനിന്നും നിയമിക്കയുണ്ടായി. ഈ അവസരത്തിൽ മലയാളത്തിന്റെ വികാരി അപ്പസ്തോലിക്കയായിരുന്ന കമ്മലീത്താ മെത്രാപ്പോലീത്തായ്ക്കു് "വരാപ്പുഴ മെത്രാപ്പോലീത്താ" എന്ന സ്ഥാനവും ലഭിച്ചു. ഇതുമെന്യേ, കൊച്ചിരൂപത പുനസ്ഥാപിക്കപ്പെടുകയും കൊടുങ്ങല്ലൂർ രൂപതയെ എന്നന്നേയ്ക്കുമായി നിവൃത്തലാക്കുകയും ചെയ്തു.

## A. സ്റോ-മലബാർ ഹൈറാർക്കി

കേരളീയ സുറിയാനിക്കാക്കായി തൃശ്ശൂർ, കോട്ടയം എന്നീ വികാരിയാത്തുകൾ 1887-ൽ സ്ഥാപിതമാകുകയും രണ്ടു വികാരി അപ്പസ്തോലിക്കാമാരെ റോമിൽനിന്നു പ്രത്യേകം നിയമിക്കുകയും ചെയ്തു. തൃശ്ശൂർ വികാരിയാത്തിലേക്കു ഡോക്ടർ മെഡ്‌ലിക്കോട്ടും, കോട്ടയം വികാരിയാത്തിലേക്ക് ഡോക്ടർ ലവീഞ്ഞുമാണ് നിയമിതരായതു്. 1896-ൽ 13-ാം ലെയോൻ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് പ്രസ്തുത വികാരിയാത്തുകളെ തൃശ്ശൂർ, എറണാകുളം, ചങ്ങനാശേരി എന്നിങ്ങനെ മൂന്നായി വിഭജിക്കുകയും, യഥാക്രമം ഡോക്ടർ മേനാച്ചേരി, ഡോക്ടർ ലൂയിസ് പഴയപറമ്പിൽ, ഡോക്ടർ മാത്യുമാക്കിൽ, എന്നീ കേരളീയരായ മൂന്നു സുറിയാനി മെത്രാന്മാരെ നിയമിക്കുകയും ചെയ്തു. ഡോക്ടർ മാത്യു മാക്കിൽ കോട്ടയം വികാരി അപ്പസ്തോലിക്കായും തെക്കുംഭാഗക്കാരുടെ പ്രത്യേക മെത്രാനും ആയി സ്ഥലം മാററപ്പെടുകയും ഡോക്ടർ തോമസ്സ് കുര്യാളശ്ശേരി ചങ്ങനാശ്ശേരി വികാരി അപ്പസ്തോലിക്കയായി നിയമിക്കപ്പെടുകയും ചെയ്തു.

1923-ൽ പുണ്യശ്ലോകനായ 11-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് പ്രസിദ്ധീകരിച്ച "റൊമാനി പൊന്തഫിച്ചെസ്" എന്ന തിരുവെഴുത്തു മുഖേന മലബാർ സുറിയാനിക്കാക്കായി സീറോ-മലബാർ ഹൈറാർക്കി സ്ഥാപിച്ചുകൊടുത്തു. എറണാകുളം അതിരൂപതയും തൃശ്ശൂർ, ചങ്ങനാശേരി, കോട്ടയം എന്നിവയെ ഉപരൂപതകളായും ഉയർത്തിക്കൊണ്ടുള്ളതായിരുന്നു പ്രസ്തുത തിരുവെഴുത്തു്. 1952-ൽ 12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ചങ്ങനാശേരി രൂപതയെ ചങ്ങനാശേരി, പാലാ എന്നീ രണ്ടു രൂപതകളായി വിഭജിച്ചുകൊണ്ടുള്ള തിരുവെഴുത്തു പുറപ്പെടുവിച്ചു. 1954-ൽ സീറോ-മലബാർ റീത്തിൽ ഉൾപ്പെട്ടവരും കോഴിക്കോടു ലത്തീൻ രൂപതയിൽ നിവസിക്കുന്നവരുമായ സുറിയാനിക്കാക്കായി തലശ്ശേരി രൂപത സംസ്ഥാപിക്കപ്പെട്ടു. ഇപ്രകാരം കേരളത്തിലേ പഴയകൂർ സുറിയാനിക്കാർ എറണാകുളം, തൃശ്ശൂർ, കോട്ടയം, ചങ്ങനാശേരി, പാലാ, തലശ്ശേരി എന്നിങ്ങനെ ആറു് രൂപതകളിൽ ഇപ്പോൾ ഉൾപ്പെട്ടിരിക്കുന്നു. ഈ ഓരോ രൂപതകളുടേയും അധുനികസ്ഥിതി സംക്ഷിപ്തമായി ചുവടേ ചേർത്തുകൊള്ളുന്നു.

## എറണാകുളം അതിരൂപത

കത്തോലിക്കർ 292,483.

കേരളത്തിലേ സീറോ-മലബാർ ഹൈറാക്കിയുടെ ആസ്ഥാന മത്രേ എറണാകുളം. ഈ അതിരൂപതയെ ഇപ്പോൾ ഭരിക്കുന്നതു് നി. വ. ദി. മ. ശ്രീ. ഡോക്ടർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സുകൊണ്ടാണു്. 1953 നവംബർ 30-ാം തീയതി അദ്ദേഹത്തിൻെറ സഹായ മെത്രാനായി അഭിഷിക്തനായ നി. വ. ദി. ശ്രീ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു് ഭരണകാര്യങ്ങളിൽ മെത്രാപ്പോലീത്തായെ സഹായിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ 222 വൈദികന്മാരും, 1434 കന്യാസ്ത്രീകളും, 216 പള്ളികളും. 2 കോളേജുകളും, 31 ഹൈസ്കൂളുകളും 174 ഇതരവിദ്യാലയങ്ങളും, 17 പരോപകാര സ്ഥാപനങ്ങളും ഈ അതിരൂപതയിൽ ഉണ്ടു്.

## 2. തൃശ്ശൂർ രൂപത

കത്തോലിക്കർ 267,344.

നി. വ. ദി. ശ്രീ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ടു തിരുമനസ്സുകൊണ്ടു് ഈ രൂപതയുടെ അദ്ധ്യക്ഷനായി ഭരണം നടത്തിക്കൊണ്ടിരിക്കുന്നു. 219 വൈദികന്മാരും, 1415 കന്യാസ്ത്രീകളും, 129 പള്ളികളും, രണ്ടു കോളെജുകളും, 32 ഹൈസ്കൂളുകളും, 7 സാങ്കേതിക വിദ്യാലയങ്ങളും, 175 മററു വിദ്യാലയങ്ങളും 30 പരോപകാര സ്ഥാപനങ്ങളും ഈ രൂപതയിൽ ഉണ്ടു്.

## 3. കോട്ടയം രൂപത

കത്തോലിക്കർ 560,27.

തെക്കും ഭാഗം (ക്നാനായ) സുറിയാനിക്കാർക്കു വേണ്ടിയുള്ളതത്രേ ഈ രൂപത. ഇതിൻെറ അദ്ധ്യക്ഷനായി ഇപ്പോൾ ഭരണം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതു് നി. വ. ദി. ശ്രീ. ഡോക്ടർ തോമസ്സ തറയിൽ തിരുമനസ്സു കൊണ്ടാണു്. 90 വൈദികന്മാരും, 152 കന്യാസ്ത്രീകളും, 62 പള്ളികളും, 10 ഹൈസ്കൂളുകളും, 44 ഇതര വിദ്യാലയങ്ങളും ഈ രൂപതയിൽ ഉണ്ടു്.

## 4. ചങ്ങനാശ്ശേരി രൂപത

കത്തോലിക്കർ 215,000.

നി. വ ദി. ശ്രീ. ഡോക്ടർ മാത്യു കാവുകാട്ടു തിരുമനസ്സു കൊണ്ടു് ഈ രൂപതയെ ഭരിച്ചുകൊണ്ടിരിക്കുന്നു. ഈ രൂപതയിൽ ഇപ്പോൾ 255 വൈദികന്മാരും, 776 കന്യാസ്ത്രീകളും, 131 ദൈവാലയങ്ങളും, രണ്ടു കോളെജുകളും, 26 ഹൈസ്കൂളുകളും 114 ഇതര വിദ്യാലയങ്ങളും, 9 പരോപകാരസ്ഥാപനങ്ങളും ഉണ്ടു്.

## 5. പാലാ രൂപത

കത്തോലിക്കർ 178,108.

ഈ രൂപതയുടെ പ്രഥമ മെത്രാനായി ഭരണം നടത്തിക്കൊണ്ടിരിക്കുന്നതു് നി. വ. ദി. ശ്രീ. ഡോക്ടർ സെബാസ്റ്റ്യൻ വയലിൽ തിരുമനസ്സുകൊണ്ടാണു്. 207 വൈദികന്മാരും, 766 കന്യാസ്ത്രീകളും 157 ദൈവാലയങ്ങളും, ഒരു കോളെജും, 19 ഹൈസ്കൂളുകളും, 121 ഇതര വിദ്യാലയങ്ങളും 15 പരോപകാര സ്ഥാപനങ്ങളും ഈ രൂപതയിൽ ഇപ്പോൾ ഉണ്ടു്.

## 6. തലശ്ശേരി രൂപത

കത്തോലിക്കർ 58,194

കേരളത്തിലുള്ള സുറിയാനി രൂപതകളിൽ ഏററം വടക്കേ അററത്തു സ്ഥിതിചെയ്യുന്നതും പുതുതായി സ്ഥാപിക്കപ്പെട്ടതുമത്രേ ഈ രൂപത. ഇതിൻെറ പ്രഥമ ഭരണാദ്ധ്യക്ഷനായി നിയമിക്കപ്പെട്ടിരിക്കുന്നാ റൈററു് റവ. മോൺ. സെബാസ്റ്റ്യൻ വെള്ളാപ്പള്ളി അപ്പസ്തോലിക്കു് അഡ്മിനിസ്റ്റരായിട്ടാണു് ഇപ്പോൾ ഭരണം നിവ്വഹിച്ചുകൊണ്ടിരിക്കുന്നതു്. ഈ രൂപതയിൽ 30 വൈദികന്മാരും 29 ദൈവാലയങ്ങളും ഇപ്പോഴുണ്ടു്. പുതിയ രൂപതയാകയാൽ സ്കൂളുകളും ഇതര സ്ഥാപനങ്ങളും വിരളമായിട്ടേ നിമ്മിതമായിട്ടുള്ളൂ. ആസന്നഭാവിയിൽ വലുതായ അഭിവൃദ്ധി പ്രാപിക്കുന്നതിനുള്ള സകല സഹചയ്യങ്ങളും ഈ രൂപതയ്ക്കുണ്ടു്.

## B. ലത്തിൻ ഹൈറാർക്കി

13-ാം ലെയോൻ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് 1886-ൽ ആണ ലത്തീൻ ഹൈറാക്കി സ്ഥാപിച്ചുകൊണ്ടുള്ള തിരുവെഴുത്തു് പുറപ്പെടുവിച്ചതു്. പ്രസ്തുത ഹൈറാക്കിയിൽ വരാപ്പുഴ, കൊല്ലം കൊച്ചി എന്നീ മൂന്ന രൂപതകൾ മാത്രമേ ആദ്യം ഉണ്ടായിരുന്നുള്ളു. എങ്കിലും; പില്ക്കാലത്തു് കൊല്ലം രൂപത കൊല്ലം, കോട്ടാർ, തിരുവനന്തപുരം എന്നീ മൂന്ന രൂപതകളായും, വരാപ്പുഴ അതിരൂപത വരാപ്പുഴ, വിജയപുരം എന്നി രണ്ടു രൂപതകളായും കൊച്ചീ രൂപത കൊച്ചി, ആലപ്പുഴ എന്നീ രണ്ടു രൂപതകളായും വിഭജിക്കപ്പെടുകയും ചെയ്തു. ഇങ്ങനെ കേരളത്തിലെ ലത്തീൻ ഹൈറാർക്കിയുടെ കീഴിൽ വരാപ്പുഴ, കൊച്ചി, വിജയപുരം, കൊല്ലം, ആലപ്പുഴ, തിരുവനന്തപുരം, കോട്ടാർ എന്നിങ്ങനെ ഏഴു രൂപതകൾ ഇപ്പോൾ ഉൾപ്പെട്ടു നില്ക്കുന്നു. ഇവ ഓരോന്നിൻെറയും ആധുനികസ്ഥിതി ചുവടേ ചേക്കുന്നു.

### 1. വരാപ്പുഴ അതിരൂപത

കത്തോലിക്കർ 139, 947

1930-ൽ 11-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് വരാപ്പുഴ അതിരൂപത ഏതദ്ദേശീയ വൈദികക്കായി ഏല്പിച്ചു കൊടുക്കയുണ്ടായി. നി. വ. ദി. ശ്രീ. ജോസഫ് അട്ടിപ്പേററി തിരുമനസ്സുകൊണ്ടു് അതിരൂപതാഭരണം ഇപ്പോൾ നിവ്ഹിച്ചുകൊണ്ടിരിക്കുന്നു. ഈ അതിരൂപതയിൽ 139 വൈദികന്മാരും 290 കന്യാസ്ത്രീകളും, 81 ദൈവാലയങ്ങളും, രണ്ടു കോളെജുകളും, 12 ഹൈസ്കൂളുകളും, 96 ഇതരവിദ്യാലയങ്ങളും, 23 പരോപകാരസ്ഥാപനങ്ങളും ഇപ്പോൾ ഉണ്ടു്.

### 2. കൊച്ചി രൂപത

കത്തോലിക്കർ 89,815

നി. വ. ദി. ശ്രീ. ഡോക്ടർ അലക്സാണ്ഡർ ഏടേഴത്തു് ഈ രൂപതയുടെ പ്രഥമാദ്ധ്യക്ഷനായി ഭരണം നിവ്ഹിച്ചുകൊണ്ടിരിക്കുന്നു. 35 വൈദികന്മാരും, 98 കന്യാസ്ത്രീകളും, 34 ദൈവാലയങ്ങളും 11 ഹൈസ്കൂളുകളും 35 ഇതര വിദ്യാലയങ്ങളും 5 അനാഥശാലകളും ഈ രൂപതയിലുണ്ടു്.

## 3. ആലപ്പുഴ രൂപത

കത്തോലിക്കർ 59,567

ഈ രൂപതയുടെ ഭരണകർത്താവു് നി. വ. ദി. ശ്രീ. ഡോക്ടർ മൈക്കൾ ആറാട്ടുകുളം ആണു്. 40 വൈദികന്മാരും 80 കന്യാസ്ത്രീകളും 40 ദൈവാലയങ്ങളും ഒരു കോളെജും 3 ഹൈസ്കൂളുകളും 41 ഇതര വിദ്യാലയങ്ങളും 16 പരോപകാരസ്ഥാപനങ്ങളും ഈ രൂപതയിൽ ഇപ്പോൾ ഉണ്ടു്.

## 4. വിജയപുരം രൂപത

കത്തോലിക്കർ 60,300

നി. വ. ദി. ശ്രീ. ഡോക്ടർ അമ്പ്രോസു തിരുമനസ്സുകൊണ്ടു് ഈ രൂപതയെ ഇപ്പോൾ ഭരിച്ചുകൊണ്ടിരിക്കുന്നു. ഈ രൂപതയിൽ 46 വൈദികന്മാരും 78 കന്യാസ്ത്രീകളും, 81 ദൈവാലയങ്ങളും ഒരു കോളേജും രണ്ടു ഹൈസ്കൂളുകളും 31 ഇതര വിദ്യാലയങ്ങളും 5 പരോപകാര സ്ഥാപനങ്ങളും ഇപ്പോൾ ഉണ്ടു്.

## 5. കൊല്ലം രൂപത

കത്തോലിക്കർ 115,000

ഈ രൂപതയെ ഇപ്പോൾ ഭരിച്ചുകൊണ്ടിരിക്കുന്നതു് നി. വ. ദി. ശ്രീ. ഡോക്ടർ ജറോം ഫർണാണ്ടസ് തിരുമനസ്സുകൊണ്ടാണു്. 92 വൈദികന്മാരും 187 കന്യാസ്ത്രീകളും 77 ദൈവാലയങ്ങളും ഒരു കോളെജും 13 ഹൈസ്കൂളുകളും 88 ഇതര വിദ്യാലയങ്ങളും 6 പരോപകാര സ്ഥാപനങ്ങളും ഈ രൂപതയിൽ ഇപ്പോൾ ഉണ്ടു്.

## 6. തിരുവനന്തപുരം രൂപത

കത്തോലിക്കർ 205,597.

നി. വ. ദി. ശ്രീ. ഡോക്ടർ വിൻസന്റ ഡിരേരാ തിരുമനസ്സുകൊണ്ടാണു് ഇപ്പോൾ ഈ രൂപതയെ ഭരിച്ചുകൊണ്ടിരിക്കുന്നതു്. 72 വൈദികന്മാരും, 141 കന്യാസ്ത്രീകളും, 60 ദൈവാലയങ്ങളും 7 ഹൈസ്കൂളുകളും 91 ഇതരവിദ്യാലയങ്ങളും 7 പരോപകാര സ്ഥാപനങ്ങളും ഈ രൂപത വകയായിട്ടുണ്ടു്.

### 7. കോട്ടാർ രൂപത

കത്തോലിക്കർ 163,844.

കേരളത്തിൻെറ തെക്കേ അററത്തു സ്ഥിതിചെയ്യുന്ന ലത്തീൻ രൂപതയത്രേ കോട്ടാർ രൂപത. നി. വ. ദി. ശ്രീ. ഡോക്ടർ റോച്ചു അഗ്നിസ്വാമി തിരുമനസ്സുകൊണ്ടാണ് ഈ രൂപതയുടെ അദ്ധ്യക്ഷൻ. ഈ രൂപതയിൽ 74 വൈദികന്മാരും, 181 കന്യാസ്ത്രീകളും, 161 ദൈവാലയങ്ങളും, 5 ഹൈസ്ക്കൂളുകളും, 113 ഇതരവിദ്യാലയങ്ങളും, 9 പരോപകാരസ്ഥാപനങ്ങളും ഇപ്പോഠം ഉണ്ട്.

## C. മലങ്കര സുറിയാനി ഹൈറാക്കി

1932-ൽ ഭാഗ്യസ്മരണാർഹനായ 11-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് Christo pastorum Principi എന്നതിരുവെഴുത്തുമുഖേന കേരളത്തിൽനിന്നും കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെടുന്ന മെത്രാന്മാരെയും, വൈദികന്മാരെയും, ജനങ്ങളെയും പ്രധാനമായി ഉദ്ദേശിച്ചുകൊണ്ടു മലങ്കര സുറിയാനി ഹൈറാക്കി സ്ഥാപിച്ചു. പ്രസ്തുത തിരുവെഴുത്ത് അനുസരിച്ചു തിരുവനന്തപുരം അതിരൂപതയും തിരുവല്ലാ രൂപതയും 1933-ൽ സ്ഥാപിക്കപ്പെട്ടു. പമ്പാനദിയത്രേ ഈ രൂപതകളെ തമ്മിൽ വേർതിരിക്കുന്ന അതിർത്തിയായി തിരുവെഴുത്തിൽ നിർദ്ദേശിച്ചിരിക്കുന്നതു്.

### 1. തിരുവനന്തപുരം അതിരൂപത

കത്തോലിക്കർ 60,410.

പമ്പാനദി മുതൽ തെക്കോട്ടു കന്യാകുമാരി വരെ നീണ്ടുകിടക്കുന്ന സ്ഥലവിഭാഗമാണ് ഈ അതിരൂപതയിൽ ഉഠംപ്പെടുത്തിയിരിക്കുന്നതു്. 1930-ൽ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ട നി. വ. ദി. ശ്രീ. മാർ ഈവാനിയോസ് തിരുമനസ്സുകൊണ്ടു് 1932—1953-വരെ ഈ അതിരൂപതയുടെ ഭരണഭാരം നിവ്വഹിച്ചുകൊണ്ടിരുന്നു. 1953-ജൂലായ് 15-ാം തീയതി അദ്ദേഹം ദിവംഗതനായതിനെ തുടന്ന് നി. വ. ദി. ശ്രീ. ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി അപ്പസ്തോലിക്ക് അഡ്മിനിസ്ത്രേററായി ഭരണം കൈയ്യേല്ക്കുകയും ഇപ്പോഠം അതിരൂപതാഭരണം നിവ്ഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ അതിരൂപതയിൽ 91 വൈദികന്മാരും, 103 കന്യാ

സ്ത്രീകളും, 48 ദൈവാലയങ്ങളും, 142 മിഷ്യൻ ചാപ്പലുകളും, ഒരു കോളേജും, 8 ഹൈസ്കൂളുകളും, 62 ഇതരവിദ്യാലയങ്ങളും, 6 പരോപകാര സ്ഥാപനങ്ങളും ഉണ്ടു്.

## 2. തിരുവല്ലാ രൂപത

കത്തോലിക്കർ 16,370

പമ്പാനദിമുതൽ വടക്കു പൊന്നാനി വരെ നീണ്ടു കിടക്കുന്ന സ്ഥലവിഭാഗമാണു് ഈ രൂപതാതിർത്തിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതു്. 1933-മുതൽ ഈ രൂപതയെ ഭരിച്ചുകൊണ്ടിരുന്ന നി. വ. ദി. ശ്രീ. മാർ തേയോഫിലോസു തിരുമനസ്സുകൊണ്ടു രോഗബാധിതനായിത്തീരുകയാൽ 1937-ൽ കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ട നി. വ. ശ്രീ മാർ സേവറിയോസ് തിരുമേനി 1938-ൽ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കയായി രൂപതാഭരണം കയ്യേല്ക്കുകയും അനന്തരം 1951-ൽ തിരുവല്ലാരൂപതാമെത്രാനായി നിയമിതനാകുകയും ചെയ്തു. 1954-ഫെബ്രുവരി മാസത്തിൽ മാർസേവറിയോസ് തിരുമേനിക്കു "ആർച്ചുബിഷപ്പു്" എന്ന സ്ഥാനം പരിശുദ്ധ സിംഹാസനത്തിൽനിന്നും നല്കുകയുണ്ടായി. വിസ്തൃതമായ രൂപതയുടെ ഭരണത്തിൽ തിരുമേനിയെ സഹായിക്കുന്നതിനുവേണ്ടി നിയുക്തനായ സഖറിയാസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ മെത്രാഭിഷേകം 1954 ഏപ്രിൽ 22-ാം തീയതി തിരുവല്ലായിൽ വച്ചു നടത്തപ്പെടുകയുണ്ടായി. തുടർന്നു രൂപതാഭരണത്തിൽ മാർ. സേവറിയോസ് തിരുമേനിയെ അദ്ദേഹം സഹായിച്ചുകൊണ്ടിരിക്കുന്നു.

ഈ രൂപതയിൽ 76 വൈദികന്മാരും 55 കന്യാസ്ത്രീകളും 81 ദൈവാലയങ്ങളും 25 മിഷ്യൻ സ്ഥലങ്ങളും 7 ഹൈസ്കൂളുകളും 32 ഇതരവിദ്യാലയങ്ങളും ഇപ്പോൾ ഉണ്ടു്.

# കേരളീയ കത്തോലിക്കരുടെ ആധുനികസ്ഥിതി

ആരെയും വിസ്മയഭരിതരാക്കിത്തീർക്കുമാറുള്ള അഭിവൃദ്ധിയത്രേ സുറിയാനിക്കാരും ലത്തീൻകാരുമായ കേരളത്തിലേ കത്തോലിക്കർ ഇതിനകം പ്രാപിച്ചു കഴിഞ്ഞിട്ടുള്ളതു്. വിദ്യാഭ്യാസപരമായും, രാഷ്ട്രീയമായും, സാമ്പത്തികമായും ഇവിടത്തേ സുറിയാനി കത്തോലിക്കരെ സംബന്ധിച്ചു ലത്തീൻകത്തോലിക്കർ അല്പം പിന്നിൽ ആയിരുന്നുവെങ്കിലും ഈ അടുത്ത കാലത്തു് ആ കുറവും പരിഹരിക്കപ്പെട്ടു കഴിഞ്ഞി

രിക്കുന്നു. ഇന്നു ജനസംഖ്യയിൽ ഇരുപതുലക്ഷത്തോളം വരുന്ന കേരളീയ കത്തോലിക്കാസമുദായത്തോടു കിടപിടിക്കത്തക്ക വേറൊരു സമുദായം ഈ കേരളക്കരയിൽ ഇല്ലെന്നു് നിസ്സന്ദേഹം പ്രസ്താവിക്കുന്നതിനു സാധിക്കും. താഴെച്ചേർക്കുന്ന സ്ഥിതിവിവരക്കണക്കിൽ നിന്നും ഈ വാസ്തവം ഗ്രഹിക്കാവുന്നതാണു്.

| | | സുറിയാനി കത്തോലിക്കർ | ലത്തീൻ കത്തോലിക്കർ | ആകെ |
|---|---|---|---|---|
| 1. | ജനസംഖ്യ | 11,43,936 | 8,34,070 | 19,78,006 |
| 2. | ദൈവാലയങ്ങൾ | 995 | 534 | 1529 |
| 3. | വൈദികന്മാർ | 1190 | 498 | 1688 |
| 4. | കന്യാസ്ത്രീകൾ | 4701 | 1055 | 5756 |
| 5. | കോളേജുകൾ | 8 | 5 | 13 |
| 6. | ഹൈസ്കൂളുകൾ | 133 | 53 | 186 |
| 7. | ഇതരവിദ്യാലയങ്ങൾ | 722 | 495 | 1217 |
| 8. | പരോപകാരസ്ഥാപനങ്ങൾ | 77 | 71 | 148 |

അദ്ധ്യായം 10

# യാക്കോബായ സഭ

---

## ഉത്ഭവവും പ്രചാരണവും

കേരളത്തിലുള്ള അകത്തോലിക്കാസഭകളിൽ ജനസംഖ്യയിലും, സ്ഥാപനങ്ങളിലും, പുരാതനത്വത്തിലും പ്രഥമസ്ഥാനം അർഹിക്കുന്ന സഭയത്രേ യാക്കോബായ സഭ. ആറാം നൂററാണ്ടിൽ പരദേശത്തു ആരംഭിച്ചതും പതിനേഴാം നൂററാണ്ടിൻെറ അന്തിമഘട്ടത്തിൽ മാത്രം ഇക്കേരളക്കരയിൽ പ്രവേശിച്ചതുമായ യാക്കോബായ സഭയുടെ പരദേശത്തേയും കേരളത്തിലേയും ഉത്ഭവം സംക്ഷിപ്തമായി ചുവടേ ചേർത്തുകൊള്ളുന്നു.

## യവുത്തിക്കുസും ദിയസ്ക്കോറോസും

അഞ്ചാം ശതകത്തിൻെറ മദ്ധ്യഘട്ടത്തിൽ കസ്തന്തിനോസ്സ് പട്ടണത്തിലേ ഒരു സന്യാസാശ്രമത്തിൻെറ അധിപതിയായിരുന്ന യവുത്തിക്കുസ്സ് ക്രിസ്തുവിൻെറ മനുഷ്യസ്വഭാവം ദൈവസ്വഭാവത്തിൽ ലയിച്ച് ഒരു സ്വഭാവമായി തീർന്നു എന്നുള്ള അബദ്ധോപദേശം പ്രചരിപ്പിക്കുവാൻ തുടങ്ങി. തൻമൂലം ക്രിസ്ത്വബ്ദം 448-ൽ കസ്തന്തിനോസ് മെത്രാനായിരുന്ന ഫ്ളാവിയൻ ഒരു പ്രാദേശിക സുന്നഹദോസ് വിളിച്ചുകൂട്ടുകയും യവുത്തിക്കുസിനെ അയാളുടെ അബദ്ധപാനത്തിൽനിന്നും പിൻതിരിക്കുവാൻ കഴിവതു പരിശ്രമിക്കുകയും ചെയ്തു. പക്ഷേ, യവുത്തിക്കുസ് അതിനു സന്നദ്ധത പ്രകടിപ്പിക്കാതിരുന്നതിനാൽ ഫ്ളാവിയൻ മെത്രാൻ അയാളെ സ്ഥാനഭ്രഷ്ടനാക്കി.

യവുത്തിക്കുസ് ഉടൻതന്നെ റോമിലേ മാർപ്പാപ്പായെ അഭയം പ്രാപിക്കുകയും, ക്രിസ്തുവിൻെറ സ്വഭാവത്തെപ്പററിയുള്ള ഒരു വിശ്വാസപ്രഖ്യാപനം ചെയ്യണമെന്നപേക്ഷിക്കുകയും, സത്യവിശ്വാസികളുടെ ഗണത്തിൽനിന്നും തന്നെ ബഹിഷ്കരിക്കരുതെന്നു അഭ്യർത്ഥിക്കുകയും ചെയ്തു ലെയോൻ മാർപ്പാപ്പായാകട്ടെ, എപ്പേസോസിൽ ഒരു സുന്നഹ

ദോസു വിളിച്ചുകൂട്ടുവാൻ അനുവദിച്ചു തന്റെ പ്രതിനിധികളെ അവിടേയ്ക്കു് അയയ്ക്കുകയുണ്ടായി. എങ്കിലും മാപ്പാപ്പായുടെ പ്രതിനിധികളേയും കല്പനയേയും യവുത്തിക്കൂസിനെ അനുകൂലിച്ചിരുന്ന അലക്സാന്ത്രിയായിലെ ദിയസ്ക്കോറോസു പാത്രിയക്കീസ് മനഃപൂർവ്വം ധിക്കരിച്ചു് എപ്പേസോസ് സുന്നഹദോസിൽ അനധികൃതമായി ആദ്ധ്യക്ഷം വഹിക്കുകയാണുണ്ടായതു്. പ്രസ്തുത സുന്നഹദോസിൽ വെച്ചു് ഫ്ളാവിയൻ മെത്രാനെ സ്ഥാനഭ്രഷ്ടനാക്കുകയും എവുത്തിക്കൂസിന്റെ ഉപദേശങ്ങൾ സത്യവിശ്വാസമാണെന്നു് പ്രഖ്യാപിക്കുകയും ചെയ്തു. അതുമന്യേ ഫ്ളാവിയൻ മെത്രാനെ ഏതാനും അക്രമികൾ ദേഹോപദ്രവമേല്പിക്കുകകൂടെ ചെയ്തു. തൽഫലമായി മൂന്നു ദിവസത്തിനകം അദ്ദേഹം നിര്യാണം അടയുകയാണുണ്ടായതു്. ഈ സുന്നഹദോസിനെ "എഫേസോസിലെ തസ്കരസംഘം" എന്നാണു് ചരിത്രകാരന്മാർ നാമകരണം ചെയ്തിരിക്കുന്നതു്. പ്രസ്തുത സുന്നഹദോസിലേ നിശ്ചയങ്ങളെ റോമിലേ ലെയോൻ മാപ്പാപ്പാ നിരസിക്കുകയും ചെയ്തു.

## കല്ക്കദോനിയാ സുന്നഹദോസ്

സമാധാനസംസ്ഥാപനാത്ഥം ഒരു പൊതു സുന്നഹദോസ് വിളിച്ചുകൂട്ടുന്നതിനു നിശ്ചയിച്ചതനുസരിച്ചു ക്രിസ്ത്വബ്ദം 451-ൽ കല്ക്കദോനിയായിൽവെച്ചു് ഒരു സാവ്വത്രിക സുന്നഹദോസ് സമ്മേളിച്ചു. പ്രസ്തുത സുന്നഹദോസിൽ സംബന്ധിച്ച 630 മെത്രാന്മാരിൽ 626 പേരും പൗരസ്ത്യദേശത്തു നിന്നും വന്നവരായിരുന്നു എന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമത്രേ. യറുശലേം, അന്ത്യോക്യ, കുസ്തന്തീനോ പോലീസ് എന്നീ സിംഹാസനങ്ങളിൽ വാണിരുന്ന പാത്രിയക്കീസന്മാരും സുന്നഹദോസിൽ സംബന്ധിച്ചിരുന്നു. വിശ്വാസത്തിനും സന്മാർഗ്ഗത്തിനും എതിരായി അലക്സാണ്ഡ്റിയായിലേ ദീയസ്ക്കോറോസ് പാത്രിയക്കീസ് പ്രവത്തിച്ചിട്ടുള്ളവയെപ്പററി—അനുതപിക്കുന്നതിനുള്ള അവസരം കൊടുത്തിട്ടും—അദ്ദേഹം മനഃപൂവ്വം എതിക്കുകയാൽ സാവ്വത്രിക സുന്നഹദോസ് അദ്ദേഹത്തെ സഭയിൽ നിന്നു ബഹിഷ്കരിക്കയും സ്ഥാനഭ്രഷ്ടനാക്കയുംചെയ്തു. ദിയസ്ക്കോറോസിന്റെ ബഹിഷ്ക്കരണത്തിനു പ്രധാനമായി നാലു കാരണങ്ങളായിരുന്നു പിതാക്കന്മാർ ഉന്നയിച്ചതു്.

1. വിശ്വാസ വൈപരീത്യം നിമിത്തം ശപിക്കപ്പെട്ട യവുത്തിക്കൂസിനോടു യോജിക്കയും അയാളെ നിയമവിരുദ്ധമായി സഭയുടെ ഐക്യത്തിലേക്കു സ്വീകരിക്കയും ചെയ്തു.

89744
Dharmaram College Library
Bangalore-29


2. എഫേസൂസ് സൂന്നഹദോസിൽ (തസ്കരസംഘം) വച്ച് റോമാ പാത്രിയക്കീസായ ലെയോൻ മാർപ്പാപ്പായുടെ കല്പനയെ അവഗണിക്കയും പ്രതിനിധികളോട് ധിക്കാരപൂർവ്വം പ്രവർത്തിക്കയുംചെയ്തു.

3. തൻെറ അക്രമപരമായ പ്രവൃത്തികളെക്കുറിച്ച് അനുതപിക്കുന്നതിനുള്ള അവസരം നല്കിയിട്ടും അതിനു സന്നദ്ധനാകാതെ സ്വയം നീതീകരിക്കുന്നതിനു പരിശ്രമിച്ചു.

4. കല്ക്കദോനിയാ സൂന്നഹദോസിനു വന്നുചേരുന്നതിനു നിയമാനുസരണം മൂന്നുപ്രാവശ്യം ക്ഷണിച്ചിട്ടും ആ ക്ഷണത്തെ മനഃപൂർവ്വം ധിക്കരിച്ചു.

ഏതാദൃശ കാരണങ്ങളാൽ ദിയസ്ക്കോറോസ് പാത്രിയക്കീസനേയും അനുചരന്മാരേയും സൂന്നഹദോസ് സഭയിൽ നിന്നും ബഹിഷ്കരിക്കയുണ്ടായി. പ്രസ്തുത സൂന്നഹദോസിൻെറ നിശ്ചയങ്ങൾക്ക് മാർപ്പാപ്പായുടെ പ്രതിനിധികളും തുടന്ന് പാത്രിയക്കീസന്മാർ, മെത്രാന്മാർ ആദിയായ 630 പിതാക്കന്മാരും ഒപ്പിടുകയും ചെയ്തു.

## ഏകസ്വഭാവോപദേശ പ്രചരണം

കല്ക്കദോനിയാ സൂന്നഹദോസിൽ നിന്നും ബഹിഷ്കൃതരായ ഏക സ്വഭാവവാദികൾ അവരുടെ ദുരുപദേശം പ്രചരിപ്പിക്കുന്നതിന് അശ്രാന്തം പരിശ്രമിക്കുവാൻ തുടങ്ങി. തൻനിമിത്തം ഈജിപ്ത്, സിറിയാ, പലസ്തീനാ എന്നി രാജ്യങ്ങളിൽ പ്രസ്തുത അബദ്ധോപദേശത്തിനു പ്രചുരപ്രചാരണം ലഭിച്ചു. ബൊസന്ത്യായും, അലക്സാണ്ഡ്റിയായും തമ്മിലുണ്ടായിരുന്ന ജാതീയമത്സരങ്ങളും ഏകസ്വഭാവവാദപ്രചാരണത്തിനു പ്രേരകമായി ഭവിച്ചു. പക്ഷേ, അധികകാലതാമസമെന്യേ ഏകസ്വഭാവവാദികളുടെ ഇടയിൽ പല അവാന്തര വിഭാഗങ്ങൾ ഉത്ഭവിച്ചു. ക്രിസ്തുവിൻെറ ശരീരം നശ്വരമാണെന്ന് ഒരു കൂട്ടരും അനശ്വരമാണെന്ന് മറെറാരു കൂട്ടരും പഠിപ്പിക്കുവാൻ തുടങ്ങി. പ്രസ്തുത ശരീരം സൃഷ്ടമാണെന്ന് ഒരു കൂട്ടരും അല്ലെന്ന് വേറൊരുകൂട്ടരും വാദിച്ചു. ക്രിസ്തുവിനു സർവ്വജ്ഞാനമുണ്ടെന്ന് ഒരു കൂട്ടരും ഇല്ലെന്ന് മറെറാരു കൂട്ടരും തക്കിച്ചു. എന്നു വേണ്ടാ, മൂന്നു ദൈവങ്ങളുണ്ടെന്നു വാദിക്കുന്നവർ കൂടെയും ഏകസ്വഭാവവാദികളുടെ ഇടയിൽ ആവിർഭവിച്ചു. ഇപ്രകാരം ഇരുപതോളം വിഭിന്നകക്ഷി

കരം ഉണ്ടാകുക നിമിത്തം ഏകസ്വഭാവവാദം മിക്കവാറും അധഃപതിച്ച നിലയിൽ എത്തിച്ചേർന്നു. ഇത്തരുണത്തിൽ വിവിധ കക്ഷികളെ തമ്മിൽ യോജിപ്പിക്കുന്നതിനും ഏക സ്വഭാവവാദം പുനർജ്ജീവിപ്പിക്കുന്നതിനുമായി യാക്കോബു ബുർദായ എന്നൊരു സന്യാസി പരിശ്രമിച്ചു തുടങ്ങി.

## യാക്കോബു ബുർദായ

ക്രിസ്തുവിൻെറ ശരീരം നശ്വരമാണെന്നു പഠിപ്പിച്ചിരുന്ന അന്ത്യോക്യാ മെത്രാനായിരുന്ന സെബേത്രുസിൻെറ ശിഷ്യനും ഒരു സന്യാസിയുമായിരുന്ന യാക്കോബു ബുർദായ വിഭിന്ന കക്ഷികളെ ഏകീഭവിപ്പിക്കുന്നതിനു വേണ്ടിയുള്ള പരിശ്രമം ആരംഭിച്ചു. ചക്രവർത്തിയെ ഭയന്നു് ഒട്ടകജീനി പുതച്ചു വേഷപ്രച്ഛന്നനായി നടന്നിരുന്നതിനാലാണു സുറിയാനി ഭാഷയിൽ ഒട്ടകജീനിക്കാരൻ എന്നർത്ഥമുള്ള "ബുർദ് ആയ" എന്ന നാമം അയാൾക്കു സിദ്ധിച്ചതു്. ചക്രവർത്തി തടവിൽ പാർപ്പിച്ചിരുന്ന ഒരു മെത്രാനിൽനിന്നും രാത്രിസമയം മെത്രാൻപട്ടം സ്വീകരിച്ചശേഷം പല സ്ഥലങ്ങളിലും സഞ്ചരിച്ചു് അനേകായിരങ്ങളെ വൈദികരായി അദ്ദേഹം അഭിഷേചിച്ചു. രണ്ടു പാത്രിയക്കീസന്മാരേയും ഇരുപത്തേഴ മെത്രാന്മാരേയും ഒരുലക്ഷത്തോളം വൈദികന്മാരേയും അദ്ദേഹം വാഴിക്കയുണ്ടായത്രേ. അന്ത്യോക്യാ സിംഹാസനത്തിൽ അന്നു ഭരിച്ചുകൊണ്ടിരുന്നതു കത്തോലിക്കു് പാത്രിയക്കീസായിരുന്നതിനാൽ യാക്കോബു ബുർദായ കിഴക്കോട്ടുമാറി മർദ്ദീൻ എന്ന സ്ഥലത്തു് തൻെറ പിൻഗാമികൾക്കുവേണ്ടി "അന്ത്യോക്യാ സിംഹാസനം" എന്ന പേരിൽ ഒരു പുതിയ സിംഹാസനം സ്ഥാപിച്ചു് ഒരു പാത്രിയക്കീസിനെ അതിൽ വാഴിച്ചു. ഇതിനുശേഷമത്രേ ഏകസ്വഭാവവാദികളായ പാത്രിയക്കീസന്മാർ "അന്ത്യോക്യാ സിംഹാസന"ത്തിലിരുന്നു് ഭരണം നടത്തിത്തുടങ്ങിയതു്. ഇതോടുകൂടെ യാക്കോബായസഭയും ആരംഭിച്ചു.

## യാക്കോബായ നാമോല്പത്തി

പഴയനിയമകാലത്തു ജീവിച്ചിരുന്ന പൂർവ്വ യാക്കോബിൽ നിന്നോ, അഥവാ യാക്കോബു ശ്ലീഹായിൽ നിന്നോ, അതുമല്ലെങ്കിൽ യാക്കോബിൻെറ ആരാധനാക്രമത്തിൽ നിന്നോ ആണു യാക്കോബായ നാമം ഉത്ഭവിച്ചതു് എന്നു ചില യാക്കോബായ സഭാംഗങ്ങൾ വാദിക്കു

ന്നുണ്ടു്. എന്നാൽ പ്രസ്തുത നാമത്തിൻെറ ഉത്ഭവം ഇപ്രകാരമല്ലെന്നും, പ്രത്യുത, യാക്കോബു ബുർദയായിൽ നിന്നാണെന്നുമുള്ളതു് ചരിത്ര സത്യമാണു്. അതിനുള്ള തെളിവുകൾ താഴെചേക്കുന്നു:—

1. പന്ത്രണ്ടാം ശതാബ്ദത്തിൽ ജീവിച്ചിരുന്നവനും യാക്കോബായ സഭയിലെ ഒരു പണ്ഡിതനും ഹൂദായ കാനോൻ എന്ന സുപ്രസിദ്ധഗ്രന്ഥത്തിൻെറ കർത്താവുമായ ബാർ എബ്രായ എന്ന ദേഹം യാക്കോബു ബുർദയായിൽ നിന്നുമാണു യാക്കോബായക്കാർ എന്ന പേരുണ്ടായതെന്നു സമ്മതിച്ചു പറഞ്ഞിരിക്കുന്നു. (Chron. Eccl. i. 218 Syriac).

2. 1465-ാം ആണ്ടിനോടു് അടുത്ത കാലഘട്ടത്തിൽ ഒരു യാക്കോബായപട്ടക്കാരൻ സുറിയാനിയിൽ എഴുതിയിട്ടുള്ളതും റോമായിലെ വാററിക്കൻ ഗ്രന്ഥശാലയിൽ സൂക്ഷിച്ചുവരുന്നതുമായ യാക്കോബായസഭയുടെ ഒരു കയ്യെഴുത്തുപഞ്ചാംഗത്തിൽ കക്കടകം 31-ാംതീയതി യാക്കോബു് ബുർദയായുടെ തിരുനാൾദിനമാണെന്നു പറഞ്ഞിട്ടു് ഇപ്രകാരം പ്രസ്താവിക്കുന്നു. "മാർ യാക്കോബു ബുർദായാ അദ്ദേഹം നിമിത്തം നാം യാക്കോബായക്കാരെന്നു വിളിക്കപ്പെട്ടു." (Cod Vat. Syr. LXVIII—12).

3. ഓർത്തഡോക്സു്സഭയുടെ ഇപ്പോഴത്തേ കാതോലിക്കാബാവാ തിരുമേനി ഇതെപ്പററി സമുദായക്കേസിൽ മൊഴി കൊടുത്തിരിക്കുന്നതു് ഇപ്രകാരമാണു് "ആദ്യത്തേ മൂന്നു സുന്നഹദോസിലേ നിശ്ചയങ്ങളെ മാത്രം അംഗീകരിച്ചവക്കാണു് പിന്നീടു്—അതായതു് യാക്കോബു് ബുർദായയുടെ കാലംമുതൽ—യാക്കോബായക്കാരെന്നു പേരു കിട്ടിയതു്". (പൌരധ്വനി 118 തുലാം 14.)

4. ഇക്കഴിഞ്ഞ സമുദായക്കേസിൽ യാക്കോബായക്കാരുടെ ഭാഗം വാദിച്ച ബ്രാഡ്ഫൽ സാഹ്യു് യാക്കോബായനാമത്തിൻെറ ഉല്പത്തിയെപ്പററി പറഞ്ഞിരിക്കുന്നതിപ്രകാരമാണു്. "അദ്ദേഹം (യാക്കോബ്ബുർദായ) തിരിച്ചുവന്നു രണ്ടു പാത്രിയക്കീസന്മാരേയും, അനേകം മെത്രാന്മാരേയും, അസംഖ്യം പട്ടക്കാരേയും വാഴിച്ചു. അദ്ദേഹത്തിൽ നിന്നാണു് യാക്കോബായസഭ എന്ന പേരു സിദ്ധിച്ചതു്." (പൌരധ്വനി 121 ചിങ്ങം 23)

5. യാക്കോബുർദായയുടെ കാലത്തിനു ശേഷമാണ് യാക്കോബായക്കാരെന്ന പേരു കേൾക്കുവാനിടയായതെന്നും, അതിനു മുൻപ് ആ നാമംപോലും ലോകത്തിൽ കേട്ടിട്ടില്ലായിരുന്നു എന്നും, കേരളത്തിലെ ഒരു യാക്കോബായസഭാ ചരിത്രകാരനായിരുന്ന മിസ്റ്റർ ഇ. എം. ഫിലിപ്പ് "മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻ സഭ" എന്ന ഗ്രന്ഥത്തിൽ സ്പഷ്ടമായി രേഖപ്പെടുത്തിയിരിക്കുന്നു. യാക്കോബ് ബുർദായ ചെയ്ത പ്രവർത്തനങ്ങളെ വിവരിച്ച ശേഷം മിസ്റ്റർ ഇ. എം. ഫിലിപ്പ് എഴുതിയിരിക്കുന്നു. "അന്നു മുതൽ അവരെ എതൃകക്ഷികൾ യാക്കോബായക്കാർ അഥവാ ഏകസ്വഭാവവാദികൾ എന്നു വിളിച്ചുവരുന്നു."

പ്രസ്തുതഗ്രന്ഥത്തിൽ വീണ്ടും ഇപ്രകാരം എഴുതിയിരിക്കുന്നു. "മലങ്കര സുറിയാനിക്കാരും അന്ത്യോക്യാ പാത്രിയർക്കീസിന്റെ കീഴിൽ മെസോപ്പൊട്ടേമിയായിലും മററുമുള്ള അവരുടെ സ്വമതക്കാരും ആറാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന എഡേസായിലെ യാക്കോബുബുർദായാ എന്ന പ്രസിദ്ധ മേല്പട്ടക്കാരന്റെ നാമധേയപ്രകാരം യാക്കോബായക്കാരെന്നു സാധാരണ വിളിക്കപ്പെട്ടുവരുന്നു. (പുറം 337)

യാക്കോബായ നാമത്തിന്റെ ഉല്പത്തി ഏവംവിധം പ്രസ്പഷ്ടമായിരിക്കെ ഇന്നത്തെ ചില യാക്കോബായക്കാരുടെ വാദം തങ്ങളുടെ സഭയുടെ പുരാതനത്വം കാണിക്കുന്നതിനുവേണ്ടി മാത്രമാണെന്നുള്ളതു സംശയരഹിതമായ കാര്യമത്രെ.

## കേരളത്തിലെ യാക്കോബായസഭാ പ്രവേശം

പതിനാറ ശതവർഷക്കാലത്തോളം കേരളത്തിലെ ക്രൈസ്തവർ കത്തോലിക്കാ വിശ്വാസികളും റോമാ മാർപ്പാപ്പായുടെ ഭരണത്തിൻകീഴിലിരുന്നവരും ആയിരുന്നുവെന്ന് ഈ ഗ്രന്ഥത്തിന്റെ നാലാം അദ്ധ്യായത്തിൽ തെളിവുസഹിതം പ്രതിപാദിച്ചിട്ടുണ്ടല്ലോ. പതിനേഴാം ശതാബ്ദത്തിനുമുൻപ് അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസന്മാരാൽ നിയുക്തരായ മെത്രാന്മാർ ഇവിടുത്തെ ക്രൈസ്തവരെ ഭരിച്ചിരുന്നു എന്നുള്ളതിന് ഒററ തെളിവുപോലും ചൂണ്ടിക്കാണിക്കുവാൻ ആർക്കും സാധിക്കുന്നതല്ല. കൂനൻകുരിശു സത്യം ചെയ്ത നസ്രാണികൾ ആലങ്ങാട്ടു പള്ളിയിൽ കൂടുകയും, "പന്ത്രണ്ടു വൈദികന്മാർകൂടി ഒരു മെത്രാനെ അഭിഷേചിച്ചുകൊള്ളുന്നതിനു" അനുവദിച്ചുകൊണ്ടുള്ള അഹത്തള്ളാ മെത്രാൻറേതായ ഒരു വ്യാജക്കത്തു് ഇട്ടിത്തൊമ്മൻ കത്തനാർ ഹാജരാ

ക്കിയതു് പരമാത്ഥമെന്ന വിശ്വസിച്ചു പന്ത്രണ്ടു പട്ടക്കാർക്കൂടി ഒരു മെത്രാനെ വാഴിക്കുകയും ചെയ്തു. പക്ഷേ, അദ്ദേഹം യഥാർത്ഥ മെത്രാനല്ലെന്നുള്ള ബോദ്ധ്യം നിമിത്തവും എങ്ങനെയെങ്കിലും അദ്ദേഹത്തിനു യഥാത്ഥകൈവയ്പു ലഭിക്കണമെന്നുള്ള ആഗ്രഹം നിമിത്തവും ഭിന്നിച്ചു നിന്നിരുന്ന നസ്രാണികൾ ഒരു മെത്രാനെ അയച്ചുതരുന്നതിനായുള്ള അപേക്ഷകൾ പല സ്ഥലങ്ങളിലേക്കും അയച്ചുകൊണ്ടിരുന്നു. തൽഫലമായി ക്രിസ്തുവബ്ദം 1665-ൽ യരുശലേമിലെ ഒരു യാക്കോബായ മെത്രാനായിരുന്ന മാർ ഗ്രിഗോറിയോസ് എന്ന ദേഹം മലങ്കരയിൽ വന്നു ചേരുകയും യാക്കോബായവിശ്വാസങ്ങൾ ഇവിടെ പ്രചരിപ്പിക്കുന്നതിനു് പരിശ്രമിക്കുകയും ചെയ്തു. പോർട്ടുഗീസുകാരുടെ പ്രവത്തനങ്ങളിൽ അതൃപ്തരായി കൂനൻകുരിശുസത്യം ചെയ്തു പറങ്കികളോടു് വിരോധത്തിൽ വത്തിച്ചിരുന്ന നസ്രാണികളിൽ ഒരു പങ്കു് മാർ ഗ്രിഗോറിയോസിനെ അനുകൂലിച്ചു. മാർ ഗ്രിഗോറിയോസ് ആകട്ടെ, കല്പനകളും പ്രസംഗങ്ങളും വഴിയായി യാക്കോബായ വിശ്വാസങ്ങളും ആചാരങ്ങളും ഇവിടെ പ്രചരിപ്പിക്കുവാനാണു പരിശ്രമിച്ചതു്. ഇങ്ങനെ യാക്കോബായസഭയ്ക്കു് കേരളത്തിൽ പ്രവേശം സിദ്ധിച്ചു. ഇപ്രകാരം മാർ ഗ്രിഗോറിയോസിൽ നിന്നും പുത്തൻവിശ്വാസവും ആചാരങ്ങളും സ്വീകരിച്ചവക്കു് പുത്തൻകൂറുകാരെന്നും, പഴയ വിശ്വാസത്തിൽ നിലനിന്നവക്കു് പഴയ കൂറുകാരെന്നുമുള്ള നാമം ലഭിക്കുകയും ചെയ്തു. മാർ ഗ്രിഗോറിയോസിന്റെ കാലശേഷം വിദേശത്തുനിന്നും മലങ്കര യാക്കോബായസഭയെ ഭരിക്കുവാൻ വന്നിട്ടുള്ള മാർ യോഹന്നാൻ, മാർ കൂറിലോസ്, പത്രോസ് പാത്രിയക്കീസ് എന്നിമേല്പട്ടക്കാരുടെ കാലത്തു ആചാരസംബന്ധമായ പല മാററങ്ങളും ഉണ്ടാകുന്നതിനു ഇടയായിത്തീന്നു. ഇവയിൽ പ്രധാനപ്പെട്ടവ പ്രതിമകൾ ദൈവാലയങ്ങളിൽനിന്നും നീക്കം ചെയ്യുക, കല്ദായ സുറിയാനി റീത്തു മാററി അന്ത്യോക്യാ സുറിയാനിറീത്തു ഏർപ്പെടുത്തുക, പട്ടക്കാക്കു് വിവാഹജീവിതം അനുവദിക്കുക എന്നിവയായിരുന്നു.

## ഒൻപതു മാർത്തോമ്മാ മെത്രാന്മാർ

യാക്കോബായസഭയ്ക്കു് ഇവിടെ പ്രവേശം നല്കിയ ഒന്നാം മാർത്തോമ്മാ 1670-ൽ മരണമടയുകയും അങ്കമാലി പള്ളിയിൽ സംസ്കരിക്കപ്പെടുകയും ചെയ്തു. തുടന്നു ഭരണം നടത്തിയ രണ്ടാം മാർത്തോമ്മാ പതിനാറു വർഷത്തെ ഭരണത്തിനുശേഷം 1686-ൽ നിരണത്തു വലിയ പള്ളിയിൽ വച്ചു് മരണം പ്രാപിക്കുകയും അവിടെത്തന്നെ സംസ്കൃ

രിക്കപ്പെട്ടകയും ചെയ്തു. തുടൎന്ന ഭരിച്ച മൂന്നാം മാൎത്തോമ്മാ 1688-ൽ നിൎയ്യാതനായി കടമ്പനാട്ടു പള്ളിയിൽ സംസ്കരിക്കപ്പെട്ടു. അദ്ദേഹത്താൽ വാഴിക്കപ്പെട്ട പകലോമററം കുടുംബാംഗമായ മാൎത്തോമ്മാ ചതുൎത്ഥൻ നാല്പതുവൎഷത്തെ സുദീൎഘമായ ഭരണത്തിനശേഷം 1728-ൽ നിൎയ്യാണമടയുകയും കണ്ടനാട്ടു പള്ളിയിൽ സംസ്കരിക്കപ്പെട്ടകയും ചെയ്തു. അനന്തരം അഞ്ചാം മാൎത്തോമ്മാ ഭരണമേല്ക്കയും 1765-ൽ മരണമടയുകയും കണ്ടനാട്ടു പള്ളിയിൽത്തന്നെ സംസ്കരിക്കപ്പെട്ടകയും ചെയ്തു. ഇപ്രകാരം കേരളത്തിലേ യാക്കോബായക്കാരെ അഞ്ചു മാൎത്തോമ്മാമെത്രാന്മാർ ഭരിച്ചു കഴിഞ്ഞശേഷം ആറാം മാൎത്തോമ്മാ വലിയ മാർ ദീവന്നാസ്യോസ് എന്ന പേരിൽ ഭരണമാരംഭിച്ചു. മാർ ദീവന്നാസ്യോസ് പ്രഥമന്റെ ഭരണത്തിന ശേഷം ഏഴാം മാൎത്തോമ്മാ ഒന്നരവൎഷക്കാലവും, എട്ടാം മാൎത്തോമ്മാ ആറു വൎഷക്കാലവും യാക്കോബായ സഭാഭരണം നിൎവ്വഹിച്ചുകൊണ്ടിരുന്നു. മാർ ദിവന്നാസ്യോസ് മരിച്ച ഉടൻതന്നെ അദ്ദേഹത്തിന്റെ കൈ തലയിൽവെച്ചു വാഴിക്കപ്പെട്ട ആളാണ് എട്ടാം മാൎത്തോമ്മാ എന്നുള്ള ആരോപണം ഇദ്ദേഹത്തിന്റെ പേരിൽ ഉന്നയിക്കപ്പെട്ടുന്നുണ്ട്. എട്ടാം മാൎത്തോമ്മായുടെ മരണശേഷം അദ്ദേഹത്താൽ വാഴിക്കപ്പെട്ട ഒൻപതാം മാൎത്തോമ്മാ ഭരണഭാരമേറെറങ്കിലും മെത്രാനെന്ന നിലയിൽ യാതൊന്നും നിൎവ്വഹിക്കുന്നതിന സാദ്ധ്യമല്ലാത്തവിധം അദ്ദേഹത്തിന്റെ പട്ടത്വം അസാധുവാണെന്നുള്ള വാദം ഉത്ഭവിക്കയും, തൽഫലമായി അദ്ദേഹം സ്ഥാനത്യാഗം ചെയ്യുകയും, അനന്തരം ഒരു സന്യാസി എന്ന നിലയിൽ കടമററം പള്ളിയിൽ ജീവിതം കഴിച്ചുകൂട്ടുകയും, അവിടെ വച്ചു മരണമടയുകയും ചെയ്തു.

## ഏഴു മെത്രാപ്പോലീത്തന്മാർ

1. <u>ദിവന്നാസ്യോസ് പ്രഥമൻ.</u> വലിയ മാർ ദിവന്നാസ്യോസ് എന്ന പേരിനാൽ അറിയപ്പെട്ടുന്ന ആറാം മാൎത്തോമ്മാ 1765 മുതൽ 1808 വരെ കേരളത്തിലേ യാക്കോബായ സഭാംഗങ്ങളുടെ മെത്രാനായി ഭരണം നടത്തി. ഇദ്ദേഹത്തിന്റെ ഭരണകാലത്താണ് തോഴിയൂർ സഭ ആരംഭിച്ചതും വട്ടിപ്പണം (3000 പൂവരാഹൻ—10500 രൂപാ—) ബാങ്കിൽ നിക്ഷേപിക്കപ്പെട്ടതും.

തച്ചിൽ മാത്തുതരകന്റെ പരിശ്രമത്താൽ ഇദ്ദേഹം കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ടകയും അനന്തരം തത്തംപള്ളി

കത്തോലിക്കാ ദൈവാലയത്തിൽ ഏതാനും നാൾ താമസിക്കുകയും ചെയ്തുവെങ്കിലും ഭരണം ലഭിക്കുന്നതിനുണ്ടായ വൈഷമ്യം നിമിത്തം വീണ്ടും യാക്കോബായ സഭയിലേക്കു തിരിച്ചു പോകുകയാണുണ്ടായതു്. 1808-ൽ നിര്യാണമടഞ്ഞ ഇദ്ദേഹം പുത്തൻകാവുപള്ളിയിൽ സംസ്കരിക്കപ്പെട്ടു.

2. ദിവന്നാസ്യോസ് ദ്വിതീയൻ 1816-ൽ പുലിക്കോട്ടു യൗസേപ്പു് റമ്പാൻ തോഴിയൂർ മാർ പീലക്സിനോസിൽ നിന്നും മെത്രാൻപട്ടം സ്വീകരിച്ചുകൊണ്ടു് യാക്കോബായ സഭാഭരണം കയ്യേററു. പ്രോട്ടസ്റ്റൻറു മിഷ്യനറിമാരുടെ സഹായത്തോടും തിരുവിതാംകൂർ ഗവമ്മെൻറിൻെറ തിരുവെഴുത്തു വിളംബരത്തോടും കൂടെ ഒന്നര വഷത്തോളം മാത്രമേ യാക്കോബായ സഭയെ ഭരിക്കുവാൻ ഇദ്ദേഹത്തിനു സാധിച്ചുള്ളു. കോട്ടയം പഴയ സിമ്മനാരി ആരംഭിച്ചതും വട്ടിപ്പണത്തിൻെറ പലിശ ആദ്യമായി വാങ്ങിയതും ഇദ്ദേഹമായിരുന്നു. 1818-ൽ നിര്യാതനായ ഇദ്ദേഹം കോട്ടയം സിമ്മനാരി ചാപ്പലിൽ സംസ്കരിക്കപ്പെട്ടു.

3. ദിവന്നാസ്യോസ് തൃതീയൻ. പുന്നത്ര മാർ ദിവന്നാസ്യോസ് ആയിരുന്നു പിന്നീടു ഭരണം ആരംഭിച്ചതു്. ബാഹ്യാദായങ്ങൾ ഇച്ഛിച്ചുകൊണ്ടു് പ്രോട്ടസ്റ്റൻറു മിഷ്യനറിമാക്കു യാക്കോബായ സഭയിൽ പരിപൂണ്ണസ്വാതന്ത്ര്യം ഇദ്ദേഹം അനുവദിച്ചു കൊടുത്തു. എങ്കിലും കാലാന്തരത്തിൽ പ്രസ്തുത മിഷ്യനറിമാരുടെ ഉദ്ദേശം മനസ്സിലായപ്പോൾ അവരുമായി പിണങ്ങുന്നതിനാണു് ഇടയായതു്. 1825-ൽ ഇദ്ദേഹം നിര്യാണമടയുകയും കോട്ടയം ചെറിയ പള്ളിയിൽ സംസ്കരിക്കപ്പെടുകയും ചെയ്തു.

4. ദിവന്നാസ്യോസ് നാലാമൻ. 1825-ൽ തോഴിയൂർ മാർ പിലിക്സീനോസിനാൽ വാഴിക്കപ്പെട്ട ചേപ്പാട്ടു മാർ ദിവന്നാസ്യോസ് ആയിരുന്നു യാക്കോബായ സഭയെ പിന്നീടു് ഭരിച്ചതു്. പ്രോട്ടസ്റ്റൻറു മിഷ്യനറിമാർ യാക്കോബായ സഭയിൽ ചെയ്തുകൊണ്ടിരുന്ന നവീകരണപ്രവത്തനങ്ങൾക്കെതിരായി പോരാടിയതും പുതുതായി രൂപമെടുത്ത നവീകരണ (മാർത്തോമ്മാ) കക്ഷിയോടു് സധീരം എതിത്തതും ഇദ്ദേഹമായിരുന്നു. 1855-ൽ ഇദ്ദേഹം നിര്യാണമടഞ്ഞു.

5. ദിവന്നാസ്യോസ് പഞ്ചമൻ. 1865-ൽ മർദ്ദീനിൽ എത്തി അന്നത്തേ പാത്രിയക്കീസായിരുന്ന മാർ യാക്കോബു ദ്വിതീയനിൽ നിന്നും മെത്രാൻപട്ടം സ്വീകരിച്ചു് ഇവിടെ എത്തിയ പുലിക്കോട്ട മാർ ദിവന്നാസ്യോസ് ആയിരുന്നു പിന്നീടു യാക്കോബായ ഭരണസാരഥ്യം നിർവ്വഹിച്ചതു്. ഇദ്ദേഹത്തിന്റെ ഭരണകാലത്തു മാർത്തോമ്മാക്കാരുമായുള്ള വ്യവഹാരങ്ങൾ ശക്തിയായി നടത്തുകയും അവസാനം അവരെ പരാജയപ്പെടുത്തുകയും ചെയ്തു. 1909-ൽ ഇദ്ദേഹം നിര്യാണമടയുകയും കോട്ടയം പഴയ സെമ്മനാരിയിൽ സംസ്കരിക്കപ്പെടുകയും ചെയ്തു.

6. ദിവന്നാസ്യോസ് ആറാമൻ. മല്ലപ്പള്ളിൽ വട്ടശ്ശേരിൽ കുടുംബാംഗമായ ഇദ്ദേഹം 1908-ൽ അന്ത്യോക്യയിൽ എത്തി അബ്ദുള്ളാ പാത്രിയക്കീസിൽ നിന്നും മേല്പട്ടസ്ഥാനം സ്വീകരിച്ചു് മലങ്കരയിൽ എത്തി ഇവിടുത്തെ യാക്കോബായ ഭരണം കൈയ്യേററു. മലങ്കരയിലേ യാക്കോബായ സഭയുടെ മേൽ ആത്മീയാധികാരമല്ലാതെ ലൗകികാധികാരം പാത്രിയക്കീസിനു് ഇല്ലെന്നു ഇദ്ദേഹം ശക്തിയുക്തം വാദിച്ചതിനാൽ 1911-ൽ അബ്ദുള്ളാ പാത്രിയക്കീസ് ബാവാ ഇവിടെ എത്തി ഇദ്ദേഹത്തെ മുടക്കയുണ്ടായി. തൽഫലമായി ആവിർഭവിച്ചതത്രേ മെത്രാൻകക്ഷി, അഥവാ ഓർത്തഡോക്സ് സഭ. മാർ ദിവന്നാസ്യോസ് ആറാമൻ 1935-ൽ നിര്യാണമടഞ്ഞു. ഇദ്ദേഹത്തിന്റെ ജീവചരിത്രവും മെത്രാൻകക്ഷി (ഓർത്തഡോക്സ് സഭ) യുടെ ഉത്ഭവവും പ്രചാരണവും മററും അടുത്ത ഒരദ്ധ്യായത്തിൽ വിവരിക്കുന്നതാണു്.

7. മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ. അന്ത്യോക്യാ യാക്കോബായ പാത്രിയക്കീസു് വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിയെ മുടക്കിയതിനുശേഷം തന്റെ ഡലിഗേററായ മാർ യൂലിയോസ് മുഖേനയാണു് ഇവിടുത്തെ യാക്കോബായ സഭയുടെ ഭരണം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതു്. 1935-ൽ കരിങ്ങാച്ചിറപള്ളിയിൽ കൂടിയ യോഗത്തിൽവച്ചു് മാർ അത്താനാസ്യോസിനെ മലങ്കര മെത്രാപ്പോലീത്തയായി യാക്കോബായക്കാർ തെരഞ്ഞെടുക്കയും പാത്രിയക്കീസിന്റെ അംഗീകാരത്തോടു കൂടെ അദ്ദേഹം അന്നുമുതൽ 1953—വരെ ഭരണം നിർവ്വഹിക്കുകയും ചെയ്തു. ഓർത്തഡോക്സ് സഭയുമായുള്ള കേസ്സുകൾ നടത്തുന്നതിലായിരുന്നു ഇദ്ദേഹം കൂടുതലായി ശ്രദ്ധ പതിച്ചിരുന്നതു്. 1953-ജനുവരി 25-ാം തീയതി ഇദ്ദേഹം നിര്യാണമടഞ്ഞു.

## യാക്കോബായ സഭയിലെ കുഴപ്പങ്ങൾ

മലങ്കരയിലേ പുത്തൻക്കൂറവകാർ യാക്കോബായ സഭയുമായുള്ള ബന്ധത്തിലേർപ്പെട്ടതിന ശേഷം ഇക്കഴിഞ്ഞ 300 വഷക്കാലവും ഒന്നിന പുറകേ ഒന്നെന്നനിലയിൽ പ്രസ്തുത സഭയിൽ കുഴപ്പങ്ങളും കലഹങ്ങളും വർദ്ധിച്ചുകൊണ്ടിരുന്നിട്ടുള്ളതല്ലാതെ സമാധാനത്തിൻെറ കണികപോലും ഇതേവരെ ഉണ്ടായിട്ടില്ല. പരദേശത്തുനിന്നും പാത്രിയക്കീസന്മാരും മെത്രാന്മാരും ഇവിടെ എത്തിയിട്ടുള്ളപ്പോഴെല്ലാം ഓരോ പുതിയ കക്ഷികൾ യാക്കോബായ സഭയിൽ പൊട്ടിപ്പുറപ്പെടുകയാണു് ഉണ്ടായിട്ടുള്ളതു്. 1751-ൽ അന്ത്യോക്യയിൽ നിന്നും ഇവിടെ എത്തിയ മാർ ഗ്രിഗോറിയോസു് കാട്ടുമങ്ങാട്ടു് റമ്പാനെ മാർ കൂറിലോസ് എന്ന പേരിൽ മെത്രാനായി വാഴിക്കയും തൽഫലമായി "തൊഴിയൂർ അഥവാ അഞ്ഞൂർ സഭ" എന്ന പേരിൽ ഒരു പുതിയ സഭ ഇവിടെ ആവിർഭവിക്കയും ചെയ്തു. 1875-ൽ മലങ്കരയിൽ എത്തിയ പത്രോസ് പാത്രിയക്കീസ് മാത്യൂസ് മാർ അത്താനാസ്യോസിനെ മുടക്കിയതിൻെറ ഫലമായി നവീകരണ കക്ഷി അഥവാ "മാർത്തോമ്മാ സഭ" ഉത്ഭവിച്ചു. 1909-ൽ ഇവിടെ വന്നെത്തിയ അബ്ദുള്ളാ പാത്രിയക്കീസ് ഇപ്പോഴത്തെ "ഓർത്തഡോക്സ് സഭ"യ്ക്കു കാരണക്കാരനായിത്തീന്ന. ഏവംവിധം അന്ത്യോക്യായാക്കോബായ പാത്രിയക്കീസുമായി മലങ്കരയിലേ പുത്തൻക്കൂറവകാക്കുണ്ടായിട്ടുള്ള ബന്ധം നിരവധി വിഭാഗങ്ങളെ ഇവിടെ ഉളവാക്കുന്നതിനു് ഇടയാക്കിത്തീത്തു എന്നല്ലാതെ ബാഹ്യമോ ആഭ്യന്തരമോ ആയ യാതൊരു അഭിവൃദ്ധിയും പ്രസ്തുത ബാന്ധവം കൈവരുത്തിയിട്ടില്ലെന്നുള്ള പരമാത്ഥം ഇക്കഴിഞ്ഞ 300 വർഷത്തേ സഭാചരിത്രം തെളിയിക്കുന്നു.

## ആധുനികസ്ഥിതി

കത്തോലിക്കാ സഭയിൽ നിന്നും ബഹിഷ്കരിക്കപ്പെട്ടിട്ടുള്ളവരാൽ സംഘടിതങ്ങളായ അകത്തോലിക്കാ സഭാവിഭാഗങ്ങൾക്കു് ഇതിനകം ഉണ്ടായിട്ടുള്ള അനുഭവം തന്നെ യാക്കോബായ സഭയ്ക്കും ഇക്കഴിഞ്ഞ നൂററാണ്ടുകളിൽ ഉണ്ടായിട്ടുണ്ടെന്നുള്ളതു കേവലം പരമാത്ഥം മാത്രമാണു്. പരദേശത്തേ യാക്കോബായ സഭ അതിൻെറ ഉത്ഭവത്തിനു ശേഷം ഇക്കഴിഞ്ഞ 1300 വർഷങ്ങളായി അനുഭവിച്ചിട്ടുള്ള പീഡനങ്ങളും തന്മൂലം ഉണ്ടായിട്ടുള്ള അധഃപതനവും വിവരിച്ചുകൊണ്ടു് വെരി. റവ. ഫാദർ പ്ലാസിഡ് ഡി. ഡി. അവർകൾ "അന്ത്യോക്യാ പാത്രിയക്കീസ്" എന്ന പുസ്തകത്തിൽ എഴുതിയിരിക്കുന്നതിൽ ഒരുഭാഗം ചുവടെ ഉദ്ധരിച്ചു കൊള്ളുന്നു:—

# പരദേശത്തെ സ്ഥിതി

ആരംഭകാലംമുതൽത്തന്നേ യാക്കോബായസഭയിൽ സദാ കുഴപ്പങ്ങൾ ഉണ്ടായിരുന്നതായിട്ടാണു കാണുന്നതു്. ആറു മുതൽ എട്ടാം ശതാബ്ദം വരെ ഏകസ്വഭാവ വാദികളുടെ ഒരവാന്തരവിഭാഗമായ യൂലിയനിസ്റ്റുക്കു് സ്വന്തമായ ഒരു പാത്രിയക്കീസുണ്ടായിരുന്നു. ആ പാത്രിയക്കീസിൻെറ വിരോധിയായിരുന്നു യാക്കോബായ പാത്രിയക്കീസ്. ബാർ എബ്രായയുടെ കാലത്തു് ഉണ്ടായിരുന്ന വലിയ ഭിന്നതമൂലം രണ്ടുപേർ പാത്രിയക്കീസ്ു് സ്ഥാനം കരസ്ഥമാക്കുവാൻ ശ്രമിച്ചു. മിലെത്തേനക്കാരനായ ദിവന്നാസ്യോസ്, മപ്പ്രിയാൻെറ അനുമതികൂടാതെ പാത്രിയക്കാസ്ഥാനാരൂഢനായി. ഇതു കാനോൻ നിയമങ്ങൾക്കു് വിരോധമായിരുന്നതിനാൽ മപ്പ്രിയാനായിരുന്ന ബർമ്മ് ആദേനെ പുതിയ പാത്രിയക്കീസ് ആദരിക്കാതെ മററുള്ളവരുടെ സഹായത്തോടു് സ്വയം പാത്രിയക്കീസായി. രണ്ടുപേരും സ്ഥാനം ഉറപ്പിച്ചു കിട്ടുവാൻ മഹമ്മദീയ ഉദ്യോഗസ്ഥന്മാൎക്കും മെത്രാന്മാൎക്കും ജനപ്രതിനിധികൾക്കും കോഴ കൊടുക്കയാണു ചെയ്തതു്. സന്യാസികൾ ദിവന്ന്യാസ്യോസിനെ വധിച്ചതോടെ ഭിന്നത അവസാനിച്ചു. 1292-മുതൽ 1495 വരെ ഉണ്ടായ കലഹങ്ങൾ മററു കലഹങ്ങളെയെല്ലാം അതിശയിക്കുന്നു. അന്നു പാത്രിയക്കീസന്മാരായി നാലഞ്ചുപേരോളം പ്രത്യക്ഷപ്പെട്ടു. പണശക്തികൊണ്ടു സ്ഥാനം കരസ്ഥമാക്കിയ പാത്രിയക്കീസന്മാരുമുണ്ടു് എന്നു് ബാർ എബ്രായാ സാക്ഷിപ്പെടുത്തിയിട്ടുണ്ടു്. 14-ാം ശതാബ്ദത്തിൽ മഹമ്മദീയരുടെ ശല്യം പൂർവ്വാധികം ശക്തിപ്പെട്ടതോടെ യാക്കോബായ ജനസംഖ്യ തുലോം കുറഞ്ഞുപോയി. അന്നാണു് മപ്പ്രിയാൻെറ അധികാരം നാമാവശേഷമായിത്തീൎന്നതും. 16-ാം ശതാബ്ദത്തിൽ 50000 കുടുംബങ്ങൾ മാത്രമാണു യാക്കോബായ ജനസംഖ്യയായി ക്ലിപ്തപ്പെടുത്തിയിരുന്നതു്. 17-ാം ശതാബ്ദത്തിൽ പാത്രിയക്കീസിൻെറ കീഴിൽ 20 മെത്രാന്മാരും 5 മെത്രാപ്പോലീത്തന്മാരും മാത്രമേ ഉണ്ടായിരുന്നുള്ളു. 18-ാം നൂററാണ്ടിൽ യാക്കോബായക്കാരുടെ ഒരു ഭാഗം കത്തോലിക്കരായി. അവരാണു് സുറിയാനി പാത്രിയക്കീസിൻെറ കീഴിൽ നില്ക്കുന്ന ഇന്നത്തെ സുറിയാനിക്കാർ. യാക്കോബായക്കാൎക്കു വിദ്യാഭ്യാസം നല്കുവാനെന്ന ഭാവത്തിൽ അവരുടെ ഇടയിൽ ചെന്നു പ്രോട്ടസ്റ്റൻറുകാർ വളരെ പേരെ തട്ടിഎടുത്തുകൊണ്ടു പോകുന്നുണ്ടു്. അമേരിക്കക്കാരായ "പ്രസ്സ്ബിത്തേറിയൻകാർ" മെസൊപ്പൊട്ടോമിയാ മുഴുവൻ ഭാഗിച്ചെടുത്തിരിക്കയാണു്. ഇക്കഴിഞ്ഞ മഹായുദ്ധത്തോടെ യാക്കോബായക്കാരുടെ സംഖ്യ തുലോം കുറഞ്ഞുപോയി. യാക്കോബായക്കാരായി യുദ്ധാനന്തരം

ശേഷിച്ചവർ അങ്ങുമിങ്ങും ചിതറിയുമാണു കിടക്കുന്നതു്. മലങ്കരയുള്ള യാക്കോബായക്കാരെ ഒഴിച്ചാൽ ഒരു സഭയെന്നു പറയുവാൻപോലുമുള്ള ആളുകൾ യാക്കോബായ പാത്രിയക്കീസിൻെറ കീഴിലില്ല. ജനസംഖ്യ 28450 മാത്രമാണു്. 33 പള്ളികളും 40 പട്ടക്കാരും മാത്രമേ ശീമയിലുള്ളു.

പൂവ് നടപ്പുപോലെ ഇന്നു തുർക്കി ഗവണ്മെൻറിൻെറ അധികാരപത്രം കൂടാതെ പാത്രിയക്കീസ് സ്ഥാനം തുർക്കിരാജ്യത്തു് ആർക്കും ഉറച്ചു കിട്ടുകയില്ല. ഫെർമാൻ എന്ന അധികാരപത്രം തുർക്കിസുൽത്താൻ പിൻവലിച്ചാൽ അതിനാലേ പാത്രിയക്കീസിൻെറ അധികാരം പോയതായി കരുതിപ്പോന്നിരുന്നു.

പാത്രിയക്കീസന്മാർ വാസസ്ഥാനം കൂടെക്കൂടെ മാററിയിരുന്നു. ഇഗ്നാത്യോസ് ആറാമനാണു് തുർഅബ്ദിനിൽ വാസമുറപ്പിച്ചതു്. ഇപ്പോൾ പാത്രിയക്കീസിൻെറ വാസസ്ഥാനം മർദ്ദിനിലാണു്. തുർഅബ്ദിനിലും പാത്രിയക്കീസന്മാർപോയി താമസിക്കാറുണ്ടു്. അവിടെ നാലാശ്രമങ്ങളുണ്ടു്. സഫ്റാൻ ആശ്രമദൈവാലയമാണു് പാത്രിയക്കീസിൻെറ ഭദ്രാസനാലയം............................................തുർക്കിരാജ്യത്തിൽ ഇപ്പോൾ പാത്രിയക്കീസന്മാർക്കു് യാതൊരധികാരവും പ്രവർത്തിക്കുവാൻ സാധിക്കാത്ത നിലയിലുമാണിരുപ്പു്. തുർക്കിരാജ്യത്തുള്ളവർക്കു് പുറത്തു കടക്കുവാനും പുറത്തുള്ളവർക്കു് അകത്തു പ്രവേശിക്കുവാനും അനുവാദമില്ല. പാത്രിയക്കീസ് തുർക്കിരാജ്യത്തിനു പുറത്തുകിടന്നു ചുററുകയാണു്.* (അന്ത്യോക്യാ പാത്രിയക്കീസു പുറം 149—150)

## കേരളത്തിലേ സ്ഥിതി

ആലുവാ കേന്ദ്രമാക്കിക്കൊണ്ടു് ഇവിടത്തേ യാക്കോബായ സഭയുടെ ഭരണം അന്ത്യോക്യാ പാത്രിയക്കീസിൻെറ നിർദ്ദേശമനുസരിച്ചു മാർ അത്താനാസ്യോസു മെത്രാപ്പോലീത്താ ആയിരുന്നു ഇക്കഴിഞ്ഞ 1953 വരെ നിർവ്വഹിച്ചുകൊണ്ടിരുന്നതു്. അദ്ദേഹത്തിൻെറ മരണശേഷം ഇതേവരെ ഒരു മെത്രാപ്പോലീത്തായെ തെരഞ്ഞെടുക്കുവാൻ യാക്കോബ്യർക്കു സാധിച്ചിട്ടില്ല. അടുത്തുതന്നെ തെരഞ്ഞെടുക്കുമെന്നു പ്രതീക്ഷിക്കുന്നു. പാത്രിയക്കീസിൻെറ പ്രതിനിധിയായി പത്തനംതിട്ടയ്ക്കടുത്തുള്ള മഞ്ഞനിക്കര എന്ന സ്ഥലത്തു് ആസ്ഥാനമുറ

---

* ഈ അടുത്ത കാലത്തു് തുർക്കിയിൽ പ്രവേശിക്കുന്നതിനുള്ള അനുവാദം പാത്രിയക്കീസിനു ലഭിച്ചിട്ടുണ്ടു്. (ഗ്രന്ഥകർത്താ)

പ്പിച്ചിരിക്കുന്ന മാർ യൂലിയോസു ബാവായാണു് ഇപ്പോൾ യാക്കോബായ സഭാ ഭരണചക്രം തിരിച്ചുകൊണ്ടിരിക്കുന്നതു്. പരദേശമെത്രാനായ അദ്ദേഹത്തിൻെറ ഭരണത്തിൽ അതൃപ്തരായിത്തീൎന്നിരിക്കുന്ന ഒരു നല്ല വിഭാഗം ജനങ്ങൾ യാക്കോബായസഭയിലുണ്ടെന്നുള്ളതു ഇവിടെ പ്രസ്താവ്യമത്രേ.

കോട്ടയം, നിരണം, കൊല്ലം, തുമ്പമൺ എന്നീ നാലു രൂപതകളെ അഥവാ ഇടവകകളെ ഭരിച്ചുകൊണ്ടിരിക്കുന്ന മീഖായേൽ മാർ ദിവന്നാസ്യോസ്, അങ്കമാലി ഇടവകയുടെ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ്, കൊച്ചി ഇടവകയുടെ പൌലൂസ് മാർ സെവറിയോസ്, ക്നാനായ യാക്കോബ്യരുടെ മെത്രാനായ ഏബ്രഹാം മാർ ക്ലീമിസ്, കണ്ടനാട്ടു ഇടവകയുടെ പൌലൂസ് മാർ പീലക്സിനോസ് എന്നിങ്ങനെ ആകെ അഞ്ചു മെത്രാന്മാർ മാത്രമേ ഇവിടത്തേ യാക്കോബായസഭയിൽ ഇപ്പോഴുള്ളു. തിരുവിതാംകൂറിലും കൊച്ചിയിലുമായി 300-ഓളം പള്ളികളും 250-ൽപരം വൈദികന്മാരും മൂന്നര ലക്ഷം ജനങ്ങളും ഈ സഭയിൽ ഉണ്ടു്. ഏതാനും നാളുകൾക്കുമുമ്പു് മാൎത്തോമ്മാക്കാരുമായും അനന്തരം ഓൎത്തഡോക്സുകാരുമായും നടത്തിക്കൊണ്ടിരുന്ന വട്ടിപ്പണക്കേസ്സും സമുദായക്കേസ്സും നിമിത്തം സാമ്പത്തികമായും വളരെ ശോഷിച്ച നിലയിലാണു് ഇവിടത്തെ യാക്കോബായസഭ എത്തിച്ചേൎന്നിരിക്കുന്നതു്. സമുദായക്കേസിലുണ്ടായ വിജയംമൂലം ഓൎത്തഡോക്സ് സഭാംഗങ്ങളുടെ കൈവശംഇരിക്കുന്ന പള്ളികളും സ്വത്തുക്കളും തങ്ങൾക്കു ലഭിക്കുമെന്നു പ്രസ്തുത സഭയിലേ അംഗങ്ങൾ പ്രതീക്ഷിച്ചുകൊണ്ടിരുന്നുവെങ്കിലും ഈ അടുത്തകാലത്തു നടന്ന സുപ്രീംകോടതിവിധി അവരെയെല്ലാം നിരാശയിൽ നിപതിച്ചിരിക്കുകയാണു്. ഓൎത്തഡോക്സുകാരുമായി തുടൎന്നു നടത്തിക്കൊണ്ടിരിക്കുന്ന സമുദായക്കേസിൻേറയും സമാധാനപരിശ്രമങ്ങളുടേയും പര്യവസാനം എപ്രകാരമായിരിക്കുമെന്നു കണ്ടു തന്നെ അറിയേണ്ടിയിരിക്കുന്നു.

പ്രാരംഭകാലത്തു 15 ലക്ഷത്തോളം ജനങ്ങളും, ഒരു ലക്ഷത്തോളം വൈദികന്മാരും, 89 മെത്രാന്മാരും ഉണ്ടായിരുന്ന യാക്കോബായസഭ 1500 വൎഷങ്ങൾ കഴിഞ്ഞപ്പോൾ പരദേശത്തും കേരളത്തിലുമായി മൂന്നുലക്ഷത്തിൽപരം ജനങ്ങളും 300-ൽപരം വൈദികന്മാരും, പന്ത്രണ്ടു മെത്രാന്മാരുമായി കുറയുവാൻ കാരണമെന്തെന്നു യാക്കോബായസഭയിലെ ഓരോ അംഗവും സഗാഢം ചിന്തിക്കേണ്ടതു തന്നെയാണു്.

അദ്ധ്യായം 11

# കത്തോലിക്കാസഭയും യാക്കോബായസഭയും

---

## വിശ്വാസ വ്യത്യാസങ്ങൾ

യാക്കോബായസഭയും കത്തോലിക്കാസഭയും തമ്മിൽ വിശ്വാസ വിഷയങ്ങളിൽ യാതൊരു വ്യത്യാസവുമില്ലെന്നുള്ള പലരുടേയും ധാരണ പരിപൂർണ്ണമായി ശരിയാണെന്നു പറയുവാൻ നിവൃത്തിയില്ല. കത്തോലിക്കാസഭ പഠിപ്പിക്കുന്ന വിശ്വാസവിഷയങ്ങൾ മിക്കവാറും എല്ലാം തന്നെ യാക്കോബായസഭയുടെ കൂദാശക്രമങ്ങളിലും പ്രാർത്ഥനാക്രമങ്ങളിലും മററും സ്പഷ്ടമായി കാണുന്നുണ്ടെങ്കിലും ഇന്നത്തെ യാക്കോബായസഭാംഗങ്ങൾ "ഏട്ടിൽ അപ്പടി പയററിൽ ഇപ്പടി" എന്നവിധം തങ്ങളുടെ സഭാറിക്കാർട്ടുകളിൽ പലതിനും കടകവിരുദ്ധമായിട്ടാണു് പഠിപ്പിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നതു്. ആകയാൽ പ്രസ്തുത വിഷയങ്ങളിൽ ഓരോന്നിനെപ്പററിയും ചുരുക്കമായി ഇവിടെ പ്രതിവാദിക്കുവാനാണു് ഉദ്ദേശിക്കുന്നതു്.

## അന്ത്യോക്യയും റോമായും

യേശുക്രിസ്തു തൻെറ സഭയുടെ പരമാധികാരിയായും ലോകത്തിലേ തൻെറ ദൃശ്യപ്രതിനിധിയായും വി. പത്രോസിനെ നിയമിച്ചു എന്നുള്ള വിശ്വാസസത്യം യാക്കോബായക്കാർ ഒന്നടങ്കം സ്വീകരിക്കുന്നുണ്ടു്. യാക്കോബായ ഗ്രന്ഥങ്ങളിലെല്ലാം പ്രസ്തുത സത്യം തെളിഞ്ഞു പ്രകാശിക്കുന്നുമുണ്ടു്. വി. പത്രോസിൻെറ അന്ത്യോഖ്യയിലേ പിൻഗാമി യാക്കോബായ പാത്രിയക്കീസാണെന്നും തന്മൂലം പൗരസ്ത്യരായ സകല ക്രൈസ്തവരും അദ്ദേഹത്തിൻെറ പരമാധികാരത്തിനു കീഴ്‌വഴങ്ങേണ്ടതാണെന്നുമത്രേ യാക്കോബായ സഭാംഗങ്ങൾ വാദിക്കുന്നതു്. എന്നാൽ വി. പത്രോസിൻെറ യഥാർത്ഥ പിൻഗാമി റോമാ പാത്രിയക്കീസായ മാർപ്പാപ്പായാണെന്നും തന്മൂലം പാശ്ചാത്യരും പൗരസ്ത്യരുമായ സകല ക്രൈസ്തവരും അദ്ദേഹത്തെയാണു് അനുസരിക്കേണ്ടതെന്നും

കത്തോലിക്കരും വാദിക്കുന്നു. ആകയാൽ വി. പത്രോസിൻെറ യഥാൎത്ഥ പിൻഗാമി അന്ത്യോക്യാ യാക്കോബായ പാത്രിയക്കീസാണോ അതോ റോമാപാത്രിയർക്കീസാണോ എന്നുള്ളതിനെപ്പററി ഇതിനുപരി ചിന്തിക്കാം.

1. വി. പത്രോസിനെ സാൎവ്വത്രിക ക്രൈസ്തവസഭയുടെ പരമാധികാരിയായി ക്രിസ്തു നിയമിച്ചു എന്നത്രേ യാക്കോബായക്കാർ വിശ്വസിക്കുന്നതു്. അങ്ങനെയെങ്കിൽ വി. പത്രോസിൻെറ യഥാൎത്ഥ പിൻഗാമി സാൎവ്വത്രിക ക്രൈസ്തവസഭയുടെ പരമാദ്ധ്യക്ഷനായിരിക്കണം. യാക്കോബായ പാത്രിയക്കീസാണു പത്രോസിൻെറ സാക്ഷാൽ പിൻഗാമിയെങ്കിൽ സാൎവ്വത്രിക ക്രൈസ്തവസഭയുടെ പരമാദ്ധ്യക്ഷസ്ഥാനം തനിക്കാണെന്നു് അദ്ദേഹം നിശ്ചയമായും അവകാശപ്പെടേണ്ടതാണു്. എന്നാൽ ഇതേവരെ ജീവിച്ചിട്ടുള്ള ഒരൊററ യാക്കോബായ പാത്രിയക്കീസു പോലും ഇപ്രകാരം അവകാശപ്പെട്ടുകയോ യാക്കോബായ സഭാംഗങ്ങളിൽ ഒരുവനെങ്കിലും ഇപ്രകാരം വാദിക്കുന്നതിനു മുതിരുകയോ ചെയ്തിട്ടില്ല. പൗരസ്ത്യസഭയുടെ തലവസ്ഥാനം തനിക്കുണ്ടെന്നു മാത്രമേ ഓരോ യാക്കോബായ പാത്രിയക്കീസും ഇതേവരെ വാദിച്ചിട്ടുള്ളു. ക്രിസ്തുവിൻെറ സഭ പൗരസ്ത്യദേശത്തു മാത്രമല്ല പാശ്ചാത്യ രാജ്യങ്ങളിലും ദക്ഷിണോത്തരപ്രദേശങ്ങളിലും പ്രചരിക്കേണ്ടതും പ്രചരിച്ചു കഴിഞ്ഞിട്ടുള്ളതുമാണു്. ആകയാൽ അന്ത്യോക്യായിലും കിഴക്കൊക്കയിലും മാത്രമേ തനിക്കധികാരമുള്ളു എന്നു വാദിക്കുന്ന പാത്രിയക്കീസു് സാർവ്വത്രികസഭയുടെ പരമാധികാരിയായ വി. പത്രോസിൻെറ യഥാൎത്ഥ പിൻഗാമിയല്ലെന്നുള്ളതു നിർവ്വിവാദമത്രേ.

2. വി. പത്രോസ് അന്ത്യോക്യയിൽ ഏതാനും വർഷങ്ങൾ മാത്രം ഭരിക്കയും അനന്തരം റോമായിലേക്കു പോയി സുദീർഘവർഷകാലം പ്രസ്തുത സിംഹാസനത്തിൽ ഭരണം നടത്തുകയും ചെയ്തു എന്നുള്ള ചരിത്രസത്യം യാക്കോബായക്കാരെല്ലാം സമ്മതിക്കുന്നുണ്ടു്. അന്ത്യോക്യാ പാത്രിയക്കീസിനു പരമാധികാരസ്ഥാനം നല്കിയതിനു ശേഷമാണു് വി. പത്രോസ് റോമായിലേക്കു പോയതെങ്കിൽ പിന്നീടു് മരണപര്യന്തം അദ്ദേഹം സഭയുടെ പരമാധികാരിയല്ലായിരുന്നു എന്നു മാത്രമല്ല, അന്ത്യോക്യാ പാത്രിയർക്കീസിൻെറ കീഴിലാണു വി. പത്രോസ് പിന്നീടു ഭരണം നടത്തിയതെന്നും സമ്മതിക്കേണ്ടിയിരിക്കുന്നു. അല്ലാത്തപക്ഷം ഒരേ അവസരത്തിൽ രണ്ടു പരമാധികാരികളു

ണ്ടായിരുന്നു എന്നു സമ്മതിക്കേണ്ടിവരുന്നതാണ്. എന്നാൽ ഇതുരണ്ടും യാക്കോബായക്കാർ സമ്മതിക്കുവാൻ സാധിക്കുന്നതല്ല, സമ്മതിക്കുകയു മില്ല. ആകയാൽ വി. പത്രോസ് അന്ത്യോക്യാ പാത്രിയർക്കീസിനു പര മാധികാരം കൊടുത്തിട്ടില്ലെന്നു് അതേ, വി. പത്രോസിൻെറ പരമാ ധികാരത്തിനടുത്ത പിൻഗാമി അന്ത്യോക്യാപാത്രിയർക്കീസല്ലെന്നുള്ള വാസ്തവം സമ്മതിക്കാതെ നിവൃത്തിയില്ല.

3. അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസാണു വി. പത്രോസിൻെറ യഥാർത്ഥ പിൻഗാമി എങ്കിൽ ഒന്നാം നൂററാണ്ടു മുതൽ ത്തന്നെ അന്ത്യോക്യാ സിംഹാസനത്തിന്മേൽ യാക്കോബായ പാത്രിയർക്കീസന്മാർ തുടർച്ചയായി ഭരിച്ചിട്ടുണ്ടായിരിക്കണം. എന്നാൽ യാക്കോബു് ബുർദ്ദായായുടെ കാലത്തു് (6-ാം നൂററാണ്ടു്) മാത്രമാണ് യാക്കോ ബായ സഭയിലേ ആദ്യത്തേ പാത്രിയർക്കീസായ സർജിയൂസും രണ്ടാ മത്തേ പാത്രിയർക്കീസായ പൌലൂസും വാഴിക്കപ്പെട്ടതെന്നു് ചരിത്രം വിളിച്ചു പറയുന്നു. പുരാതനമായ അന്ത്യോക്യാ സിംഹാസനത്തിൽ സാക്ഷാൽ കത്തോലിക്കാപാത്രിയർക്കീസ് ആ അവസരത്തിൽ ഭരിച്ചു കൊണ്ടുമിരുന്നു. ആകയാൽ പത്രോസിൻെറ യഥാർത്ഥ പിൻഗാമികൾ അന്ത്യോക്യാ പാത്രിയർക്കീസന്മാരാണെങ്കിൽത്തന്നെയും കത്തോലിക്കാ പാത്രിയർക്കീസന്മാർക്കല്ലാതെ യാക്കോബായപാത്രിയർക്കീസന്മാർക്കു ആ അവ കാശവാദത്തിനു യാതൊരർഹതയുമില്ലെന്നു സിദ്ധിക്കുന്നു.

4 അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിനു് ഇതര പാത്രിയർക്കീസന്മാരെ അപേക്ഷിച്ചു് പ്രഥമസ്ഥാനം ലഭിച്ചിട്ടുള്ളതായി ഒരൊററ സാർവ്വത്രിക സുന്നഹദോസിൻെറ എങ്കിലും റിക്കാർഡുകളോ പിതാക്കന്മാരുടെ സാക്ഷ്യങ്ങളോ, അവസാന അപ്പീൽ സമർപ്പിച്ചു കൊണ്ടുള്ള രേഖകളോ ചൂണ്ടിക്കാണിക്കുന്നതിനു് ആർക്കും സാധിക്കുന്ന തല്ല. വി. പത്രോസിൻെറ സാക്ഷാൽ പിൻഗാമികൾക്കു് ഇതര പാത്രിയർക്കീസന്മാരിൽ പ്രഥമസ്ഥാനം ഉണ്ടായിരിക്കേണ്ടതാണെന്നുള്ള തിനു തർക്കമില്ല. യാക്കോബായ പാത്രിയർക്കീസിനു് അപ്രകാരമുള്ള സ്ഥാനം ഇതേവരെ ലഭിച്ചിട്ടില്ലായ്കയാൽ പുരാതന ക്രൈസ്തവലോകം പത്രോസിൻെറ പിൻഗാമിയായി അദ്ദേഹത്തെ പരിഗണിച്ചിട്ടില്ലായി രുന്നുവെന്നതു് സുസ്പഷ്ടമത്രേ.

5. പത്രോസിൻെറ യഥാർത്ഥ പിൻഗാമി റോമാ പാത്രിയർക്കീ സാണെന്നും, സാർവ്വത്രിക ക്രൈസ്തവസഭയുടെ പരമാധികാരി അദ്ദേഹം

തന്നെയാണെന്നും പുരാതനപിതാക്കന്മാരുടെ സാക്ഷ്യങ്ങൾ, സാർവ്വത്രിക സുന്നഹദോസുകളുടെ നടപടികൾ, വിവിധ രാജ്യങ്ങളിൽനിന്നും അയച്ചിട്ടുള്ള അപ്പീലുകൾ എന്നിവയെല്ലാം പ്രസ്പഷ്ടമായി തെളിയിക്കുന്നു. യാക്കോബായക്കാർ അംഗീകരിച്ചിരിക്കുന്നതും ബാർ എബ്രായ എന്ന പണ്ഡിതൻ രൂപവത്കരിച്ചിട്ടുള്ളതുമായ ഹൂദായക്കാനോനിൽ ഈ വാസ്തവം തെളിവായി രേഖപ്പെടുത്തിയിരിക്കുന്നു.

"ഭൂലോകത്തിന്റെ നാലു ഭാഗങ്ങൾക്കൊപ്പിച്ചു നാലു പാത്രിയർക്കീസന്മാരുണ്ടായിരിക്കണം. അവരിൽ തലവനും നേതാവും റോമിലേ പാത്രിയർക്കീസായിരിക്കണം. അദ്ദേഹത്തിന്റെ കൂടെ അലക്സാണ്ഡ്റിയായിലേ പാത്രിയർക്കീസും, അദ്ദേഹത്തിന്റെകൂടെ കുസ്തന്തിനോസ്പോലീസിലേ പാത്രിയർക്കീസും, അദ്ദേഹത്തിന്റെ കൂടെ അന്ത്യോഖ്യയിലേ പാത്രിയർക്കീസും ആയിരിക്കണം." (ഹൂദായകാനോൻ. 7-ാം അദ്ധ്യായം 3-ാം ഭാഗം)

സാർവ്വത്രികസഭയുടെ പ്രഥമ പരമാധികാരിയായ വി പത്രോസിന്റെ യഥാർത്ഥപിൻഗാമി അന്ത്യോക്യയിലേ പാത്രിയർക്കീസല്ലെന്നും, പ്രത്യുത, റോമാപാത്രിയർക്കീസാണെന്നും ഉള്ള സത്യമത്രേ ഹൂദായകാനോനിലും രേഖപ്പെടുത്തിയിരിക്കുന്നതു്. ആകയാൽ വി. പത്രോസിന്റെ പരമാധികാരം സമ്മതിക്കുന്ന യാക്കോബായ സഹോദരങ്ങൾക്കു് റോമാ പാത്രിയർക്കീസിന്റെ തലവസ്ഥാനം സ്വീകരിക്കാതിരിക്കുവാൻ യാതൊരു നിവൃത്തിയുമില്ല.

## ഏകസ്വഭാവ വാദം

ക്രിസ്തുവിൽ ദൈവികവും മാനുഷികവുമായ രണ്ടാളുകൾ ഉണ്ടെന്നുള്ള നെസ്തോറിന്റെ ദുരുപദേശത്തെ ക്രിസ്താബ്ദം 431-ൽ കൂടിയ എഫേസോസ് സുന്നഹദോസ് ശപിക്കുകയും ക്രിസ്തുവിൽ ഒരാൾ മാത്രമേ ഉള്ളുവെന്ന സത്യം പ്രഖ്യാപിക്കുകയും ചെയ്തു. ക്രിസ്തുവിൽ ഒരാൾ മാത്രമേ ഉള്ളുവെങ്കിൽ ഒരു സ്വഭാവം മാത്രമേ ഉണ്ടായിരിക്കുവാൻ പാടുള്ളു എന്നു യവുത്തിക്കൂസു വാദിക്കുവാൻ തുടങ്ങി. ക്രിസ്തുവിന്റെ ദൈവികസ്വഭാവത്തിൽ മാനുഷികസ്വഭാവവും ലയിച്ചു് ഏകസ്വഭാവമായിത്തീർന്നുപോയി എന്നുള്ളതായിരുന്നു അയാളുടെ പഠനം. യവുത്തിക്കൂസിന്റെ ഉപദേശത്തെ അലക്സാണ്ഡ്റിയായിലെ ദീയസ്കോറോസു പാത്രിയർക്കീസും പരിപൂർണ്ണമായി അനുകൂലിച്ചിരുന്നു. എന്നാൽ പില്ക്കാലത്തു യാക്കോബായ സഭയിലേ പല ചിന്തകന്മാരും പണ്ഡിത

ന്മാരും ക്രിസ്തുവിൻെറ മനുഷ്യസ്വഭാവവും ദൈവസ്വഭാവവും സമ്മിശ്രപ്പെടാതെ ഓരോന്നിൻേറയും പരിപൂർണ്ണതയിൽ പാലിച്ചുകൊണ്ട് അത്ഭുതകരമായി യോജിക്കപ്പെട്ട അവസ്ഥയിൽ ഒരു സ്വഭാവമായിത്തീന്നിരിക്കുന്നു എന്നു പഠിപ്പിച്ചു. യാക്കോബായക്കാരുടെ ഇന്നത്തെ വിശ്വാസവും ഇതാണെന്നാത്രേ യാക്കോബായ മതോപദേശത്തിലും മററും രേഖപ്പെടുത്തിയിരിക്കുന്നതു്.

കല്ക്കദോനിയാ സുന്നഹദോസ് ക്രിസ്തുവിൻെറ സ്വഭാവത്തെപ്പററി തീരുമാനിച്ചതു് ഇപ്രകാരമായിരുന്നു:— "ക്രിസ്തുവിൽ സമ്മിശ്രപ്പെടാതെയും മാററം വരാതെയും ഏക വ്യക്തിത്വത്തിൽ ദൈവികം മാനുഷികം എന്നിങ്ങനെ രണ്ടു സ്വഭാവങ്ങളുണ്ടു്." കല്ക്കദോനിയാ സുന്നഹദോസിൻെറ പഠനമനുസരിച്ചു ക്രിസ്തുവിൽ രണ്ടു സ്വഭാവമുണ്ടെന്നു കത്തോലിക്കാസഭ വിശ്വസിക്കുന്നു. എന്നാൽ അത്ഭുതകരമായി യോജിക്കപ്പെട്ട ഒരു സ്വഭാവം മാത്രമേ ക്രിസ്തുവിലുള്ളു എന്നു യാക്കോബായസഭയും പഠിപ്പിക്കുന്നു. ഇതിലേതാണു ശരിയെന്ന് ഇനിയും പരിശോധിക്കാം.

1. ക്രിസ്തു പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമാണെന്നുള്ള സത്യം യാക്കോബായ സഭാംഗങ്ങളെല്ലാം വിശ്വസിക്കുന്നുണ്ടു്. ക്രിസ്തു പൂർണ്ണ ദൈവമെങ്കിൽ ദൈവസ്വഭാവത്തിൽ അവിടുന്നു പൂർണ്ണനായിരിക്കണം. പൂർണ്ണ മനുഷ്യനാണെങ്കിൽ മനുഷ്യസ്വഭാവത്തിലും അവിടുന്ന് പൂർണ്ണനായിരിക്കണം. ആകയാൽ അവിടുത്തേക്കു പൂർണ്ണമായവിധം ദൈവസ്വഭാവം, മനുഷ്യസ്വഭാവം എന്നിങ്ങനെ രണ്ടു സ്വഭാവമുണ്ടെന്നു തെളിയുന്നു.

2. ദൈവികപ്രവൃത്തികളും മാനുഷികപ്രവൃത്തികളും ക്രിസ്തു നടത്തിയിരുന്നതായി വേദപുസ്തകത്തിൽ കാണുന്നു. കുരുടന്മാക്കു കാഴ്ച നല്കുക; മുടന്തന്മാരെ സൗഖ്യമാക്കുക; മരിച്ചവരെ ഉയർപ്പിക്കുക ആദിയായ അത്ഭുതങ്ങൾ ക്രിസ്തുവിൻെറ ദൈവികപ്രവർത്തനങ്ങളും ഭക്ഷിക്കുക, പാനം ചെയ്യുക, പീഡനം സഹിക്കുക, മരിക്കുക മുതലായവയെല്ലാം അവിടുത്തെ മാനുഷികപ്രവത്തനങ്ങളുമാണ്. തന്മൂലം ക്രിസ്തുവിൽ ദൈവികപ്രവൃത്തികളും മാനുഷികപ്രവൃത്തികളും ഉണ്ടെന്നു തെളിയുന്നു. പ്രവൃത്തികളുടെ നിദാനം സ്വഭാവം ആകയാൽ രണ്ടുതരം പ്രവൃത്തികളുടെ നിദാനമായ രണ്ടുതരം സ്വഭാവവും അവിടുത്തേക്കുണ്ടായിരുന്നുവെന്നുള്ള വാസ്തവം സമ്മതിക്കാതിരിക്കുവാൻ നിവൃത്തിയില്ല.

3. വി. കന്യകമറിയം ദൈവമാതാവാണെന്നുള്ള സത്യം യാക്കോബായസഭയും വിശ്വസിക്കുന്നുണ്ടു്. മ്ശിഹായിൽ ഒരു സ്വഭാവം മാത്രമേ ഉള്ളു എങ്കിൽ മറിയത്തെ ദൈവമാതാവെന്നു വിളിക്കുവാൻ സാദ്ധ്യമല്ല. ക്രിസ്തുവിലുണ്ടെന്നു പറയുന്ന ഏകസ്വഭാവം ദൈവസ്വഭാവം ആണെങ്കിൽ മറിയത്തിൽ നിന്നു് ദൈവം ജനിക്കുക അസാദ്ധ്യമാകയാൽ മറിയം ദൈവമാതാവായിത്തീരുന്നതല്ല. ക്രിസ്തുവിലുള്ള ഏകസ്വഭാവം മനുഷ്യസ്വഭാവം ആണെങ്കിൽ ക്രിസ്തു ദൈവമല്ലെന്നും ദൈവമല്ലാത്ത ഒരാളെ പ്രസവിച്ചതിനാൽ മറിയം ദൈവമാതാവു് അല്ലെന്നും വന്നുകൂടുന്നതാണു്. ഇതു രണ്ടും സമ്മതിക്കുവാൻ നിവൃത്തിയില്ലാത്തതിനാൽ—മറിയം ദൈവമാതാവാണെന്നു പഠിപ്പിക്കുന്ന യാക്കോബായക്കാർ—ക്രിസ്തുവിൽ രണ്ടു സ്വഭാവമുണ്ടെന്നു നിശ്ചയമായും വിശ്വസിക്കേണ്ടതാണു്.

4. ക്രിസ്തുവിൻെറ സ്വഭാവത്തെപ്പററി നാലു വിധത്തിലുള്ള അനുമാനങ്ങൾ പുറപ്പെടുവിക്കാവുന്നതാണു്.

(i) ക്രിസ്തു മനുഷ്യാവതാരം ചെയ്തപ്പോൾ അവിടുത്തെ ദൈവസ്വഭാവം നശിച്ചു മനുഷ്യസ്വഭാവം മാത്രമായിത്തീൎന്നു.

(ii) മനുഷ്യാവതാരം ചെയ്ത ക്രിസ്തു തൻെറ മനുഷ്യസ്വഭാവം നശിപ്പിച്ചു ദൈവസ്വഭാവം സ്വീകരിച്ചു.

(iii) ദൈവസ്വഭാവവും മനുഷ്യസ്വഭാവവും സമ്മിശ്രപ്പെട്ടു വേറൊരു പുതിയ സ്വഭാവമായിത്തീൎന്നു.

(iv) ക്രിസ്തുവിൽ മനുഷ്യസ്വഭാവവും ദൈവസ്വഭാവവും തമ്മിൽ ലയിക്കാതെ രണ്ടു വ്യത്യസ്ത സ്വഭാവങ്ങളായി നിലകൊള്ളുന്നു.

ഇതിൽ ഒന്നാമത്തേയും രണ്ടാമത്തേയും അനുമാനങ്ങൾ-ക്രിസ്തുവിൽ ഒന്നെങ്കിൽ ദൈവസ്വഭാവമോ അല്ലെങ്കിൽ മനുഷ്യസ്വഭാവമോ മാത്രമേ ഉള്ളു എന്ന വാദം—യാക്കോബായക്കാർ ഒരു കാലത്തും സ്വീകരിക്കുന്നതല്ല. മൂന്നാമത്തേതു്—രണ്ടു സ്വഭാവങ്ങൾ സമ്മിശ്രപ്പെട്ടു പുതിയ ഒരു സ്വഭാവമായിത്തീൎന്നു എന്നുള്ള പഠനം—ഇന്നത്തെ യാക്കോബായക്കാർ സ്വീകരിക്കുന്നുമില്ല. അകയാൽ ക്രിസ്തുവിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും പരസ്പരം ലയിക്കാതെ രണ്ടു വ്യത്യസ്ത സ്വഭാവങ്ങളായി നിലകൊള്ളുന്നു എന്നുള്ള സത്യം യാക്കോബായക്കാർ സ്വീകരിക്കേണ്ടതാണു്.

## കല്ക്കദോനിയാ സുന്നഹദോസ്

ക്രിസ്തു പഠിപ്പിച്ച സത്യവിശ്വാസത്തിനെതിരായി ആരുതന്നെ പഠിപ്പിച്ചിരുന്നാലും, "സ്വര്ഗ്ഗത്തിൽ നിന്നുള്ള മാലാഖാ" ആയിരുന്നാൽ തന്നേയും, അയാളെ സഭയിൽ നിന്നും ബഹിഷ്കരിക്കുന്നതിനുള്ള ദൈവദത്തമായ അധികാരം ഉപയോഗിച്ചുകൊണ്ടാണു സാര്വ്വത്രിക സുന്നഹദോസുകൾ മുഖേന വിശ്വാസവിപരീതികളെ സഭയിൽനിന്നും ബഹിഷ്കരിച്ചിട്ടുള്ളതു്. ഇപ്രകാരം നടന്നിട്ടുള്ള സുന്നഹദോസുകളാൽ സഭാബഹിഷ്കൃതരായിത്തീർന്നിട്ടുള്ളവർ തങ്ങളെ മുടക്കിയ സുന്നഹദോസിനേയും അതിനുശേഷം നടന്നിട്ടുള്ള സുന്നഹദോസുകളേയും പാടേ നിഷേധിക്കയും അതിനു മുൻപു നടന്നിട്ടുള്ള സുന്നഹദോസുകളെ സാർവ്വത്രിക സുന്നഹദോസുകളായി അംഗീകരിക്കയും ചെയ്യുന്നു.

ക്രിസ്ത്വാബ്ദം 325-ൽ നടന്ന നിഖ്യാസുന്നഹദോസിൽ വെച്ചു മുടക്കപ്പെട്ട ആരിയോസും അനുയായികളും പ്രസ്തുത സുന്നഹദോസിന്റെ നിശ്ചയങ്ങളെ നിഷേധിക്കുകയും യാതൊരു സുന്നഹദോസും ക്രൈസ്തവസഭയിൽ നടന്നിട്ടില്ലെന്നു വാദിക്കയും ചെയ്തുകൊണ്ടിരുന്നു. 381-ൽ കൂടിയ കുസ്തന്തീനോപോലീസ് സുന്നഹദോസിൽ വച്ചു സഭാബഹിഷ്കൃതനായ മക്കദോനിയോസാകട്ടേ നിഖ്യാസുന്നഹദോസിനെ മാത്രം സാർവ്വത്രിക സുന്നഹദോസായി അംഗീകരിക്കയും തന്നെ മുടക്കിയ സുന്നഹദോസ് ശരിയായ സുന്നഹദോസല്ലെന്ന് വാദിക്കയും ചെയ്യുന്നു. 431-ൽ കൂടിയ എഫേസോസ് സുന്നഹദോസിൽ വച്ച് മുടക്കപ്പെട്ട നെസ്തോറും അനുയായികളും നിഖ്യായിലേയും കുസ്തന്തീനോപോലീസിലേയും സുന്നഹദോസുകളെ മാത്രം സ്വീകരിക്കുകയും എഫേസൂസ് സുന്നഹദോസിനേയും അതിനുശേഷം നടന്ന സുന്നഹദോസുകളേയും നിഷേധിക്കയും ചെയ്യുന്നു. ഏകസ്വഭാവവാദം നിമിത്തം കല്ക്കദോനിയാ സുന്നഹദോസിനാൽ സഭാബഹിഷ്കൃതരായിത്തീർന്ന യവുത്തിക്കുസും അലക്സാണ്ഡ്റിയായിലെ ദീയസ്കോറോസ് പാത്രിയർക്കീസും തങ്ങളുടെ പൂർവ്വന്മാരെ അനുകരിച്ചുകൊണ്ടു നിഖ്യാ, കുസ്തന്തീനോപോലീസ്, എഫേസൂസ് എന്നീ മൂന്നു സുന്നഹദോസുകളെ സാര്വ്വത്രിക സുന്നഹദോസുകളായി സ്വീകരിക്കുകയും കല്ക്കദോനിയാ സുന്നഹദോസിനേയും പിന്നീടു നടന്നിട്ടുള്ള എല്ലാ സുന്നഹദോസുകളേയും പാടേ നിഷേധിക്കയും ചെയ്യുന്നു. ഏകസ്വഭാവവാദികളിൽ നിന്നും ഉത്ഭവിച്ച സഭയാകയാലത്രേ യാക്കോബായ സഭ കല്ക്കദോനിയാ സുന്നഹദോസിനെ നിഷേധിക്കുന്നതു്. 318 പിതാക്കന്മാർ സംബന്ധിച്ചിരുന്ന

നിഖ്യായിലേയും, 150 പിതാക്കന്മാർ മാത്രം കൂടിയിരുന്ന കുസ്തന്തീനോപോലീസിലേയും, 200 മെത്രാന്മാരോളം സമ്മേളിച്ചിരുന്ന എഫേസൂസിലേയും സുന്നഹദോസുകളെ സാർവ്വത്രിക സുന്നഹദോസുകളായി പരിഗണിക്കുന്ന യാക്കോബായസഭ 630 മെത്രാന്മാർ കൂടിയിരുന്ന കൽക്കദോനിയാസുന്നഹദോസിനെ നിഷേധിക്കുന്നതു് അത്ഭുതാവഹമെന്നേ പറയേണ്ടു. തങ്ങളുടെ സഭയുടെ സ്ഥാപകന്മാരെ മുടക്കി എന്നുള്ള ഏകകാരണമല്ലാതെ മററു യാതൊരു കാരണവും ഇതിലേക്കു ഉന്നയിക്കുന്നതിനു യാക്കോബ്യക്കു സാധിക്കുന്നതല്ല. ലോകത്തിലുള്ള ക്രൈസ്തവരിൽ 95 ശതമാനം (കത്തോലിക്കു്, യൗനായ, പ്രോട്ടസ്റ്റൻറു് ആദിയായ സഭകളിലേ അംഗങ്ങൾ) കല്ക്കദോനിയാസുന്നഹദോസിനെ നിയമാനുസരണം നടന്ന സുന്നഹദോസായിത്തന്നെ പരിഗണിക്കുന്നു. മുടക്കപ്പെട്ട യുവൂത്തിക്കൂസിനേയും ദിയസ്കോറോസിനേയും സഭാഭ്രഷ്ടരായി അവർ പരിഗണിക്കയും ചെയ്യുന്നു. യാക്കോബായക്കാരും ഏതാനും ഏകസ്വഭാവവാദികളും മാത്രമാണു് കല്ക്കദോനിയാ സുന്നഹദോസിനെ നിഷേധിക്കുന്നതിനുള്ള സന്നദ്ധത പ്രകടിപ്പിക്കുന്നതു്. ക്രിസ്തുസഭയുടെ ആദ്യത്തേ അഞ്ചു നൂററാണ്ടുകാലത്തേക്കു മാത്രമേ സുന്നഹദോസുകളുടെ ആവശ്യമുണ്ടായിരുന്നുള്ളു എന്നും അതിനുശേഷം ഈ കഴിഞ്ഞ 1500 വർഷക്കാലം സുന്നഹദോസുകളുടെ ആവശ്യമേ ഉണ്ടായിട്ടില്ലെന്നും മററും പറയുന്നതിന്നു് എങ്ങനെ സാധിക്കും? കല്ക്കദോനിയാ സുന്നഹദോസിനുശേഷം 16 സാർവ്വത്രിക സുന്നഹദോസുകൾ കത്തോലിക്കാസഭയിൽ നടത്തപ്പെട്ടിട്ടുണ്ടു്. ഇക്കഴിഞ്ഞ 1500 വർഷക്കാലം യാതൊരു സാർവ്വത്രിക സുന്നഹദോസും യാക്കോബായ സഭയിൽ നടന്നിട്ടില്ലാത്തതിൻെറ അഥവാ—നടത്തിയിട്ടില്ലാത്തതിൻെറ—ഏകകാരണം സാർവ്വത്രികസഭയിൽ നിന്നും ബഹിഷ്കരിക്കപ്പെട്ടതിനാൽ പ്രവർത്തനത്തിനുള്ള യഥാർത്ഥശക്തി നശിച്ചുപോയി എന്നുള്ളതല്ലാതെ മറെറാന്നുമില്ല. എന്നാൽ കത്തോലിക്കാസഭയിലാകട്ടേ ഇക്കഴിഞ്ഞ 20 ശതവർഷങ്ങളായി 20 സാർവ്വത്രിക സുന്നഹദോസുകൾ നടത്തപ്പെടുകയും, അവയിൽവെച്ചു സത്യവിശ്വാസം പ്രഖ്യാപനം ചെയ്യുകയും, വിശ്വാസവിപരീതികളെ സഭയിൽ നിന്നും ബഹിഷ്കരിക്കയും ചെയ്തിട്ടുണ്ടു്.

## പരിശുദ്ധാത്മാവിൻെറ പുറപ്പാടു്

പരിശുദ്ധാത്മാവു പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നു എന്നു കത്തോലിക്കാസഭയും, പിതാവിൽ നിന്നുമാത്രമാണു

പുറപ്പെടുന്നതു് എന്നു് ഇന്നത്തെ യാക്കോബായ സഭയും പഠിപ്പിക്കുന്നു. എന്നാൽ യഥാർത്ഥയാക്കോബ്യർക്കു് പരിശുദ്ധാത്മാവു് പുത്രനിൽ നിന്നും പുറപ്പെടുന്നുവെന്നുള്ള സത്യം സമ്മതിക്കാതിരിക്കുവാൻ നിർവ്വാഹമില്ല. 10-ാം ശതകത്തിൽ യാക്കോബായസഭയിൽ ഭരണം നടത്തിക്കൊണ്ടിരുന്ന മൂന്നാം ദിവന്നാസ്യോസ് പാത്രിയർക്കീസ് ഒരു സുന്നഹദോസ് വിളിച്ചു കൂട്ടുകയും ആ സുന്നഹദോസിൻെറ തായി ഈജിപ്തിലെ ഏകസ്വഭാവവാദി പാത്രിയക്കിസായിരുന്ന മെയന്നാസിനു് ഒരെഴുത്തയക്കുകയും ചെയ്തു. പ്രസ്തുത കത്തിൽ ഇപ്രകാരമാണു രേഖപ്പെടുത്തിയിരിക്കുന്നതു്:— "പിതാവു് ആരിൽ നിന്നുമല്ല, ജനിക്കപ്പെടാത്തവനായിരിക്കുന്നു പുത്രനാകട്ടെ നിത്യത്വം മുതൽ പിതാവിൽ നിന്നും ജനിക്കുന്നു. റൂഹാദക്കുദിശായോ എന്നാൽ പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നു" യാക്കോബായ സഭയുടെ ഒരു മല്പാനായിരിക്കുമ്പോൾ വട്ടശ്ശേരിൽ മാർ ദിവാന്നാ സ്യോസു മെത്രാപ്പോലീത്താ എഴുതിയ മതോപദേശസാരങ്ങൾ എന്ന പുസ്തകത്തിൽ ഇങ്ങനെയാണു കാണുന്നതു്:- ശുദ്ധമുള്ള റൂഹായായ ദൈവം "പിതാവിൽ നിന്നു പുറപ്പെടുന്നവനും, പുത്രനിൽ നിന്നു എടു ക്കപ്പെടുന്നവനുമാകുന്നു." യാക്കോബായ തക്സാ പതിമൂന്നാം പുറത്തു് "സത്വത്തിൽ നിനക്കുള്ളവ പുത്രനിൽ നിന്നും എടുക്കുന്ന വനായ സത്യത്തിൻെറ അരൂപി" എന്നു കാണുന്നു. യാക്കോബായ അണ്ടുതക്സായിൽ പെന്തിക്കോസ്തി ശുശ്രൂഷയിൽ "വി റൂഹാ പിതാ വിൽ നിന്നു പുറപ്പെടുന്നവനും പുത്രനിൽ നിന്നു് എടുക്കപ്പെടുന്നവനും" (പുറം 261) "അദൃശ്യനായ പിതാവിൽ നിന്നു പുറപ്പെടുകയും വന്ദ്യ നായ പുത്രനിൽ നിന്നെടുക്കപ്പെടുകയും" (പുറം 293) "ഞങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിക്കുന്ന ആശ്വാസപ്രദനായ റൂഹാ ആയുള്ളോവേ, നീ പുറപ്പെടുന്ന പിതാവിനും നീ എടുക്കപ്പെടുന്ന പുത്രനും" (പുറം 306) എന്നും കാണുന്നു.

ഇതുതന്നെയാണു കത്തോലിക്കാസഭയുടെ വിശ്വാസവും. ദൈവിക ആളുകൾ തമ്മിൽ എടുക്കുക, കൊടുക്കുക എന്നിവയ്ക്കു പറയുന്ന പദ മാണു് "പുറപ്പാടു്". ആകയാൽ "പുത്രനിൽ നിന്നു് എടുക്കപ്പെടുന്ന പരിശുദ്ധാത്മാവു്" എന്നുള്ള യാക്കോബായ വിശ്വാസവും "പരിശുദ്ധാ ത്മാവു പുത്രനിൽ നിന്നും പുറപ്പെടുന്നു" എന്നുള്ള കത്തോലിക്കാവിശ്വാ സവും സാരാംശത്തിൽ ഒന്നുതന്നെയാണെന്നുള്ളതിനു് സംശയമില്ല. തന്മൂലമാണു് ഇക്കഴിഞ്ഞ വട്ടിപ്പണക്കേസ്സിൽ, "റോമാക്കാർ പുത്രനിൽ

നിന്നുകൂടെ പരിശുദ്ധാത്മാവു് പുറപ്പെടുന്നു എന്നു പഠിപ്പിക്കുന്നില്ല യോ ?" എന്നു വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമേനിയോടു ചോദിച്ചപ്പോൾ "വേദശാസ്ത്രജ്ഞന്മാരുടെ അഭിപ്രായ ത്തിൽ അതു വെറുമൊരു വാക്കുപടയാണു്" എന്നു് അദ്ദേഹം ഉത്തരം നല്കുകയുണ്ടായതു്. അതേ, കത്തോലിക്കാസഭയും യാക്കോബായ സഭയും തമ്മിൽ ഇക്കാര്യത്തിൽ യാതൊരു വ്യത്യാസവും ഇല്ലെന്നുള്ള വാസ്തവമാണു് അദ്ദേഹത്തിൻെറ അഭിപ്രായവും തെളിയിക്കുന്നതു്.

ഈ വിഷയം തെളിയിക്കുന്നതിനുവേണ്ടി വേദപുസ്തകവാക്യങ്ങൾ, പിതാക്കന്മാരുടെ സാക്ഷ്യങ്ങൾ, സുന്നഹദോസ് റിക്കാർട്ടുകൾ എന്നിവ ധാരാളം ഉദ്ധരിക്കുവാനുണ്ടെങ്കിലും വിസ്തരഭയം നിമിത്തം ഞാൻ അതിനു മുതിരുന്നില്ല.

## ശുദ്ധീകരസ്ഥലാസ്തിത്വം

യാക്കോബായസഭയും കത്തോലിക്കാസഭയും തമ്മിൽ ഇനിയുമുള്ള വിശ്വാസവ്യത്യാസം ശുദ്ധീകരസ്ഥലത്തെക്കുറിച്ചുള്ളതാണു്. മരണാന ന്തരം നീതിമാൻെറ ആത്മാവു സ്വർഗ്ഗഭാഗ്യത്തിനും, ദുഷ്ടൻെറ ആത്മാവു നരകശിക്ഷയ്ക്കും വിധിക്കപ്പെടുമെന്നും, എന്നാൽ ലോക ത്തിൽ ജീവിച്ചിരുന്ന കാലയളവിൽ ലഘുവായ പാപങ്ങൾ ചെയ്തിട്ടുള്ള വരുടേയും, ഘനമായ പാപങ്ങൾക്കു മോചനം ലഭിച്ചെങ്കിലും അവയ്ക്കു പൂർണ്ണമായ പരിഹാരപ്രവൃത്തികൾ ചെയ്തിട്ടില്ലാത്തവരുടേയും ആത്മാ ക്കൾ കുറെനാൾ വേദന അനുഭവിച്ചശേഷം—അഥവാ, ശുദ്ധീകരിക്ക പ്പെട്ടതിനു ശേഷം—സ്വർഗ്ഗരാജ്യത്തിലേക്കു് എടുക്കപ്പെടുമെന്നുമത്രേ കത്തോലിക്കാസഭയുടെ വിശ്വാസം. ഇപ്രകാരമുള്ള ആത്മാക്കൾ വേദന അനുഭവിക്കുന്നതിനുള്ള സ്ഥലത്തെയാണു കത്തോലിക്കർ "ശുദ്ധീ കരസ്ഥല"മെന്നു നാമകരണം ചെയ്തിരിക്കുന്നതു്.

കത്തോലിക്കരെപ്പോലെ തന്നെ യാക്കോബായക്കാരും മരിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കണമെന്നും, കുർബാന ചൊല്ലിക്കണമെന്നും, ദാന ധർമ്മങ്ങൾ ചെയ്യണമെന്നും പഠിപ്പിക്കുന്നുണ്ടു്. ശവസംസ്കാര സമ യത്തും അതിനു ശേഷവും യാക്കോബ്യർ തങ്ങളുടെ മരിച്ചവർക്കുവേണ്ടി അപേക്ഷിക്കയും ധൂപം അർപ്പിക്കുകയും ചെയ്യുന്നുണ്ടു്. യാക്കോബായ കുർബാന തക്സായിലും, അനീദാക്രമത്തിലും, പ്രാർത്ഥനക്രമത്തിലും പരേതാത്മാക്കൾക്കു വേണ്ടിയുള്ള അപേക്ഷകൾ ധാരാളം കാണുന്നു

മുണ്ട്. മരിച്ചവക്കുവേണ്ടി പ്രാത്ഥിക്കുന്ന യാക്കോബായക്കാർ സ്വർഗ്ഗ ഭാഗ്യം അനുഭവിക്കുന്ന നീതിമാന്മാരുടെ ആത്മാക്കൾക്കു വേണ്ടിയോ നരകശിക്ഷ അഹിക്കുന്ന ദുഷ്ടന്മാരുടെ ആത്മാക്കൾക്കു വേണ്ടിയോ അല്ല പ്രാത്ഥിക്കുന്നതു് എന്നുള്ളതു പ്രസ്പഷ്ടമാണു്. കാരണം, സ്വർഗ്ഗീയ സമ്മാനത്തെയോ നരകശിക്ഷയെയോ അർഹിക്കുന്ന ആത്മാക്കൾക്കു പ്രാത്ഥന മൂലം പ്രത്യേകഫലം സിദ്ധിക്കയില്ലെന്നുള്ളതത്രേ. ആകയാൽ സ്വർഗ്ഗവും നരകവുമല്ലാത്ത ഒരു സ്ഥലത്തുള്ള ആത്മാക്കൾക്കുവേണ്ടി യാണു യാക്കോബായക്കാർ പ്രാത്ഥിക്കുന്നതു് എന്നുള്ളതിനു സംശയമില്ല. ഈ സ്ഥലത്തെയത്രേ കത്തോലിക്കർ ശുദ്ധികരസ്ഥലം എന്നു വിളിക്കു ന്നതു്.

ശുദ്ധീകരസ്ഥലം ഉണ്ടെന്നുള്ള സത്യം യാക്കോബായക്കാർ വിശ്വ സിക്കുന്നു എന്നു കുർബാനക്രമത്തിലുള്ള പ്രാത്ഥനയിൽ നിന്നും സുസ്പഷ്ടം തെളിയിക്കുവാൻ സാധിക്കും. കുർബാനയുടെ അവ സരത്തിൽ വൈദികൻ ചൊല്ലുന്ന പ്രാർത്ഥനയിൽ "കടങ്ങൾക്കു പരിഹാരവും പാപങ്ങൾക്കു മോചനവും രണ്ടു ലോകങ്ങളിലും നാം പ്രാപിക്കുമാറാക" എന്നു കാണുന്നു. ഈ രണ്ടു ലോകങ്ങളിൽ ഒന്നു് "ഭൂലോക"മാണെന്നുള്ളതിനു സംശയമില്ല. മറേറ ലോകം സ്വർഗ്ഗമോ നരകമോ ആകുവാൻ നിവൃത്തിയില്ല. കാരണം, സ്വർഗ്ഗത്തിലുള്ള ആത്മാക്കൾക്കു കടങ്ങളോ പാപങ്ങളോ ഇല്ലാത്തതിനാൽ മോച നമോ പരിഹാരമോ സിദ്ധിക്കേണ്ട ആവശ്യമില്ല. നരകത്തിലുള്ള ആത്മാക്കൾക്കാകട്ടേ കടങ്ങളും പാപങ്ങളും ഉണ്ടെങ്കിലും അവയ്ക്കു മോചനമോ പരിഹാരമോ സിദ്ധിക്കുന്നതുമല്ല. ആകയാൽ കടങ്ങൾക്കു പരിഹാരവും പാപങ്ങൾക്കു മോചനവും ലഭിക്കുന്ന രണ്ടു ലോകങ്ങ ളിൽ ഒന്നു് ഭൂമിയും മറേറതു സ്വർഗ്ഗമോ നരകമോ അല്ലാത്ത ശുദ്ധീകര സ്ഥലവും ആണെന്നു സമ്മതിക്കാതിരിക്കുവാൻ നിവ്വാഹമില്ല.

## ദൈവമാതാവിൻെറ അമലോത്ഭവം

ലോകരക്ഷകനായ ക്രിസ്തുവിൻെറ മാതാവായിത്തീരുന്നതിനു ഭാഗ്യം സിദ്ധിച്ച പരിശുദ്ധ കന്യകമറിയത്തെ ഉത്ഭവനിമിഷത്തിൽ ത്തന്നെ ജന്മപാപക്കറയിൽ നിന്നും സവ്വശക്തനായ ദൈവം സംര ക്ഷിച്ചു എന്നത്രേ കത്തോലിക്കാസഭ പഠിപ്പിക്കുന്നതു്. 1854-ഡിസംബർ 8-ാംതിയതി ഭാഗ്യസ്മരണാഹ്ലർഹനായ ഒമ്പതാം പീയൂസു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ഇതെപ്പററി വ്യാഖ്യാനിച്ചിരിക്കുന്നതു് ഇപ്രകാര

മാണ്:—"അവളുടെ ഉത്ഭവത്തിന്റെ പ്രഥമ ക്ഷണത്തിൽ മനുഷ്യവർഗ്ഗത്തിന്റെ രക്ഷകനായ യേശുമ്ശിഹായുടെ യോഗ്യതകളെ പരിഗണിച്ചു ദൈവം അവൾക്കു നല്കിയ പ്രത്യേക കൃപയാലും പദവിയാലും അവൾ ജന്മപാപത്തിന്റെ യാതൊരു മാലിന്യവും ബാധിക്കാതെ സൂക്ഷിക്കപ്പെട്ടു."

യാക്കോബായസഭ "ദൈവമാതാവിന്റെ അമലോത്ഭവ"ത്തെപ്പററി ഔദ്യോഗികമായി യാതൊന്നും പഠിപ്പിക്കുന്നില്ലെങ്കിലും പ്രസ്തുത സഭയിലെ പല വ്യക്തികളും കത്തോലിക്കാസഭയോടുള്ള വിദ്വേഷം നിമിത്തം ഈ വിശ്വാസസത്യത്തെ പാടേ നിഷേധിക്കുന്നുണ്ട്. എന്നാൽ വേദപുസ്തകം, പിതാക്കന്മാരുടെ സാക്ഷ്യങ്ങൾ, യാക്കോബായ പ്രാർത്ഥനക്രമങ്ങൾ എന്നിവ നിഷ്പക്ഷബുദ്ധിയോടുകൂടെ പരിശോധിക്കുന്നവർക്കു പരിശുദ്ധ ദൈവമാതാവു് അമലോത്ഭവയാണെന്നുള്ള കത്തോലിക്കാസഭാപഠനം ശരിയാണെന്നു ബോദ്ധ്യമാകുന്നതാണ്.

1. "ഞാൻ സ്ത്രീയ്ക്കും നിനക്കും മദ്ധ്യേയും അവളുടെ സന്തതിക്കും നിന്റെ സന്തതിക്കും മദ്ധ്യേയും ശത്രുത ഉണ്ടാക്കും" (ആദ്യ. 3.15) ഈ സ്ത്രീ കന്യകാമറിയം തന്നെയാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. സ്ത്രീയുടെ സന്തതിക്ക്—മ്ശിഹാതമ്പുരാന്—സത്താനോടും സാത്താന് അദ്ദേഹത്തോടും ഏതുവിധം ശത്രുതയുണ്ടോ അപ്പ്രകാരമുള്ള ശത്രുത സാത്താനു സ്ത്രീയോടുമുണ്ടെന്നു ഈ വാക്യത്തിൽ നിന്നും തെളിയുന്നു. മാതാവിന്റെ ഉത്ഭവം മുതൽതന്നെയുള്ള പാപവിമുക്തി കൊണ്ടു മാത്രമേ സാത്താനും സ്ത്രീയും തമ്മിലുള്ള ശത്രുത പൂർണ്ണമാകയുള്ളു. "കൃപ നിറഞ്ഞവളേ നിനക്കു സ്വസ്തി" (ലൂക്കാ. 1. 28) ഇതു് ഒരു പ്രത്യേക വിധത്തിലുള്ള കൃപാസമൃദ്ധിയെ, അതേ, ആത്മാവിന്റെ പ്രകൃത്യതീതമായ ഒരു ദിവ്യാവസ്ഥയെ സൂചിപ്പിക്കുന്നു. ദൈവമാതാവു ജന്മപാപത്തിൽ അല്പനിമിഷമെങ്കിലും ഉൾപ്പെട്ടിരുന്നുവെങ്കിൽ നിശ്ചയമായും തദവസരത്തിൽ അവൾ കൃപാരഹിതയായിരുന്നുവെന്നും തന്മൂലം "കൃപ നിറഞ്ഞവളേ" എന്നുള്ള സംബോധനയ്ക്കു അവൾ അനർഹയാണെന്നും വന്നുകൂടുന്നതാണ്.

2. ക്രൈസ്തവസഭയിലെ ആദിമ പിതാക്കന്മാരായ ജസ്റ്റിൻ മാർട്ടിൻ, ഐറേനിയസ്, ക്രുറിലോസ്, എപ്പിപ്പാനിയസ്, അഗസ്റ്റിൻ ആദിയായവരെല്ലാം പരിശുദ്ധ കന്യകയെ "രണ്ടാമത്തേ ഹവ്വാ"

"കറയും മാലിന്യവും പററാത്ത കൂടാരം," "നിമ്മലയിൽ നിമ്മല" "സാത്താൻെറ കൌശലങ്ങളാൽ വഞ്ചിക്കപ്പെട്ടുകയോ അവൻെറ ചീററിൻെറ വിഷക്കാററു് അടിക്കയോ ചെയ്യാത്തവൾ" "മലിനപ്പെടാത്തവൾ" എന്നെല്ലാം സംബോധനം ചെയ്തിട്ടുണ്ടു്. ദൈവമാതാവു് ജന്മപാപരഹിതയായിരുന്നുവെന്ന വാസ്തവമത്രേ ഇവ വിളിച്ചു പറയുന്നതു്.

3. യാക്കോബായ സഭയുടെ പ്രാത്ഥനക്രമങ്ങളിൽ പരിശുദ്ധ കന്യകമറിയത്തെപ്പററി രേഖപ്പെടുത്തിയിരിക്കുന്ന ഭാഗങ്ങൾ പരിശോധിക്കുന്നപക്ഷം "ദൈവമാതാവിൻെറ അമലോത്ഭവം" യാക്കോബായ സഭ സമ്മതിക്കുന്നുവെന്നു ബോദ്ധ്യമാകുന്നതാണു്. "സ്ഫടികരഥം, സാക്ഷിയുടെ പെട്ടകം, അഹറോൻെറ തളിത്തവടി, മന്നാ ഇട്ട ചെപ്പു്, കളങ്കമില്ലാത്ത രത്നം, രണ്ടാമത്തേ സ്വഗ്ഗം" എന്നിങ്ങനെയുള്ള വിശേഷണപദങ്ങളാൽ അത്രേ യാക്കോബായ സഭ ദൈവമാതാവിനെ അഭിസംബോധനം ചെയ്യുന്നതു്. മാതാവിൻെറ ആത്മാവു് എപ്പോഴെങ്കിലും പാപത്താൽ മലിനമായിരുന്നുവെങ്കിൽ ഏതാദൃശവിശേഷണപദങ്ങളിൽ ഒന്നുപോലും അവൾക്കു യോജിക്കുന്നതല്ല. ആകയാൽ മാതാവു് ജന്മപാപരഹിതയായിരുന്നുവെന്നു യാക്കോബായ സഭയും സമ്മതിക്കുന്നു എന്നു തെളിയുന്നു.

4. കത്തോലിക്കാസഭയെപ്പോലെതന്നെ നമ്മുടെ കത്താവിൻേറയും, കന്യകമറിയത്തിൻെറയും യോഹന്നാൻ മാംദാനായുടേയും ജനനപ്പെരുനാൾ യാക്കോബായസഭയും ആഘോഷിക്കുന്നുണ്ടു്. വേറേ യാതൊരു വിശുദ്ധൻേറയും ജനനപ്പെരുനാൾ ആഘോഷിക്കുന്നുമില്ല. കുറഞ്ഞപക്ഷം ജനനസമയത്തെങ്കിലും ഈ മൂന്നുപേരും പാപരഹിതരായിരുന്നു എന്നു യാക്കോബായസഭയും സമ്മതിക്കുന്നുവെന്നത്രേ ഈ ജനനപ്പെരുനാൾ ആഘോഷം തെളിയിക്കുന്നതു്. നമ്മുടെ കത്താവിൻെറ മുന്നോടിയായ യോഹന്നാൻ ജനനത്തിനുമുമ്പുതന്നെ പരിശുദ്ധാത്മാവുകൊണ്ടു നിറഞ്ഞിരിക്കേണ്ട ആവശ്യമുണ്ടായിരുന്നുവെങ്കിൽ അവിടത്തേ മാതാവു് ഉത്ഭവവിനാഴിക മുതൽ തന്നെ പാപബാധ കൂടാതെ വിശുദ്ധിയുടെ കൃപാവരം കൊണ്ടു് നിറഞ്ഞവളായിത്തീരേണ്ടതു് എത്രയും അവശ്യം തന്നെയാണെന്നു് സമ്മതിക്കാതെ നിവൃത്തിയുമില്ല. ആകയാൽ പരിശുദ്ധ ദൈവമാതാവിൻെറ അമലോത്ഭവസത്യം യാക്കോബായസഭ സ്വീകരിക്കേണ്ടതുതന്നെയാണു്.

## യാക്കോബായസഭയും
## കത്തോലിക്കാ പുനരൈക്യവും

വിദേശത്തുള്ള യാക്കോബായസഭയിൽനിന്നും ഓരോരോ കാലയളവിൽ പാത്രിയക്കീസന്മാർ, മെത്രാന്മാർ, വൈദികന്മാർ, അയ്മേനികൾ എന്നിവരെല്ലാം കൂട്ടമായും, വ്യക്തികളായും കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ടുകൊണ്ടാണ് ഇരുന്നിട്ടുള്ളത്. ഇപ്രകാരം കത്തോലിക്കാസഭയെ ആശ്ലേഷിച്ചവർ "അന്ത്യോക്യാ സുറിയാനിക്കാർ" എന്ന പേരിലത്രേ അറിയപ്പെടുന്നത്. യാക്കോബായക്കാർ ഉപയോഗിക്കുന്ന പ്രാർത്ഥനക്രമം, കൂദാശക്രമം എന്നിവയെല്ലാം തെറ്റുതിരുത്തി അന്ത്യോക്യാ സുറിയാനിക്കാർ ഉപയോഗിച്ചു കൊണ്ടിരിക്കുന്നു. വേഷത്തിലും ഭാഷയിലും അന്ത്യോക്യാ സുറിയാനി മെത്രാന്മാരും വൈദികന്മാരും യാക്കോബായരീതിയിൽ നിന്നും കാര്യമായ യാതൊരു വ്യത്യാസവും വരുത്തിയിട്ടില്ല. ഇപ്പോൾ അന്ത്യോക്യാസുറിയാനി കത്തോലിക്കു പാത്രിയർക്കീസിന്റെ കീഴിൽ 8 മെത്രാന്മാരും, 80 വൈദികന്മാരും, നാല്പതിനായിരത്തോളം ജനങ്ങളുമുണ്ട്. പരദേശത്തേ യാക്കോബായസഭ എല്ലാ നിലകളിലും അധഃപതിച്ചുകൊണ്ടാണിരിക്കുന്നത്. അവിടത്തേ കത്തോലിക്കാ പുനരൈക്യത്തിന്റെ ശക്തിയും പ്രതിദിനം വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കുന്നു.

കേരളക്കരയിലും യാക്കോബായസഭയിൽനിന്നും കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെടുന്നതിനുള്ള പരിശ്രമങ്ങൾ യാക്കോബായമെത്രാന്മാരും ജനങ്ങളും പലപ്പോഴും നടത്തിയിട്ടുണ്ട്. ഒന്നു, നാലു, അഞ്ചു്, ആറ് എന്നീ മാർത്തോമ്മാമെത്രാന്മാരും ചേപ്പാട്ടു മാർ ദീവന്നാസ്യോസ്; പുലിക്കോട്ടു മാർ ദിവന്നാസ്യോസു എന്നീ തിരുമേനിമാരും കത്തോലിക്കാസഭാ പുനരൈക്യത്തിന്നായി ഹൃദയപൂർവ്വം ആഗ്രഹിക്കുകയും അതിനായി കഴിവതു പരിശ്രമിക്കുകയും ചെയ്തിട്ടുണ്ട്. തങ്ങളുടെ സഹോദരങ്ങളായ യാക്കോബായക്കാരെ കത്തോലിക്കാസഭയിലേക്ക് ആനയിക്കുന്നതിനുവേണ്ടി പള്ളിവീട്ടിൽ ചാണ്ടിക്കത്തനാർ, കരിയാററിൽ യൌസേഫ് മെത്രാൻ, പാറേമ്മാക്കൽ തോമ്മാക്കത്തനാർ, തച്ചിൽ മാത്തുത്തരകൻ, നിധിയരിക്കൽ മാണിക്കത്തനാർ എന്നിവരെല്ലാം അക്ഷീണം പരിശ്രമിച്ചിട്ടുണ്ട്. പക്ഷേ, പല കാരണങ്ങളാലും കൂട്ടത്തോടുള്ള പുനരൈക്യം അക്കാലത്തൊന്നും നടക്കുകയുണ്ടായില്ല. എങ്കിലും വ്യക്തികളായി വൈദികന്മാരും ജനങ്ങളും പല സ്ഥലങ്ങളിലും കത്തോലിക്കാ സഭാംഗങ്ങളായിത്തീർന്നിട്ടുണ്ട്.

പുനരൈക്യപ്രസ്ഥാനാരംഭത്തിനു മുമ്പ് എറണാകുളം, തൃശ്ശൂർ, ചങ്ങനാശേരി, കോട്ടയം, കൊല്ലം എന്നീ രൂപതകളിലേ അഭിവന്ദ്യ തിരുമേനിമാർ യാക്കോബായക്കാരുടെ കത്തോലിക്കാ പുനരൈക്യാർത്ഥം കഴിവതു പരിശ്രമിച്ചുകൊണ്ടിരുന്നു. തൽഫലമായി കേരളത്തിന്റെ പല ഭാഗങ്ങളിൽനിന്നും ഒട്ടനേകം വൈദികന്മാരും ജനങ്ങളും അക്കാലത്തു കത്തോലിക്കാ സഭയെ ആശ്ലേഷിച്ചിട്ടുണ്ട്. ക്നാനായ—തെക്കംഭാഗർ—യാക്കോബായക്കാരുടെ ഇടയിൽ കോട്ടയം രൂപതാമെത്രാനായിരുന്ന മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമനസ്സുകൊണ്ടു നടത്തിക്കൊണ്ടിരുന്ന പുനരൈക്യപരിശ്രമങ്ങൾ അത്ഭുതാവഹമായ ഫലം പുറപ്പെടുവിക്കയുണ്ടായി. യാക്കോബായ ക്നാനായക്കാരുടെ കേന്ദ്രങ്ങളായ രാമമംഗലം, ചെങ്ങളം, വാകത്താനം, ചിങ്ങവനം, കറോട്ട്, റാന്നി, തുരുത്തിക്കാട്ട്, കല്ലിശ്ശേരി, കുറവൂർ, തിരുവംമണ്ടൂർ ആദിയായ ഒട്ടനേകം സ്ഥലങ്ങളിൽ നടത്തിക്കൊണ്ടിരുന്ന പുനരൈക്യപ്രവർത്തനങ്ങളുടെ ഫലമായി ഇരുപതോളം വൈദികന്മാരും അയ്യായിരത്തോളം അയ്മേനികളും കത്തോലിക്കാ സഭയോട്ട് പുനരൈക്യപ്പെടുകയുണ്ടായി. മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമേനിയുടെ പിൻഗാമിയായി കോട്ടയം രൂപതാഭരണം പ്രശസ്തമായി ഇപ്പോൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ഡോക്ടർ തോമ്മസ് തറയിൽ തിരുമനസ്സുകൊണ്ടും പുനരൈക്യപരിശ്രമങ്ങൾ വിജയപ്രദമായി തുടൎന്നു കൊണ്ടു തന്നെയിരിക്കുന്നു.

പുനരൈക്യപ്രസ്ഥാനാരംഭത്തിനു ശേഷവും യാക്കോബായക്കാരുടെ പല കേന്ദ്രങ്ങളിലും സ്ഥാപനങ്ങൾ നിർമ്മിച്ചുകൊണ്ടു തിരുവനന്തപുരം അതിരൂപതയിലും, തിരുവല്ലാ രൂപതയിലും പുനരൈക്യപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ടു്. യാക്കോബായ സഭയിലേ ക്നാനായ മെത്രാപ്പോലീത്തായായിരുന്ന മാർ ദിയസ്ക്കോറോസ് തിരുമേനിയും, ഏതാനും വൈദികന്മാരും, രണ്ടായിരത്തോളം ജനങ്ങളും ഇതിനകം പുനരൈക്യപ്രസ്ഥാനം വഴിയായി കത്തോലിക്കാസഭയെ ആശ്ലേഷിച്ചിട്ടുണ്ടു്. യാക്കോബായ സഭയുടെ പരദേശത്തേയും ഇവിടത്തേയും ആധുനികനില ശരിക്കു ഗ്രഹിക്കുമെങ്കിൽ കത്തോലിക്കാ സഭയല്ലാതെ വേറെ രക്ഷാമാർഗ്ഗം തങ്ങൾക്കില്ലെന്നു ബോദ്ധ്യപ്പെടുകയും തൽഫലമായി കത്തോലിക്കാസഭാമാതാവിന്റെ മടിയിൽ അവർ അഭയം പ്രാപിക്കുകയും ചെയ്യുമെന്നുള്ളതിനു സംശയമില്ല.

അദ്ധ്യായം 12

# മലങ്കര ഓർത്തഡോക്സ് സഭ

## ഒരു സ്വതന്ത്രസഭാസംഘടന

യാക്കോബായസഭയുടെ മെത്രാപ്പോലീത്താ ആയിരുന്ന വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിനാൽ സുമാർ നാല്പതു വർഷത്തിനുമുമ്പ് സ്ഥാപിക്കപ്പെട്ടതും, രാഷ്ട്രീയമായും വിദ്യാഭ്യാസപരമായും ഇക്കഴിഞ്ഞ ചുരുങ്ങിയ കാലയളവിനുള്ളിൽ ഇതരസഭകളെക്കാൾ അഭിവൃദ്ധി പ്രാപിച്ചിട്ടുള്ളതുമായ ഒരു സ്വതന്ത്രസ്ഥാപനമത്രേ ഓർത്തഡോക്സ് സഭ. "മെത്രാൻകക്ഷി"യെന്നും "കാതോലിക്കാകക്ഷി"യെന്നും ഉള്ള പേരിനാൽ അറിയപ്പെട്ടിരുന്ന ഈ സഭ സത്യവിശ്വാസ സംരക്ഷക എന്നർത്ഥമുള്ള "ഓർത്തഡോക്സ് സഭ" എന്ന നാമധേയമാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നതു്. ഈ സഭയുടെ ഉത്ഭവവും, പ്രചാരണവും മററും വിവരിക്കുന്നതിനുമുമ്പ് ഇതിനു കാരണക്കാരായി തീർന്ന രണ്ടു പാത്രിയക്കീസന്മാരെപ്പററി ആദ്യമായി പ്രതിപാദിക്കുന്നതിനുദ്ദേശിക്കുന്നു.

## അബ്ദേദുമ്ശിഹാപാത്രിയർക്കീസും അബ്ദുള്ളാപാത്രിയർക്കീസും

അന്ത്യോക്യായാക്കോബായ പാത്രിയക്കീസായിരുന്ന പത്രോസ് പാത്രിയക്കീസ് നിര്യാതനായ ശേഷം 1895-ൽ പ്രസ്തുത പാത്രിയക്കാസിംഹാസനത്തിൽ അബ്ദേദ്മിശിഹാ ആരൂഢനായി. കുശാഗ്രബുദ്ധിയും, സമർത്ഥനും, നയതന്ത്രജ്ഞനുമായ ഒരു പാത്രിയക്കീസായിരുന്നു അബ്ദേദുമിശിഹാ എങ്കിലും അദ്ദേഹത്തിൻെറ ഭരണദൂഷ്യം നിമിത്തം കീഴിലുണ്ടായിരുന്ന മെത്രാന്മാരും, വൈദികന്മാരും ജനങ്ങളും അതൃപ്തരായിതീർന്നു തൽഫലമായി മെത്രാന്മാർ ഒരു സുഹന്നഹദോസു കൂട്ടുകയും അദ്ദേഹത്തെ സിംഹാസനത്തിൽ നിന്നും ബഹിഷ്ക്കരിക്കുകയും ചെയ്തു. ഉടൻ തന്നെ ഇതേപ്പററി തുക്കി ഗവണ്മേൻറിനെ അറിയിക്കുകയും അബ്ദേദുമിശിഹായ്ക്കു നല്കിയിരുന്ന ഫർമാൻ (അധികാരപത്രം) 1905-ൽ പ്രസ്തുത ഗവണ്മെൻറ പിൻവലിക്കയും ചെയ്തു. ഭരണാധികാരം

നഷ്ടപ്പെട്ട അബ്ദേദ്ദ്മിശിഹാ ഒരു പുതിയ കക്ഷി ഉണ്ടാക്കുന്നതിനു വേണ്ടത്ര അനുയായികളില്ലാതിരുന്നതിനാൽ സ്വസ്ഥനായി താമസിച്ചു കൊണ്ടിരിക്കയായിരുന്നു.

അബ്ദേദ്ദ്മിശിഹാ സിംഹാസനത്തിൽ നിന്നും നിഷ്കാസിതനായിത്തീന്നപ്പോൾ അബ്ദുള്ളാ പാത്രിയക്കീസ് പ്രസ്തുത സിംഹാസനത്തിൽ കരേറി. സിറിയായിൽ യാക്കോബായക്കാരുടെ ആസ്ഥാനമായ സദാദ് എന്ന ഗ്രാമത്തിൽ ജാതനായ അബ്ദുള്ളാ ആദ്യം സന്യാസ ജീവിതം തുടങ്ങുകയും പിന്നീട് ഹോംസ് ഹാവാ ഇടവകയുടെ മെത്രാനായി തീരുകയും ചെയ്തു. അതിനുശേഷം അദ്ദേഹം ഇംഗ്ലണ്ടിലേക്ക് പോകുകയും, പ്രോട്ടസ്റ്റൻറു വിശ്വാസങ്ങളിൽ പലതും സ്വീകരിക്കുകയും, അവിടെനിന്നും ഒരു ധനശേഖരം നടത്തിയശേഷം മടങ്ങുകയും ചെയ്തു. സ്വദേശത്തു എത്തിയ ഉടനെ ദൈവാലയങ്ങളിൽ ഉണ്ടായിരുന്ന മനോഹരമായ പ്രതിമകളെ എല്ലാം എടുത്തു മാററണമെന്നു് സ്വജനങ്ങളോട് അദ്ദേഹം ഉപദേശിക്കയുണ്ടായി. ഈ അവസരത്തിൽ ഏതോ രഹസ്യമായ വഴക്കുണ്ടാകയും തൽഫലമായി 1896-ൽ അദ്ദേഹം കത്തോലിക്കനാകുകയും ചെയ്തു. ഒൻപതരവർഷത്തോളം ഒരു കത്തോലിക്കാ മെത്രാനായി ഹോംസ് എന്ന കത്തോലിക്കു രൂപതയെ അദ്ദേഹം ഭരിച്ചുകൊണ്ടിരുന്നു. എന്നാൽ ദിയാർബെക്കർ അതിരൂപതയും ഒഴിവു വരുന്ന അവസരത്തിൽ പാത്രിയക്കാസിംഹാസനവും കൊടുക്കാമെന്നുള്ള ഏതാനും സഭാപ്രമുഖന്മാരുടെ വാഗ്ദാനമനുസരിച്ചു് 1905-ൽ വീണ്ടും അദ്ദേഹം യാക്കോബായ സഭയിൽ ചേർന്നു. ഒരു വർഷം കഴിഞ്ഞു് അബ്ദേദ്ദ്മശിഹാപാത്രിയക്കീസ് മർദ്ദീൻ സിംഹാസനത്തിൽ നിന്നും നിഷ്കാസിതനായി എന്നറിഞ്ഞു് പാത്രിയക്കാസ്ഥാനം ലഭിക്കുന്നതിനു വേണ്ടി പരിശ്രമിക്കയും തൽഫലമായി പ്രസ്തുത സിംഹാസനം കൈവശപ്പെടുത്തുന്നതിനു സാധിക്കയും ചെയ്തു. ഇതിലേക്കായി 500 പവനോളം അദ്ദേഹം കൈക്കൂലി കൊടുത്തു എന്നും ദ്രവ്യാഗ്രഹം മുതലായ ദുർഗ്ഗുണങ്ങളാൽ പാത്രിയക്കാസിംഹാസനത്തെ മലിനപ്പെടുത്തിയിരുന്നുവെന്നും മററും പല ചരിത്രകാരന്മാരും അദ്ദേഹത്തെപ്പററി പ്രസ്താവിച്ചിരിക്കുന്നു.

അബ്ദള്ളാബാവാ തുർക്കിസുൽത്താൻെറ ഫർമാനോടുകൂടെ പാത്രിയക്കിസായി തീന്നെങ്കിലും അബ്ദേദ്ദ്മിശിഹായുമായുള്ള ദ്വന്ദയുദ്ധം തുടൻുകൊണ്ടാണിരുന്നതു്. ഈ അവസരത്തിലത്രേ കേരളത്തിലേ

യാക്കോബായസഭയിൽ ഒരു കുഴപ്പമുണ്ടായതായി അബ്ദേദ്മിശിഹാ പാത്രിയക്കീസ് അറിഞ്ഞതു്. ഈ കുഴപ്പത്തിനു കാരണഭൂതൻ ഇവിടത്തെ യാക്കോബായ മെത്രാപ്പോലീത്താ ആയിരുന്ന വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് ആയിരുന്നു. അദ്ദേഹത്തിന്റെ ജീവചരിത്രസംഗ്രഹം ചുവടേ ചേർക്കുന്നു.

## വട്ടശ്ശേരിൽ
## മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ

മദ്ധ്യതിരുവിതാംകൂറിൽ മല്ലപ്പള്ളിൽ പുരാതനമായ വട്ടശ്ശേരിൽ കുടുംബത്തിൽ 1856-ൽ ഇദ്ദേഹം ഭൂജാതനായി. പതിനെട്ടാമത്തെ വയസ്സിൽ പത്രോസ് പാത്രിയർക്കീസിൽനിന്നും ശെമ്മാശുപട്ടവും, 1880-ൽ പരുമല മാർ ഗ്രീഗോറിയോസ് മെത്രാനിൽനിന്നും വൈദികപട്ടവും ഇദ്ദേഹം സ്വീകരിച്ചു. അനന്തരം പരുമലയും കോട്ടയത്തും വൈദികസിമ്മിനാരിമല്പാനായി ജോലി ചെയ്തുകൊണ്ടിരുന്നു. 1908-ൽ അന്ത്യോക്യായിലേക്കുപോകുകയും അബ്ദുള്ളാപാത്രിയർക്കീസിൽ നിന്നും മെത്രാഭിഷേകം സ്വീകരിക്കയും ചെയ്തു. കേരളത്തിലേ യാക്കോബായ സഭയെ അന്നു ഭരിച്ചുകൊണ്ടിരുന്ന പുലിക്കോട്ടു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ നിര്യാതനാകുകയാൽ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിനെ ഇവിടത്തെ യാക്കോബായ സഭയുടെ മെത്രാപ്പോലീത്താ ആയി അബ്ദുള്ളാ പാത്രിയക്കീസ് നിയമിച്ചു. പ്രസ്തുത വർഷത്തിൽത്തന്നെ അബ്ദുള്ളാ പാത്രിയക്കീസ് കേരളത്തിലെത്തുകയും കോട്ടയത്തുവച്ചു നടത്തിയ അസോസ്യേഷനിൽ വെച്ചു മലങ്കര യാക്കോബായ സഭയുടെ അധികാരം തനിക്കാണെന്നു സമ്മതിച്ചു് എല്ലാ മെത്രാന്മാരും ഇടവകക്കാരും ഉടമ്പടി നല്കണമെന്നാവശ്യപ്പെടുകയും ചെയ്തു. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും മററു സമുദായനേതാക്കന്മാരും ഇതിനു വൈമനസ്യം പ്രകടിപ്പിച്ചു. മെത്രാന്മാരെ വാഴിക്കുന്നതിനുള്ള അധികാരമല്ലാതെ ഇവിടത്തെ സഭയുടെ വകയായ സ്വത്തുക്കളിന്മേൽ പാത്രിയക്കിസിനധികാരമില്ലെന്നു് അവർ വാദിച്ചു. തന്മൂലം പാത്രിയക്കീസും മെത്രാപ്പോലീത്തായും തമ്മിൽ ശക്തിയായ മത്സരം നടന്നു. പാത്രിയക്കീസു് പല ഇടവകകളിലും സഞ്ചരിച്ചു് തന്റെ സ്വാധീനശക്തി ഉപയോഗിച്ചു ചില മെത്രാന്മാരിൽ നിന്നും ഇടവകകളിൽ നിന്നും തനിക്കനുകൂലമായ ഉടമ്പടി എഴുതി വാങ്ങി. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസും അനുയായികളും ഇതിനെ ശക്തിയായി പ്രതിഷേധി

ക്കുകയാൽ 1911-ൽ മാർ ദീവന്നാസ്യോസിനെ പാത്രിയക്കീസു മുടക്കുകയുണ്ടായി. ഉടൻതന്നെ മലങ്കര മെത്രാപ്പോലീത്തായായി മാർ ക്യറിലോസിനെ പാത്രിയക്കീസ് നിയമിച്ചു. അങ്ങനെ ബാവാ കക്ഷി, മെത്രാൻ കക്ഷി എന്നീ രണ്ടു കക്ഷികളായി യാക്കോബായ സഭ പിരിയുകയും ചെയ്തു.

## അബ്ദുദ്മിശിഹായുടെ ആഗമനം

അബ്ദുള്ളാ പാത്രിയക്കീസു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ മുടക്കിയെന്നും, തന്നിമിത്തം കേരളത്തിലേ യാക്കോബായ സഭയിൽ രണ്ടു കക്ഷികൾ ഉണ്ടായി എന്നും അബ്ദുദ്മിശിഹാ പാത്രിയക്കീസ് എങ്ങനെയോ അറിയുകയുണ്ടായി. ഇതിങ്കൽ അതീവ സന്തുഷ്ടനായിത്തീർന്ന അദ്ദേഹം മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ മുടക്ക് അസാധുവാണെന്നു പ്രഖ്യാപിച്ചുകൊണ്ടും പുതിയ കക്ഷിക്കു സകല അനുഗ്രഹങ്ങളും ആശംസിച്ചുകൊണ്ടുമുള്ള ഒരു കല്പന ഇവിടത്തെ മെത്രാൻ കക്ഷിക്കാർക്ക് അയച്ചുകൊടുത്തു. യാക്കോബായ സഭയിൽ നിന്നും ബഹിഷ്കൃതനായെങ്കിലും ഒരു പാത്രിയക്കീസിനെ തങ്ങളുടെ വശത്തുകിട്ടിയതിൽ സന്തുഷ്ടരായിത്തീർന്ന മെത്രാൻ കക്ഷികൾ അബ്ദുദ്മിശിഹായെ കേരളത്തിലേക്കു ക്ഷണിച്ചുകൊണ്ടുള്ള ഒരു കത്ത് അയച്ചു. അതനുസരിച്ച് 1912-ൽ അദ്ദേഹം ഇവിടെ എത്തുകയും മെത്രാൻ കക്ഷികൾ സാഘോഷം അദ്ദേഹത്തെ സ്വീകരിക്കയും ചെയ്തു. അദ്ദേഹം മാർ ഗ്രീഗോറിയോസ് (പരുമല) മാർ ഈവാനിയോസ് (കണ്ടനാട്ട്) മാർ പീലക്സിനോസ് (വാകത്താനം) എന്നീ മെത്രാന്മാരെ വാഴിക്കയുണ്ടായി. അനന്തരം നിരണത്തു വെച്ച് കണ്ടനാട്ടു ഇടവകയുടെ മാർ ഈവാനിയോസിനെ മലങ്കരയുടെ പ്രഥമ കാതോലിക്കായായി മാർ ബസ്സേലിയോസ് എന്ന പേരിൽ അവരോധിച്ചു. മലങ്കരയിൽ "കാതോലിക്കാ സ്ഥാപനം" എന്നേക്കും നിലനില്പുത്തക്കവിധം അധികാരപ്പെടുത്തിക്കൊണ്ടുള്ള ഒരു കല്പന മെത്രാൻകക്ഷിക്കു കൊടുക്കയും ചെയ്തു.

ഈ അവസരത്തിൽ പുരാതന ക്രൈസ്തവസഭയിലുണ്ടായിരുന്ന കാതോലിക്കാ സ്ഥാപനത്തെപ്പററി വായനക്കാർ ഗ്രഹിച്ചിരിക്കുന്നതു പ്രയോജനപ്രദമാകയാൽ കാതോലിക്കാ സിംഹാസനത്തിൻെറ ചരിത്രം ചുരുക്കമായി ചുവടേ ചേർത്തുകൊള്ളുന്നു.

## കാതോലിക്കാ സിംഹാസനചരിത്രം

കാതോലിക്കാ സിംഹാസനം ആദ്യമായി സ്ഥാപിതമായതു് പേർഷ്യയുടെ തലസ്ഥാനവും ചരിത്രപ്രാധാന്യമർഹിക്കുന്നതുമായ സെലൂഷ്യാ പട്ടണത്തിലായിരുന്നു. രണ്ടാം നൂററാണ്ടു വരെ പേർഷ്യൻ സഭയ്ക്കു മെത്രാന്മാരെ അയച്ചിരുന്നതു് അന്ത്യോക്യാ പാത്രിയർക്കീസായിരുന്നു. അന്ത്യോക്യാ അന്നു റോമൻ സാമ്രാജ്യത്തിലും സെലൂഷ്യാ പേർഷ്യൻ സാമ്രാജ്യത്തിലുമായിരുന്നു ഉൾപ്പെട്ടിരുന്നതു്. എന്നാൽ പ്രസ്തുത സാമ്രാജ്യങ്ങൾ തമ്മിലുള്ള മത്സരം വർദ്ധിച്ചപ്പോൾ സെലൂഷ്യയിലെ ക്രിസ്ത്യാനികൾക്കു് അന്ത്യോക്യായിൽ നിന്നു മെത്രാന്മാരെ ലഭിക്കുന്നതിനുള്ള വൈഷമ്യം നേരിട്ടു. ഈ വിഷമസ്ഥിതി പരിഹരിക്കുന്നതിനുവേണ്ടി യരുശ്ലേമിലെ പാത്രിയർക്കീസ് ക്രിസ്താബ്ദം 231-ൽ "കാതോലിക്കാ" എന്ന പേരിൽ ഒരു സ്ഥാനിയെ വാഴിക്കയും സെലൂഷ്യയിലെ മെത്രാന്മാരെ വാഴിക്കുന്നതിനുള്ള അധികാരം അദ്ദേഹത്തിനു നല്കുകയും ചെയ്തു. ഇപ്രകാരമാണു് ആദ്യമായി ക്രിസ്തീയ സഭയിൽ കാതോലിക്കാ സ്ഥാപനമുണ്ടായതു്. ക്രിസ്താബ്ദം 325-ൽ കൂടിയ നിഖ്യാ സുന്നഹദോസ് കാതോലിക്കായുടെ അധികാരത്തെ സ്ഥിരപ്പെടുത്തുകയും ചെയ്തു.

അഞ്ചാംനൂററാണ്ടിൻെറ അന്തിമഘട്ടത്തിൽ സെലൂഷ്യയിലെ കാതോലിക്കാസ്ഥാപനം നെസ്തോറിയൻ പാഷണ്ഡതയ്ക്കു് വിധേയമായിത്തീർന്നു. തന്മൂലം A. D. 629-ൽ തിഗ്രീസിൽവെച്ചുകൂടിയ ഒരു പ്രാദേശികസുന്നഹദോസു് കാതോലിക്കായുടെ തുല്യ അധികാരാവകാശത്തോടുകൂടെ "മപ്രിയാന" എന്ന പേരിൽ തെഗ്രീസിൽ ഒരാളെ അവരോധിച്ചു. തുടന്നു പതിമൂന്നാം നൂററാണ്ടുവരെ ഈ സ്ഥാപനം തിഗ്രിസിൽ നിലനിന്നിരുന്നു. മപ്രിയാൻമാരും പാത്രിയർക്കീസന്മാരും തമ്മിൽ പലപ്പോഴും അധികാരാവകാശങ്ങളെപ്പററി തക്കമുണ്ടാകയും പരസ്പരം കലഹിക്കുകയും മുടക്കുകയും ചെയ്തിട്ടുണ്ടു്. കാതോലിക്കാ സ്ഥാപനം പതിമൂന്നാംനൂററാണ്ടിൽ അസ്തംഗതമാകുന്നതിനുള്ള ഒരു പ്രധാനകാരണവും ഇതായിരുന്നു. ഇപ്രകാരം പതിമൂന്നാം നൂററാണ്ടിൽ തിഗ്രീസിൽ അസ്തംഗതമായ കാതോലിക്കാ സിംഹാസനം മലങ്കരയിൽ പുന:സ്ഥാപിക്കുന്നു എന്ന പേരിലാണു് അബ്ദുദ്മ്ശിഹായെക്കൊണ്ടു് ഇവിടെ പ്രഥമ കാതോലിക്കായെ ആരോഹണം ചെയ്യിച്ചതു്.

## കാതോലിക്കാ സ്ഥാപനാൎത്ഥമുള്ള അബ്ദേദ് മിശിഹായുടെ കല്പന

ഇവിടത്തെ മെത്രാൻകക്ഷിക്കാൎക്കു വേണ്ടി ഒരു കാതോലിക്കായെ വാഴിച്ചശേഷം പ്രസ്തുത സ്ഥാപനത്തെ നിലനിൎത്തിക്കൊണ്ടു് അബ്ദേദ്മിശിഹാ നല്കിയ കല്പനയിലെ ചില ഭാഗങ്ങൾ ചുവടേ ചേൎത്തുകൊള്ളുന്നു:—

സൎവ്വശക്തനായി സരാംശസമ്പൂൎണ്ണനായിരിക്കുന്ന ആദിയും അന്തവുമില്ലാത്ത നിത്യന്റെ നാമത്തിൽ (തനിക്കുസ്തുതി) അന്ത്യോക്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്റെ ബലഹീനനായ രണ്ടാമത്തെ അബ്ദേദമ്ശിഹായാകുന്ന ഈഗ്നാത്യോസ് പാത്രിയക്കീസ്........

............................................ ............

(മുദ്ര)

മിദിയാത്തിയിൽ നമ്മുടെ ബലഹീനതയുടെ അടുക്കൽ നിങ്ങളുടെ എഴുത്തുകൾ എത്തിയതു മുതൽ മലബാറിലെ നമ്മുടെ ആത്മീയ മക്കളുടെ ഇടയിലും പള്ളികളിലും അബ്ദുള്ളാ അഫൻഡി വിതച്ചിട്ടുള്ള കുഴപ്പത്തെപ്പററി നമുക്കു വളരെ ഖേദമുണ്ടായി. ദൈവികതീക്ഷ്ണത നമ്മെ നിർബന്ധിക്കയാൽ സൎവ്വശക്തനായ ദൈവത്തിൽ ശരണംവച്ചുകൊണ്ടു് നാമെഴുനേററ് നിങ്ങളുടെ അപേക്ഷപ്രകാരം ഉടനേ മലബാറിലേക്കു വരുന്നതിനു പുറപ്പെട്ടു. കരുണയുള്ളവനായ ദൈവം ഉപദ്രവം കൂടാതെയും വിരോധങ്ങൾ കൂടാതെയും വഴിയിൽ നമ്മെ നടത്തിയ സമാധാനത്തോടെ നിങ്ങളുടെ അടുക്കലേയ്ക്കു കൊണ്ടുവന്നു. നമ്മുടെ പരിശോധനയിൽ മലങ്കര മെത്രാപ്പോലീത്താ ആയ ദീവന്നാസ്യോസും അദ്ദേഹത്തോടു ചേൎന്നു നില്ക്കുന്ന എല്ലാവരും ശൊവ്വുള്ളവരാകുന്നു എന്നു നാം കണ്ടു. ഇവിടെ പരുമലസിമ്മനാരിയിൽ നാം യോഗം കൂടി നിങ്ങളുടെ ആവശ്യത്തെപ്പററിയും അബ്ദുള്ളാ അഫൻഡി ചെയ്തിട്ടുള്ള അകാനോനിക ക്രിയകളെപ്പററിയും നമുക്കു മനസ്സിലായി. മലബാറിലെ പരമാൎത്ഥികളായ ദൈവകുഞ്ഞാടുകളുടെ ഇടയിൽ ഉണ്ടായിട്ടുള്ള കലഹം നിമിത്തവും നമ്മുടെ ഹൃദയം ദുഃഖം കൊണ്ടു നിറഞ്ഞു. നമ്മുടെ ആത്മീയവാത്സല്യഭാജനങ്ങളേ, അവന്റെ ഈ ക്രിയകൾ ദൈവത്തിൽ നിന്നല്ല എന്നാലോ സാത്താനിൽ നിന്നത്രേ എന്നു നിങ്ങൾ അറിഞ്ഞുകൊൾവിൻ..........................

എന്നാൽ വലുതായ ദുഃഖത്തോടു നമ്മുടെ കത്താവേശുമശിഹായോടു് നാം അപേക്ഷിച്ചപ്പോൾ നിങ്ങളുടെ അപേക്ഷയും ആവശ്യവും നിവത്തിക്കുന്നതു നല്ലതാകുന്നു എന്നു് തന്റെ പരിശുദ്ധ റൂഹാമൂലം താൻ നമ്മെ അറിയിച്ചു. ഇതുനിമിത്തം ദൈവകൃപയാൽ നിങ്ങളുടെ അപേക്ഷപോലെ ബസ്സേലിയോസ്സ് എന്ന നാമത്തിൽ മപ്രിയാനായെ .... .... .... .... .... .... .... അതായതു് കാതോലിക്കായേയും മൂന്നു പുതിയ മെത്രാപ്പോലീത്താമാരേയും നാം വാഴിച്ചു. കാതോലിക്കായെ വാഴിക്കാതിരുന്നാൽ മലബാറിലെ നമ്മുടെ സഭ പലേ കാരണങ്ങൾനിമിത്തം വെടിപ്പിലും വിശുദ്ധിയിലും നിലനില്ക്കയില്ലെന്നു് നമുക്കു മനസ്സിലായി. എന്നാലിപ്പോൾ കത്താവിന്റെ ശക്തിയിൻവെടിപ്പിലും വിശുദ്ധിയിലും എന്നേക്കും അതു നില്ക്കുമെന്നും അന്ത്യോഖ്യായോടുള്ള സ്നേഹബന്ധത്തിന്റെ സംബന്ധത്തിൽ മുമ്പിലത്തേക്കാൾ അധികമായി അതു സ്ഥിരപ്പെട്ടുമെന്നും നാം അറിയുന്നു. ഇതാകുന്നു നമ്മുടെ ഹൃദയത്തിനു സന്തോഷവും. കണ്ടാലും ഇപ്പോൾ നമ്മുടെ മക്കളേ സമാധാനത്തോടെ വസിപ്പിൻ.......................

നിങ്ങളുടെ ഇടയന്മാർ........................അതായതു് കാതോലിക്കായും മെത്രാപ്പോലീത്തന്മാരും നിങ്ങൾക്കുള്ള സകല ആവശ്യങ്ങളും നിവത്തിക്കുമെന്നു ഞാൻ ശരണപ്പെടുന്നു. കാതോലിക്കാ മെത്രാപ്പോലീത്തന്മാരോടു കൂടെ നമ്മുടെ വി. പിതാക്കന്മാരുടെ കാനോനകൾക്കനുസരണമായി നിങ്ങൾക്കു മേല്പട്ടക്കാരെ വാഴിക്കയും വി. മൂറോൻ കൂദാശ ചെയ്കയും ചെയ്യും. കതോലിക്കാ ദിവംഗതനാകുമ്പോൾ അദ്ദേഹത്തിന്റെ സ്ഥാനത്തു് ഒരു കാതോലിക്കായെ വാഴിക്കുവാൻ നിങ്ങളുടെ മെത്രാപ്പോലീത്തന്മാക്കു് അധികാരവും അവകാശവുമുണ്ടു്. ഇതിൽനിന്നും അവരെ വിരോധിപ്പാൻ ഒരുത്തനും അധികാരമില്ല. എന്നാൽ സകലവും ക്രമമായും പതിവുപോലെയും മലങ്കര മെത്രാപ്പോലീത്തായാകുന്ന ദിവന്നാസ്യോസ് അദ്ധ്യക്ഷനായിരിക്കുന്ന കമ്മററിക്കാരുടെ ആലോചനയോടു കൂടിയും ചെയ്യണം. നിങ്ങളുടെ സ്നേഹത്തോടു നാം അപേക്ഷിക്കയും നമ്മുടെ കത്താവേശുമിശിഹായുടെ നാമത്തിൽ നാം ബുദ്ധി ഉപദേശിക്കയും ചെയ്യുന്നു. കാതോലിക്കായ്ക്കും ശ്ലീഹായ്ക്കുമടുത്തു് നമ്മുടെ വി. സഭ അതിന്മേൽ പണയപ്പെട്ടിരിക്കുന്നു എന്ന പത്രോസിന്നടുത്ത സത്യവിശ്വാസത്തിൽ നിന്നു് നിങ്ങൾ തളൎന്നുപോകയോ അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനവുമായുള്ള സ്നേഹബന്ധത്തിന്റെ സംബന്ധത്തിൽ നിന്നു് അപഹാരിയായ ഒരു

വൻെറ ന്യായമല്ലാത്ത ക്രിയകൾ നിമിത്തം നിങ്ങൾ വേർതിരിയുകയോ അരുതു് എന്നു നിങ്ങളുടെ സ്നേഹത്തോടു് നാം കല്പിക്കുന്നു........
..................................

1913-ാമാണ്ടു ശ്ബേത്തു (കുംഭം) 8-ാംനു-
പരുമല സിമ്മനാരിയിൽനിന്നു്.

പ്രസ്തുത കല്പന നല്കിയശേഷം അബ്ദേദുമിശിഹാ പാത്രിയക്കീസ് പരദേശത്തേക്കു മടങ്ങിപ്പോയി. അന്ത്യോക്യയിൽ എത്തിയ ശേഷം അദ്ദേഹം കത്തോലിക്കാ സഭയെ ആശ്ലേഷിച്ചു. അനന്തരം റോമിൽപ്പോയി മാപ്പാപ്പായെ സന്ദർശിച്ചു് അനുഗ്രഹാശിസ്സുകൾ പ്രാപിച്ചശേഷം അന്ത്യോഖ്യയിൽ മടങ്ങി എത്തി വാൎദ്ധക്യസഹജമായ രോഗം മൂലം 1915-ൽ നിര്യാണമടഞ്ഞു. കത്തോലിക്കാസഭയിൽനിന്നും നിയമപ്രകാരമുള്ള അന്ത്യകൂദാശകൾ സ്വീകരിച്ചു കത്തോലിക്കനായിത്തന്നെയായിരുന്ന അദ്ദേഹം ചരമം പ്രാപിച്ചതു്. പക്ഷേ, യാക്കോബ്യരായിരുന്ന അദ്ദേഹത്തിൻെറ ബന്ധുമിത്രാദികൾ മൃതശരീരം എടുത്തുകൊണ്ടുപോയി യാക്കോബായ ദൈവാലയത്തിൽ പാത്രിയക്കീസന്മാൎക്കുള്ള കബറിൽ സംസ്കരിക്കയാണുണ്ടായതു്.

അന്ത്യോഖ്യാ യാക്കോബായ സിംഹാസനത്തിൽ നിന്നും സ്ഥാനഭ്രഷ്ടനായ അബ്ദേദു മിശിഹാ കേരളത്തിൽ വന്നെത്തിയെന്നും ഇവിടെ മൂന്നു മെത്രാന്മാരെയും കാതോലിക്കായേയും തൻെറ അനുവാദം കൂടാതെ വാഴിച്ചു എന്നും കേട്ടപ്പോൾ അബ്ദുള്ളാപാത്രിയക്കീസ് ക്ഷുഭിതനായിത്തീൎന്നു. ഉടൻ തന്നെ ഇതിൽ സഹകരിച്ച സകലരേയും ശപിച്ചുകൊണ്ടും വാഴിച്ചവരും വാഴ്ച ഏററവരും സാക്ഷാൽ മേല്പട്ടസ്ഥാനം ഇല്ലാത്തവരായ വെറും അയ്മേനികളാണെന്നു കാണിച്ചുകൊണ്ടുമുള്ള കല്പനകൾ ഇവിടുത്തെ യാക്കോബായ മെത്രാന്മാൎക്കു് അയച്ചുകൊടുത്തു. ഇതോടുകൂടെ ബാവാ മെത്രാൻ കക്ഷികൾ—വിശ്വാസവിഷയങ്ങളിൽ വ്യത്യാസമില്ലെങ്കിലും—രണ്ടു പരമാധികാരികളുടെ കീഴിൽ ഇരുകൈവഴികളിൽക്കൂടെ പ്രയാണവും ആരംഭിച്ചു.

## വ്യവഹാരങ്ങൾ

അകത്തോലിക്കാ സഭകളിൽ അധികാരികളുടെ മുടക്കു മൂലം പുതിയ കക്ഷികൾ ഉണ്ടായിട്ടുള്ളപ്പോഴെല്ലാം സഭയിലേ സ്വത്തുക്കൾ

സംബന്ധിച്ചുള്ള വ്യവഹാരവും തുടന്നുണ്ടായിട്ടുണ്ടു്. യാക്കോബായ സഭയിലേ അനുഭവവും ഇതുതന്നെയായിരുന്നു. ബാവാ കക്ഷിയുടേയും മെത്രാൻ കക്ഷിയുടേയും ആവിർഭാവത്തോടുകൂടെ വട്ടിപ്പണക്കേസും സമുദായക്കേസും പ്രസ്തുതസഭയിൽ ആരംഭിച്ചു.

## വട്ടിപ്പണക്കേസ്

മലങ്കരയിലേ സുറിയാനിക്കാരുടെ ഇടയിലുള്ള പരോപകാര പ്രവൎത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടെയും പ്രതിവർഷം 8 ശതമാനം പലിശ വാങ്ങിക്കൊള്ളണമെന്നുള്ള വ്യവസ്ഥയിലും ബ്രിട്ടീഷ് ഗവമ്മേൻറ ബാങ്കിൽ 3000 പൂവരാഹൻ (10500 രൂപാ) സമുദായസ്നേഹികളായ ആരോ നിക്ഷേപിച്ചതത്രേ വട്ടിപ്പണം. ഈ സംഖ്യ ഇപ്രകാരം നിക്ഷേപിച്ചതു് ആരാണെന്നുള്ളതു് ഇന്നും ഒരു വിവാദവിഷയമായിട്ടാണു തീന്നിരിക്കുന്നതു്. ഇതെപ്പററി മൂന്നു വിധത്തിലുള്ള അഭിപ്രായങ്ങളാണു ചരിത്രകാരന്മാർ പുറപ്പെടുവിച്ചിരിക്കുന്നതു്.

1. സുറിയാനിക്കാരുടെ ഐക്യത്തിനും അഭിവൃദ്ധിക്കുംവേണ്ടി തച്ചിൽ മാത്തുത്തരകൻ എന്ന കത്തോലിക്കു് സമുദായനേതാവിൻെറ ആഗ്രഹപ്രകാരം അദ്ദേഹത്തിനു് ഈസ്റ്റിൻഡ്യാ കമ്പനിയിൽ നിന്നോ അഥവാ തിരുവിതാംകൂർ ഗവമ്മെൻറിൽ നിന്നോ കൊടുക്കുവാനുണ്ടായിരുന്ന കടത്തിൽനിന്നും ഒരംശം കർണ്ണൽ മെക്കാളി ബാങ്കിൽ നിക്ഷേപിച്ചതാണു് വട്ടിപ്പണമെന്നു് ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു.

2. യാക്കോബായസഭയിലെ വലിയ മാർ ദീവന്നാസ്യോസ്സ് മെത്രാപ്പോലീത്താ ബ്രി: റസിഡൻറിനു് കടമായി കൊടുത്തിരുന്ന സംഖ്യ സുറിയാനിക്കാരുടെ പേരിൽ അവരുടെ പ്രയോജനത്തിനായി ബാങ്കിൽ നിക്ഷേപിച്ചതാണു് വട്ടിപ്പണം എന്നാത്രേ വേറെ ചില ചരിത്രകാരന്മാർ വാദിക്കുന്നതു്.

3. സുറിയാനിക്കാരെ പ്രോട്ടസ്റ്റൻറ സഭയിലേക്കാകർഷിക്കുന്നതിനുവേണ്ടി മദ്രാസ്സ് ഗവമ്മെൻറിനെക്കൊണ്ടു കർണ്ണൽ മെക്കാളി ബാങ്കിൽ ഇടുവിപ്പിച്ചതാണു് ഈ സംഖ്യയെന്നു ചില ചരിത്രകാരന്മാർ വാദിക്കുന്നു.

ഇതിൻെറ സത്യാവസ്ഥ എങ്ങനെയായിരുന്നാലും പുത്തൻകൂർ സുറിയാനിക്കാൎക്കു് വട്ടിപ്പണം ഒരു കണ്ടകോടാലിയായിട്ടാണു പരിണമിച്ചതു് എന്നുള്ള വാസ്തവം തുറന്നുപറയാതിരിക്കാൻ നിവ്വാഹമില്ല.

1913-ൽ മാർ ദിവന്നാസ്യോസിൻെറ മുടക്കിനെ തുടൎന്നാണു് പ്രസിദ്ധമായ വട്ടിപ്പണക്കേസ് ആരംഭിച്ചതു്. വട്ടിപ്പണത്തിൻെറ പലിശ തങ്ങൾക്കാണു കിട്ടേണ്ടതെന്നുള്ള വാദം ഇരുകൂട്ടരും പുറപ്പെടുവിച്ചു. വ്യവഹാരത്തിൽ മാർ ദീവന്നാസ്യോസിനു് അനുകൂലമായി ഡിസ്ട്രിക്റ്റ് കോർട്ടിൽ വിധിയുണ്ടായി. തുടൎന്നു യാക്കോബായ മെത്രാപ്പോലീത്തായായ മാർ അത്താനാസ്യോസ് ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിച്ചു. ചീഫ് ജസ്റ്റീസ് വീരരാഘവയ്യങ്കാർ, ജസ്റ്റീസ് ചാറവ്ഫീൽഡ്, ജസ്റ്റീസ് പപ്പുപിള്ള എന്നിവരടങ്ങിയ ഫുൾബഞ്ചിൽ വാദം നടന്നു. അവസാനം മാർ ദിവന്നാസ്യോസിൻെറ മുടക്കു സാധുവാണെന്നും തന്മൂലം വട്ടിപ്പണപ്പലിശ കൈപ്പററുവാൻ അദ്ദേഹത്തിനു് അവകാശമില്ലെന്നും 1923-ൽ വിധി പ്രസ്താവിക്കപ്പെട്ടു. തുടൎന്നു മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ ഹൈക്കോടതി വിധി അസ്ഥിരപ്പെടുത്തുന്നതിനായി റിവ്യൂ ഹർജി സമപ്പിച്ചു. ചീഫ് ജസ്റ്റീസ് ചാറവ് ഫീൽഡ്, ജസ്റ്റീസ് തളിയത്തു്, ജസ്റ്റീസ് ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള എന്നിവരുടെ ബഞ്ചിലായിരുന്നു വാദം നടന്നതു്. അബ്ദുള്ളാ പാത്രിയക്കീസ് ദിവന്നാസ്യോസ് മെത്രാപ്പോലീത്തായെ നോട്ടീസു കൊടുത്തു വിസ്തരിച്ചു മുടക്കാഞ്ഞതിനാൽ പ്രസ്തുത മുടക്കു-സ്വാഭാവികനീതിക്കനുസൃതമല്ലെന്നുള്ള കാരണത്താൽ—അസാധുവാണെന്നു 1928-ൽ വിധിയുണ്ടായി. അങ്ങനെ അനേക വർഷക്കാലത്തേക്കു മുടങ്ങി കിടന്നിരുന്ന വട്ടിപ്പണത്തിൻെറ പലിശ മാർ ദീവന്നാസ്യോസ് പ്രസ്തുത വിധിയനുസരിച്ചു് ഒരുമിച്ചു വാങ്ങുകയും ചെയ്തു. ഇങ്ങനെ പതിനേഴു വർഷത്തെ സുദീർഘ വ്യവഹാരങ്ങൾക്കുശേഷം വട്ടിപ്പണക്കേസു പര്യവസാനിച്ചു. പിന്നീടു മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ മരണത്തെ തുടൎന്നു് പ്രസിദ്ധമായ സമുദായക്കേസ് ആരംഭിച്ചു.

## സമുദായക്കേസ്സ്

വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ നിൎയ്യാണശേഷം മെത്രാൻ കക്ഷികൾ കോട്ടയത്തുവെച്ചു് ഒരു അസോസ്യേഷൻ കൂടി മാർ ബസ്സേലിയോസ് കാതോലിക്കാ ബാവായെ

മലങ്കര മെത്രാപ്പോലീത്തയായി തെരഞ്ഞെടുത്തു. ഉടൻതന്നെ പാത്രിയക്കീസ് ഭാഗക്കാർ കരിങ്ങാച്ര പള്ളിയിൽവെച്ച് ഒരു യോഗം കൂട്ടുകയും മാർ അത്താനാസ്യോസിനെ മലങ്കര മെത്രാപ്പോലീത്താ ആയി തെരഞ്ഞെടുക്കുകയും ചെയ്തു. ഇതേ തുടന്ന് സമുദായക്കേസും ആരംഭിച്ചു. മാർ ദിവന്നാസ്യോസിൻെറ യഥാൎത്ഥ പിൻഗാമിയായ മലങ്കര മെത്രാപ്പോലീത്താ താനാണെന്നും, കാതോലിക്കോസും കൂട്ടരും യാക്കോബായ സഭയുടെ സ്വത്തുക്കൾ അനധികൃതമായി കൈവശപ്പെടുത്തിയിരിക്കയാണെന്നും, അവരിൽ നിന്നും അതു വിടത്തി കിട്ടണമെന്നും കാണിച്ചു യാക്കോബായ മെത്രാപ്പോലിത്താ ആയ മാർ അത്താനാസ്യോസ് 1938-ൽ കോട്ടയം ജില്ലാക്കോടതിയിൽ കേസ് ഫയലാക്കി. പ്രസ്തുത കേസു കേൾക്കുന്നതിന് സ്പെഷ്യൽ ജഡ്ജിയായി നിയമിതനായ ബി. കൃഷ്ണയ്യർ ഇരുഭാഗത്തേയും വാദം കേട്ടശേഷം 1943-ൽ മെത്രാൻ കക്ഷികൾക്കനുകൂലമായി വിധി പ്രസ്താവിച്ചു. മലങ്കരയിലേ കാതോലിക്കാ സ്ഥാപനം സാധുവാണെന്നും, സാക്ഷാൽ മലങ്കര മെത്രാപ്പോലീത്താ കാതോലിക്കായാണെന്നും, തന്മൂലം സഭാസ്വത്തുക്കൾ അദ്ദേഹത്തിൻെറ കൈവശമാണിരിക്കേണ്ടതെന്നുമായിരുന്നു വിധിയിൽ പ്രസ്താവിക്കപ്പെട്ടിരുന്നതു്.

മെത്രാൻ കക്ഷിയ്ക്കു് അനുകൂലമായി ജില്ലാക്കോടതിയിൽ ഉണ്ടായ വിധിയിന്മേൽ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ ഹൈക്കോടതിയിൽ അപ്പീൽ കൊടുത്തു. ചീഫ് ജസ്റ്റീസ് കൃഷ്ണസ്വാമി അയ്യർ, ജസ്റ്റിസ് നോക്സ്, ജസ്റ്റീസ് സത്യനേശൻ എന്നിവർ ചേന്ന ഫുൾബെഞ്ചിലാണ് വാദം കേട്ടതു്. പാത്രീയക്കീസ് കക്ഷിയ്ക്കനുകൂലമായി ഹൈക്കോർട്ടിൽ 1946-ൽ വിധിയുണ്ടായി. അബ്ദദ്മിശിഹാ പാത്രിയക്കീസ് നല്കിയിട്ടുള്ള പട്ടം സാധുവായിട്ടുള്ളതാണെങ്കിലും പാത്രിയക്കീസിൻെറ അനുവാദമോ സഹായമോ കൂടാതെ ഇപ്പോൾ വാഴിക്കപ്പെട്ടിരിക്കുന്ന കാതോലിക്കായുടേയോ മെത്രാപ്പോലിത്തായുടേയോ സ്ഥാനം ശരിയായിട്ടുള്ളതല്ലെന്നും, 1935-ൽ മെത്രാൻകക്ഷിക്കാർ ഒരു പുതിയ ഭരണഘടന പാസ്സാക്കിയതിനാൽ യാക്കോബായ സഭയിൽനിന്നും വ്യതിചലിച്ച പുതിയ കക്ഷികളാണെന്നും, തന്മൂലം സഭാസ്വത്തുക്കൾ കൈവശം വെച്ചുകൊണ്ടിരിക്കുവാൻ അവക്കവകാശമില്ലെന്നുമായിരുന്നു വിധിയുടെ സാരം.

തങ്ങൾക്കെതിരായി ഉണ്ടായ ഈ വിധി പുനഃപരിശോധന ചെയ്യണമെന്നു കാണിച്ചുകൊണ്ടു് കാതോലിക്കാ കക്ഷിക്കാർ ഹൈക്കോ

ടതിയിൽ ഒരു റിവ്യൂ ഹർജി സമപ്പിച്ചു. ചീഫ് ജസ്റ്റീസു കുഞ്ഞുരാമൻ, ജസ്റ്റിസ് പി. കെ. സുബ്രഹ്മണ്യയ്യർ, ജസ്റ്റീസ് ജോസഫ് വിതയത്തിൽ എന്നിവരുടെ ബഞ്ചിൽ വാദം നടന്നു. ഹൈക്കോടതിയുടെ മുൻവിധി സാധുവായിട്ടുള്ളതാണെന്നും, തൻനിമിത്തം സഭാസ്വത്തുക്കളുടെ അവകാശികരം പാത്രിയക്കീസ് കക്ഷികളാണെന്നും മെത്രാൻകക്ഷിക്കു് സ്വത്തുക്കളിന്മേൽ യാതൊരവകാശവുമില്ലെന്നും പ്രസ്താവിച്ചുകൊണ്ടും റിവ്യൂ ഹർജി തള്ളിക്കൊണ്ടുമുള്ള വിധി 1952-ൽ പ്രസ്താവിക്കപ്പെട്ടു. അതെത്തുടന്നു് മെത്രാൻകക്ഷികളുടെ കൈവശമുണ്ടായിരുന്ന ഓരോ പള്ളിയും സ്ഥാപനവും കൈവശപ്പെടുത്തുന്നതിനുവേണ്ടി പാത്രിയക്കീസ് കക്ഷികരം പ്രത്യേക വ്യവഹാരം ആരംഭിച്ചു. എന്നാൽ മെത്രാൻകക്ഷികരം സുപ്രീം കോടതിയിൽ അപ്പീൽ ബോധിപ്പിക്കയും, സുപ്രീം കോടതിയിൽ വാദം കേട്ടശേഷം ഹൈക്കോടതിയിൽ പുനർവിചാരണ നടത്തുന്നതിനായി 1954-ൽ അപ്പീൽ വിധി പ്രസ്താവിക്കുകയും ചെയ്തു. അങ്ങനെ സമുദായക്കേസ്സ് ഇരുകൂട്ടക്കും വീണ്ടും ഒരു "കീറാമുട്ടി" ആയിത്തീന്നിരിക്കുന്നു. പുനർവിചാരണയുടെ പരിണാമവും കണ്ടുതന്നെ അറിയേണ്ടതായിട്ടാണിരിക്കുന്നതു്. ഏതായാലും വട്ടിപ്പണക്കേസിനും സമുദായക്കേസിനും വേണ്ടി ലക്ഷക്കണക്കിനു് രൂപാ അനേകവഷങ്ങളായി വിനിയോഗിച്ചുകൊണ്ടിരുന്നതിനാൽ സാമ്പത്തികനിലയിൽ ഇരുകക്ഷികളും വളരെ ക്ഷീണിച്ച നിലയിലാണു് ഇപ്പോരം എത്തിച്ചേന്നിരിക്കുന്നതു്.

## മൂന്നു കാതോലിക്കാ സിംഹാസനസ്ഥർ

തിഗ്രീസിലെ കാതോലിക്കാ സിംഹാസനം മലങ്കരയിൽ പുനഃസ്ഥാപിക്കുന്നു എന്ന നിലയിൽ മെത്രാൻ കക്ഷികളുടെ നിർബന്ധപൂർവ്വകമായ പ്രേരണയനുസരിച്ചു് 1912-ൽ അബ്ദുദ്മിശിഹാ പാത്രിയർക്കീസ് കാതോലിക്കാ സിംഹാസനം ഇവിടെ സ്ഥാപിച്ച വിവരം മുകളിൽ പ്രതിപാദിച്ചിട്ടുണ്ടല്ലോ.

### പ്രഥമ കാതോലിക്കോസ്

കണ്ടനാട്ടു് ഇടവകയുടെ മാർ ഈവാനിയോസിനെ ആയിരുന്നു പ്രഥമ കാതോലിക്കാ ആയി "മാർ ബസ്സേലിയോസ്" എന്ന പേരിൽ നിരണത്തു വെച്ചു് അഭിഷേചിച്ചതു്. അതോടുകൂടെ കാതോലിക്കാ സ്ഥാപനം ഇവിടെ നിലനില്ക്കത്തക്കവിധമുള്ള ഒരു കല്പന

അബ്ദദുമ്ശിഹാ പാത്രിയക്കീസ് മെത്രാൻകക്ഷികൾക്കു കൊടുക്കുകയും ചെയ്തു. പ്രഥമ കാതോലിക്കാ ബാവായായിരുന്ന മാർ ബസ്സേലീയോസ് 1913-ൽ നിര്യാണമടയുകയും പാമ്പാക്കുട ചെറിയ പള്ളിയിൽ സംസ്ക്കരിക്കപ്പെടുകയും ചെയ്തു.

## ദ്വിതീയ കാതോലിക്കോസ്

അനന്തരം പന്ത്രണ്ടുകൊല്ലക്കാലത്തോളം എന്തുകാരണത്താലൊ കാതോലിക്കായെ വാഴിക്കയുണ്ടായില്ല. പിന്നീടു 1925-ൽ കോട്ടയം ഇടവകയുടെ മാർ പീലക്സിനോസിനെ ദ്വിതീയ കാതോലിക്കാ ആയി മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവരോധിച്ചു. മൂന്നു വർഷത്തെ ഭരണത്തിനുശേഷം ഒരു ശസ്ത്രക്രിയയ്ക്കു വിധേയനായി നെയ്യൂരിൽവെച്ചു് 1928-ൽ അദ്ദേഹം കാലധർമ്മം പ്രാപിക്കുകയും വാകത്താനത്തു പള്ളിയിൽ സംസ്ക്കരിക്കപ്പെടുകയും ചെയ്തു.

## ത്രിതീയ കാതോലിക്കോസ്

1928-ൽ മാർ ഗ്രിഗോറിയോസിനെ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ്, ബഥനിയുടെ മാർ ഈവാനിയോസ് എന്നിവർ ചേൎന്നു് കോട്ടയത്തു് മാർ ഏലിയാചാപ്പലിൽവെച്ചു് "മാർ ബസ്സേലിയോസ് തൃതീയൻ" എന്ന പേരിൽ കാതോലിക്കായായി അഭിഷേചിച്ചു. അബ്ദദ് മ്ശിഹാ പാത്രിയക്കീസ് കൊടുത്ത അധികാരപത്രമനുസരിച്ചു് മാർ ബസ്സേലിയോസ് തൃതീയൻ കാതോലിക്കാ കോട്ടയത്തുവച്ചു് 1932-ലും 1951-ലും ആഡംബരപൂൎവ്വം മൂറോൻകൂദാശ നടത്തുകയുണ്ടായി. അതുമെന്യേ, പാമ്പാടി മാർ ഗ്രിഗോറിയോസിനേയും, ബഥനിയുടെ മാർ തെയോഫീലോസിനേയും, പുത്തൻകാവു് മാർ പീലക്സിനോസിനെയും, മല്ലപ്പള്ളിയിൽ മാർ സേവേറിയോസിനേയും, മാവേലിക്കര മാർ ദിവന്നാസ്യോസിനേയും, ബഥനിയുടെ മാർ തേവോദോസ്യോസിനേയും മെത്രാന്മാരായി അഭിഷേചിക്കയും ചെയ്തു. കാതോലിക്കായുടേയും മെത്രാപ്പോലീത്തായുടേയും സ്ഥാനം വഹിച്ചുകൊണ്ടു് മലങ്കര ഓൎത്തഡോക്സ് സഭയെ മാർ ബസ്സേലിയോസ് തൃതീയൻ ഇപ്പോൾ ഭരിച്ചുകൊണ്ടിരിക്കുന്നു. വാൎദ്ധക്യംമൂലം ഭരണകാൎയ്യങ്ങളിൽ തന്നെ സഹായിക്കുന്നതിനായി മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായെ അദ്ദേഹം നിയമിച്ചിട്ടുണ്ടു്.

## "പതിനാറു സമാധാന പരിശ്രമങ്ങൾ"

യാക്കോബായസഭയിൽനിന്നും മെത്രാൻ കക്ഷി പിരിഞ്ഞതിനു ശേഷം ഇക്കഴിഞ്ഞ 40 വഷത്തിനകം ഇരുകക്ഷികളും തമ്മിൽ യോജിക്കുന്നതിനുള്ള നിരവധി പരിശ്രമങ്ങൾ ഒന്നിനു പുറമേ ഒന്നായി നടത്തപ്പെട്ടിട്ടുണ്ട്. എന്നാൽ അവയിലൊന്നുപോലും ഇതേവരെ സഫലമായി തീൎന്നിട്ടില്ലെന്നു തന്നെയല്ല, ഓരോ പരിശ്രമം കഴിയുമ്പോഴും ഇരുകക്ഷികളും പരസ്പരം കുററപ്പെടുത്തിക്കൊണ്ടു് മുമ്പിലത്തേക്കാൾ വിരോധപൂവ്വം വത്തിക്കയാണുണ്ടായിട്ടുള്ളതു്.

സമാധാന സംസ്ഥാപനാത്ഥം ഇതിനകം ഉദ്ദേശം പതിനാറു പരിശ്രമങ്ങൾ പ്രധാനമായി നടത്തപ്പെട്ടിട്ടുണ്ടു്. അവയോരോന്നും ചുവടേ ചേൎത്തുകൊള്ളുന്നു:—

(1) മെത്രാൻകക്ഷിയിലെ ഒരു മഹായോഗത്തിൽവെച്ചു് നിർദ്ദേശിക്കപ്പെട്ടതനുസരിച്ചു് പരേതനായ കുരുവിള എൻജിനീയർ, ഇലഞ്ഞിക്കൽ ജോൺ വക്കീൽ എന്നിവർ ഏതാനും രാജിവ്യവസ്ഥകൾ എഴുതിയുണ്ടാക്കുകയും പാത്രിയക്കീസ് കക്ഷിയിലെ പ്രതിനിധികളും തമ്മിൽ അതു സംബന്ധിച്ചുള്ള ചില കൂടിയാലോചനകൾ നടത്തുകയും ചെയ്തു.

(2) അബ്ദുള്ളാ പാത്രിയക്കീസു മലങ്കരയിൽ ഉണ്ടായിരുന്ന അവസരത്തിൽ സമാധാനാലോചനയ്ക്കായി മെത്രാൻകക്ഷിക്കാരുടെ ഒരു മഹായോഗം കൂടി ഏതാനും നിർദ്ദേശങ്ങളുമായി, ജോൺമാക്കിൽ, ഏ. ഫീലിപ്പോസ് എന്നിവരെ ഡെപ്യൂട്ടേഷനായി പാത്രിയക്കീസിനെ സന്ദശിച്ചു് വേണ്ട ആലോചന നടത്തുന്നതിനു വേണ്ടി അയക്കുകയുണ്ടായി.

(3) അബ്ദുള്ളാ പാത്രിയക്കീസ് കേരളത്തിൽനിന്നും മടങ്ങിപ്പോകുന്നതിന് ഒരാഴ്ച മുമ്പായി ആംഗ്ലിക്കൻ ബിഷപ്പു് ഡോ: ഗിൽ ആലുവായിൽ ചെന്നു് പാത്രിയക്കീസിനെ കാണുകയും രാജിയാലോചനയ്ക്കായി നിർബന്ധിക്കുകയും ചെയ്തു.

(4) തിരുവിതാംകൂർ ദിവാൻജിയായിരുന്ന രാജഗോപാലാചാരി ഇരുഭാഗത്തുമുള്ള പ്രതിനിധികളുമായി രാജിക്കുവേണ്ടി ചില ആലോചനകൾ നടത്തുകയുണ്ടായി.

(5) പരേതനായ കോനാട്ട് മല്പാനച്ചൻ പ്ലാൻററർ കൊച്ചുമ്മൽ അവർകളുടെ സഹായത്തോടുകൂടെ ആലുവായിൽവെച്ച് ഇരുകൂട്ടരേയും ഉൾപ്പെടുത്തി ഒരു മഹായോഗം നടത്തുകയും പ്രസ്തുത യോഗത്തിൻേറതായി ചില നിർദ്ദേശങ്ങൾ പാത്രിയക്കീസ് ബാവായിക്ക് സമർപ്പിക്കയും ചെയ്തു.

(6) വട്ടിപ്പണക്കേസിൽ പരാജയമടഞ്ഞപ്പോൾ വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ അന്ത്യോക്യായിലേക്ക് പോയി അഞ്ചുമാസത്തോളം അവിടെ താമസിച്ചുകൊണ്ടു് പാത്രിയക്കീസിനെ പലവട്ടം സന്ദർശിച്ചു സന്ധിപരിശ്രമങ്ങൾ നടത്തി.

(7) ഇൻഡ്യാ വൈസ്രോയി ആയിരുന്ന ഇർവിൻ പ്രഭു എഴുതി അയച്ചിരുന്നതനുസരിച്ച് രാജിക്കു ശ്രമിക്കുന്നതിനുവേണ്ടി പാത്രിയക്കീസ് ബാവാ ഇൻഡ്യയിലേക്ക് വരുകയും വൈസ്രോയിയുടെ പ്രതിനിധികളായ ബിഷപ്പ് ഗോറം ഇൻഡ്യയിലെ ആംഗ്ലേയ സഭയുടെ അദ്ധ്യക്ഷനായിരുന്ന വെസ്റ്റ്കോർട്ടും ഒന്നിച്ച് മദ്രാസ്സിൽവച്ചു് രാജിയാലോചന നടത്തുകയും ചെയ്തു.

(8) പരേതനായ പാലാമ്പടം മി. പി. ററി. തോമസ് അവർകളുടെ നേതൃത്വത്തിൽ ഇരുകൂട്ടരും യോജിച്ചു ചില സന്ധിനിർദ്ദേശങ്ങൾ എഴുതിയുണ്ടാക്കുകയും പ്രസ്തുത നിർദ്ദേശങ്ങളുമായി യൂലിയോസ് ബാവായേയും കാതോലിക്കാ ബാവായേയും സിറിയായിലേക്കു അയക്കുകയും ചെയ്തു. അനേകമാസങ്ങൾ അവർ അവിടെ താമസിച്ചുകൊണ്ടു് പാത്രിയക്കീസ് ബാവായുമായി സന്ധി ആലോചനകൾ നടത്തുകയുണ്ടായി.

(9) കൽക്കട്ടാ ഹൈക്കോർട്ട് ജഡ്ജിയായിരുന്ന ചാററർജി തിരുവിതാംകൂറിൽ താമസിച്ചുകൊണ്ടിരുന്ന കാലയളവിൽ യാക്കോബായ സഭയിലെ വ്യവഹാരങ്ങൾ അദ്ദേഹത്തിൻെറ മദ്ധ്യസ്ഥതയിൽ തീർക്കാൻ ശ്രമിക്കണമെന്നു് അന്നത്തെ വൈസ്രോയിയായിരുന്ന ലിൻലിത്ത്ഗോ പ്രഭു സർ. സി. പി. രാമസ്വാമി അയ്യരോട് ആവശ്യപ്പെട്ടിരുന്നു. അതു സംബന്ധിച്ചു് അക്കാലത്തു് ചില നടപടികൾ നടത്തുകയുണ്ടായിട്ടുണ്ടു്.

(10) തിരുവിതാംകൂർ ചീഫ് സെക്രട്ടറിയായിരുന്ന മി. കെ. ജോർജ്ജിൻെറ മദ്ധ്യസ്ഥതയിൽ തിരുവനന്തപുരത്തുവെച്ചു് ഏതാനും സന്ധിനിർദ്ദേശങ്ങൾ രൂപവത്കരിക്കയും അതു ഉടൻതന്നെ നടപ്പിൽ വരുത്തുന്നതിനായി ഒരു കമ്മററിയെ തെരഞ്ഞെടുക്കയും ചെയ്തു.

(11) പാത്രിയർക്കീസ് കക്ഷിയിലേയും മെത്രാൻകക്ഷിയിലേയും ഏതാനും മെത്രാന്മാർ ആലുവായിൽ കൂടി സമാധാന സംസ്ഥാപനാർത്ഥം ചില ആലോചനകൾ നടത്തുകയുണ്ടായി.

(12) പരേതനായ മി. കെ. സി. മാമ്മൻമാപ്പിളയും അദ്ദേഹത്തിൻെറ സഹോദരനായ മി. കെ. സി. ചാക്കോയും സന്ധി പരിശ്രമത്തിനായി പല സ്ഥലങ്ങളിലും പോയി പലരെയും സന്ദർശിക്കുകയും കഴിയുന്നത്ര പരിശ്രമങ്ങൾ നടത്തുകയും ചെയ്തു.

(13) കോട്ടയത്തുള്ള ഇരുകക്ഷികളിലെയും ഏതാനും യുവാക്കന്മാർ യോഗംകൂടി ചില നിർദ്ദേശങ്ങൾ എഴുതിയുണ്ടാക്കി മി. കെ. സി. മാമ്മൻ മാപ്പിളയുടെ സഹായത്തോടുകൂടി കഴിയുന്നത്ര പരിശ്രമിച്ചു.

(14) ഗ്രീസ്സിലെ പീററർ രാജകുമാരൻെറ സഹായവാഗ്ദാനത്താൽ പ്രേരിതരായി നിസ്വാർത്ഥരും ഊർജ്ജസ്വലരുമായ അനേകം യുവാക്കന്മാർ കോട്ടയം കേന്ദ്രമാക്കി "പീസ് ലീഗ്" എന്ന പേരിൽ ഒരു സംഘടനയുണ്ടാക്കിക്കൊണ്ടു പരിശ്രമം ആരംഭിച്ചു. സത്യാഗ്രഹ ഭീഷണിയോടു കൂടെയുള്ള പ്രസ്തുത യുവാക്കന്മാരുടെ നിർബന്ധപൂർവ്വകമായ പ്രേരണ നിമിത്തം ഇരുകക്ഷികളിലെയും മേലദ്ധ്യക്ഷന്മാർ ചിങ്ങവനത്തു് ഒരു വട്ടമേശ സമ്മേളനം കൂടുകയും, ഏതാനും വ്യവസ്ഥകൾ എഴുതിയുണ്ടാക്കി മെത്രാന്മാരെ കൊണ്ടെല്ലാം അതിൽ ഒപ്പിടുവിക്കുകയും ചെയ്തു.

(15) സുപ്രിംകോടതിയിലേ വിധി കഴിഞ്ഞ ഉടൻ തന്നെ പാത്രിയർക്കീസു് കക്ഷിയിലെ മെത്രാന്മാർ കാതോലിക്കാ ബാവായെയും മററു മെത്രാന്മാരെയും സന്ദർശിച്ചു് സന്ധിയാലോചനകൾ നടത്തി. അനന്തരം ഇരുകക്ഷികളിൽനിന്നും മെത്രാന്മാരും അയ്മേനി പ്രമുഖന്മാരും അടങ്ങിയ ഏതാനും പ്രതിനിധികൾ മണർകാടു, കോട്ടയം, ചിങ്ങവനം എന്നീ സ്ഥലങ്ങളിൽ വെച്ചു് സന്ധിയ്ക്കുവേണ്ടിയുള്ള ആലോചനകൾ ദ്രുതഗതിയിൽ നടത്തിക്കൊണ്ടിരുന്നു.

(16) പ്രസ്തുത പരിശ്രമവും പരാജയപ്പെട്ടപ്പോൾ പീസ് ലീഗുകാരുടെ ആഭിമുഖ്യത്തിൽ ഇരുകക്ഷികളിലേയും അയ്മേനി പ്രധാനികളെ ക്ഷണിച്ചുവരുത്തി കോട്ടയം സി. എം. എസ്സ്. കോളേജിൽ വെച്ചു ഒരു വട്ടമേശസമ്മേളനം നടത്തുകയുണ്ടായി. ഇരുകൂട്ടരും അഭിപ്രായൈക്യത്തിൽ വരാതെ ഏതാനും പ്രസംഗങ്ങൾക്കുശേഷം ആ സമ്മേളനവും പര്യവസാനിച്ചു. തുടന്നു പിസ്ലീഗുകാർ നിരാഹാരസത്യാഗ്രഹപരിപാടിയും മററും പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അതു പ്രയോഗത്തിൽ വരുന്ന കാര്യം കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു.

ഏവംവിധം തങ്ങളുടെ സഭയിൽ സമാധാനസംസ്ഥാപനാത്ഥം ഇത:പര്യന്തം നടത്തിയിട്ടുള്ള സകല പരിശ്രമങ്ങളും പരാജയത്തിൽ എത്തിച്ചേന്നിട്ടുള്ളതിന്റെ യഥാത്ഥകാരണം എന്തെന്നു ചിന്തിക്കുവാനുള്ള സന്മനസ്സും സന്നദ്ധതയും ഇവിടത്തെ യാക്കോബായ ഓർത്തഡോക്സു സഭകളിൽപ്പെട്ട സഹോദരങ്ങൾ പ്രകടിപ്പിക്കുമെന്നു വിശ്വസിക്കുന്നു. "ക്രിസ്തുവിന്റെ സമാധാനം" ക്രിസ്തുവിന്റെ സത്യൈകസഭയായ കത്തോലിക്കാസഭയിലല്ലാതെ അകത്തോലിക്കാസഭകളിൽ കൈവരുത്തുവാൻ സാദ്ധ്യമല്ലെന്നുള്ള പരമാത്ഥമത്രേ ഇവയെല്ലാം തെളിയിക്കുന്നതു്.

അദ്ധ്യായം 13

# മലങ്കര ഓർത്തഡോക്സ് സഭ

---

## വിശ്വാസവ്യതിയാനങ്ങൾ

വിശ്വാസവിഷയങ്ങളിൽ യാക്കോബായ സഭയും മലങ്കര ഓത്തഡോക്സ് സഭയും തമ്മിൽ കാര്യമായ വ്യത്യാസം ഇല്ലെന്നുള്ളതു പരമാത്ഥം തന്നെ. ക്രിസ്തുവിൻെറ ദ്വിസ്വഭാവം, ശുദ്ധീകരസ്ഥലാസ്തിത്വം, പരിശുദ്ധാത്മാവിൻെറ പുത്രനിൽനിന്ന കൂടെയുള്ള പുറപ്പാട്, ദൈവമാതാവിൻെറ അമലോത്ഭവം എന്നിവ എല്ലാം യാക്കോബായസഭയെപ്പോലെ തന്നെ ഓത്തഡോക്സ് സഭയും നിഷേധിക്കുന്നുണ്ട്. മററുള്ള പുരാതന വിശ്വാസങ്ങളെല്ലാം ഓത്തഡോക്സ്സഭ സ്വീകരിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഈ അടുത്ത കാലത്തു് മാത്തോമ്മാക്കാരും പ്രോട്ടസ്റ്റൻറുകാരുമായുണ്ടായ സമ്പക്കം നിമിത്തവും അന്ത്യോക്യാ പാത്രിയക്കീസിൽനിന്നും ലഭിച്ച മുടക്കു മൂലമുണ്ടായ വൈരാഗ്യം നിമിത്തവും വി. പത്രോസിൻെറ പരമാധികാരത്തെ നിഷേധിക്കുന്നതിനും, സ്വതന്ത്ര്യസഭാവാദത്തെ പിൻതാങ്ങുന്നതിനും ഇവർ സന്നദ്ധത പ്രകടിപ്പിച്ചു തുടങ്ങിയിട്ടുണ്ട്. വിശുദ്ധ കൂദാശകളെപ്പററിയുള്ള വിശ്വാസത്തിൽനിന്നും — സഭയായിട്ടല്ലെങ്കിലും — ഓർത്തഡോക്സ് സഭാംഗങ്ങളായ അയ്മേനികൾ ഈയിടെയായി വളരെ വ്യതിചലിച്ചുകൊണ്ടാണിരിക്കുന്നതു്.

1913-ൽ പ്രഥമ കാതോലിക്കായെ വാഴിച്ചശേഷം കാതോലിക്കാ സിംഹാസനം മലങ്കരയിൽ പുനഃസ്ഥാപിക്കുന്നതായുള്ള അധികാരപത്രം അബ്ദദ്ദ്മ്ശിഹാ പാത്രിയക്കീസ് നല്കിയ വിവരം കഴിഞ്ഞ അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. വി. പത്രോസ് ക്രിസ്തുസഭയുടെ പരമാധികാരിയാണെന്നും, തൻമൂലം അന്ത്യോക്യാസിംഹാസനത്തിൻെറ അധികാരത്തെ പരിത്യജിക്കരുതെന്നും മററും പ്രസ്തുത കല്പനയിൽ സുവിശദമായി അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇന്നത്തെ ഓത്തഡോക്സ് സഭാംഗങ്ങളാകട്ടെ അന്ത്യോക്യാ യാക്കോബായ പാത്രിയക്കീസിനോടും ഇവിടുത്തെ യാക്കോബായ സഭാംഗങ്ങ

ളോടുമുള്ള വിരോധം നിമിത്തം ഒരു സ്വതന്ത്ര സഭയെ സ്ഥാപിച്ചശേഷം വി. പത്രോസിൻെറ പരമാധികാരത്തെ പാടെ നിഷേധിക്കയും, സ്വതന്ത്രസഭാസ്ഥാപനം ശരിയാണെന്നു വാദിക്കയുമത്രേ ചെയ്യുന്നതു്. ആകയാൽ വി. പത്രോസിൻെറ പരമാധികാരത്തെക്കുറിച്ചും സ്വതന്ത്ര സഭാവാദത്തെപ്പററിയും ഇവിടെ അല്പമായി പ്രതിവാദിക്കുവാൻ ഉദ്ദേശിക്കുന്നു.

## വി. പത്രോസിൻെറ പരമാധികാരം

സഭാസ്ഥാപകനായ ക്രിസ്തു തൻെറ സഭയുടെ പരമാധികാരിയായി വി. പത്രോസിനെ നിയമിച്ചുവെന്നും, വി. പത്രോസിനു് ഇതര ശിഷ്യന്മാരെക്കാൾ കൂടുതൽ അധികാരങ്ങൾ അവിടുന്നു പ്രദാനംചെയ്തുവെന്നും കത്തോലിക്കാസഭയും യാക്കോബായസഭ, യൗനായസഭ ആദിയായ പുരാതന സഭകളും വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നുണ്ടു്. യാക്കോബായക്കാർ ഉപയോഗിക്കുന്ന കൂദാശക്രമങ്ങൾ നമസ്കാരക്രമങ്ങൾ ആദിയായവയിലെല്ലാം ഈ സത്യം സ്പഷ്ടമായി സമ്മതിച്ചുകൊണ്ടുള്ള നിരവധി രേഖകളുമുണ്ടു്. വി. പത്രോസ് തൻെറ സിംഹാസനം അന്ത്യോക്യയിലാണു സ്ഥാപിച്ചതെന്നും, അന്ത്യോക്യാ യാക്കോബായ പാത്രിയക്കീസന്മാർ വി. പത്രോസിൻെറ പിൻഗാമികളാണെന്നും, ആകയാൽ പൗരസ്ത്യരായ സകല ക്രൈസ്തവരും അവരുടെ പരമാധികാരത്തിനു കീഴ്‌വഴങ്ങണമെന്നുമത്രേ യാക്കോബായക്കാർ പഠിപ്പിക്കുന്നതു്. ഈ വിഷയത്തെപ്പററി 11-ാം അദ്ധ്യായത്തിൽ "അന്ത്യോക്യയും റോമായും" എന്ന ഉപവിഭാഗത്തിൽ സവിസ്തരം പ്രതിവാദിച്ചിട്ടുണ്ടല്ലോ. അന്ത്യോക്യാ യാക്കോബായ പാത്രിയക്കീസിനു് ഇവിടുത്തെ സഭയുടെ മേൽ പരമാധികാരമുണ്ടായിരുന്നു എന്നാണു കേരളത്തിലെ ഓർത്തഡോക്സ് സഭാംഗങ്ങൾ ഇതേവരെ പഠിപ്പിച്ചുകൊണ്ടിരുന്നതു്. എന്നാൽ പാത്രിയക്കീസിനാൽ സഭാബഹിഷ്കൃതരാകയും, ഒരു പുതിയ കക്ഷി ഉത്ഭവിക്കയും, കാതോലിക്കാസ്ഥാപനം ഉണ്ടാക്കുകയും ചെയ്തതിനുശേഷം മാത്രമാണു പ്രസ്തുത സഭാംഗങ്ങൾ യാക്കോബായ പാത്രിയക്കീസിൻെറ അധികാരത്തെ പാടേ നിഷേധിക്കുവാൻ തുടങ്ങിയതു്. തന്മൂലമാണു് അന്ത്യോക്യാ പാത്രിയക്കീസ് ആരുടെ പിൻഗാമിയാണെന്നു വാദിക്കുന്നുവോ ആ പത്രോസിൻെറ പരമാധികാരത്തെക്കൂടെയും നിഷേധിക്കുവാൻ ഇവർ സന്നദ്ധരായതു്. എന്നാൽ വി. പത്രോസിൻെറ പരമാധികാരത്തെ നിഷേധിക്കുവാൻ

വേദപുസ്തകമോ, പിതാക്കന്മാരുടെ സാക്ഷ്യങ്ങളോ, സാർവ്വത്രിക സുന്നഹദോസുകളുടെ നടപടികളോ സ്വീകരിക്കുന്ന ഒരുവനും സാധിക്കുന്നതല്ലെന്നുള്ളതു നിർവ്വിവാദമാണ്. ഓർത്തഡോക്സ് സഭാംഗങ്ങൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കൂദാശക്രമങ്ങളിലും പ്രാർത്ഥനക്രമങ്ങളിലും വി. പത്രോസിൻെറ പരമാധികാരം സുസ്പഷ്ടമായി രേഖപ്പെടുത്തിട്ടുണ്ട്.

## വേദപുസ്തക വാക്യങ്ങൾ

ക്രിസ്തു തൻെറ സഭയുടെ പരമാധികാരിയായും ശ്ലീഹന്മാരുടെ തലവനായും വി. പത്രോസിനെ തെരഞ്ഞെടുത്തുവെന്നു വേദപുസ്തകം സ്പഷ്ടമായി തെളിയിക്കുന്നു. തിരുസഭയുടെ അടിസ്ഥാനമായും (മത്തായി 16. 17—18) താക്കോൽകാരനായും (മത്തായി 16. 18) തൊഴുത്തിൻെറ ഇടയനായും (യോഹ. 21. 15—18) സഹോദരന്മാരെ ഉറപ്പിക്കുന്നവനായും (ലൂക്കോസ് 22. 32) കർത്താവ് വി. പത്രോസിനെ നിയമിക്കുന്നു. ശ്ലീഹന്മാരുടെ തലവനെന്ന നിലയിൽ വി. പത്രോസ് പ്രവർത്തിക്കുന്നതായും വേദപുസ്തകത്തിൽ പല ഭാഗങ്ങളിലും കാണുന്നു. (മർക്കോസ് 5. 7. മത്തായി 17. 23 ലൂക്കോസ് 6. 11—16 അപ്പ. പ്രവൃത്തി. 1. 13—15. 2. 14. 2. 37—38. 9. 32. 12. 5). മേലുദ്ധരിച്ച വേദവാക്യങ്ങൾ നിഷ്പക്ഷബുദ്ധ്യാ പാരായണം ചെയ്യുന്ന ഏവരും വി. പത്രോസിൻെറ പരമാധികാരം സമ്മതിക്കുക തന്നെ ചെയ്യുമെന്നുള്ളതിനു സംശയമില്ല.

## പിതാക്കന്മാരുടെ സാക്ഷ്യങ്ങൾ

പത്രോസിൻെറ പരമാധികാരത്തെ സ്ഥാപിച്ചുകൊണ്ട് ഒട്ടനേകം പുരാതന പിതാക്കന്മാർ തങ്ങളുടെ കൃതികളിൽ പ്രതിപാദിച്ചിട്ടുണ്ട്. അവയിൽ ചിലതുമാത്രം ചുവടേ ചേർത്തുകൊള്ളുന്നു:—

1. ഒറിജിൻ഻ഇപ്രകാരമാണ് എഴുതിയിരിക്കുന്നതു് "അദ്ദേഹം (വി. പത്രോസ്) ഉറപ്പുള്ള പാറയും, തിരുസഭയുടെ വലിയ അടിസ്ഥാനവും, ശ്ലീഹന്മാർ എല്ലാവരുടേയും പരമശ്രേഷ്ഠനും ആയിരുന്നു."

2. വി. അപ്രേം കർത്താവ് കല്പിക്കുന്നതായി എഴുതിയിരിക്കുന്നു.—"ശിമയോനേ...........നിന്നെ ഞാൻ വിശുദ്ധ സഭയുടെ അടിസ്ഥാനമാക്കി. നിന്നെ ഞാൻ പാറ എന്നുവിളിച്ചു. എന്തുകൊണ്ടെന്നാൽ സഭയെ മുഴുവനും നീ താങ്ങും."

3. നീസായിലെ വി. ഗ്രീഗോറിയോസിൻെറ സാക്ഷ്യം ഇപ്രകാരമാണ്:— "പത്രോസ് ശ്ലീഹാസംഘത്തിൽ പ്രമാണിയും, ശ്ലീഹന്മാരുടെ തലവനും, ദിവ്യരക്ഷകനാൽ സ്ഥാപിക്കപ്പെട്ട തിരുസഭയുടെ സ്ഥിരതയുള്ളതും ഉറപ്പുള്ളതുമായ പാറയുമാകുന്നു."

4. വി. അഗസ്തീനോസ്. "ശ്ലൈഹികതത്വത്തിൻെറ ആദ്ധ്യക്ഷം വഹിക്കുന്നവൻ, അനിതരസാധാരണമായ കൃപാവരത്താൽ ശ്ലീഹന്മാരുടെ ശ്രേഷ്ഠാദ്ധ്യക്ഷസ്ഥാനം മഹോന്നതമായി സ്വീകരിച്ചിരിക്കുന്നവൻ" എന്നാണ് വി. പത്രോസിനെപ്പററി എഴുതിയിരിക്കുന്നതു്.

5. വി. ക്രിസോസ്തമോസ് "ശ്ലീഹന്മാരുടെ തലവൻ, ക്രൈസ്തവസഭയിൽ അഗ്രഗണ്യൻ, ശ്ലൈഹിക സംഘത്തിൻെറ നേതാവു്, ശ്ലീഹന്മാരുടെ നേതാവു്" എന്നിപ്രകാരമെല്ലാമാണ് വി. പത്രോസിനെ വിളിച്ചിരിക്കുന്നതു്.

ഇതെപ്പററിയുള്ള വി. പിതാക്കന്മാരുടെ സാക്ഷ്യങ്ങൾ ഇനിയും നിരവധിയുണ്ടെങ്കിലും സ്ഥലദൌർല്ലഭ്യം നിമിത്തം അവയെല്ലാം ഉദ്ധരിക്കാതെ വിട്ടുകളയുന്നു.

## പ്രാർത്ഥനക്രമങ്ങൾ

ഓർത്തഡോക്സ് സഭ ഉപയോഗിക്കുന്ന കൂദാശക്രമങ്ങളിലും പ്രാർത്ഥനക്രമങ്ങളിലും പത്രോസിൻെറ പരമാധികാരത്തെപ്പററി എന്താണു പ്രസ്താവിച്ചിരിക്കുന്നതെന്നു് ഇനിയും പരിശോധിക്കാം.

1) കുർബാനക്രമത്തിൽ "അൽ ശിമയോൻ കീപ്പോ" എന്ന ഗീതത്തിൽ ഇപ്രകാരം കാണുന്നു:— "നമ്മുടെ കർത്താവു് തിരുസഭയെ ശിമയോൻ കീപ്പാമേൽ പണുതു. എഴുപത്തിരണ്ടു തൂണുകളിന്മേൽ അതിനെ ഉറപ്പിച്ചു." (വലിയ കുർബാനക്രമം പു. 146).

2) അൽത്താറ ഈത്തോ എന്നിത്യാദി ഗാനത്തിൽ കാണുന്നതു് ഇപ്രകാരമാണ്.—"തിരുസഭയെ നിൻെറ വാതുക്കൽ കാവൽക്കാർ നില്ക്കുന്നു. രാത്രിയിലും പകലും ദുഷ്ടനിൽനിന്നു് അതിനെ കാക്കുന്നു. ശിമയോനാണ് അതിൻെറ അടിസ്ഥാനം. പൌലൂസാണ് അതിൻെറ ശില്പി. യോഹന്നാൻ അതിൻെറ തോഴ്മാവും സഖാവുമാണ് (ശുബഹോ നമസ്കാരം പുറം 151).

3) നമസ്കാരക്രമത്തിൽ "മൃശേറിശേദാത്ക്കേതാ" ആദിയായ ഗീതത്തിൽ വി. പത്രോസിനെ മോശയോടു താരതമ്യപ്പെടുത്തിയിരിക്കുന്നു. "പഴയ നിയമത്തിന്റെ തലവൻ മോശയും പുതിയ നിയമത്തിന്റെ തലവൻ ശിമയോനുമാകുന്നു. മോശ സഭയിൻ കൂടാരത്തെ പണുതു. ശിമയോൻ തിരുസഭയെ പണുതു". (ശ്ഹീമ്മാ നമസ്കാര ക്രമം പുറം 116.)

4) മേല്പട്ട സ്ഥാനാഭിഷേക ക്രമത്തിൽ "വലിയവനും ഞങ്ങളുടെ രക്ഷിതാവുമായ യേശുമ്ശിഹാ മുഖാന്തിരം പൂർണ്ണ സത്യത്തെയും പൂർണ്ണതയുള്ളതും തികഞ്ഞതുമായ പ്രകാശത്തേയും അപ്പസ്തോല ശിരസ്സാകുന്ന ശിമയോനും തിരഞ്ഞെടുക്കപ്പെട്ട ശ്ലീഹന്മാർക്കും അവർ മുഖാന്തിരം ലോകാവസാനത്തോളം വി. സഭയ്ക്കുമുഴുവനും നീ ഭരമേല്പിച്ചു. (പുറം 34)

5) ശ്ഹീമാ നമസ്കാരത്തിൽ "അൽഹൊയ്കീപ്പോദ്ബസ് ശിമയോൻ" എന്ന ഗാനത്തിൽ ഇപ്രകാരം കാണുന്നു:—"ശിഷ്യന്മാരുടെ തലവനായ ശിമയോൻപാറമേൽ പണിയപ്പെട്ടിരിക്കുന്നതിനാൽ ഞാൻ ഭയപ്പെടുകയില്ല. ശപിക്കപ്പെട്ടവനായ നെസ്തോറിനോടു ഞാൻ യുദ്ധം ചെയ്തു. അവൻ വീണുപോകയാണ് ചെയ്തതു് (ശ്ഹീമ്മാ പുറം 434.)

ഏവംവിധം വേദപുസ്തകവും പിതാക്കന്മാരുടെ സാക്ഷ്യങ്ങളും കൂദാശക്രമങ്ങളും പ്രാർത്ഥനക്രമങ്ങളും വി. പത്രോസിന്റെ പരമാധികാരത്തെ സ്പഷ്ടമായി സമ്മതിച്ചിരിക്കുമ്പോൾ അവയെല്ലാം സ്വീകരിക്കേണ്ടവരും സ്വീകരിച്ചിരിക്കുന്നവരുമായ ഇന്നത്തെ ഓർത്തഡോക്സ് സഭാംഗങ്ങൾ വി. പത്രോസ് സഭയുടെ പരമാധികാരിയല്ലെന്നും ശ്ലീഹന്മാരുടെ തലവനല്ലെന്നും പഠിപ്പിക്കുന്നതിനു സന്നദ്ധത പ്രദർശിപ്പിക്കുന്നതു് വി. പത്രോസിന്റെ പിൻഗാമിയാണു താനെന്നു വാദിക്കുന്ന അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിനോടുള്ള വിരോധം കൊണ്ടുമാത്രമാണെന്നുള്ളതു സുസ്പഷ്ടമത്രേ.

## സ്വതന്ത്രസഭാവാദം

വി. പത്രോസിന്റെ പരമാധികാരത്തെ നിഷേധിക്കുന്നതു പോലെതന്നെ സ്വതന്ത്രസഭാവാദവും ഉന്നയിക്കുന്നതിനു് ഇവിടത്തെ ഓർത്തഡോക്സ് സഭാംഗങ്ങൾ സന്നദ്ധത പ്രദർശിപ്പിച്ചുതുടങ്ങിയതു് ഈ

അടുത്തകാലത്തു മാത്രമാണു്. പ്രോട്ടസ്റ്റൻറുകാരിൽ ഭൂരിപക്ഷവും ഇന്നാട്ടിലെ മാർത്തോമ്മാക്കാർ ഒന്നടങ്കവും തങ്ങളുടെ നിലയെ നീതീകരിക്കുന്നതിനുവേണ്ടി ഉന്നയിച്ചുകൊണ്ടിരിക്കുന്നഒരു വാദമുഖമാണിതു്. ഈ വാദത്തിൻെറ യുക്തിയുക്തതയെപ്പററി കുറഞ്ഞൊന്നു പരിശോധിക്കാം.

(1) ക്രിസ്തുലോകത്തിൽ ഒരു സഭയെ അല്ലാതെ പല സഭകളെ സ്ഥാപിച്ചതായി ഒരൊററ വാക്യമെങ്കിലും വേദപുസ്തകത്തിൽ നിന്നും ഉദ്ധരിക്കുവാൻ സാദ്ധ്യമല്ല. പരസ്പരവിപരീതങ്ങളായ വിശ്വാസങ്ങളോടുകൂടിയ വിവിധസഭകളെ സ്ഥാപിക്കുവാൻ സത്യസ്വരൂപനായ ക്രിസ്തുവിനു് സാദ്ധ്യമല്ലെന്നു യുക്തിയും തെളിയിക്കുന്നു. ക്രിസ്തു സ്ഥാപിച്ച ഏകസഭയുടെ ശാഖാസഭകളായിട്ടല്ലാതെ വിവിധസഭകളെ സ്ഥാപിക്കുന്നതിനു് അവിടുന്നു ശിഷ്യന്മാരോടാജ്ഞാപിച്ചിട്ടില്ല. ശിഷ്യന്മാർ അപ്രകാരം വിഭിന്നവിശ്വാസങ്ങളോടുകൂടിയ വിവിധസഭകളെ ലോകത്തിൽ സ്ഥാപിച്ചിട്ടുമില്ല. ആ സ്ഥിതിക്കു സ്വതന്ത്രസഭാവാദം ക്രിസ്തുവിൻെറ ഉദ്ദേശ്യത്തിനും കല്പനയ്ക്കും കടകവിരുദ്ധമാണെന്നു തെളിയുന്നു.

(2) തൻെറ സഭയുടെ പരമാധികാരിയായി വി. പത്രോസിനെ ക്രിസ്തു തെരഞ്ഞെടുത്തുവെന്നു മുകളിൽ പ്രതിപാദിച്ചിട്ടുണ്ടല്ലോ. നിഷ്പക്ഷവാദികളായ ഓർത്തഡോക്സു സഭാംഗങ്ങൾക്കു ഈ സത്യം നിഷേധിക്കുവാൻ നിവൃത്തിയുമില്ല. ഒരു പരമാധികാരിയുടെ കീഴിൽ ഒരു സഭയല്ലാതെ പല സ്വതന്ത്രസഭകൾ ഉണ്ടായിരിക്കുക സാദ്ധ്യമല്ല. വി: പത്രോസിൻെറ പരമാധികാരസ്ഥാനം നിലനില്ക്കുന്ന കാലത്തോളം സ്വതന്ത്ര സഭാവാദം സ്വീകരിക്കുവാൻ യഥാർത്ഥ ക്രൈസ്തവർക്കു് സാധിക്കുന്നതുമല്ല.

(3) ഇഷ്ടം പോലെ ഓരോ ദേശത്തിനും രാജ്യത്തിനുംവേണ്ടി ഓരോ സ്വതന്ത്രസഭയെ സ്ഥാപിച്ചുകൊള്ളുന്നതിനു ക്രിസ്തു ആജ്ഞാപിച്ചിരുന്നുവെങ്കിൽ ഇന്നു ലോകത്തിലുള്ള രാജ്യങ്ങളുടേയും ദേശങ്ങളുടേയും സംഖ്യയനുസരിച്ചു് പതിനായിരക്കണക്കിനു സ്വതന്ത്രസഭകൾ ലോകത്തിലുണ്ടാകുമായിരുന്നു. ഏവംവിധമുള്ള വിഭിന്ന വിഭാഗങ്ങൾ ക്രിസ്തീയ സഭയുടെ ബാഹ്യവും ആഭ്യന്തരവുമായ അഭിവൃദ്ധിക്കു പ്രതിബന്ധമായിത്തീരുമെന്നുള്ള ബോധം നിമിത്തമാണു സ്വതന്ത്ര സഭാവാദത്തെ പിൻ

താങ്ങുന്നതിന്ന് ഇന്നു ക്രൈസ്തവർ സന്നദ്ധരാകാത്തതു്. ആകയാൽ ബാഹ്യദൃഷ്ടിയിൽ കൂടെ പരിശോധിക്കുന്നാപക്ഷവും സ്വതന്ത്ര സഭാവാദം ശരിയല്ലെന്നു സിദ്ധിക്കുന്നു.

(4) സ്വതന്ത്ര സഭാവാദികളായ ഇന്നത്തെ രണ്ടുലക്ഷത്തിൽ പരം ഓർത്തഡോക്സുകാർ മലങ്കര മെത്രാപ്പോലീത്താ കൂടെയായ കാതോലിക്കാ ബാവായുടെ പരമാധികാരത്തിൻകീഴിൽ തിരുവിതാംകൂറിലും കൊച്ചിയിലുമായി നിവസിക്കുന്നു. തിരുവിതാംകൂറിലുള്ള ഓർത്തഡോക്സുകാർ ഒരു പരമാധികാരിയുടെ കീഴിൽ "ഒരു സഭയും, കൊച്ചിയിലുള്ള ഓർത്തഡോക്സുകാർ വേറൊരു പരമാധികാരിയുടെ കീഴിൽ വേറൊരു സഭയും സ്ഥാപിച്ചുകൊള്ളുന്നതിന്ന് ഓർത്തഡോക്സു സഭയിലേ ഇന്നത്തേ കാതോലിക്കാ ബാവായോ ഇതര മേലദ്ധ്യക്ഷന്മാരോ അനുവാദം നല്കുന്നതിനു സന്നദ്ധരാകുമോ? അപ്രകാരം തന്നെ തിരുവിതാംകൂറിലുള്ള സഭയെ തെക്കൻ തിരുവിതാംകൂർ സഭ, മദ്ധ്യ തിരുവിതാംകൂർ സഭ, വടക്കൻ തിരുവിതാംകൂർ സഭ എന്നിങ്ങനെ വിവിധാധികാരികളുടെ കീഴിലുള്ള മൂന്നു സ്വതന്ത്രസഭകളായി വിഭജിച്ചുകൊള്ളുവാൻ അവർ അനുവദിക്കുമോ? ഇല്ലെന്നുള്ളതു സ്പഷ്ടമായ കാര്യമാണ്. പ്രായോഗികമായി ഒരുകാലത്തും തങ്ങൾ സമ്മതിക്കാത്ത കാര്യം തങ്ങളുടെ ആധുനികനിലയെ നീതീകരിക്കുന്നതിനുവേണ്ടി ഉന്നയിക്കുന്നു എന്നുമാത്രമേ ഇതിൽനിന്നും അനുമാനിക്കാൻ നിവൃത്തിയുള്ളു. ഓർത്തഡോക്സുകാരുടെ സമാധാന വ്യവസ്ഥകൾ യാക്കോബായ പാത്രിയർക്കീസ് സ്വീകരിക്കുകയും അങ്ങനെ ഓർത്തഡോക്സു സഭയെ യാക്കോബായ സഭയിൽ ലയിപ്പിക്കയും ചെയ്തിരുന്നു എങ്കിൽ ഈദൃശ സ്വതന്ത്ര സഭാവാദം ഉന്നയിക്കുന്നതിനു പ്രസ്തുത സഭാംഗങ്ങൾ സന്നദ്ധത പ്രദർശിപ്പിക്കയില്ലായിരുന്നു എന്നുള്ളതു നിസ്സംശയമത്രേ.

## ആധുനികസ്ഥിതി

ഉദ്ദേശം 40 വർഷങ്ങളായി നടന്നുകൊണ്ടിരുന്ന വട്ടിപ്പണക്കേസ്സ്, സമുദായക്കേസ്സ്, ഏതാനും സ്ഥാപനങ്ങൾക്കും പള്ളികൾക്കും വേണ്ടിയുള്ള മററു കേസ്സുകൾ ആദിയായ നിരവധി വ്യവഹാരങ്ങളുടെ ഫലമായി ബാഹ്യമായ നിലയിൽ യാതൊരഭിവൃദ്ധിയും ഓർത്തഡോക്സ് സഭയ്ക്കുണ്ടായിട്ടില്ല. വേണ്ടത്ര വൈദികവിദ്യാഭ്യാസമോ പരിശീല

നമോ സിദ്ധിച്ചിട്ടില്ലാത്ത വൈദികന്മാരുടെ നിയന്ത്രണം മൂലം ആദ്ധ്യാത്മികമായും പുരോഗമിക്കുവാൻ പ്രസ്തുത സഭയ്ക്കു സാധിച്ചിട്ടില്ല. ബഥനിയുടെ മാർ ഈവാനിയോസ് തിരുമേനിയുടേയും മററും പുനരൈക്യാനന്തരം ഓർത്തഡോക്സ് സഭയിലെ വൈദികരിലും അയ്മേനികളിലും നിന്ന് ഒരു നല്ല സംഖ്യ കത്തോലിക്കാസഭയെ ആശ്ലേഷിച്ചതിനാൽ ജനസംഖ്യയിലും ഓർത്തഡോക്സ് സഭ വളരെ ക്ഷീണിച്ചുകഴിഞ്ഞിരിക്കുന്നു. മദ്ധ്യ തിരുവിതാംകൂറിൽ പല ദൈവാലയങ്ങളും സ്ഥാപനങ്ങളും ഇപ്പോൾ ഇവക്കുണ്ടെങ്കിലും അവയുടെ അവകാശം കേസ്സിൻെറ പരിണതഫലത്തെ ആശ്രയിച്ചാണു സ്ഥിതിചെയ്യുന്നതു്. സമുദായക്കേസ്സിൻെറ അവസാന വിധി പ്രതികൂലമായി ഭവിക്കുമെങ്കിൽ ബഹുഭൂരിപക്ഷം സ്ഥാപനങ്ങളും, അതോടുകൂടെ നിരവധി വൈദികന്മാരും, ജനങ്ങളും പ്രസ്തുത സഭയ്ക്കു് നഷ്ടിഭവിക്കും എന്നുള്ളതിനു സംശയമില്ല.

ഓർത്തഡോക്സ് സഭവകയായി 250-ൽപരം പള്ളികളും ഒരു കോളേജും (പത്തനംതിട്ട), 30 ഹൈസ്കൂളുകളും, 90 പ്രൈമറിസ്കൂളുകളും ഇപ്പോഴുണ്ടു്. വൈദികന്മാരുടെ സംഖ്യ 200-ൽപ്പരവും, ജനങ്ങൾ രണ്ടരലക്ഷവും ഉണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ആകെ പത്തു മെത്രാന്മാർ പ്രസ്തുത സഭയ്ക്കുണ്ടു്.

1. മലങ്കര മെത്രാപ്പോലീത്താക്കുടെ ആയ മാർ ബസ്സേലിയോസ് കാതോലിക്കാ. 2. തുമ്പമൺ (പത്തനംതിട്ട) ഇടവകയുടെ മാർ തീമേത്തിയോസ്. 3. കോട്ടയം ഇടവകയുടെ മാർ ഗ്രിഗോറിയോസ്. 4. കൊല്ലം ഇടവകയുടെ മാർ തെവോദോസ്യോസ്. 5. നിരണം ഇടവകയുടെ മാർ ദിവന്നാസ്യോസ്. 6. മാർ ഒസ്താത്തിയോസ് (വിദേശ മിഷ്യൻ). 7. മാർ ഈവാനിയോസ് (കോട്ടയം സഹായ മെത്രാൻ). 8. മാർ അത്തനാസ്യോസ് (വൈദിക സെമ്മനാരി പ്രിൻസിപ്പാൾ). 9. മാർ പിലക്സിനോസ് (തുമ്പമൺ സഹായമെത്രാൻ). 10. മാർ ക്കൂറിലോസ് (കൊല്ലം സഹായമെത്രാൻ) എന്നീ പത്തു മെത്രാന്മാരത്രേ പ്രസ്തുത സഭയെ ഇപ്പോൾ ഭരിച്ചുകൊണ്ടിരിക്കുന്നതു്.

മാർ ഒസ്താത്തിയോസ് മെത്രാൻെറ കീഴിൽ ചില സ്ഥലങ്ങളിലെല്ലാം പുറജാതികളുടെ ഇടയിൽ സുവിശേഷവേല നടത്തുന്നുണ്ടെ

ങ്കിലും ഓർത്തഡോക്സ് സഭയിലേ കോശസ്ഥിതിയും ആഭ്യന്തര കുഴപ്പങ്ങളും പ്രസ്തുത പ്രവർത്തനത്തിൻെറ പുരോഗതിക്കു് പ്രതിബന്ധമായി നിലകൊള്ളുന്നു. ഭാരതമെങ്ങും സുവിശേഷപ്രചരണം നടത്തുന്നതിനും അങ്ങനെ ഒരു "ഭാരതീയ സ്വതന്ത്രസഭ" രൂപവത്കരിക്കുന്നതിനും പ്രസ്തുത സഭാംഗങ്ങൾക്കു് ആഗ്രഹമുണ്ടെങ്കിലും അക്കാര്യം ഒരുകാലത്തും സാദ്ധ്യമാവുകയില്ലെന്നു പ്രസ്തുത സഭയുടെ ആധുനികസ്ഥിതി അറിയാവുന്നവർക്കു് സധൈര്യം പ്രസ്താവിക്കുന്നതിനു സാധിക്കും.

## ഓർത്തഡോക്സ് സഭയും കത്തോലിക്ക് പുനരൈക്യവും

### പുനരൈക്യപ്രസ്ഥാനാരംഭത്തിനു മുൻപു്

ബഥനിയുടെ മാർ ഈവാനിയോസ് തിരുമേനിയുടെയും മററും പുനരൈക്യത്തിനു മുൻപുതന്നെ ഓർത്തഡോക്സ് സഭയിൽനിന്നും ഒട്ടനേകം വൈദികന്മാരും ജനങ്ങളും ചങ്ങനാശേരി, കൊല്ലം എന്നീ രൂപതകളിൽ നടത്തിക്കൊണ്ടിരുന്ന വേദപ്രചരണത്തിൻെറ ഫലമായി കത്തോലിക്കാ സഭയെ അശ്ലേഷിച്ചിട്ടുണ്ടു്. ദിവംഗതനായ ചങ്ങനാശേരി രൂപതയുടെ മാർ ജയിംസ് കാളാശേരി തിരുമേനിയുടെ നേതൃത്വത്തിൽ റവ. ഫാദർ ഡോമിനിക്കു് തോട്ടാശേരി എം. എ, എൽ. ററി. അവർകൾ നടത്തിക്കൊണ്ടിരുന്ന മിഷ്യൻ വേലയുടെ ഫലമായി തിരുവല്ലാ, മല്ലപ്പള്ളി, കല്ലൂപ്പാറ, അയിരൂർ, കറിയന്നൂർ, മാരാമൺ, പുറമിററം ആദിയായ ഇരുപതോളം സ്ഥലങ്ങളിൽനിന്നും ഓർത്തഡോക്സ് സഭാംഗങ്ങളായ ഒട്ടനേകം വൈദികന്മാരും ജനങ്ങളും കത്തോലിക്കാ സഭയിലേയ്ക്കു പുനരൈക്യപ്പെട്ടിട്ടുണ്ടു്. പമ്പാനദിക്കു തെക്കുള്ള പ്രദേശങ്ങളിൽ കൊല്ലം രൂപതയുടെ ദിവംഗതനായ ഡാക്ടർ ബെൻസിഗർ തിരുമനസ്സിലേ നേതൃത്വത്തിൽ റവ. ഫാദർ പെരേരാ (പിന്നീടു് കോട്ടാർ ബിഷപ്പ്) അവർകളും ഏതാനും കർമ്മലീത്താ വൈദിക മിഷ്യനറിമാരും നടത്തിക്കൊണ്ടിരുന്ന വേദപ്രചരണത്തിൻെറ ഫലമായി പത്തനംതിട്ട, ഇലന്തൂർ, ചെങ്ങന്നൂർ, ചെറനാട്ടു്, പന്തളം, മാവേലിക്കര, ചാരുംമൂട്ടു്, അഞ്ചൽ, ആയൂർ ആദിയായ ഒട്ടനേകം സ്ഥലങ്ങളിൽനിന്നും ഓർത്തഡോക്സ് സഭാംഗങ്ങളായ പത്തു വൈദികന്മാരും 2000-ത്തോളം ജനങ്ങളും കത്തോലിക്കാസഭയെ അക്കാലത്തു് ആശ്ലേഷിക്കയുണ്ടായിട്ടുണ്ടു്.

## പുനരൈക്യാലോചനകൾ

വട്ടിപ്പണക്കേസിൽ പരാജയമടഞ്ഞ സന്ദർഭത്തിൽ കത്തോലിക്കാ സഭയോടു പുനരൈക്യപ്പെടണമെന്നു സഹൃദയരായ ചില കത്തോലിക്കർ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിയോട് അഭ്യർത്ഥിച്ചു. തൽഫലമായി യാക്കോബായ പാത്രിയക്കീസിനെ സന്ദർശിക്കുവാൻ 1925-ൽ അദ്ദേഹം അന്ത്യോക്യയിലേക്കു പോകുന്നവഴിക്ക് ബാഗ്ദാദിലെ കത്തോലിക്കാ സുറിയാനി മെത്രാനെ സന്ദർശിച്ചു പുനരൈക്യകാൎയ്യങ്ങളെപ്പററി സംസാരിക്കുകയുണ്ടായി. അന്ത്യോക്യായിൽനിന്നും മടങ്ങിവരുന്നവഴി അവിടെ വീണ്ടും കയറുവാൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും മാർ യൂലിയോസ് മെത്രാപ്പോലീത്താ കൂടെയുണ്ടായിരുന്നതിനാൽ അവിടെ കയറുവാൻ സാധിച്ചില്ല. കേരളത്തിൽ മടങ്ങിവന്നു കുറെക്കഴിഞ്ഞപ്പോൾ അന്ത്യോക്യാ കത്തോലിക്കാ സുറിയാനി പാത്രിയക്കീസായ അഫ്രേം റഹമാനിയിൽനിന്നും ഒരു കത്ത് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്കു ലഭിക്കുകയുണ്ടായി. ബാഗ്ദാദുവഴി പോയിട്ട് തന്നെ വന്നു കാണാത്തതിൽ സങ്കടമുണ്ട് എന്നും, മെത്രാൻ കക്ഷിയിൽപ്പെട്ട മേല്പട്ടക്കാരെ റീത്തോടും അധികാരത്തോടും കൂടെ കത്തോലിക്കാ സഭയിലേക്കു സ്വീകരിക്കുന്നതിനു വേണ്ടതെല്ലാം ചെയ്യുന്നതിനു താൻ സന്നദ്ധനാണെന്നും പ്രസ്തുത കത്തിൽ റഹമാനി പാത്രിയക്കീസ് എഴുതിയിരുന്നു. മെത്രാൻ കക്ഷിയിലെ മേലദ്ധ്യക്ഷന്മാരെ ഓരോരുത്തരായി മാർ ദിവന്നാസ്യോസ് തിരുമേനി പ്രസ്തുത കത്തു കാണിച്ചു. അതിനു മറുപടി എഴുതുവാൻ ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമേനിയെ ചുമതലപ്പെടുത്തിയതനുസരിച്ച് അദ്ദേഹം മറുപടിയുടെ നക്കൽ തയ്യാറാക്കുകയും വട്ടശ്ശേരിൽ തിരുമേനി പ്രസ്തുത കത്തു റഹമാനി പാത്രിയക്കീസിനു അയച്ചുകൊടുക്കുകയും ചെയ്തു. പുനരൈക്യത്തിനു തങ്ങൾ സന്നദ്ധരാണെങ്കിലും ജനങ്ങളോട് ആലോചിച്ചശേഷം വിവരം അറിയിക്കാമെന്നായിരുന്നു പ്രസ്തുത കത്തിൽ എഴുതിയിരുന്നത്. അതിനു റഹമാനി പാത്രിയക്കീസിൻെറ മറുപടി കിട്ടിയപ്പോൾ മിസ്റ്റർ ഇ. ജെ. ജോൺ വക്കീൽ, എം. എ. ചാക്കോ ആദിയായ ഏതാനും നേതാക്കന്മാരോടാലോചിച്ചശേഷം റോമായുമായി നേരിട്ട് എഴുത്തുകുത്തു നടത്തുന്നതാണ് ഇവിടുത്തെ ജനങ്ങൾ ഇഷ്ടപ്പെടുന്നതെന്ന് രണ്ടാമതും മറുപടി എഴുതി അയച്ചു. ഈ അവസരത്തിൽ അന്ത്യോക്യാ റീത്തുകാരായ കത്തോലിക്കർ ഉപയോഗിക്കുന്ന തക്സായും മററും വരുത്തി യാക്കോബായ തക്സായോട് ഒത്തുനോക്കി പരിശോധിച്ചുകൊണ്ടുമിരുന്നു.

# റോമായുമായി നടത്തിയ എഴുത്തുകുത്തുകൾ

റഹമാനി പാത്രിയർക്കീസിനെ അറിയിച്ചിരുന്നതുപോലെ റോമായുമായി നേരിട്ട് എഴുത്തുകുത്തുകൾ നടത്തുവാൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമേനി നിയുക്തനായി. കൊല്ലം രൂപതയിൽപ്പെട്ട റവ. ഫാദർ റബേരാ വഴിയായി പേരുവയ്ക്കാതെ റോമായുടെ നയം അറിയുവാൻ ഈവാനിയോസ് തിരുമേനി റോമായിലേക്ക് ഒരു മെമ്മോറാണ്ടവും തുടർന്ന് വേറൊരു മെമ്മോറാണ്ടവും അയച്ചുകൊടുത്തു. അതിനനുകൂലമായി റോമിൽനിന്ന് മറുപടിയും ലഭിച്ചു. മാർ ഈവാനിയോസ് തിരുമനസ്സുകൊണ്ട് ഉടൻതന്നെ മാർ ബസ്സേലിയോസ് ദ്വിതീയൻ കാതോലിക്കായുടേയും, കുണ്ടറ മാർ ഗ്രിഗോറിയോസ് മെത്രാന്റേയും, (ഇപ്പോഴത്തെ കാതോലിക്കാബാവാ) തന്റേയും പേർക്ക് വട്ടശ്ശേരിൽ മാർ ദിവാന്നാസ്യോസിന്റെ പരോക്ഷസമ്മതത്തോടുകൂടെ പുനരൈക്യം സ്ഥാപിച്ചുകിട്ടുവാൻ റോമിലേക്ക് ഒരു അപേക്ഷ അയച്ചു. * മറ്റുള്ളവർ നിശ്ചയിക്കുന്നതനുസരിച്ചു പുരാതനമായ ഏതെങ്കിലും ഒരു സഭയോടു യോജിക്കുവാൻ താൻ പരിപൂർണ്ണ സന്നദ്ധനാണെന്നു കാണിച്ചുകൊണ്ട് ഇപ്പോഴത്തെ മാർ ബസ്സേലിയോസ് കാതോലിക്കാബാവാ തിരുമനസ്സു (അന്നു കുണ്ടറ മെത്രാൻ) കൊണ്ട് സ്വന്തകൈപ്പടയിൽ ഒരെഴുത്ത് മാർ ഈവാനിയോസു തിരുമേനിയുടെ പേർക്ക് അയച്ചുകൊടുത്തു.

റോമിൽ നിന്നും നടത്തിയ അന്വേഷണങ്ങളുടെ ഫലമായി മെത്രാൻ കക്ഷിയുടെ പട്ടത്വം സാധുവാണെന്നു ബോധപ്പെടുകയും തന്മൂലം പ്രസ്തുത കക്ഷിയിൽപ്പെട്ട മെത്രാന്മാരെ ഭരണാധികാരത്തോടുകൂടെത്തന്നെ അന്ത്യോക്യൻറീത്തിൽ കത്തോലിക്കരായി സ്വീകരിക്കാമെന്നും, അവരെ ഓരോരുത്തരേയും നേരിട്ടുകണ്ട് അവരുടെ ഉത്തരമെന്തെന്ന് അറിയിക്കണമെന്നും കാണിച്ചുകൊണ്ടു ബഥനിയുടെ മാർ ഈവാനിയോസ് തിരുമേനിയുടെ പേർക്ക് റോമിൽനിന്നും കത്തയച്ചുകൊടുത്തു. അതിലെ താല്പര്യമനുസരിച്ചു മാർ ഈവാനിയോസ് തിരുമനസ്സുകൊണ്ട് മെത്രാന്മാരുടെ അഭിപ്രായം ആരാഞ്ഞു. ഈ അവസരത്തിൽ, " കേസ് ജയിച്ചുകഴിഞ്ഞല്ലോ " എന്നായിരുന്നു കാതോലിക്കാബാവായുടെ മറുപടി. "നമ്മുടെ പുറകേ വല്ലവരും വരുവാൻ

---

* ഈ അപേക്ഷയുടെ നക്കൽ എഴുതിയതു് പരേതനായ വാകത്താനം കാതോലിക്കാ ബാവായായിരുന്നു. അദ്ദേഹത്തിന്റെ കൈപ്പടയിലുള്ള ആ എഴുത്ത് ഈ ഗ്രന്ഥകർത്താവിന്റെ കൈവശം വന്നുചേർന്നിട്ടുണ്ട്.

തയ്യാറാകുമോ" എന്നായിരുന്നു വട്ടശ്ശേരിൽ തിരുമേനി മറുപടിപറഞ്ഞതു്. പരുമല സിമ്മനാരി മുതലായവ ഇട്ടുംവെച്ചു് പോകണമല്ലോ എന്നൊരു ആശങ്കയും അദ്ദേഹം പ്രദശിപ്പിക്കയുണ്ടായത്രേ. ഈ മറുപടിയിൽ നിരാശനായിത്തീന്ന മാർ ഈവാനിയോസ് തിരുമേനിയാകട്ടെ, "ചാകുമ്പോൾ ഇതൊക്കെ കൊണ്ടുപോകുമോ?" എന്നുപോലും തദവസരത്തിൽ സങ്കടപൂർവ്വം ചോദിക്കയുണ്ടായി. "പോവുകയാണെങ്കിൽ ഞാൻ ബാവാ കക്ഷിയിലേക്കേ പോവുകയുള്ളൂ" എന്നുള്ള ഉത്തരമായിരുന്നു പാമ്പാടിയുടെ മാർ ഗ്രീഗോറിയോസ് മെത്രാൻ നല്കിയതു്. മാർ തിയോഫീലോസ് തിരുമേനിയാകട്ടെ കത്തോലിക്കാ പുനരൈക്യത്തിനു് താൻ പരിപൂർണ്ണ സന്നദ്ധനാണെന്നുള്ള മറുപടിയും നല്കയുണ്ടായി.

ഈ സംഗതികളെല്ലാം കാണിച്ചുകൊണ്ടുള്ള വിശദമായ ഒരു കത്തു മാർ ഈവാനിയോസു തിരുമനസ്സുകൊണ്ടു് റോമിലേക്കയച്ചു. റോമിലേ അവസാന തീരുമാനം മാർപ്പാപ്പായുടെ ഇൻഡ്യയിലെ പ്രതിപുരുഷനായ എഡ്വേർഡ് മൂണി തിരുമനസ്സിലേക്കു ലഭിക്കയുണ്ടായി. അതിലെ ചില ഭാഗങ്ങൾ ചുവടേ ഉദ്ധരിച്ചുകൊള്ളുന്നു:—

## റോമിൽനിന്നും ലഭിച്ച കല്പന

"മെത്രാൻ കക്ഷിയിൽപ്പെട്ട കേരളീയയാക്കോബായ മെത്രാന്മാരായ ബഥനിയുടെ മെത്രാപ്പോലീത്താ അഭിവന്ദ്യ മാർ ഈവാനിയോസും സഹായമെത്രാനായ മാർ തേയോഫീലോസും കത്തോലിക്കാ സഭയോടു പുനരൈക്യപ്പെടുവാൻ പ്രദർശിപ്പിച്ച ആഗ്രഹം ഈ വിശുദ്ധ സംഘത്തിൽപ്പെട്ട അത്യുന്നത കർദ്ദിനാളന്മാർ ഈ ജൂലൈ (1930) നാലാം തീയതി നടന്ന പൂർണ്ണസമ്മേളനത്തിൽ പരിശോധനക്കെടുത്തു. മെത്രാൻ കക്ഷിയിൽപ്പെട്ട അഞ്ചുമെത്രാന്മാരിലെരാളും 1929 നവംബറിൽ അപേക്ഷ തയാറാക്കിയ ദേഹവും ആയ മാർ ഈവാനിയോസു മററു രണ്ടുമെത്രാന്മാരുടേയും തന്റേയും പേക്കു് അന്നു പ്രകാശിപ്പിച്ച ആഗ്രഹത്തിൽ വിശ്വസ്ഥനായി നിലനില്ക്കുന്നു എന്നുള്ള സംഗതിയും, മാർ ഈവാനിയോസും അപ്രകാരം തന്നെ അദ്ദേഹത്തിൻെറ സഹായമെത്രാൻ മാർ തേയോഫീലോസും ഇവിടെ ലഭിച്ചിട്ടുള്ള അറിവുകൾ ക്കനുസൃതമായി യോഗ്യന്മാരും, നിസ്സ്വാത്ഥരും, നിഷ്ക്കളങ്കരും, പൊതുജനസമ്മതന്മാരും ആണെന്നുള്ള സംഗതിയും പരിഗണിച്ചുകൊണ്ടു്

........ ..............അവരെ കത്തോലിക്കാസഭയിൽ സ്വീകരിക്കണമെന്നു തീരുമാനിച്ചിരിക്കുന്നു. അന്ത്യോക്യാസ്സുറിയാനിറീത്തു് അവരുടെ ഇടയിൽ പരിപാലിക്കപ്പെട്ടമെന്നു് ഉറപ്പു നൽകുന്നു........................ ........................രണ്ടു മെത്രാന്മാരും അവരുടെ ഉദ്യോഗത്തിലും അധികാരത്തിലും സ്വീകരിക്കപ്പെട്ടമെന്നും ഉറപ്പു നൽകുന്നു................ ..............................ആളിന്നടുത്ത സ്ഥാനമായി ആർച്ചുബിഷപ്പു് മെത്രാപ്പോലീത്താ എന്ന സംജ്ഞയോടെ മാർ ഈവാനിയോസു ബഥനിമെത്രാനും മാർ തേയോഫീലോസ് തിരുവല്ലാമെത്രാനുമായി കരുതപ്പെട്ടും.

ബഥനി ആർച്ചുബിഷപ്പും തിരുവല്ലാമെത്രാനും തൽക്കാലസാഹചര്യങ്ങളിൽ അന്ത്യോക്യാ കത്തോലിക്കാ സുറിയാനി പാത്രിയർക്കീസിനെ ആശ്രയിക്കാതെ തിരുസിംഹാസനത്തിനു നേരിട്ടു കീഴ്പ്പെട്ടിരിക്കും.............. ................... ............................... അന്ത്യോക്യൻ റീത്തുകാരായ സീറോ മലബാർ കത്തോലിക്കരെന്നോ, സീറോ-അന്ത്യോക്യൻ റീത്തുകാരായ മലബാർ കത്തോലിക്കരെന്നോ, മലബാർ അന്ത്യോക്യൻ അഥവാ സിറോ മലബാർ അന്ത്യോക്യൻ സഭാംഗങ്ങളെന്നോ പുനരൈക്യപ്പെട്ടുന്നവർ വിളിക്കപ്പെട്ടും. കല്ദായറീത്തുകാരായ മലബാർ കത്തോലിക്കരിൽ നിന്നും ഈ വിധത്തിൽ അവരെ തിരിച്ചറിയാവുന്നതാണു്.........ഡലിഗേററപ്പോസ്തോലിക്കാ നേരിട്ടോ, ബൻസിഗർ മെത്രാൻ വഴിയോ, അല്ലെങ്കിൽ വേറെ ആരെങ്കിലും വഴിയോ പുനരൈക്യപ്പെട്ടുന്ന മെത്രാന്മാരെ സഭാശിക്ഷയിൽ നിന്നും വിമോചിക്കയും പുനരൈക്യപ്പെട്ടുന്ന വൈദികരേയും ജനങ്ങളേയും കൊണ്ടു ശരിയെന്നു തോന്നുന്ന രീതിയിൽ വിശ്വാസപ്രതിജ്ഞ ചെയ്യിക്കയും വേണം...............(The Apostolic delegation of the East Indies prot. No. 2035/30)

## കൊല്ലത്തുവെച്ചു നടന്ന പുനരൈക്യം

റോമിൽ നിന്നും കിട്ടിയ കല്പനയിലേ താല്പര്യമനുസരിച്ചു മാർ ഈവാനിയോസ് തിരുമേനിയേയും മാർ തേയോഫീലോസ് തിരുമേനിയേയും മററും കത്തോലിക്കാസഭയിലേക്കു് സ്വീകരിക്കുവാൻ കൊല്ലം മെത്രാൻ ഡോക്ടർ ബൻസിഗർ തിരുമനസ്സുകൊണ്ടു നിയുക്തനായി. അങ്ങനെ കൊല്ലം മെത്രാസന അരമന ചാപ്പലിൽവച്ചു്

1930 സെപ്റ്റംബർ 20-ാംനു- ശനിയാഴ്ച ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും മാർ തേയോഫീലോസ് മെത്രാനും ഡാക്ടർ ബൻസിഗർ തിരുമേനിയുടെ മുമ്പാകെ വിശ്വാസപ്രതിജ്ഞചെയ്തു കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ടു. തദവസരത്തിൽ ചങ്ങനാശേരിയുടെ മെത്രാൻ മാർ ജയിംസ് കാളാശേരി തിരുമനസ്സുകൊണ്ടും കോട്ടാർ മെത്രാൻ ലോറൻസ് പെരേരാ തിരുമനസ്സുകൊണ്ടും സന്നിഹിതരായിരുന്നു. കത്തോലിക്കാ സഭയോടു പുനരൈക്യപ്പെട്ട അഭിവന്ദ്യ തിരുമേനിമാരൊന്നിച്ച് പിന്നീടു പുനരൈക്യപ്പെടുവാനിരുന്ന വൈദികന്മാരുടെ പ്രതിനിധിയായി റവ. ഫാദർ ജോൺ O. I. C. അവർകളും ശെമ്മാശന്മാരുടെ പ്രതിനിധിയായി അലക്സിയോസ് ശെമ്മാശൻ അവർകളും (ഇപ്പോൾ ഫാദർ സെറാഫിയോൻ ഒ. ഐ. സി.) അയ്മേനികളുടെ പ്രതിനിധിയായി കിളീരേത്ത് ചാക്കോ (തിരുവല്ലാ) അവർകളും കത്തോലിക്കാസഭയെ ആശ്ലേഷിച്ചു.

തുടർന്ന് പുലിക്കോട്ടു യൗസേപ്പു റമ്പാനും, ചേപ്പാട്ടു പീലിപ്പോസ് റമ്പാനും, ബഥനിയിലേ സന്യാസസമൂഹത്തിൽപ്പെട്ട വൈദികന്മാരിലും, സഹോദരന്മാരിലും ബഹുഭൂരിപക്ഷവും, കന്യാസ്ത്രീകളെല്ലാവരും, അയ്മേനികൾ ആയിരക്കണക്കിനും കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ടു. അങ്ങനെ മൂന്നു ശതവർഷങ്ങളായി കേരളത്തിലെ ക്രൈസ്തവർ ഒന്നടങ്കം ആഗ്രഹിച്ചുകൊണ്ടിരുന്ന ആ മഹാകാര്യം "പുനരൈക്യപ്രസ്ഥാന"മെന്ന പേരിൽ രൂപം പ്രാപിക്കയും ചെയ്തു. ഇതെപ്പറ്റിയുള്ള വിശദവിവരങ്ങൾ അടുത്ത ഒരു അദ്ധ്യായത്തിൽ സുദീർഘമായി പ്രതിപാദിക്കുന്നതാണ്. ഇതിനകം കേരളത്തിൽ കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ടിട്ടുള്ള അയ്മേനികളിലും, വൈദികരിലും, മെത്രാന്മാരിലും ബഹുഭൂരിപക്ഷവും ഓർത്തഡോക്സു സഭയിൽ നിന്നുമാണെന്നുള്ള വാസ്തവം ഇവിടെ പ്രത്യേകം പ്രസ്താവ്യമത്രേ.

അദ്ധ്യായം 14

# നെസ്തോറിയൻ സഭ

## ഒരു പുരാതന സമൂഹം

വിശ്വാസവൈപരീത്യം നിമിത്തം സാർവ്വത്രിക സുന്നഹദോസുകൾ മുഖേന സത്യസഭയിൽ നിന്നും മുടക്കപ്പെട്ടിട്ടുള്ളതിനാൽ സ്ഥാപിക്കപ്പെട്ടവയും ഇന്നുവരെ നിലനില്ക്കുന്നവയുമായ സഭകളിൽ ഏററം പുരാതനമായ സഭയത്രേ നെസ്തോറിയൻ സഭ. സത്യവിശ്വാസത്തിനെതിരായി പഠിപ്പിക്കുന്നവർ ആരായിരുന്നാലും അവരെ സഭയിൽനിന്നും ബഹിഷ്കരിക്കയും യഥാർത്ഥവിശ്വാസം പരസ്യമായി പ്രഖ്യാപിക്കയും ചെയ്യുന്നതിന് വേണ്ടിയായിരുന്നു ക്രൈസ്തവസഭയിൽ സാർവ്വത്രിക സുന്നഹദോസുകൾ നടത്തപ്പെട്ടിട്ടുള്ളത്. ക്രിസ്തുവിന്റെ ദൈവത്വം നിഷേധിച്ച ആരിയോസിനെ ക്രിസ്താബ്ദം 325-ൽ കൂടിയ നിഖ്യാസുന്നഹദോസു സഭയിൽ നിന്നും ബഹിഷ്ക്കരിച്ചു. പരിശുദ്ധാത്മാവിന്റെ ദൈവത്വം നിഷേധിച്ച മക്കദോനിയസ് കുസ്തന്തിനോപോലീസിൽ വച്ച് ക്രിസ്താബ്ദം 381-ൽ കൂടിയ സാർവ്വത്രിക സുന്നഹദോസിനാൽ സഭാബഹിഷ്കൃതനായിത്തീർന്നു. ഏവംവിധം സഭയിൽനിന്നും നിഷ്കാസിതരായിത്തീർന്ന ആരിയോസും മക്കദോനിയോസും തങ്ങളുടെ അബദ്ധപഠനത്തെ പ്രചരിപ്പിക്കുന്നതിനു ശ്രമിക്കയും ഏതാനും അനുയായികളോടുകൂടെ ഓരോ പുതിയ സംഘടന സ്ഥാപിക്കയും ചെയ്തു. പക്ഷേ, ഇവരുടെ പരിശ്രമഫലമായി ഉണ്ടായ ആരിയൻ ഇടത്തൂട്ടം, മക്കദൂനിയൻ ഇടത്തൂട്ടം അവയുടെ നാമം മാത്രം ഭൂമുഖത്ത് അവശേഷിപ്പിച്ച ശേഷം എന്നന്നേക്കുമായി ലോകരംഗത്തുനിന്നും തിരോധാനം ചെയ്കയാണുണ്ടായത്. എന്നാൽ ക്രിസ്താബ്ദം 431-ൽ എഫേസോസിൽ കൂടിയ മൂന്നാമത്തെ സാർവ്വത്രിക സുന്നഹദോസിനാൽ സഭാബഹിഷ്കൃതനായ നെസ്തോറിനാൽ സംഘടിതമായ നെസ്തോറിയൻ സഭയാകട്ടെ നാമമാത്രമായിട്ടെങ്കിലും ഇന്നും ഭൂമുഖത്ത് അവശേഷിച്ചിട്ടുണ്ട്.

## നെസ്തോറിയൻ സഭാസ്ഥാപകൻ

കുന്തസ്തീനോപോലീസിലെ മെത്രാനും എഫേസോസ് സുന്നഹദോസിനാൽ ബഹിഷ്കൃതനുമായ നെസ്തോറായിരുന്നു നെസ്തോറിയൻ

സഭയുടെ സ്ഥാപകൻ. സിറിയാ രാജ്യത്തു് ഭൂജാതം ചെയ്ത ഇദ്ദേഹം അന്ത്യോക്യയിൽ വിദ്യാഭ്യാസം നടത്തുകയും അനന്തരം ബൊസന്ത്യയിൽ ഒരു സന്യാസവൈദികനായി പ്രവേശിക്കയും ചെയ്തു. പവിത്രജീവിതത്തിലും വാഗ്‌വൈഭവത്തിലും അനിതരസാധാരണമായ സാമത്ഥ്യം പ്രകടിപ്പിക്കയാൽ സകലരുടേയും പ്രശംസയ്ക്കു് ഇദ്ദേഹം പാത്രീഭൂതനായിത്തീൎന്നു. ക്രിസ്താബ്ദം 428-ൽ കുസ്തന്തിനോപോലീസിലെ മെത്രാനായി അഭിഷിക്തനായ ഇദ്ദേഹം പാഷണ്ഡതകളോടെതിൎത്തു് സത്യവിശ്വാസം പ്രചരിപ്പിക്കുന്നതിനായി പ്രാരംഭകാലത്തു് അക്ഷീണം പരിശ്രമിച്ചുകൊണ്ടിരുന്നു.

ക്രിസ്തുവിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും എങ്ങനെ യോജിച്ചു നില്ക്കുന്നു എന്നുള്ളതിനെപ്പററി പ്രചണ്ഡമായ വാദപ്രതിവാദം അന്തോക്യയിൽ നടന്നുകൊണ്ടിരുന്ന കാലഘട്ടമായിരുന്നു അതു്. അവിടത്തെ വേദാന്തശിക്ഷണ ശാലയിലെ തെവോദറസ്സ് എന്ന വൈദികൻ രണ്ടു സ്വഭാവമുള്ളടത്തു് രണ്ടാളും ഉണ്ടെന്നു പഠിപ്പിച്ചു. ബൊസന്ത്യാ മെത്രാനായിരുന്ന നെസ്തോറും ഈ അഭിപ്രായം സ്വീകരിക്കയും രാജ്യമെങ്ങും അതു പ്രചരിപ്പിക്കുന്നതിനു പരിശ്രമിക്കയും ചെയ്തു തുടങ്ങി. മിശിഹായിൽ രണ്ടു സ്വഭാവമുള്ളതുപോലെ രണ്ടാളുകളും ഉണ്ടെന്നും പരിശുദ്ധ കന്യകമറിയം മനുഷ്യയാളിൻെറ മാതാവു മാത്രമാകയാൽ ദൈവമാതാവെന്നുള്ള നാമത്തിനു് അൎഹയല്ലെന്നുമായിരുന്നു നെസ്തോറിൻെറ പഠനം. ഇപ്രകാരം തങ്ങളുടെ മെത്രാൻ പഠിപ്പിച്ചതു നിമിത്തം ബൊസന്ത്യയിലെ ക്രൈസ്തവർ ക്ഷുഭിതരായിത്തീൎന്നു. നെസ്തോറിനെതിരായി ഒട്ടനേകർ സ്വരം ഉയൎത്തുവാൻ തുടങ്ങി. ഇക്കൂട്ടത്തിൽ അലക്സാന്ഡ്റിയാ പാത്രിയക്കീസായിരുന്ന കൂറിലോസു പ്രഥമസ്ഥാനത്തെ അൎഹിക്കുന്നു.

നെസ്തോർ മെത്രാൻ അബദ്ധോപദേശം പ്രചരിപ്പിക്കുന്നു എന്നു കാണിച്ചു് അന്നു് റോമാസിംഹാസനത്തെ ഭരിച്ചുകൊണ്ടിരുന്ന സെലസ്തീനോസ് മാർപാപ്പായിക്കു കൂറിലോസ് എഴുതി അയച്ചു. മാർപ്പാപ്പാ ഉടൻതന്നെ റോമിൽ ഒരു പ്രാദേശിക സുനഹദോസു വിളിച്ചുകൂട്ടുകയും നെസ്തോറിയൻ സിദ്ധാന്തങ്ങൾ അബദ്ധമാണെന്നു വിധിച്ചുകൊണ്ടുള്ള ഒരു കല്പന കൂറിലോസിനു് അയച്ചുകൊടുക്കയും ചെയ്തു. നെസ്തോർ തൻെറ അബദ്ധപഠനത്തിൽ നിന്നും പിന്മാറിയില്ലെങ്കിൽ അയാളെ സഭയിൽനിന്നും ബഹിഷ്ക്കരിക്കുന്നതിനുള്ള അധികാരവും

പ്രസ്തുത കല്പനമുഖാന്തിരം ക്രറിലോസിനു മാർപ്പാപ്പാ നല്കിയിരുന്നു. ഈ വിവരം കാണിച്ചു നെസ്തോറിനും മാർപ്പാപ്പാ കല്പന അയയ്ക്കുകയുണ്ടായി. എന്നാൽ നെസ്തോറാകട്ടേ തന്റെ അബദ്ധ പഠനത്തിൽ നിന്നും പിന്മാറുന്നതിനുള്ള മനഃസ്ഥിതി പ്രകടിപ്പിച്ചില്ല. തന്മൂലം എഫേസോസിൽ വച്ച് ക്രിസ്താബ്ദം 431-ൽ വി. ക്രറിലോസിന്റെ അദ്ധ്യക്ഷതയിൽ ഒരു സാർവ്വത്രിക സൂന്നഹദോസ് നടത്തപ്പെട്ടു. പ്രസ്തുത സൂന്നഹദോസിൽ സംബന്ധിക്കുന്നതിനായി നെസ്തോറിനെ ക്ഷണിച്ചിരുന്നു എങ്കിലും അതിൽ സംബന്ധിക്കുന്നതിന് അയാരം വിസമ്മതം പ്രകടിപ്പിക്കുകയാണുണ്ടായതു്.

ക്രിസ്തുവിൽ രണ്ടാളുകളുണ്ടെന്നുള്ള പഠനം വേദവിപരീതമാണെന്നും, ഏക ആരം മാത്രമേ ക്രിസ്തുവിൽ ഉള്ളൂ എന്നും, പരിശുദ്ധ കന്യകാമറിയം ദൈവത്തിന്റെ മാതാവാണെന്നും ഉള്ള വിശ്വാസ സത്യങ്ങരം എപ്പേസോസ് സൂന്നഹദോസ് പ്രഖ്യാപനം ചെയ്തു. ഈ വിശ്വാസ സത്യങ്ങരം സ്വീകരിക്കാതിരുന്നതിനാൽ മെത്രാൻസ്ഥാനത്തു നിന്നുമാത്രമല്ല, ക്രിസ്തുസഭയിൽനിന്നു കൂടെയും നെസ്തോർ ബഹിഷ്കൃതനായിത്തീന്നു. അനന്തരം അന്ത്യോക്യയ്ക്കുസമീപം പോയി താമസിച്ചുകൊണ്ടു തന്റെ അബദ്ധപഠനങ്ങരം പ്രചരിപ്പിക്കുന്നതിന് അയാരം പരിശ്രമിച്ചു. തന്മൂലം ക്രിസ്താബ്ദം 435-ൽ അറേബ്യയിലേക്കും അനന്തരം ഈജിപ്തിൽ അവാഥാ എന്ന സ്ഥലത്തേക്കും ചക്രവത്തിയുടെ കല്പനപ്രകാരം അയാരം നാടു കടത്തപ്പെടുകയും അവിടെവെച്ചു മരണമടയുകയും ചെയ്തു. അയാളുടെ മരണത്തെപ്പററി സൂന്നഹദോസു റിക്കാർട്ടുകളിൽ ഇപ്രകാരമാണു രേഖപ്പെടുത്തിയിരിക്കുന്നതു്:—

"പ്രത്യൌഷധമില്ലാത്ത നീതി എന്ന രോഗം അയാളെ ബാധിച്ചു. അയാളുടെ നാവു പുഴുത്തു. ശരീരമാസകലം വ്രണങ്ങളാൽ അഴുകി. അവയവങ്ങളിൽ നിന്നും ദുർഗന്ധം വമിച്ചുകൊണ്ടിരുന്നു. ചലവും ദുഷിച്ച രക്തവും ദേഹത്തിൽനിന്നും ഒഴുകി. ദുർഗന്ധംമൂലം ഭക്ഷണപാനീയങ്ങരം കൊടുക്കുന്നതിനുപോലും ആക്കും അയാളെ സമീപിക്കുവാൻ സാദ്ധ്യമായിരുന്നില്ല. എന്നാൽ ഇവകൊണ്ടൊന്നും പശ്ചാത്തപിക്കാതെ അയാരം ദുരുദ്ദേശത്തിൽ നിലനിന്നതേയുള്ളൂ. ഇപ്രകാരം നികൃഷ്ടമാംവിധം ക്രിസ്താബ്ദം 437-ൽ അയാരം മരണം പ്രാപിക്കയും ചെയ്തു."

## പ്രചാരണവും അധഃപതനവും

നെസ്തോറിയൻപാഷണ്ഡത അന്ത്യോക്യയിലും പരിസരങ്ങളിലും ശീഘ്രം പ്രചരിച്ചുകൊണ്ടിരുന്നു. പ്രാരംഭകാലത്തു നെസ്തോറിയൻ സിദ്ധാന്തത്തെ അനുകൂലിച്ചിരുന്ന അന്ത്യോക്യാപാത്രിയർക്കീസും മററും പിന്നീട് സത്യവിശ്വാസം സ്വീകരിക്കയുണ്ടായി. ഉറഹായിലെ മെത്രാനായിരുന്ന ഈബാസും അവിടത്തെ വേദാന്തശിക്ഷണശാലയിലെ അദ്ധ്യക്ഷനായിരുന്ന ബർസൌമായും ആയിരുന്നു നെസ്തോറിയൻ പാഷണ്ഡതയുടെ പ്രാരംഭപ്രചാരകന്മാർ. കല്ക്കദോനിയാ സുന്നഹദോസിനുശേഷം (A. D. 451) ഏകസ്വഭാവ വാദികൾ ഉറഹായിൽ പ്രബലപ്പെട്ടു വന്നതിനാൽ നെസ്തോറിയൻസഭയ്ക്കു ബാബേലിലും പരിസരങ്ങളിലും പ്രചാരം സിദ്ധിച്ചു. അവസാനം ബൈസന്ത്യൻ ചക്രവർത്തികളുടെ വിരോധികളായിരുന്ന പേർഷ്യൻ ചക്രവർത്തികളുടെ സഹായത്തോടു കൂടെ ബാബേൽ സിംഹാസനം കരസ്ഥമാക്കുവാൻ അവർക്കു സാധിച്ചു. പേർഷ്യയിൽ നിന്നും നെസ്തോറിയൻ പാഷണ്ഡത സിറിയാ, മെസപ്പൊത്തോമിയാ, ഈജിപ്ത്, അറേബ്യ, ഇൻഡ്യാ, ചൈനാ, ജപ്പാൻ എന്നീരാജ്യങ്ങളിലെല്ലാം പ്രചരിക്കയുണ്ടായി. എന്നാൽ 14-ാം നൂററാണ്ടിൽ നടന്ന ടൈമൂറിൻെറ ആക്രമണം നെസ്തോറിയൻ സഭയ്ക്കു അധഃപതനകാരണമായിത്തീൎന്നു. അനേകം നെസ്തോറിയൻ മെത്രാസനങ്ങൾ നാമാവശേഷമായി. നെസ്തോറിയൻ പാത്രിയർക്കീസ് തൻെറ സിംഹാസനം മൂസലിലേക്കും, ഉറഹായിലേക്കും, ബാഗ്ദാദിലേക്കും, കുർഡിസ്ഥാനിലേക്കും മാററിക്കൊണ്ടിരുന്നു. അങ്ങനെ മഹമ്മദീയരിൽ നിന്നും ഏകസ്വഭാവവാദികളിൽനിന്നും ഉണ്ടായ പീഡനങ്ങൾ നിമിത്തവും കത്തോലിക്കാസഭയിലേക്കു് ഒട്ടനേകം നെസ്തോറിയർ പുനരൈക്യപ്പെട്ടതുമൂലവും പരദേശത്തെ നെസ്തോറിയൻസഭ കാലക്രമേണ അധഃപ്പതിച്ചുകൊണ്ടിരുന്നു,

## കേരളത്തിൽ നെസ്തോറിയൻസഭ

ക്രിസ്താബ്ദം 1599-ൽ നടന്ന ഉദയംപേരൂർ സുന്നഹദോസിനു മുമ്പു കേരളത്തിലെ ക്രൈസ്തവർ നെസ്തോറിയൻ മതാവലംബികളായിരുന്നു എന്നു പാശ്ചാത്യരും പൌരസ്ത്യരുമായ ചില ഗ്രന്ഥകാരന്മാർ എഴുതിയിട്ടുണ്ടെന്നുള്ളതു പരമാൎത്ഥംതന്നെ. അപ്രകാരം അവർ എഴുതിയതു തെററിദ്ധാരണ നിമിത്തമോ ചരിത്രപരമായ അജ്ഞത നിമിത്തമോ ആണെന്നും നെസ്തോറിയൻ സഭയ്ക്കു് 16-ാം നൂററാണ്ടിനുമുമ്പു

കേരളത്തിൽ പ്രവേശം ലഭിച്ചിരുന്നില്ലെന്നും ചരിത്രരേഖകളെ അടിസ്ഥാനമാക്കി ഒട്ടനേകം ചരിത്രകാരന്മാർ ഇതിനകം തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്. പ്രസ്തുത വിഷയത്തെപ്പററി ഈ ഗ്രന്ഥത്തിൻെറ 7-ം 8-ം അദ്ധ്യായങ്ങളിൽ സവിസ്തരം പ്രതിവാദിച്ചിട്ടുമുണ്ടല്ലോ. നെസ്തോറിയൻ പാത്രിയക്കീസിൻെറ ഭരണത്തിൻകീഴിൽ കൊച്ചിയിൽ ത്രിശ്ശിവപേരൂരും സമീപപ്രദേശത്തുമുള്ള ഏതാനും ക്രൈസ്തവർ ഉൾപ്പെടുവാൻ ഇടയായതു 1907-നു ശേഷമാണെന്നുള്ളതത്രേ ചരിത്രവാസ്തവം. എന്നാൽ അതെപ്പററി വിവരിക്കുന്നതിനുമുമ്പ് പ്രസ്തുത ശീശ്മയ്ക്കു കേരളത്തിൽ കളമൊരുക്കിയ റോക്കോസിൻേറയും മേലൂസിൻേറയും ശീശ്മയെപ്പററി രണ്ടുവാക്കു പറയേണ്ടിയിരിക്കുന്നു.

## റോക്കോസും മേലൂസും

കേരളീയസുറിയാനിക്കാരെ ഭരിച്ചുകൊണ്ടിരുന്ന വരാപ്പുഴ ലത്തീൻ മെത്രാന്മാരുടെ ഭരണത്തിൽ നിന്നും വിമുക്തിനേടി ബാബേലിലേ കൽദായ കത്തോലിക്കപാത്രിയക്കീസിൻെറ കീഴിൽ ആയിത്തീരുന്നതിനു് ഇവിടത്തെ സുറിയാനിക്കാർ പരിശ്രമിച്ചുകൊണ്ടിരുന്നു. ബാബേലിൽ നിന്നും കേരളത്തിലേക്കു സുറിയാനി മെത്രാന്മാരെ കൊണ്ടുവരുന്നതിനായി തൊണ്ടനാട്ടു് അന്തോണി കത്തനാരും കുടക്കച്ചിറ അന്തോണിക്കത്തനാരും കൂടെ 1854-ൽ മൂസലിലേക്കു കപ്പൽകയറി. അവരുടെ പരിശ്രമഫലമായി ബാബേൽ കത്തോലിക്കു് പാത്രിയക്കീസായിരുന്ന മാർ ഔസേഫ് ഔദോ 1860-ൽ തോമ്മാ റോക്കോസ് എന്നൊരു കത്തോലിക്ക മെത്രാനെ കേരളത്തിലേക്കയച്ചു. റോമാ മാർപ്പാപ്പായുടെ അനുവാദത്തോടുകൂടെയാണു് റോക്കോസു മെത്രാൻ വന്നെത്തിയിരിക്കുന്നതെന്നുള്ള ബോദ്ധ്യം നിമിത്തം ത്രിശ്ശിവപേരൂർ ഉൾപ്പെടെയുള്ള ഒട്ടനേകം ഇടവകകളിൽപ്പെട്ട സിറിയൻ കത്തോലിക്കർ അദ്ദേഹത്തെ സ്വീകരിച്ചു. എങ്കിലും വരാപ്പുഴ മെത്രാപ്പോലീത്തായുടേയും മററും എഴുത്തുകുത്തുകളുടെ ഫലമായി കല്ദായ പാത്രയക്കീസു് റോക്കോസിനെ തിരിയെ വിളിയ്ക്കുകയാൽ അദ്ദേഹം 1862-ൽ ബാബേലിലേക്കു മടങ്ങിപോകുകയാണുണ്ടായതു്.

സുറിയാനി മെത്രാന്മാരെ കിട്ടുവാനുള്ള അഗ്രഹം നിമിത്തം പീലിപ്പോസ് അസയിസു് എന്നൊരു കല്ദായ വൈദികൻ മുഖേന ഇവിടത്തേ സുറിയാനിക്കാർ ഒരു ഭീമമായ ഹർജി കല്ദായ പാത്രിയക്കീസിനു സമപ്പിച്ചു. അതനുസരിച്ചു് മാർ ഏലിയാ യോഹന്നാൻ

പാത്രിയർക്കീസ് 1874-ൽ മേലൂസ് എന്ന പേരോടുകൂടിയ ഒരു മെത്രാനെ കേരളത്തിലേക്കയച്ചു. ത്രിശ്ശിവപേരൂരും സമീപപ്രദേശങ്ങളിലുമുള്ള പല ഇടവകക്കാരും മേലൂസിനെ തങ്ങളുടെ മെത്രാനായി സ്വീകരിച്ചു. മേലൂസ് റോമാ മാർപ്പാപ്പായുടെ അനുവാദത്തോടുകൂടെ അയക്കപ്പെട്ടവനല്ലാതിരുന്നതിനാൽ വരാപ്പുഴയിലെ ലേയനാർദ് മെത്രാപ്പോലീത്താ മേലൂസിനേയും അനുയായികളേയും മഹറോൻ ചൊല്ലുകയുണ്ടായി. എന്നാൽ പ്രസ്തുത മുടക്കിനെ അവഗണിച്ചുകൊണ്ടും ത്രിശ്ശിവപേരൂർ ആസ്ഥാനമാക്കിക്കൊണ്ടും മേലൂസ് മെത്രാൻ ഭരണം ആരംഭിച്ചു. പരദേശത്തുനിന്നും യാക്കോബ് എന്ന വേറൊരു മെത്രാനേയും അഗസ്തിനോസ് എന്ന ഒരു വൈദികനേയും മേലൂസ് ഇവിടെ വരുത്തുകയുണ്ടായി. മേലൂസിനെ കേരളത്തിൽ നിന്നും തിരിച്ചുവിളിക്കാത്തപക്ഷം പാത്രിയർക്കീസിനെ കത്തോലിക്കാ സഭയുടെ ഐക്യത്തിൽനിന്ന് വേർപെടുത്തുമെന്ന് മാർപ്പാപ്പാ അറിവുകൊടുക്കുകയാൽ 1877-ൽ പാത്രിയർക്കീസ് മേലൂസിനെ തിരിച്ചുവിളിക്കുകയുണ്ടായി.

എന്നാൽ പാത്രിയർക്കീസിൻെറ കല്പനയെ ധിക്കരിച്ചുകൊണ്ടു മേലൂസ് വീണ്ടും ഇവിടെ ഭരണം തുടരുകയാണു ചെയ്തതു്. പക്ഷേ, ജനങ്ങളിൽ ഭൂരിപക്ഷവും വാസ്തവസ്ഥിതി ഗ്രഹിച്ചപ്പോഠം അദ്ദേഹത്തെ ഉപേക്ഷിച്ചതു മൂലവും കത്തോലിക്കാസഭയുടെ ഐക്യത്തിൽ ജീവിക്കണമെന്നുള്ള ആഗ്രഹം നിമിത്തവും മേലൂസു മെത്രാൻ 1882-ൽ പരദേശത്തേക്കു മടങ്ങിപ്പോകയാണുണ്ടായതു്. കേരളത്തിൽ ഇപ്രകാരം ഒരു ശീശ്മ സഭയ്ക്കു ബീജാവാപം ചെയ്ത റോക്കോസും മേലൂസും പരദേശത്തു് എത്തിയശേഷം മാനസാന്തരപ്പെട്ടു് കത്തോലിക്കരായിത്തന്നെ ചരമമടഞ്ഞു എന്നുള്ളതു പ്രത്യേകം പ്രസ്താവ്യമത്രേ.

## നെസ്തോറിയൻ ബന്ധം

മേലൂസു മെത്രാൻ ഇവിടെനിന്നും മടങ്ങിപ്പോയശേഷം ത്രിശ്ശിവപേരൂർ ഒഴിച്ചുള്ള എല്ലാ ഇടവകകളും വരാപ്പുഴ മെത്രാപ്പോലീത്തായുടെ ഭരണത്തിൻ കീഴിലായിത്തീൎന്നു. എന്നാൽ ത്രിശ്ശിവപേരൂരിലേ ജനങ്ങളെ മേലൂസിൻെറ പിൻഗാമി എന്ന നിലയിൽ അഗസ്തീനോസ് കോർ എപ്പിസ്കോപ്പാ എന്ന ഒരു വൈദികനാണു് ഭരിച്ചുകൊണ്ടിരുന്നതു്. ഒരു സുറിയാനി മെത്രാനെ ലഭിക്കേണ്ടതു് അത്യാവശ്യമാണെന്നുള്ള ബോദ്ധ്യം നിമിത്തം പ്രോട്ടസ്റ്റൻറ് മിഷ്യനറിമാരുടെ സഹായത്തോടുകൂടെ ത്രിശ്ശിവപേരൂരെ ശീശ്മജനങ്ങഠം പരിശ്രമിച്ചുകൊണ്ടി

രുന്നു. ഒരു നെസ്തോറിയൻ മെത്രാനെ ഇവിടെ വരുത്തിയാൽ ഇവിടത്തെ സുറിയാനിക്കാരുടെ ഇടയിൽ കൂടുതൽ സ്വാധീനശക്തി തങ്ങൾക്കു ചെലുത്തുവാൻ സാധിക്കുമെന്നുള്ള ആശയായിരുന്ന പ്രോട്ടസ്റ്റൻറുകാർക്ക് ഇതിൽ പ്രേരകമായിരുന്നതു്. അവരുടെ പരിശ്രമഫലമായി മാർ അബിമേലേക്ക് തീമോഥയോസ് എന്ന പേരോടുകൂടിയ ഒരു മെത്രാനെ നെസ്തോറിയൻ പാത്രിയക്കീസായ മാർ ശെമയോൻ കേരളത്തിലേക്കയക്കുകയും അദ്ദേഹം 1907-ൽ ഇവിടെ വന്നെത്തുകയും ചെയ്തു. തൃശ്ശിവപേരൂരിലുള്ള വ്യാകുലമാതാവിൻെറ പള്ളിക്കാരും പട്ടിക്കാട്ട് പള്ളിക്കാരും അദ്ദേഹത്തെ സാഘോഷം സ്വീകരിക്കുകയും അദ്ദേഹത്തിൻെറ ഭരണത്തിൻ കീഴിൽ ആയിത്തീരുകയും ചെയ്തു. ഇതോടുകൂടി കേരളത്തിൽ നെസ്തോറിയൻ സഭയ്ക്കു പ്രവേശനവും സിദ്ധിച്ചു.

അധികാലതാമസമന്യേ തൃശ്ശിവപേരൂരിലെ വ്യാകുലമാതാവിൻെറ പള്ളിക്കാർ സുറായികളെന്നും ഇൻഡിപ്പെൻഡൻസ് (സ്വതന്ത്രകക്ഷികൾ) എന്നുമുള്ള രണ്ടു കക്ഷികളായി പിരിഞ്ഞുകൊണ്ടു പള്ളിസ്വത്തുക്കളെ സംബന്ധിച്ചുള്ള വ്യവഹാരം ആരംഭിച്ചു. പ്രസ്തുതകേസും അന്നത്തെ പൊളിററിക്കൽ ഏജൻറും പ്രോട്ടസ്റ്റൻറുകാരനുമായ മി. കോട്ടൻെറ മദ്ധ്യസ്ഥവിധിക്കു് ഇരുകൂട്ടരും അവസാനം സമർപ്പിക്കയും പള്ളിയും സ്വത്തുക്കളും സുറായികൾക്കു് അദ്ദേഹം വിധിച്ചുകൊടുക്കുകയും ചെയ്തു. ഇതോടുകൂടെ സ്വതന്ത്രകക്ഷികൾ ഒന്നടങ്കം കത്തോലിക്കാസഭയെ ആശ്ലേഷിച്ചു. ഇപ്രകാരമാണു് തൃശ്ശിവപേരൂർ വ്യാകുലമാതാവിൻെറ പള്ളി നെസ്തോറിയൻ മെത്രാനായ അബിമേലേക്കിൻെറ ഭരണത്തിൻ കീഴിലായിത്തീന്നതു്.

1945-ൽ അബിമേലേക്കു മെത്രാൻ ചരമം പ്രാപിച്ചു. അദ്ദേഹത്തെ തുടന്നു് കോനിക്കര പൌലോസ് കശ്ശീശാ അഡ്മിനിസ്ട്രേററായി നെസ്തോറിയൻകാരെ ഭരിച്ചുകൊണ്ടിരുന്നു. 1949-ൽ അദ്ദേഹവും നിത്യാതനായി. അനന്തരം മൂന്നു വർഷത്തോളം നാഥനില്ലാതെ കിടന്നിരുന്ന ഇവിടത്തെ നെസ്തോറിയൻ സഭയെ ഭരിക്കുവാനായി മാർതോമ്മാ എന്ന പേരോടുകൂടിയ ഒരു മെത്രാപ്പോലീത്തായെ നെസ്തോറിയൻ പാത്രിയക്കീസായ മാർ ഈശായി ശിമയോൻ കേരളത്തിലേക്കയക്കുകയും 1952-ൽ ഇവിടെ വന്നുചേന്ന അദ്ദേഹം ഇവിടത്തെ നെസ്തോറിയൻ സഭയെ ഇപ്പോൾ ഭരിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു.

# ആധുനികസ്ഥിതി

പരദേശത്തേ നെസ്തോറിയൻ സഭയുടെ സ്ഥിതി പരിതാപകരമായ നിലയിലാണു് ഇപ്പോൾ എത്തിച്ചേൎന്നിരിക്കുന്നതു്. തായ്‌വൃക്ഷത്തിൽനിന്നും ഛേദിക്കപ്പെട്ടശിഖരം പ്രാരംഭകാലത്തു ചില ചൈതന്യങ്ങൾ പ്രകടിപ്പിക്കുമെങ്കിലും പിന്നീടു് ക്ഷയിച്ചു വരുന്നതായിട്ടാണല്ലോ അനുഭവം തെളിയിക്കുന്നതു്. 5-ാം നൂററാണ്ടിൽ ആരംഭിച്ച നെസ്തോറിയൻ സഭ 800 വൎഷക്കാലത്തോളം സ്ഥാപനങ്ങളിലും ജനസംഖ്യയിലും അഭിവൃദ്ധി പ്രാപിച്ചുകൊണ്ടാണിരുന്നതു്. 12-ാം നൂററാണ്ടിനുമുമ്പു് 8 കോടി അംഗങ്ങളും 45 മെത്രാപ്പോലീത്തന്മാരും 200-ൽ അധികം മെത്രാന്മാരും പ്രസ്തുത സഭയിൽ ഉണ്ടായിരുന്നു. എന്നാൽ 13-ാം നൂററാണ്ടിനുശേഷം പ്രസ്തുത സഭ ക്രമേണ അധഃപതിച്ചുകൊണ്ടിരുന്നു. ഇപ്പോൾ പരദേശത്തു് ഒരു മെത്രാനും 10 വൈദികന്മാരും 6000-ത്തോളം ജനങ്ങളും മാത്രമേ അവശേഷിച്ചിട്ടുള്ളു.

കേരളത്തിൽ പ്രാരംഭകാലത്തു നെസ്തോറിയൻ സഭയ്ക്കു തൃശ്ശിവപേരൂരിൽ പതിനായിരത്തോളം അംഗങ്ങളുണ്ടായിരുന്നു എങ്കിലും പലരുടേയും കത്തോലിക്കാ പുനരൈക്യംമൂലം ക്രമേണ ജനസംഖ്യ കുറഞ്ഞുവരികയാണുണ്ടായതു്. ഇപ്പോഴത്തെ മാൎത്തോമ്മാ മെത്രാപ്പോലീത്തായുടെ കിഴിൽ 6 വൈദികന്മാരും 8 ശെമ്മാശന്മാരും മൂവായിരത്തിൽപരം ജനങ്ങളും മാത്രമേ നെസ്തോറിയൻകാരായിട്ടുള്ളു. ഒരു ഹൈസ്കൂളും മൂന്നോ നാലോ പ്രൈമറി സ്കൂളുകളും ഇവൎക്കു് ഇപ്പോഴുണ്ടു്. വേറെ യാതൊരു പരോപകാരസ്ഥാപനവും നടത്തത്തക്കവിധമുള്ള സാമ്പത്തികസ്ഥിതി ഇവൎക്കില്ല. തൃശ്ശൂരും പരിസരങ്ങളിലുമായി നാലഞ്ചു പള്ളികൾ ഉണ്ടെങ്കിലും അവയിലേ അംഗങ്ങൾ വളരെ തുഛമാണു്. ജനസംഖ്യയിൽ പ്രതിദിനമുള്ള ശോഷണം നിമിത്തം ഇനിയും എത്രവൎഷങ്ങൾകൂടെ നെസ്തോറിയൻ സഭയ്ക്കു കേരളത്തിൽ ആസ്തിത്വം ഉണ്ടായിരിക്കുമെന്നുള്ളതു കണ്ടറിയേണ്ടിയിരിക്കുന്നു.

നെസ്തോറിയൻ സഭയുടെ പാത്രിയൎക്കീസ്സു സ്ഥിരമായ ഒരാസ്ഥാനം ഇതേവരെ ലഭിക്കാതെ പലയിടത്തും മാറിമാറി സഞ്ചരിച്ചുകൊണ്ടിരിക്കയാണു്. ആദ്യഘട്ടത്തിൽ ടൈഗ്രീസ് നദീതീരത്തുള്ള കോക്കിയായിരുന്നു പാത്രിയൎക്കീസിന്റെ സിംഹാസനം. എന്നാൽ A. D. 762-ൽ അവിടെനിന്നും അതു ബാഗ്ദാദിലേക്കു മാററുകയുണ്ടായി. A. D. 1258-ൽ മഹമ്മദീയരുടെ ആക്രമണം നിമിത്തം

പ്രസ്തുത സിംഹാസനം അർബലിലേക്കും പിന്നീട് അസർബൈജാനിലേക്കും, മൂസ്സലിലേക്കും മാററി. പതിനഞ്ചാംനൂററാണ്ടിൽ കുർഡിസ്ഥാൻ മലമുകളിൽ സാബ് നദീതീരത്തുള്ള കുദിശാനോസ് എന്ന ഗ്രാമത്തിലേക്ക് അതു മാററുകയുണ്ടായി. കഴിഞ്ഞ ഒന്നാം ലോകമഹായുദ്ധകാലത്ത് പാത്രിയർക്കീസ് ആ സ്ഥലവും ഉപേക്ഷിച്ചു പല ദേശങ്ങളിലും മാറി മാറി താമസിച്ചുകൊണ്ടിരുന്നു. അവസാനം ഇംഗ്ലണ്ടിൽ പോയി ഒരു അഭയാർത്ഥിയായി താമസിച്ചു. കാൻറർബറി ആർച്ചുബിഷോപ്പിൻെറ സഹായത്തോടുകൂടെ സൈപ്രസ് ദ്വീപിൽ ആസ്ഥാനമുറപ്പിക്കുന്നതിനു ചെയ്ത ശ്രമം വിഫലപ്പെട്ടപ്പോൾ നിരാശനായിത്തീന്ന പാത്രിയർക്കീസ് സ്വമേധയാ അമേരിക്കയിലെ ചിക്കാഗോ പട്ടണത്തിലേക്കു പോകുകയും അവിടെ താമസമുറപ്പിക്കുകയും ചെയ്തു. കൈവിരലിൽ എണ്ണുവാൻ പോലും നെസ്തോറിയൻ സഭാംഗങ്ങൾ ഇല്ലാത്ത അമേരിക്കയിൽ പല സഹൃദയന്മാരുടേയും സഹായസഹകരണത്തോടുകൂടെ മാർ ഈശായി ശിമയോൻ എന്ന നെസ്തോറിയൻ പാത്രിയർക്കീസ് ഇപ്പോൾ ഉപജീവനം കഴിച്ചുകൊണ്ടിരിക്കുന്നു.

## വിശ്വാസവിഷയങ്ങൾ

മനുഷ്യനായി അവതരിച്ച ക്രിസ്തുവിൽ രണ്ടാളുകളുണ്ടെന്നും, കന്യാസ്ത്രീയമ്മയെ ദൈവത്തിൻെറ മാതാവ് എന്നു വിളിക്കുവാൻ പാടില്ലാ എന്നുമുള്ള വേദവിപരീതമായിരുന്നു നെസ്തോർ പഠിപ്പിച്ചതു്. മററുള്ള പുരാതന വിശ്വാസങ്ങളിൽനിന്നും യാതൊരു വ്യതിചലനവും ഇതിനകം നെസ്തോറിയൻ സഭയ്ക്കു് ഉണ്ടായിട്ടില്ലെങ്കിലും പ്രോട്ടസ്റ്റൻറുകാരുമായുണ്ടായ വേഴ്ചനിമിത്തം പരദേശത്തേയും കേരളത്തിലേയും നെസ്തോറിയൻ സഭാംഗങ്ങളിൽ പ്രോട്ടസ്റ്റൻറു വിശ്വാസം അല്പാല്പമായി കടന്നുകൂടിയിട്ടുണ്ടു്. ഇന്നത്തേ നെസ്തോറിയൻ സഭയുടെ വിശ്വാസം മി. എം. വി. പോൾ എഴുതിയിട്ടുള്ള "തിരുസഭാ ചരിത്രം" എന്ന ഗ്രന്ഥത്തിൻെറ അവസാനഭാഗത്തു രേഖപ്പെടുത്തിയിട്ടുള്ളതിൻെറ മലയാള പരിഭാഷ ചുവടേ ചേർത്തുകൊള്ളുന്നു:—

### വിശുദ്ധവും അപ്പസ്തോലികവും കാതോലികവും ആയ പൌരസ്ത്യസഭയുടെ വിശ്വാസവിഷയങ്ങൾ

"318 പിതാക്കന്മാരാൽ രചിക്കപ്പെട്ടിരിക്കുന്ന നിഖ്യാവിശ്വാസപ്രമാണത്തിന്മേലത്രേ സഭയുടെ പ്രബോധനങ്ങൾ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നതു്.

നിഖ്യായിലും കുസ്തന്തിനോപ്പോലീസിലും കൂടിയ സാർവ്വത്രിക സുന്നഹദോസുകളേയും പ്രസ്തുത സുന്നഹദോസുകാലത്തു് ജീവിച്ചിരുന്ന പിതാക്കന്മാരേയും സഭ അംഗീകരിക്കുന്നു.

A. D. 431-ൽ എഫേസോസിൽവെച്ചു് നടത്തപ്പെട്ട സുന്നഹദോസിനെ സഭ നിഷേധിക്കയും അതിലേ നടപടികൾ അനീതിപരവും ക്രിസ്തുവിൻെറ അപ്പോസ്തലന്മാരുടെ പഠനങ്ങൾക്കും വിരുദ്ധവും ആണെന്നു സഭ പഠിപ്പിക്കയും ചെയ്യുന്നു.

യേശുക്രിസ്തു പൂർണ്ണമനുഷ്യനും പൂർണ്ണദൈവവും ആണെന്നു സഭ പഠിപ്പിക്കുന്നു. ദൈവപുത്രനാകുന്ന ഏകയാളിൽ—ഏക അധികാരത്തിൽ—രണ്ടു സ്വഭാവവും രണ്ടു ക്നൂമായും (സാരാംശം) ഉണ്ടെന്നു് സഭ പഠിപ്പിക്കുന്നു. വി. കന്യകമറിയത്തെപ്പററി പ്രസ്താവിക്കുമ്പോൾ യൽദാസ് ആലോഹോ—ദൈവത്തെ വഹിക്കുന്നവൾ—എന്ന പദം ഉപയോഗിക്കുന്നതിനെ സഭ ശപിക്കയും യൽദാസ് മ്ശിഹാ—ക്രിസ്തുവിനെ വഹിക്കുന്നവൾ—എന്ന പദം സഭ ഉപയോഗിക്കയും ചെയ്യുന്നു.

ഏഴു കൂദാശകളേയും സഭ സ്വീകരിക്കുന്നു. ജ്ഞാനസ്നാനം വെള്ളത്തിൽ മുക്കുന്നതുമൂലം നടത്തുന്നു. മൂറോൻ അഭിഷേകവും അതോടൊന്നിച്ചു നല്കുന്നു. രഹസ്യകുമ്പസാരം (വൈദികനോടു മാത്രം സഭ സ്വീകരിച്ചിട്ടുണ്ടെങ്കിലും അതു് പ്രായോഗികമായി നടത്തുന്നില്ല.

അപ്പത്തിൻേറയും, വീഞ്ഞിൻേറയും രൂപത്തിൽ ക്രിസ്തുവിൻെറ യഥാർത്ഥ ശരീരവും, യഥാർത്ഥ രക്തവും വിശ്വാസംമൂലം സ്വീകരിക്കപ്പെടുന്ന കൂദാശയത്രേ വി. കുർബാന.

പരിശുദ്ധ കന്യകയേയും വിശുദ്ധന്മാരേയും ബഹുമാനിക്കുന്നു മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന നടത്തുന്നു. പ്രതിമകളും രൂപങ്ങളും നിരോധിച്ചിരിക്കുന്നു. സാധാരണ കുരിശിനെ ബഹുമാനിക്കുന്നതിനു് അനുവദിക്കുന്നു. പ്ശീത്താ വിവർത്തനം എന്ന പേരിൽ അറിയപ്പെടുന്ന വേദപുസ്തകത്തിൻെറ അറമായ ഭാഷയിലുള്ള പതിപ്പു് ഉപയോഗിക്കുന്നു."

മേലുദ്ധരിച്ചതിൽനിന്നും കത്തോലിക്കാ സഭയുമായി നാലു കാര്യങ്ങളിൽ നെസ്തോറിയൻ സഭ ഭിന്നിക്കുന്നതായി വ്യക്തമാകുന്നു.

1. എഫേസോസ് സൂന്നഹദോസിനെ നിഷേധിക്കുന്നു.
2. ക്രിസ്തുവിൽ രണ്ടാളുകൾ ഉണ്ടെന്നു പഠിപ്പിക്കുന്നു.
3. കന്യകമറിയാമിനെ ദൈവമാതാവെന്നു വിളിക്കുവാൻ പാടില്ല.
4. പ്രതിമാവന്ദനം സ്വീകാര്യമല്ല.

ഇവയിൽ പ്രതിമാവന്ദനത്തെപ്പററി ഇനിയുമുള്ള ഒരദ്ധ്യായത്തിൽ പ്രതിപാദിക്കുന്നതാണ്. ത്രുശ്ലിവപേത്രുള്ള നെസ്തോറിയൻ പള്ളിയിൽ പ്രധാന ബലിപീഠത്തിൽ മൂന്നു പ്രതിമകളും, പ്രസംഗപീഠത്തിന്മേൽ രണ്ടു പ്രതിമകളും സംപൂജ്യമായി സൂക്ഷിക്കപ്പെട്ടിട്ടുണ്ടെന്നു സൂക്ഷ്മമായി അറിയുന്നു. പ്രോട്ടസ്റ്റൻറുകാരുടെ പ്രേരണ നിമിത്തമായിരിക്കാം പ്രതിമകളോടുള്ള ബഹുമാനം ഇവർ പ്രകടിപ്പിക്കാത്തതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. മേൽ പ്രസ്താവിച്ചവയിൽ ബാക്കിയുള്ള വിഷയങ്ങളെപ്പററി ചുരുക്കമായി താഴെ പ്രതിപാദിച്ചുകൊള്ളുന്നു:—

## എഫേസോസു സൂന്നഹദോസ്

സാർവ്വത്രിക സൂന്നഹദോസിനാൽ സഭാബഹിഷ്കൃതരായ സകലരും സാധാരണമായി ഉന്നയിക്കുന്ന വാദം മാത്രമേ എഫേസോസ് സൂന്നഹദോസ് നിഷേധിക്കുന്നതിലും നെസ്തോറിയൻ സഭക്കാർ പുറപ്പെടുവിക്കുന്നുള്ളു. നിഖ്യായിലും കുസ്തന്തീനോസ് പോലീസിലുംനടന്ന സൂന്നഹദോസുകളെ സാർവ്വത്രിക സൂന്നഹദോസുകളായി ഇവർ അംഗീകരിക്കുന്നു. തങ്ങളുടെ സഭാസ്ഥാപകനായ നെസ്തോറിനെ മുടക്കിയെന്നുള്ള ഏകകാരണമല്ലാതെ എഫേസോസ് സൂന്നഹദോസിനെ നിഷേധിക്കുന്നതിനു വേറൊരു കാരണവും ഉന്നയിക്കുവാൻ ഇവക്കു സാധിക്കുന്നതല്ല. രാഷ്ട്രീയാധികാരികളുടെ ഇടപെടൽ പ്രസ്തുത സൂന്നഹദോസിൽ ഉണ്ടായി എന്നതാണു കാരണമെങ്കിൽ അതേ കാരണത്താൽതന്നെ നിഖ്യായിലേയും കുന്തസ്തീനോസ് പോലീസിലേയും സൂന്നഹദോസുകളെ നിഷേധിക്കേണ്ടതാണ്. കാരണം, ആ സൂന്നഹദോസുകളിലും രാജകീയാധികാരികളുടെ ഇടപെടൽ ഉണ്ടായിട്ടുണ്ട്. റോമാപാത്രിയക്കീസ് (മാർപ്പാപ്പാ) എഫേസോസു സൂന്നഹദോസിൽ തൻെറ അധികാരം പ്രയോഗിച്ചതാണു കാരണമെങ്കിൽ ആദ്യത്തേ രണ്ടു സൂന്നഹദോസുകളിലും മാർപ്പാപ്പാ അധികാരം പ്രയോഗിച്ചിട്ടുണ്ടെന്നുള്ള വാസ്തവം അവയുടെ ചരിത്രം തെളിയിക്കുന്നുണ്ട്. നെസ്തോറിനെ സൂന്നഹദോസിലേക്കു

ക്ഷണിച്ചില്ലെന്നോ മുൻകൂട്ടി വിവരം അറിയിച്ചില്ലന്നോ ഉള്ള കാരണം ഉന്നയിച്ചുപ്രസ്തുതസുന്നഹദോസിനെ നിഷേധിക്കുവാനും സാധിക്കുന്നതല്ല. എന്തെന്നാൽ പ്രസ്തുത സുന്നഹദോസിൽ ആദ്ധ്യക്ഷം വഹിച്ച വി. ക്യറിലോസും ഇതരഭാരവാഹികളും വേണ്ടവിധമെല്ലാം നിയമാനുസരണം പ്രവർത്തിച്ചിരുന്നു. 198 പിതാക്കന്മാർ—അതും എല്ലാവരും പൗരസ്ത്യർ—പ്രസ്തുത സുന്നഹദോസിൽ സംബന്ധിക്കയും, ഇതെപ്പററിയുള്ള ചർച്ചകളിൽ പങ്കെടുക്കുകയും, ക്രിസ്തുവിൽ ഏകആൾ മാത്രമേ ഉള്ളു എന്നും കന്യകമറിയം ദൈവത്തിൻെറ മാതാവു തന്നെയാണെന്നും, നെസ്തോറിൻെറ ഉപദേശം വേദവിപരീതവും പിതാക്കന്മാരുടെ പഠനത്തിനു വിരുദ്ധവും ആണെന്നും ഐകകണ്ഠ്യേന നിശ്ചയിക്കുകയാണു ചെയ്തതു്. ആകയാൽ എഫേസോസ് സുന്നഹദോസിനേയും അതിലേ നിശ്ചയങ്ങളേയും നിഷേധിക്കുന്നതിനു ന്യായമായ യാതൊരു കാരണവും ഉന്നയിക്കുവാൻ നെസ്തോറിയൻ സഭക്കാർക്കു സാധിക്കുന്നതല്ല.

ഇന്നു ലോകത്തിലുള്ള 93 കോടി ക്രൈസ്തവരിൽ നെസ്തോറിയൻ സഭാംഗങ്ങളായ അരലക്ഷത്തോളം ആളുകൾ മാത്രമേ എഫേസോസ് സുന്നഹദോസിനെ നിഷേധിക്കുന്നുള്ളു എന്നും, ബാക്കിയുള്ള സകലരും—കത്തോലിക്കർ, യവുനായക്കാർ, യാക്കോബായക്കാർ, പ്രോട്ടസ്റ്റൻറുകാർ—ആദിയായവരെല്ലാം എഫേസോസ് സുന്നഹദോസിനെ സ്വീകരിക്കുന്നു എന്നും ഉള്ള വാസ്തവം ഇത്തരുണത്തിൽ പ്രസ്താവ്യമത്രേ. ക്രിസ്താബ്ദം 381-ൽ നടന്ന കുസ്തന്തിനോപോലീസിലേ സുന്നഹദോസിനുശേഷം 1600 വർഷങ്ങൾ കഴിഞ്ഞിട്ടും ഒരൊററ സാർവ്വത്രിക സുന്നഹദോസെങ്കിലും വിളിച്ചുകൂട്ടുന്നതിനു നെസ്തോറിയൻ സഭക്കാർക്കു് ഇതേവരെ സാധിച്ചിട്ടില്ല. നേരേമറിച്ചു് കത്തോലിക്കാ സഭയിൽ ഇരുപതു സാർവ്വത്രിക സുന്നഹദോസുകൾ ഇതിനകം നടന്നുകഴിഞ്ഞിരിക്കുന്നു.

## ക്രിസ്തുവിലുള്ള ആളത്തം

മനുഷ്യനായി അവതരിച്ച ക്രിസ്തുവിൽ ദൈവയാളെന്നും മനുഷ്യയാളെന്നും രണ്ടാളുകൾ ഉണ്ടെന്നത്രേ നെസ്തോറും അനുയായികളും പഠിപ്പിച്ചതും നെസ്തോറിയൻസഭ ഇപ്പോൾ വിശ്വസിക്കുന്നതും. എന്നാൽ ലോകത്തിലുള്ള ഇതര ക്രൈസ്തവസഭകളെല്ലാം ക്രിസ്തുവിൽ ഏകയാൾ മാത്രമേയുള്ളു എന്നാണു വിശ്വസിക്കുന്നതു്. ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ക്രിസ്തുവിൽ എങ്ങനെ യോജിച്ചു

സ്ഥിതിചെയ്യുന്ന എന്നുള്ളതിനെപ്പററി പ്രചണ്ഡമായ വാദപ്രതിവാദം ആദ്യ നൂററാണ്ടുകളിൽ അന്ത്യോക്യയിൽ നടന്നുകൊണ്ടിരുന്നു. ക്രിസ്തുവിൽ രണ്ടു സ്വഭാവം ഉണ്ടെന്നുള്ള വിശ്വാസം അന്നു ക്രൈസ്തവസഭയിൽ സാർവ്വത്രികമായിരുന്നു. രണ്ടു സ്വഭാവം ക്രിസ്തുവിൽ ഉണ്ടെങ്കിൽ രണ്ടാളുകളും ഉണ്ടെന്നായിരുന്നു നെസ്തോർ ഇതിൽനിന്നും അനുമിച്ചെടുത്തത്. എന്നാൽ എഫേസോസ് സുന്നഹദോസാകട്ടെ ക്രിസ്തുവിൽ ഏകയാൾ മാത്രമെയുള്ളു എന്ന സത്യം പ്രഖ്യാപനം ചെയ്യുകയും, രണ്ടാളുകൾ ഉണ്ടെന്നുള്ള നെസ്തോറിയൻപഠനത്തെ ശപിക്കയും, നെസ്തോറിനെ സഭയിൽനിന്നും ബഹിഷ്ക്കരിക്കയും ചെയ്യുകയാണ് ഉണ്ടായത്. നെസ്തോറിൻെറ പഠനം വേദാനുസരണം അല്ലെന്നു താഴെ ചേക്കുന്ന തെളിവുകളിൽനിന്നും നിഷ്പ്രയാസം ബോധപ്പെടുന്നതാണ്.

ക്രിസ്തുവിനെപ്പററി "അവനു വിശപ്പുണ്ടായി, അവനു ദാഹമുണ്ടായി, അവൻ പാടുപീഡകൾ സഹിച്ചു, അവൻ മരിച്ചു" എന്നിത്യാദി മാനുഷികവും; "അവനും പിതാവും ഒന്നാണ്, അവൻ പിതാവിനെ അറിയുന്നു, അബ്രഹാമിനെക്കാൾ വലിയവനാകുന്നു. അവൻ ജീവനുള്ളവരേയും മരിച്ചവരേയും വിധിക്കുന്നു" എന്നിത്യാദി ദൈവികവുമായ ലക്ഷണങ്ങൾ "അവൻ" എന്ന ഒരേ ഒരാളെ—വചനത്തെ (യോഹ. 1: 14) ഉദ്ദേശിച്ചാണു വി. ലിഖിതം പ്രസ്താവിച്ചിരിക്കുന്നതു് എന്നുള്ളതിനു സംശയമില്ല. ക്രിസ്തുവിൽ രണ്ടാളുകൾ ഉണ്ടെങ്കിൽ ഏതാദൃശപ്രസ്താവനകൾ നിരത്ഥകമായിത്തീരുന്നതാണ്. ആകയാൽ ക്രിസ്തുവിൽ ഏകയാൾ മാത്രമേയുള്ളു എന്നു സിദ്ധിക്കുന്നു.

ക്രിസ്തുവിൽ രണ്ടാളുകൾ ഉണ്ടെങ്കിൽ മനുഷ്യ ആളിൻെറ പ്രവൃത്തികൾ ദൈവിക യോഗ്യതകൾ ഇല്ലാത്തവയെന്നും തദ്വാരാ രക്ഷണീയപ്രവൃത്തികളായ പീഡാനുഭവം, മരണം ആദിയായവ മനുഷ്യ രക്ഷയ്ക്കു പര്യാപ്തങ്ങളല്ലെന്നും സമ്മതിക്കേണ്ടതായി വരും. ആകയാൽ നെസ്തോറിയൻപഠനം മനുഷ്യാവതാരോദ്ദേശത്തെ അത്ഥശൂന്യവും മനുഷ്യരക്ഷയ്ക്കു് അസാദ്ധ്യവും ആക്കിത്തീക്കുന്നു എന്നു് വന്നുകൂടുന്നതാണ്. തന്നിമിത്തം ക്രിസ്തുവിൽ ഏകയാൾ മാത്രമേ ഉള്ളു എന്നു് സിദ്ധിക്കുന്നു. ഏതായാലും നെസ്തോറിയൻ സഭയുടെ ഈ ദുശപഠനം പുരാതന ക്രൈസ്തവ സഭകൾ ഒന്നുംതന്നെ അംഗീകരിക്കുന്നില്ല.

# പരി. കന്യകമറിയത്തിൻെറ ദൈവമാതൃത്വം

ക്രിസ്തുവിൽ "മനുഷ്യത്വം" "ദൈവത്വം" എന്നിങ്ങനെ രണ്ടാളുകൾ ഉണ്ടെന്നും, പരി. കന്യകമറിയം മനുഷ്യആളിനെ മാത്രമേ പ്രസവിച്ചുള്ളുവെന്നും, ക്രിസ്തുവിൻെറ ജനനശേഷമാണ് ആ മനുഷ്യ ശിശുവിൽ ദൈവത്വം വന്ന് അധിവസിച്ചതെന്നും, തന്മൂലം കന്യക മറിയത്തെ "ദൈവത്തിൻെറ മാതാവു" എന്നു വിളിക്കുവാൻ പാടില്ല എന്നുമായിരുന്നു നെസ്തോറിയൻെറ പാഠം. ഒന്നാം നൂററാണ്ടു മുതൽ സകല ക്രൈസ്തവരും പരി. കന്യക മറിയത്തെ ദൈവമാതാവ് എന്നു വിളിച്ചുവന്നിരുന്നുവെന്നതിനു നിരവധി തെളിവുകൾ പുരാതന പിതാക്കന്മാരുടെ സാക്ഷ്യങ്ങളിൽ നിന്നും ഉദ്ധരിക്കുന്നതിനുണ്ടു്. ഇന്നു ലോകത്തിലുള്ള ക്രൈസ്തവരിൽ നെസ്തോറിയൻകാരൊഴിച്ചുള്ള സകലരും കന്യകമറിയത്തെ ദൈവമാതാവായിത്തന്നെ പരിഗണിക്കുന്നു. പരിശുദ്ധ കന്യകയ്ക്കു വേണ്ടവിധമുള്ള ബഹുമാനം നല്കാത്തവരും അവളോടുള്ള മാദ്ധ്യസ്ഥാപേക്ഷ നിഷേധിക്കുന്നവരായ പ്രോട്ടസ്റ്റൻറുകാർ പോലും "ദൈവമാതാവു" എന്നുതന്നെയാണ് അവളെ സംബോധനം ചെയ്യുന്നതു്.

ദൈവത്തെ പ്രസവിക്കുവാൻ മനുഷ്യവ്യക്തിയായ ഒരു സ്ത്രീയ്ക്കു സാദ്ധ്യമല്ലാത്തതിനാൽ കന്യാസ്ത്രീ മറിയത്തെ "ദൈവത്തിൻെറ അമ്മ" എന്നു വിളിക്കുവാൻ പാടില്ല എന്ന വാദം യുക്തിയുക്തമാണെന്ന് പ്രഥമദൃഷ്ടിയിൽ തോന്നിയേക്കാം. എന്നാൽ സഗാഢം ചിന്തിക്കുന്നവക്കു് ഇതിൻെറ യുക്തിരാഹിത്യം ബോധപ്പെടുന്നതാണ്. ആത്മാവോടും ശരീരത്തോടുംകൂടിയ ഒരു വ്യക്തിയാണല്ലോ മനുഷ്യൻ. മനുഷ്യൻെറ ശരീരം മാത്രമേ സ്വന്തം മാതാവിൽ നിന്നും എടുക്കപ്പെടുന്നുള്ളുവെങ്കിലും "എൻെറ ശരീരത്തിൻെറ അമ്മ" എന്നല്ല പിന്നെയോ, (ശരീരത്തോടും ആത്മാവോടും കൂടിയ) "എൻെറ അമ്മ" എന്നാണ് ഓരോ മാതാവിനേയും മക്കൾ അഭിസംബോധനം ചെയ്യുന്നതു്. മനുഷ്യാവതാരമെടുത്ത ക്രിസ്തുവിൽ ദൈവയാൾ (Devine person) എന്ന ഒരാൾ മാത്രമേ ഉള്ളുവെന്ന് മുകളിൽ പ്രതിവാദിച്ചിട്ടുണ്ടല്ലോ. കന്യാസ്ത്രീ മറിയം പ്രസവിച്ചതു ആ ദൈവആളിനെ ആകയാൽ "ദൈവമാതാവ്" എന്ന് അവളെ വിളിക്കുന്നതു യുക്തിയുക്തമാണെന്നുള്ളതിൽ യാതൊരു സംശയത്തിനും അവകാശമില്ല.

# നെസ്തോറിയൻ സഭയും കത്തോലിക്കാ പുനരൈക്യവും

നെസ്തോറിയൻ സഭ ആരംഭിച്ചതിനു ശേഷം അഞ്ചാറുന്തുററാണ്ടു കാലത്തേക്കു പൗരസ്ത്യദേശത്തു ശക്തിമത്തായ പ്രചരണം പ്രസ്തുത സഭയ്ക്കു സിദ്ധിച്ചിരുന്നുവെങ്കിലും കത്തോലിക്കാസഭയിലേയ്ക്കു് ഇടയ്ക്കിടയ്ക്കു് ഒട്ടനേകർ—പാത്രിയക്കീസന്മാർ പോലും—പുനരൈക്യപ്പെട്ടു കൊണ്ടിരുന്നു. പതിമൂന്നാം ശതകത്തിനു ശേഷമാണു പ്രസ്തുത പുനരൈക്യത്തിൻെറ ശക്തി വർദ്ധിക്കുവാൻ തുടങ്ങിയതു്. നെസ്തോറിയൻ പാത്രിയക്കീസായിരുന്ന ജബല്ലഹാ രണ്ടാമൻ 1233-ലും, ജബല്ലഹാ മൂന്നാമൻ 1304-ലും കത്തോലിക്കാസഭയെ ആശ്ലേഷിച്ചു. 1445-ൽ സൈപ്രസിലെ നെസ്തോറിയൻ മെത്രാനായിരുന്ന തീമോത്തി ഒട്ടനേകം വൈദികരോടും ജനങ്ങളോടും കൂടെ കത്തോലിക്കാസഭാംഗങ്ങളായിത്തീർന്നു. തുടർന്നു പല പാത്രിയക്കീസന്മാരും മെത്രാന്മാരും ക. സഭയോടു പുനരൈക്യപ്പെട്ടുകൊണ്ടിരുന്നതായി ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം പുനരൈക്യപ്പെട്ട പാത്രിയക്കീസന്മാരുടെ പിൻഗാമിയാണു മൂസലിൽ ഇപ്പോൾ വസിക്കുന്ന കത്തോലിക്കനായ ബാബേൽ അഥവാ കല്ദായ പാത്രിയക്കീസ്. അദ്ദേഹത്തിൻെറ കീഴിലുള്ള കത്തോലിക്കർ ബൈറൂട്ട്, അലക്സാണ്ഡ്റിയാ, അമേരിക്കാ എന്നീ സ്ഥലങ്ങളിലും നിവസിക്കുന്നുണ്ടു്. ഏഴു മെത്രാന്മാരും 128 വൈദികന്മാരും അറുപതിനായിരത്തോളം അയ്മേനികളും കല്ദായ കത്തോലിക്കാ പാത്രിയക്കീസിൻെറ കീഴിൽ ഇപ്പോഴുണ്ടു്. നേരേമറിച്ചു നെസ്തോറിയൻ പാത്രിയക്കീസിൻെറ കീഴിലാകട്ടേ പരദേശത്തു ഒരു മെത്രാനും 10 വൈദികരും 6000 അയ്മേനികളും മാത്രമേ ഇപ്പോഴുള്ളു.

കേരളത്തിലും നെസ്തോറിയൻ സഭയിൽ നിന്നും ശതക്കണക്കിനു ആളുകൾ പ്രതിവർഷം കത്തോലിക്കാസഭാ പുനരൈക്യം പ്രാപിച്ചുകൊണ്ടാണു ഇരുന്നിട്ടുള്ളതു്. തൃശ്ശിവപേരൂരിൽ നെസ്തോറിയൻ സഭ ആരംഭിച്ചപ്പോൾ നാലു കുടുംബങ്ങൾ ഒഴികെയുള്ളവരെല്ലാം തന്നെ നെസ്തോറിയൻശീശ്മയിൽ നിപതിച്ചുവെങ്കിലും കാലക്രമേണ അവരിൽ ബഹുഭൂരിപക്ഷവും മാതൃസഭാ വക്ഷസ്സിലേക്കു മടങ്ങിവരുകയാണുണ്ടായതു്. മനോഹരങ്ങളും ബ്രഹ്മാണ്ഡങ്ങളുമായ ഒട്ടനേകം ദൈവാലയങ്ങൾ, കോളജുകൾ, സ്കൂളുകൾ, മഠങ്ങൾ, പരോപകാരകേന്ദ്രങ്ങൾ ആദിയായ

നിരവധി സ്ഥാപനങ്ങളോടുകൂടിയ ഒരു കത്തോലിക്കാ കേന്ദ്രമായി ത്രിശ്ശിവപേരൂർ പട്ടണം ഇന്നു പരിലസിക്കുന്നു. നേരേമറിച്ചു് കൈവിരലുകളിലെണ്ണുവാൻ പോലും ഉള്ള സ്ഥാപനങ്ങൾ നെസ്തോറിയൻകാൎക്കു് ഇന്നു് ത്രിശ്ശിവപേരൂർ പട്ടണത്തിൽ ഇല്ലെന്നുള്ളതു പരമാൎത്ഥം മാത്രമാണു്. നാലോ അഞ്ചോ ചെറിയ പള്ളികളും ഒരു ഹൈസ്കൂളും രണ്ടായിരത്തോളം ജനങ്ങളും മാത്രമേ നെസ്തോറിയൻ സഭയിൽ ഇപ്പോൾ ത്രിശ്ശിവപേരൂരിലും പരിസരങ്ങളിലുമായുള്ളു. ഈവിധമാധഃപതനാവസ്ഥയിൽ മുമ്പോട്ടുപോകുന്നപക്ഷം ഇനിയും എത്ര വർഷങ്ങൾ കൂടെ കേരളത്തിൽ നെസ്തോറിയൻ സഭയ്ക്കു് ആയുസ്സു് ഉണ്ടായിരിക്കുമെന്നു് പ്രവചിക്കുന്നതിനു് പ്രവചന വരമില്ലാത്ത കേവലം സാധാരണന്മാൎക്കു പോലും നിഷ്പ്രയാസം സാധിക്കുന്നതാണു്.

അദ്ധ്യായം 15

# മാർത്തോമ്മാ സഭ

## ഒരു സ്വതന്ത്രസ്ഥാപനം

കേരളത്തിൽ ഇപ്പോഴുള്ള അകത്തോലിക്കാസഭകളിൽ സാമുദായികമായും, സാമ്പത്തികമായും, വിദ്യാഭ്യാസപരമായും ഗണ്യമായ അഭിവൃദ്ധി പ്രാപിച്ചുകഴിഞ്ഞിരിക്കുന്ന ഒരു സഭയത്രേ മാർത്തോമ്മാസഭ. പത്തൊൻപതാം നൂററാണ്ടിൽ പ്രോട്ടസ്റ്റൻറു മിഷ്യനറിമാർ ഇവിടെ വന്നതിനു ശേഷംമാത്രം ആരംഭിച്ചിട്ടുള്ളതും "നവീകരണകക്ഷി" എന്ന പേരിൽ ആദ്യകാലത്തു് അറിയപ്പെട്ടിരുന്നതും ആയ ഈ സഭ "മാർത്തോമ്മാസഭ" എന്ന നാമധേയം അടുത്തകാലത്തു മാത്രമാണു സ്വീകരിച്ചിട്ടുള്ളതു്. യാക്കോബായസഭയിലെ ആരാധനക്രമങ്ങളും കൂദാശക്രമങ്ങളും—സ്വേച്ഛാനുസാരം വെട്ടിത്തിരുത്തിയാണെങ്കിലും—ഉപയോഗിച്ചുകൊണ്ടിരിക്കുന്നതിനാൽ ഈ സഭയ്ക്കു യാക്കോബായ സഭയോടു് ആകൃതിയിൽ സാമ്യമുണ്ടെന്നു പറയാവുന്നതാണു്. എന്നാൽ വിശ്വാസവിഷയങ്ങളിൽ പ്രോട്ടസ്റ്റൻറുകാരോടു മിക്കവാറും യോജിക്കുന്നതിനാൽ ഈ സഭ പ്രകൃതിയിൽ പ്രോട്ടസ്റ്റൻറാണെന്നും പറയാവുന്നതാണു്. കേരളത്തിൽ പ്രധാനമായി മദ്ധ്യതിരുവിതാംകൂറിൽ മാത്രം പ്രചരിച്ചിരിക്കുന്ന ഈ സഭയുടെ ഉത്ഭവത്തിനുണ്ടായ പ്രഥമവും പ്രധാനവുമായ കാരണം പ്രോട്ടസ്റ്റൻറുകാരുടെ പ്രവർത്തനങ്ങളും പ്രോത്സാഹനങ്ങളുമാണു് എന്നുള്ളതു നിസ്തക്കമത്രേ.

## പ്രോട്ടസ്റ്റൻറു മിഷ്യനറിമാരുടെ ആഗമനവും പ്രവർത്തനങ്ങളും

19-ാം ശതകത്തിൻെറ പ്രാരംഭഘട്ടത്തിൽ തിരു-കൊച്ചിയിലെ ബ്രി. റസിഡൻറന്മാരായി കർണ്ണൽ മെക്കാളിയും അദ്ദേഹത്തെ തുടന്നു് കർണ്ണൽ മൺട്രോയും ഇവിടെ വന്നെത്തി. കേരളത്തിലെ യാക്കോബായക്കാരുടെ ഇടയിൽ പ്രോട്ടസ്റ്റൻറു വിശ്വാസങ്ങൾ പ്രചരിപ്പിക്കുന്നതിനും അങ്ങനെ ഇവിടത്തെ യാക്കോബായ സഭാംഗങ്ങളെ പ്രോട്ട

സ്ററൻറുകാരാക്കിത്തീക്കുന്നതിനും സാധിക്കുമെന്നുള്ള പ്രതീക്ഷ അവരിൽ അങ്കുരിച്ചു. തിരുവിതാംകൂർ-കൊച്ചീ ഗവണ്മെൻറുകളിൽ അവക്കുണ്ടായിരുന്ന സ്വാധീനശക്തിയും ഇവിടുത്തെ ക്രൈസ്തവരുടെ ദയനീയമായ നിലയും അവരുടെ പ്രതീക്ഷയ്ക്കു പ്രേരകമായിത്തീന്നു. അന്നു യാക്കോബായ സഭയെ ഭരിച്ചു കൊണ്ടിരുന്ന പുലിക്കോട്ടു മാർ ദീവന്നാസ്യോസും അദ്ദേഹത്തെ തുടന്നു ഭരണം നടത്തിയ പുന്നത്ര മാർ ദീവന്നാസ്യോസും ബാഹ്യമായ ആദായം ആഗ്രഹിച്ചുകൊണ്ടു് പ്രോട്ടസ്റ്റൻറു മിഷനറിമാക്കു യാക്കോബായ സഭയ്ക്കുള്ളിൽ വേണ്ടത്ര സ്വാതന്ത്ര്യം നല്കുന്നതിനു സന്നദ്ധത പ്രദർശിപ്പിച്ചു. തൽഫലമായി കർണ്ണൽ മെക്കാളിയും മൺട്രോയും, കേരളത്തിലെ പുത്തൻകൂർ നസ്രാണികൾ ബാഹ്യമായും ആഭ്യന്തരമായും അധഃപതിച്ചു കിടക്കുകയാണെന്നും അവരുടെ ഇടയിൽ പ്രോട്ടസ്റ്റൻറു വിശ്വാസം പ്രചരിപ്പിക്കുവാൻ ഇതു പററിയ സന്ദർഭമാണെന്നും മററും കാണിച്ചു് ഇംഗ്ലണ്ടിലേക്കു് എഴുതി അയയ്ക്കുകയും, ഡോക്ടർ കേർ, ബുക്കാനാൻ, നോർട്ടൻ, ബെഞ്ചമിൻ, ബയിലി, ജോസഫ് ഫെൻ ആദിയായ ഒട്ടനേകം ആംഗ്ലിക്കൻ മിഷ്യനറിമാർ ഇവിടെ വന്നെത്തുകയും, പുത്തൻകൂററുകാരുടെ ഇടയിൽ ശക്തിയായ "സുവിശേഷവേല" നടത്തിത്തുടങ്ങുകയും ചെയ്തു.

കർണ്ണൽ മെക്കാളി മൂലം വട്ടിപ്പണവും, കോട്ടയത്തു സെമ്മനാരിക്കു സ്ഥലവും, മൺട്രോത്തുരുത്തും യാക്കോബായക്കാക്കു ലഭിക്കയുണ്ടായി. കൂടാതെ കത്തോലിക്കരുടെ കൈവശമിരുന്ന കോട്ടയം വലിയപള്ളി, പിറവംപള്ളി എന്നിവ പുത്തൻകൂററുകാക്കു് പരിപൂർണ്ണമായി കൈവശപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. ഇവയ്ക്കെല്ലാം കൃതജ്ഞതാസൂചകമായി യാക്കോബായ ദൈവാലയങ്ങളിൽ യഥേഷ്ടം പ്രസംഗിക്കുന്നതിനും, സെമ്മനാരിയിലേ ശെമ്മാശന്മാരെ പഠിപ്പിക്കുന്നതിനും, പ്രോട്ടസ്റ്റൻറു വേദപുസ്തകം യാക്കോബ്യരുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനുമുള്ള അനുവാദം മാർ ദീവന്നാസ്യോസു് മെത്രാപ്പോലീത്താ മിഷ്യനറിമാക്കു നല്കയുണ്ടായി. അതുമെന്യേ പ്രസ്തുത മിഷ്യനറിമാരുടെ പ്രേരണയനുസരിച്ചു് അവിവാഹിതരായിരുന്ന വൈദികന്മാർ വിവാഹം ചെയ്തുകൊള്ളുന്നതിനു മെത്രാപ്പോലീത്താ കല്പന അയക്കുകയും തൽഫലമായി ഒട്ടനേകം വൈദികന്മാർ വിവാഹിതരായിത്തീരുകയും ചെയ്തു. തങ്ങൾക്കു ലഭിച്ച ഈ ദുഃസ്വാതന്ത്ര്യം പ്രോട്ടസ്റ്റൻറു മിഷ്യനറിമാർ ശരിയായി ഉപയോഗിക്കതന്നെ ചെയ്തു. അങ്ങനെ കേരളത്തിലേ യാക്കോബായ സഭയിൽ പ്രോട്ടസ്റ്റൻറു വിശ്വാസവിഷബീജങ്ങൾ പ്രചരിച്ചുകൊണ്ടിരുന്ന അവസരത്തിലായിരുന്നു മദ്ധ്യതിരു

വിതാംകൂറിൽ തിരുവല്ലാത്താലൂക്കിൽ മാരാമൺ എന്ന സ്ഥലത്തുള്ള പാലക്കുന്നത്തു അബ്രഹാം മല്പാൻ ഏതാനും ചില വൈദികന്മാരോടു കൂടെ പ്രോട്ടസ്റ്റൻറുകാരുടെ ആയുധമായി പ്രവർത്തിക്കുവാൻ മുൻപോട്ടു വന്നതു്.

## പാലക്കുന്നത്തു് അബ്രഹാം മല്പാൻ

തിരുവല്ലാ താലൂക്കിൽ മാരാമണ്ണു പാലക്കുന്നത്തു് എന്ന പുരാതനകുടുംബത്തിൽ 1796-ൽ ഇദ്ദേഹം ഭൂജാതനായി. ബാല്യകാലത്തു തന്നെ അതിസമർത്ഥനായിരുന്ന ഇദ്ദേഹം മലയാളവിദ്യാഭ്യാസാനന്തരം എട്ടാം മാർത്തോമ്മായിൽ നിന്നും ശെമ്മാശ്ശുപട്ടം സ്വീകരിച്ചു. അനന്തരം പുതുപ്പള്ളി എന്ന സ്ഥലത്തു സുറിയാനി മല്പാനുമൊന്നിച്ചു താമസിച്ചു സുറിയാനിഭാഷ അഭ്യസിച്ചുകൊണ്ടിരുന്നു. 1815-ൽ എട്ടാം മാർത്തോമ്മായിൽനിന്നു വൈദികപട്ടം സ്വീകരിക്കയുണ്ടായി. എന്നാൽ ഏതാനും വർഷങ്ങൾക്കുശേഷം എട്ടാം മാർത്തോമ്മായുടെ കൈവയ്പിനേയും തദ്വാരാ തൻെറ വൈദികാഭിഷേകത്തിൻെറ സാധുതയേയും പററി ഇദ്ദേഹം സംശയിക്കുവാൻ തുടങ്ങി. തൽഫലമായി പരദേശത്തുനിന്നും വന്നിരുന്ന അത്താനാസ്യോസ് അബ്ദംശീഹ് എന്ന മെത്രാനാൽ 1826-ൽ ഇദ്ദേഹം "അഴിച്ചുപട്ടം" സ്വീകരിച്ചു. ഇതിങ്കൽ ക്ഷുഭിതനായിത്തീർന്ന എട്ടാം മാർത്തോമ്മാ, തിരുവെഴുത്തു വിളംബരമനുസരിച്ചു മെത്രാനായി ഭരിച്ചിരുന്ന തന്നെ അബ്രഹാം മല്പാൻ അപമാനിച്ചു എന്നു കാണിച്ചു ഗവണ്മെൻറിൽ പരാതി ബോധിപ്പിക്കയുണ്ടായി. പ്രസ്തുത കേസു വിചാരണ നടത്തിയശേഷം അബ്രഹാം മല്പാനെ ജയിൽവാസത്തിനു ശിക്ഷിക്കയും കുറേനാൾ അദ്ദേഹം ജയിൽശിക്ഷ അനുഭവിക്കയും ചെയ്തു.

യാക്കോബായ സഭാംഗങ്ങളുടെ ഇടയിൽ പ്രോട്ടസ്റ്റൻറു വിശ്വാസങ്ങൾ പ്രചരിപ്പിക്കുന്നതിനു പററിയ ഉപകരണമായി അബ്രഹാം മല്പാനെ മിഷ്യനറിമാർ സ്വീകരിച്ചു. അവരുടെ പ്രേരണ അനുസരിച്ചു വിവാഹംചെയ്ത വൈദികന്മാരിൽ പ്രഥമൻ അബ്രഹാം മല്പാൻ തന്നെയായിരുന്നു. കോട്ടയം വൈദിക സിമ്മനാരിയിലെ സുറിയാനി മല്പാനായി മിഷ്യനറിമാർ അദ്ദേഹത്തെ നിയമിച്ചു. അബ്രഹാം മല്പാനും അദ്ദേഹത്തിൻെറ അനുയായികളായ ഏതാനും വൈദികന്മാരും ചേൎന്നു്, യാക്കോബായ സഭയെ വിശ്വാസങ്ങളിലും ആചാരങ്ങളിലും പരിഷ്കരിക്കുന്നതിനു് അഥവാ നവീകരിക്കുന്നതിനു തങ്ങൾ സന്നദ്ധരാണെന്നു

കാണിച്ചുകൊണ്ട് 1836-ൽ മദ്രാസിലേയ്ക്കു് ഒരു കത്തയച്ചു. തൽഫലമായി യാക്കോബായ കുർബാന തക്സായും മററും വെട്ടിത്തിരുത്തി പ്രോട്ടസ്റ്റൻറു വിശ്വാസമനുസരിച്ചു പരിഷ്കരിക്കുന്നതിനു വേണ്ടി പ്രതിമാസശമ്പളവും കൊടുത്തു് അബ്രഹാം മല്പാൻെറ നേതൃത്വത്തിൽ നാലു വൈദികന്മാരെ മിഷ്യനറിമാർ നിയോഗിച്ചു. അതനുസരിച്ചു കുർബാന തക്സായിൽ ഒട്ടേറെ നവീകരണങ്ങൾ അവർ വരുത്തുകയും അങ്ങനെ വെട്ടിത്തിരുത്തിയ കുർബാന തക്സാ ഉപയോഗിച്ചു പല സ്ഥലങ്ങളിലും കർബാന അപ്പിക്കയും ചെയ്തു. പ്രധാനമായി താഴെ ക്കാണുന്ന പരിഷ്കാരങ്ങളായിരുന്നു പ്രോട്ടസ്റ്റൻറു മിഷ്യനറിമാരുടെ ആലോചനയോടുകൂടെ അബ്രഹാം മല്പാനും അനുയായികളും യാക്കോബായ സഭയിൽ നടപ്പിൽ വരുത്തുവാൻ പരിശ്രമിച്ചതു്.

## അബ്രഹാം മല്പാൻെറ നവീകരണങ്ങൾ

1. പരിശുദ്ധന്മാരോടുള്ള പ്രാർത്ഥന നീക്കിക്കളഞ്ഞു.

2. മരിച്ചവക്കുവേണ്ടിയുള്ള അപേക്ഷകൾ നീക്കംചെയ്തു.

3. "ലോകാതൃത്തികളെ അധീനമാക്കിയിരിക്കുന്ന നിന്നെ ഞാൻ എടുക്കുന്നു........................ദൈവമായ നിന്നെ ഞാൻ എൻെറ വായിൽ വയ്ക്കുന്നു" എന്ന പ്രാത്ഥന കുർബാന തക്സായിൽ നിന്നും എടുത്തുകളഞ്ഞു.

4. "സവ്വലോകത്തിലുമുള്ള നിൻെറ വിശുദ്ധ സഭയ്ക്കുവേണ്ടി രക്തം കൂടാത്ത ഈ ബലിയെ നിനക്കു ഞങ്ങൾ അണയ്ക്കുന്നു" എന്ന പ്രാത്ഥനയെ "കത്താവേ, സഭയ്ക്കുവേണ്ടി ഈ പ്രാത്ഥനയെ ഞങ്ങൾ അണയ്ക്കുന്നു" എന്നിങ്ങനെ ഭേദപ്പെടുത്തി.

5. "ജീവനുള്ള ബലിയെ അണയ്ക്കുന്നു" എന്ന പ്രഖ്യാപനത്തെ "ജീവനുള്ള ബലിയെ കൃപയും സമാധാനവും സ്തോത്രവുമാകുന്ന ബലിയെ—അണയ്ക്കുന്നു" എന്നു ഭേദപ്പെടുത്തി.

6. "ഈ കുർബാന........ബലിയും സ്തോത്രവുമാകുന്നു"എന്നുള്ള പ്രഖ്യാപനം നീക്കിക്കളഞ്ഞു.

7. "വി. റൂഹാ ധൂപകലശത്തെ ശുദ്ധീകരിക്കുന്നവനാകുന്നു" എന്ന പ്രഖ്യാപനം നീക്കിക്കളഞ്ഞു.

8. ധൂപക്കുററി വാഴ്ത്തണമെന്നുള്ള കുറിപ്പു എടുത്തുകളഞ്ഞു.

9. "ഈ അപ്പത്തെ ജീവനുണ്ടാക്കുന്ന ശരീരമായി രക്ഷാകരമായ ശരീരമാക്കിത്തീക്കമാറാകട്ടെ" എന്നതിനെ "അവൻ (പരിശുദ്ധ റൂഹാ) ആവസിച്ചുകൊണ്ടു് ഈ അപ്പത്തെ അതിനെ കൈക്കൊള്ളുന്നവക്കു പാപങ്ങളുടെ മോചനത്തിനും നിത്യജീവനുമായി യേശുമിശിഹായുടെ ശരീരമായി തീക്കമാറാകട്ടെ" എന്നിങ്ങനെ ഭേദപ്പെടുത്തി.

10. "നമ്മുടെ രക്ഷിതാവിൻെറ കല്ലറമേൽ വെയ്ക്കപ്പെട്ട തീക്കൽ പാറയും നീയാകുന്നു" എന്നതിനെ "പണിക്കാർ നിരസിച്ച ശോധന ചെയ്യപ്പെട്ടതും വിലയേറിയതുമായ ആ തീക്കൽപാറ നീയാകുന്നു" എന്നു ഭേദപ്പെടുത്തി.

### ആചാരങ്ങളിൽ ചെയ്ത ഭേദം

1. കുർബാന രണ്ടായിട്ടു കൊടുക്കണമെന്നു നിശ്ചയിച്ചു.

3. വൈദികന്മാരോടു പാപം ഏററു പറഞ്ഞു പാപമോചനം പ്രാപിക്കുന്ന രഹസ്യകുമ്പസാരം നിത്തലാക്കി.

3. അനുഭവിക്കുവാൻ ആളില്ലാത്തപ്പോഠം വി. കുർബാന ചൊല്ലുന്ന പതിവു നിറുത്തലാക്കി.

(മലങ്കര മാത്തോമ്മാ സഭാചരിത്രസംഗ്രഹം പുറം 79—80)

## മെത്രാപ്പോലീത്തായുടെ മുടക്കും നവീകരണകക്ഷിയുടെ ആവിർഭാവവും

അബ്രഹാം മല്പാനും സഹവൈദികന്മാരും യാക്കോബായ തക്സായിലും ക്രുദാശക്രമങ്ങളിലും നിരവധി ഭേദഗതികഠം ചെയ്തുവെന്നും, പ്രോട്ടസ്റ്റൻറു വിശ്വാസം അവർ മിക്കവാറം സ്വീകരിച്ചു കഴിഞ്ഞു എന്നും അറിഞ്ഞ ഉടൻതന്നെ ചേപ്പാട്ടു മാർ ദിവന്നാസ്യോസു മെത്രാപ്പോലിത്താ അബ്രഹാം മല്പാനേയും അദ്ദേഹത്തോടു സഹകരിച്ചവരേയും യാക്കോബായ സഭയിൽനിന്നും മുടക്കുകയും അബ്രഹാം മല്പാൻെറ കീഴിൽ പരിശീലനം നടത്തുന്ന ശെമ്മാശന്മാക്കു പട്ടം നല്കുന്നതല്ലെന്നു കല്പന അയയ്ക്കുകയും ചെയ്തു. ഏവംവിധം യാക്കോബായ സഭയിൽനിന്നും ബഹിഷ്കൃതരായപ്പോഠം അനന്തരകരണീയം എന്തെന്നു് അബ്രഹാം മല്പാനും കൂട്ടരും ആലോചന നടത്തിത്തുടങ്ങി. ആംഗ്ലിക്കൻ സഭയോടു ചേരുകയോ അതല്ലാത്തപക്ഷം ഒരു പുതിയ കക്ഷി ഉണ്ടാക്കു

കയോ ഏതാണു വേണ്ടതെന്നുള്ളതായിരുന്നു അവരുടെ ചിന്താവിഷയം. അംഗ്ലിക്കൻ സഭയിൽ ചേരുന്നപക്ഷം തങ്ങളെ അനുഗമിക്കുവാൻ യാഥാസ്ഥിതികരായസുറിയാനിക്കാർസന്നദ്ധരാവുകയില്ലെന്നു് അവക്കറിയാമായിരുന്നു. തന്നിമിത്തം ഒരു പുതിയ കക്ഷി ഉണ്ടാക്കുന്നതിനു തന്നെ അവർ തിരുമാനിച്ചു. ആരാധനക്രമങ്ങളും, വേഷവും, ഭാഷയും യാക്കോബായസഭയിലേതു പോലെതന്നെആയിരിക്കണമെന്നും എന്നാൽ വിശ്വാസവിഷയങ്ങൾ അംഗ്ലിക്കൻ സഭയിലേ ലോച്ചർച്ചുകാരുടേതു് ആയിരിക്കണമെന്നുമായിരുന്നു അവരുടെ നിശ്ചയം. പക്ഷെ പുതിയ കക്ഷിയെ ഭരിക്കുന്നതിനു് ഒരു മെത്രാൻ അത്യന്താപേക്ഷിതമായിരുന്നതിനാൽ എങ്ങനെയെങ്കിലും ഒരു മെത്രാനെ ലഭിക്കുന്നതിനുള്ള മാർഗ്ഗത്തെക്കുറിച്ചായിരുന്നു പിന്നീടു് അവർ ചിന്തിച്ചതു്. അബ്രഹാം മല്പാൻെറ സഹോദരപുത്രനായ മാത്യൂസ് ശെമ്മാശനെ അന്ത്യോക്യയിലേക്കയച്ചു യാക്കോബായ പാത്രിയർക്കീസിനെക്കൊണ്ടു് എങ്ങനെയെങ്കിലും മെത്രാൻപട്ടം കൊടുപ്പിക്കണം എന്നായിരുന്നു അവർ തീരുമാനിച്ചതു്. ഇക്കാര്യത്തിൽ വേണ്ട സകല സഹായസഹകരണങ്ങളും ചെയ്തുകൊടുക്കാമെന്നു പ്രോട്ടസ്റ്റൻറ മിഷ്യനറിമാരിൽ നിന്നുള്ള വാഗ്ദാനവും അവക്കു ലഭിച്ചു.

## മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ

മാരാമണ്ണു് പാലക്കുന്നത്തു കുടുംബത്തിൽ അബ്രഹാം മല്പാൻെറ സഹോദരപുത്രനായി 1818-ൽ മാത്യൂസ് ഭൂജാതനായി. സ്വദേശത്തേ പ്രാഥമികവിദ്യാഭ്യാസാനന്തരം പതിനൊന്നാമത്തെ വയസ്സിൽ കോട്ടയം വൈദിക സിമ്മനാരിയിൽ വൈദിക പരിശീലനാർത്ഥം മാത്യൂസു പ്രവേശിക്കയും പതിമൂന്നാംവയസ്സിൽ ശെമ്മാശുപട്ടം സ്വീകരിക്കയുംചെയ്തു. സെമ്മനാരിയിൽ സുറിയാനിഭാഷാപഠനം നടത്തിക്കൊണ്ടിരുന്നപ്പോൾ നവീകരണ വിഷയത്തിൽ തൻെറ പിതൃവ്യനായ അബ്രഹാം മല്പാനോടു് അനുകൂലിക്കയാൽ ചേപ്പാട്ടു മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ അബ്രഹാം മല്പാനെ മുടക്കിയ കൂട്ടത്തിൽ ഇദ്ദേഹത്തേയും മുടക്കി. ഉടൻതന്നെ മല്പാൻെറ ആലോചനയോടും അംഗ്ലിക്കൻ മിഷ്യനറിമാരുടെ സഹായത്തോടുംകൂടെ മദ്രാസിലേ അംഗ്ലിക്കൻ വൈദികസിമ്മനാരിയിലേക്കു് മാത്യൂസു ശെമ്മാശനെ അയക്കുകയുണ്ടായി. അവിടെ പഠനം നടത്തിക്കൊണ്ടിരുന്നപ്പോൾ

വൈദികവൃത്തിക്കു് അശേഷം യോഗ്യനല്ലെന്നു് അധികൃതർക്കു് ബോദ്ധ്യപ്പെട്ടകയാൽ പ്രസ്തുത സെമ്മനാരിയിൽ നിന്നും ശെമ്മാശൻ ബഹിഷ്കൃതനായിത്തീൎന്നു. അനന്തരം അബ്രഹാം മല്പാൻെറ നിർദ്ദേശാനുസരണം യാക്കോബായപാത്രിയക്കീസിൽ നിന്നും വൈദികപട്ടവും മെത്രാൻ പട്ടവും സ്വീകരിക്കുന്നതിനായി 1841-ൽ മാത്യൂസ് ശെമ്മാശൻ അന്ത്യോക്യയിലേക്കു യാത്ര പുറപ്പെട്ടു. അന്ത്യോക്യയിൽ എത്തി യാക്കോബായ പാത്രിയക്കീസിനോടു് ഒന്നിച്ചു് അദ്ദേഹം രണ്ടുവൎഷം താമസിച്ചു. സമൎത്ഥനും നയതന്ത്രജ്ഞനുമായിരുന്നതിനാൽ പാത്രിയക്കീസ് വൈദികപട്ടവും അനന്തരം "മാത്യൂസ് മാർ അത്താനാസ്യോസ്" എന്ന പേരിൽ മെത്രാൻ പട്ടവും അദ്ദേഹത്തിനു നല്കുകയുണ്ടായി. മലങ്കരയിലെ മെത്രാപ്പോലീത്താ മരിച്ചുപോയി എന്നും തങ്ങൾക്കു് ഒരു മെത്രാപ്പോലീത്തായെ അയച്ചുതരണമെന്നും കാണിച്ചു് അനേകർ ഒപ്പിട്ടുള്ള ഒരപേക്ഷ മാത്യൂസു മാർ അത്താനാസ്യോസു പാത്രിയക്കീസിനു സമൎപ്പിച്ചതുനിമിത്തമാണു് മെത്രാൻപട്ടവും അധികാരപത്രവും പാത്രിയക്കീസു നല്കിയതെന്നു ചില ചരിത്രകാരന്മാർ പ്രസ്താവിക്കുന്നുണ്ടു്. അതിൻെറ വാസ്തവം എങ്ങനെയിരുന്നാലും 1843-ൽ മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ അധികാരപത്രവും കൊണ്ടു മലങ്കരയിൽ എത്തിച്ചേൎന്നു

## മെത്രാന്മാർ തമ്മിലുണ്ടായ വടംവലി

മാത്യൂസ് മാർ അത്താനാസ്യോസിനെ അന്ത്യോക്യയിലേക്കു് അയച്ചതിലും, മെത്രാൻപട്ടം സ്വീകരിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതിലും അബ്രഹാം മല്പാനുണ്ടായിരുന്ന ഉദ്ദേശ്യം ഇവിടെ ഒരു പുതിയ കക്ഷിയെ ഉണ്ടാക്കി അതിൻെറ മേലദ്ധ്യക്ഷനായി അദ്ദേഹത്തെ അവരോധിക്കണമെന്നുള്ളതായിരുന്നു. എന്നാൽ പുതിയ ഒരു കക്ഷി ഇവിടെ ഉണ്ടാക്കുന്നതു് അസാദ്ധ്യമാണെന്നു മാത്യൂസ് മാർ അത്താനാസ്യോസിനു ബോദ്ധ്യപ്പെട്ടകയാൽ യാക്കോബായസഭയുടെ മെത്രാപ്പോലീത്താ ആയി ഭരണം നടത്തുന്നതിനു വേണ്ടിയാണു് അദ്ദേഹം തുടൎന്നു പരിശ്രമം നടത്തിയതു്. ഇവിടുത്തെ യാക്കോബായ സഭയെ ചേപ്പാട്ടു മാർ ദീവന്നാസ്യോസ് മെത്രാപ്പോലിത്താ തിരുമേനി ഭരിച്ചുകൊണ്ടിരുന്നതിനാൽ മാത്യൂസു മാർ അത്താനാസ്യോസിനു ഭരണാധികാരം ലഭിക്കുക വിഷമമായിത്തീൎന്നു. അങ്ങനെ മെത്രാപ്പോലീത്തന്മാർ തമ്മിൽ ശക്തിയായ വടംവലിയും ആരംഭിച്ചു. മാത്യൂസു മാർ അത്താനാസ്യോസിനെതിരായി ചേപ്പാട്ടു മാർ ദിവന്നാസ്യോസ് അന്ത്യോക്യാപാത്രി

യക്കീസിൻെറ അടുക്കലേയ്ക്കു ഒട്ടനേകം ഹർജികൾ ഒന്നിനുപുറകേ ഒന്നായി അയച്ചുകൊണ്ടിരുന്നു. തന്മൂലം ക്കുറിലോസ് എന്നു പേരായ ഒരു പരദേശമെത്രാനെ അന്ത്യോക്യാ പാത്രിയക്കീസ് മലങ്കരയിലേക്കയച്ചു. ഇവിടത്തേ യഥാർത്ഥസ്ഥിതിഗതികൾ മനസ്സിലാക്കിയ ക്കുറിലോസ് മെത്രാനാകട്ടേ മാത്യൂസ് മാർ അത്താനാസ്യോസിനെതിരായി പാത്രിയക്കിസിൻെറ അടുക്കൽ റിപ്പോർട്ടു സമർപ്പിക്കയാണുണ്ടായതു്. മെത്രാന്മാർ തമ്മിലുണ്ടായ ഈ വടംവലിയിൽ ചേപ്പാട്ടു മാർ ദീവന്നാസ്യോസ് പരാജിതനായിത്തീർന്നേക്കുമോ എന്നുള്ള ഭയംനിമിത്തം ക്കുറിലോസിനെ മലങ്കര മെത്രാപ്പോലീത്തായായി നിയമിച്ചുകൊണ്ടുള്ള കല്പന പാത്രിയക്കീസു് അയച്ചു. അങ്ങനെ മാർ ക്കുറിലോസും അത്താനാസ്യോസുമായുള്ള ദ്വന്ദയുദ്ധമായിരുന്നു പിന്നീടു നടന്നതു്. ഇരുകൂട്ടരും തിരുവിതാംകൂർ ഗവമ്മെൻറിൻെറ പക്കൽ പരാതി ബോധിപ്പിച്ചു. ഇരുകക്ഷികളുടേയും വാദം കേട്ടതിനുശേഷം തീരുമാനം ചെയ്യുന്നതിനു വേണ്ടി തിരുവിതാംകൂർ ഗവമ്മെൻറു ഒരു കമ്മററിയെ നിശ്ചയിച്ചു. പ്രസ്തുതകമ്മററി മാത്യൂസ് മാർ അത്താനാസ്യോസിനു അനുകൂലമായ റിപ്പോർട്ടയയ്ക്കുകയാൽ സാക്ഷാൽ മലങ്കര മെത്രാപ്പോലീത്താ മാത്യൂസ് മാർ അത്താനാസ്യോസു ആണെന്നുള്ള പ്രഖ്യാപനം 1852-ൽ തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ടു് ഒരു വിളംബരരൂപത്തിൽ പുറപ്പെടുവിച്ചു. പ്രസ്തുത വിളംബരം ഇപ്രകാരമായിരുന്നു:—

"ശ്രീപത്മനാഭദാസ വഞ്ചി ബാലമാർത്താണ്ഡവർമ്മ കുലശേഖര കിരീടപതി മന്നേസുൽത്താൻ മഹാരാജ രാജ ഭാഗ്യോദയ രാമരാജ ബഹദൂർ ഷംസർ ജംഗു് മഹാരാജാ അവർകൾ സകലമാനപേർക്കും പ്രസിദ്ധപ്പെടുത്തുന്ന വിളംബരം.

കോട്ടയത്തു പാക്കുന്ന മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്കു് വയസ്സുകാലമായി സ്ഥാനം ഒഴിഞ്ഞിരിക്കകൊണ്ടും ആ സ്ഥാനത്തേയ്ക്കു് അന്ത്യോക്യായിൽനിന്നും എഴുത്തുവാങ്ങിച്ചുകൊണ്ടു വന്നിരിക്കുന്ന മാർ അത്താനാസ്യോസിനെ മെത്രാപ്പോലീത്താ ആയിട്ടു നിശ്ചയിച്ചിരിക്കകൊണ്ടും ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ, മലങ്കര ഇടവകയിൽ പുത്തൻകൂററു സുറിയാനിക്കാർ ഉൾപ്പെട്ട എല്ലാപേരും മേലെഴുതിയ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തിനെ അനുസരിച്ചു് കീഴ്മര്യാദപോലെ നടന്നുകൊൾകയും വേണം. എന്നു് 1027-ാമാണ്ടു കർക്കടകം 15-ാംനു."

കൊച്ചീ മഹാരാജാവു തിരുമനസ്സുകൊണ്ടും മാർ അത്താനാസ്യോസിനു അനുകൂലമായ ഒരു വിളംബരം താമസിയാതെ പ്രസിദ്ധപ്പെടുത്തി. തന്മൂലം പള്ളികളിൽ പരസ്യമായി സഞ്ചരിക്കുവാൻ നിവൃത്തിയില്ലാതെയായിത്തീൎന്ന മാർ കൂറിലോസു മെത്രാപ്പോലീത്താ കൊച്ചിയിലേ ഒരു പള്ളിയിലും, മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ ചേപ്പാട്ടുപള്ളിയിലും താമസിച്ചു കൊണ്ടിരുന്നു. അങ്ങനെ വിജയശ്രീലാളിതനായിത്തീൎന്ന മാത്യൂസ് മാർ അത്താനാസ്യോസ് യാക്കോബായ സഭയുടെ മെത്രാപ്പോലിത്താ ആയി ഭരണവും ആരംഭിച്ചു.

മലങ്കരയിലേ വിവരങ്ങളെല്ലാം ഗ്രഹിച്ചുകൊണ്ടിരുന്ന അന്ത്യോക്യാ യാക്കോബായ പാത്രിയക്കീസു തന്റെ പ്രതിനിധിയായി "മാർ സ്തേപ്പാനോസ്" എന്ന ഒരു മെത്രാനെ ഇവിടേക്കയച്ചുവെങ്കിലും ഗവൎമ്മെൻറിന്റെ പ്രാതികൂല്യം നിമിത്തം അദ്ദേഹം ഉടൻതന്നെ ഇവിടെ നിന്നും മടങ്ങിപോകേണ്ടതായി വന്നുകൂടി. ഈ അവസരത്തിൽ കൂറിലോസിന്റെ കക്ഷികൾ പുലിക്കോട്ടിൽ യൗസേപ്പുകത്തനാരെ അന്ത്യോക്യയിലേക്ക് അയയ്ക്കുകയും ഇവിടുത്തെ മെത്രാപ്പോലീത്തയായി അദ്ദേഹത്തെ അഭിഷേചിച്ച് ഇവിടേയ്ക്ക് അയക്കണമെന്നു പാത്രിയക്കീസിനോടു അഭ്യൎത്ഥിക്കുകയും ചെയ്തു. തൽഫലമായി അന്ത്യോക്യാ പാത്രിയക്കീസു "മാർ ദീവന്നാസ്യോസ്" എന്ന പേരിൽ അദ്ദേഹത്തെ മെത്രാനായി അഭിഷേചിക്കുകയും, മലങ്കര മെത്രാപ്പോലിത്തയാക്കിക്കൊണ്ടുള്ള അധികാരപത്രം നല്കി ഇവിടേക്കയയ്ക്കുകയും ചെയ്തു. 1865-ൽ ആണ് അദ്ദേഹം ഇവിടെ വന്നെത്തിയതു്. ഉടൻതന്നെ മാത്യൂസ് മാർ അത്താനാസ്യോസിനെതിരായുള്ള പ്രവൎത്തനം അദ്ദേഹവും ആരംഭിച്ചു. പാത്രിയക്കീസിൽ നിന്നും മലങ്കര മെത്രാപ്പോലീത്തയായി നിയമിച്ചുകൊണ്ടുള്ള അധികാരപത്രം തനിക്കു ലഭിച്ചിട്ടുണ്ടെന്നും, തന്മൂലം തിരുവെഴുത്തു വിളംബരം തനിക്കു നല്കണമെന്നും കാണിച്ചുകൊണ്ടു് അദ്ദേഹം ഗവൎമ്മെൻറിൽ അപേക്ഷബോധിപ്പിച്ചുവെങ്കിലും ഗവൎമ്മെൻറു് നിരസിക്കയാണുണ്ടായതു്. അന്ത്യോക്യാ പാത്രിയൎക്കീസിന്റെ അടുക്കലേക്കു മാർ ദീവന്നാസ്യോസു തുടൎന്നു പരാതി അയച്ചു കൊണ്ടിരുന്നു.

## പത്രോസു പാത്രിയക്കിസിന്റെ ആഗമനം

യാക്കോബായ പാത്രിയൎക്കീസായിരുന്ന മാർ ഏലിയാസ് ഇതിനകം നിൎയ്യാണമടയുകയും അദ്ദേഹത്തിന്റെ പിൻഗാമിയായി

പത്രോസു പാത്രിയക്കീസ് അവരോധിക്കപ്പെട്ടകയും ചെയ്തിരുന്നു. മലങ്കരയിലെ സ്ഥിതിഗതികൾ ശരിക്കു ഗ്രഹിച്ചുകൊണ്ടിരുന്ന പത്രോസ് പാത്രിയക്കീസു മലങ്കരയിലേക്ക് എഴുന്നെള്ളി ഇവടത്തെ കുഴപ്പങ്ങൾ തീക്കുന്നതിനു തന്നെ നിശ്ചയിച്ചു. അതിനുവേണ്ടി അദ്ദേഹം ഇംഗ്ലണ്ടിലെത്തുകയും വിക്ടോറിയാ മഹാറാണിയേയും മററും സന്ദശിച്ചു തൻെറ ഉദ്ദേശസാദ്ധ്യത്തിനായി ചില കത്തുകൾ ഇൻഡ്യയിലെ ബ്രി. അധികാരികൾക്കായി വാങ്ങിക്കുകയും ചെയ്തു. 1875-ൽ അദ്ദേഹം മലങ്കരയിൽ വന്നെത്തി. 23-വർഷത്തോളം മലങ്കര യാക്കോബായ സഭയുടെ മെത്രാപ്പോലീത്തയായി ഭരണം നടത്തിക്കൊണ്ടിരുന്ന മാത്യൂസ് മാർ അത്താനാസ്യോസിനു നല്കിയിരുന്ന തിരുവെഴുത്തു വിളംബരം ഗവണ്മെൻറിനെക്കൊണ്ടു് അദ്ദേഹം ആദ്യമായി പിൻവലിപ്പിച്ചു. അനന്തരം മാത്യൂസ് മാർ അത്താനാസ്യോസിനേയും അനുയായികളേയും യാക്കോബായ സഭയിൽനിന്നും മുടക്കുകയും അതു സംബന്ധിച്ചുള്ള കല്പന പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. പ്രസ്തുത കല്പനയിൽ ഒരു ഭാഗം താഴെ ചേർത്തുകൊള്ളുന്നു:—

"എന്നാൽ പ്രിയമുള്ളവരേ, മാത്യൂസ് എന്നവൻ നമുക്കു മുമ്പേ ഭരിച്ചുവന്നിരുന്ന പാത്രിയക്കീസ് ബാവാന്മാരാൽ ശപിക്കപ്പെട്ടവനാകുന്നു. ഇപ്പോൾ നാം രണ്ടാമതും അവനേയും ശ്ലീഹന്മാരുടേയും ബാവാന്മാരുടേയും നിയമത്തിനു വിരോധമായി മേല്പട്ടക്കാരുടെ നാമത്തിൽ അവൻ പേർ മാററിവിളിക്കുന്ന രണ്ടു മനുഷ്യരേയും ശപിച്ചിരിക്കുന്നു. ഇനിമേലാൽ നിങ്ങളുടെ പള്ളികളിൽനിന്നും അവരെ പുറത്തുആട്ടിക്കളയണം. എന്തെന്നാൽ മാത്യൂസും ആ രണ്ടു മനുഷ്യരും മേല്പട്ടസ്ഥാനത്തിൻെറ യാതൊരു ക്രമത്തിലും പേരു മാററുവാൻ ദൈവത്താൽ അധികാരമവക്കില്ല. നാം അവരെ ശപിച്ചതുപോലെ നിങ്ങളും അവരെ ശപിച്ചുകൊള്ളണം."

അനന്തരം പത്രോസു പാത്രിയക്കീസു മുളന്തുരുത്തിയിൽവച്ചു് ഒരു സുന്നഹദോസ് വിളിച്ചുകൂട്ടി. 150-ഓളം പള്ളികളിലെ പ്രതിനിധികൾ അതിൽ സംബന്ധിച്ചിരുന്നു. മലങ്കരയെ ഏഴു ഭദ്രാസനങ്ങളായി വിഭജിക്കുകയും ഏഴു മെത്രാന്മാരുടെ ഭരണത്തിൻകീഴിൽ ഏല്പിക്കുകയും ചെയ്തു. പുലിക്കോട്ടു മാർ ദീവന്നാസ്യോസിനെ മലങ്കര മെത്രാപ്പോലീത്തായായി നിയമിച്ചിരിക്കുന്ന വിവരം അവിടെവച്ചു പ്രഖ്യാപിക്കയും ചെയ്തു. ഇതിനുശേഷം 1877-ൽ പാത്രിയക്കീസു അന്ത്യോക്യയിലേക്കു മടങ്ങിപ്പോയി. മാത്യൂസ് മാർ അത്താനാസ്യോസാകട്ടെ,

ഭരണാധികാരം നഷ്ടപ്പെട്ടതിൽ നിരാശനും നിരാലംബനുമായി സ്വന്തം ഇടവകയായ മാരാമണ്ണ് എത്തി താമസിക്കയും 1877-ൽ 59-ാമത്തെ വയസ്സിൽ നിര്യാണമടയുകയും ചെയ്തു. കേരളത്തിലേ ക്രൈസ്തവരെ സാമൂഹ്യമായും രാഷ്ട്രീയമായും ഉയർത്തുന്നതിനു് അദ്ദേഹം ചെയ്തിട്ടുള്ള നിസ്തന്ദ്രസേവനങ്ങൾ കൃതജ്ഞതാപൂർവ്വം എന്നെന്നും സ്മരിക്കേണ്ടതു തന്നെയാണു്.

## ഇരുകക്ഷികളും തമ്മിലുണ്ടായ വ്യവഹാരങ്ങൾ

തന്റെ സഹോദരപുത്രനായ തോമസു കത്തനാരെ അനന്തരാവകാശിയായി "തോമ്മസ് മാർ അത്തനാസ്യോസ്" എന്ന പേരിൽ 1867-ൽ മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാനായി വാഴിച്ചിരുന്നു. തൻമൂലം മാർ അത്താനാസ്യോസിന്റെ മരണശേഷം യാക്കോബായ സമുദായസ്വത്തുക്കൾ തോമ്മസ് മാർ അത്താനാസ്യോസിന്റെ കൈവശം എത്തിച്ചേർന്നു. മെത്രാന്മാരെ ആക്കുകയും നീക്കുകയും ചെയ്യുന്നതിൽ പ്രവേശിക്കുന്നതിലുള്ള അധികാരത്തിൽനിന്നും ഒഴിഞ്ഞു കൊണ്ടും ഭിന്നകക്ഷികൾ സിവിൽ കോടതിമുഖേന പള്ളികളും സ്വത്തുക്കളും സംബന്ധിച്ചുള്ള അവകാശവാദം സ്ഥാപിച്ചുകൊള്ളണമെന്നു് ആജ്ഞാപിച്ചു കൊണ്ടുമുള്ള രാജകീയവിളംബരമായിരുന്നു 1876-ൽ ഗവണ്മെൻറു പുറപ്പെടുവിച്ചിരുന്നതു്. ആകയാൽ പുലിക്കോട്ടു മാർ ദിവന്നാസ്യോസു വാദിയായും തോമ്മസ് മാർ അത്താനാസ്യോസും കൂട്ടു ട്രസ്റ്റികളും പ്രതികളായും 1879 ൽ ആലപ്പുഴ കോടതിയിൽ കേസു് ഫയൽചെയ്തു. വാദിക്കു് അനുകൂലമായി 1881-ൽ പ്രസ്തുത കോടതിയിൽനിന്നു വിധി പ്രസ്താവിക്കയുണ്ടായി. തുടർന്നു പ്രതികൾ തിരുവനന്തപുരം ഹൈക്കോർട്ടിൽ അപ്പീൽ ബോധിപ്പിച്ചു. അവിടെയും മാർ ദിവന്നാസ്യോസിനു അനുകൂലമായി കോർട്ടുചെലവു പ്രതികൾ കൊടുക്കണമെന്നുള്ള വ്യവസ്ഥയിന്മേൽ 1886-ൽ വിധി പ്രസ്താവിക്കപ്പെട്ടു. പരാജയകക്ഷികൾ രാജകീയഅപ്പീൽ ബോധിപ്പിച്ചു. കോടതിച്ചെലവു് ഇരുകൂട്ടരും വഹിക്കണമെന്നുള്ള വ്യവസ്ഥയിൽ അവിടേയും തോമ്മസ് മാർ അത്താനാസ്യോസിനു പ്രതികൂലമായി 1889-ൽ വിധിയുണ്ടായി.

യാക്കോബായ സഭയുടെ അംഗീകൃതതലവൻ അന്ത്യോക്യാ പാത്രിയർക്കീസാണെന്നും, പുലിക്കോട്ടു മാർ ദിവന്നാസ്യോസ് അദ്ദേഹത്താൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന മലങ്കര മെത്രാപ്പോലീത്താ ആണെന്നും, തൻമൂലം യാക്കോബായസമുദായസ്വത്തുക്കൾ അദ്ദേഹത്തിന്റെ

കൈവശം ഇരിക്കേണ്ടതാണെന്നും, പാത്രിയക്കീസിനാൽ മുടക്കപ്പെട്ട മാത്യൂസ് മാർ അത്താനാസ്യോസിന്റെ പിൻഗാമിയായ തോമ്മസ് മാർ അത്താനാസ്യോസിനു യാക്കോബായ സ്വത്തുക്കളിന്മേൽ യാതൊരവകാശവുമില്ലെന്നുമുള്ള വിധിയായിരുന്നു എല്ലാ കോടതികളിലും ഉണ്ടായതു് എന്നാൽ "സാക്ഷാൽ യാക്കോബായക്കാർ ഞങ്ങളാണു്" എന്നായിരുന്നു പ്രസ്തുത വ്യവഹാരങ്ങളിലെല്ലാം തോമ്മസ് മാർ അത്താനാസ്യോസും കൂട്ടരും വാദിച്ചു കൊണ്ടിരുന്നതു് എന്നുള്ളതു ഇത്തരുണത്തിൽ പ്രത്യേകം പ്രസ്താവ്യമത്രേ.

## നവീകരണകക്ഷിയുടെ ഉത്ഭവം

യാക്കോബായസമുദായ സ്വത്തുക്കളെല്ലാം കൈവിടേണ്ടി വന്നതു നിമിത്തം തോമ്മസു മാർ അത്താനാസ്യോസും കൂട്ടരും അതിയായി വിഷമിച്ചു. ഇനിയും എന്താണു വേണ്ടതെന്നുള്ള ആലോചന അണിയറയിൽ നടക്കുകയുണ്ടായി. അന്ത്യോക്യാ പാത്രിയക്കീസിനു കീഴ്പ്പെടുകയോ, ഒരു പുതിയ കക്ഷി രൂപവത്കരിക്കയോ, അതുമല്ലെങ്കിൽ ആംഗ്ലിക്കൻസഭയിൽ ചേരുകയോ ഏതാണു വേണ്ടതെന്നുള്ള ആലോചനയായിരുന്നു അവർ നടത്തിക്കൊണ്ടിരുന്നതു്. തങ്ങളുടെ പട്ടത്വം പോലും സമ്മതിക്കാത്തവരും കേസിൽ തങ്ങളെ പരാജയപ്പെടുത്തിയവരുമായ യാക്കോബായക്കാരുമായി യോജിച്ചു് അന്ത്യോക്യാ പാത്രിയക്കീസിനു് കീഴ്വഴങ്ങുവാൻ വൈമനസ്യമാണു് പലരും പ്രകടിപ്പിച്ചതു്. ആംഗ്ലിക്കൻ സഭയിലേ വിശ്വാസാചാരങ്ങൾ ഹിതകരമല്ലാതിരുന്നതിനാൽ പ്രസ്തുത സഭയിൽ ചേരുന്നതിൽ പലരും വിമുഖത പ്രദർശിപ്പിച്ചു. തൻമൂലം അനന്തരകരണീയം എന്തെന്നു് അവർ ആലോചിച്ചതിന്റെ ഫലമായി ഉടലെടുത്തതത്രേ നവീകരണകക്ഷി. പത്രോസ് പാത്രിയക്കീസു മാത്യൂസ് മാർ അത്താനാസ്യോസു മെത്രാപ്പോലീത്തായെ മുടക്കിയില്ലായിരുന്നു എങ്കിൽ—1876-ൽ തിരുവെഴുത്തുവിളംബരം പിൻവലിച്ചില്ലായിരുന്നു എങ്കിൽ—സമുദായ സ്വത്തുക്കൾക്കു വേണ്ടിയുള്ള വ്യവഹാരത്തിൽ തോമ്മസ് മാർ അത്താനാസ്യോസും കൂട്ടരും വിജയിച്ചിരുന്നു എങ്കിൽ "നവീകരണകക്ഷി" എന്ന പേരിൽ ഒരു പുതിയ കക്ഷി ഈ കേരളക്കരയിൽ ആവിർഭവിക്കയില്ലായിരുന്നു എന്നുള്ളതു് അവിതർക്കിതമായ പരമാത്ഥമത്രേ.

യാക്കോബായസഭയിൽ ഒരു പുതിയ കക്ഷി ഉണ്ടാക്കണമെന്നുള്ളതായിരുന്നു അബ്രഹാം മല്പാന്റെയും അനുയായികളുടേയും ആഗ്രഹം.

ഈ ഉദ്ദേശസാദ്ധ്യത്തിനുവേണ്ടിയായിരുന്നു മാത്യൂസ് മാർ അത്താനാസ്യോസിനെ അന്ത്യോക്യയിലേക്കയച്ചതും അദ്ദേഹത്തിനു മെത്രാൻ പട്ടം ലഭിക്കുന്നതിനുവേണ്ടി പരിശ്രമിച്ചു കൊണ്ടിരുന്നതും. എന്നാൽ മെത്രാൻപട്ടവും ലഭിച്ചു് ഇവിടെ എത്തിയ മാത്യൂസ് മാർ അത്താനാസ്യോസാകട്ടെ ഒരു പുതിയ കക്ഷിയെ ഇവിടെ ഉണ്ടാക്കുന്നതിനല്ല പിന്നെയോ, യാക്കോബായ സഭയുടെ ഭരണാദ്ധ്യക്ഷസ്ഥാനം കരസ്ഥമാക്കുന്നതിനുവേണ്ടിയത്രേ പരിശ്രമിച്ചു തുടങ്ങിയതു്. അതിനുവേണ്ടി ആയിരുന്നു ഗവമ്മെൻറിൽനിന്നും തിരുവെഴുത്തുവിളംബരവും അദ്ദേഹം സമ്പാദിച്ചതു്. പക്ഷേ, ഇരുപതിൽപരം വഷക്കാലത്തേ ഭരണത്തിനു ശേഷം അന്ത്യോക്യാ പാത്രിയക്കീസിൻെറ മുടക്കും രാജകീയ വിളംബരത്തിൻെറ പിൻവലിക്കലും മാത്യൂസ് മാർ അത്താനാസ്യോസിനെ ഭരണാധികാരരഹിതനാക്കിത്തീത്തു. അദ്ദേഹത്തിൻെറ പിൻഗാമിയായ തോമസ് മാർ അത്താനാസ്യോസാകട്ടേ യാക്കോബായസഭയുടെ സ്വത്തുക്കൾ കൈവശം ലഭിച്ചതിനാൽ പ്രസ്തുത സഭയുടെ മെത്രാപ്പോലീത്തയായിത്തന്നെ ഭരണം തുടരാമെന്നു് അഭിലഷിച്ചു. പക്ഷേ, വ്യവഹാരത്തിൽ പരാജയമടഞ്ഞു സ്വത്തുക്കളെല്ലാം ഉപേക്ഷിക്കേണ്ടിവന്ന തോടുകൂടെ അദ്ദേഹത്തിൻെറ ആശാസൗധം ഇടിഞ്ഞുവീഴുകയാണുണ്ടായതു്. തൻമൂലം ഒരു പുതിയ കക്ഷി ആവിർഭവിക്കയും അതിൻെറ പ്രചാരണത്തിനു വേണ്ടി മദ്ധ്യതിരുവിതാംകൂറിൽ പല സ്ഥലങ്ങളിലും തോമ്മസ് മാർ അത്താനാസ്യോസും അനുയായികളും അശ്രാന്തം പരിശ്രമിച്ചു തുടങ്ങുകയും ചെയ്തു.

## പരേതരായ അഞ്ചു മെത്രാന്മാർ

മാർത്തോമ്മാ സഭയുടെ അദ്ധ്യക്ഷന്മാരായിരുന്ന അഞ്ചു മെത്രാന്മാർ ഇതിനകം പരേതരായിട്ടുണ്ടു്. ഇവരിൽ 1) മാത്യൂസ് മാർ അത്താനാസ്യോസ് 2) തോമ്മസ് മാർ അത്താനാസ്യോസ് എന്നിവരെപ്പററി മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

3) <u>തീത്തൂസ് ഒന്നാം മാർത്തോമ്മാ</u>. 1893-ൽ തോമ്മസ് മാർ അത്താനോസ്യോസ് നിയ്യാണമടയുകയുണ്ടായി. അനന്തരം അബ്രഹാം മല്പാൻെറ കനിഷ്ഠപുത്രനായ ദത്തോസുകത്തനാരെ കോട്ടയം ചെറിയപള്ളിയിൽ വച്ചു് തോഴിയൂർ യൌസേപ്പു മാർ അത്താനാസ്യോസ്, മാർ ഗീവറുഗീസ് കൂറിലോസ് എന്നീ രണ്ടു മെത്രാന്മാർകൂടി 1893-ൽ മെത്രാനായി അഭിഷേചിച്ചു. അദ്ദേഹ

ത്തിൻെറ ഭരണകാലത്തു നവീകരണ കക്ഷിയ്ക്കു തിരുവല്ലാ, കോട്ടയം ആദിയായ സ്ഥലങ്ങളിൽ പ്രചരണം സിദ്ധിച്ചു. മാരാമൺ പാലക്കുന്നത്തു കുടുംബത്തിൽ നിന്നും വിവാഹം വഴിയായി പല സ്ഥലങ്ങളിൽ പോയി താമസിച്ചു കൊണ്ടിരുന്ന സ്ത്രീകളും അവരുടെ കുടുംബാംഗങ്ങളുമായിരുന്നു നവീകരണകക്ഷിയുടെ പ്രചാരണത്തിനു വേണ്ടി പ്രധാനമായി പ്രവത്തിച്ചു കൊണ്ടിരുന്നതു്. അബ്രഹാം മല്പാൻെറ സഹോദരപുത്രനായ ദത്തോസച്ചനെ 1899-ൽ തോഴിയൂർ ഇടവകയുടെ മാർ ക്കുറിലോസും ഒന്നാം തീത്തൂസ് മാത്തോമ്മായും കൂടി പുത്തൻകാവു പള്ളിയിൽ വച്ചു് മെത്രാനായി വാഴിച്ചു. 1909-ൽ തിരുവല്ലായിൽ വെച്ചു് തിത്തൂസ് പ്രഥമൻ നിയ്യാണമടഞ്ഞു.

4) <u>തീത്തൂസ് ദ്വിതീയൻ മാത്തോമ്മാ.</u> സമത്ഥന്മാരായ ഏതാനും വൈദികരുടേയും അയ്മേനികളുടേയും സഹായത്തോടുകൂടെ നവീകരണകക്ഷിയെ പല സ്ഥലങ്ങളിലും പ്രചരിപ്പിക്കുന്നതിനു ഇദ്ദേഹത്തിനു സാധിച്ചു. ഇദ്ദേഹത്തിൻെറ ഭരണകാലത്തു പ്രസ്തുത സഭയിൽ പല പ്രസ്ഥാനങ്ങളും ആരംഭിക്കയുണ്ടായി. നവീകരണകക്ഷി "മാത്തോമ്മാസഭ" എന്ന പേരു സ്വയം സ്വീകരിച്ചതു് ഇദ്ദേഹത്തിൻെറ കാലത്തായിരുന്നു.

ഉൽകൃഷ്ടബിരുദുധാരിയായിരുന്ന ഇരവിപേരൂർ മാരേട്ട് ഏബ്രഹാം കത്തനാരെ ഏബ്രഹാംമാത്തോമ്മാ എന്ന പേരിൽ തോഴിയൂർ മാർ ക്കുറിലോസിൻേറയും, മാർ അത്താനാസ്യോസിൻേറയും സഹായത്തോടുകൂടെ 1918-ൽ തീത്തൂസ് ദ്വിതീയൻ മാർത്തോമ്മാ മെത്രാനായി വാഴിച്ചു. വാർദ്ധക്യസഹജമായ രോഗത്താൽ 1935-ൽ തീത്തൂസ് ദ്വിതീയൻ തിരുവല്ലായിൽവച്ചു് നിയ്യാണമടഞ്ഞു.

5) <u>ഏബ്രഹാം മാർത്തോമ്മാ.</u> അനന്തരം ഭരണമേററ ഏബ്രഹാം മാർത്തോമ്മാ പണ്ഡിതനും, സമത്ഥനും, നയതന്ത്രജ്ഞനുമായ ഒരു മെത്രാപ്പോലീത്താ ആയിരുന്നു. തന്മൂലം മാത്തോമ്മാസഭയിലെ വിഭിന്നകക്ഷികളെ യോജിപ്പിച്ചുകൊണ്ടു പോകുന്നതിനു് അദ്ദേഹത്തിനു സാധിച്ചു. പ്രസ്തുത സഭയിലെ പല പ്രസ്ഥാനങ്ങളും അഭിവൃദ്ധി പ്രാപിച്ചതു് അദ്ദേഹത്തിൻെറ കാലത്തായിരുന്നു. 1939-ൽ അയിരൂർ സ്വദേശികളായ യൂഹാനോൻ തീമോത്തിയോസിനേയും

മാത്യൂസ് അത്താനാസ്യോസിനേയും മെത്രാന്മാരായി ഇദ്ദേഹം അഭിഷേചിച്ചു. 1947-ൽ തിരുവല്ലായിൽ വച്ച് ഏബ്രഹാം മാർത്തോമ്മാ ചരമം പ്രാപിച്ചു.

ഏബ്രഹാം മാർത്തോമ്മായുടെ ചരമശേഷം മാർ യൂഹാനോൻ തീമോത്തിയോസ് മാർത്തോമ്മാസഭയുടെ മെത്രാപ്പോലീത്തയായും മാത്യൂസ് മാർ അത്താനാസ്യോസ് അദ്ദേഹത്തിൻെറ സഫ്റഗനായും മാർത്തോമ്മാ സഭയെ ഭരിച്ചുകൊണ്ടിരുന്നു. എന്നാൽ വൈദികന്മാരായിരുന്ന പി. തോമസ്, എം. ജി. ചാണ്ടി, ഫിലിപ്പ് ഉമ്മൻ എന്നിവരെക്കൂടെ മെത്രാന്മാരായി അഭിഷേചിക്കുവാൻ തെരഞ്ഞെടുക്കുകയുണ്ടായി. പക്ഷേ, ഇവരിൽ ബ: പി. തോമസ്സ് അച്ചൻ യാഥാസ്ഥിതികനാണെന്നും തന്മൂലം അദ്ദേഹത്തെ മെത്രാനായി വാഴിക്കുവാൻ പാടില്ലെന്നും മി. കെ. എൻ. ദാനിയേലും അദ്ദേഹത്തോടൊന്നിച്ച് ഉല്പതിഷ്ണുകക്ഷികളും ശക്തിയുക്തം വാദിച്ചുകൊണ്ടിരുന്നു. തന്മൂലം മെത്രാഭിഷേകകർമ്മം ഏതാനും നാളത്തേക്കു നീക്കിവയ്ക്കേണ്ടതായിവന്നുകൂടി. എങ്കിലും അവസാനം ഉല്പതിഷ്ണുകക്ഷികളുടെ പ്രതിഷേധത്തെ അവഗണിച്ചുകൊണ്ട് മെത്രാഭിഷേകം തിരുവല്ലായിൽവച്ച് നടത്തുകയുണ്ടായി. തോമസ്സ് മാർ അത്താനാസ്യോസ്, അലക്സാണ്ടർ മാർ തേയോഫീലോസ്, പീലിപ്പോസ് മാർ ക്രിസോസ്തോം എന്നീ പേരുകളിലാണ് യഥാക്രമം അഭിഷേചനം നടത്തപ്പെട്ടതു്. ഇങ്ങനെ രണ്ടു ലക്ഷത്തോളം ജനങ്ങളുള്ള മാർത്തോമ്മാ സഭയ്ക്കു മേലദ്ധ്യക്ഷന്മാരായി അഞ്ചു മെത്രാന്മാരാണ് ഇപ്പോഴുള്ളതു്. ആഭ്യന്തരകുഴപ്പംമൂലം പ്രസ്തുത സഭയെ രൂപതകളായി വിഭജിച്ചു ഭരിക്കുവാൻ സാധിക്കാത്തവിധം പ്രസ്തുത മെത്രാന്മാർ ഇപ്പോഠം വിഷമിച്ചുകൊണ്ടാണിരിക്കുന്നതെന്നുള്ള പരമാർത്ഥവും ഇവിടെ മറച്ചുവയ്ക്കുവാൻ നിവൃത്തിയില്ല.

## ആധുനികസ്ഥിതി

മദ്ധ്യതിരുവിതാംകൂറിൽ കോട്ടയം, തിരുവല്ലാ, പത്തനംതിട്ട ആദിയായ ഏതാനും താലൂക്കുകളിൽ മാത്രമാണു മാർത്തോമ്മാസഭയ്ക്കു കാര്യമായ പ്രചാരം സിദ്ധിച്ചിട്ടുള്ളതു്. വടക്കൻ തിരുവിതാംകൂർ, തെക്കൻ തിരുവിതാംകൂർ, കൊച്ചി എന്നീ സ്ഥലങ്ങളിൽ അപൂർവ്വമായി മാത്രമേ പ്രസ്തുത സഭ പ്രചരിച്ചിട്ടുള്ളൂ. കേരളത്തിലുള്ള അകത്തോലിക്കാസഭകളിൽ വച്ച് വിദ്യാഭ്യാസപരമായി ഉൽകൃഷ്ടനിലയിലെത്തിയിട്ടുള്ള വൈദികരോടും അയ്മേനികളോടുംകൂടിയ സഭ മാർത്തോമ്മാസഭമാത്രമാ

ണെന്നു പ്രസ്താവിക്കുവാൻ സാധിക്കും. യാക്കോബായസഭയിലേ വൈദികന്മാരെപ്പോലെതന്നെ വിവാഹിതരാണെങ്കിലും പ്രോട്ടസ്റ്റൻറുകാരുമായുള്ള സമ്പക്കം നിമത്തം സംസ്കാരത്തിലും പാണ്ഡിത്യത്തിലും പ്രസ്തുത സഭയിലേ വൈദികന്മാർ ഉയന്ന നിലയിലെത്തിയിട്ടുണ്ടു്. 328 ഇടവകകളും 160-ൽപരം വൈദികന്മാരും രണ്ടുലക്ഷത്തോളം ജനങ്ങളും ഇപ്പോൾ മാർത്തോമ്മാസഭയ്ക്കുണ്ടു്. രണ്ടു കോളജുകളും (തിരുവല്ലായിലും കോഴഞ്ചേരിയിലും) 15 ഇംഗ്ലീഷു ഹൈസ്കൂളുകളും 150 പ്രൈമറിസ്കൂളുകളും പ്രസ്തുത സഭ വകയായിട്ടുണ്ടു്. സണ്ടേസ്കൂൾ സമാജം, സുവിശേഷസംഘം, സേവികാസമാജം, മാരാമൺ കൺവൻഷൻ ആദിയായ പല സംഘടനകളും സമാജങ്ങളും ഇവർ സ്തുത്യർഹമായി നടത്തിവരുന്നുണ്ടു്. വിദേശമിഷ്യൻ എന്ന പേരിൽ കേരളത്തിനു പുറത്തു പാലയ്ക്കാട്ടു്, കാർവാർ, അങ്കോലാ, നീപ്പാൾ എന്നീ സ്ഥലങ്ങളിൽ ചില സ്ഥാപനങ്ങൾ നിമ്മിച്ചുകൊണ്ടു സുവിശേഷവേല ഇവർ നടത്തിക്കൊണ്ടിരിക്കുന്നുവെങ്കിലും കാൎയ്യമായ ഫലം അതു പുറപ്പെടുവിക്കുന്നുണ്ടെന്നു പറയുവാൻ നിവൃത്തിയില്ല. ഈയിടെയായി കത്തോലിക്കാസഭയിലേക്കും, ബ്രദർ, പെന്തിക്കോസ്തു് ആദിയായ പ്രോട്ടസ്റ്റൻറു സഭകളിലേക്കും മാർത്തോമ്മാക്കാർ ധാരാളമായി ചേൎന്നുകൊണ്ടിരിക്കുന്നതിനാലും, അക്രൈസ്തവരിൽനിന്നും മാനസാന്തരപ്പെട്ടു പ്രസ്തുത സഭയിൽ ചേരുന്ന ആളുകളുടെ സംഖ്യ വിരളമാകയാലും പ്രസ്തുത സഭ ജനസംഖ്യയിൽ യാതൊരഭിവൃദ്ധിയും പ്രാപിക്കുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു.

## യഥാസ്ഥിതികന്മാരും ഉല്പതിഷ്ണുക്കളും

പ്രോട്ടസ്റ്റൻറു മിഷ്യനറിമാരുടെ പ്രവൎത്തനഫലമായി യാക്കോബായ സഭയിൽ നിന്നും ഉത്ഭവിച്ചതാണല്ലോ മാർത്തോമ്മാ സഭ. മാർത്തോമ്മാസഭയുടെ ജനയിതാവായ അബ്രഹാം മല്പാൻ ആംഗ്ലിക്കൻ സഭയിലേ ലോച്ചർച്ചുകാരുടെ വിശ്വാസം സ്വീകരിക്കയും, തന്മൂലം പല ഭേദഗതികളും കുർബാന തക്സായിലും പ്രാൎത്ഥനക്രമങ്ങളിലും വരുത്തുകയും, സ്വേച്ഛാനുസാരം അവയെ വെട്ടിത്തിരുത്തുകയും ചെയ്തു. മാത്യൂസ് മാർ അത്താനാസ്യോസ്, തോമസ് മാർ അത്താനാസ്യോസ് എന്നീ മെത്രാന്മാർ അധികാരത്തിനും സ്വത്തുക്കളുടെ അവകാശത്തിനും വേണ്ടിയുള്ള വടംവലിയിൽ വ്യാപൃതരായിരുന്നതിനാൽ വിശ്വാസസംബന്ധമായ കാൎയ്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുവാൻ അവൎക്കു സാധിച്ചിരുന്നില്ല. തന്നെയുമല്ല, ഭരണാധികാരവും സമുദായസ്വത്തുക്കളിന്മേലുള്ള അവകാ

ശവും സ്ഥാപിച്ചു കിട്ടുന്നതിനുവേണ്ടി യാക്കോബായ വിശ്വാസത്തിൽ നിന്നുംയാതൊരു വ്യത്യാസവും തങ്ങൾ വരുത്തിയിട്ടില്ലെന്നു് അവർ വാദിക്കയും ചെയ്തിരുന്നു. എന്നാൽ അവരെത്തുടർന്നു് മാർത്തോമ്മാ സഭയെ ഭരിച്ചുകൊണ്ടിരുന്ന മെത്രാന്മാരുടെ കാലത്തു് വിശ്വാസസംബന്ധമായ തർക്കങ്ങൾ പ്രസ്തുത സഭയിൽ ആവിർഭവിച്ചു. പുരാതനക്രൈസ്തവ വിശ്വാസങ്ങളോടു് അനുകൂലിക്കുന്ന യാഥാസ്ഥിതികകക്ഷി, ആംഗ്ലിക്കൻ സഭയിലെ ലോച്ചർച്ചുകാരുടെ വിശ്വാസത്തോടു് അനുകൂലിക്കുന്ന ഉല്പതിഷ്ണുകക്ഷി എന്നിങ്ങനെ രണ്ടു കക്ഷികൾ മാർത്തോമ്മാസഭയിൽ ഉടലെടുത്തു. അബ്രഹാം മല്പാൻ വരുത്തിയ ചില പരിഷ്കാരങ്ങളല്ലാതെ മാർത്തോമ്മാസഭയുടെ വിശ്വാസവിഷയങ്ങൾ ഏവയെല്ലാമെന്നു ഖണ്ഡിതമായി രേഖപ്പെടുത്തിയിട്ടുള്ള ഒരു ഔദ്യോഗിക ഗ്രന്ഥം പുറപ്പെടുവിക്കുവാൻ സാദ്ധ്യമല്ലാത്തവിധം ഇരുകക്ഷികളും തമ്മിൽ വിശ്വാസങ്ങളെ ആസ്പദമാക്കിയുള്ള സംഘട്ടനം ശക്തിമത്തായി പ്രസ്തുത സഭയിൽ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു.

മെത്രാന്മാരും, വൈദികന്മാരും, അയ്മേനികളും ഇരുകക്ഷികളിലുമുണ്ടെങ്കിലും പ്രോട്ടസ്റ്റൻറുകാരുടെ അമിതമായ സ്വാധീനശക്തിമൂലം അയ്മേനികളുടെ ഭൂരിപക്ഷവും ഉല്പതിഷ്ണുകക്ഷിക്കാണു സിദ്ധിച്ചിരിക്കുന്നതു്. തക്സാ പരിഷ്ക്കരിക്കുന്നതിനുവേണ്ടി ഒന്നിനു പുറകേ ഒന്നായി കമ്മററികളുണ്ടാക്കുന്നതല്ലാതെ ഇരുക്കൂട്ടരും ഐകകണ്ഠ്യേന സമ്മതിച്ചുകൊണ്ടുള്ള ഒരു കർബാനതക്സായോ വിശ്വാസവിഷയകമായ ഒരു ചോദ്യോത്തരപ്പുസ്തകമോ ഉണ്ടാക്കുവാൻ മാർത്തോമ്മാസഭയ്ക്കു ഇതേവരെ സാധിച്ചിട്ടില്ല. എപ്പിസ്ക്കോപ്പൽ തെരഞ്ഞെടുപ്പിനെത്തുടർന്നു് ആരംഭിച്ച മത്സരം ഇപ്പോഴും തുടർന്നുകൊണ്ടു തന്നെയാണിരിക്കുന്നതു്. വി. കർബ്ബാനയെപ്പററിയും വൈദികാധികാരത്തെക്കുറിച്ചും മാർത്തോമ്മാസഭയുടെ വിശ്വാസം ഖണ്ഡിതമായി പ്രസ്താവിക്കാതിരിക്കുന്ന കാലത്തോളം ഈദൃശസംഘട്ടനങ്ങൾ ഇനിയും ആവർത്തിക്കപ്പെടുമെന്നുള്ളതിനു സംശയമില്ല. തന്നെയുമല്ല, പ്രസ്തുത സഭയെ രണ്ടായിപ്പിളക്കുന്നതിനു് അതു പര്യാപ്തമായിബ്ഭവിക്കുമെന്നു പ്രസ്താവിക്കുന്നതിനും സാധിക്കും. പല പ്രോട്ടസ്റ്റൻറു സഭകളുടേയും അനുഭവം ഇതു സംഭവ്യമാണെന്നു തെളിയിക്കുക തന്നെ ചെയ്യുന്നു. "എന്നോടുകൂടെയല്ലാത്തവൻ ചിതറിക്കുന്നു" എന്നാണല്ലോ കർത്താവു് അരുൾചെയ്തിരിക്കുന്നതു്.

# പഥ്യോപദേശസമിതി

എപ്പിസ്കോപ്പൽ തെരഞ്ഞെടുപ്പിനേയും അഭിഷേചനത്തേയും തുടൎന്നു് മാൎത്തോമ്മാസഭയിലെ ഉല്പതിഷ്ണുകക്ഷികളിൽ ഒരുവിഭാഗം മി. കെ. എൻ. ദാനിയേലിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഒരു സംഘടനയാണു "പഥ്യോപദേശസമിതി". അബ്രഹാം മല്പാന്റെ നവീകരണങ്ങളിൽ മാൎത്തോമ്മാ സഭയെ ഉറപ്പിക്കുന്നതിനും അങ്ങനെ പുരാതന വിശ്വാസങ്ങളിൽ നിന്നും പ്രസ്തുത സഭയെ അകററുന്നതിനും വേണ്ടി പരിശ്രമിക്കുവാൻ ദൃഢവ്രതമെടുത്തിരിക്കുന്ന അംഗങ്ങളോടുകൂടിയ ഒരു സമിതിയത്രേ ഇതു്. പരസ്പരവിദ്വേഷം വമിക്കുന്നവയും അധികാരസ്ഥാനത്തെ നഗ്നമാംവിധം അധിക്ഷേപിക്കുന്നതുമായ ഇരുപതോളം ലഘുലേഖകൾ ഇതു സംബന്ധിച്ചു മി. ദാനിയേൽ ഇതിനകം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ഇതിനെ പ്രതിഷേധിക്കുന്നതിനായി യാഥാസ്ഥിതിക കക്ഷികളും പ്രസംഗങ്ങൾ നടത്തുകയും പ്രസിദ്ധീകരണങ്ങൾ പുറപ്പെടുവിക്കയും ചെയ്യുന്നുണ്ടു്. ഏതായാലും പഥ്യോപദേശസമിതിയോടുള്ള അനുഭാവം മാൎത്തോമ്മാ സഭാംഗങ്ങളിൽ നിന്നും പ്രതിദിനം ഒന്നിനൊന്നു കുറഞ്ഞുകൊണ്ടാണിരിക്കുന്നതു്. മെത്രാന്മാരാരും തങ്ങളോടു യോജിക്കുന്നില്ലെന്നുള്ളതും വൈദികന്മാരിൽ ന്യൂനപക്ഷം മാത്രമേ തങ്ങളുടെ അനുഭാവികളായുള്ളുവെന്നതും ഒരു പുതിയ സഭയെ ഉത്പാദിപ്പിക്കുന്നതിൽ വിഘാതമായിട്ടാണു തീൎന്നിരിക്കുന്നതു്. തങ്ങളെ അനുകൂലിക്കുവാൻ ഒരു മെത്രാനെങ്കിലും ഉണ്ടാകുമെങ്കിൽ "പഥ്യോപദേശസഭ" എന്നോ മററോ ഉള്ള പേരിൽ മാൎത്തോമ്മാ സഭയിൽ നിന്നും വേർപെട്ടു് ഒരു പുതിയ സഭ ഉത്ഘാടനം ചെയ്യുന്നതിനു പ്രസ്തുത സമിതിക്കാർ സന്നദ്ധരാകുമായിരുന്നു. പക്ഷേ, മാൎത്തോമ്മാ സഭാമേലദ്ധ്യക്ഷന്മാരുടെ നയതന്ത്രജ്ഞതയും ഒത്തുതീർപ്പു മനഃസ്ഥിതിയും നിമിത്തം ആസന്നഭാവിയിൽ ഇപ്രകാരം സംഭവിക്കുകയില്ലെന്നും പ്രസ്താവിക്കുന്നതിനു സാധിക്കും.

അദ്ധ്യായം 16

# മാർത്തോമ്മാ സഭ

## വിശ്വാസവിഷയങ്ങൾ

**മാ**ർത്തോമ്മാസഭയുടെ വിശ്വാസവിഷയങ്ങൾ ഏവയെല്ലാമെന്നു രേഖപ്പെടുത്തിയിട്ടുള്ളതും പ്രസ്തുത സഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ളതുമായ യാതൊരു ഗ്രന്ഥവും ഇല്ലാത്തതു നിമിത്തം ആ സഭയിലെ വിശ്വാസവിഷയങ്ങൾ ഗ്രഹിക്കുക അസാദ്ധ്യമായിട്ടാണു തീർന്നിരിക്കുന്നതു്. യാഥാസ്ഥിതികന്മാരും ഉൽപതിഷ്ണുക്കളുമടങ്ങിയ മാർത്തോമ്മാ സഭ സുനിശ്ചിതമായ വിശ്വാസസംഹിതയോടുകൂടിയ ഒരു ഔദ്യോഗിക ഗ്രന്ഥം പ്രസിദ്ധപ്പെടുത്തുക എന്നതു് അസാദ്ധ്യം തന്നെ. പ്രസ്തുത സഭ അംഗീകരിച്ചിട്ടുള്ള ഭരണഘടനയിൽ താഴെ ചേർക്കുന്ന പ്രകാരം കാണുന്നു:—

"മാർത്തോമ്മാ സുറിയാനി ക്രിസ്ത്യാനിസമുദായം അംഗീകരിക്കുന്നവയായി സകല വൈദിക വിഷയങ്ങൾക്കും ആധാരമായ അരുപത്തിയാറു പുസ്തകങ്ങൾ അടങ്ങിയിരിക്കുന്ന പഴയ പുതിയ നിയമങ്ങൾ എന്ന വേദപുസ്തകവും, വേദാനുസരണം സ്ഥാപിക്കപ്പെട്ടിരിക്കുന്ന നിഖ്യാവിശ്വാസപ്രമാണവും, യാതൊരു പ്രകാരത്തിലും യാതൊരുത്തരാലും ഭേദപ്പെടുത്തുവാൻ പാടില്ലാത്തതും; ശെമ്മാശുസ്ഥാനം, കശ്ശീശാസ്ഥാനം, മെത്രാൻസ്ഥാനം എന്നീ വൈദികസ്ഥാനങ്ങളേയും, പള്ളിപ്രതിഷ്ഠ, പള്ളിക്കൂദാശ, വി. മാമോദീസാ, വി. കുർബാന, വി. വിവാഹം, രോഗികളെ സംബന്ധിച്ച പ്രാർത്ഥനാശുശ്രൂഷ, ശവസംസ്കാരശുശ്രൂഷ എന്നീ കാര്യങ്ങളേയും ഞായറാഴ്ച, നോമ്പ്, മാറാനായ പെരുനാളുകൾ എന്നിവയുടെ ആചാരങ്ങളേയും ഒരു കാലത്തും നിർമ്മൂലനം ചെയ്യുവാൻ പാടില്ലാത്തതുമാകുന്നു." (ഭരണഘടന 13-ാംവകുപ്പു്).

## വേദപുസ്തകവും നിഖ്യാ വിശ്വാസപ്രമാണവും

സഭാഭരണഘടനയിലെ ഈ നിബന്ധനയനുസരിച്ചു പ്രസ്തുത സഭയിലെ സകല വിശ്വാസവിഷയങ്ങൾക്കും ആധാരം വേദപുസ്ത

കവും നിഖ്യാവിശ്വാസപ്രമാണവും ആണെന്നു സമ്മതിച്ചിരിക്കുന്നതായി തെളിയുന്നുണ്ടു്. എന്നാൽ ക്രിസ്തു ദൈവമാണെന്നു വിശ്വസിക്കുന്ന അംഗ്ലിക്കന്നും, ക്രിസ്തു ദൈവമല്ലെന്നു പഠിപ്പിക്കുന്ന യൂണിറേററിയന്നും, പൗരോഹിത്യം ആവശ്യമെന്നു പഠിപ്പിക്കുന്ന ഹൈച്ചർച്ചുകാരന്നും, പൗരോഹിത്യം ആവശ്യമില്ലെന്നു പഠിപ്പിക്കുന്ന ബാപ്ററിസ്ററുകാരന്നും 66 പുസ്തകങ്ങൾ അടങ്ങിയിട്ടുള്ള വേദഗ്രന്ഥത്തെത്തന്നെയാണു് തങ്ങളുടെ വിശ്വാസങ്ങൾക്കു് ഏക ആധാരമായി സ്വീകരിച്ചിരിക്കുന്നതു്. അപ്രകാരം തന്നെ നിഖ്യാ വിശ്വാസപ്രമാണം അംഗീകരിച്ചിരിക്കുന്ന യാക്കോബ്യന്നും, അതേ വിശ്വാസം സ്വീകരിച്ചിരിക്കുന്ന മാർത്തോമ്മാക്കാരന്നും തമ്മിൽ വിശ്വാസവിഷയങ്ങളിൽ വലുതായ അന്തരവും കാണുന്നു. ആകയാൽ വേദപുസ്തകത്തേയും നിഖ്യാവിശ്വാസപ്രമാണത്തേയുമാണു വിശ്വാസവിഷയങ്ങളിൽ തങ്ങൾ ആധാരമാക്കുന്നതെന്നുള്ള പ്രസ്താവനയ്ക്കു്—അവനവന്റെ വ്യാഖ്യാനത്തിൽ ആശ്രയിക്കുന്നകാലത്തോളം — യാതൊരർത്ഥവും കല്പിക്കുവാൻ നിവൃത്തിയില്ല. വിശ്വാസ വിഷയങ്ങളിൽ വേദപുസ്തകം മാത്രമല്ല ആധാരമാക്കേണ്ടതു് എന്നുള്ളതിനെപ്പററി അടുത്ത ഒരദ്ധ്യായത്തിൽ പ്രതിപാദിക്കുന്നതാകയാൽ അതെപ്പററി ഇവിടെ കൂടുതലായി പ്രസ്താവിക്കുന്നില്ല.

മാർത്തോമ്മാസഭയുടെ വിശ്വാസവിഷയങ്ങൾ ഏവയെന്നു ഗ്രഹിക്കുന്നതിന്നു് ഇനിയുമുള്ള രേഖ പ്രസ്തുത സഭയുടെ ജനയിതാവായിരുന്ന അബ്രഹാം മല്പാൻ ചെയ്ത നവീകരങ്ങളാണു്. യാക്കോബായ സഭയെ നവീകരിക്കുന്നു എന്ന ഭാവേന പ്രോട്ടസ്റ്റൻറുകാരോടു യോജിച്ചുകൊണ്ടു വിശ്വാസവിഷയങ്ങളിൽ പലതിനേയും കാര്യമായി സ്പർശിക്കുന്ന ഒട്ടനേകം വ്യത്യാസങ്ങൾ കൂദാശക്രമത്തിലും പ്രാർത്ഥനക്രമത്തിലും അദ്ദേഹം ചെയ്തുയുണ്ടായി. പ്രസ്തുത നവീകരണങ്ങൾ 1927-ൽ കൂടിയ മാർത്തോമ്മാ ആലോചനസഭ അംഗീകരിച്ചതിനാൽ മാർത്തോമ്മാസഭയുടേതായി അവയെ പരിഗണിക്കാവുന്നതാണു്. കഴിഞ്ഞ അദ്ധ്യായത്തിൽ അവ ചേർത്തിരുന്നുവല്ലോ.

അബ്രഹാം മല്പാന്റെ നവീകരണങ്ങൾ മാർത്തോമ്മാസഭയിലെ ഉല്പതിഷ്ണുക്കളും യാഥാസ്ഥിതികന്മാരും സമ്മതിച്ചിരിക്കുന്നതിനാൽ അവയിൽനിന്നും നിഗമനംചെയ്യാവുന്ന വിശ്വാസവ്യതിചലനങ്ങളിൽ ഓരോന്നിനെപ്പററി സംക്ഷിപ്തമായി ചുവടേ പ്രതിപാദിച്ചുകൊള്ളുന്നു:—

## പരിശുദ്ധന്മാരോടുള്ള അപേക്ഷ

പരിശുദ്ധന്മാരോടും പ്രത്യേകമായി പരിശുദ്ധ ദൈവമാതാവിനോടും ഉള്ള അപേക്ഷ വേദവിപരീതവും പ്രയോജനരഹിതവുമാണെന്നത്രേ മാർത്തോമ്മാ സഭ പഠിപ്പിക്കുന്നതു്. ഒന്നാം നൂററാണ്ടുമുതൽ ത്തന്നെ പരിശുദ്ധന്മാരോടുള്ള പ്രാർത്ഥന ക്രൈസ്തവസഭയിൽ നിലവിലിരുന്നു എന്ന വാസ്തവം വി. പിതാക്കന്മാരുടെ സാക്ഷ്യങ്ങൾ, പുരാതന ലിഖിതങ്ങൾ, കുർബാനതക്സാകൾ, കൂദാശക്രമങ്ങൾ, പ്രാർത്ഥനക്രമങ്ങൾ എന്നിവയെല്ലാം സ്പഷ്ടമായി തെളിയിക്കുന്നുണ്ടു്. ഇന്നു ലോകത്തിലുള്ള കത്തോലിക്കർ, യവുനായ, യാക്കോബായ, നെസ്തോറിയൻ ആദിയായ പുരാതന സഭകൾ എല്ലാം തന്നെ പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നുണ്ടു്. 16-ാം നൂററാണ്ടിൽ പ്രോട്ടസ്റ്റൻറു സഭയുടെ ഉത്ഭവത്തോടുകൂടെയാണ പ്രസ്തുത പ്രാർത്ഥന പ്രയോജനരഹിതവും വേദവിപരീതവുമാണെന്നുള്ള പഠനം ക്രൈസ്തവാന്തരീക്ഷത്തിൽ കേൾക്കുവാൻ തുടങ്ങിയതു്. എന്നാൽ പ്രോട്ടസ്റ്റൻറുകാരിൽപ്പെട്ട ഹൈച്ചർച്ചുകാരും ആംഗ്ലോ-കത്തോലിക്കരും പരിശുദ്ധന്മാരോടുള്ള പ്രാർത്ഥന ഇപ്പോഴും നടത്തുന്നുണ്ടെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമത്രെ.

വി. പൌലോസപ്പസ്തോലൻ പരസ്പരം പ്രാർത്ഥിക്കേണ്ടതിൻെറ ആവശ്യകതയെപ്പററി എഫേസ്യർ 6, 18-ം 19-ം വാക്യങ്ങളിലും "നീതിമാൻെറ പ്രാർത്ഥന വളരെ ഫലിക്കു"മെന്നു യാക്കോബിൻെറ ലേഖനം 5-ാം അദ്ധ്യായം 16-ാം വാക്യത്തിലും സ്പഷ്ടമായി രേഖപ്പെടുത്തിയിരിക്കുന്നു. വിശുദ്ധന്മാരുടെ പ്രാർത്ഥന ഒരു ദൈവദൂതൻ ദൈവമുമ്പാകെ സമർപ്പിച്ചതായി വെളിപാടുപുസ്തകം 8-ാം അദ്ധ്യായം 3-ം 4-ം വാക്യങ്ങളിൽ എഴുതിയിരിക്കുന്നു. ഭൂമിയിലുള്ള സകലരും പാപികളാകയാൽ നിശ്ചയമായും പ്രസ്തുത പ്രാർത്ഥന മരിച്ചു സ്വർഗ്ഗത്തിൽ പ്രവേശിച്ച വിശുദ്ധന്മാരുടേതു് ആണെന്നുള്ളതിനു യാതൊരു സംശയവുമില്ല. പാപികളായ മനുഷ്യരുടെ പ്രാർത്ഥനകൾ കേൾക്കുന്ന സ്നേഹമേറിയ ദൈവം തൻെറ വിശുദ്ധന്മാരുടെ പ്രാർത്ഥനകൾ കേൾക്കുകയില്ലെന്നു് എങ്ങനെ പറയുവാൻ സാധിക്കും?

പരിശുദ്ധന്മാരോടുള്ള അപേക്ഷയ്ക്കു് എതിരായി പ്രധാനമായി മൂന്നു വാദങ്ങളാണു പ്രോട്ടസ്റ്റൻറുകാരും അവരെ അനുകരിച്ചുകൊണ്ടു് ഇന്നാട്ടിലെ മാർത്തോമ്മാക്കാരും ഉന്നയിക്കുന്നതു്. അവയും അവയ്ക്കു് ഓരോന്നിനുമുള്ള മറുപടിയും ചുവടേ ചേർത്തുകൊള്ളുന്നു.:—

# എതിർവാദങ്ങളും മറുപടിയും

1. മരണാനന്തരം ക്രിസ്തുവിൻെറ രണ്ടാമത്തെ വരവുവരെ ആത്മാക്കൾ ഗാഢനിദ്രയിൽ ലയിച്ചിരിക്കയാണു്. തന്മൂലം നമ്മുടെ പ്രാത്ഥന കേൾക്കുവാൻ അവക്കു സാദ്ധ്യമല്ല.

2. പരിശുദ്ധന്മാക്കു സവ്വവ്യാപിത്വം ഇല്ലാത്തതിനാൽ ലോകത്തിൻെറ നാനാഭാഗങ്ങളിലുമുള്ള മനുഷ്യരുടെ പ്രാത്ഥന കേൾക്കുവാൻ അവക്കു സാധിക്കുന്നതല്ല. തൻമൂലം അവരോടു പ്രാത്ഥിക്കുന്നതു നിഷ്ഫലമാണു്.

3. ക്രിസ്തു എന്ന ഏകമദ്ധ്യസ്ഥൻ ഉള്ളപ്പോൾ ഇതര മദ്ധ്യസ്ഥന്മാരെ സ്വീകരിക്കുന്നവർ ക്രിസ്തുവിനോടുള്ള ബഹുമാനത്തിനും വിശ്വാസത്തിനും ഭംഗം വരുത്തുകയത്രേ ചെയ്യുന്നതു്.

മേൽ ഉദ്ധരിച്ച മൂന്നു വാദങ്ങൾക്കുമുള്ള മറുപടി സംക്ഷിപ്തമായി ചുവടേ ചേക്കുന്നു;

1. മരണാനന്തരം ആത്മാക്കൾക്കു തനതുവിധി (Particular Judgement) ഉണ്ടെന്നുള്ള സത്യം വേദപുസ്തകത്തിലേ ഒട്ടനേകം വാക്യങ്ങളിൽനിന്നും തെളിയിക്കുവാൻ സാധിക്കും. കത്താവു് അരുൾ ചെയ്ത ധനവാൻേറയും ലാസറിൻേറയും ഉപമയിൽനിന്നും (ലൂക്കോ. 16, 22—23) മരിച്ചാലുടൻതന്നെ തനതുവിധി നടക്കുമെന്നു തെളിയുന്നു. "നീ ഇന്നു് എന്നോടുകൂടെ പറുദീസായിൽ ഇരിക്കും" (ലൂക്കോ: 23, 43) എന്നു കുരിശിൽ കിടന്നുകൊണ്ടു നല്ല കള്ളനോടു് അരുൾ ചെയ്ത വചനങ്ങളും തനതു വിധിയെ തെളിയിക്കുന്നു. "ഞാൻ മരിച്ചു ക്രിസ്തുവിനോടുകൂടെ ഇരിക്കുവാൻ ആഗ്രഹിക്കുന്നു" (പീലി. 1,23—24) എന്നുള്ള വി. പൗലോസപ്പസ്തോലൻെറ വാക്യങ്ങൾ മരണശേഷം ഉടൻതന്നെ പരിശുദ്ധന്മാക്കു സ്വഗ്ഗഭാഗ്യം ലഭിക്കുന്നു എന്നു വ്യക്തമാക്കുന്നു. തനതു വിധിയെപ്പററിയുള്ള പിതാക്കന്മാരുടെ സാക്ഷ്യങ്ങൾ വിസ്തരഭയം നിമിത്തം ഇവിടെ ഉദ്ധരിക്കുന്നില്ല. മരണശേഷം ആത്മാക്കൾ ഗാഢനിദ്രയിലല്ല, പിന്നെയോ തങ്ങൾ ലോകജീവിതത്തിൽ ചെയ്ത കമ്മങ്ങൾക്കു തക്ക ശിക്ഷയോ ഭാഗ്യമോ അനുഭവിക്കുന്നു എന്നാത്രേ ഇവയെല്ലാം തെളിയിക്കുന്നതു്.

2. പരിശുദ്ധാന്മാക്കു് ദൈവത്തെപ്പോലെ സർവവ്യാപിത്വം ഇല്ലെന്നുള്ളതു സകലരും സമ്മതിക്കുന്ന പരമാൎത്ഥമത്രേ. എന്നാൽ അവർ സ്വൎഗ്ഗത്തിൽ ദൈവദൂതന്മാരെപ്പോലെയാണെന്നു് (മത്താ. 22, 30) കൎത്താവു കല്പിച്ചിരിക്കുന്നു. ഭൂമിയിൽ ഒരു പാപി മാനസാന്തരപ്പെടുമ്പോൾ സ്വൎഗ്ഗത്തിൽ ദൈവദൂതന്മാർ സന്തോഷിക്കുന്നു. (ലൂക്കോ. 15, 10) എന്നാത്രേ കൎത്താവു കല്പിച്ചിരിക്കുന്നതു്. ആകയാൽ സൎവ്വവ്യാപിത്വം ഇല്ലെങ്കിലും ദൈവത്തിൻെറ പ്രത്യേക അനുഗ്രഹത്താൽ ഭൂമിയിൽ നടക്കുന്ന സംഗതികളെല്ലാം ദൈവദൂതന്മാർ അറിഞ്ഞുകൊണ്ടിരിക്കുന്നുവെന്നു തെളിയുന്നു. മരിച്ച വിശുദ്ധന്മാരുടെ ആത്മാക്കൾ ദൈവദൂതന്മാരെപ്പോലെയാകയാൽ ഭൂമിയിലേ കാൎയ്യങ്ങൾ അവരും അറിയുന്നു എന്നുള്ളതു് അനുക്തസിദ്ധമത്രേ. തന്മൂലം നമ്മുടെ പ്രാൎത്ഥന അവൎക്കു കേൾക്കുവാൻ സാധിക്കുമെന്നുള്ളതിനു സംശയമില്ല.

തന്നെയുമല്ല, എന്തെങ്കിലും സംഗതി കേൾക്കുന്നതിനു സൎവ്വവ്യാപിത്വം ആവശ്യമില്ലെന്നും ഒരു യന്ത്രസഹായത്താൽ വിദൂരത്തിൽ സംസാരിക്കുന്നതു കേൾക്കുവാൻ മനുഷ്യനു സാധിക്കുമെന്നും ഇന്നത്തേ റേഡിയോപ്രവൎത്തനങ്ങളും മററും തെളിയിക്കുന്നു. ആകയാൽ സ്വൎഗ്ഗത്തിലുള്ള വിശുദ്ധന്മാൎക്കു സൎവ്വവ്യാപിത്വം കൂടാതെ ദൈവാനുഗ്രഹം ആകുന്ന റേഡിയോ മുഖേന ലോകത്തിലേ മനുഷ്യരുടെ പ്രാൎത്ഥന കേൾക്കുവാൻ സാധിക്കുന്നതാണു്.

3. ദൈവത്തിനും മനുഷ്യനും ഇടയിൽ ക്രിസ്തു എന്ന ഏക മദ്ധ്യസ്ഥനേയുള്ളു എന്ന വാസ്തവം പരിശുദ്ധന്മാരോടു പ്രാൎത്ഥിക്കുന്ന ക്രൈസ്തവരിൽ ഒരുവൻപോലും നിഷേധിക്കുന്നില്ല. ക്രിസ്തുവിൻെറ ആ ഏകമദ്ധ്യസ്ഥതയ്ക്കു വിശുദ്ധന്മാരുടെ മാദ്ധ്യസ്ഥം യാതൊരുവിധവും ബാധകം ആയിത്തീരുന്നില്ല. ഒരുവനുവേണ്ടി ഒരുവൻ പ്രാൎത്ഥിക്കണമെന്നു കല്പിച്ചുകൊണ്ടു മദ്ധ്യസ്ഥപ്രാൎത്ഥനയെ പ്രോത്സാഹിപ്പിച്ചിരിക്കുന്ന വി. പൌലോസ് അപ്പോസ്തലൻ ഒരുകാലത്തും ക്രിസ്തുവിൻെറ ഏകമദ്ധ്യസ്ഥതയ്ക്കു വിരോധമായിട്ടല്ല എഴുതിയിട്ടുള്ളതു്. ഇന്നുള്ള സകല ക്രൈസ്തവസഭകളും മദ്ധ്യസ്ഥപ്രാൎത്ഥന പ്രയോജനപ്രദമാണെന്നു പഠിപ്പിക്കയും പ്രയോഗത്തിൽ വരുത്തുകയും ചെയ്തിരിക്കുന്നു. തന്മൂലം ക്രിസ്തുവിൻെറ ഏക മദ്ധ്യസ്ഥതയ്ക്കു് എന്തെങ്കിലും ഹാനി സംഭവിക്കുമെന്നു് അവർ കരുതുന്നുമില്ല. ഈ ലോകത്തിലുള്ള ഒരു മനുഷ്യൻ വേറൊരു മനുഷ്യനുവേണ്ടി നടത്തുന്ന മദ്ധ്യസ്ഥപ്രാൎത്ഥന ക്രിസ്തു

വിന്റെ ഏകമദ്ധ്യസ്ഥതയ്ക്കു വിരുദ്ധമായിട്ടുള്ളതല്ലെങ്കിൽ സ്വർഗ്ഗത്തിലുള്ള പരിശുദ്ധന്മാർ ഭൂമിയിലെ മനുഷ്യർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും ക്രിസ്തുവിന്റെ മദ്ധ്യസ്ഥതയ്ക്കു ബാധകമല്ലെന്നുള്ളതു സംശയരഹിതമത്രേ. ആകയാൽ പരിശുദ്ധന്മാരോടുള്ള അപേക്ഷ ക്രിസ്തുവിനോടുള്ള ബഹുമാനത്തിനോ വിശ്വാസത്തിനോ ഭംഗം വരുത്തുന്നതല്ലെന്നു തെളിയുന്നു.

## മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന

അബ്രഹാം മല്പാന്റെ നവീകരണങ്ങളുടെ കൂട്ടത്തിൽ മാർത്തോമ്മാസഭ നിഷേധിച്ചിരിക്കുന്ന വേറൊരു വിശ്വാസവിഷയം മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയത്രേ. മാർത്തോമ്മാക്കാർ തങ്ങളുടെ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കയോ ബലി അർപ്പിക്കയോ ചെയ്യുന്നില്ലെന്നു മാത്രമല്ല, അവയെല്ലാം മൂഢാചാരങ്ങളാണെന്നും തൻമൂലം യാതൊരു ഫലവും ലഭിക്കയില്ലെന്നും പഠിപ്പിക്കയും ചെയ്യുന്നു.

പഴയനിയമകാലത്തു യഹൂദന്മാർ തങ്ങളുടെ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കയും ബലി അർപ്പിക്കയും ചെയ്തിരുന്നു എന്നു മക്കാബായക്കാരുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. (2 മക്കാബ. 12, 43—46) അന്നുമുതൽ ഇന്നോളം യഹൂദന്മാർ തങ്ങളുടെ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കയും ബലിയർപ്പിക്കയും ചെയ്തുവരുന്നു. യഹൂദന്മാരിൽ നിലവിലിരുന്ന പല മൂഢവിശ്വാസങ്ങളേയും അനാചാരങ്ങളേയും നീക്കം ചെയ്ത കർത്താവു് ഇതു മൂഢവിശ്വാസവും അനാചാരവും ആയിരുന്നെങ്കിൽ നിശ്ചയമായും ഇതും നീക്കം ചെയ്യുമായിരുന്നു. അപ്രകാരം അവിടുന്നു പ്രവർത്തിച്ചതായി കാണുന്നില്ല. വി. അപ്പസ്തോലന്മാരും ഇതിനെതിരായി എന്തെങ്കിലും എഴുതുകയോ പ്രസംഗിക്കയോ ചെയ്തതായി നാം വായിക്കുന്നുമില്ല.

വി. പൌലോസ് അപ്പസ്തോലൻ തന്റെ സ്നേഹിതനായിരുന്ന ഒനേസിമോസിന്റെ മരണശേഷം അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതായി 2 തിമോ. 1, 16—18 വരെയുള്ള വാക്യങ്ങളിൽ നാം വായിക്കുന്നു. ഒനേസിമോസ് മരിച്ചതുനിമിത്തമാണു് എല്ലാവരേയും വന്ദനം ചെയ്ത കൂട്ടത്തിൽ 2 തിമോ. 4,19-ൽ ഒനേസിമോസിനെ വന്ദനം ചെയ്യാഞ്ഞതു് എന്നുള്ളതു് സ്പഷ്ടമാണു്. ആദിമ ക്രൈസ്തവസഭയിൽ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന നിലവിലിരുന്നു എന്നുള്ള സത്യം പുരാതനമായ കുർബാനക്രമങ്ങളും ശവസംസ്കാര ശുശ്രൂഷകളും, ശ്മശാന

ലിഖിതങ്ങളും വിളിച്ചുപറയുന്നുണ്ട്. മരിച്ചവക്കുവേണ്ടി പ്രാത്ഥിക്കുന്നതു് അത്യന്തം അനുഗ്രഹപ്രദമാണെന്നു് വി. പിതാക്കന്മാർ തങ്ങളുടെ കൃതികളിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. ഇന്നുള്ള ക്രൈസ്തവരിൽ 80 ശതമാനവും തങ്ങളുടെ മരിച്ചുപോയ ആത്മാക്കൾക്കു നിത്യസൗഭാഗ്യം നല്കുന്നതിനുവേണ്ടി ദൈവത്തോടു പ്രാത്ഥിക്കയും, അതിനായി വി. കുർബാന അർപ്പിക്കയും, ധൂപാർപ്പണം നടത്തുകയും ചെയ്യുവരുന്നു. പ്രോട്ടസ്റ്റന്റു സഭയിൽപ്പെട്ട ഹൈച്ചർച്ചുകാരും ആംഗ്ലോ - കത്തോലിക്കരും തങ്ങളുടെ മരിച്ചവക്കു വേണ്ടി പ്രാത്ഥിക്കുന്നുണ്ടു്. ക്രൈസ്തവർ തന്നെയല്ല ഹിന്ദുക്കൾ, മഹമ്മദിയർ ആദിയായ ഇതര മതസ്ഥർ കൂടെയും തങ്ങളിൽനിന്നും വേർപെട്ട പരേതാത്മാക്കൾക്കു നിത്യസൗഭാഗ്യത്തിനായി സർവ്വേശ്വരനെ പ്രാത്ഥിക്കുന്നു. കൈവിരലിൽ എണ്ണുവാൻമാത്രം ജനസംഖ്യയുള്ളവരും പുരാതനങ്ങളായ വിശ്വാസാചാരങ്ങളെ പാടേ നിഷേധിച്ചവരുമായ ചില പ്രോട്ടസ്റ്റന്റു സഭാംഗങ്ങളാണു തങ്ങളുടെ മരിച്ചവക്കുവേണ്ടി പ്രാത്ഥിക്കാത്തതും അപ്രകാരം പ്രാത്ഥിക്കുന്നവരെ കുററപ്പെടുത്തുന്നതും.

സി. എം. എസ്സു കാരായ ലോച്ചർച്ചുകാരുടെ സ്വാധീനശക്തിയാലും ബാഹ്യപ്രലോഭനങ്ങളാലും ആകർഷിതനായ അബ്രഹാം മല്പാൻ പ്രയോജനപ്രദവും അനുഗ്രഹകരവുമായ ഈ പ്രാർത്ഥന പുരാതനമായ കുർബാനക്രമത്തിൽനിന്നും ആരാധനക്രമത്തിൽനിന്നും സ്വേച്ഛാനുസാരം വെട്ടി നീക്കുകയാണു ചെയ്യതു്. മരിച്ചവർക്കുവേണ്ടിയുള്ള പ്രാത്ഥന പ്രയോജനരഹിതമെങ്കിൽ മരിച്ചശേഷം മൃതദേഹം വച്ചുകൊണ്ടു ഭവനത്തിലും ദൈവാലയത്തിലും ശ്മശാനസ്ഥലത്തും പ്രോട്ടസ്റ്റൻറുകാരും മാർത്തോമ്മാക്കാരും ഇപ്പോഴും നടത്തുന്ന ദീർഘ പ്രാത്ഥനകൾ വ്യത്ഥവും സമയനഷ്ടഹേതുകവുമെന്നുള്ളതിനു സംശയമില്ല.

മരിച്ചാലുടൻ തന്നെ സ്വർഗ്ഗഭാഗ്യത്തിനു് അർഹരാകത്തക്കവിധം കളങ്കലേശം ഇല്ലാത്തവരോ തങ്ങളുടെ പാപങ്ങൾക്കു പരിപൂർണ്ണപരിഹാരം ചെയ്യവരോ ആയ ആത്മാക്കൾ വളരെ അപൂർവ്വമായിട്ടേ ഉള്ളൂ എന്നതിനു സംശയമില്ല. നിസ്സാരകളങ്കം എങ്കിലുമുള്ള ആത്മാക്കൾക്കു സ്വർഗ്ഗപ്രവേശം ലഭിക്കുന്നതല്ല. എന്നാൽ അപ്രകാരമുള്ള ആത്മാക്കളെ നിത്യ നരകവേദനയ്ക്കു വിധിക്കത്തക്കവിധം ദൈവം അത്ര കഠിനഹൃദയനുമല്ല.

ആകയാൽ അങ്ങനെയുള്ള ആത്മാക്കൾ തങ്ങളുടെ പാപങ്ങൾക്കു വേദനാനുഭവംമൂലം പരിഹാരം പ്രാപിച്ചു സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കേണ്ടതാണു്. അവരുടെ വേദന കുറച്ചുകൊടുക്കുന്നതിനും സ്വർഗ്ഗഭാഗ്യം അവൎക്കു വേഗം നല്കുന്നതിനും വേണ്ടിയത്രേ ലോകത്തിലുള്ള അവരുടെ സഹോദരങ്ങൾ പരസ്നേഹത്താൽ പ്രേരിതരായി അവൎക്കുവേണ്ടി പ്രാർത്ഥിക്കുന്നതും, ദിവ്യബലി സമർപ്പിക്കുന്നതും, പരിത്യാഗപ്രവൃത്തികൾ അനുഷ്ഠിക്കുന്നതും. ആകയാൽ സഹോദരസ്നേഹമുള്ള സകല മനുഷ്യരും ചെയ്യുന്നതും ചെയ്യേണ്ടതുമായ ഈ കൃത്യം നിർവ്വഹിക്കുന്നതിൽ ചില പ്രോട്ടസ്റ്റൻവകാരും അവരെ അനുകരിച്ചു ഇന്നാട്ടിലേ മാർത്തോമ്മാക്കാരും വിമുഖത പ്രദർശിപ്പിക്കയും അപ്രകാരം ചെയ്യുന്നവരെ കുററപ്പെടുത്തുകയും ചെയ്യുന്നതിൽ ദുഃഖിക്കുക തന്നെ ചെയ്യുന്നു.

## വി. കുർബാന, കൂദാശയും ബലിയും

വി. കുർബാന കൂദാശയും ബലിയുമാണെന്നുള്ള പുരാതന ക്രൈസ്തവസഭയുടെ പരിപാവനവിശ്വാസത്തെ പാടേ നിഷേധിച്ചുകൊണ്ടുള്ള വെട്ടിത്തിരുത്തലുകളത്രേ കേവലം ഒരു വൈദികൻ മാത്രമായിരുന്ന അബ്രഹാം മല്പാൻ "നവീകരണം" എന്ന ഭാവേന വി. കുർബാന തക്സായിൽ ചെയ്തതു്. "ഇതു് എൻെറ ശരീരമാകുന്നു" "ഇതെൻെറ രക്തമാകുന്നു" (മത്താ. 26. 27—29) എന്നു ക്രിസ്തുനാഥൻ അരുളിച്ചെയ്ത വാക്യത്തിനു് 200-ൽപരം വ്യാഖ്യാനങ്ങൾ ഇന്നു പ്രോട്ടസ്ററൻവകാർ നല്കുന്നുണ്ടു്. താൻ സ്ഥാപിക്കുവാനിരിക്കുന്ന വി. കുർബാനയെപ്പററി കപ്പർന്നഹോമിൽവെച്ചു ക്രിസ്തുനാഥൻ ചെയ്ത പ്രസംഗവും (യോഹ. 6.51-72) വി. കുർബാന സ്ഥാപിച്ച അവസരത്തിൽ അവിടുന്നു് അരുൾചെയ്ത വചനങ്ങളും (മത്താ. 26.26—29) വി. കുർബാനയെപ്പററി വി. പൗലോസപ്പസ്തോലൻ എഴുതിയിരിക്കുന്ന ഭാഗങ്ങളും (1.കോറി 10. 16. 11. 23—30) ഒരുമിച്ചു് ശ്രദ്ധാപൂർവ്വം വായിക്കുന്ന സത്യാന്വേഷിയും നിഷ്പക്ഷവാദിയുമായ ഒരുവനു—വി. കുർബാനയിലേ അപ്പവും വീഞ്ഞും ക്രിസ്തുവിൻെറ ശരീരരക്തങ്ങളായി മാററപ്പെടുന്നു എന്നുള്ള സത്യം സ്വീകരിക്കാതിരിക്കുവാൻ തരമില്ല. അപ്രകാരം തന്നെ കാൽവരിമലമുകളിലേ ബലിതന്നെയാണു രക്തരഹിതമാംവിധം വി. കുർബാനയിലും നടത്തപ്പെടുന്നതു് എന്നുള്ള സത്യവും വേദപുസ്തകവും, വി. പിതാക്കന്മാരുടെ സാക്ഷ്യങ്ങളും, വി. കുർബാനതക്സാകളും സ്പഷ്ടമായി തെളിയിക്കുന്നു.

16-ാംനൂററാണ്ടുവരെ ക്രൈസ്തവലോകം ഒന്നടങ്കം വിശ്വസിച്ചിരുന്ന ഈ സത്യത്തിനെതിരായി പഠിപ്പിക്കുവാൻ മുതിൎന്നതു പ്രസ്തുത നൂററാണ്ടിൽ ആവിർഭവിച്ച പ്രോട്ടസ്റ്റൻറുകാർ മാത്രമായിരുന്നു. ഇന്നാട്ടിലേ നവീകരണ കക്ഷിയുടെ സ്ഥാപകനായ അബ്രഹാം മല്പാൻ അംഗ്ലിക്കൻ മിഷ്യനറിമാരുടെ പ്രേരണകൾക്കു വശംവദനായി വി. കുർബാനയിലേ ക്രിസ്തുസാന്നിദ്ധ്യത്തിന് എതിരായി പഠിപ്പിക്കയും പുരാതനമായ കുർബാനതക്സായിൽ സ്വേച്ഛാനുസാരമുള്ള വെട്ടിത്തിരുത്തലുകൾ നടത്തുകയും ചെയ്തു. എന്നാൽ മാർത്തോമ്മാ സഭയെ ഭരിച്ചിട്ടുള്ള മെത്രാന്മാരിലും വൈദികന്മാരിലും ഭൂരിപക്ഷവും വി. കുർബാനയിലേ ക്രിസ്തുസാന്നിദ്ധ്യത്തിൽ വിശ്വാസമുള്ളവരായിരുന്നു.

കുർബാനതക്സാ പരിഷ്കരിക്കുന്നതിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള അനേകം കമ്മററികൾ തുടർച്ചയായി പരിശ്രമം നടത്തിയിട്ടുണ്ടെങ്കിലും—പല പരിഷ്ക്കാരങ്ങളും ചെയ്ത് അവർ തക്സാ സമർപ്പിച്ചിട്ടുണ്ടെങ്കിലും—ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ള ഒരു തക്സാ മാർത്തോമ്മാസഭയ്ക്കു ഇതേവരെ ഉണ്ടായിട്ടില്ല. തൻമൂലം തങ്ങളുടെ വിശ്വാസമനുസരിച്ചുള്ള ഭേദഗതികൾ തക്സായിൽ വരുത്തിക്കൊണ്ടത്രേ പ്രസ്തുത സഭയിലേ വൈദികന്മാർ വി. കുർബാന അർപ്പിച്ചുകൊണ്ടിരിക്കുന്നതു്. വി. കുർബാനയിൽ ക്രിസ്തുസാന്നിദ്ധ്യമുണ്ടെന്നു വിശ്വസിക്കുന്ന യാഥാസ്ഥിതിക വൈദികന്മാർ വി. കുർബാനയെ ബഹുമാനിക്കുന്നതിനുള്ള ആചാരാനുഷ്ഠാനങ്ങൾ (മെഴുകുതിരി കത്തിക്കുക ധൂപക്കുററി ഉപയോഗിക്കുക ആദിയായവ) നിർവ്വഹിക്കുമ്പോൾ ഉൽപതിഷ്ണുകക്ഷിയിൽപ്പെട്ട വൈദികന്മാരാകട്ടേ വെറും അപ്പത്തിനോടും വീഞ്ഞിനോടും ചെയ്യേണ്ട വിധമുള്ള പ്രകടനങ്ങൾ മാത്രമേ വി. കുർബാനയുടെ മുമ്പാകെ നിർവഹിക്കുന്നുള്ളു. ഏവംവിധം യാതൊരു ഐകരൂപ്യവും ഇല്ലാത്തനിലയിലത്രേ മാർത്തോമ്മാക്കാരുടെ ഇപ്പോഴത്തേ കുർബാനാനുഷ്ഠാനം. സുനിശ്ചിതമായ വിശ്വാസം പഠിപ്പിക്കുവാൻ സാധിക്കാത്ത കാലത്തോളം ഏവംവിധമുള്ള പരിഷ്കാരബഹളങ്ങളും, അനുഷ്ഠാനവൈപരീത്യങ്ങളും, ലഘുലേഖാ മത്സരങ്ങളും ഉണ്ടാകുന്നതിൽ വിസ്മയത്തിനവകാശമില്ല.

## പാപമോചനാധികാരം

അബ്രഹാം മല്പാൻചെയ്ത നവീകരണങ്ങളിൽ ഒന്നു വൈദികന്മാരോടുള്ള കുമ്പസാരം നിറുത്തലാക്കുകയും തദ്വാരാ, വൈദികന്മാക്ക്

പാപമോചനാധികാരമുണ്ടെന്നുള്ള ക്രൈസ്തവസഭാവിശ്വാസം പാടേ തിരസ്കരിക്കയുമായിരുന്നു. "നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുമോ അതു് അവക്കു മോചിക്കപ്പെട്ടും. നിങ്ങൾ ആരുടെ പാപങ്ങൾ പിടിക്കുമോ അതു് അവക്കു് പിടിക്കപ്പെട്ടും" (യോഹ. 20, 21—23) എന്നരുൾചെയ്തുകൊണ്ടു് സ്വശിഷ്യന്മാക്കും അവരുടെ പിൻഗാമികൾക്കുമായി ക്രിസ്തുനാഥൻ പ്രദാനംചെയ്ത പാപമോചനാധികാരത്തെ, വേദപുസ്തകത്തിൽ വിശ്വസിക്കുന്നു എന്നു പറയുന്ന മാർത്തോമ്മാക്കാർ നിഷേധിക്കുന്നതിൽ അത്ഭുതപ്പെട്ടുക തന്നെ ചെയ്യുന്നു. ക്രിസ്തു നല്കിയ പ്രസ്തുത അധികാരം പാപം നേരിട്ടു മോചിക്കുന്നതിനുള്ളതല്ല പിന്നയോ, അനുതാപപൂർവ്വം ഏററുപറയുന്നവൻെറ പാപം ദൈവം മോചിച്ചുവെന്നോ അഥവാ മോചിക്കുമെന്നോ പ്രഖ്യാപനം ചെയ്യുന്നതിനുള്ള അധികാരമായിട്ടത്രേ ഇവർ വ്യാഖ്യാനിക്കുന്നതു്. ദൈവം പാപം മോചിച്ചുവെന്നോ മോചിക്കുമെന്നോ പറയുന്നതു് ഒരു അധികാരമല്ലെന്നും പ്രത്യുത, വെറും ഒരു പ്രസ്താവന മാത്രമാണെന്നും സകല അയ്മേനികൾക്കും അപ്രകാരം പറയുവാൻ സാധിക്കുമെന്നും സുബുദ്ധിയുള്ള സകലരും സമ്മതിക്കുന്നതാണു്. വൈദികന്മാരുടെ പാപമോചനാധികാരം ഒന്നാം നൂററാണ്ടുമുതൽത്തന്നെ ക്രൈസ്തവസഭയിൽ പ്രയോഗിക്കപ്പെട്ടുകൊണ്ടിരുന്നു എന്നുള്ളതിനു സഭാചരിത്രം സാക്ഷ്യം വഹിക്കുന്നു. പുരാതന ക്രൈസ്തവസഭകളെല്ലാം വൈദികന്മാരുടെ പാപമോചനാധികാരത്തിൽ വിശ്വസിക്കയും പ്രസ്തുത സഭകളിൽ അന്നുമുതൽ ഇന്നുവരെ രഹസ്യകുമ്പസാരം നിലവിലിരിക്കയും ചെയ്യുന്നു.

ക്രൈസ്തവ സഭയിലേ വൈദികന്മാക്കുള്ള രണ്ടു പ്രത്യേക അധികാരങ്ങളാണു് ദിവ്യബലി സമർപ്പണവും പാപമോചനാധികാരവും. വി. കർബാന ബലിയല്ലെന്നും വൈദികന്മാക്കു പാപമോചനാധികാരമില്ലെന്നും മാർത്തോമ്മാസഭ പഠിപ്പിക്കുന്നതിനാൽ പ്രസ്തുത സഭയിലേ വൈദികന്മാക്കു് അയ്മേനികളെ അപേക്ഷിച്ചു യാതൊരു വിശേഷാധികാരവുമില്ലെന്നു് അവർ സ്വയം സമ്മതിക്കയാണു ചെയ്യുന്നതു്. സുവിശേഷം പ്രസംഗിക്കുക, പ്രാർത്ഥന നടത്തുക, പാപമോചനം പ്രഖ്യാപനം ചെയ്യുക, അപ്പവീഞ്ഞുകൾ വാഴ്ത്തി വീണ്ടും "അപ്പവീഞ്ഞുകളാ"ക്കി തീർക്കുക ഇവയെല്ലാം കേവലം അയ്മേനികൾക്കു നിഷ്പ്രയാസം ചെയ്യാവുന്ന കാര്യങ്ങളത്രേ. ആകയാൽ ഇന്നത്തേ മാർത്തോമ്മാസഭ എപ്പിസ്ക്കോപ്പൽസഭ എന്ന നാമത്തെ

അശേഷം അർഹിക്കുന്നില്ലെന്നും വെറും പ്രസ്ബിറേററിയൻ അഥവാ കോൺഗ്രിഗേഷനൽ സഭയായി അധഃപതിക്കുകയാണു ചെയ്തിട്ടുള്ളതു എന്നും തുറന്നു പ്രസ്താവിക്കാതിരിക്കുവാൻ നിർവാഹമില്ല.

## പ്രതിമാവന്ദനം

പ്രോട്ടസ്റ്റൻറുകാരുടെ പ്രേരണ അനുസരിച്ചു് അബ്രഹാം മല്പാനും അനുയായികളും ചെയ്ത നവീകരണങ്ങളിൽ വേറൊന്നു യാക്കോബായ ദൈവാലയങ്ങളിൽനിന്നും കർത്താവിൻേറയും വിശുദ്ധന്മാരുടേയും മററും പ്രതിമകൾ നീക്കം ചെയ്കയും വിശുദ്ധന്മാരോടുള്ള ബഹുമാനാർത്ഥം നടത്തപ്പെട്ടിരുന്ന പെരുനാളുകളും പ്രാർത്ഥനകളും നിറുത്തലാക്കുകയുമായിരുന്നു. വിശുദ്ധന്മാരുടെ മാദ്ധ്യസ്ഥം അപേക്ഷിക്കുന്നതു വേദവിപരീതവും പ്രയോജനരഹിതവുമെന്നു പഠിപ്പിക്കുന്നവർ വിശുദ്ധന്മാരെ ബഹുമാനിക്കാത്തതിൽ അത്ഭുതപ്പെടുവാനില്ല. മാർത്തോമ്മാക്കാരെ അനുകരിച്ചു് ഇന്നാട്ടിലെ യാക്കോബായക്കാരും വിശുദ്ധന്മാരുടെ പ്രതിമകളെ ഉണ്ടാക്കുന്നതും അവയെ ബഹുമാനിക്കുന്നതും വേദവിപരീതവും മൂഢാചാരവുമാണെന്ന് ഈ അടുത്ത കാലത്തു പഠിപ്പിച്ചു തുടങ്ങിയിട്ടുണ്ടു്. യാക്കോബായ ദൈവാലയങ്ങളിൽ ഉണ്ടായിരുന്ന വിശുദ്ധന്മാരുടെ പ്രതിമകൾ ചിലതെല്ലാം നീക്കംചെയ്തു കഴിഞ്ഞിട്ടുണ്ടെങ്കിലും ഒട്ടനേകം യാക്കോബായ ദൈവാലയങ്ങളിൽ ഇപ്പോഴും വിശുദ്ധന്മാരുടെ പ്രതിമകൾ ബഹുമാനപൂർവം സൂക്ഷിക്കപ്പെട്ടിട്ടുണ്ടു്.

ആകാശത്തിലോ ഭൂമിയിലോ ഭൂമിക്കു കീഴേ പാതാളത്തിലോ ഉള്ള യാതൊന്നിൻേറയും പ്രതിമകളെ ഉണ്ടാക്കരുതെന്നും, അവയെ വന്ദിക്കയോ സേവിക്കയോ ചെയ്യരുതെന്നും (പുറപ്പാടു 20. 4.) ദൈവം കല്പിച്ചിട്ടുള്ള വേദവാക്യം ഉദ്ധരിച്ചുകൊണ്ടു് കത്തോലിക്കർ പ്രതിമകളെ ഉണ്ടാക്കുന്നതും അവയെ ബഹുമാനിക്കുന്നതും ദൈവകല്പനയ്ക്കു വിരുദ്ധവും വിഗ്രഹാരാധനയുമാണെന്നത്രേ മിക്ക അകത്തോലിക്കരും വാദിക്കുന്നതു്. എന്നാൽ ഇക്കാര്യത്തിൽ കത്തോലിക്കർ പ്രവർത്തിക്കുന്നതെന്താണെന്നും കത്തോലിക്കർ അവയ്ക്കു നല്കുന്ന സമാധാനം എന്തെല്ലാമാണെന്നും ഗ്രഹിക്കാതെയോ അഥവാ അന്വേഷിക്കാതെയോ ആണു കത്തോലിക്കരുടെമേൽ വിഗ്രഹാരാധനക്കുററം ചുമത്തുന്നതിനു് ഇന്നു പല അകത്തോലിക്കരും പരിശ്രമിക്കുന്നതു്.

പ്രതിമകളെ ഉണ്ടാക്കുക, അവയെ നമസ്കരിക്കുക എന്നിങ്ങനെ രണ്ടുകാര്യങ്ങളത്രേ പ്രസ്തുത കല്പനയിൽ ഉള്ളടക്കിയിരിക്കുന്നതു്. ആകാശത്തിലോ ഭൂമിയിലോ ഭൂമിക്കു കീഴേ വെള്ളത്തിലോ ഉള്ള യാതൊന്നിൻേറയും പ്രതിമയെ ഉണ്ടാക്കരുതു് എന്നു കല്പിച്ച ദൈവം തന്നെയാണു് ആകാശത്തിലുള്ള മാലാഖമാരുടേയും (പുറ. 25, 18—1; 1 രാജാ. 6. 24) ഭൂമിയിലുള്ള സിംഹത്തിൻേറയും പാമ്പിൻേറയും (സംഖ്യ 21, 8) ഈന്തപ്പനയുടേയും (1 രാജാ, 7, 36) വെള്ളത്തിലുള്ള താമരയുടേയും പ്രതിമകൾ ഉണ്ടാക്കുന്നതിനും യറുശലേം ദൈവാലയത്തിൽ അവ വയ്ക്കുന്നതിനും ആജ്ഞാപിച്ചിരിക്കുന്നതു്. പരസ്പരവിപരീതമായി ദൈവം കല്പിക്കുമെന്നു് ഊഹിക്കുന്നതിനുപോലും നിവൃത്തിയില്ല. ആകയാൽ പ്രതിമകളുടെ നിർമ്മാണത്തെയല്ല, പിന്നെയോ, നമസ്കരിക്കുന്നതിനും, സേവിക്കുന്നതിനും, ആരാധിക്കുന്നതിനും വേണ്ടി പ്രതിമകളെ ഉണ്ടാക്കുന്നതിനെ മാത്രമാണു ദൈവം നിരോധിച്ചിരിക്കുന്നതു് എന്നു സ്പഷ്ടമായി തെളിയുന്നു.

ആരാധിക്കുന്നതിനുവേണ്ടി കർത്താവിൻേറയോ വിശുദ്ധന്മാരുടേയോ പ്രതിമകൾ കത്തോലിക്കർ നിർമ്മിക്കുന്നില്ല; നിർമ്മിക്കുകയുമില്ല. അവയെ ആരാധിക്കുന്നുമില്ല. കാരണം, അപ്രകാരം ചെയ്യുന്നതു് "വിഗ്രഹാരാധന"യെന്ന ഭയങ്കര പാപമാണെന്നു സഭ പഠിപ്പിക്കുന്നു എന്നുള്ളതത്രേ. എന്നാൽ ലോകത്തിലുള്ള സകല മനുഷ്യരും മഹാന്മാരായ രാഷ്ട്രീയ നായകന്മാരുടേയും തങ്ങളുടെ ബന്ധുമിത്രാദികളുടേയും പ്രതിമകളും പടങ്ങളും നിർമ്മിച്ചു സംപൂജ്യസ്ഥാനങ്ങളിൽ അവയെ പ്രതിഷ്ഠിക്കയും അവയ്ക്കു ബഹുമാനം നല്കുകയുംചെയ്യുന്നതുപോലെ കത്തോലിക്കരും ചെയ്യുന്നു എന്നുള്ളതത്രേ പരമാർത്ഥം. പ്രതിമയ്ക്കോ പടത്തിനോ നല്കുന്ന ബഹുമാനം അവ ആരെ സൂചിപ്പിക്കുന്നുവോ ആ ആളിലേയ്ക്കു ചെല്ലുമെന്നുള്ള തത്വമത്രേ ഇതിൽ അന്തർലീനമായിരിക്കുന്നതു്. പ്രതിമാവന്ദനം തെററാണെന്നു പഠിപ്പിക്കുന്ന മാർത്തോമ്മാക്കാരും പടങ്ങളും മറവും ഉണ്ടാക്കി അവയെ ബഹുമാനിക്കുകയും കുരിശു്, വേദപുസ്തകത്തിൻെറ കടലാസുകൾ എന്നിവയ്ക്കു് കാര്യമായ ബഹുമാനം നല്കുകയും ചെയ്യുന്നുണ്ടു്. കത്തോലിക്കർ ചെയ്യുന്നതെല്ലാം തെററെന്നും തങ്ങൾ പ്രവർത്തിക്കുന്നതെല്ലാം ശരിയെന്നുമുള്ള പലരുടേയും മിഥ്യാബോധമാണു് ഈദൃശമായ അധിക്ഷേപാരോപണത്തിൽ മുന്നിട്ടു നില്ക്കുന്നതു്.

## മാർത്തോമ്മാസഭയിലേ കൈവെയ്പ്പ്

മാർത്തോമ്മാസഭയിലേ കൈവെയ്പിൻെറ സാധുതയെപ്പററി കത്തോലിക്കാസഭ ഇതേവരെ സുനിശ്ചിതമായ യാതൊരു തീരുമാനവും ചെയ്തിട്ടില്ല. വി. കുർബാനയെപ്പററിയും ക്രൈസ്തവപൌരോഹിത്യത്തെക്കുറിച്ചും മാർത്തോമ്മാ സഭയുടെ വിശ്വാസം എന്തെന്നു സ്പഷ്ടമായി രേഖപ്പെടുത്തിയിട്ടില്ലാത്തതത്രേ ഇതിനുള്ള പ്രധാന കാരണം. തന്നിമിത്തം മാർത്തോമ്മാ സഭയിൽനിന്നും കത്തോലിക്കാസഭയെ ആശ്ലേഷിച്ചിട്ടുള്ള വൈദികന്മാക്കു സംശയത്തിൻകീഴുള്ള പട്ടം കൊടുത്താണു സ്വീകരിച്ചിട്ടുള്ളതു്. പ്രസ്തുത സഭയിലേ കൈവെയ്പിനെപ്പററി മാത്രമല്ല, ജ്ഞാനസ്നാനം, മൂറോനഭിഷേകം എന്നീ കൂദാശകളെപ്പററിയും ഏതാദൃശസംശയത്തിനവകാശമുണ്ടു്.

യാക്കോബായ സഭയും, ഓർതഡോക്സ് സഭയും മാർത്തോമ്മാ സഭയിലേ ജ്ഞാനസ്നാനം് മൂറോനഭിഷേകം, പട്ടത്വം എന്നിവയെല്ലാം അസാധുവാണെന്നത്രേ പഠിപ്പിക്കുന്നതു്. ഏതാനും വഷങ്ങൾക്കുമുമ്പു യാക്കോബായ സഭയിലേ ഒരു ചരിത്രകാരനായ മി. ഈ. എം ഫിലിപ്പും (ഇടവഴിക്കൽ പോത്തൻ) മാർത്തോമ്മാ സഭയിലേ ഒരു പണ്ഡിതനായ മി. കെ. എൻ. ദാനിയേലും തമ്മിൽ "ഇടവകപത്രിക" "സഭാതാരക" എന്നീ മാസികകൾ മുഖേന ഇതു സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങൾ ദീർഘകാലം നടത്തിക്കൊണ്ടിരുന്നു. മി. ഈ. എം. ഫിലിപ്പ് ഇതേപ്പററിയുള്ള യാക്കോബായക്കാരുടെ വാദം സംക്ഷിപ്തമായി "മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻ സഭ" എന്ന പുസ്തകത്തിൽ എഴുതിയിരിക്കുന്നതു് താഴെ ചേർത്തുകൊള്ളുന്നു:—

"മാർ മാത്യൂസു അത്താനാസ്യോസ്, മാർ ദിവന്നാസ്യോസ് നാലാമനെ അനുസരിച്ചുകൊള്ളാമെന്നു സത്യം ചെയ്ത സുറിയാനിസഭയിൽ പട്ടം ഏററ ഒരു ശെമ്മാശനായിരുന്നു. അദ്ദേഹത്തിനു പട്ടം കൊടുത്ത മെത്രാൻതന്നെ അദ്ദേഹത്തെ മുടക്കുകയും സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തു. ദുമ്മാസ്സിയും "പട്ടത്വത്തിനു അയോഗ്യനു"മെന്നു സി. എം. എസ്സുകാരു് അദ്ദേഹത്തെ വിധിച്ചു. അദ്ദേഹത്തിൻെറ അന്ത്യോഖ്യായാത്രയിൽ മൂസലിൽവെച്ചു് അദ്ദേഹം ഒരു ശെമ്മാശൻ മാത്രമായിരുന്നപ്പോൾ അറപ്പുകെട്ട കുർബാന അണച്ചു. മർദ്ദീനിൽവെച്ചും അദ്ദേഹം ചതിവു, കൃത്രിമം, അവാസ്തവപ്രസ്താവന, കള്ളസത്യം എന്നു വേണ്ടാ, ഒരു മനുഷ്യനു് ഊഹിക്കാവുന്ന എല്ലാത്തരം മ്ലേച്ഛതകളും

പ്രയോഗിച്ചു മെത്രാൻസ്ഥാനം കൈക്കലാക്കി. തൻനിമിത്തം അദ്ദേഹം ആരോട്ടം ആരുടെ അനന്തരഗാമികളോട്ടം അനുസരണമുള്ളവനായിരുന്നു കൊള്ളാമെന്നു പ്രതിജ്ഞ ചെയ്തിരുന്നുവോ ആ പാത്രിയക്കീസ് അദ്ദേഹത്തെ മുടക്കുകയും, സ്ഥാനഭ്രഷ്ടനാക്കുകയും, ശപിക്കുകയും ചെയ്തു. സുറിയാനി സഭയുടെ എന്നല്ല, കാതോലിക സഭ മുഴുവന്റേയും കാനോനാകളും വൈദികനിയമങ്ങളും അനുസരിച്ചു് ഇപ്രകാരം സിദ്ധിച്ചിട്ടുള്ള പട്ടത്വം ആരംഭത്തിലേ വ്യർത്ഥമാണു്". (മാർത്തോമ്മാ ശ്ലീഹായുടെ ഇൻഡ്യൻസഭ. പുറം. 275)

ഇതു സംബന്ധിച്ചുള്ള യാക്കോബായക്കാരുടെ വാദവും തങ്ങൾക്കുള്ള മറുപടിയും സംക്ഷേപിച്ചു എഴുതിയ ഒരു കത്തു മി. കെ. എൻ. ദാനിയേൽ അഡ്റിയൻ ഫ്രൊട്ടസ്കു് എന്ന സുപ്രസിദ്ധ കത്തോലിക്കാ ചരിത്രകാരന്റെ പേക്കു അയച്ചുകൊടുത്തു. അതിനു മറുപടിയായി മാർത്തോമ്മാക്കാരുടെ കൈവെയ്പിനു എതിരായി ഇത്രമാത്രമേ യാക്കോബ്യക്കു് പറവാനുള്ളുവെങ്കിൽ മാർത്തോമ്മാസഭയുടെ കൈവെയ്പു് സാധുവായിട്ടുള്ളതാണന്നു് അഡ്റിയൻ ഫ്രൊട്ടസ്കു് എഴുതി അയയ്ക്കുകയുണ്ടായി. പ്രസ്തുത സാക്ഷിപത്രം ചൂണ്ടിക്കാണിച്ചുകൊണ്ടു തങ്ങളുടെ കൈവെയ്പു് സാധുവായിട്ടുള്ളതാണെന്നു മാർത്തോമ്മാക്കാർ ഇപ്പോഴും വാദിച്ചുകൊണ്ടിരിക്കുന്നു.

എന്നാൽ മാർത്തോമ്മാസഭയിലേ പട്ടത്വം സാധുവായിട്ടുള്ളതല്ല എന്നത്രേ ഈ ഗ്രന്ഥകാരന്റെ വ്യക്തിപരമായ അഭിപ്രായം. യാക്കോബായ സഭയിൽ പട്ടം കൊടുക്കുമ്പോൾ ഉപയോഗിക്കുന്നതുപോലെ തന്നെ കർമ്മസാധനവും (Matter) കർമ്മവചനവും (Form) മാർത്തോമ്മാസഭയിലും പട്ടം കൊടുക്കുമ്പോൾ മെത്രാന്മാർ ഉപയോഗിക്കുന്നുണ്ടെങ്കിലും കാർമ്മികന്റെ നിയോഗം (Intention) ശരിയല്ലെന്നുള്ളതാണു് ഇതിന്റെ കാരണം. "ബലിയില്ലെങ്കിൽ പൌരോഹിത്യമില്ല. പൌരോഹിത്യമില്ലെങ്കിൽ ബലിയുമില്ല" ബലിയർപ്പിക്കുന്നതിനുവേണ്ടിയത്രേ ക്രൈസ്തവപുരോഹിതന്മാർ അഭിഷേചനം ചെയ്യപ്പെടുന്നതു്. വി. കുർബാന ബലിയല്ലെന്നു വിശ്വസിക്കുന്ന ഒരു മെത്രാൻ ആ നിയോഗത്തോടുകൂടെ ഒരുവനു വൈദികപട്ടം കൊടുത്താൽ അതു സാധുവാകയില്ല. മാർത്തോമ്മാസഭ വി. കുർബാന ബലിയാണെന്നുള്ള വിശ്വാസം പാടേ നിഷേധിച്ചിരിക്കുന്നു എന്നതിൽ തെല്ലും സംശയമില്ല.

അബ്രഹാം മല്പാൻ വെട്ടിത്തിരുത്തിയ കുർബാന തക്സായും, ചെയ്ത നവീകരണങ്ങളും, നടപ്പിൽ വരുത്തിയ ആചാരങ്ങളും 1827-ൽ കൂടിയ മാർത്തോമ്മാ സമുദായാലോചന സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നതിനാൽ വി. കുർബാന ബലിയല്ലെന്നുള്ളതാണു മാർത്തോമ്മാസഭയുടെ വിശ്വാസം എന്നു സ്പഷ്ടമായി തെളിയുന്നുണ്ട്. അബ്രഹാം മല്പാൻ ചെയ്ത നവീകരണങ്ങളിൽ 4-5-6 എന്നിവയും ആചാരങ്ങളിൽ വരുത്തിയ ഭേദഗതികളിൽ 3-ാമത്തേതും (കഴിഞ്ഞ അദ്ധ്യായം നോക്കുക) വി. കുർബാന ബലിയാണെന്നുള്ള സത്യത്തെ പാടെ നിഷേധിക്കയാണു ചെയ്യുന്നതു്. വി. കുർബാന അനുഭവിക്കുവാൻ ആളില്ലാത്തപ്പോൾ വൈദികന്മാർ വി കുർബാന അർപ്പിക്കരുതെന്നുള്ള മാർത്തോമ്മാസഭയുടെ നിയമവും ഈ വാസ്തവം തെളിയിക്കുന്നു. ബലിയർപ്പിക്കുന്നതിനല്ലാതെ വെറും പ്രസംഗം നടത്തുന്നതിനോ, ആശീർവാദം നല്കുന്നതിനോ, ഇതര ആത്മീയകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനോ വേണ്ടിമാത്രം നല്കപ്പെടുന്ന പട്ടത്വം സാധുവായിട്ടുള്ളതല്ല. ആകയാൽ മാർത്തോമ്മാസഭയിലേ പട്ടത്വം അസാധുവാണെന്ന സകാരണം പ്രസ്താവിക്കുന്നതിനു സാധിക്കും. വി. കുർബാനയെപ്പററിയുള്ള മാർത്തോമ്മാസഭയുടെ വിശ്വാസം എന്താണെന്നു കാണിച്ചു് അഡ്റിയൻ ഫ്രൊട്ടസ്കിനു മി. ദാനിയേൽ എഴുതിയിരുന്നുവെങ്കിൽ നിശ്ചയമായും മാർത്തോമ്മാസഭയിലെ കൈവെപ്പു് സാധുവായിട്ടുള്ളതല്ലെന്നു അദ്ദേഹം വിധി പ്രസ്താവിക്കുമായിരുന്നു. യാക്കോബായക്കാർ ഉന്നയിച്ചതും മി. ദാനിയേലിൽനിന്നുമാത്രം ലഭിച്ചതുമായ വാദമുഖങ്ങളെ അടിസ്ഥാനമാക്കിയുള്ള അഡ്റിയൻ ഫ്രൊട്ടസ്കിൻെറ അഭിപ്രായം സ്വീകാര്യമാണെന്നു പറയുവാൻ നിവൃത്തിയില്ല. ഏതായാലും ഇതു സംബന്ധിച്ചുള്ള ഔദ്യോഗിക പ്രഖ്യാപനം കത്തോലിക്കാസഭയിൽനിന്നും അചിരേണ ഉണ്ടാകുമെന്നു് പ്രതീക്ഷിക്കാം.

## മാർത്തോമ്മാ സഭയും
## കത്തോലിക്കാ പുനരൈക്യവും

മാർത്തോമ്മാസഭയിൽനിന്നും വിവിധഘട്ടങ്ങളിലായി ഒട്ടനേകം സത്യാന്വേഷികൾ കത്തോലിക്കാസഭയെ ആശ്ലേഷിച്ചിട്ടുണ്ടു്. ചങ്ങനാശേരി, കൊല്ലം എന്നീ കത്തോലിക്കാ രൂപതകളിൽ നിന്നും 1930-നു മുമ്പു് നടത്തിക്കൊണ്ടിരുന്ന പുനരൈക്യ പരിശ്രമങ്ങളുടെ ഫലമായി മാരാമൺ, കുറിയന്നൂർ, അയിരൂർ, പുറമററം, മല്ലപ്പള്ളി, ചെങ്ങന്നൂർ,

ഇലഞ്ഞൂർ ആദിയായ സ്ഥലങ്ങളിൽ നിന്നുമായി ഉദ്ദേശം രണ്ടായിരത്തോളം മാർത്തോമ്മാക്കാർ കത്തോലിക്കാസഭയോട് അക്കാലത്തുതന്നെ പുനരൈക്യപ്പെട്ടിട്ടുണ്ട്. 1930-നുശേഷം തിരുവനന്തപുരം അതിരൂപതയിലും തിരുവല്ലാ രൂപതയിലുമായി നാലായിരത്തിൽ കുറയാതെ മാർത്തോമ്മാക്കാർ കത്തോലിക്കാ പുനരൈക്യം പ്രാപിച്ചിട്ടുണ്ട്. ഇപ്രകാരം ഉദ്ദേശം ആറായിരത്തോളം ജനങ്ങൾ ഇതിനകം മാർത്തോമ്മാസഭയിൽനിന്നും കത്തോലിക്കാസഭയെ ആശ്ലേഷിച്ചിട്ടുണ്ടെന്നു പ്രസ്താവിക്കുന്നതിനു സാധിക്കും.

യാക്കോബായസഭാംഗങ്ങളെ അപേക്ഷിച്ചു മാർത്തോമ്മാസഭാംഗങ്ങളുടെ കത്തോലിക്കാ പുനരൈക്യത്തിന് എതാനും പ്രതിബന്ധങ്ങൾ ഉള്ളതു താഴെ ചേർത്തുകൊള്ളുന്നു:—

## 1. വിശ്വാസരാഹിത്യം

പ്രോട്ടസ്റ്റൻറുകാരുമായുള്ള നിരന്തരസമ്പർക്കം നിമിത്തം മാർത്തോമ്മാസഭ വിശ്വാസവിഷയങ്ങളിൽ മിക്കവാറും പ്രോട്ടസ്റ്റൻറുമയമായിത്തീർന്നുകഴിഞ്ഞിരിക്കുന്നുവെന്നു സംശയലേശമെന്യേ പ്രസ്താവിക്കുന്നതിനു സാധിക്കും. തൻമൂലം പുരാതന വിശ്വാസങ്ങളേയും ആചാരങ്ങളേയും അന്ധവിശ്വാസങ്ങളും മൂഢാചാരങ്ങളുമായി മാർത്തോമ്മാസഭ ഗണിക്കുന്നതിനാൽ കത്തോലിക്കാസഭയോടുള്ള മാർത്തോമ്മാക്കാരുടെ പുനരൈക്യം ക്ഷിപ്രസാദ്ധ്യമാണെന്നു പറയുവാൻ നിവൃത്തിയില്ല.

## 2. അമിതമായ സമുദായബോധം

മാർത്തോമ്മാസഭയെ ഒരു സഭയെന്നുള്ള നിലയെക്കാൾ സമുദായം എന്ന നിലയിലാണു മാർത്തോമ്മാക്കാരിൽ ബഹുഭൂരിപക്ഷവും പരിഗണിച്ചിരിക്കുന്നതു്. യാക്കോബായ ആദിയായ ഇതര അകത്തോലിക്കാ സഭാംഗങ്ങൾ തങ്ങളുടെ സഭയോടോ സമുദായത്തോടോ പ്രകടിപ്പിക്കുന്നതിൽ ഉപരിയായ സ്നേഹവും ബഹുമാനവും മാർത്തോമ്മാക്കാരായ സകലരും പ്രത്യേകിച്ചു സ്ത്രീജനങ്ങളും മാർത്തോമ്മാസമുദായത്തോടു പ്രകടിപ്പിക്കുന്നുണ്ട്. തൻമൂലം തങ്ങളുടെ സമുദായത്തെ പരിത്യജിക്കുന്നതിനുള്ള വൈമനസ്യം മാർത്തോമ്മാക്കാരുടെ കത്തോലിക്കാ പുനരൈക്യത്തിന് ഒരു പ്രതിബന്ധമായി നിലകൊള്ളുന്നു.

## 3. മേലദ്ധ്യക്ഷന്മാരുടെ നയതന്ത്രജ്ഞത

തങ്ങളുടെ കീഴിലുള്ള ജനങ്ങൾ മാർത്തോമ്മാസഭയെ ഉപേക്ഷിക്കാതിരിക്കുന്നതിനായി വിശ്വാസവിഷയങ്ങളിലോ കർമ്മാനുഷ്ഠാനങ്ങളിലോ, ഭരണഘടനയിലോ എന്തെല്ലാം വ്യത്യാസങ്ങളും വ്യതിചലനങ്ങളും വരുത്തുന്നതിനും മാർത്തോമ്മാസഭാമേലദ്ധ്യക്ഷന്മാർ എപ്പോഴും സന്നദ്ധത പ്രകടിപ്പിക്കുന്നുണ്ട്. വി. കുർബാനയെപ്പററിയും മററുമുള്ള വിശ്വാസവിഷയങ്ങൾ അവരവരുടെ ഇഷ്ടാനിഷ്ടത്തിനു വിട്ടുകൊടുത്തിരിക്കുന്നതും, മെത്രാന്മാർക്ക് എതിരായുള്ള പ്രസംഗങ്ങൾക്കും, പ്രസിദ്ധീകരണങ്ങൾക്കും, പ്രവർത്തനങ്ങൾക്കു മൗനാനുവാദം നല്കിയിരിക്കുന്നതും, ജനങ്ങളുടെ ഇഷ്ടാനുസാരമുള്ള ആചാരരീതികൾ ഓരോ ഇടവകയിലും നടത്തിക്കൊള്ളുന്നതിനു വൈദികന്മാരെ അനുവദിച്ചിരിക്കുന്നതും ഇതിനു ഉദാഹരണങ്ങളായി ഉദ്ധരിക്കാവുന്നതാണ്.

ഏതായാലും കേരളത്തിലേ യാക്കോബായാസഭാംഗങ്ങളെ അപേക്ഷിച്ചു കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ വായിക്കുന്നതിനും, പ്രസംഗങ്ങൾ കേൾക്കുന്നതിനും മാർത്തോമ്മാസഭാംഗങ്ങൾ കൂടുതൽ താല്പര്യം പ്രകടിപ്പിച്ചു കൊണ്ടിരിക്കുന്നതു പ്രസ്തുത സഭാംഗങ്ങളുടെ കത്തോലിക്കാ പുനരൈക്യത്തിനു കൂടുതൽ സഹായകമായി ഭവിക്കുമെന്നു ന്യായപൂർവ്വം പ്രതീക്ഷിക്കാവുന്നതാണ്. അപ്രകാരംതന്നെ യാക്കോബായ — ഓർത്തഡോക്സു സഭാംഗങ്ങൾ കൂട്ടമായും വ്യക്തികളായും കത്തോലിക്കാസഭയെ ആശ്ലേഷിച്ചുകൊണ്ടിരിക്കുന്നതും മാർത്തോമ്മാ സഹോദരങ്ങളുടെ സഗാഢമായ ചിന്തയ്ക്കും, തദ്വാരാ കത്തോലിക്കാ പുനരൈക്യത്തിനും പ്രേരകമായിത്തീരുമെന്നുള്ളതിന് യാതൊരു സംശയവുമില്ല.

അദ്ധ്യായം 17

# ആംഗ്ളിക്കൻ സഭ

---

## ഒരു പ്രൊട്ടസ്റ്റൻറ സഭാ വിഭാഗം

സുമാർ 150 വർഷങ്ങൾക്കു മുമ്പ് ഇംഗ്ലണ്ടിൽ നിന്നും കേരളത്തിൽ വന്നെത്തിയ പ്രൊട്ടസ്റ്റൻറു മിഷ്യനറിമാരായിരുന്ന ആംഗ്ലിക്കൻ സഭയ്ക്കു് ഇവിടെ ബീജാവാപം ചെയ്തതു്. കേരളത്തിലെ പുത്തൻകൂർ സുറിയാനിക്കാർ സാമ്പത്തികമായും, വിദ്യാഭ്യാസപരമായും, സാമുദായികമായും അഭിവൃദ്ധി പ്രാപിക്കുന്നതിനു കാര്യമാംവിധം സഹായിച്ചിട്ടുള്ളതു് ആംഗ്ലിക്കൻ മിഷ്യനറിമാരാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഇവിടുത്തെ ആംഗ്ലിക്കൻസഭയുടെ ഉത്ഭവത്തെപ്പററിയും പ്രവർത്തനങ്ങളെക്കുറിച്ചും വിവരിക്കുന്നതിനു മുമ്പായി പ്രൊട്ടസ്റ്റൻറുസഭയുടെ ഉത്ഭവത്തെയും അതിൻെറ സ്ഥാപകന്മാരെയും പററി ചുരുക്കമായി പ്രതിവാദിക്കുന്നതു് വായനക്കാർക്കു പ്രയോജനപ്രദമാകുമെന്നു വിശ്വസിക്കുന്നു.

## പ്രൊട്ടസ്റ്റൻറ സഭകൾ

ക്രൈസ്തവസഭാന്തരീക്ഷത്തിൽ കമ്മ്യൂണിസത്തിൻെറ വിപ്ളവവിഷബീജം ആദ്യമായി വിതച്ചതു് 16-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന മാർട്ടിൻ ലൂഥർ, സ്വിംഗ്ളി, കാൽവിൻ എന്നിവരായിരുന്നു. 16-ാം ശതകത്തിനുമുമ്പു തന്നെ സത്യക്രിസ്തുസഭയിൽനിന്നും പല സഭകളും വേർപെട്ടിട്ടുണ്ടെങ്കിലും ക്രൈസ്തവസഭയുടെ മൗലിക വിശ്വാസത്തേയും അടിസ്ഥാനതത്വങ്ങളേയും, പാരമ്പര്യാചാരങ്ങളേയും പാടേ മറിക്കുന്നതിനു പ്രസ്തുത സഭകളുടെ സ്ഥാപകന്മാരോ പ്രചാരകന്മാരോ ധൈര്യപ്പെട്ടിരുന്നില്ല. എന്നാൽ പ്രൊട്ടസ്റ്റൻറു മതസ്ഥാപകന്മാരാകട്ടെ വ്യക്തിസ്വാതന്ത്ര്യത്തിൻേറയും, നിർമ്മലസുവിശേഷത്തിൻേറയും ആത്മീയ ഉണർവിൻേറയും മറ പിടിച്ചുകൊണ്ടു വിപ്ളവവും, മത്സരവും, അരാജകത്വവും ക്രൈസ്തവസഭയ്ക്കുള്ളിൽ പൊട്ടിപ്പുറപ്പെടുന്നതിനും നടമാടുന്നതിനും പ്രേരണ നല്കുകയാണുണ്ടായതു്. ഈദൃശവിപ്ളവപ്രസ്ഥാനത്തിൻെറ നേതൃത്വം വഹിച്ചിട്ടുള്ള ഏതാനും ചിലരുടെ സംക്ഷിപ്തചരിത്രം ചുവടേ ചേർത്തുകൊള്ളുന്നു.

# മാർട്ടിൻ ലൂഥർ

ക്രിസ്തുവർഷം 1483-ൽ ജർമ്മനിയിലെ സാക്സണിയിൽ ഏസ്സ്ലബെൻ എന്ന ഗ്രാമത്തിൽ സാധുക്കളായ കത്തോലിക്കാമാതാപിതാക്കന്മാരിൽ നിന്നും മാർട്ടിൻലൂഥർ ഭൂജാതനായി. ഉപജീവനത്തിനു പോലും നിവൃത്തി ഇല്ലാതിരുന്നതിനാൽ ബാല്യകാലത്തു ഭിക്ഷയാചിച്ചുകൊണ്ടു ലൂഥർ നടന്നിരുന്നുവത്രേ. നിർദ്ധനനായിരുന്നു എങ്കിലും പഠനത്തിൽ സമർത്ഥനായിരുന്നതിനാൽ ഔദാര്യനിധികളായ പലരുടേയും സഹായത്തിൻെറ ഫലമായി ഹെൽഫർട്ടു സർവ്വകലാശാലയിൽചേർന്നു പഠിക്കുന്നതിനു ലൂഥറിനു സാധിച്ചു. അനന്തരം അവിടെത്തന്നെ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള ഭാഗ്യവും അയാൾക്കു സിദ്ധിച്ചു. ഒരു വൈദികനായിത്തീരണമെന്നുള്ള അഭിലാഷം നിമിത്തം 1507-ൽ അഗസ്ററീനിയൻ സന്യാസാശ്രമത്തിൽ ലൂഥർ ചേരുകയും പരിശീലനാനന്തരം ഒരു സന്യാസവൈദികനായി അഭിഷിക്തനാവുകയും ചെയ്തു. ഈ അവസരത്തിൽ തിരുസഭാഭരണം നിർവ്വഹിച്ചുകൊണ്ടിരുന്നതു് 10-ാം ലേയോൻ മാർപ്പാപ്പാ തിരുമേനിയായിരുന്നു. അദ്ദേഹം പ്രഖ്യാപനം ചെയ്ത പൂർണ്ണദണ്ഡവിമോചനം സംബന്ധിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിനുള്ള അധികാരം ലൂഥർ ഉൾപ്പെട്ടു നിന്നിരുന്ന അഗസ്ററീനിയൻ സന്യാസസമൂഹത്തിനു നല്കാതെ ഡോമിനിക്കൻ സമൂഹക്കാർക്കു് ആയിരുന്നു മാർപ്പാപ്പാ നല്കിയതു്.

ഇതിൽ ക്രുദ്ധനായിത്തീർന്ന മാർട്ടിൻ ലൂഥർ മാർപ്പാപ്പായ്ക്കും കത്തോലിക്കാസഭയ്ക്കും എതിരായി പ്രസംഗിക്കുന്നതിനും പ്രസിദ്ധീകരണങ്ങൾ പുറപ്പെടുവിക്കുന്നതിനും ആരംഭിച്ചു. തൻമൂലം അഗസ്ററീനിയൻ സന്യാസസമൂഹത്തേയും കത്തോലിക്കാസഭ[illegible]യും ഉപേക്ഷിക്കേണ്ട നിർഭാഗ്യാവസ്ഥയിൽ അയാൾ നിപതിക്കുകയാണുണ്ടായതു്. ആയുഷ്പര്യന്തം വിരക്തജീവിതം നയിച്ചുകൊള്ളാമെന്നു ദൈവമുമ്പാകെ വ്രതം എടുത്തിരുന്ന ലൂഥർ കത്തോലിക്കാസഭയെ ഉപേക്ഷിച്ചശേഷം ഒന്നാമതായി ചെയ്ത കാര്യം തന്നെപ്പോലെ തന്നെ വിരക്തജീവിതവ്രതം എടുത്തിരുന്ന കാതറയിൻ എന്ന പേരോടുകൂടിയ ഒരു കന്യാസ്ത്രീയെ വശീകരിച്ചു വിവാഹം ചെയ്യുക എന്നുള്ളതായിരുന്നു. അനന്തരം കത്തോലിക്കാ സഭയ്ക്കും മാർപ്പാപ്പായ്ക്കും എതിരായുള്ള പ്രവർത്തനങ്ങളിൽ ലൂഥർ വ്യാപൃതനായി. 1517 ഒക്ടോബർ 31-ാംനു- വിററൺബർഗ്ഗ് ദൈവാലയത്തിൻെറ കവാടത്തിൽ സഭയ്ക്കു് എതിരായുള്ള 95 പ്രതിഷേധ തത്വങ്ങൾ ലൂഥർ എഴുതിപ്പതിച്ചു. ഇതോടുകൂടെ ജർമ്മനി

യിലും പരിസരങ്ങളിലും ലൂഥറിൻെറ നവീനതത്വങ്ങൾക്കു പ്രചരണവും സിദ്ധിച്ചു. വിശ്വാസവിഷയങ്ങൾക്കും അപ്രകാരം തന്നെ ജഡികാഭിലാഷങ്ങൾക്കും പരിപൂൎണ്ണസ്വാതന്ത്ര്യം അനുവദിച്ചുകൊണ്ടുള്ള ലൂഥറിൻെറ നവീനോപദേശങ്ങൾ അനുസരണവിമുഖരും ദുസ്സ്വാതന്ത്ര്യകാംക്ഷികളുമായ അനേകായിരങ്ങളെ ആകർഷിക്കുന്നതിനു പൎയ്യാപ്തമായിത്തീൎന്നതിൽ തെല്ലും അത്ഭുതത്തിനു് അവകാശമില്ല. തൻെറ പുതിയ സംഘടനയ്ക്കു് "എതിർ വാദികൾ" എന്നൎത്ഥമുള്ള "പ്രോട്ടസ്റ്റൻറ്" എന്ന നാമധേയമത്രേ ലൂഥർ സ്വീകരിച്ചതു്. താഴെ ചേൎക്കുന്ന ഏഴു കാൎയ്യങ്ങളായിരുന്നു ലൂഥറിൻെറ 50 പ്രതിഷേധതത്വങ്ങളിൽ പ്രധാനമായി അന്തർഭവിച്ചിരുന്നതു്.

1. മനുഷ്യൻ സ്വതന്ത്രരഹിതനായി ലോകത്തിൽ ജനിക്കുന്നതിനാൽ അവൻ ചെയ്യുന്ന സകല പ്രവൃത്തികളുടേയും കൎത്താവു ദൈവം തന്നെയാകുന്നു. ദൈവത്തിൻെറ മുന്നറിവും മനുഷ്യൻെറ സ്വാതന്ത്ര്യവും യോജിച്ചിരിക്കുക സാദ്ധ്യമല്ല.

2. ഉത്ഭവപാപം നിമിത്തം മനുഷ്യസ്വഭാവം ആന്തരികമായി സമൂലം ദുഷിച്ചുപോയി. തൻമൂലം പാപം പ്രവൎത്തിക്കുവാനല്ലാതെ ഒരൊററ നന്മ പോലും ചെയ്യുവാൻ മനുഷ്യൻ സ്വയം പ്രാപ്തനല്ല. മനുഷ്യൻ ചെയ്യുന്ന സകല പാപങ്ങളും ഉത്ഭവപാപത്തിൻെറ പ്രത്യക്ഷീകരണവും ദുരന്തഫലവുമാണു്.

3. വിശ്വാസം മൂലമത്രേ മനുഷ്യൻ നീതീകരിക്കപ്പെടുന്നതു്. മനുഷ്യൻ പാപവിമോചനം പ്രാപിച്ചു രക്ഷ സമ്പാദിക്കുന്നതു് വിശ്വാസംമൂലമാണു്.

4. ജ്ഞാനസ്നാനം, കൎത്താവിൻെറ അത്താഴം എന്നീ രണ്ടു കൂദാശകൾ മാത്രമേ കൎത്താവു സ്ഥാപിച്ചിട്ടുള്ളൂ. ഇവ തന്നെയും ദൈവവരപ്രാപ്തിക്കു മുഖാന്തരങ്ങൾ അല്ല. പിന്നെയോ, ദൈവാനുഗ്രഹം ലഭിക്കുമെന്നുള്ളതിനു് ഉറപ്പു നല്കുന്ന അടയാളം മാത്രമത്രേ. ഈ കൂദാശകളുടെ ഫലത്തിനു നിദാനമായിരിക്കുന്നതു വിശ്വാസം മാത്രമാണു്.

5. സാൎവ്വത്രിക പൗരോഹിത്യമല്ലാതെ മറെറാരു പൗരോഹിത്യമില്ല. ആകയാൽ എല്ലാ ക്രിസ്ത്യാനികളും പുരോഹിതന്മാരാണു്. തൻമൂലം പ്രത്യേക വൈദികന്മാരോ ദൃശ്യമായ ഒരു സഭയോ ആവശ്യമില്ല.

6. പ്രവൃത്തികൾ മൂലം പുണ്യയോഗ്യതകൾ സമ്പാദിക്കുവാൻ സാദ്ധ്യമല്ല. പ്രാർത്ഥന, നോമ്പ്, ഉപവാസം, വ്രതങ്ങൾ എന്നിവ യൊന്നും ആത്മരക്ഷയ്ക്കു പ്രയോജനപ്രദമായിത്തീരുന്നില്ല.

7. മതകാര്യങ്ങളിൽ ഓരോരുത്തനും അവനവന്റെ ബോദ്ധ്യ മനുസരിച്ചു ജീവിതം നയിച്ചാൽ മതിയാകുന്നതാണ്. വേദപുസ്തകം ഇഷ്ടാനുസാരം വ്യാഖ്യാനിക്കുവാനും വിശ്വസിക്കുവാനും ഓരോ വ്യക്തിക്കും സ്വാതന്ത്ര്യവും അവകാശവും ഉണ്ട്.

മാർട്ടിൻ ലൂഥറിന്റെ ഏതാദൃശ നവീന പ്രബോധനങ്ങൾക്ക് അഥവാ നവീകരണോപദേശങ്ങൾക്കു ജർമ്മനിയിലും പരിസരപ്രദേശ ങ്ങളിലും ക്ഷിപ്രപ്രചാരം ലഭിക്കുകയുണ്ടായി. പക്ഷെ, വ്യക്തികൾക്കു ഇഷ്ടംപോലെ വേദപുസ്തകം വ്യാഖ്യാനിക്കുന്നതിനു സ്വാതന്ത്ര്യമുണ്ടെ ന്നുള്ള പഠനം പ്രോട്ടസ്റ്റൻറു സഭയിൽ നിരവധി വിഭാഗങ്ങളെ ഉത്പാ ദിപ്പിക്കുന്നതിനു മുഖാന്തരമായിത്തീരുകയാണുണ്ടായത്. ഏതൻമൂലം തന്റെ വാർദ്ധക്യദശയിൽ അതിയായി ദുഃഖിക്കുന്നതിനും വിലപിക്കു ന്നതിനുമുള്ള നിർഭാഗ്യമായിരുന്നു ലൂഥറിനു സിദ്ധിച്ചത്. 1546-ൽ തന്റെ 63-ാമത്തെ വയസ്സിൽ ലൂഥർ നിര്യാണം പ്രാപിച്ചു. "എന്റെ മരണത്തോടുകൂടെ പാപ്പായും പാപ്പാമതവും അവസാനിക്കും" എന്നു പ്രവചിച്ച അഹങ്കാരപ്രമത്തനായ ലൂഥർ മരിച്ചിട്ട് ഇപ്പോൾ 400- വഷങ്ങൾ കഴിഞ്ഞിരിക്കുന്നു. എങ്കിലും പാപ്പാമതത്തിനോ പാപ്പാ സ്ഥാനത്തിനോ യാതൊരു കുഴപ്പവും ഇതേവരെ സംഭവിച്ചിട്ടില്ലെന്നു തന്നെയല്ല, ഓരോ ദിവസം കഴിയുംതോറും അഭിവൃദ്ധി പ്രാപിച്ചു കൊണ്ടിരിക്കയും ചെയ്യുന്നു. നേരേ മറിച്ചു മാർട്ടിൻ ലൂഥർ സ്ഥാപിച്ച പ്രോട്ടസ്റ്റൻറു സഭയാകട്ടേ ആയിരത്തോളം വിഭാഗങ്ങളായി പിരിഞ്ഞു പരസ്പരം വാഗ്വാദങ്ങളിലും കലഹങ്ങളിലും മുഴുകി പ്രതിദിനം അധോഗതി പ്രാപിച്ചുകൊണ്ടുമിരിക്കുന്നു.

## അലറിക്ക് സ്വിംഗ്ളി

ലൂഥറിന്റെ സമകാലീനരും അനുഗാമികളുമായിരുന്ന നവീക രണപ്രമുഖരിൽ ഒരുവനായിരുന്നു സ്വിംഗ്ളി. വി. കുർബ്ബാനയെ സംബ ന്ധിച്ചുള്ള ലൂഥറിന്റെ പഠനത്തോടു ഭിന്നിച്ചു പ്രചണ്ഡമായ വാദപ്ര തിവാദങ്ങൾ നടത്തി അവസാനം ലൂഥറുമായി അയാൾ പിണങ്ങി പിരി യുകയാണുണ്ടായത്. ക്രിസ്തുവർഷം 1484-ൽ സ്വിററ്സർലണ്ടിൽ

സ്വിംഗ്ളി ഭൂജാതനായി. 1505-ൽ അയാരം വൈദികപദത്തിൽ പ്രവേശിച്ചു. അനന്തരം കാരുഡിൻ ഇടവക വികാരിയായും പിന്നീട് സൂറിച്ചു കതീഡ്റൽ വികാരിയായും നിയമിതനായി. ഒരു നല്ല വാഗ്മിയായിരുന്നതിനാൽ പലരുടേയും പ്രശംസയ്ക്കു് അയാരം പാത്രീഭൂതനായിത്തീൎന്നു. പക്ഷേ, സദാചാരനിരതനല്ലാതിരുന്ന സ്വിംഗ്ളിയും ഏതാനും വൈദികന്മാരും കൂടെ വൈദികബ്രഹ്മചൎയ്യനിയമം നീക്കിക്കിട്ടുന്നതിനു വേണ്ടി അവിടത്തേ മെത്രാന്റെ അടുക്കൽ ഒരു അപേക്ഷ ബോധിപ്പിക്കയുണ്ടായി. എന്നാൽ ആ അപേക്ഷ അദ്ദേഹം തിരസ്കരിക്കയാണുണ്ടായതു്. തൻമൂലം വിവാഹം ചെയ്യുന്നതിനു ദൃഢവ്രതം എടുത്തിരുന്ന സ്വിംഗ്ളി കത്തോലിക്കാസഭയെ ഉപേക്ഷിക്കുകയും തന്റെ ഒരു പഴയ പരിചയക്കാരിയായ റെയിൻഹാർഡ് എന്നൊരു സ്ത്രീയെ വിവാഹം കഴിക്കുകയും ചെയ്തു. ഇതോടു കൂടെ സ്വിംഗ്ളിയുടെ അനുഗാമികളും അവിവാഹിതരുമായിരുന്ന പല വൈദികരും പ്രോട്ടസ്റ്റന്റു സഭകളിൽ ചേരുകയും വിവാഹം കഴിക്കുകയും ചെയ്തു.

സ്വിംഗ്ളിയുടെ അടുത്ത പരിശ്രമമാകട്ടെ കത്തോലിക്കാസഭയ്ക്കു് എതിരായി പ്രവർത്തിക്കുക എന്നുള്ളതായിരുന്നു. അതിനുവേണ്ടി ലൂഥറിന്റെ ഏതാനും പഠനങ്ങരം സ്വീകരിച്ചുകൊണ്ടും അവയ്ക്കു പുതിയ വ്യാഖ്യാനങ്ങരം നല്കിക്കൊണ്ടും സ്വിററ്സർലണ്ടിൽ പ്രസംഗിക്കുന്നതിനാരംഭിച്ചു. ലൂഥറിന്റെ പഠനങ്ങളിൽ നിന്നും വി. കുർബാനയെപ്പററിയുള്ള കാര്യത്തിലായിരുന്നു സ്വിംഗ്ളി പ്രധാനമായി വ്യതിചലിച്ചതു്. വി. കുർബാന ബലിയാണെന്നും വി. കുർബാനയിൽ ക്രിസ്തു സാന്നിദ്ധ്യമുണ്ടെന്നുമായിരുന്നു ലൂഥർ പഠിപ്പിച്ചിരുന്നതു്. എന്നാൽ സ്വിംഗ്ളിയാകട്ടേ വി. കുർബാനയിൽ ക്രിസ്തുസാന്നിദ്ധ്യമില്ലെന്നും, പുരോഹിതൻ എത്ര വാഴ്ത്തിയാലും അതു വെറും അപ്പവീഞ്ഞുകരം മാത്രമാണെന്നും, വി. കുർബാന ബലിയല്ലെന്നും, കേവലം ക്രിസ്തുവിനെ ഓർക്കുന്നതിനുള്ള ഒരു ബാഹ്യചിഹ്നം മാത്രമാണെന്നും പഠിപ്പിച്ചു. ലൂഥറും സ്വിംഗ്ളിയും തമ്മിൽ ഇവയെപ്പററി പരസ്യമായ വാദപ്രതിവാദങ്ങരം പല അവസരങ്ങളിലും നടത്തുകയുണ്ടായി. ഇവരെ തമ്മിൽ രമ്യപ്പെടുത്തുന്നതിനു പല മദ്ധ്യസ്ഥന്മാരും കഴിവതു പരിശ്രമിച്ചുവെങ്കിലും സ്വിംഗ്ളിയുടെ മക്കടമുഷ്ടി നിമിത്തം അവയൊന്നും തന്നെ ഫലപ്രാപ്തിയിൽ എത്തുകയുണ്ടായില്ല. പക്ഷേ, ഗവമ്മെന്റധികാരികരം സ്വിംഗ്ളിയുടെ ഭാഗത്തായിരുന്നതിനാൽ സ്വിററ്സർലണ്ടിൽ സ്വിംഗ്ളിയുടെ പഠനത്തിനായിരുന്നു കാര്യമായ പ്രചാരം സിദ്ധിച്ചതു്.

## ജോൺ കാൽവിൻ

ഫ്രാൻസിൽ പിക്കാഡിയിൽ നോയൻ എന്ന സ്ഥലത്തു ക്രിസ്തു വർഷം 1509-ൽ കാൽവിൻ ഭൂജാതനായി. പാരീസിൽ തത്വശാസ്ത്രവും വേദാന്തവും പഠിപ്പിച്ചശേഷം ബുർഗേസ്സിൽ നിയമശാസ്ത്രവും അയാൾ അഭ്യസിപ്പിച്ചുകൊണ്ടിരുന്നു. ലൂഥറിൻെറ നവീകരണോപദേശത്തിൽ ആകൃഷ്ടനായ അദ്ദേഹം പാരീസിൽ പ്രസ്തുത പ്രബോധനങ്ങൾ പ്രചരിപ്പിക്കുവാൻതുടങ്ങി. തൽഫലമായി 1533-ൽ പാരീസു വിട്ടുപോകുവാൻ അയാൾ നിർബന്ധിതനായിത്തീന്നു. അനന്തരം ബെസ്സലിലേക്കു പോകുകയും അവിടെ ഏതാനും നാളുകൾ രഹസ്യമായി താമസിക്കയും ചെയ്തു. പിന്നീട്ട് ജനീവായിൽ എത്തി താമസിച്ചുകൊണ്ടു് നവീകരണപഠനങ്ങൾ അയാൾ പ്രചരിപ്പിക്കുവാൻ തുടങ്ങി. ലൂഥറിൻെറ പഠനങ്ങളും കാൽവിൻെറ പഠനങ്ങളും തമ്മിൽ ദൈവത്തിൻെറ മുൻനിണ്ണയം സംബന്ധിച്ചു കാര്യമായി ഭിന്നിച്ചിരുന്നു. പൗരോഹിത്യം മനുഷ്യരാൽ സ്ഥാപിക്കപ്പെട്ടതാണെന്നു പഠിപ്പിച്ച കാൽവിൽ തൻെറ സഭയിൽ ആത്മീയകർമ്മങ്ങൾ നിർവഹിക്കുന്നതിനായി ഏതാനും മൂപ്പന്മാരെ നിയമിക്കയാണു ചെയ്തതു്. പ്രസ്ബിറേററീയൻസ് എന്ന പേരിലാണു തൻെറ അനുയായികളെ കാൽവിൻ സംബോധനം ചെയ്തിരുന്നതു്. കാൽവിൻെറ അനുഗാമിയായിരുന്ന ജോൺനോക്സിൻെറ നേതൃത്വത്തിൽ സ്കോട്ട്ലണ്ടിലും കാൽവിൻസഭയ്ക്കു പ്രചാരം സിദ്ധിച്ചു. 1564-ൽ കാൽവിൻ നിര്യാണം പ്രാപിച്ചു.

## ഹെൻട്രി എട്ടാമൻ

പ്രോട്ടസ്റ്റൻറു മതത്തിനു് ഇംഗ്ലണ്ടിൽ പ്രവേശം ലഭിക്കുന്നതിനു പ്രധാന ഹേതുഭൂതൻ ഹെൻട്രി എട്ടാമൻ ചക്രവത്തിയായിരുന്നു. കത്തോലിക്കാമതവിശ്വാസത്തിൽ അത്യധികം തീക്ഷ്ണതയോടു കൂടെ പ്രവത്തിച്ചുകൊണ്ടിരുന്ന ഒരുവനായിരുന്നു ഹെൻട്രി എട്ടാമൻ. കൂദാശകളെ പുരസ്കരിച്ചു ലത്തീൻഭാഷയിൽ ഒരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയതിനാൽ "വിശ്വാസ സംരക്ഷകൻ" എന്ന സ്ഥാനബഹുമതി മാർപ്പാപ്പായിൽ നിന്നും ഹെൻട്രിക്കു ലഭിക്കയുണ്ടായി. പക്ഷേ, അനന്തരകാലത്തു കത്തോലിക്കാസഭയിൽ നിന്നും വ്യതിചലിക്കുന്നതിനുള്ള നിർഭാഗ്യമത്രേ ഹെൻട്രിക്കു സിദ്ധിച്ചതു്. തൻെറ കൊട്ടാരത്തിലേ ഒരു പരിചാരികയും സൗന്ദര്യവതിയുമായിരുന്ന ആനിബോളിൻ എന്ന സ്ത്രീയിൽ

ഹെൻട്രി അനുരക്തനായിത്തീൎന്നു. തന്മൂലം സ്വഭാര്യയായ കാതറയിനെ ഉപേക്ഷിച്ച് ആനിബോളിനെ വിവാഹം കഴിക്കുന്നതിനുള്ള അനുവാദത്തിനുവേണ്ടി ക്ലമൻറ് ഏഴാമൻ മാർപ്പാപ്പായ്ക്കു് ഹെൻട്രി അപേക്ഷ അയയ്ക്കുകയുണ്ടായി. പക്ഷേ, ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപെടുത്തുവാൻ പാടില്ലെന്നും, തന്മൂലം കാതറയിനെ ഉപേക്ഷിച്ച് ആനിബോളിനെ വിവാഹം കഴിക്കുന്നതിനുള്ള അനുവാദം നല്കുവാൻ തനിക്കു സാദ്ധ്യമല്ലെന്നും, നിയമത്തിനെതിരായി ഹെൻട്രി പ്രവൎത്തിക്കുമെങ്കിൽ കത്തോലിക്കാസഭയിൽനിന്നും ബഹിഷ്കരിക്കപ്പെട്ടമെന്നുള്ള കല്പന മാർപ്പാപ്പാ ഹെൻട്രിക്കു് അയച്ചുകൊടുക്കുകയാണുണ്ടായതു്. പക്ഷേ, ആശാപാശബന്ധിതനായിത്തീൎന്ന ഹെൻട്രി മാർപ്പാപ്പായുടെ കല്പനയെ അവഗണിച്ചുകൊണ്ടു കാതറയിനെ പരിത്യജിക്കയും ആനിബോളിനെ വിവാഹം കഴിക്കയും ചെയ്തു. തന്നിമിത്തം കത്തോലിക്കാസഭയിൽ നിന്നും ചക്രവൎത്തി ബഹിഷ്കൃതനായിത്തീർന്നു.

തദനന്തരം കത്തോലിക്കാസഭയ്ക്കു് എതിരായി പ്രവൎത്തിക്കുന്നതിനാണു ഹെൻട്രി സന്നദ്ധനായതു്. ഇംഗ്ലണ്ടിലേ സഭയുടെ മേലുള്ള അധികാരം തനിക്കാണെന്നു ജല്പിച്ചുകൊണ്ടും രാജകീയശക്തി ഉപയോഗിച്ചുകൊണ്ടും ഭയങ്കരമായ മതപീഡനം ഇംഗ്ലണ്ടിൽ ഹെൻട്രി ആരംഭിച്ചു. ആയിരത്തിലധികം സന്യാസാശ്രമങ്ങൾ അയാൾ നാമാവശേഷമാക്കുകയും അവയിലേ സ്വത്തുക്കളെല്ലാം കൈവശപ്പെടുത്തുകയും ചെയ്തു. പ്രോട്ടസ്റ്റൻറുമതം ബലംപ്രയോഗിച്ചു പ്രചരിപ്പിക്കുന്നതിനും കത്തോലിക്കാമതം ഉപേക്ഷിച്ചു പ്രോട്ടസ്ററൻറു മതം സ്വീകരിക്കാത്തവരെ ഭയങ്കരമായി പീഡിപ്പിക്കുന്നതിനും ഹെൻട്രി സന്നദ്ധനായി. ഇംഗ്ലണ്ടിലേ സഭയുടെ തലവൻ രാജാവാണെന്നും, അതനുസരിച്ച് എല്ലാവരും അദ്ദേഹത്തോടു സത്യപ്രതിജ്ഞ നിർവഹിക്കണമെന്നും, രാജാവു് തിരഞ്ഞെടുക്കുന്നയാളായിരിക്കണം മെത്രാനെന്നും, മാർപ്പാപ്പായ്ക്കുണ്ടായിരുന്ന അധികാരം മേലാൽ കാൻറർബെറി ആർച്ചുബിഷപ്പിനു് ആയിരിക്കണമെന്നും, സഭാസംബന്ധമായ കാര്യങ്ങൾക്കുള്ള അപ്പീൽ രാജകീയ കോടതിയിൽ ബോധിപ്പിക്കണമെന്നും മററുമുള്ള നിയമങ്ങൾ രാജകീയബലം ഉപയോഗിച്ചു ഹെൻട്രി നടപ്പിലാക്കി. ഇംഗ്ലണ്ടിൽ അന്നുണ്ടായിരുന്ന ബഹുഭൂരിപക്ഷം മെത്രാന്മാരും, വൈദികന്മാരും, ജനങ്ങളും ഹെൻട്രിയുടെ പ്രേരണയ്ക്കും ഭീഷണിക്കും വശംവദരായിത്തീൎന്നു.

ജഡികാഭിലാഷങ്ങളുടെ ബീഭത്സരൂപമായിരുന്ന ഹെൻട്രി എട്ടാമൻ ഒന്നിനുപുറകേ ഒന്നായി ഭാര്യമാരെ തുടരെ ഉപേക്ഷിച്ചുകൊണ്ടിരുന്നു. രണ്ടാമത്തെ ഭാര്യയായ ആനിബോളിനെ വ്യഭിചാരക്കുററം ചുമത്തി വധിപ്പിച്ച ശേഷം ജയിൻസെയ്മൂറിനെ പിറേറദിവസം തന്നെ വിവാഹം കഴിക്കയാണ് അയാൾ ചെയ്തതു്. ഒരു വഷത്തിനകം അവളേയും ഉപേക്ഷിച്ചു് ആനിപ്രഭിയെ വിവാഹംകഴിച്ചു. അവളേയും ഏതാനും ദിവസത്തിനകം പരിത്യജിച്ചശേഷം കാതറയിൻ ഹോവാർഡ്ഢ് എന്ന സ്ത്രീയെ വിവാഹം കഴിച്ചു. വ്യഭിചാരക്കുററം ആരോപിച്ചു് അവളേയും വധിപ്പിച്ച ശേഷം കാതറയിൻപാർ എന്ന സ്ത്രീയെ പിന്നിട്ടു് വിവാഹം കഴിച്ചു. ഇപ്രകാരം തുടച്ചയായി ക്രൈസ്തവനിയമത്തിനെതിരായി അഞ്ചു സ്ത്രീകളെ വിവാഹം കഴിച്ചു തൻെറ ജഡികാഭിലാഷങ്ങൾക്ക് ഇരയാക്കിത്തീത്ത ഹെൻട്രിയെപ്പററി "അയാൾ അന്തരിക്കുന്നതിനു കുറേ വർഷങ്ങൾക്കു മുമ്പ് അമിതഭോജനത്താലും, വിഷയലമ്പടത്താലും, കൃത്രിമോപായങ്ങളാലും അങ്ങുമിങ്ങും ചരിച്ചിരുന്ന അനിയന്ത്രിതവും ബീഭത്സജനകവുമായ ഒരു മാംസപിണ്ഡമായി കലാശിച്ചു" എന്നാത്രേ ഒരു പ്രോട്ടസ്ററൻറ് ചരിത്രകാരനായ വില്യംകോബററ് എഴുതിയിരിക്കുന്നതു്. ഹെൻട്രി നടത്തിയ അക്രമങ്ങൾക്കെല്ലാം പ്രധാനസൂത്രധാരൻ മനസ്സാക്ഷിയെ തീറെഴുതിയിരുന്ന ക്രാന്മർ ബിഷപ്പായിരുന്നു. രണ്ടു രാജ്ഞിമാരേയും, രണ്ടു കർദ്ദിനാളന്മാരേയും, രണ്ടു മെത്രാപ്പോലീത്തന്മാരേയും, പതിനെട്ടു മെത്രാന്മാരേയും, പതിമൂന്നു് അശ്രമാദ്ധ്യക്ഷന്മാരേയും, അഞ്ഞൂറ് സന്യാസികളേയും, മുപ്പത്തിഎട്ടു് നിയമവിദഗ്ദ്ധന്മാരേയും, നൂററിപ്പത്തു മഹതികളേയും, അനേകം സാധാരണന്മാരേയും ഹെൻട്രി വധിപ്പിക്കയുണ്ടായത്രേ. ഇംഗ്ലണ്ടിനെ സാന്മാർഗ്ഗികമായും സാമ്പത്തികമായും അധഃപതിപ്പിച്ച ഹെൻട്രി എട്ടാമൻ 1547-ൽ നിര്യാണമടഞ്ഞു. അയാളുടെ മൂന്നു മക്കൾ തുടർച്ചയായി ഭരണം നടത്തിയെങ്കിലും അവരെല്ലാം സന്താനഭാഗ്യമില്ലാതെ മരിച്ചുപോകുകയാൽ കുടുംബം അന്യം നില്ക്കുകയാണുണ്ടായതു്. അങ്ങനെ ദൈവത്തിൻെറ ശിക്ഷ ഹെൻട്രിയുടെ കുടുംബത്തിൻെറ മേൽ നിപതിച്ചതായി ഏവർക്കും ബോധ്യപ്പെടുകയും ചെയ്തു.

ഹെൻട്രിയുടെ മരണശേഷം കാൻറർബറി മെത്രാപ്പോലീത്തയായ ക്രാന്മർ രാജരക്ഷകനായ സൈമൂറിൻെറയും മററും സഹായത്തോടുകൂടി ലൂഥറിൻെറ തത്വങ്ങൾ ഇംഗ്ലണ്ടിൽ പ്രചരിപ്പിക്കുന്നതിനു

പരിശ്രമിച്ചു. ദൈവാലയങ്ങളിൽ നിന്നും പ്രതിമകൾ നീക്കം ചെയ്തു. പുതിയ അരാധനക്രമം നടപ്പിലാക്കി. വി: കുർബാന രണ്ടു സാദൃശ്യങ്ങളിലും നല്കിത്തുടങ്ങി. മതസ്ഥാപനങ്ങളുടെ സ്വത്തുക്കളെല്ലാം രാജകീയമാക്കിത്തീർത്തു. ലൂഥറിൻ-കാൽവിൻ മതതത്വങ്ങൾ കലർന്ന ഒരു വിശ്വാസസംഹിത സൃഷ്ടിക്കപ്പെട്ടു. ഇപ്രകാരം ഇംഗ്ലണ്ടിൽ ആംഗ്ലിക്കൻസഭ ഉൽഘാടനം ചെയ്യപ്പെട്ടു.

## ആംഗ്ലിക്കൻസഭ കേരളത്തിൽ

19-ാം നൂററാണ്ടിന്റെ പ്രാരംഭഘട്ടത്തിൽ തിരുവിതാംകൂർ കൊച്ചിയിലേ ബ്രിട്ടീഷു റസിഡൻറന്മാരും ആംഗ്ലിക്കൻ സഭാംഗങ്ങളുമായിരുന്ന കർണ്ണൽ മെക്കാളി, കർണ്ണൽ മൺട്റോ എന്നിവരുടെ പരിശ്രമഫലമായി ചർച്ചു മിഷ്യനറി സൊസൈററിക്കാർ ഇംഗ്ലണ്ടിൽ നിന്നും കേരളത്തിലേക്കു് ഏതാനും മിഷ്യനറിമാരെ അയക്കുകയുണ്ടായി. ഡോക്ടർ കേർ 1805-ലും ഡോക്ടർ ബുക്കാനൻ 1806-ലും ഇവിടെ വന്നുചേന്നു. തുടന്നു് നോർട്ടൺ, ബെയിലി, ജോസഫയിൻ ബെയിക്കർ എന്നിവരും വന്നെത്തുകയും ഇവിടത്തെ പുത്തൻകൂററുകാരുടെ ഇടയിലും അക്രൈസ്തവരുടെ ഇടയിലും മതപ്രചരണം നടത്തിത്തുടങ്ങുകയും ചെയ്തു. അന്നു് ഇവിടത്തേ യാക്കോബായ മെത്രാപ്പോലീത്തയായിരുന്ന വലിയ മാർ ദിവന്നാസ്യോസിനെ ഇവർ സന്ദർശിക്കയും അക്കാലത്തു പല വിധത്തിലും അധ:പതിച്ചിരുന്ന പുത്തൻകൂർ ജനതയെ ഉദ്ധാരിക്കുന്ന കൃത്യം ഭരമേല്ക്കുകയും ചെയ്തു. ബ്രി: ഗവർമെൺറിന്റെ സ്വാധീനശക്തിയും മിഷ്യനറിമാരുടെ സഹായങ്ങളും തങ്ങൾക്കു ലഭിക്കുമെന്നുള്ള ഉത്തമ വിശ്വാസം മൂലം യാക്കോബായസഭാംഗങ്ങളുടെ ഇടയിൽ വേല ചെയ്യുന്നതിനുള്ള പരിപൂർണ്ണസ്വാതന്ത്ര്യം മാർ ദീവന്നാസ്യോസ് പ്രസ്തുത മിഷ്യനറിമാർക്കു് നല്കുകയുണ്ടായി. പക്ഷേ, പ്രസ്തുത മിഷ്യനറിമാരുടെ ഹൃദയാന്തർഭാഗത്തു കുടികൊണ്ടിരുന്ന ഉദ്ദേശം പ്രോട്ടസ്ററൻറു് വിശ്വാസവിഷബീജങ്ങൾ ഇവിടത്തേ സുറിയാനിക്കാരുടെ ഇടയിൽ വിതയ്ക്കുകയും, തദ്വാരാ പുരാതനവിശ്വാസാചാരങ്ങളിൽ നിന്നും ഇവരെ വ്യതിചലിപ്പിക്കയും, അങ്ങനെ പ്രോട്ടസ്ററൻറു് സഭയിലേക്കു് ഇവരെ ആനയിക്കുകയും ചെയ്യണമെന്നുള്ളതായിരുന്നു. ഏതാദൃശ ദുരുദ്ദേശം വേണ്ടവിധം മനസ്സിലാക്കാതെ പ്രസ്തുത മിഷ്യനറിമാക്കു യാക്കോബായസഭയിൽ പ്രവത്തിക്കുന്നതിനുള്ള പൂർണ്ണസ്വാതന്ത്ര്യം മാർ ദിവന്നാസ്യോസു് അനുവദിച്ചുകൊടുക്കുക

യാണു ചെയ്തതു്. അതിന്റപ്രതിഫലമെന്നോണം ബാഹ്യമായ ചില സഹായങ്ങൾ നല്കാമെന്നു മിഷ്യനറിമാർ മെത്രാപ്പോലീത്തായോടു വാഗ്ദത്തവും ചെയ്തു.

## പരസ്പരസഹായങ്ങൾ

ആംഗ്ളിക്കൻ മിഷ്യനറിമാൎക്കു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ നല്കിയ ഏതാനും അനുവാദങ്ങൾ ചുവടേ ചേൎത്തു കൊള്ളുന്നു:—

1. യാക്കോബായസഭ വകയായ എല്ലാ ദൈവാലയങ്ങളും സന്ദർശിക്കുന്നതിനും പ്രസംഗങ്ങൾ നടത്തുന്നതിനും മിഷ്യനറിമാരെ അനുവദിച്ചു.

2. പ്രോട്ടസ്റ്റൻറു വേദപുസ്തകവും മതസംബന്ധമായ ഇതര ഗ്രന്ഥങ്ങളും യാക്കോബായ സഭാംഗങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനുള്ള അനുവാദം നല്കി.

3. വൈദികസെമ്മനാരിയിലേ ശെമ്മാശന്മാരെ പഠിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമുള്ള ചുമതല മിഷ്യനറിമാരെ ഭരമേല്പിച്ചു.

4. മിഷ്യനറിമാരുടെ പ്രേരണ മൂലം അവിവാഹിതരായിരുന്ന യാക്കോബായ വൈദികന്മാൎക്കു വിവാഹം കഴിച്ചു കൊള്ളുവാനുള്ള അനുവാദം മെത്രാപ്പോലീത്താ നല്കി.

ഏവം വിധം തങ്ങൾക്കു ലഭിച്ച അനുവാദവും സ്വാതന്ത്ര്യവും മിഷ്യനറിമാർ ശരിയ്ക്കു് ഉപയോഗിച്ചതിന്റെ ഫലമായി യാക്കോബായ വൈദികരിലും ജനങ്ങളിലും ഒട്ടനേകർ പ്രോട്ടസ്റ്റൻറു വിശ്വാസങ്ങളിൽ പ്രതിപത്തിയുള്ളവരായി. അവിവാഹിതരായിരുന്ന 150-ഓളം യാക്കോബായ വൈദികരിൽ 40 പേർ അധികകാലതാമസമെന്യേ വിവാഹിതരായിത്തീൎന്നു. തങ്ങളുടെ വിശ്വാസം ഇവിടെ പ്രചരിപ്പിക്കുന്നതിനു നല്കിയ അനുവാദത്തിനു പ്രതിഫലമെന്നോണം ബ്രി. റസിഡൻറന്മാരും ആംഗ്ളിക്കൻ മിഷ്യനറിമാരും ബാഹ്യമായ ചില സഹായങ്ങൾ ഇവിടുത്തേ പുത്തൻകൂർ സുറിയാനിക്കാൎക്കു നല്കുകയുണ്ടായി. അവയിൽ ചിലവ ചുവടേ ചേൎക്കുന്നു:—

1. കോട്ടയത്തേ വൈദികസെമ്മിനാരിക്കു വേണ്ടി പല ഇനങ്ങളിലായി മുപ്പതിനായിരം രൂപാ നല്കുകയും കല്ലട മൺറോതുരുത്തു് തിരുവിതാംകൂർ ഗവർമ്മെൻറിനെക്കൊണ്ടു കൊടുപ്പിക്കുകയും ചെയ്തു.

2. വട്ടിപ്പണം എന്ന പേരിൽ മൂവായിരം പൂവരാഹൻ (10500 രൂപാ) ഈസ്ററിൻഡ്യാ കമ്പനിയിൽ സ്ഥിരമായി നിക്ഷേപിച്ചു.

3. സുറിയാനിക്കാർക്കു് ഇംഗ്ലീഷുവിദ്യാഭ്യാസം നല്കുന്നതിനായി കോട്ടയത്തു് ഒരു ഇംഗ്ലീഷ് സ്കൂൾ സ്ഥാപിക്കയും വസ്ത്രം, ഭക്ഷണം, ഫീസ് സൌജന്യം എന്നിവ നല്കി പുത്തൻകൂർ വിദ്യാർത്ഥികളെ പ്രസ്തുത സ്കൂളിൽ പഠിപ്പിക്കുകയും ചെയ്തു.

4. ഗവർമ്മെൻറുദ്യോഗങ്ങളിൽ പുത്തൻകൂർ സുറിയാനിക്കാക്കു മുൻഗണന നല്കുകയും, ജഡ്ജിമാരായും മററും ഒട്ടനേകരെ അവരിൽ നിന്നും നിയമിക്കുകയും ചെയ്തു.

5. കോട്ടയം, പിറവം, ചങ്ങനാശേരി, ആലപ്പുഴ എന്നീ നാലു സ്ഥലങ്ങളിലേ പള്ളികൾ പഴയ കൂററുകാരിൽ നിന്നും വിടുത്തി പുത്തൻ കൂററുകാക്കു കൊടുക്കാമെന്നു മിഷ്യനറിമാർ വാഗ്ദാനം ചെയ്കയും അതനുസരിച്ചു കോട്ടയം, പിറവം പള്ളികൾ പരിപൂർണ്ണമായി പുത്തൻകൂററുകാക്കു കൈവശപ്പെടുത്തി കൊടുക്കുകയും ചെയ്തു. എന്നാൽ കത്തോലിക്കരുടെ ശക്തിമത്തായ പ്രതിഷേധം നിമത്തം ചങ്ങനാശേരിയിലേയും ആലപ്പുഴയിലേയും പള്ളികൾ പഴയകൂററുകാരിൽ നിന്നും പുത്തൻകൂററുകാക്കു കൈവശപ്പെടുത്തി കൊടുക്കുവാൻ മിഷ്യനറിമാർക്കു സാധിച്ചില്ല.

മിഷ്യനറിമാരുടെ ഏവംവിധമുള്ള സഹായസഹകരണങ്ങളാൽ വശീകൃതരായിത്തീർന്നതിൻെറ ഫലമായി വലിയ മാർ ദീവന്നാസ്യോസ്, എട്ടാം മാർത്തോമ്മാ, പുലിക്കോട്ടു മാർ ദിവന്നാസ്യോസ് എന്നീ യാക്കോബായ മെത്രാപ്പോലീത്തന്മാർ പ്രോട്ടസ്റ്റൻറു മിഷ്യനറിമാക്കു യാക്കോബായ സഭയിൽ കൂടുതൽ കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചു കൊടുക്കുകയാണുണ്ടായതു്. ഈദൃശസ്വാതന്ത്ര്യം ഉപയോഗിച്ചു യാക്കോബായസഭയെ ഒന്നടങ്കം പ്രോട്ടസ്റ്റൻറുസഭയിൽ ലയിപ്പിക്കുവാൻ അംഗങ്ങൾക്കു സാധിക്കുമെന്നുള്ള വ്യാമോഹം മിഷ്യനറിമാരിൽ അംകുരിച്ചു

പോയതിൽ അദ്ഭുതത്തിന് അവകാശമില്ല. പക്ഷേ, പ്രസ്തുത വ്യാമോഹവും അതിനുവേണ്ടി നടത്തിയ പരിശ്രമങ്ങളും ഭയങ്കരമായ പരാജയത്തിലാണ് അവസാനം കലാശിച്ചതെന്ന വാസ്തവം അനന്തര സംഭവഗതികൾ തെളിയിക്കുന്നു.

## യാക്കോബായ ആംഗ്ളിക്കൻ ബന്ധം

പുലിക്കോട്ട മാർ ദീവന്നാസ്യോസിനു ശേഷം യാക്കോബായ സഭാഭരണം നിർവഹിച്ച പുന്നത്ര മാർ ദീവന്നാസ്യോസ് ആംഗ്ളിക്കൻ മിഷനറിമാരുടെ പ്രവർത്തനം യാക്കോബായ സഭയ്ക്കു ദോഷകരമായിത്തീർന്നിരിക്കുന്നു എന്നു ഗ്രഹിച്ചതിന്റെ ഫലമായി ഇരുകൂട്ടരും തമ്മിലുള്ള ബന്ധം എപ്രകാരമായിരിക്കണമെന്നു തീരുമാനിക്കുന്നതിനു വേണ്ടി 1818-ൽ മാവേലിക്കരയിൽ ഒരു യോഗം വിളിച്ചുകൂട്ടുകയുണ്ടായി. 50-ൽ പരം വൈദികന്മാരും എഴുപതോളം അല്മായപ്രതിനിധികളും പ്രസ്തുത യോഗത്തിൽ സംബന്ധിച്ചിരുന്നു. ആംഗ്ളിക്കൻ മിഷ്യനറിയായ മി. ഫെൻ യാക്കോബായസഭയിലെ വിശ്വാസങ്ങളിലും ആചാരങ്ങളിലും ഒട്ടനേകം വേദവിപരീതങ്ങൾ കടന്നുകൂടിയിട്ടുണ്ടെന്നു ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള ഒരു പ്രസംഗം അവിടെ വെച്ചു ചെയ്യുകയുണ്ടായി. പ്രോട്ടസ്റ്റന്റു മിഷ്യനറിമാരുമായുള്ള ബന്ധം പരിപൂർണ്ണമായും വിച്ഛേദിക്കുന്നതു പലവിധത്തിലും യാക്കോബായസഭയ്ക്കു ദോഷകരമായി പരിണമിക്കുമെന്നുള്ള ബോദ്ധ്യം നിമിത്തം ഇതെപ്പററി ആലോചിക്കുന്നതിനായി ആറു വൈദികന്മാരടങ്ങിയ ഒരു കമ്മററിയെ മെത്രാപ്പോലീത്താ നിയമിക്കുകയാണുണ്ടായതു്. പക്ഷെ, ഇതുസംബന്ധിച്ചുള്ള അവസാനതീരുമാനം കാണുന്നതിനു മുമ്പു പ്രസ്തുത മെത്രാപ്പോലീത്താ നിര്യാണം പ്രാപിച്ചു.

അദ്ദേഹത്തിനുശേഷം യാക്കോബായസഭയുടെ ഭരണഭാരമേററ ചേപ്പാട്ടു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ആംഗ്ലിക്കൻ മിഷ്യനറിമാരിൽ അന്തർലീനമായിരുന്ന ദുരുദ്ദേശം ശരിക്കു മനസ്സിലാക്കുകയും അതിനു വേണ്ട നിവാരണമാർഗ്ഗങ്ങൾ പ്രയോഗിച്ചു തുടങ്ങുകയും ചെയ്തു. മിഷ്യനറിമാരുമായുള്ള ബന്ധത്തിൽ നിന്നും ക്രമേണ അകലുന്നതിനുള്ള പരിശ്രമം അദ്ദേഹം നടത്തിത്തുടങ്ങി. ആയിടയ്ക്കു കല്ക്കട്ടായിൽ നിന്നും ഇവിടെ എത്തിയ ആംഗ്ളിക്കൻ ബിഷപ്പായ വിൽസൺ താഴെ ചേർക്കുന്ന ആറുകൂട്ടം കാര്യങ്ങൾ നടപ്പിൽ വരുത്തണമെന്നു ചേപ്പാട്ടു മാർ ദീവന്നാസ്യോസിനോട്ട് ആവശ്യപ്പെട്ടു.

1. ഇടവകപ്പള്ളികളിലേ വരവുചെലവുകളുടെ കണക്കു ബ്രി. റസിഡൻറിൻേറയോ അദ്ദേഹത്താൽ നിയമിക്കപ്പെടുന്ന ആളുകളുടേയോ പരിശോധനയ്ക്കും അംഗീകരണത്തിനുമായി സമപ്പിക്കപ്പെടണം.

2. സെമ്മനാരിയിൽ പഠിച്ചു പരീക്ഷയിൽ ജയിച്ചു പ്രിൻസിപ്പാളിൻെറ സർട്ടിഫിക്കററു ലഭിച്ചവക്കു മാത്രമേ മെത്രാപ്പോലീത്താ മേലാൽ പട്ടം കൊടുക്കുവാൻ പാടുള്ളു.

3. മരിച്ചവക്കുവേണ്ടി കുർബാന അർപ്പിക്കയും അതിനുവേണ്ടി വൈദികന്മാക്കു പണം നല്കുകയും ചെയ്യുന്ന പതിവു നിറുത്തൽ ചെയ്യണം. അതിനു പകരം വൈദികന്മാക്ക് ഇതരവരുമാനമാൎഗ്ഗങ്ങൾ നിശ്ചയിക്കണം.

4. കുർബാന തക്സായിലേ ആക്ഷേപഭാഗങ്ങൾ എല്ലാം നീക്കി ചുരുക്കി തർജ്ജിമ ചെയ്തു് ഉപയോഗിക്കണം.

5. വൈദികന്മാർ മലയാളഭാഷയിൽ വേദപുസ്തകം വായിച്ചു ജനങ്ങളെ കേൾപ്പിക്കണം.

6. പള്ളികൾ ഉള്ള സ്ഥലങ്ങളിൽ എല്ലാം സ്കൂളുകൾ നിമ്മിക്കണം.

സഭയുടെ ഒരു സുന്നഹദോസു വിളിച്ചുകൂട്ടി ഇതെപ്പററി ആലോചിക്കാമെന്നു ചേപ്പാട്ടു മാർ ദിവന്നാസ്യോസു മിഷനറിമാരെ അറിയിച്ചു. അതനുസരിച്ചു് 1836 ജനുവരി 18-ാംനു- മാവേലിക്കരപ്പള്ളിയിൽ ഒരു സുന്നഹദോസു വിളിച്ചുകൂട്ടുകയും ഇതെപ്പററി അവിടെ വെച്ചു പര്യാലോചിക്കയും ചെയ്തു. ആംഗ്ളിക്കൻ സഭയുമായുള്ള ബന്ധം യാക്കോബായസഭയ്ക്കു് ആദ്ധ്യാത്മികനിലയിൽ ദോഷകരമാണെന്നു് അവിടെ കൂടിയിരുന്ന സകലരും ഐകകണ്ഠ്യേന അഭിപ്രായപ്പെടുകയുണ്ടായി. തൻമൂലം പ്രസ്തുത ബന്ധത്തെ എന്നന്നേയ്ക്കുമായി വേർപെടുത്തുന്ന ഒരു "പടിയോല" അവിടെ വെച്ചു എഴുതി എല്ലാവരും അതിൽ ഒപ്പിടുകയും ചെയ്തു. പ്രസ്തുത പടിയോലയുടെ അവസാനഭാഗം ചുവടെ ചേർത്തുകൊള്ളുന്നു:—

## മാവേലിക്കര പടിയോല

"ആണ്ടുതോറും വരുവാനുള്ള വട്ടിപ്പണം മെത്രാപ്പോലീത്താ പററുചീട്ടു് എഴുതിക്കൊടുത്തു വാങ്ങിച്ചു് സിമ്മനാരിയിൽ ഉൾപ്പെട്ട കാര്യങ്ങൾ വിചാരിക്കയും ജനങ്ങളുടെ അപേക്ഷപ്രകാരവും മേൽപ്പട്ട

ക്കാരുടെ കത്തവ്യപ്രകാരവും പട്ടം കൊടുക്കയും ചെയ്തുവരുമ്പോൾ മെത്രാപ്പൊലീത്തായെ ബോധിരാതെ സിമ്മനാരിപ്പെട്ട കാര്യങ്ങൾ നടത്തുകയും മെത്രാപൗലീത്തായുടെ പററ് ചിട്ടിപ്രകാരം വാങ്ങിക്കുന്ന വട്ടിപ്പണം സായ്പന്മാരുതന്നെ ചിലവിടുകയും പഠിച്ചു പാർത്തിരുന്ന ശെമ്മാശന്മാരെ സിമ്മനാരിയിൽനിന്നും പിരിച്ച് അയയ്ക്കുകയും നമ്മുടെ വക മര്യാദയ്ക്കു വിരോധമായിട്ടു വിചാരിക്കയും തമ്മിൽ ശിദ്ര ങ്ങളെ ഉണ്ടാക്കുകയും ചെയ്തുവരുന്നത് ഏററവും സങ്കടവും ബുദ്ധിമുട്ടു മായി തീൎന്നിരിക്കുന്നതിനാൽ എന്നേയ്ക്കും ഭാഗ്യം നിറയപ്പെട്ടവളും ശുദ്ധമാകപ്പെട്ടവളും വാഴ്ത്തപ്പെട്ടവളും ആവലാധി ഒക്കെയിൽനിന്നും രക്ഷപ്പിക്കുന്നവളുമായ തമ്പുരാനെ പെററ അമ്മയുടെ നമസ്കാര ത്താലും ശുദ്ധമാകപ്പെട്ടവരുടെ നമസ്കാരങ്ങളാലെയും നാം രക്ഷപെ ടേണ്ടതിനു സ്തുതി ചൊവ്വാകപ്പെട്ട യാക്കോബായ സുറിയാനിക്കാരുടെ പഠിത്തത്തിലും ക്രമവിശ്വാസത്തിലും അല്ലാതെ വേറെ യാതൊരു പഠി ത്തവും ക്രമവിശ്വാസവും നമ്മൾ അനുസരിച്ചു കൊള്ളുന്നില്ല. ഇവമേൽ ബാവായും പുത്രനും റൂഹാദക്കുദശായും സാക്ഷി. ആമ്മീൻ."

(മാർത്തോമ്മാ സഭാചരിത്ര സംഗ്രഹം ഒന്നാംഭാഗം പുറം 72–73)

## രണ്ടു സന്താനങ്ങൾ

തങ്ങളുടെ ഇരുപതു വർഷത്തെ പരിശ്രമഫലമായി യാക്കോ ബായ സഭയിൽനിന്നും രണ്ടു കക്ഷികളെ ഉത്പാദിപ്പിക്കുന്നതിന് ആം ഗ്ലിക്കൻ മിഷ്യനറിമാർക്കു സാധിച്ചു. പ്രോട്ടസ്ററൻറു വിശ്വാസത്താൽ പ്രേരിതരായും, ഉദ്യോഗലബ്ധിയിൽ പ്രലോഭിതരായും സുറിയാനി ക്കാരിൽനിന്നും ഉദ്ദേശം ആറായിരത്തോളം ജനങ്ങൾ ആംഗ്ലിക്കൻ സഭ ക്കാരായിത്തീൎന്നു. രണ്ടാമതായി ജാതമായ കക്ഷി "മാർത്തോമ്മാസഭ" എന്നപേരിൽ ഇപ്പോൾ അറിയപ്പെടുന്ന നവീകരണകക്ഷിയത്രേ. ആരാധനാഭാഷയും വേഷവും യാക്കോബായസഭയുടേതു പോലെതന്നെ യെങ്കിലും മിക്കവാറും പ്രോട്ടസ്റ്റൻറു വിശ്വാസത്തെ അനുകൂലിക്കുന്ന കക്ഷിയാണു നവീകരണ കക്ഷി. അബ്രഹാം മല്പാൻ ആദിയായ വൈദികന്മാരേയും മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലി ത്തായേയും ആംഗ്ലിക്കൻ മിഷ്യനറിമാർ പ്രേരിപ്പിച്ചതിൻേറയും സഹാ യിച്ചതിൻേറയും ഫലമായിട്ടാണു നവീകരണകക്ഷി യാക്കോബായസഭ യിൽ ജന്മമെടുത്തതു്. ഇതെപ്പററി കഴിഞ്ഞ ഒരദ്ധ്യായത്തിൽ സവിസ്തരം പ്രസ്താവിച്ചിട്ടുണ്ടല്ലോ.

സുറിയാനിക്കാരെ കൂടാതെ ഹൈന്ദവരുടെ ഇടയിൽ അധഃകൃതരായി പരിഗണിക്കപ്പെട്ടിരുന്ന ഒട്ടനേകം അക്രൈസ്തവരേയും ജ്ഞാനസ്നാനപ്പെടുത്തി ആംഗ്ലിക്കൻസഭയിൽ ചേർക്കുവാൻ മിഷ്യനറിമാർക്കു സാധിച്ചു. ഈഴവർ, ചേരമർ, സാംബവർ ആദിയായവരുടെ ഇടയിൽ ദൈവാലയങ്ങളും സ്കൂളുകളും സ്ഥാപിച്ചു് അവരുടെ ബാഹ്യവും ആത്മീയവുമായ അഭിവൃദ്ധിക്കുവേണ്ടി ആംഗ്ലിക്കൻ മിഷ്യനറിമാർ കഴിവതു പ്രവർത്തിച്ചുകൊണ്ടിരുന്നു. തൽഫലമായി എൺപതിനായിരത്തിൽപരം അക്രൈസ്തവരെ ആംഗ്ലിക്കൻസഭയിൽ ചേർക്കുന്നതിനു് അവർക്കു സാധിച്ചു. 1897-ൽ തിരു-കൊച്ചിയിലേ മഹാ ഇടവക എന്ന പേരിൽ കേരളത്തിൽ ഒരു പുതിയ രൂപത ഏർപ്പെടുത്തുകയും, മദ്രാസു് അതിരൂപതയുടെ കീഴിൽനിന്നും വേർപെടുത്തി പ്രസ്തുത ഇടവകയ്ക്കായി ബിഷപ്പു് മൂറിനെ നിയമിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മരണശേഷം ബിഷപ്പു് ഗിൽ ഇവിടത്തേ ആംഗ്ലിക്കൻ സഭയെ ഭരിച്ചുകൊണ്ടിരുന്നു. പിന്നീടു് 1947-വരെ പ്രസ്തുത സഭയെ നാട്ടുകാരനായ ബിഷപ്പു് ജയ്ക്കബു് ഭരിച്ചുകൊണ്ടിരുന്നു. എന്നാൽ 1947-ൽ നടന്ന വിവിധ സഭകളുടെ യോജിപ്പിനുശേഷം "തെന്നിൻഡ്യൻ ഐക്യസഭ"യിൽ ഇവിടത്തേ ആംഗ്ലിക്കൻ സഭ ലയിക്കുകയാണുണ്ടായതു്.

---

അദ്ധ്യായം 18

# തെന്നിൻഡ്യൻ ഐക്യസഭ

## (Church of South India)

---

## ത്രിവിധ സഭകളുടെ യോജിപ്പ്

വിവിധസഭാവിഭാഗങ്ങളിലായി ക്രൈസ്തവർ നിലകൊള്ളുന്നതു ക്രിസ്തുസഭയുടെ ബാഹ്യവും ആഭ്യന്തരവുമായ പുരോഗതിക്കു വിഘാതമാണെന്നു ബോദ്ധ്യമായതിൻെറ ഫലമായി വിവിധ പ്രോട്ടസ്റ്റൻറുസഭകൾ പരസ്പരം യോജിക്കുവാൻ പല പരിശ്രമങ്ങൾ യൂറോപ്പിലും അമേരിക്കയിലും നടന്നിട്ടുണ്ടു്. ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുന്നുമുണ്ടു്. പക്ഷേ, വിശ്വാസവിഭിന്നത നിമിത്തവും അധികാരം കൈവെടിയുന്നതിനു സഭാധികൃതർക്കുള്ള വൈമനസ്യം മൂലവും പ്രസ്തുത പരിശ്രമങ്ങൾ പലപ്പോഴും പരാജയത്തെയാണു് അഭിമുഖീകരിച്ചിട്ടുള്ളതു്. എന്നാൽ വിശ്വാസവിഷയങ്ങളിൽ കാര്യമായ വ്യത്യാസങ്ങളില്ലാത്ത സഭകൾ തമ്മിൽ യോജിക്കുവാൻ നടത്തിയിട്ടുള്ള പരിശ്രമങ്ങൾ ചില സ്ഥലങ്ങളിൽ ഫലപ്രദമായിത്തീർന്നിട്ടുണ്ടു്. ഇക്കൂട്ടത്തിൽ തെക്കേഇൻഡ്യയിലുള്ള മൂന്നു പ്രോട്ടസ്റ്റൻറുവിഭാഗങ്ങൾ തമ്മിലുള്ള യോജിപ്പിനുവേണ്ടി മുപ്പതു സംവത്സരങ്ങളായി നടത്തിക്കൊണ്ടിരുന്ന പരിശ്രമങ്ങൾ 1947-ൽ രൂപമെടുത്തതത്രേ "തെന്നിൻഡ്യൻ ഐക്യസഭ". കേരളത്തിലും കേരളത്തിനു പുറത്തും പ്രവർത്തനം നടത്തിക്കൊണ്ടിരുന്ന ആംഗ്ലിക്കൻ, ലണ്ടൻ മിഷ്യൻ, വെസ്ലിയൻ മെതഡിസ്റ്റ് എന്നീ വിവിധ വിഭാഗങ്ങൾ തമ്മിലുള്ളണ്ടായ ഐക്യമത്രേ ഇതു്. ഇന്നാട്ടിലേ മാർത്തോമ്മാസഭയേയും ഈ യോജിപ്പിൽ ഉൾപ്പെടുത്തുവാൻ പ്രോട്ടസ്റ്റൻറുകാർ അക്ഷീണം പരിശ്രമിച്ചെങ്കിലും പല കാരണങ്ങളാൽ മാർത്തോമ്മാക്കാർ അതിനു വിസമ്മതം പ്രകടിപ്പിക്കയാണുണ്ടായതു്. തെന്നിൻഡ്യൻ ഐക്യസഭയിൽ യോജിച്ച ആംഗ്ലിക്കൻ സഭയെപ്പററി കഴിഞ്ഞ അദ്ധ്യായത്തിൽ സുദീർഘമായി പ്രതിപാദിച്ചിരുന്നുവല്ലോ. ഇതരവിഭാഗങ്ങളിൽ ഓരോന്നിനെപ്പററിയും ഏതാനും വിവരങ്ങൾ ചുവടേ ചേർത്തുകൊള്ളുന്നു:—

## ലണ്ടൻ മിഷ്യൻസമൂഹം

ക്രിസ്തുവർഷം 1806-ൽ തെക്കൻതിരുവിതാംകൂറിൽ വില്യം റിങ്കിൾടോബ്, വേദമാണിക്യം എന്നീ രണ്ടു മിഷ്യനറിമാരുടെ പരിശ്രമഫലമായി ഇവിടെ പ്രചരിച്ചതത്രേ ലണ്ടൻ മിഷ്യൻ സഭ. ഇംഗ്ലണ്ടിൽ ലണ്ടൻ പട്ടണമാണ് ഈ സഭയുടെ പ്രധാനകേന്ദ്രം. അവിടെനിന്നും ലഭിച്ച സാമ്പത്തിക സഹായത്തിൻെറ ഫലമായി തെക്കൻ തിരുവിതാംകൂറിൽ നാഗർകോവിൽ, നെയ്യൂർ, പാറശാല, മാർത്താണ്ഡം, തിരുവനന്തപുരം, കൊല്ലം ആദിയായ സ്ഥലങ്ങളിൽ കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ടും പലേടത്തും സ്കൂളുകൾ, ആശുപത്രികൾ, തൊഴിൽശാലകൾ എന്നിവ നിർമ്മിച്ചുകൊണ്ടും അക്രൈസ്തവരുടെ ഇടയിൽ ശക്തിമത്തായ സുവിശേഷഘോഷണം ഇവർ നടത്തിക്കൊണ്ടിരുന്നു. തന്മൂലം തെക്കൻ തിരുവിതാംകൂറിലുള്ള നാടാന്മാർ ആദിയായ അക്രൈസ്തവരിൽ നിന്നും ഒരു ലക്ഷത്തിൽപരം ജനങ്ങളെ പ്രസ്തുത സഭയിൽ ചേർക്കുന്നതിന് ഇവർക്കു സാധിച്ചിട്ടുണ്ട്.

## ബേസൽ എവാൻജെലിക്കൽ മിഷ്യൻ

ബ്രി. മലബാറിലും പരിസരങ്ങളിലുമുള്ള കോഴിക്കോട്ട്, തലശ്ശേരി, പാലക്കാട്ട്, ബതകര, കുന്നൂർ, നെട്ടൂർ ആദിയായ സ്ഥലങ്ങളിൽ പ്രചരിച്ചിരുന്ന ഒരു സഭയായിരുന്നു ഇതു്. സാമുവെൽ ഹേബിച്ച് എന്ന ഒരു പ്രോട്ടസ്റ്റൻറ് മിഷ്യനറിയാണ് 1834-ൽ ഇതു അവിടെ ആരംഭിച്ചതു്. പല സ്ഥാപനങ്ങളും നിർമ്മിച്ചുകൊണ്ട് ഇവർ സുവിശേഷപ്രചരണം നടത്തിക്കൊണ്ടിരുന്നുവെങ്കിലും പതിനായിരത്തോളം അക്രൈസ്തവരെ മാത്രമേ ക്രൈസ്തവരാക്കിത്തീർക്കുവാൻ അവർക്കു സാധിച്ചുള്ളു. സാമ്പത്തികവൈഷമ്യം നിമിത്തം 1919-ൽ ലണ്ടൻ മിഷ്യൻ സമൂഹത്തിൽ ലയിക്കുന്നതിന് ഇവർ നിർബ്ബന്ധിതരായിത്തീർന്നു.

## വെസ്ലിയൻ മെതഡിസ്റ്റ് സഭ

ഒരു പ്രോട്ടസ്റ്റൻറ് വൈദികനായിരുന്ന ജോൺവെസ്ലി ഇംഗ്ലണ്ടിൽ സ്ഥാപിച്ച സഭയത്രേ ഇതു്. ക്ലിപ്തമായ ഒരു ജീവിതപരിപാടി അനുസരിച്ചു വന്നതു കൊണ്ടാണ് മെതഡിസ്റ്റ് എന്ന നാമം ഇവർക്കു സിദ്ധിച്ചതു്. ഇംഗ്ലണ്ടു്, വെയിൽസ്, സ്കോട്ട്ലണ്ടു്,

അമേരിക്കാ എന്നീ രാജ്യങ്ങളിൽ ഈ സഭയ്ക്കു കാര്യമായ പ്രചാരം സിദ്ധിച്ചിട്ടുണ്ട്. ഇവരുടെ മിഷ്യനറിമാരിൽ ചിലർ തെക്കെ ഇൻഡ്യയിൽ എത്തി വേല ചെയ്യുതിൻെറ ഫലമായി മൈസൂർ, ഹൈദ്രബാദ്, നാഗപട്ടണം, തൃശ്ശിനാപ്പള്ളി, മദ്രാസ് എന്നീ സ്ഥലങ്ങളിൽ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിന് ഇവക്കു സാധിച്ചിട്ടുണ്ട്.

ഈ സഭാവിഭാഗങ്ങൾ തമ്മിൽ യോജിക്കുന്നതിനു നടത്തിയ പരിശ്രമങ്ങളുടെ ഫലമായി 1947-ൽ "തെന്നിന്ത്യൻ ഐക്യസഭ" എന്ന പേരിൽ ഒരു പുതിയ ദേശീയസഭ ഉൽഘാടനം ചെയ്യപ്പെട്ടു.

## വിശ്വാസവിഷയങ്ങൾ

തെന്നിൻഡ്യൻ ഐക്യസഭയുടെ വിശ്വാസവിഷയങ്ങൾ ഏവയെല്ലാമായിരിക്കണമെന്നുള്ള ആലോചനയ്ക്കു വേണ്ടി നിയമിച്ചിരുന്ന കമ്മററിക്കാർ പ്രസിദ്ധപ്പെടുത്തിയ "തെക്കെ ഇൻഡ്യയിലേ ഐക്യസഭ" എന്ന ഗ്രന്ഥത്തിൽ നിന്നും ഒരു ഭാഗം ചുവടേ ചേർത്തുകൊള്ളുന്നു:—

1. <u>വിശ്വാസം</u> ദൈവം താൻതന്നെ അവതാരം ചെയ്തു ദൈവവെളിപാടുമൂലം മനുഷ്യവർഗ്ഗത്തെ വീണ്ടെടുത്ത യേശുക്രിസ്തുവിൽ സഭ എന്നും വിശ്വസിച്ചിരിക്കുന്നു. ആ വിശ്വാസം തന്നെ ഐക്യസഭകളും കൈക്കൊള്ളുന്നു. അവർ ത്രിത്വത്തിൽ ഏകദൈവത്തെയും ഏകത്വത്തിൽ ത്രിത്വത്തേയും വന്ദിക്കുന്നു.

2. <u>വിശുദ്ധവേദം</u> വിശുദ്ധ വേദപുസ്തകത്തിലേ പഴയ പുതിയനിയമങ്ങളിൽ രക്ഷയ്ക്കാവശ്യമായ എല്ലാ സംഗതികളും അടങ്ങിയിരിക്കുന്നതും വിശ്വാസത്തിൻെറ പരിമാണമായി കരുതേണ്ടതുമെന്നു വിശ്വസിക്കുന്നു.

3. <u>വിശ്വാസപ്രമാണം</u> അപ്പോസ്തോല വിശ്വാസപ്രമാണം, നിഖ്യാ വിശ്വാസപ്രമാണം എന്നീ പേരുകളാൽ അറിയപ്പെടുന്ന വിശ്വാസപ്രമാണങ്ങളെ അവർ സ്വീകരിക്കുന്നു. അവ വിശ്വാസസംരക്ഷണയ്ക്കും സാക്ഷ്യത്തിനും അവശ്യവും ക്രിസ്തുസഭയുടെ ആത്മീക പരിചയങ്ങളെ പല ആവർത്തി സ്ഥിരപ്പെടുത്തിയിട്ടുള്ളതും, ഐക്യത്തിനാവശ്യമായ സംഗതികൾ വിവരിച്ചിട്ടുള്ളതുമാകുന്നു എന്നു സമ്മതിക്കുന്നു. ഐക്യതയ്ക്കു് ആധാരമായി ഈ വിശ്വാസപ്രമാണങ്ങൾ മതിയായവ എന്നും വിശ്വസിക്കുന്നു.

4. സക്രമെന്തുക്കാം: ക്രിസ്തു തന്നെത്താൻ നിയമിച്ച ബപ്റ്റിസ്മ, കർത്താവിൻെറ അത്താഴം എന്ന സത്യകർമ്മങ്ങാം ദൈവം നമ്മിൽ പ്രവർത്തിക്കുന്ന കൃപാവഴികളാണെന്നു വിശ്വസിക്കുന്നു. ക്രിസ്തു നിയമിച്ച വസ്തുക്കളും താൻ അരുളിച്ചെയ്ത വചനങ്ങളും ഉപയോഗിച്ച് ആചരിക്കണമെന്ന് ഈ സഭകാം സമ്മതിക്കുന്നു." (തെക്കേ ഇൻഡ്യയിലേ ഐക്യസഭ. പുറം 12-13)

മേലുദ്ധരിച്ച വിശ്വാസവിഷയങ്ങാം ഐകകണ്ഠ്യേന സ്വീകരിച്ചുകൊണ്ടായിരുന്നു 1945-ൽ തെന്നിൻഡ്യൻ ഐക്യസഭ രൂപം പ്രാപിച്ചതു്. പ്രസ്തുത വിശ്വാസവിഷയങ്ങളിൽ ചിലതിനെപ്പററി ഏതാനും കാര്യങ്ങാം പ്രതിപാദിച്ചുകൊള്ളുന്നു.

## സഭയും വേദപുസ്തകവും

ക്രൈസ്തവസഭയുടെ സകല വിശ്വാസങ്ങാംക്കും അടിസ്ഥാനമായിരിക്കേണ്ടതു വേദപുസ്തകമാണെന്നും, ആത്മരക്ഷയ്ക്കു് അവശ്യം വേണ്ട സകല കാര്യങ്ങളും പ്രസ്തുത ഗ്രന്ഥത്തിലടങ്ങിയിട്ടുണ്ടെന്നും, വേദവാക്യങ്ങാം ഇഷ്ടാനുസാരം വ്യാഖ്യാനിക്കുന്നതിനുള്ള അവകാശം ഓരോ വ്യക്തിയ്ക്കുമുണ്ടെന്നുമായിരുന്നു മാർട്ടിൻലൂഥർ ആദിയായ പ്രോട്ടസ്റ്റൻറ് സഭാസ്ഥാപകന്മാർ പഠിപ്പിച്ചിരുന്നതു്. പതിനാറാം നൂററാണ്ടിനു മുൻപു ക്രൈസ്തവലോകത്തിൽ കേട്ടുകേൾക്കപ്പെട്ടിട്ടു പോലുമില്ലാത്ത ഒരു ഉപദേശമായിരുന്നു അതു്. ഇന്നു ലോകത്തിലുള്ള പുരാതന സഭകാം ഒന്നും തന്നെ ഈ ഉപദേശം സ്വീകരിക്കുന്നുമില്ല. ആയിരത്തിൽപരം വിഭാഗങ്ങളായി പ്രോട്ടസ്റ്റൻറ്സഭ പിരിയുന്നതിനുണ്ടായ പ്രധാന കാരണം പ്രസ്തുത പഠനത്തിൻെറ പ്രായോഗികപ്രകടനമായിരുന്നുവെന്നു് നിസ്സംശയം പ്രസ്താവിക്കുന്നതിനു സാധിക്കും.

ക്രൈസ്തവസഭയുടെ സകല വിശ്വാസങ്ങാംക്കും അടിസ്ഥാനം വേദപുസ്തകമാണെന്നുള്ള പഠനം ആദിമക്രൈസ്തവസഭയിൽ ഇല്ലായിരുന്നുവെന്നുള്ളതു നിസ്തർക്കമത്രെ. ദൈവനിവേശിതമായ വേദഗ്രന്ഥങ്ങാം ഏവയെല്ലാമെന്നു് തീരുമാനിക്കുകയും വേദപുസ്തകം ഇന്നത്തേ രൂപത്തിൽ ക്രമപ്പെടുത്തുകയും ചെയ്തതിനുമുൻപു 400 വഷക്കാലത്തോളം ജീവിച്ചിരുന്ന ക്രൈസ്തവർ തങ്ങളുടെ വിശ്വാസവിഷയങ്ങാം വേദപുസ്തകത്തിൽ നിന്നുമല്ല ഗ്രഹിച്ചിരുന്നതു എന്നതു സുസ്പഷ്ടമാണല്ലോ. വേദപുസ്തകം മാത്രമല്ല തങ്ങളുടെ വിശ്വാസത്തിനു് ആധാരമായി തെന്നിൻഡ്യൻ ഐക്യസഭ പരിഗണിക്കുന്നതു് എന്നതിനു പ്രത്യക്ഷമായ ഒരു

ലക്ഷ്യമാണ പിതാക്കന്മാർ രചിച്ചിട്ടുള്ളതും ക്രൈസ്തവസഭ അംഗീകരിച്ചിരിക്കുന്നതുമായ വിശ്വാസപ്രമാണത്തേയും ഇവർ സ്വീകരിച്ചിരിക്കുന്നതു്. വേദപുസ്തകവാക്യങ്ങളെ വ്യാഖ്യാനിക്കുന്നതിനും വേദാനുസരണമായ വിശ്വാസം ഏവയെല്ലാമെന്ന പ്രഖ്യാപനം ചെയ്യുന്നതിനുമുള്ള അധികാരം സഭയ്ക്കാണെന്ന സ്വയം സമ്മതിക്കയത്രേ ഈ വിശ്വാസപ്രമാണസ്വീകരണം മൂലം തെന്നിന്ത്യൻഐക്യസഭ ചെയ്തിരിക്കുന്നതു്.

ആത്മരക്ഷയ്ക്കുള്ള സകല കാര്യങ്ങളും വേദപുസ്തകത്തിലുണ്ടെന്ന പഠിപ്പിക്കുന്ന ഇവിടത്തേ തെന്നിൻഡ്യൻ ഐക്യസഭ ഞായറാഴ്ച വിശുദ്ധ ദിനമായി ആചരിക്കേണ്ടതു് ആത്മരക്ഷയ്ക്കു് അത്യന്താപേക്ഷിതമാണെന്ന പരിഗണിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നുണ്ടു്. എന്നാൽ അതിനു് ആധാരമായി ഒരൊററ വാക്യമെങ്കിലും വേദപുസ്തകത്തിൽ നിന്നും ഉദ്ധരിക്കുവാൻ ഇവൎക്കു സാധിക്കുന്നതല്ല. അപ്രകാരം തന്നെ ശിശുക്കൾക്കു ജ്ഞാനസ്നാനം നല്കേണ്ടതു് അത്യാവശ്യമാണെന്ന പ്രസ്തുത സഭ പരിഗണിക്കുകയും തങ്ങളുടെ ശിശുക്കളെ ജ്ഞാനസ്നാനപ്പെടുത്തി സഭാംഗങ്ങളാക്കിത്തീൎക്കുകയും ചെയ്യുന്നുണ്ടു. ഇതിനെ സ്പഷ്ടമായി അനുകൂലിക്കുന്ന വേദവാക്യവും ചൂണ്ടിക്കാണിക്കുവാൻ സാധിക്കുന്നതല്ല. ആകയാൽ വേദപുസ്തകം മാത്രമാണ വിശ്വാസത്തിനു് അടിസ്ഥാനമെന്നും, ആത്മരക്ഷയ്ക്കുള്ള സകലകാര്യങ്ങളും പ്രസ്തുത ഗ്രന്ഥത്തിലുണ്ടെന്നും മറവുമുള്ള പഠനം തങ്ങൾതന്നെ സ്വീകരിക്കുന്നതില്ലെന്ന തെന്നിൻഡ്യൻ ഐക്യസഭ സമ്മതിക്കയത്രേ ചെയ്യുന്നതു്.

## വിശുദ്ധ കൂദാശകൾ

ജ്ഞാനസ്നാനം, കൎത്താവിന്റെ അത്താഴം എന്നീ രണ്ടു കൂദാശകൾ മാത്രമേ ക്രിസ്തു ലോകത്തിൽ സ്ഥാപിച്ചിട്ടുള്ളുവെന്നത്രേ പ്രോട്ടസ്റ്റൻറ് സഭാവിഭാഗങ്ങളിൽ ബഹുഭൂരിപക്ഷവും പഠിപ്പിക്കുന്നതു. തങ്ങളുടെ സകല വിശ്വാസങ്ങൾക്കും അടിസ്ഥാനം വേദപുസ്തകമാണെന്ന വിശ്വസിക്കുന്ന പ്രസ്തുത സഭകൾക്കു് ഇപ്രകാരം പഠിപ്പിക്കുവാൻ എങ്ങനെ സാധിക്കുമെന്നു് മനസ്സിലാകുന്നില്ല.

മാർട്ടിൻ ലൂഥർ 1520-ാമാണ്ടുവരെ ഏഴു കൂദാശകളും സ്വീകരിച്ചിരുന്നു. 1520-ൽ അയാൾ എഴുതിയ "ബാബിലോൺ അടിമത്തം" എന്ന ഗ്രന്ഥത്തിൽ ജ്ഞാനസ്നാനം, കുർബാന, കുമ്പസാരം എന്നീമൂന്നു കൂദാശകൾ മാത്രമേ ഉള്ളൂ എന്നു എഴുതിയിരുന്നു. എന്നാൽ ആ പുസ്ത

കത്തിൻെറ അവസാനഭാഗത്തു് ഒന്നുകൂടെ നിഷ്കൃഷ്മായി പറയുകയാണെങ്കിൽ മാമ്മോദീസാ, കുർബാന എന്നിങ്ങനെ രണ്ടു കൂദാശകളെ ഉള്ളുവെന്നാണ് അയാൾ രേഖപ്പെടുത്തിയിരിക്കുന്നതു്.

ലൂഥറിൻെറ സഹപ്രവർത്തകനായ മെലാങ്ടൺ ലൂഥറിനെപ്പോലെ കൂദാശകൾ രണ്ടുമാത്രമാണെന്നു് ആദ്യവും, അതല്ല, മൂന്നാണെന്നു പിന്നീടും അതുമല്ല, പട്ടത്വംകൂടിച്ചേർത്തു നാലുണ്ടെന്നു് അവസാനവും ഇങ്ങനെ മാറിമാറി പ്രസ്താവിക്കുന്നതിനു മടിച്ചിരുന്നില്ല. കാൽവിൻെറ അഭിപ്രായപ്രകാരം മാമ്മോദീസാ, തിരുവത്താഴം, പട്ടം എന്നിങ്ങനെ മൂന്നു കൂദാശകളാണുള്ളതു്. പ്രോട്ടസ്റ്റൻറു മതപരിവർത്തകന്മാരുടെ അബദ്ധാഭിപ്രായങ്ങൾ ശപിച്ചുകൊണ്ടു കൂദാശകളുടെ സംഖ്യ ഏഴാണെന്നും, അവ മാമ്മോദീസാ, സ്ഥിരീകരണം, കുർബാന, കുമ്പസാരം, വിവാഹം, പട്ടം, അന്ത്യലേപനം എന്നിവയാണെന്നും ത്രെന്തോസ് സുന്നഹദോസ് ഔദ്യോഗികമായി പ്രഖ്യാപനം ചെയ്തു. (Sess. 7. can: 1)

ജ്ഞാനസ്നാനം, വി. കുർബാന എന്നിവപോലെ തന്നെ മററു് അഞ്ചു കൂദാശകളും കർത്താവു സ്ഥാപിച്ചതാണെന്നു വേദപുസ്തകത്തിൽ നിന്നും തെളിയുന്നു. ഉദാഹരണാർത്ഥം പട്ടത്വം (മത്താ. 28: 18—20, മർക്കോ. 16: 15, യോഹ. 20: 21), വിവാഹം (മത്താ. 19: 3—9, ലൂക്കോ. 16: 18), പാപമോചനം (യോഹ. 20: 22—23), മൂറോനാഭിഷേകം അഥവാ സ്ഥിരീകരണം (യോഹ. 14: 16, അപ്പ. പ്രവൃ. 16), അന്ത്യലേപനം (മർക്കോസ് 13; യാക്കോബു് 5: 14) എന്നീ വാക്യങ്ങളിൽ നിന്നും തെളിയിക്കാവുന്നതാണ്.

ഇനിയും ജ്ഞാനസ്നാനം, വി. കുർബാന എന്നീ കൂദാശകളുടെ ഫലത്തെപ്പററിയുള്ള പ്രോട്ടസ്റ്റൻറു പഠനവും, വേദപുസ്തകത്തിനും ക്രൈസ്തവസഭയുടെ പാരമ്പര്യവിശ്വാസത്തിനും കടകവിരുദ്ധമാണെന്നുള്ളതിനു സന്ദേഹമില്ല. വി. കുർബാന ബലിയാണെന്നോ ക്രിസ്തുവിൻെറ സാന്നിദ്ധ്യം വി. കുർബാനയിൽ ഉണ്ടെന്നോ പ്രോട്ടസ്റ്റൻറുകാരിൽപ്പെട്ട തെന്നിൻഡ്യൻ ഐക്യസഭ വിശ്വസിക്കുന്നില്ല. എന്നാൽ ആംഗ്ലിക്കൻ സഭയിൽപ്പെട്ട ഹൈച്ചർച്ചുകാർ വി. കുർബാനയിലെ ക്രിസ്തുസാന്നിദ്ധ്യത്തിൽ മാർട്ടിൻ ലൂഥറിനെപ്പോലെതന്നെ വിശ്വസിക്കുന്നുണ്ടു്. ലോച്ചർച്ചുകാരായ സി. എം. എസ്സ്. കാരും അവരോടു യോജിച്ചിരിക്കുന്ന ഇതര പ്രോട്ടസ്റ്റൻറുസഭാവിഭാഗങ്ങളും വി. കുർബാ

നയിൽ ക്രിസ്തുസാന്നിദ്ധ്യമില്ലെന്നുള്ള സ്വിംഗ്ലിയൻ ഉപദേശമാണു സ്വീകരിച്ചിരിക്കുന്നതു്. വി. കുർബാനയെപ്പോലെതന്നെ ജ്ഞാനസ്നാനത്തേയും ഒരു ക്രൂദാശയായി ഇവർ സ്വീകരിക്കുന്നുണ്ടെങ്കിലും അതു മൂലമുള്ള പ്രയോജനത്തെ ഇവർ പാടേ നിഷേധിക്കുകയാണു ചെയ്യുന്നതു്. സഭയുടെ അംഗമാക്കിത്തീക്കുന്നതിനുള്ള ഒരു ബാഹ്യകമ്മമായി മാത്രമേ ജ്ഞാനസ്നാനത്തെ ഇവർ പരിഗണിക്കുന്നുള്ളു. എന്നാൽ ജ്ഞാനസ്നാനം ജന്മപാപവും കമ്മപാപവും നിമ്മാജ്ജനം ചെയ്യുന്നു (അപ്പ. പ്രവൃ. 21: 38, 22, 16, എബ്രാ. 10: 22) എന്നത്രേ വേദപുസ്തകത്തിൽ രേഖപ്പെട്ടത്തിയിരിക്കുന്നതു്.

## ആംഗ്ളിക്കൻ സഭയിലേ പട്ടത്വം

തെന്നിന്ത്യൻ ഐക്യസഭയായി യോജിച്ചിട്ടുള്ള വിവിധ വിഭാഗങ്ങളിൽവെച്ചു് ആംഗ്ലിക്കൻ സഭയ്ക്കു മാത്രമേ നാമമാത്രമായിട്ടെങ്കിലും മെത്രാന്മാരും വൈദികന്മാരും ഉണ്ടായിരുന്നുള്ളൂ. ഇതര സഭകളിലാകട്ടേ ജനപ്രതിനിധികൾ എന്ന നിലയിൽ ഏതാനും പേരെ ആത്മീയകമ്മാദികൾ നടത്തുന്നതിനുവേണ്ടി "മൂപ്പന്മാർ" എന്നപേരിൽ നിയമിക്കുക മാത്രമായിരുന്നു ചെയ്തിരുന്നതു്. എന്നാൽ ഈ സഭകൾ തമ്മിൽ യോജിച്ചപ്പോൾ ബിഷപ്പന്മാരും മൂപ്പന്മാരും പരസ്പരം തലയിൽ കൈവെച്ചു് അഭിഷേകമോ, അഥവാ സ്വീകരണമോ, അതുമല്ലെങ്കിൽ ഒത്തുതീപ്പോ നടത്തുകയുണ്ടായത്രേ. തന്മൂലം മെത്രാന്മാരും വൈദികന്മാരും തങ്ങൾക്കു് ഇപ്പോഴുണ്ടെന്നു് തെന്നിന്ത്യൻ ഐക്യസഭാംഗങ്ങൾ അഭിമാനിക്കയും ചെയ്യുന്നു.

ഈ അവസരത്തിൽ ആംഗ്ലിക്കൻ സഭയ്ക്കു പട്ടത്വം എവിടെനിന്നു ലഭിച്ചുവെന്നും, ഇപ്പോൾ പ്രസ്തുത സഭയ്ക്കു യഥാത്ഥ കൈവെപ്പു് ഉണ്ടോ എന്നും പരിശോധിക്കാം. 16-ാം നൂററാണ്ടിൽ കത്തോലിക്കാസഭയിൽനിന്നും പിന്മാറുന്നതുവരെ ഇംഗ്ലണ്ടിലേ ജനങ്ങൾ കത്തോലിക്കാ മതാവലംബികളായിരുന്നുവെന്ന വാസ്തവം കഴിഞ്ഞ അദ്ധ്യായത്തിൽനിന്നും വായനക്കാർ ഗ്രഹിച്ചിരിക്കുമല്ലോ. ഹെൻട്രി എട്ടാമൻ ചക്രവത്തിയുടെ ആലോചനക്കാരനും ചക്രവത്തിയുടെ പ്രീതി ലഭിക്കുന്നതിനുവേണ്ടി മാത്രം കത്തോലിക്കാസഭയെ ഉപേക്ഷിച്ചയാളുമായ ക്രാന്മർ ബിഷപ്പു സാക്ഷാൽ കൈവെപ്പുള്ള മെത്രാൻ തന്നെയായിരുന്നു. എന്നാൽ ഹെൻട്രി എട്ടാമനും ജനങ്ങളും കത്തോലിക്കാസഭയെ ഉപേക്ഷിച്ചശേഷം ക്രാന്മർ ബിഷോപ്പിൻെറ പ്രേരണയനുസരിച്ചു വിശുദ്ധ

കുർബാന ബലിയാണെന്നുള്ള വിശ്വാസം പാടേ പരിത്യജിക്കുകയും അതിനു അനുകൂലമായ ഭാഗങ്ങൾ കുർബാനക്രമത്തിൽ നിന്നും പാടേ വെട്ടി നീക്കിക്കളയുകയുമാണു ചെയ്തതു്. അപ്രകാരം തന്നെ ബലി അർപ്പിക്കുന്നതിനുള്ള അധികാരമാണു പൌരോഹിത്യം എന്ന വസ്തുതയ്ക്കു് ആധാരമായിട്ടുണ്ടായിരുന്ന പല ഭാഗങ്ങളും വൈദികാഭിഷേചനക്രമത്തിൽ നിന്നും നീക്കിക്കളഞ്ഞു. പ്രസ്തുത ശുശ്രൂഷക്രമം ഉപയോഗിച്ചുകൊണ്ടാണു ക്രാന്മർ ബിഷപ്പ് മെത്രാന്മാരെയും പട്ടക്കാരെയും അഭിഷേചിച്ചതു്. തന്മൂലം ക്രാന്മർ ബിഷപ്പു യഥാർത്ഥ കൈവെപ്പുള്ള മെത്രാനായിരുന്നുവെങ്കിലും കൈവെയ്പു് അസാധുവാക്കിത്തീർക്കുന്ന കർമ്മവചനം (Formula) ഉപയോഗിച്ചു കർമ്മം നടത്തിയതുനിമിത്തം ആംഗ്ളിക്കൻ സഭയിലേ പട്ടം അസാധുവായിത്തീരുകയാണുണ്ടായതു്. കാരണം "ബലി ഇല്ലെങ്കിൽ പൌരോഹിത്യമില്ല; പൌരോഹിത്യമില്ലെങ്കിൽ വെലിയുമില്ല" എന്നതത്രേ. ബലി അർപ്പിക്കുന്നതിനുള്ള അധികാരം നല്കാത്ത അഭിഷേചനം മൂലം യഥാർത്ഥ കൈവെയ്പു ലഭിക്കുന്നതുമല്ല.

ക്രിസ്താബ്ദം 1559 മുതൽ 1661 വരെയുള്ള നൂറു വർഷക്കാലത്തേയ്ക്കു് ഈദൃശകർമ്മവചനമായിരുന്നു അഭിഷേചനത്തിനുവേണ്ടി ആംഗ്ളിക്കൻ സഭയിലേ മെത്രാന്മാർ ഉപയോഗിച്ചു കൊണ്ടിരുന്നതു്. കാൻറർബറി ആർച്ചുബിഷപ്പായിരുന്ന മാത്യു പാക്കറെ 1599-ൽ അഭിഷേചിച്ചതും പ്രസ്തുത കർമ്മവചനം ഉപയോഗിച്ചുകൊണ്ടായിരുന്നു. തന്മൂലം അദ്ദേഹത്തിൽനിന്നും ലഭിച്ച ആംഗ്ളിക്കൻ കൈവെയ്പു സാധുവല്ലെന്നു കത്തോലിക്കാസഭ വാദിച്ചു കൊണ്ടിരുന്നു. ബലി അർപ്പിക്കുന്നതിനുള്ള പൌരോഹിത്യം നിഷേധിച്ചുകൊണ്ടുള്ള കർമ്മവചനവും അതിനോട്ടു് അനുബന്ധിച്ചുള്ള മെത്രാന്റെ നിയോഗവും പട്ടത്വത്തിന്റെ സാധുതയെ ഹനിക്കുന്നു എന്നു കത്തോലിക്കാസഭ വാദിക്കുകയും ആംഗ്ളിക്കൻ സഭാവൈദികർ കത്തോലിക്കാസഭയെ ആശ്ലേഷിക്കുമ്പോൾ വീണ്ടും പട്ടം കൊടുത്തു അവരെ സ്വീകരിക്കുകയും ചെയ്തുകൊണ്ടിരുന്നു. തന്മൂലം തങ്ങളുടെ പട്ടം എങ്ങനെയെങ്കിലും സാധുവാക്കിത്തീർക്കണമെന്നുള്ള ആഗ്രഹംനിമിത്തം പട്ടാഭിഷേക ശുശ്രൂഷക്രമത്തിലേ കർമ്മവചനങ്ങളിൽ വേണ്ട ഭേദഗതികൾ ക്രിസ്താബ്ദം 1661-ൽ വരുത്തുകയും അങ്ങനെ പുതിയ ക്രമം അനുസരിച്ചു പട്ടം കൊടുക്കയും ചെയ്തു. "ദൈവത്തിന്റെ സഭയിൽ മെത്രാൻസ്ഥാനത്തിനും ജോലിക്കും വേണ്ടി പരിശുദ്ധാത്മാവിനെ സ്വീകരിക്കുക" എന്നും, "ദൈവത്തിന്റെ

സഭയിൽ വൈദികസ്ഥാനത്തിനും വേലയ്ക്കും വേണ്ടി പരിശുദ്ധാത്മാവിനെ പ്രാപിക്കുക" എന്നും ഉള്ള ഭേദഗതികളായിരുന്നു മെത്രാഭിഷേചനക്രമത്തിലും വൈദികാഭിഷേചനക്രമത്തിലും ഇവർ ചെയ്തതു്. പക്ഷേ, നൂറു വർഷക്കാലത്തോളം തുടർച്ചയായി കൈവയ്പ്പില്ലാതിരുന്ന ആംഗ്ളിക്കൻ സഭയിലേ ഒരു മെത്രാൻ കൈവയ്പിനെ സാധുവാക്കുന്ന കർമ്മവചനം ഉപയോഗിച്ചുകൊണ്ടു് അഭിഷേചനകർമ്മം നടത്തിയാലും പ്രസ്തുത കൈവയ്പ്പ് സാധുവായിത്തീരുന്നതല്ല. തന്നെയുമല്ല, കർമ്മവചനം ശരിയായാൽ തന്നെയും കാർമ്മികൻെറ നിയോഗം (intention) ബലി അർപ്പിക്കുന്നതിനുവേണ്ടി പുരോഹിതനെ അഭിഷേചിക്കുകയെന്നുള്ളതല്ലെങ്കിൽ പ്രസ്തുത കൈവയ്പ്പും അസാധുവായിത്തീരുന്നതാണു്. വി. കർബാന ബലി അല്ലെന്നുള്ള വിശ്വാസം ആംഗ്ളിക്കൻ സഭയിൽ നിലനില്ക്കുന്ന കാലത്തോളം പ്രസ്തുത സഭയിലെ മെത്രാൻെറ നിയോഗം ഒരു കാലത്തും ശരിയായിത്തീരുന്നതുമല്ല. ആകയാൽ പ്രസ്തുത നിയോഗത്തോടുകൂടെ നല്കപ്പെടുന്ന കൈവയ്പ്പും അസാധുവായിത്തീരുന്നു. ഏതാദൃശകാരണങ്ങളാലത്രേ ആംഗ്ലിക്കൻസഭയിലേ കൈവയ്പ്പു അസാധുവാണെന്നു ക്രിസ്താബ്ദം 1896-ൽ 13-ാം ലെയോൻ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് "അപ്പസ്തോലിച്ചേ കൂരെ" എന്ന തിരുവെഴുത്തു മുഖേന പരസ്യമായി പ്രഖ്യാപനം ചെയ്തതു്. ആംഗ്ളിക്കൻ വൈദികർ കത്തോലിക്കാസഭയെ ആശ്ളേഷിക്കുമ്പോൾ വീണ്ടും പട്ടം കൊടുത്തു തന്നെയാണു് ഇപ്പോഴും സ്വീകരിച്ചുകൊണ്ടിരിക്കുന്നതു്.

## ആധുനിക സ്ഥിതി

കേരളത്തിലുള്ള തെന്നിൻഡ്യൻ ഐക്യസഭ മൂന്നു രൂപതകൾ അഥവാ മഹാ ഇടവകകളായി വിഭജിക്കപ്പെട്ടിരിക്കയാണു്. 1. ദക്ഷിണ തിരുവിതാംകൂർ മഹാ ഇടവക. 2. മദ്ധ്യതിരുവിതാംകൂർ മഹാ ഇടവക. 3. ഉത്തരകേരള മഹാഇടവക.

ഇവയിൽ ദക്ഷിണതിരുവിതാംകൂർ മഹാഇടവകയുടെ ആസ്ഥാനം തിരുവനന്തപുരവും ഭരണാദ്ധ്യക്ഷൻ ബിഷപ്പു ലഗ്ഗ് അവർകളുമത്രേ. പ്രസ്തുത ഇടവകയിൽ നൂറോളം വൈദികന്മാരും ഒന്നരലക്ഷത്തോളം ജനങ്ങളും ഉണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

മദ്ധ്യതിരുവിതാംകൂർ മഹാ ഇടവകയുടെ ആസ്ഥാനം കോട്ടയവും അദ്ധ്യക്ഷൻ നാട്ടുകാരനായ ബിഷപ്പു സി. കെ. ജേക്കബ് തിരുമേനിയുമത്രേ. ഇദ്ദേഹത്തിൻെറ കീഴിൽ 80-ൽപരം വൈദികന്മാരും ഒരുലക്ഷത്തോളം ജനങ്ങളുമുണ്ട്.

ഉത്തരകേരള മഹാ ഇടവകയുടെ ആസ്ഥാനം കോഴിക്കോട്ടും ഭരണാധികാരി ബിഷപ്പു ലിപ്പ് അവർകളുമത്രേ. ഏതാണ്ട് ഒരുലക്ഷത്തോളം ജനങ്ങളും 50 വൈദികന്മാരും ഈ മഹാ ഇടവകയിലുണ്ട്. ഇപ്രകാരം കേരളത്തിലേ തെന്നിൻഡ്യൻ ഐക്യസഭയിൽ 3 ബിഷപ്പന്മാരും 230-ഓളം വൈദികന്മാരും മൂന്നരലക്ഷംജനങ്ങളും ഇപ്പോഴുണ്ട്.

വിദ്യാഭ്യാസപരമായി പ്രശംസാർഹമായ പ്രവൎത്തനങ്ങളാണു തെന്നിൻഡ്യൻ ഐക്യസഭ കേരളക്കരയിലെങ്ങും നടത്തിക്കൊണ്ടിരിക്കുന്നതു. രണ്ടു കോളേജുകളും (കോട്ടയത്തും നാഗർകോവിലിലും) ഇരുപതിൽപരം ഹൈസ്കൂളുകളും 300-ഓളം പ്രൈമറിസ്കൂളുകളും 50-ഓളം ധൎമ്മസ്ഥാപനങ്ങളും ഈ സഭവകയായിട്ടുണ്ട്.

## പ്രോട്ടസ്റ്റൻെറ സഭാംഗങ്ങളും കത്തോലിക്കാ പുനരൈക്യവും

ഇംഗ്ളണ്ടിലും അമേരിക്കയിലുമുള്ള പ്രോട്ടസ്റ്റൻെറ സഭാംഗങ്ങളായ വൈദികന്മാരും അയ്മേനികളും തങ്ങളുടെ സത്യാന്വേഷണത്തിൻെറ ഫലമായി ആയിരക്കണക്കിനു പ്രതിവൎഷം കത്തോലിക്കാസഭയെ ആശ്ലേഷിച്ചു കൊണ്ടിരിക്കുന്നുണ്ട്. ഒരു വൎഷത്തിനുള്ളിൽ അമേരിക്കയിൽനിന്നും നാല്പതിനായിരത്തോളവും ഇംഗ്ളണ്ടിൽനിന്നും പതിനായിരത്തിൽപരവും പ്രോട്ടസ്റ്റൻെറകാർ മാതൃസഭയുടെ മടിയിലേയ്ക്കു തിരിച്ചു വന്നുകൊണ്ടാണിരിക്കുന്നതു്. കാർഡിനൽ ന്യൂമാനെ അനുഗമിച്ചുകൊണ്ടു് ആംഗ്ലേയസഭയിൽ ഗണ്യനീയസ്ഥാനം വഹിച്ചിരുന്നൊട്ടനേകം വൈദികന്മാർ വീണ്ടും പട്ടം സ്വീകരിച്ചു കത്തോലിക്കാസഭയിൽ ചേൎന്നുകഴിഞ്ഞിട്ടുണ്ട്. കാർഡിനൽ മാനിംഗ്, ഫേബർ, മാർട്ടിൻഡയിൽ, ചെസ്റ്റേർട്ടൻ, റൊനാൾഡ് നോക്സ്, ആർനോൾഡ് ലൺ, സ്റ്റോഡാർഡ് ആദിയായ സുപ്രസിദ്ധ ഗ്രന്ഥകാരന്മാരും ശാസ്ത്രജ്ഞന്മാരും പ്രോട്ടസ്റ്റൻെറസഭയിൽ നിന്നു് ഇതിനകം കത്തോലിക്കാസഭയെ ആശ്ലേഷിച്ചു കഴിഞ്ഞവരിൽ ഏതാനും ചിലർ മാത്രമാണു്.

അമേരിക്കയിലും വിവിധ പ്രോട്ടസ്റ്റന്റസഭകളിൽ പെട്ടവരിൽനിന്നും കത്തോലിക്കാ സഭയിലേയ്ക്കുള്ള പുനരൈക്യപ്രവാഹം ഈ അടുത്തകാലത്തു പതിന്മടങ്ങായി വർദ്ധിച്ചിട്ടുണ്ട്. പ്രാർത്ഥന, പ്രസംഗങ്ങൾ, പ്രസിദ്ധീകരണങ്ങൾ എന്നീ ത്രിവിധോപാധികൾ മുഖേന തങ്ങളുടെ സഹോദരങ്ങളായ പ്രോട്ടസ്റ്റന്റുകാരുടെ മാനസാന്തരത്തിനുവേണ്ടി അമേരിക്കൻ കത്തോലിക്കർ അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. തൽഫലമായി പ്രതിവർഷം നാല്പതിനായിരത്തോളം പ്രോട്ടസ്റ്റന്റുകാരാണ് അമേരിക്കയിൽ കത്തോലിക്കാസഭയെ ആശ്ലേഷിച്ചുകൊണ്ടിരിക്കുന്നതു്. ഇന്ന് അമേരിക്കയിലുള്ള 34 കോടി ജനങ്ങളിൽ 19 കോടിയും (56 ശതമാനം) കത്തോലിക്കരാണെന്നുള്ള പരമാർത്ഥം ഇവിടെ പ്രത്യേകം പ്രസ്താവ്യമത്രേ. പ്രോട്ടസ്റ്റന്റ സഭകളുടെ ദയനീയനിലയേയും കത്തോലിക്കാ സഭയുടെ ഭരണഘടന, വിശ്വാസത്തിന്റെ സത്യവത്വം എന്നിവയേയും പററിയുള്ള സുദൃഢമായ ബോദ്ധ്യമത്രേ ഏതാദൃശപരിവർത്തനത്തിന് അമേരിക്കയിലും ഇംഗ്ലണ്ടിലുമുള്ള സത്യാന്വേഷികളെ പ്രധാനമായി പ്രേരിപ്പിച്ചിട്ടുള്ളതു്.

കേരളക്കരയിൽ നിന്നും വളരെ ചുരുക്കമായി മാത്രമേ പ്രോട്ടസ്റ്റന്റുകാർ കത്തോലിക്കാസഭയെ ആശ്ലേഷിച്ചിട്ടുള്ളുവെന്നും, ആശ്ലേഷിക്കുന്നുള്ളു എന്നും ഉള്ളതു പരമാർത്ഥം തന്നെ. കത്തോലിക്കാസഭയും പ്രോട്ടസ്റ്റന്റസഭയും തമ്മിൽ വിശ്വാസവിഷയത്തിലുള്ള അജഗജാന്തരമാണ് ഇതിനുള്ള പ്രധാനകാരണമെന്നു പറയേണ്ടിയിരിക്കുന്നു. തെക്കൻ തിരുവിതാംകൂറിലുള്ള ലണ്ടൻ മിഷ്യൻ സഭാംഗങ്ങളുടെ ഇടയിൽ നടത്തിക്കൊണ്ടിരുന്ന വേലയുടെ ഫലമായി ഉദ്ദേശം പതിനായിരം പ്രോട്ടസ്റ്റന്റുകാർ ഇതിനകം കത്തോലിക്കാ സഭയെ ആശ്ലേഷിച്ചിട്ടുണ്ട് എന്നുള്ളതു് ഈ അവസരത്തിൽ പ്രസ്താവ്യമത്രേ. തിരുവല്ലാ, തിരുവനന്തപുരം രൂപതാതിരൂപതകളിൽനിന്നും കോട്ടാർ രൂപതയിൽ നിന്നും പ്രോട്ടസ്റ്റന്റുകാരുടെ ഇടയിൽ കത്തോലിക്കാ മതപ്രചരണം വിജയപ്രദമായി നടത്തിക്കൊണ്ടിരിക്കുന്നു. ഭാവിയിൽ കേരളത്തിലുള്ള പ്രോട്ടസ്റ്റന്റ സഭകളിൽനിന്നും പരിവർത്തനങ്ങൾ ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നതിനുള്ള സകല സാഹചര്യങ്ങളും ഇപ്പോൾ കാണുന്നുണ്ട്. കേരളത്തിലുള്ള ഇതര അകത്തോലിക്കാ സഹോദരങ്ങളുടെ പുനരൈക്യം ഇവർക്കും കത്തോലിക്കാ സഭാശ്ലേഷണത്തിന് ഒരു പ്രേരകമാണെന്നുള്ളതിനു സംശയമില്ല.

അദ്ധ്യായം 19

# ബ്രദറൺസഭ

---

## വിശ്വാസസ്നാനസമൂഹം

ശിശുക്കൾക്കു ജ്ഞാനസ്നാനം നല്കുന്നതു വേദാനുസരണമല്ലെന്നും, വിശ്വസിക്കുവാൻ പ്രാപ്തിയുള്ളവർക്കു മാത്രമേ ജ്ഞാനസ്നാനം നല്കാവൂ എന്നും, ക്രൈസ്തവസഭാംഗങ്ങളായ ഏവരും അധികാരത്തിൽ സമന്മാരാണെന്നും പഠിപ്പിക്കുന്ന ഒരു സഭയാണു ബ്രദറൺസഭ. "ബാപ്ററിസ്ററുകാർ, പ്ലിമത്തു ബ്രദറൺ, ഓപ്പൺബ്രദറൺ, വേർപാടുകാർ, വിയോജിതന്മാർ, ആൻറി നോമിനേഷനൽ ചർച്ച്" എന്നിങ്ങനെയുള്ള വിവിധപേരുകളിലാണു ഈ സഭ അറിയപ്പെടുന്നതു. ക്രിസ്താബ്ദം 1689-ൽ റോജർ വില്യംസ് എന്ന ആൾ റോഡ്ദ്വീപ് എന്ന സ്ഥലത്തു ആരംഭിച്ച ബാപ്ററിസ്റ്റ് സഭയിൽ നിന്നുമാണു ഈ സഭ ഉത്ഭവിച്ചിട്ടുള്ളതു. അയർലണ്ടിൽ ഡബ്ളിൻപട്ടണത്തിലായിരുന്നു ബ്രദറൺ സഭയുടെ ആരംഭം. അന്തോണിനോറിസു്, ഗ്രോസു്, ജോൺ എൻ സാർബി, ജോൺ ഗെഫോർഡ്ബെല്ലറവ്, ഡോക്ടർ ക്രോണിൻ എന്നീ നാലുപേരായിരുന്നു ഈ സഭയുടെ സ്ഥാപകന്മാരും പ്രാരംഭപ്രവർത്തകന്മാരും. ഇംഗ്ലണ്ടിലും അമേരിക്കയിലും ഈ സഭ പ്രചരിപ്പിക്കുതിനു അവർക്കു സാധിച്ചു.

## കേരളത്തിലേ ഉത്ഭവം

കേരളത്തിൽ ബ്രദറൺസഭയ്ക്കു പ്രവേശനം ലഭിച്ചതു 1895-ൽ മാത്രമാണു. ജാഫ്നാ സ്വദേശിയായ വേർഡ്സ്വർത്തു്, തിരുനൽവേലി സ്വദേശിയായ ഡേവിഡ് എന്നീ ബാപ്ററിസ്റ്റുകാരായ രണ്ടു പ്രാസംഗികന്മാരെ സുവിശേഷപ്രസംഗത്തിനായി ഇവിടത്തേ മാർത്തോമ്മാക്കാരും ആംഗ്ളിക്കൻസഭക്കാരും കേരളത്തിലേക്കു ക്ഷണിച്ചു. അവർ ഇവിടെ എത്തി മാരാമൺ, മാവേലിക്കര, മല്ലപ്പള്ളി ആദിയായ സ്ഥലങ്ങളിൽ സഞ്ചരിച്ചു തങ്ങളുടെ വിശ്വാസത്തിനനുസരണമായ പ്രസംഗങ്ങൾ നടത്തിക്കൊണ്ടിരുന്നു. അവരെത്തുടർന്നു ഗ്രിഗ്സൺ, നാഗൽ, ബേർഡ് ആദിയായ വിദേശ ബാപ്ററിസ്റ്റ് മിഷ്യ

നറിമാരും ഇവിടെ വന്നെത്തി തങ്ങളുടെ വിശ്വാസവിഷയങ്ങൾ പ്രചരിപ്പിക്കുന്നതിനു കഴിയുന്നത്ര പരിശ്രമിച്ചു. സുവിശേഷപ്രാസംഗികന്മാർ എന്ന നിലയിൽ മാർത്തോമ്മാക്കാരും ആംഗ്ലിക്കൻ സഭാംഗങ്ങളും അവർക്കു സ്വാഗതം ആശംസിക്കുകയും തങ്ങളുടെ പള്ളികളിലും യോഗങ്ങളിലും പ്രസംഗിക്കുന്നതിനുള്ള അനുവാദം നല്കുകയും ചെയ്തു. തങ്ങൾക്കു ലഭിച്ച അനുവാദം പ്രസ്തുത പ്രാസംഗികന്മാർ ശരിയ്ക്കു് ഉപയോഗിക്കുക തന്നെ ചെയ്തു. തൽഫലമായി മാർത്തോമ്മാ സഭാംഗങ്ങളായിരുന്ന റവ. പി. ഇ. മാമ്മൻ, മി. കെ. വി. സൈമൺ, മുത്താമ്പാക്കൽ കൊച്ചുകുഞ്ഞു ഉപദേശി * ആദിയായ ഒട്ടനേകർ വിശ്വാസസ്നാനം സ്വീകരിച്ചു ബ്രദറൺസഭയുടെ അംഗങ്ങളായിത്തീർന്നു. ആദ്യകാലത്തു് ഒരു സ്വതന്ത്രസഭയായിട്ടാണു് ഇതു രൂപമെടുത്തതെങ്കിലും പില്ക്കാലത്തു് അമേരിക്കൻബാപ്റ്റിസ്റ്റ് മിഷ്യനറിമാരായ ഫർഗ്ഗുസൺ, നോയൽ എന്നിവർ ഇവിടെ വന്നെത്തിയശേഷം വിദേശസഭയുമായി ഈ സഭ യോജിക്കയാണുണ്ടായതു്. തിരുവല്ലായ്ക്കുസമീപമുള്ള കുമ്പനാട്ടു് ആസ്ഥാനമാക്കിക്കൊണ്ടു് നോയൽ സായ്പു് ഈ സഭയുടെ നേതൃത്വം വഹിച്ചുകൊണ്ടിരുന്നു.

## വിയോജിതസഭ

ഒരു സാഹിത്യകാരനും മഹാകവിയുമായിരുന്ന മി. കെ. വി. സൈമൺ നോയൽ സായ്പുമായുണ്ടായ ചില അഭിപ്രായവ്യത്യാസങ്ങൾ നിമിത്തം ഏതാനും പുതിയ ഉപദേശങ്ങൾ പഠിപ്പിച്ചു കൊണ്ടു് "വിയോജിതസഭ" എന്ന പേരിൽ 1917-ൽ ഇടയാറന്മുള എന്ന സ്ഥലത്തു് ഒരു പുതിയ സഭ സ്ഥാപിച്ചു. പ്രസ്തുതസഭയുടെ വിശ്വാസങ്ങളും നിയമങ്ങളും മി. സൈമൻെറ ജീവചരിത്രഗ്രന്ഥത്തിൽ സംക്ഷിപ്തമായി ചേർത്തിരിക്കുന്നതു് ഇപ്രകാരമാണു്.

"സുവിശേഷം വിശ്വസിച്ചു രക്ഷിക്കപ്പെട്ടശേഷം വിശ്വാസത്തിൻെറ പിന്നാലെയുള്ള മുഴുകൽ സ്നാനം സ്വീകരിച്ചവരായിരിക്കണം സഭാംഗങ്ങൾ. പരസ്പരസമ്മതമുള്ളവർ മാത്രമേ തിരുവത്താഴത്തിൽ സംബന്ധിപ്പാൻ പാടുള്ളു. അതുകൊണ്ടു് തിരുവത്താഴം നടക്കുന്നതിനു മുൻപിൽ ഒരു പരിശോധനായോഗം നടക്കണം. ഈ യോഗത്തിൽ

---

* ഇടയാറന്മുള സ്വദേശിയും ഒരു സുവിശേഷപ്രാസംഗികനുമായിരുന്ന ഇദ്ദേഹം ബ്രദറൺ സഭയിൽ ചേർന്നുവെങ്കിലും അധികാലതാമസമെന്യേ മാർത്തോമ്മാസഭയിൽ തിരിച്ചു ചേരുകയാണുണ്ടായതു്. (ഗ്രന്ഥകർത്താ)

യോഗ്യരായി എണ്ണപ്പെടുന്നവരെ മാത്രമേ തിരുവത്താഴത്തിൽ സംബന്ധിപ്പിക്കാവൂ. കോർട്ടു വ്യവഹാരം, വെററിലമുറുക്കു, മിന്നുകെട്ടു് ഇവ പാടില്ല. അന്യസഭയിൽ നിന്നും വരുന്ന ഒരാരം തിരുവത്താഴത്തിൽ സംബന്ധിക്കണമെങ്കിൽ ആ സഭയുടെ മൂപ്പന്റെ സമ്മതപത്രം ഹാജരാക്കണം. പകൽ തിരുവത്താഴം നടക്കുന്നതിൽ തെററില്ല. എങ്കിലും രാത്രിയിൽ തിരുവത്താഴം നടത്തുന്നതാണു് ഏകാന്തതയ്ക്കും ഗൗരവത്തിനും ചേരുന്നതു്". (പുറം 185)

സത്യക്രിസ്തുസഭ വിയോജിതസഭയാണെന്നും, പ്രസ്തുത സഭയ്ക്കു പുറമേ രക്ഷയില്ലെന്നും, ഇതരസഭാംഗങ്ങളുമായി ആത്മീയസംസർഗ്ഗം പാടില്ലെന്നും മററുമായിരുന്നു വിയോജിതസഭയുടെ ഉപദേശം. പ്രാരംഭകാലത്തു നാല്പതോളം സ്ഥലങ്ങളിൽ പ്രസ്തുത സഭ പ്രചരിക്കുകയും, 2000-ത്തോളം അംഗങ്ങരം അതിൽ ചേരുകയും ചെയ്തിരുന്നു. എന്നാൽ പില്ക്കാലത്തു അവരിൽ പലരും വിയോജിതസഭയെ ഉപേക്ഷിച്ചതുനിമിത്തം അവശേഷിച്ചിരുന്ന അനുയായികളോടുകൂടെ 1928-ൽ മി. സൈമൺ ബ്രദറൺ സഭയിൽ ലയിക്കുകയാണുണ്ടായതു്. അതിനുശേഷം ബ്രദറൺ സഭയുടെ അഭിവൃദ്ധിക്കുവേണ്ടി പരിശ്രമിച്ചുകൊണ്ടിരുന്ന മി. സൈമൺ 1943-ൽ ചരമം പ്രാപിക്കുകയും ഇടയാറന്മുളയുള്ള സ്വന്തം പുരയിടത്തിൽ സംസ്കരിക്കപ്പെടുകയും ചെയ്തു.

## സിറിയൻ ബ്രദറൺ

മാർത്തോമ്മാസഭയിലെ ഒരു വൈദികനായിരുന്ന പി.ഇ.മാമ്മൻ കശ്ശീശാ ബ്രദറൺ സഭയിൽ ചേർന്നു ബ്രദർ മാമ്മനായിത്തീരുകയും അനന്തരം സുറിയാനിക്കാരായ ബ്രദറൺകാരെ ചേർത്തുകൊണ്ടു "സിറിയൻ ബ്രദറൺ" എന്ന പേരിൽ ഒരു പുതിയ വിഭാഗം സൃഷ്ടിക്കുകയും ചെയ്തു. എങ്കിലും അധികം താമസിയാതെ പ്രസ്തുത വിഭാഗവും ബ്രദറൺസഭയിൽ ലയിക്കുകയാണുണ്ടായതു്. തൻമൂലം ബ്രദറൺസഭ ഒരൊററ വിഭാഗമായിത്തന്നെ കേരളത്തിന്റെ പല ഭാഗങ്ങളിലും ഇപ്പോരം വേല ചെയ്തുകൊണ്ടിരിക്കുന്നു. 150-തോളം സ്ഥലങ്ങളിലായി പതിനായിരത്തിൽപരം ആളുകരം ഇപ്പോരം കേരളത്തിലെ ബ്രദറൺ സഭയിൽ അംഗങ്ങളായിട്ടുണ്ടു്. പൊതുജനസേവനാത്ഥം ഏതാനും സ്കൂളുകളും ആശുപത്രികളും ഇവർ പ്രശംസാർഹമായി ഇപ്പോരം നടത്തിക്കൊണ്ടിരിക്കുന്നു. ഈ അടുത്തകാലത്തു പെന്തിക്കോസ്തു സഭയിലേക്കു പ്രസ്തുത

സഭയിൽ നിന്നും ഒട്ടനേകർ ചേൻകഴിഞ്ഞതു നിമിത്തം ജനസംഖ്യ യിൽ ശോഷിച്ച നിലയിലാണ ബ്രദറൺ സഭ എത്തിയിരിക്കുന്നതു്. ഇനിയും കാര്യമായ അഭിവൃദ്ധി പ്രസ്തുത സഭയ്ക്കു് ഇവിടെ സിദ്ധിക്കു മെന്നു് ഊഹിക്കുവാനും നിവൃത്തിയില്ല.

## ക്രൈസ്തവ പൗരോഹിത്യം

ക്രിസ്തുസഭയിലേ അംഗങ്ങളായ സകലരും അധികാരത്തിൽ സമന്മാരാണെന്നും, മാർപ്പാപ്പാ, പാത്രിയക്കീസന്മാർ, മെത്രാന്മാർ, വൈദികന്മാർ എന്നിവർ അധികാരപ്രമത്തതയാൽ സ്ഥാനം കവന്നെ ടുത്തവരാണെന്നും, ക്രൈസ്തവ പൗരോഹിത്യം വേദാനുസരണമല്ലെന്നു മത്രേ ബ്രദറൺസഭക്കാർ പഠിപ്പിക്കുന്നതു്.

എന്നാൽ ക്രിസ്തുനാഥൻ തന്റെ സഭയിൽ ഒരേ അധികാരമല്ല എല്ലാവക്കും നല്കിയിട്ടുള്ളതെന്നും വിവിധാധികാരങ്ങളോടുകൂടെ വി വിധസ്ഥാനികളെ അവിടുന്നു നിയമിച്ചിട്ടുണ്ടെന്നുമുള്ളതിനു വേദപു സ്തകം സാക്ഷ്യം വഹിക്കുന്നു. തന്നെ അനുഗമിച്ചവരിൽ നിന്നും 72- പേരെ ചില അധികാരങ്ങളോടുകൂടെ ക്രിസ്തു തെരഞ്ഞെടുത്തതായും (ലൂക്കോസ് 10, 1) അവരിൽനിന്നും പ്രത്യേകാധികാരം നല്കിക്കൊണ്ടു് 12 അപ്പസ്തോലന്മാരെ നിയമിച്ചതായും, (മത്തായി 10, 1) 12 പേരിൽ നിന്നും വി. പത്രോസിനെ പ്രത്യേകമായി തെരഞ്ഞെടുത്തു സഭയുടെ അടിസ്ഥാനമായും (മത്തായി 16,17,18) താക്കോൽക്കാരനായും (മത്താ. 16. 18) ശിഷ്യന്മാരെ ഉറപ്പിക്കുന്നവനായും (ലൂക്കോ 22. 32) ആട്ടിൻ കൂട്ടം മുഴുവന്റേയും ഇടയനായും (യോഹ. 21. 12–18) നിയമിച്ച തായും കാണുന്നു. ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുന്നതിനും, (മത്താ. 28. 19) മാമ്മോദീസാ മുക്കുന്നതിനും, (മത്താ. 28, 19) വിശുദ്ധ കുർബാന അർപ്പിക്കുന്നതിനും, (ലൂക്കോ. 22. 17, 20) പാപം മോചിക്കുന്നതിനും പിടിക്കുന്നതിനും (യോഹ. 20. 22—23) ഉള്ള പ്രത്യേകാധികാരം കർത്താവു ശിഷ്യന്മാക്കു നല്കിയതായി കാണുന്നതു കൊണ്ടു് എല്ലാവരും അധികാരത്തിൽ സമന്മാരല്ല എന്നു സ്പഷ്ടമായി തെളിയുന്നു. തങ്ങൾക്കു ലഭിച്ച അധികാരം അപ്പോസ്തലന്മാർ പ്രയോഗി ച്ചുകൊണ്ടിരുന്നതായി അപ്പസ്തോലപ്രവൃത്തികളിലും വിശുദ്ധ പൗലോ സിന്റെ ലേഖനങ്ങളിലും എഴുതിയിരിക്കുന്നു. (അപ്പ. പ്ര, 13. 2-3., 14. 22., 20. 28. 1 കോരന്തി 4. 1-2. 2 കോരന്തി 5. 18—20).

പട്ടണംതോറും മൂപ്പന്മാരെ നിയമിച്ചതായും (തിത്തോസ് 1. 5-9) കൈവെയ്പുമൂലം പുരോഹിതസ്ഥാനാഭിഷേകം (1 തിമോത്തി 4. 14, 5. 22, 2 തിമോ. 1-6) നടത്തിയതായും, ചിലക്ക് പ്രത്യേക കൃപാവരം സിദ്ധിച്ചതായും വേദപുസ്തകത്തിൽത്തന്നെ കാണുന്നുണ്ടു്.

ആകയാൽ എല്ലാവരും ആത്മീയാധികാരത്തിൽ സമന്മാരാണെന്നുള്ള ബ്രദറൺകാരുടെ പഠനം വേദപുസ്തകത്തിനും ക്രൈസ്തവസഭയുടെ നടപടിക്കും വിപരീതമാണെന്നു സ്പഷ്ടമായി തെളിയുന്നു. അധികാരത്തിൽ എല്ലാവരും സമന്മാരാണെന്നു ബ്രദറൺകാർ വാദിക്കുന്നുണ്ടെങ്കിലും, ജ്ഞാനസ്നാനം, വിവാഹം, ശവസംസ്കാരം ആദിയായവ നടത്തുന്നതിനു പ്രത്യേക ആളുകളെ നിയോഗിക്കുകയും അവർ അപ്രകാരം പ്രവൎത്തിക്കുകയും ചെയ്യുന്നുണ്ടു്. തൻനിമിത്തം പ്രസ്തുത പഠനം ബ്രദറൺകാർ തന്നെ പ്രായോഗികമാക്കുന്നില്ല എന്നുള്ളതു സുസ്പഷ്ടമാണല്ലോ.

## ശിശുസ്നാനം

വിശ്വസിക്കുകയും സ്നാനപ്പെടുകയും ചെയ്യുന്നവൻ രക്ഷപ്രാപിക്കും. (മക്കോ. 16. 16) എന്നു കൎത്താവു കല്പിച്ചിരിക്കുന്നതിനാൽ വിശ്വസിക്കുന്നവൎക്കു മാത്രമേ മാമ്മോദീസാ നല്കുവാൻ പാടുള്ളൂ എന്നും, ശിശുക്കൾക്കു വിശ്വസിക്കുവാൻ പ്രാപ്തിയില്ലാത്തതിനാൽ അവൎക്കു സ്നാനത്തിന്റെ ആവശ്യമില്ല എന്നും, ശിശുക്കൾക്കു ജ്ഞാനസ്നാനം നല്കുന്നതു തെററാണെന്നും ബ്രദറൺ സഭക്കാർ വാദിച്ചുവരുന്നു. എന്നാൽ വേദപുസ്തകവും പിതാക്കന്മാരുടെ സാക്ഷ്യങ്ങളും ഇവരുടെ ഈദൃശപഠനത്തെ അനുകൂലിക്കുന്നില്ല എന്നുള്ളതു് സുസ്പഷ്ടമാണു്. ഇതിനുള്ള തെളിവുകൾ താഴെ ചേൎത്തുകൊള്ളുന്നു.

1. "സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു. ഒരു മനുഷ്യൻ വെള്ളത്താലും ആത്മാവിനാലും ജനിക്കുന്നില്ല എങ്കിൽ അവനു സ്വൎഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാൻ കഴിയുകയില്ല." (യോഹ. 3. 5) എന്നു കൎത്താവു് അരുൾചെയ്തിരിക്കുന്നു. "ഒരു മനുഷ്യൻ" എന്നു് ഇവിടെ ഉപയോഗിച്ചിരിക്കുന്നതു മനുഷ്യവൎഗ്ഗത്തിൽപ്പെട്ട ഏതൊരാളും എന്ന അൎത്ഥത്തിലത്രേ. മൂലഭാഷയായ ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന "തീസു്" എന്ന പദം ഈ അൎത്ഥത്തെ സ്ഥിരീകരിക്കുന്നു. ആകയാൽ

ശിശുക്കളും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനു വെള്ളത്താലും ആത്മാവിനാലും ജനിക്കണം അഥവാ മാമ്മോദീസാ സ്വീകരിക്കണം എന്നു സിദ്ധിക്കുന്നു.

2. എല്ലാ മനുഷ്യരിലും ജന്മപാപമുണ്ട് എന്നു സകല ക്രൈസ്തവരും സമ്മതിക്കുന്നു. ജ്ഞാനസ്നാനം മുഖേന പ്രസ്തുത പാപത്തിനു മോചനം സിദ്ധിക്കേണ്ടതാണ്. "അശുദ്ധമായ യാതൊന്നും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല." (വെളി 21. 27) എന്നു വേദപുസ്തകത്തിൽ പറഞ്ഞിരിക്കുകയാൽ മാമ്മോദീസാ കൂടാതെ മരിക്കുന്ന ശിശുക്കൾക്കു സ്വർഗ്ഗഭാഗ്യം ലഭിക്കുന്നതല്ല. ആകയാൽ നിത്യരക്ഷ ലഭിക്കുവാൻ ശിശുക്കൾക്കും മാമ്മോദീസാ അത്യാവശ്യമാണ് എന്നു തെളിയുന്നു.

3. വിശുദ്ധ പൌലോസു പഠിപ്പിക്കുന്നതുപോലെ പഴയ നിയമത്തിലേ പരിഛേദനത്തിൻെറ സ്ഥാനമാണ് പുതിയ നിയമത്തിൽ ജ്ഞാനസ്നാനത്തിന് ഉള്ളത്. (കൊലോസി. 2. 11-17) ശിശുക്കൾക്കു പരിഛേദനം നല്കണമെന്നു പഴയ നിയമകാലത്തു ദൈവം കല്പിച്ചിരുന്നതായി നാം വായിക്കുന്നു. (ഉല്പത്തി 17. 10--14 ആചാര്യ 12. 3) ആകയാൽ പുതിയ നിയമകാലത്തിൽ ശിശുക്കൾക്കു ജ്ഞാനസ്നാനം ആവശ്യം തന്നെയാണെന്നു സിദ്ധിക്കുന്നു.

4. കുട്ടികൾക്കു ജ്ഞാനസ്നാനം നല്കിയതായി വേദപുസ്തകത്തിൽ സ്പഷ്ടമായി പറഞ്ഞിട്ടില്ലെങ്കിലും "അവളും അവളുടെ വീട്ടിലുള്ളവരും സ്നാനപ്പെട്ടു (അപ്പോ പ്ര. 16. 15) അവനും അവൻെറ വീട്ടുകാരെല്ലാവരും സ്നാനപ്പെട്ടു (നട. 16. 33) എസ്തപ്പാനോസിൻെറ വീട്ടുകാരേയും ഞാൻ സ്നാനപ്പെടുത്തി" (1 കോരിന്തി 1. 16) എന്നീ വാക്യങ്ങളിൽ നിന്നും പ്രസ്തുത ഭവനങ്ങളിലുള്ള കുട്ടികളേയും അപ്പോസ്തലന്മാർ സ്നാനപ്പെടുത്തിയെന്ന് ഊഹിക്കാവുന്നതാണ്.

5. പുരാതനകാലം തുടങ്ങി തിരുസഭയിൽ ശിശുക്കളെ സ്നാനപ്പെടുത്തി വന്നിരുന്നതുകൊണ്ടു ശിശുസ്നാനം അപ്പോസ്തോലികമായ ഉപദേശം തന്നെയാണ് എന്നു തെളിയുന്നു.

വിശുദ്ധ യോഹന്നാൻ ശ്ലീഹായുടെ ശിഷ്യനായ പോളിക്കാപ്പിൻെറ ശിഷ്യനായ വി. ഇറനേയസ് (A. D. 140—202) ഇപ്രകാരമാണ് എഴുതിയിരിക്കുന്നത്:—"മ്ശിഹാ വന്നതു് താൻമൂലം എല്ലാ

വരേയും രക്ഷിക്കുവാനായിരുന്നു. എല്ലാവരും എന്നു പറഞ്ഞാൽ താൻ മൂലം പുതുതായി ജനിക്കുകയോ (സ്നാനപ്പെടുകയോ) ചെയ്തിട്ടുള്ള ശിശുക്കളും കുഞ്ഞുങ്ങളും, ബാലന്മാരും, യുവാക്കളും ആകുന്നു." (Adv. Haer. Lib. II)

ഒറിജൻ (186—255) പറഞ്ഞിരിക്കുന്നതു് ഇപ്രകാരമാണു്. "കുട്ടികൾക്കുപോലും സ്നാനം കൊടുക്കണം എന്നുള്ള പാരമ്പര്യം തിരുസഭയ്ക്കു ശ്ലീഹന്മാരിൽ നിന്നും ലഭിച്ചു." (Ep. Ad. Rom c VI).

ശിശുസ്നാനത്തെപ്പററി വി. അഗസ്റ്റിനോസ് ഇങ്ങനെ രേഖപ്പെടുത്തുന്നു:—"ഈ ആചാരം തിരുസഭയിൽ എപ്പോഴും ഉണ്ടായിരുന്നു. ഇതു് എപ്പോഴും അവർ പഠിപ്പിച്ചിരുന്നു. ഇതു് പിതാക്കന്മാരുടെ വിശ്വാസത്തിൽനിന്നാണു് അവക്കു ലഭിച്ചിട്ടുള്ളതു്. ഇതു് സ്ഥിരമായി അവസാനംവരെ അവർ പരിപാലിക്കയും ചെയ്യും." (Serm. XI De verb. Apost).

## നിമജ്ജന സ്നാനം

ശരീരം മുഴുവൻ നനയത്തക്കവിധം സ്നാനാത്ഥിയെ വെള്ളത്തിൽ മുക്കി നല്കുന്ന മാമോദീസാ മാത്രമേ സാധുവാകയുള്ളൂ എന്നും, ജലം തളിച്ചോ ഒഴിച്ചോ നല്കുന്ന സ്നാനം അസാധുവാണെന്നുമത്രേ ബ്രദറൺകാർ ഉപദേശിച്ചു വരുന്നതു്.

"നിങ്ങൾ പോയി സകല ജാതികളേയും ഉപദേശിച്ചു—സ്നാനപ്പെടുത്തുവിൻ" (മത്താ. 28, 19—20) എന്നരുളിച്ചെയ്ത കത്താവു് ഏതു വിധത്തിലാണു മാമ്മോദീസാ നല്കേണ്ടതെന്നു പ്രത്യേകിച്ചു പറയുന്നില്ല. മുങ്ങിക്കുളിക്കുന്നതിനെ മാത്രമല്ല, ശരീരത്തിൽ വെള്ളം കോരിയൊഴിച്ചു കുളിക്കുന്നതിനേയും ശരിയായ അത്ഥത്തിൽ സ്നാനം അഥവാ കുളി എന്നു പറയാവുന്നതാണു്. ആകയാൽ തല നനയത്തക്കവിധം വെള്ളം ഒഴിച്ചു നടത്തുന്ന മാമോദീസാ സാധുവല്ലെന്നു പറയുവാൻ നിവൃത്തിയില്ല.

മഞ്ഞുകട്ട കൊണ്ടു നിറഞ്ഞ ധ്രുവപ്രദേശങ്ങളിലും, കുടിക്കുന്നതിനുപോലും വെള്ളം കിട്ടാതെ വിഷമിക്കുന്ന മരുഭൂമികളിലും ശരീരം ഴുവൻ മുക്കി മാമോദീസാ നടത്തുക അത്ര എളുപ്പമല്ല. കഠിനമായി

പനി ബാധിച്ചവർ, മരണാസന്നരായി കിടക്കുന്നവർ, വ്രണബാധിതർ ആദിയായവരെ വെള്ളത്തിൽ ഇറക്കി മുക്കി സ്നാനപ്പെടുത്തുന്നതുകൊണ്ടു ചിലപ്പോൾ മരണംതന്നെ നേരിടാൻ പാടുണ്ടു്. സകല മനുഷ്യരുടേയും നിത്യരക്ഷയ്ക്കു് അത്യാവശ്യമായ മാമോദീസാ എന്ന കൂദാശ അത്ര എളുപ്പത്തിൽ നല്കാൻ സാധിക്കാത്ത വിധത്തിലോ ജീവാപായംതന്നെ നേരിടാൻ ഇടയാകത്തക്ക വിധത്തിലോ നടത്തുന്നതിനു് അനന്ത ബുദ്ധിമാനും വിവേകിയുമായ ക്രിസ്തു ഉദ്ദേശിച്ചിരിക്കയില്ല. മാമോദീസായ്ക്കു് ഉപയോഗിക്കുന്നതിനുള്ള പദാൎത്ഥം സൎവ്വസാധാരണമായി ലഭിക്കാവുന്ന വെള്ളമായ സ്ഥിതിയ്ക്കു് ആ കൎമ്മം നിൎവ്വഹിക്കുന്നതിനുള്ള വിധം അസാധാരണമായതോ, സാധാരണ സാഹചൎയ്യങ്ങളിൽ അസാദ്ധ്യമായതോ ആയിരിക്കാൻ ഇടയില്ല. ആകയാൽ നിമജ്ജന സ്നാനം മാത്രമേ സാധുവാകയുള്ളു എന്ന വാദം നിരൎത്ഥകവും വിവേകശൂന്യവുമത്രേ.

---

അദ്ധ്യായം 20

# പെന്തിക്കോസ്ത്സഭ

---

## വിവിധ നല്വരപ്രകടനസഭ

മദ്ധ്യതിരുവിതാംകൂറിൽ ചെങ്ങന്നൂരിനടുത്ത മുളക്കുഴ എന്ന സ്ഥലത്തു് 1925-ൽ വന്നെത്തിയ പാസ്റ്റർ കുക്ക് എന്ന പേരോടു കൂടിയ ഒരു അമേരിക്കൻ മിഷ്യനറിയാണു പെന്തിക്കോസ്തുസഭയ്ക്കു കേരളത്തിൽ അടിസ്ഥാനമിട്ടതു്. ബാപ്ററിസ്റ്റ് സഭക്കാരെപ്പോലെ തന്നെ വിശ്വാസസ്നാനവും നിമജ്ജിതസ്നാനവും സ്വീകരിച്ചിരിക്കുന്ന വരത്രേ ഇവർ. എന്നാൽ ബാപ്ററിസ്റ്റ് സഭയെ അപേക്ഷിച്ചു് ഏതാനും വ്യത്യാസങ്ങൾ വിശ്വാസവിഷയങ്ങളിൽ ഇവർ വരുത്തിയിട്ടുണ്ടു. പരിശുദ്ധാത്മാഭിഷേക നല്വരങ്ങളായ മറുഭാഷ, രോഗശാന്തി എന്നിവ ക്രിസ്ത്യാനികൾക്കു് അത്യന്താപേക്ഷിതമാണെന്നു് ഇവർ പഠിപ്പിക്കയും പ്രസ്തുത നല്വരങ്ങൾ പരസ്യമായി പ്രകടിപ്പിക്കുകയും ചെയ്യുന്നുണ്ടു്. ആത്മീയകർമ്മങ്ങൾ നടത്തുന്നതിനായി പാസ്റ്റർമാരെ കൈവയ്പു് മൂലം ഇവർ നിയമിക്കുകയും ചെയ്യുന്നു. തന്മൂലം പ്രസ്ബിറേററിയൻ സഭാവിഭാഗത്തിൽ ഈ സഭയെ ഉൾപ്പെടുത്താവുന്നതാണു്.

## അമേരിക്കയിലെ ഉത്ഭവം

ക്രിസ്ത്വബ്ദം 1884-ൽ അമേരിക്കൻ ഐക്യനാട്ടിൽ ററിനീസി എന്ന സ്ഥലത്താണു പെന്തിക്കോസ്തുസഭ ഉത്ഭവിച്ചതു്. റിച്ചാർഡ് ജി. സ്പേർലിങ് എന്ന പേരോടുകൂടിയ ഒരു ബാപ്ററിസ്റ്റ് മിഷ്യനറിയായിരുന്നു ഇതിന്റെ സ്ഥാപകൻ. പ്രോട്ടസ്റ്റൻറു സഭകൾ തമ്മിലുള്ള ഭിന്നത നീക്കി പരസ്പരം യോജിപ്പിക്കുന്നതിനു വേണ്ടി ഏതാനും ആളുകൾ അടങ്ങിയ ഒരു പുതിയ സംഘടന "ക്രിസ്തീയ ഐക്യത" എന്ന പേരിൽ സ്പേർലിങ് ഉത്ഘാടനം ചെയ്തു. പ്രസ്തുത സംഘടനയിൽ ക്രമേണ അംഗങ്ങൾ വദ്ധിച്ചുകൊണ്ടിരുന്നു. എന്നാൽ 1907-ൽ "ദൈവസഭ"യെന്ന നാമം സ്വയം സ്വീകരിക്കുകയും അങ്ങനെ ഐക്യതയ്ക്കു പകരം ഒരു പുതിയസഭയെ ഇവർ സ്ഥാപിക്കുകയുമാണുണ്ടായതു്.

പരിശുദ്ധാത്മാഭിഷേകത്തിനും മറുഭാഷാനല്‍വരത്തിനും കൂടുതൽ പ്രാധാന്യം നല്‍കുന്നതിനാൽ "പെന്തിക്കോസ്ത ദൈവസഭ" എന്ന പേരാണ് ഇവർ ഇപ്പോഠ സ്വീകരിച്ചിരിക്കുന്നതു്.

സ്റ്റേർലിങ്ങിൻെറ മരണശേഷം എ. ജെ. റേറാംപ്‌ളിൻസൺ ഈ സഭയുടെ ഭരണഭാരം കൈയ്യേല്‍ക്കുകയും ഇപ്പോഠ പ്രസ്തുത സഭയുടെ നായകനായി ഭരിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. ഇക്കഴിഞ്ഞ എഴുപതുകൊല്ലത്തിനുള്ളിൽ ലോകത്തിൻെറ പലഭാഗങ്ങളിലും ഈ സഭ പ്രചരിപ്പിക്കുവാൻ ഇവക്കു സാധിച്ചിട്ടുണ്ടു്.

## വിവിധവിഭാഗങ്ങഠ

പെന്തിക്കൊസ്തുസഭ ആകെ അൻപതോളം വിഭാഗങ്ങളായി ഇപ്പോഠ പിരിഞ്ഞിരിക്കുകയാണു്. കേരളത്തിൽ ഈ സഭ ആരംഭിച്ചിട്ട ഇരുപത്തിയഞ്ചു വർഷങ്ങഠ മാത്രമേ ആയിട്ടുള്ളവെങ്കിലും ഇതിനകം അഞ്ചു വിഭാഗങ്ങഠ പ്രസ്തുത സഭയിൽ ഇവിടെയും ഉണ്ടായിട്ടുണ്ടു്. 1) പെന്തിക്കോസ്ത ദൈവസഭ. 2) ഇൻഡ്യൻ പെന്തിക്കോസ്തു് 3) പെന്തിക്കോസ്തു് ദൈവസമൂഹം. 4) സിലോൺ പെന്തിക്കോസ്തു്. 5) അപ്പസ്തോലിക ഐക്യപെന്തിക്കോസ്തു്. ഇവ ഓരോന്നിനേയും പററിയുള്ള സംക്ഷിപ്തവിവരം ചുവടേ ചേർത്തുകൊള്ളുന്നു.

### 1. പെന്തിക്കോസ്തു് ദൈവസഭ

പാസ്റ്റർ കുക്കു് എന്ന പേരോടുകൂടിയ അമേരിക്കൻ മിഷ്യനറി 1925—ൽ മുളക്കുഴ എന്ന സ്ഥലത്തു് ആദ്യമായി ഈ സഭ ആരംഭിച്ചു. തിരുവിതാംകൂറിലും കൊച്ചിയിലും ഉള്ള പല സ്ഥലങ്ങളിലും ഇവർ നടത്തിയ വേലയുടെ ഫലമായി പതിനായിരത്തോളം അംഗങ്ങഠ പ്രസ്തുത സഭയിൽ ഉണ്ടായിരുന്നുവെങ്കിലും വിവിധ വിഭാഗങ്ങളിലായി പിരിഞ്ഞതുമൂലം ജനസംഖ്യയിൽ ഇപ്പോഠ വളരെ ശോഷിച്ച അവസ്ഥയിലാണു് ഈ സഭ സ്ഥിതിചെയ്യുന്നതു്. ഇപ്പോഠ ഈ സഭയിൽ മൂവായിരത്തോളം അംഗങ്ങഠ മാത്രമേ ഉള്ളൂ. പാസ്റ്റർ കുക്കു് അമേരിക്കയിലേക്കു മടങ്ങിപ്പോകയാൽ ഇപ്പോഠ ഈ വിഭാഗത്തിൻെറ നായകന്മാരായിരിക്കുന്നതു് അമേരിക്കനായ പാസ്റ്റർ പോസ്പിസിലും നാട്ടുകാരനായ പാസ്റ്റർ ററി. എം. വറുഗീസുമാണു്.

## 2. ഇൻഡ്യൻ പെന്തിക്കോസ്തു്

പാസ്റ്റർ കുക്കിൻെറ കീഴിൽ ഒരു പ്രധാന പ്രവർത്തകനായിരുന്ന ചെങ്ങന്നൂർ സ്വദേശി മി. കെ ഈ. ഏബ്രഹാം അമിതമായ ദേശീയബോധത്തിൻെറ ഫലമായി പാസ്റ്റർ കുക്കുമായി ചില അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുകയും, തൽഫലമായി ഒരു പുതിയ വിഭാഗം പെന്തിക്കോസ്തു് ദൈവസഭയിൽ ഉത്പാദിപ്പിക്കയും, അതിൻെറ നായകനായിത്തീരുകയും ചെയ്തു. 1935-ൽ അത്രേ ഇൻഡ്യൻ പെന്തിക്കോസ്തു് എന്ന പേരിൽ ഈ സ്വതന്ത്ര ദേശീയസഭ സ്ഥാപിതമായതു്. വിശ്വാസവിഷയങ്ങളിൽ കാര്യമായ യാതൊരു ഭിന്നതയും പെന്തിക്കോസ്തു ദൈവസഭയുമായി ഈ വിഭാഗത്തിനില്ല. തിരുവല്ലായ്ക്കു് കിഴക്കു കുമ്പനാട്ടു് കേന്ദ്രമാക്കിക്കൊണ്ടു് പാസ്റ്റർ ഏബ്രഹാമിൻെറ നേതൃത്വത്തിൽ തിരുവിതാംകൂറിലും കൊച്ചിയിലും ഉദ്ദേശം ഇരുനൂറോളം സ്ഥലങ്ങളിൽ സ്ഥാപനങ്ങൾ നിർമ്മിച്ചു് ഇപ്പോൾ ഇവർ വേല ചെയ്തുകൊണ്ടിരിക്കുന്നു. ഉദ്ദേശം ഇരുപതിനായിരത്തോളം ജനങ്ങൾ ഈ സഭയിൽ ഇപ്പോഴുണ്ടു്. ഇതര പെന്തിക്കോസ്തു വിഭാഗങ്ങളെ അപേക്ഷിച്ചു ജനസംഖ്യയിൽ കാര്യമായ അഭിവൃദ്ധി ഈ വിഭാഗത്തിനു ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടു്.

## 3. പെന്തിക്കോസ്തു് ദൈവസമൂഹം

(Assemblies of God)

പുനലൂർ ആസ്ഥാനമാക്കിക്കൊണ്ടു പാസ്റ്റർ സോർബോ എന്ന അമേരിക്കൻ മിഷ്യനറിയുടെ നേതൃത്വത്തിൽ വേലചെയ്തുകൊണ്ടിരിക്കുന്ന ഒരു വിഭാഗമാണു് ഇതു്. പെന്തിക്കോസ്തു ദൈവസഭയുമായി ഈ സമൂഹത്തിൽപെട്ടവർ മൈത്രിയിലാണു കഴിഞ്ഞുകൂടുന്നതു്. രണ്ടു വിഭാഗങ്ങളിലേയും നായകന്മാർ അമേരിക്കർ ആയിരിക്കുന്നതു് ഇതിനൊരു കാരണമായി ഉന്നയിക്കപ്പെടുന്നു. ഈ സമൂഹത്തിൽ 500 ആളുകളോളം മാത്രമേ ഇപ്പോൾ അംഗങ്ങളായിട്ടുള്ളു.

## 4. സിലോൺ പെന്തിക്കോസ്തു്

സിലോൺ കേന്ദ്രമാക്കിക്കൊണ്ടു് പ്രവർത്തിക്കുന്ന ഒരു വിഭാഗക്കാരത്രേ ഇവർ. സിലോൺകാരനായ ആൽവിൻ എന്നയാളാണു് ഇവിടുത്തെ ഈ സഭാവിഭാഗത്തിൻെറ നായകൻ. പെന്തിക്കോസ്തു

സഭയിലെ ഇതര വിഭാഗങ്ങളുമായി ഏതാനും കാര്യങ്ങളിൽ ഇവർ ഭിന്നിക്കുന്നുണ്ടു്. പാസ്റ്റരന്മാർ അവിവാഹിതരായിരിക്കണമെന്നും, മിഷ്യനറിമാരായ പുരുഷന്മാരും സ്ത്രീകളും ഒരുമിച്ചു താമസിക്കണമെന്നും, ഇവർ പഠിപ്പിക്കുകയും അതനുസരിച്ചു പ്രവൎത്തിക്കയും ചെയ്തുവരുന്നു. ഫെയിത്തുഹോം (Faith Home) എന്ന പേരിൽ പല സ്ഥലങ്ങളിലും ഇവർ കെട്ടിടങ്ങൾ നിൎമ്മിച്ചു സ്ത്രീകളെയും പുരുഷന്മാരെയും കൂട്ടമായി താമസിപ്പിച്ചുകൊണ്ടു് പ്രാൎത്ഥന, പ്രസംഗം, ഭവനസന്ദൎശനം ആദിയായവ നടത്തി ഇവരുടെ സഭയിലേക്കു് ആളുകളെ ചേൎത്തുകൊണ്ടിരിക്കുന്നു. ഈദൃശ ജീവിതരീതിയെപ്പററി പൊതുജനങ്ങളുടെ ഇടയിലും പെന്തിക്കോസ്തു സഭയിലെ ഇതരവിഭാഗക്കാരുടെ ഇടയിലും അവജ്ഞയും വിദ്വേഷവുമാണുള്ളതു് എന്ന വിവരം ഇവിടെ പ്രസ്താവ്യമത്രേ. ഈ വിഭാഗത്തിൽ പതിനായിരത്തോളം ആളുകൾ അംഗങ്ങളായി ചേൎന്നിട്ടുണ്ടു്. പെന്തിക്കോസ്തു സഭയിലെ "കമ്മ്യൂണിസ്ററുകാരാ"ണു് ഇവർ എന്നു പറയാവുന്നതാണു്.

### 5. അപ്പസ്തോലിക ഐക്യ പെന്തിക്കോസ്തു്

കോട്ടയം കേന്ദ്രമാക്കിക്കൊണ്ടു് നെൽസൺ, സിംസൺ എന്നീ രണ്ടു പേരുടെ നേതൃത്വത്തിൽ ഈ വിഭാഗക്കാരും അപൂൎവ്വം ചില സ്ഥലങ്ങളിൽ വേല ചെയ്തുകൊണ്ടിരിക്കുന്നു. ഇവർ ത്രിത്വനിഷേധികളാകയാൽ യേശുവിൻ നാമത്തിൽ മാത്രം വിശ്വാസസ്നാനം നടത്തുകയാണു് ചെയ്യുന്നതു്. അഞ്ഞൂറോളം ആളുകൾ മാത്രമേ ഇപ്പോൾ ഈ വിഭാഗത്തിലുള്ളു. പുതുതായി ഇവിടെ പ്രചരണം ആരംഭിച്ച ഒരു സഭയാകയാൽ കൂടുതൽ അംഗങ്ങൾ ഈ സഭയിൽ ചേരുമെന്നു പ്രതീക്ഷിക്കേണ്ടിയിരിക്കുന്നു.

## മറുഭാഷാനല്വരം

അപ്പസ്തോലന്മാരുടെ മേൽ പെന്തിക്കോസ്തുദിവസം പരിശുദ്ധാത്മാവു് ആവസിക്കയും വിവിധഭാഷകളിൽ അവർ സംസാരിക്കയും ചെയ്തതുപോലെ തന്നെ ക്രിസ്തീയസഭയിൽ എല്ലാക്കാലത്തും മറുഭാഷാവരം ഉണ്ടായിരിക്കേണ്ടതു് അത്യന്താപേക്ഷിതമാണെന്നത്രേ പെന്തിക്കോസ്തുസഭ പഠിപ്പിക്കുന്നതു്. ഈ ഉപദേശം അനുസരിച്ചു് പ്രസ്തുത സഭയിലെ അംഗങ്ങൾ യോഗാവസരത്തിലും പ്രാൎത്ഥനാസമയത്തും പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചതായി നടിക്കുകയും, അവ്യക്തങ്ങളായ

ചില സ്വരങ്ങളും ശബ്ദവിശേഷങ്ങളും പുറപ്പെടുവിക്കുകയും, അവ യെല്ലാം പരിശുദ്ധാത്മാധിവാസത്തിന്റെ പ്രത്യക്ഷ അടയാളമായ മറുഭാഷാവരമാണെന്നു് വാദിക്കുകയും ചെയ്യുന്നു. ചില പ്രത്യേകസന്ദർഭങ്ങളിൽ പരിശുദ്ധാത്മാവിൽ നിന്നും വ്യാഖ്യാനവരം ലഭിക്കുന്നതായി ഭാവിച്ചുകൊണ്ടു മറുഭാഷയുടെ അർത്ഥവും പറയുന്നതിന്നു് ഇവരിൽ ചിലർ സന്നദ്ധരാകുന്നുണ്ടു്.

വേദപുസ്തകം പരിശോധിച്ചാൽ പെന്തിക്കോസ്തുദിവസത്തിലും തുടർന്നുള്ള ക്രിസ്തീയസഭയുടെ ആദിമകാലഘട്ടത്തിലും പരിശുദ്ധാത്മാഭിഷേക പ്രാപ്തിയുടെ ലക്ഷ്യങ്ങളിൽ ഒന്നായ മറുഭാഷയിൽ ക്രൈസ്തവരിൽ പലരും സംസാരിച്ചതായി നാം വായിക്കുന്നുണ്ടു്. അപ്പോ. പ്രവൃത്തികൾ 2. 4, 19. 6, 1 കൊരിന്തി 12. 14) എന്നാൽ പ്രസ്തുത നല്വരം ലോകാവസാനംവരെ സഭയിൽ നിലനില്ക്കേണ്ടതാണെന്നോ നിലനില്ക്കുമെന്നോ തെളിയിക്കുവാൻ പര്യാപ്തമായ ഒരൊററ വാക്യമെങ്കിലും വേദപുസ്തകത്തിൽനിന്നും ചൂണ്ടിക്കാണിക്കുവാൻ ആക്കും സാധിക്കുന്നതല്ല. ക്രിസ്തുമതം ദൈവസ്ഥാപിതമാണെന്നുള്ള ബോദ്ധ്യത്താൽ പ്രേരിതരായി പുറജാതിക്കാരും യഹൂദന്മാരും സഭയിൽ പ്രവേശിക്കുന്നതിന്നു വേണ്ടിയായിരുന്നു ക്രിസ്തുവിന്റെയും അപ്പോസ്തോലന്മാരുടേയും കാലത്തു ധാരാളം അത്ഭുതങ്ങൾ സഭയിൽ നടക്കുവാൻ ദൈവം തിരുമനസ്സായതു്. എന്നാൽ തിരുസഭ ലോകമെങ്ങും വ്യാപിക്കയും, സഭയുടെ ദൈവസ്ഥാപനം ഏവക്കും നിഷ്പ്രയാസം മനസ്സിലാകത്തക്കവിധം സഭ അഭിവൃദ്ധി പ്രാപിക്കയും ചെയ്തതുകൊണ്ടു് ഈദൃശനല്വരങ്ങൾ പില്ക്കാലത്തു് സഭയിൽ കൂടിയേതീരു എന്നു ദൈവം ഉദ്ദേശിച്ചിട്ടില്ല. ഒരു കൃഷകൻ ചെടികൾ നട്ടാൽ ഏതാനും കാലത്തേയ്ക്കു് അവയെ നനയ്ക്കുമെങ്കിലും അവ വൻവൃക്ഷങ്ങളായിത്തീർന്നാൽ പിന്നെ അവയെ നനയ്ക്കാത്തതു പോലെ തിരുസഭയുടെ പ്രാരംഭകാലത്തു് അത്ഭുതങ്ങൾ കൊണ്ടു ദൈവം അതിനെ പരിപോഷിപ്പിച്ചിരുന്നു. എന്നാൽ സഭാതരു ശാഖോപശാഖകളോടുകൂടെ തഴച്ചു വളന്നതിന്നുശേഷം അതിനെ ഈ വിധത്തിൽ പരിപോഷിപ്പിക്കേണ്ട ആവശ്യം ഇല്ലെന്നുള്ളതു നിസ്തക്കമാണു്. എങ്കിലും സഭയോടുകൂടെ ദൈവമുണ്ടെന്നും, സഭയെ അവിടുന്നു തന്നെയാണു നടത്തുന്നതെന്നും ക്രൈസ്തവരേയും അക്രൈസ്തവരേയും ബോദ്ധ്യപ്പെടുത്തുന്നതിന്നുവേണ്ടി ഏതാനും വിശുദ്ധന്മാക്കു് ചില പ്രത്യേക അവസരങ്ങളിൽ മറുഭാഷാവരം, രോഗശാന്തിവരം, പഞ്ചക്ഷതം, ഒരു സമയം രണ്ടു

സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെടുന്നതിനുള്ള നല്വരം ആദിയായവ കൊടുത്തിട്ടുള്ളതായി വിശുദ്ധന്മാരുടെ ചരിത്രത്തിൽ നിന്നും വായിക്കുന്നുണ്ടു്. എന്നാൽ പ്രസ്തുത നല്വരങ്ങളെക്കാൾ ശ്രേഷ്ഠമായിട്ടുള്ളതു ദൈവസ്നേഹമാണെന്നും വിശ്വാസികൾ നല്വരങ്ങളിൽ എന്നതിനെക്കാൾ സ്നേഹത്തിലാണു കൂടുതൽ അഭിവൃദ്ധി പ്രാപിക്കേണ്ടതെന്നും വി. പൗലോസ് അപ്പസ്തോലൻ ശക്തിയായി ഉത്ബോധിപ്പിച്ചിട്ടുമുണ്ടു്. (1 കോറ. 13-ാം അദ്ധ്യായം)

ഇന്നത്തെ പെന്തിക്കോസ്തുകാരുടെ യോഗങ്ങളിലും പ്രാത്ഥനകളിലും നടന്നു കൊണ്ടിരിക്കുന്നതും അക്രൈസ്തവരുടെ പരിഹാസത്തിനു പോലും പാത്രീഭവിച്ചിരിക്കുന്നതുമായ "നല്വര പ്രകടനങ്ങൾ" പരിശുദ്ധാത്മാവിൽ നിന്നും ലഭിച്ചതാണോ എന്നു് ബലമായി സന്ദേഹിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഇതര ക്രൈസ്തവസഭകളിൽ അഖിലലോകപ്രസിദ്ധരായ പരമഭക്തന്മാർ ധാരാളം ഉണ്ടായിട്ടുണ്ടെങ്കിലും അവക്കാക്കും തന്നെ മറുഭാഷാവരം ഇതുപോലെ ലഭിച്ചിട്ടുള്ളതായി നാം കാണുന്നില്ല. ശരീരാരോഗ്യത്തിലും മനഃശക്തിയിലും ക്ഷീണിതരായവക്കു ചില പ്രത്യേക സാഹചര്യങ്ങളിൽ മാനസികവിഭ്രമം ഉണ്ടാകുകയും തൽഫലമായി വിവിധ ചേഷ്ടകളും, സ്വരങ്ങളും, സംസാരങ്ങളും അവർ പുറപ്പെടുവിക്കുകയും ചെയ്യുന്നതു പ്രായേണ നാം ലോകത്തിൽ കണ്ടു വരുന്നതാണു്. പുരാതനകാലങ്ങളിൽ കുതിരകൾ, ആനകൾ എന്നിവയെ ശത്രുക്കളുടെ ശരങ്ങളും വെടിയുണ്ടകളും പാഞ്ഞുകൊണ്ടിരുന്ന സന്ദർഭത്തിൽ യുദ്ധരംഗത്തേക്കു് ആനയിച്ചു കൊണ്ടിരുന്നതു, താളമേളസഹിതമുള്ള സംഗീതവും സ്വരവിശേഷങ്ങളും ആയിരുന്നു. ഏതാണ്ടിതുപോലെ രാത്രിമുഴുവൻ നീണ്ടുനില്ക്കുന്ന പ്രസംഗങ്ങളും, പാട്ടുകളും, സ്തോത്രഘോഷങ്ങളും കേട്ടുകഴിയുമ്പോൾ സാധാരണക്കാരായ സ്ത്രീപുരുഷന്മാർ മാനസികവിഭ്രമത്തിനധീനരായി പലതും പ്രവത്തിച്ചുപോകുന്നെങ്കിൽ അതിൽ അവരെ കുററപ്പെടുത്തുവാൻ നിവൃത്തിയില്ല. എന്നാൽ ഈദൃശസംസാരങ്ങളും പ്രകടനങ്ങളും എല്ലാം പരിശുദ്ധാത്മാവിൻെറ ആവാസംമൂലം ഉണ്ടാകുന്നതാണെന്നു സുബുദ്ധിയുള്ളവർ പറയുന്നതിലാണു് അത്ഭുതപ്പെടേണ്ടതു്. ഉത്കൃഷ്ടബിരുദധാരികളിൽ ഒരുവൻപോലും പെന്തിക്കോസ്തു സഭയിൽ ചേരുകയോ ഇവരുടെ "മറുഭാഷ" സംസാരിക്കുകയോ ചെയ്യുന്നില്ല എന്നുള്ളതും ഈ വാസ്തവം തെളിയിക്കുന്നു.

# രോഗശാന്തിവരം

പരിശുദ്ധാത്മനല്വരങ്ങളിൽ രോഗശാന്തിവരമുണ്ടെന്നും, തന്മൂലം രോഗികളുടെമേൽ കൈവെച്ചു പ്രാത്ഥിച്ചാൽ അവൎക്കു സൗഖ്യം ലഭിക്കുമെന്നും, ദൈവവിശ്വാസികൾ രോഗത്തിനു ചികിത്സ നടത്തുന്നതു് ദൈവവിശ്വാസത്തിനു് എതിരായ ഭയങ്കരപാപമാണെന്നും. പെന്തിക്കോസ്തു സഭാവിഭാഗങ്ങളിൽ ഭൂരിപക്ഷവും പഠിപ്പിക്കുന്നുണ്ടു് പ്രസ്തുത പഠനമനുസരിച്ചു ഈ സഭയിൽ പെട്ടവരിൽ പലരും യാതൊരു മരുന്നും ഉപയോഗിക്കാതെയും പ്രാത്ഥനയിൽമാത്രം ആശ്രയിച്ചും രോഗത്തിൽനിന്നും സുഖം പ്രാപിക്കുവാൻ പരിശ്രമിക്കയും ചെയ്യുന്നുണ്ടു്.

ദൈവം സർവ്വശക്തനാകയാൽ ഏതു കഠിനരോഗത്തേയും മരുന്നിന്റെ സഹായം കൂടാതെ സുഖപ്പെടുത്തുവാൻ അവിടുത്തേക്കു സാധിക്കുമെന്നു സകല ദൈവവിശ്വാസികളും സമ്മതിക്കുന്നുണ്ടു്. ക്രിസ്തുവും അപ്പസ്തോലന്മാരും മരുന്നു് ഉപയോഗിച്ചുകൊണ്ടല്ല കുഷ്ഠരോഗികളെയും തളർവാതക്കാരെയും, കുരുടന്മാരേയും സൗഖ്യമാക്കിയതു്. എന്നാൽ രോഗശാന്തിക്കു മരുന്നു് ഉപയോഗിക്കുവാൻ പാടില്ലെന്നോ, അതുപയോഗിക്കുന്നതു പാപമാണെന്നോ ഇവർ പഠിപ്പിച്ചതായി വേദപുസ്തകത്തിൽ യാതൊരു തെളിവുമില്ല. നേരെമറിച്ചു് രോഗശമനത്തിനു മരുന്നു് ഉപയോഗിക്കുന്നതു് തെററല്ലെന്നു താഴെ ഉദ്ധരിക്കുന്ന വേദഭാഗങ്ങളിൽ നിന്നും സുസ്പഷ്ടമാകുന്നതാണു്.

1. യഹസ്ക്യാരാജാവിന്റെ പരുവിന്മേൽ അത്തിപ്പഴക്കട്ട ഇട്ടു് ഏശായാദീർഘദർശി സുഖപ്പെടുത്തിയതായി 2 രാജാക്കന്മാർ 20-ാം അദ്ധ്യായം 7-ാം വാക്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. മരുന്നു ഉപയോഗിക്കുന്നതു പാപമാണെങ്കിൽ ഏശായാദീർഘദർശി ഇപ്രകാരം ചെയ്കയില്ലെന്നുള്ളതു നിസ്തൎക്കമത്രേ.

2. "രോഗികൾക്കല്ലാതെ സൌഖ്യമുള്ളവൎക്കു വൈദ്യനെക്കൊണ്ടു് അവശ്യമില്ല" എന്നു് ക്രിസ്തു കല്പിച്ചിരിക്കുന്നതിനാൽ രോഗികൾക്കു വൈദ്യനെക്കൊണ്ടു് ആവശ്യമുണ്ടെന്നും ചികിത്സക്കായി രോഗികൾ വൈദ്യനെ സമീപിക്കുന്നതു് പാപമല്ലെന്നും തെളിയുന്നു.

3. കൎത്താവു് കല്പിച്ചിരിക്കുന്ന നല്ലശമൎയ്യക്കാരന്റെ ഉപമയിൽ മുറിവേററു് വഴിയിൽ കിടന്നിരുന്ന മനുഷ്യന്റെ മുറിവുകൾ

വെച്ചുകെട്ടി അവയിൽ വീഞ്ഞും എണ്ണയും ഒഴിച്ചു് അവനെ സത്രത്തിൽ കൊണ്ടുപോയി സത്രക്കാരനെ ഏല്പിച്ച മനുഷ്യസ്നേഹിയെപ്പററി പറയുന്നുണ്ടു്. മുറിവു വെച്ചു കെട്ടുന്നതും അവയിൽ എണ്ണയും വീഞ്ഞും ഒഴിക്കുന്നതും ചികിത്സയുടെ പ്രാരംഭക്രിയകളാണെന്നുള്ളതിനു സംശയമില്ല. ഇതു പാപമാണെങ്കിൽ നല്ലശമര്യക്കാരൻ പാപമാണു ചെയ്തതെന്നും തന്മൂലം നല്ലവനെന്നുള്ള പേരിനു് അവൻ യോഗ്യനല്ലെന്നും ഉള്ളതു സ്പഷ്ടമാണു്.

4. വി. പൗലോസ്, "വൈദ്യനായ പ്രിയ ലൂക്കോസു കൊലോസ്യാക്കാക്കു് വന്ദനം പറയുന്ന"തായി പ്രസ്താവിച്ചിരിക്കുന്നു. (കൊലോസ്യ 4. 15) വൈദ്യവൃത്തി പാപമാണെങ്കിൽ വൈദ്യനായ ലൂക്കോസു പാപം പ്രവർത്തിച്ചുകൊണ്ടിരുന്നുവെന്നും വി. പൌലോസു് അദ്ദേഹത്തെ പ്രിയലൂക്കോസ് എന്നു വിളിക്കുകയും അദ്ദേഹത്തിൻെറ വന്ദനത്തെപ്പററി കാര്യമായി പ്രസ്താവിക്കുകയും ചെയ്തതു തെററാണെന്നും വന്നുകൂടുന്നതാണു്.

5. "മേലാൽ വെള്ളം മാത്രം കുടിക്കാതെ നിൻെറ അജീർണ്ണതയും കൂടെക്കൂടെയുള്ള ക്ഷീണതയും നിമിത്തം അല്പം വീഞ്ഞു ഉപയോഗിച്ചുകൊള്ളുക." (1 തീമോത്തി 5.23) എന്നു വി. പൌലോസ് തീമോത്തിയോസിനു് ഉപദേശം നല്കുന്നു. അജീർണ്ണതയ്ക്കും (ഉദരരോഗം) ക്ഷീണത്തിനും അല്പം വീഞ്ഞു മരുന്നായി ഉപയോഗിച്ചു കൊള്ളുവാനാണു് വി. പൌലോസ് അനുവദിച്ചിരിക്കുന്നതു്. മരുന്നു ഉപയോഗിക്കുന്നതു് പാപമാണെങ്കിൽ വി. പൌലോസ് അതിനു് ഒരു കാലത്തും അനുവദിക്കുന്നതല്ല.

പെന്തിക്കോസ്തു് സഭയുടെ ഈ ഉപദേശം ശരിയാണെങ്കിൽ ലോകത്തിൻെറ നാനാഭാഗങ്ങളിലും ഇന്നു നടത്തിക്കൊണ്ടിരിക്കുന്ന ആശുപത്രികളിൽ വേലചെയ്യുന്ന ഡോക്ടറന്മാർ, കമ്പൌണ്ടറന്മാർ, നേഴ്സുകൾ ആദിയായവരും, ചികിത്സാപദ്ധതികളെ പ്രോത്സാഹിപ്പിക്കുകയും അതിനുവേണ്ടി ലക്ഷക്കണക്കിനു് പണം ചെലവാക്കുകയും ചെയ്യുന്ന ഗവൺമെൻറുകളും, രോഗശമനത്തിനു മരുന്നുപയോഗിച്ചുകൊണ്ടിരിക്കുന്ന കോടാകോടി ജനങ്ങളും ദൈവത്തിനു് എതിരായി ഭയങ്കരപാപം ചെയ്കയാണെന്നു് സമ്മതിക്കേണ്ടി വരുന്നതാണു്. തന്നെയുമല്ല, പെന്തിക്കോസ്തുകാരുടെ ഏതാദൃശപഠനം മരുന്നിനു രോഗശമനശക്തി നല്കിയ ദൈവത്തെ വ്യർത്ഥമായ കാര്യങ്ങൾ പ്രവ

ത്തിക്കുന്ന ഒരു ഭോഷനാക്കിത്തീക്കുകയുമാണ ചെയ്യുന്നതു്. ഏതായാലും പെന്തിക്കോസ്തുകാരിൽ ബഹുഭൂരിപക്ഷവും രോഗം പിടിപെട്ടാൽ പ്രാരംഭകാലത്തു ചികിത്സ ചെയ്കയില്ലെങ്കിലും രോഗം അപകടാവസ്ഥയിൽ എത്തിക്കഴിഞ്ഞു എന്നു കാണുമ്പോൾ മരണഭയം നിമിത്തം വൈദ്യനെ അന്വേഷിക്കയും രഹസ്യമായും ചിലപ്പോൾ പരസ്യമായും മരുന്നു് ഉപയോഗിക്കയും, അങ്ങനെ സൗഖ്യം നേടുകയും ചെയ്യുന്നതായിട്ടാണു പ്രായേണ കണ്ടുവരുന്നതു്.

പെന്തിക്കോസ്തുകാരുടെ ഈദൃശപാഠങ്ങളും വിവിധ വിഭാഗങ്ങളിലായുള്ള അവരുടെ നിലയും നിമിത്തം പ്രസ്തുത സഭയ്ക്കു കേരളത്തിൽ കാര്യമായ അഭിവൃദ്ധി ഇനിയും ഉണ്ടാകുമെന്നു പറയുവാൻ നിവൃത്തിയില്ല.

അദ്ധ്യായം 21

# രക്ഷാ സൈന്യം

## (Salvation Army)

---

### ഒരു പരസ്നേഹസംഘടന

**ലോ**കത്തിന്റെ നാനാഭാഗങ്ങളിലും പരോപകാരപ്രവൎത്തനങ്ങൾ നടത്തി സകലരുടേയും പ്രശംസയ്ക്കും ബഹുമാനത്തിനും ഇതിനകം പാത്രീഭൂതമായിത്തീൎന്നിട്ടുള്ള ഒരു ഉറച്ച സംഘടനയാണ് "രക്ഷാസൈന്യം." സാധുക്കളെ സഹായിക്കുക, ദുഃഖിതരെ ആശ്വസിപ്പിക്കുക, രോഗികളെ ശുശ്രൂഷിക്കുക, തൊഴിലില്ലാത്തവൎക്ക് തൊഴിൽ നല്കുക ആദിയായ പരസ്നേഹ പ്രവൃത്തികൾ ലോകത്തിൽ നിർവഹിക്കുന്നതിനു വേണ്ടി എൺപതു വൎഷങ്ങൾക്കു മുമ്പ് ഇംഗ്ലണ്ടിൽ "വില്യംബൂത്ത്" എന്ന പേരോടുകൂടിയ ഒരു മനുഷ്യസ്നേഹി സ്ഥാപിച്ചതത്രേ ഈ സഭ.

### വില്യം ബൂത്ത്

ക്രിസ്താബ്ദം 1829-ൽ ഇംഗ്ലണ്ടിൽ നോട്ടിംഗാം എന്ന സ്ഥലത്തു വെസ്ളിയൻ മെതഡിസ്റ്റു സഭാംഗങ്ങളായ മാതാപിതാക്കന്മാരിൽ നിന്നും വില്യംബൂത്ത് ഭൂജാതനായി. ഇദ്ദേഹത്തിന്റെ പതിമൂന്നാമത്തെ വയസ്സിൽ പിതാവു കുടുംബസ്വത്തെല്ലാം നശിപ്പിച്ചു പാപ്പരായിത്തീരുകയാൽ പഠനത്തിനോ കാലക്ഷേപത്തിനോ മാൎഗ്ഗം കാണാതെ അലഞ്ഞു നടന്ന ബൂത്ത് ഒരു കടയിൽ ജോലി സ്വീകരിച്ചു. ബാല്യത്തിൽ ഒരു നാസ്തികനായിരുന്ന ബൂത്തിനെ സ്വപിതാവിന്റെ മരണം ഈശ്വരവിശ്വാസിയാക്കിത്തീൎത്തു. പിന്നീടു ഒരു മതപ്രാസംഗികൻ എന്ന നിലയിൽ പലയിടങ്ങളിലും സഞ്ചരിച്ചു ജീവകാരുണ്യപ്രവൎത്തനങ്ങളുടെ ആവശ്യകതയെക്കുറിച്ച് ബൂത്ത് പ്രസംഗിച്ചുകൊണ്ടു നടന്നിരുന്നു. സാധുക്കളെ സഹായിക്കുന്നതിലും രോഗികളെ ശുശ്രൂഷിക്കുന്നതിലും തന്റെ ജീവിതകാലം മുഴുവൻ വിനിയോഗിക്കുവാൻ അദ്ദേഹം നിശ്ചയിച്ചു. അതിനുവേണ്ടി വൈദികപഠനം ആരംഭിക്കുകയും പഠനാനന്തരം വെസ്ളിയൻ സഭയിലേ ഒരു വൈദികനായി

ത്തിരുകയും ചെയ്തു. 1851-ൽ ലണ്ടനിലെ ഒരു ചാപ്പലിൽ വികാരിയായി നിയമിതനായ ബൂത്ത് നാലു വർഷങ്ങൾക്കു ശേഷം കാതറയിൻ മംഫോർഡ് എന്നൊരു സ്ത്രീയെ വിവാഹം ചെയ്തു. ഈ അവസരത്തിൽ മെതഡിസ്ററു സഭയിൽ ഉത്പതിഷ്ണുക്കളും യാഥാസ്ഥിതികന്മാരും തമ്മിൽ പ്രാതിനിദ്ധ്യത്തെ സംബന്ധിച്ചുള്ള ശക്തിമത്തായ മത്സരം നടന്നുകൊണ്ടിരുന്നു. യാഥാസ്ഥിതികന്മാരായിരുന്ന അധികാരികളുടെ കീഴിൽ ജോലി നോക്കുന്നതിനുള്ള വൈമനസ്യം നിമിത്തം ഉത്പതിഷ്ണുവായിരുന്ന ബൂത്ത് 1861-ൽ തന്റെ ഉദ്യോഗം രാജിവെച്ച ശേഷം ഈസ്ററു ലണ്ടൻ കേന്ദ്രമാക്കിക്കൊണ്ടു് ഭാര്യാസഹിതം പല സ്ഥലങ്ങളിലും പരസ്യ പ്രസംഗത്തിനായി ചുററി സഞ്ചരിച്ചു. പ്രസംഗത്തെപ്പോലെ തന്നെ പരോപകാരപ്രവൎത്തനങ്ങളിലും ഭാര്യാഭൎത്താക്കന്മാർ ഉൽസുകരായിരുന്നു. തന്മൂലം പൊതുജനങ്ങളുടെ പ്രീതിയ്ക്കും സ്നേഹത്തിനും അവർ ഇരുവരും പാത്രമായിത്തീൎന്നു. ധനാഢ്യന്മാരിൽ നിന്നും സാമ്പത്തികസഹായങ്ങൾ അവൎക്കു നിർല്ലോഭം ലഭിച്ചുകൊണ്ടിരുന്നു. പ്രസംഗങ്ങൾക്കും പരോപകാരപ്രവൎത്തനങ്ങൾക്കുമായി യാതൊരു സഭയുടേയും നിയന്ത്രണത്തിൻകീഴിലല്ലാതെ ഒരു പുതിയ സംഘടനയെ സ്ഥാപിക്കണമെന്നു തന്നെ അവർ നിശ്ചയിച്ചു.

## ക്രിസ്ത്യൻമിഷ്യനും പരിശുദ്ധസംഘവും

ഒരു സഭയുടെ രൂപത്തിൽ അല്ലെങ്കിലും ഒരു സംഘടനയുടെ രൂപത്തിൽ വില്യംബൂത്തും അദ്ദേഹത്തിന്റെ ഭാൎയ്യയും "സ്വമേധാസൈന്യം" എന്ന പേരിൽ 1878-ൽ ഈസ്റ്റ് ലണ്ടനിൽ ഒരു സംഘം സ്ഥാപിച്ചു. പ്രസ്തുത സംഘടന "ക്രിസ്ത്യൻ മിഷ്യൻ" എന്ന പേരിലാണു പിന്നീടു് അറിയപ്പെട്ടതു്. ഔദാൎയ്യനിധികളായ പലരുടേയും സഹായസഹകരണത്തോടുകൂടെ അംഗങ്ങളിലും സേവനങ്ങളിലും പ്രസ്തുത സംഘടന പുരോഗതി പ്രാപിച്ചു കൊണ്ടിരുന്നു. സൈനികനിയമം അനുസരിച്ചുള്ള ഒരു ഭരണക്രമം തന്റെ പുതിയ സ്ഥാപനത്തിനു ഉണ്ടായിരിക്കണമെന്നു് ബൂത്തു നിശ്ചയിച്ചു. പ്രസ്തുത സംഘടനയുടെ സ്ഥാപകനായ അദ്ദേഹം "ജനറൽ" എന്ന നാമം സ്വയം സ്വീകരിക്കുകയും, സഹകാരികൾക്കു "കേണൽ" "ക്യാപ്ററൻ" എന്നും, മററു് അംഗങ്ങൾക്കു് "ഭടന്മാർ" എന്നുമുള്ള പദവികൾ സൈനികനിയമപ്രകാരം തന്നെ നല്കുകയും ചെയ്തു.

ഈ അവസരത്തിൽ ജനറൽ ബൂത്തിൻെറ പുത്രനും സുവിശേഷ പ്രാസംഗികനുമായ ബ്രോംവൽ "പരിശുദ്ധാസംഘം" എന്ന ഒരു പുതിയ സംഘടനയുണ്ടാക്കി പ്രവൎത്തനം നടത്തിക്കൊണ്ടിരുന്നു. ഇപ്ര കാരം പിതാവും പുത്രനും രണ്ടു സംഘടനകൾ നിൎമ്മിച്ചു പ്രവൎത്തനം നടത്തുന്നതു ശരിയല്ലെന്നുള്ള ബോദ്ധ്യം നിമിത്തം രണ്ടു സംഘടനക ളേയും യോജിപ്പിച്ചുകൊണ്ടു് ഒരു പുതിയ സംഘടന സ്ഥാപിക്കയു ണ്ടായി. ഇതത്രേ "രക്ഷാസൈന്യം".

## രക്ഷാസൈന്യപ്രചാരണം

ആദൎശശുദ്ധികൊണ്ടും നിഷ്കാമമായ സേവനത്തിൻെറ കാൎയ്യ ക്ഷമതകൊണ്ടും രക്ഷാസൈന്യം ഉത്തരോത്തരം അഭിവൃദ്ധി പ്രാപിച്ചു കൊണ്ടിരുന്നു. പ്രാരംഭകാലത്തു് ഈ സംഘടനക്കെതിരായി പല പ്രവൎത്തനങ്ങളും ഇതര പ്രോട്ടസ്റ്റൻറ സഭകളിലേ അംഗങ്ങൾ നടത്തി ക്കൊണ്ടിരുന്നുവെങ്കിലും പൊതുജനങ്ങളുടെ പിൻതുണ രക്ഷാസൈന്യ പ്രവൎത്തകന്മാൎക്കു് ഉണ്ടായിരുന്നതിനാൽ എതിൎപ്പുകൾ കാലതാമസ മെന്യേ നിശ്ശേഷം നശിക്കുകയാണുണ്ടായതു്. ലണ്ടനിൽ ആരംഭിച്ച പ്രസ്തുത സംഘടനയെ വിശ്വവ്യാപകമാക്കിതീൎക്കണമെന്നുള്ള ഉദ്ദേശ്യ ത്തോടുകൂടെ അതിൻെറ ചെലവുകൾക്കായി ഒരു ലക്ഷം പവനുവേണ്ടി യുള്ള ഒരു അഭ്യൎത്ഥന ബൂത്തു പുറപ്പെടുവിച്ചു. ചുരുങ്ങിയ കാലയളവി നുള്ളിൽ ഒരുലക്ഷത്തിഎൺപതിനായിരം പവൻ സംഭാവനയായി നിഷ്പ്രയാസം അദ്ദേഹത്തിനു ലഭിച്ചു. ഇതോടുകൂടെ രക്ഷാസൈന്യം ഇതര രാജ്യങ്ങളിലും പ്രചരിക്കുവാൻ തുടങ്ങി. സ്ഥാപകനും നേതാ വുമായ ബൂത്തു ലോകമെങ്ങും സഞ്ചരിച്ചു് ഒട്ടനേകം രാജ്യങ്ങളിൽ ശാഖാസംഘടനകൾ സ്ഥാപിക്കുകയുണ്ടായി. ഇക്കൂട്ടത്തിൽ ഇൻഡ്യ യിലും പല സ്ഥലങ്ങളിലും സഞ്ചരിച്ചു് അദ്ദേഹം പ്രസംഗങ്ങൾ നട ത്തിയിട്ടുണ്ടു്.

ലണ്ടനിൽവെച്ചു് ക്രിസ്താബ്ദം 1912-ൽ വില്യംബൂത്തു് നിൎയ്യാണംപ്രാപിച്ചു. മരണത്തിനു മുമ്പു സ്വപുത്രനായ "ബ്രോംവലി"നെ രക്ഷാസൈന്യത്തിൻെറ നേതാവും തൻെറ പിൻഗാമിയുമായി ബൂത്തു നിയമിച്ചു. ബ്രോംവലിൻെറ മരണശേഷം "ഇംഗിൾസ് എഡ്വേർഡ്" എന്നദ്ദേഹം രക്ഷാസൈന്യസംഘടനയെ ഭരിച്ചുകൊണ്ടിരുന്നു. ഇദ്ദേഹ ത്തിൻെറ നിൎയ്യാണാനന്തരം വില്യം ബൂത്തിൻെറ പുത്രിയായ "എവാ ഞ്ചലിയൻ ബൂത്താ"യിരുന്നു ഭരണം നടത്തിയതു്. അവരുടെ മരണ

ശേഷം "ജോർജ് എൽ കാർപ്പെൻററർ" എന്നയാരം ഭരണഭാരം കയ്യേററു. അയാളുടെ കാലശേഷം "ആൽബർട്ട് ഓസ്ബോൺ" രക്ഷാസൈന്യഭരണഭാരം ഏല്ക്കുകയും സ്തുത്യർഹമാംവിധം പ്രസ്തുത സംഘടനയെ ഇപ്പോരം ഭരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

## സൈന്യമോ സഭയോ

ക്രിസ്തുമൂലമുള്ള രക്ഷയുടെ സുവിശേഷം ലോകമെങ്ങും ഘോഷിക്കുന്നതിനുവേണ്ടിയുള്ള പ്രവൎത്തകന്മാരടങ്ങിയ ഒരു സംഘമായിട്ടായിരുന്നു രക്ഷാസൈന്യത്തെ വില്യം ബൂത്തു ആദ്യമായി സ്ഥാപിച്ചതു്. എന്നാൽ പ്രസ്തുത സംഘടന അനന്തരകാലഘട്ടത്തിൽ ഒരു സഭയുടെ രൂപമെടുക്കുകയും അപ്രകാരം പ്രവൎത്തിക്കുകയുമാണു ചെയ്തു തുടങ്ങിയതു്. പ്രസ്താവാർഹമായ യാതൊരു വിശ്വാസസംഹിതയും ഈ സഭയ്ക്കു് ഉണ്ടെന്നു പറയുവാൻ നിവൃത്തിയില്ല. മെത്രാന്മാരോ, പുരോഹിതന്മാരോ, കൂദാശകളോ, ദൈവാലയങ്ങളോ ഈ സഭയ്ക്കു് ഇല്ല. പാട്ടു്, പ്രാൎത്ഥന, പ്രസംഗം, സാക്ഷിപറച്ചിൽ, പരോപകാരപ്രവൎത്തനങ്ങരം എന്നിവയ്ക്കാണു പ്രധാനസ്ഥാനം ഇവർ നല്കിയിരിക്കുന്നതു്. രക്ഷാസൈന്യത്തിലേ ഉദ്യോഗസ്ഥന്മാരും ഉദ്യോഗസ്ഥകളും ചുവന്ന നിറമുള്ള വസ്ത്രങ്ങരം ധരിക്കണമെന്നു നിർബന്ധമുണ്ടു്. ക്രിസ്തുവിൻെറ രക്തത്താൽ രക്ഷിക്കപ്പെട്ടവർ എന്നുള്ളതിൻെറ അടയാളമായിട്ടത്രേ രക്തനിറത്തിലുള്ള വസ്ത്രങ്ങരം ഇവർ ധരിക്കുന്നതു്.

ജ്ഞാനസ്നാനകർമ്മത്തിനു പകരം ചുവപ്പു്, മഞ്ഞ, നീലം, എന്നീ ത്രിവിധനിറങ്ങളോടു കൂടിയ ഒരു കൊടിയുടെ കീഴിൽക്കൂടെ നടത്തിയിട്ടാണു ശിശുക്കളേയും പ്രായമുള്ളവരേയും ഇവർ രക്ഷാസൈന്യത്തിലേക്കു സ്വീകരിക്കുന്നതു്. പ്രസ്തുത കൊടിയിലുള്ള ചുവപ്പുനിറം കൎത്താവിൻെറ രക്തത്തേയും, മഞ്ഞനിറം പരിശുദ്ധാത്മാവിൻെറ അഗ്നിയേയും നീലനിറം പരിശുദ്ധമായ സ്വൎഗ്ഗരാജ്യത്തേയും സൂചിപ്പിക്കുന്നു എന്നാത്രേ ഇവർ വ്യാഖ്യാനിക്കുന്നതു്.

## ഇൻഡ്യയിൽ രക്ഷാസൈന്യം

രക്ഷാസൈന്യത്തിനു് ഇൻഡ്യയിൽ പ്രവേശനം ലഭിച്ചതു ക്രിസ്താബ്ദം 1882-നുശേഷം മാത്രമാണു്. പഞ്ചാബിലേ ഒരു ഉയന്ന ഗവണ്മെൻറുദ്യോഗസ്ഥനും ഒരു പ്രോട്ടസ്റ്റൻറു സഭാംഗവുമായിരുന്ന മി. ഫെഡറിക് ജോർജ് ടക്കർ I. C. S. രക്ഷാസൈന്യക്കാരുടെ പ്രസ

ഢീകരണങ്ങളിൽ എങ്ങനെയോ ആകൃഷ്ടനായിത്തീൎന്നു. തൽഫലമായി അദ്ദേഹം തന്റെ ഉദ്യോഗം രാജിവെയ്ക്കുകയും, ഇംഗ്ലണ്ടിൽപോയി വില്യം ബൂത്തിനോടൊന്നിച്ചു താമസിക്കുകയും ചെയ്തു. അധികകാല താമസമെന്യേ ബൂത്തിന്റെ ഉപദേശാനുസരണം രക്ഷാസൈന്യത്തിലേ ഒരു അംഗമായി അയാഠം ചേരുകയുണ്ടായി. അനന്തരം ബൂത്തിന്റെ മകളെത്തന്നെ അയാഠം വിവാഹം കഴിക്കുകയും ചെയ്തു. 'ഫക്കിർസിംഗ്" എന്ന പുതിയ നാമധേയം സ്വീകരിച്ചുകൊണ്ടു 1882-ൽ ഇൻഡ്യയിൽ മടങ്ങിയെത്തി. ബോംബേ പട്ടണത്തിലായിരുന്നു ഫക്കീർസിംഗ് ആദ്യമായി പ്രവൎത്തനം ആരംഭിച്ചതു്. ഉത്തര ഇൻഡ്യൻ രീതിയിലുള്ള വേഷവും ഭക്ഷണരീതിയും സ്വീകരിച്ചു കൊണ്ടു പല സ്ഥലങ്ങളിലും സഞ്ചരിച്ചു ക്രിസ്തുമൂലമുള്ള രക്ഷയെപ്പററി അദ്ദേഹവും സഹകാരികളും പ്രസംഗങ്ങഠം നടത്തിക്കൊണ്ടിരുന്നു. അതുമെന്യേ രോഗവും ദാരിദ്ര്യവും നിമിത്തം കഷ്ടത അനുഭവിക്കുന്ന ജനങ്ങളുടെ അടുക്കലേക്കു സ്നേഹ മസൃണമായ സഹായഹസ്തങ്ങഠം നീട്ടുകയും അവൎക്കു് നാനാവിധ സഹായ ങ്ങഠം നല്കുകയും ചെയ്തു. അവശരെ ഉദ്ധരിക്കുന്നതിനുള്ള അനേകം പരോപകാരപ്രവൎത്തനകേന്ദ്രങ്ങഠം അവർ ആരംഭിച്ചു. വിദ്യാഭ്യാസം, വൈദ്യസഹായം, ഗാർഹികവ്യവസായം, മുതലായ വിഷയങ്ങളി ലാണ് അവർ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചു കൊണ്ടിരുന്നതു്. തന്മൂലം ചുരുങ്ങിയ കാലയളവിൽ ബോംബേ, മദ്രാസ്, കല്ക്കട്ടാ, ബൎമ്മാ മുത ലായ നിരവധി പട്ടണങ്ങളിൽ കേന്ദ്രങ്ങഠം സ്ഥാപിക്കുന്നതിനു് അവൎക്കു സാധിച്ചു.

1892-ൽ മദ്രാസിൽ നിന്നും സുഖമെടുക്കുന്നതിനായി തെക്കൻ തിരുവിതാംകൂറിൽ വന്ന രക്ഷാസൈന്യത്തിലേ ഒരംഗം തോട്ടം തൊഴി ലാളികളുടെ ഇടയിലാണു രക്ഷാസൈന്യോപദേശങ്ങഠം ആദ്യമായി പ്രചരിപ്പിക്കുവാൻ പരിശ്രമിച്ചതു്. അനന്തരം ഈ കഴിഞ്ഞ 60 വൎഷങ്ങഠംക്കിടയിൽ കേരളത്തിൽ തിരുവനന്തപുരം കേന്ദ്രമാക്കിക്കൊണ്ടു അഞ്ഞൂറ സ്ഥലങ്ങളിലോളം സ്ഥാപനങ്ങഠം കെട്ടിപ്പടുക്കുന്നതിനു് ഇവൎക്കു സാധിച്ചിട്ടുണ്ടു്. 700-ൽപരം ഉദ്യോഗസ്ഥന്മാരും ഉദ്യോഗസ്ഥ കളും രക്ഷാസൈന്യത്തിൽ വിവിധ ഭാഗങ്ങളിലായി കേരളത്തിൽ ജോലി ചെയ്യുന്നുണ്ടു്. നാഗർകോവിൽ, പുത്തൻകുരിശു്, കൊരട്ടി എന്നീ സ്ഥലങ്ങളിൽ കുഷ്ഠരോഗാശുപത്രികഠം സ്ഥാപിച്ചു് സ്തുത്യർഹ മാംവണ്ണം ഇവർ സേവനം നിർവ്വഹിച്ചു കൊണ്ടിരിക്കുന്നു. കേരള ത്തിൽ തന്നെ രക്ഷാസൈന്യത്തിന്റെ അംഗങ്ങളായി 76000 ജന ങ്ങഠം ഇപ്പോഠം ഉണ്ടു്.

# വിശ്വാസ വിഷയങ്ങൾ

നിഖ്യാവിശ്വാസപ്രമാണത്തോടു പലതും കൂട്ടിച്ചേർത്തും അതിൽ നിന്നും ചിലതെല്ലാം കുറച്ചും ഉണ്ടാക്കിയ ഒരു വിശ്വാസപ്രമാണമത്രേ രക്ഷാസൈന്യക്കാർ ഉപയോഗിച്ചു കൊണ്ടിരിക്കുന്നതു്. ഔദ്യോഗികമായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന "രക്ഷാസൈന്യോപദേശസംഗ്രഹഗ്രന്ഥം" എന്നാ പുസ്തകത്തിൻെറ ഒന്നാം അദ്ധ്യായത്തിൽ നിന്നും പ്രസ്തുത വിശ്വാസപ്രമാണം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

"പഴയ നിയമവും, പുതിയ നിയമവും പുതിയ അരുളപ്പാടിനാൽ നല്കപ്പെട്ടിരിക്കുന്നുവെന്നും ക്രിസ്തീയ വിശ്വാസത്തിനും നടപടികൾക്കും നിദാനമായ ദിവ്യപ്രമാണം ഇവയിൽ മാത്രം അടങ്ങിയിരിക്കുന്നു എന്നും ഞങ്ങൾ വിശ്വസിക്കുന്നു. അപ്രമേയ സമ്പൂർണ്ണനും സകലത്തിൻേറയും സ്രഷ്ടാവും പരിപാലകനും ഭരണകർത്താവുമായ ഏക ദൈവമേ ഉള്ളു എന്നും ആ ദൈവം മാത്രം സാക്ഷാൽ ആരാധനയ്ക്കു് പാത്രീഭൂതനെന്നും ഞങ്ങൾ വിശ്വസിക്കുന്നു. സാരാംശത്തിൽ അവിഭാജ്യന്മാരും ശക്തിയിലും മഹത്വത്തിലും തുല്യ മഹത്വമുള്ളവരുമായ പിതാവു്, പുത്രൻ, പരിശുദ്ധാത്മാവു് എന്നിങ്ങനെ മൂന്നാളുകൾ ദൈവത്തിൽ അന്തർഭവിച്ചിരിക്കുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തോടുള്ള അനുതാപവും, യേശുക്രിസ്തുവിലുള്ള വിശ്വാസവും, പരിശുദ്ധാത്മാവിനാലുള്ള വീണ്ടും ജനനവും രക്ഷയ്ക്കാവശ്യമാകുന്നു എന്നും ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസംമൂലം കൃപയാൽ നാം നീതീകരിക്കപ്പെട്ടിരിക്കുന്നു എന്നും വിശ്വസിക്കുന്നവനു തന്നിൽതന്നെ സാക്ഷ്യമുണ്ടെന്നും ഞങ്ങൾ വിശ്വസിക്കുന്നു. രക്ഷയിൽ നിലനില്ക്കുക എന്നതു ക്രിസ്തുവിലുള്ള തുടച്ചയായതും അനുസരണപൂർണ്ണമായതുമായ വിശ്വാസത്തിൽ ആശ്രയിച്ചിരിക്കുന്നു എന്നും ഞങ്ങൾ വിശ്വസിക്കുന്നു. പൂർണ്ണശുദ്ധീകരണം പ്രാപിക്കുക എന്നതു് എല്ലാ വിശ്വാസികളുടേയും പദവിയാണെന്നും ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടാവുന്നതാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

ആത്മാവിൻെറ അമർത്ത്യതയിലും, ശരീരത്തിൻെറ ഉയർപ്പിലും ലോകാന്ത്യത്തിലുള്ള പൊതുന്യായവിധിയിലും, നീതിമാന്മാരുടെ നിത്യസന്തോഷത്തിലും ദുഷ്ടന്മാരുടെ എന്നേയ്ക്കുമായുള്ള ശിക്ഷാവിധിയിലും ഞങ്ങൾ വിശ്വസിക്കുന്നു. (Handbook of Doctrine P. 1-4.)

# വി. കൂദാശകൾ

പൂരാതന ക്രൈസ്തവസഭ അംഗീകരിക്കുകയും അനുഷ്ടിക്കുകയും ചെയ്യുന്ന കൂദാശകളിൽ ഒന്നിലെങ്കിലുമുള്ള വിശ്വാസം രക്ഷാസൈന്യത്തിനില്ലെന്നു മാത്രമല്ല, യാതൊരു കൂദാശയും ഇവർ അനുഷ്ഠിക്കുന്നുമില്ല. വി. കൂദാശകളെപ്പററി വേദപുസ്തകത്തിലുള്ള ക്രിസ്തുവിൻെറയും അപ്പോസ്തലന്മാരുടേയും വാക്യങ്ങൾക്ക് ആത്മീയമായ വ്യാഖ്യാനം നല്കുകമാത്രമാണ് ഇവർ ചെയ്യുന്നതു്. "രക്ഷാസൈന്യോപദേശസംഗ്രഹഗ്രന്ഥം" എന്ന പുസ്തകത്തിൽ അനുബന്ധമായി ചേത്തിരിക്കുന്ന ഭാഗത്തു് വി. കമ്മങ്ങളെപ്പററി പ്രസ്താവിച്ചിരിക്കുന്ന സംഗതികൾ ഈ വാസ്തവം തെളിയിക്കുന്നു. അതു ചുവടേ ചേക്കുന്നു:—

## വി. കമ്മം

വി. കമ്മങ്ങൾ എന്നറിയപ്പെടുന്ന—അനേക ക്രിസ്ത്യാനികളാൽ അനുഷ്ഠിക്കപ്പെട്ടുവരുന്ന—ആചാരങ്ങൾ ദൈവജനങ്ങളുടെ ഇടയിൽ പലപ്പോഴും വൈരാഗ്യവും ഭിന്നതയും ഉണ്ടാക്കുന്നു. വി. കമ്മമെന്ന പദം വേദപുസ്തകത്തിൽ കാണ്മാനേ ഇല്ല എന്നുള്ളതു പ്രത്യേകം ഓക്കേണ്ടതാണ്. വി. കമ്മങ്ങൾ എത്രയുണ്ടു് എന്നതിനെപ്പററി നിരവധി അഭിപ്രായങ്ങളുമുണ്ടു്. റോമൻകത്തോലിക്കർ ഏഴും പ്രോട്ടസ്റ്റൻറുകാർ 'സ്നാനം' 'കത്താവിൻെറ അത്താഴം' എന്നീ രണ്ടും ആചരിക്കുന്നു. രക്ഷയ്ക്കോ ആത്മാഭിവൃദ്ധിയ്ക്കോ കമ്മാനുഷ്ഠാനങ്ങൾ ആവശ്യമോ അത്യന്താപേക്ഷിതമോ അല്ലെന്നുള്ള പ്രബലമായ ബോധം രക്ഷാസൈന്യത്തിനുള്ളതിനാൽ ഞങ്ങൾ അവയെ ആചരിക്കുന്നില്ല" (Hand book of Doctrine page 165.)

വേദപുസ്തകത്തെ തങ്ങളുടെ സകല വിശ്വാസങ്ങൾക്കും ആധാരമായി സ്വീകരിച്ചിരിക്കുന്ന രക്ഷാസൈന്യക്കാർ കൂദാശകളുടെ ആവശ്യകതയേയും അവമൂലമുള്ള അനുഗ്രഹപ്രാപ്തിയേയും പാടേ നിഷേധിക്കുന്നതിൽ അത്ഭുതപ്പെടുകതന്നെ ചെയ്യുന്നു. കാരണം, ഏഴു കൂദാശകളേയും പററി വേദപുസ്തകത്തിൽ സ്പഷ്ടമായ രേഖകൾ ഉണ്ടെന്നുള്ളതുതന്നെ. ഓരോ കൂദാശകളെപ്പററിയുള്ള വേദവാക്യങ്ങൾ ചുവടേ ചേത്തുകൊള്ളുന്നു :—

<u>ജ്ഞാനസ്നാനം.</u> മത്തായി 28. 19, യോഹ. 3, 5, മക്കോ. 16. 16, അപ്പ. 22. 16, എഫേ. 5. 25-26 1 പത്രോ 3. 20-21.

സ്ഥിരീകരണം അഥവാ മൂറോൻ അഭിഷേകം. യോഹ. 14. 16, അപ്പ. പ്ര. 2. 8, 14. 17. 19. 6, 2 കോരിന്തി 1. 21-22, എഫേസ്യർ 1. 13.

കുമ്പസാരം. മത്താ. 3. 5-6, 16. 19, 18. 18, മക്കോ. 1. 5, യോഹ. 20. 21-23, അപ്പ. 19. 18, 2 കോരന്തി 5. 18.

വി. കുർബാന. യോഹ. 6. 26-10, മത്താ. 20 26-28, 1. കോരന്തി. 10. 16-17, 11. 23-29, അപ്പ. 2. 42, 40. 7.

വിവാഹം. മത്താ. 12. 3-8, മക്കോ. 10. 6-9, ലൂക്കേ 16. 18, 1 കോരി. 7. 39-80, എഫേ. 5 22-33.

പൌരോഹിത്യം. മത്താ.10. 40, 28. 16, 18-20, മാക്കോസ് 16. 15, ലൂക്കോ. 10. 3, 5-6, യോഹ. 20. 22-23, അപ്പപ്ര. 15. 2-3, 1 കോരന്തി. 4. 1-2, ഗലാത്യർ. 4. 14, തിത്തൂസ് 1. 5, 1 തീമോ 4. 24, 5. 22, 2 തിമോ 1. 6.

രോഗികളുടെ തൈലാഭിഷേകം (അന്ത്യലേപനം). മക്കോ 6. 13, യാക്കോ. 5. 11-15.

മേലുദ്ധരിച്ച വേദവാക്യങ്ങൾ നിഷ്പക്ഷപൂർവ്വം വായിക്കുന്നവർക്ക് ഏഴു കൂദാശകളും ദൈവസ്ഥാപിതമെന്ന് ബോധപ്പെടുന്നതാണ്. പക്ഷേ, വേദവാക്യങ്ങൾക്കെല്ലാം സ്വതന്ത്രവും ആത്മീയവുമായ വ്യാഖ്യാനം നല്കുന്ന രക്ഷാസൈന്യക്കാർ പ്രസ്തുത കൂദാശകളെയെല്ലാം പാടേ നിഷേധിക്കുന്നതിൽ വിസ്മയത്തിനു അവകാശമില്ല.

വിശുദ്ധ കർമ്മങ്ങളെ (കൂദാശകൾ) പ്പററി ക്രൈസ്തവരുടെ ഇടയിൽ തർക്കവും ഭിന്നതയും ഉണ്ടെന്നുള്ളതിനാൽ കൂദാശകൾ ആവശ്യമില്ലെന്നുള്ള നിഗമനത്തിലാണു രക്ഷാസൈന്യക്കാർ എത്തിച്ചേർന്നിട്ടുള്ളതു്. ഭൂമി ഉരുണ്ടതോ പരന്നതോ എന്നതിനെപ്പററി ഉള്ള തർക്കം ശാസ്ത്രജ്ഞന്മാരുടെ ഇടയിലുണ്ടായതു നിമിത്തം "ഭൂമി ആവശ്യമില്ല" എന്നു് ഒരുവൻ പറയുന്നു എങ്കിൽ അവനെ ഭ്രാന്തനായി മാത്രമേ ലോകം പരിഗണിക്കുകയുള്ളു. അപ്രകാരം തന്നെ രോഗിയുടെ ചങ്കിലാണോ കരളിലാണോ സുഖക്കേട് എന്നുള്ള തർക്കം ഡോക്ടർമാരുടെ ഇടയിലുള്ളതിനാൽ "എനിക്കു ചങ്കും കരളും ഇല്ല" എന്നോ, അഥവാ "അവ രണ്ടും എനിക്കാവശ്യമില്ല" എന്നോ ഒരു രോഗി പറയുവാൻ

ധൈയ്യപ്പെടുന്നുവെങ്കിൽ അവനെ ഭോഷനായി മാത്രമേ ബുദ്ധിയുള്ളവർ പരിഗണിക്കുകയുള്ളു. ഏതാണ്ടിതുപോലെതന്നെയാണു വിശുദ്ധ കമ്മങ്ങളെപ്പററിയോ അവയുടെ സംഖ്യയെക്കുറിച്ചോ ക്രൈസ്തവരുടെ ഇടയിൽ ഭിന്നാഭിപ്രായം ഉള്ളതു മൂലം പ്രസ്തുത കമ്മങ്ങൾ ആവശ്യമില്ലാ എന്നു് രക്ഷാസൈന്യക്കാർ വാദിക്കുന്നതു്.

വി. കമ്മം എന്ന പദം വേദപുസ്തകത്തിൽ കാണ്മാനേ ഇല്ലെന്നുള്ള ഇവരുടെ രണ്ടാമത്തെ വാദവും വിചിത്രകരം തന്നെ. വേദപുസ്തകത്തിലില്ലാത്ത എത്രയോ പദങ്ങൾ രക്ഷാസൈന്യക്കാർ പ്രതിദിനം ഉപയോഗിച്ചുകൊണ്ടിരിക്കുന്നു! "രക്ഷാസൈന്യം" എന്ന പദം തന്നെ വേദപുസ്തകത്തിലില്ലാത്തതിനാൽ ഇവരുടെ സഭയുടെ നാമം തന്നെ വേദവിപരീതമാണെന്നു വന്നുകൂടുന്നു. "കൊടി പ്രതിഷ്ഠ, ജനറൽ, ക്യാപ്ററൻ" ഇത്യാദി പദങ്ങൾ വേദപുസ്തകത്തിലില്ല എന്നുള്ളതു നിമിത്തം ആ പദങ്ങൾ വേദവിപരീതങ്ങളാണെന്നു് ആരെങ്കിലും വാദിച്ചു തുടങ്ങിയാൽ എന്തു മറിപടിയാണാവോ ഇവക്കു് പറയുവാനുള്ളതു്? വേദപുസ്തകവാക്യങ്ങളിൽ അടങ്ങിയിരിക്കുന്ന ആശയങ്ങൾക്കുതക്ക പദങ്ങൾ വേദശാസ്ത്രജ്ഞന്മാർ നിമ്മിക്കുകയും വി. പിതാക്കന്മാരും ക്രൈസ്തവസഭയും പ്രസ്തുത പദങ്ങൾ ഉപയോഗിക്കുകയും ചെയ്യുന്നുവെന്നല്ലാതെ വേദപുസ്തകത്തിൽ ആ പദങ്ങൾ കാണുന്നില്ല എന്ന വാദം ഉന്നയിച്ചു നിഷേധിച്ചു തുടങ്ങിയാൽ സകല ക്രൈസ്തവവിശ്വാസങ്ങളേയും പാടേ നിഷേധിക്കേണ്ടതായി വന്നു കൂടുന്നതാണു്.

## ജ്ഞാനസ്നാനം

ജ്ഞാനസ്നാനം ക്രിസ്തുവിൻെറ കാലത്തുണ്ടായിരുന്ന ഒരു പ്രാചീന അംഗീകരണകമ്മം മാത്രമായിരുന്നുവെന്നും, ജലത്താലുള്ള ജ്ഞാനസ്നാനം സഭയിൽ തുടച്ചയായി ആചരിക്കണമെന്നു് ക്രിസ്തുവോ അപ്പോസ്തലന്മാരോ ഉപദേശിക്കുകയോ കല്പിക്കുകയോ ചെയ്തിട്ടില്ലെന്നും, പരിശുദ്ധാത്മാവിനാലുള്ള ജ്ഞാനസ്നാനമാണു് അവശ്യം വേണ്ടതെന്നുമത്രേ രക്ഷാസൈന്യക്കാർ പഠിപ്പിക്കുന്നതു്. ഇതെപ്പററി അവരുടെ മതപ്രബോധന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു് ഇപ്രകാരമാണു്.

"അതു് (ജ്ഞാനസ്നാനം) പരിശുദ്ധാത്മസ്നാനത്തിൻെറ ഒരു നിഴൽ മാത്രമായിരുന്നു. ജലസ്നാനം പൌലൂസിൻെറ കാലത്തു് ആചരിച്ചുവന്നിരുന്നുവെങ്കിലും അതു രക്ഷയ്ക്കു ആവശ്യമെന്നു് അവർ കരുതിയിരുന്നില്ല എന്നതു തെളിവായ ഒരു കാര്യം തന്നെ. അല്ലാത്ത

പക്ഷം താൻതന്നെ അതു് ആചരിക്കുകയും മററുള്ളവർ അതാചരിക്കുന്നതിനു് നിർബന്ധിക്കുകയും ചെയ്യുമായിരുന്നു. അവൻ ചുരുക്കം ചിലരെ മാത്രം സ്നാനപ്പെടുത്തിയതിനാൽ ദൈവത്തെ സ്തുതിക്കുകയും സ്നാനം കഴിപ്പിപ്പാനല്ല സുവിശേഷം അറിയിപ്പാനാണു ക്രിസ്തുതന്നെ അയച്ചതു് എന്നു പ്രസ്താവിക്കുകയും ചെയ്തു. (രക്ഷാസൈന്യോപദേശ സംഗ്രഹഗ്രന്ഥം. പുറം 173)

ഇന്നു ലോകത്തിലുള്ള സകല പുരാതന സഭകളും പ്രോട്ടസ്റ്റൻറു സഭകളിൽ മിക്കവാറും എല്ലാംതന്നെയും സ്വീകരിക്കുകയും ആചരിക്കുകയും ചെയ്തുവരുന്ന ജ്ഞാനസ്നാനകർമ്മത്തിൻെറ ആവശ്യകതയേയും പ്രയോജനത്തേയും രക്ഷാസൈന്യക്കാർ പാടേ നിഷേധിക്കുകയാണു ചെയ്യുന്നതു്. ജ്ഞാനസ്നാനകർമ്മത്തിനു പകരം ഒരു കുട്ടിയേയോ പ്രായംചെന്ന ആളിനേയോ രക്ഷാസൈന്യത്തിലേക്കു പ്രവേശിപ്പിക്കുമ്പോൾ "കൊടിപ്രതിഷ്ഠാശുശ്രൂഷ" എന്ന പേരിൽ ഒരു കർമ്മം ഇവർ നടത്തുക പതിവുണ്ടു്. പാട്ടു പാടുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന അവസരത്തിൽ ചുവപ്പു്, മഞ്ഞ, നീലം എന്നീ ത്രിവിധ വർണ്ണങ്ങളോടുകൂടിയ ഒരു കൊടിയുടെ കീഴിൽകൂടെ ശിശുവിനെ എടുത്തുകൊണ്ടും പ്രായംചെന്ന ആളിനെ നടത്തിക്കൊണ്ടും പോകുന്ന ഒരു കർമ്മമത്രേ ഇതു്. കൊടിയുടെ കീഴിൽകൂടെ കൊണ്ടുനടന്നു സഭയിലേക്കു് അംഗങ്ങളെ സ്വീകരിക്കണമെന്നുള്ളതിനു് ഒരൊററവാക്യം പോലും വേദപുസ്തകത്തിലില്ലാത്ത സ്ഥിതിക്കു് ഇവർ ഇപ്രകാരം പ്രവർത്തിക്കുന്നതു് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല.

ജലത്താലുള്ള ജ്ഞാനസ്നാനത്തിൻെറ ആവശ്യകതയേയും പ്രയോജനത്തേയും പററി കർത്താവും അപ്പോസ്തലന്മാരും ഒട്ടനേകം പ്രാവശ്യം പഠിപ്പിച്ചിട്ടുണ്ടെന്നു വേദപുസ്തകം ശ്രദ്ധാപൂർവ്വം വായിക്കുന്ന ഏവർക്കും ബോധപ്പെടുന്നതാണു്. ജ്ഞാനസ്നാനത്തെപ്പററി മേലുദ്ധരിച്ച വേദവാക്യങ്ങൾ ജലത്താലുള്ള ജ്ഞാനസ്നാനകർമ്മത്തിൻെറ ആവശ്യകതയെ തെളിയിക്കുന്നുണ്ടു്. ആദിമക്രൈസ്തവസഭയെ തുടന്നു് ഈ ഇരുപതാംനൂററാണ്ടുവരെയും പ്രസ്തുത കർമ്മം ക്രൈസ്തവസഭയിൽ ആചരിക്കപ്പെട്ടു വന്നുവെന്നുള്ള വാസ്തവം സഭാചരിത്രം തെളിയിക്കുന്നു.

ഇന്നു ലോകത്തിലുള്ള ക്രൈസ്തവരിൽ തൊണ്ണൂററിഒൻപതേമുക്കാൽ ശതമാനവും ജലത്താലുള്ള ജ്ഞാനസ്നാനം അംഗീകരിക്കുകയും പ്രസ്തുത കർമ്മം മുഖേന സഭയിലേക്കു് ആളുകളെ ചേർത്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. രക്ഷാസൈന്യക്കാർ മാത്രം പ്രസ്തുത കൂദാശ നിഷേ

ധിക്കുന്നതുമൂലം സഭയെന്നുള്ള പേരിനുപോലും പ്രസ്തുത സംഘടനയ്ക്കു് അർഹതയില്ലെന്നുള്ള വാസ്തവം ഇവർ സമ്മതിക്കുകയത്രേ ചെയ്യുന്നതു്.

## കർത്താവിൻെറ അത്താഴം

ജ്ഞാനസ്നാനത്തെപ്പററിയുള്ള വേദവാക്യങ്ങളെ ആത്മീയമായ നിലയിൽ വ്യാഖ്യാനിക്കുന്നതുപോലെ തന്നെ വി. കുർബാനയെ കുറിച്ചുള്ള കത്താവിൻേറയും വി. പൌലോസ് അപ്പസ്തോലൻെറയും വചനങ്ങൾക്കു അത്മീയമായ വ്യാഖ്യാനം നല്കുകയാണ് ഇവർ ചെയ്യുന്നതു്. "ഭക്ഷിക്കുക, പാനം ചെയ്യുക" എന്നുള്ള പദങ്ങളെ ആദ്ധ്യാത്മികമായി "ഭക്ഷിക്കുക, പാനം ചെയ്യുക" എന്നീ വിധത്തിലത്രേ ഇവർ വ്യാഖ്യാനിക്കുന്നതു്. ഇതു സംബന്ധിച്ചുള്ള ഇവരുടെ പാനം മതോപദേശ ഗ്രന്ഥത്തിൽ കാണുന്നതിപ്രകാരമാണ്:—

"ക്രിസ്തു തന്നെ ഒടുവിലത്തെ പെസഹാചരണത്തിൽ നിത്യമായും സാർവ്വത്രികമായും അനുഷ്ഠിക്കേണ്ട ഒരു മാർഗ്ഗികചട്ടം ഏർപ്പെടുത്തി എന്നു വിശ്വസിക്കുന്നതിനു പുതിയ നിയമത്തിൽ യാതൊരാധാരവുമില്ല. ക്രിസ്തുവിൻെറ ശരീരരക്തങ്ങളോടുള്ള യഥാർത്ഥ കൂട്ടായ്മ ആത്മീയമത്രേ. അതു് കത്താവേശുക്രിസ്തുവിൻെറ പ്രകൃതം അഥവാ സ്വഭാവം കൈക്കൊള്ളുന്ന എന്നതാകുന്നു. മാത്രമല്ല ശാരീരികജീവനു് ഭക്ഷണവും പാനീയവും എത്രമാത്രം ആവശ്യമായിരിക്കുന്നുവോ അതുപോലെ ദൈവിക ജനങ്ങൾ ആത്മീയമായി ക്രിസ്തുവിനെ ഭക്ഷിക്കുകയത്രേ യഥാർത്ഥമായ കത്താവിൻെറ അത്താഴം. ഇതെല്ലാവക്കും കൈക്കൊള്ളാവുന്നതാണ്. യഥാർത്ഥസൈനികർ ഇതു നിവ്വഹിക്കുന്നതു ബാഹ്യാചാരത്താലല്ല, പിന്നെയോ പ്രാർത്ഥനയാലും വിശ്വാസത്താലും അനുസരണത്തിൻെറ ആത്മാവിനാലും അവൻെറ സന്നിധിയിൽ നേരിട്ടു വീക്ഷിക്കുന്നതിലുമത്രേ (പുറം 174).

ലോകാവസാനം വരെ നിലനില്ക്കേണ്ടുന്നതിനായി കത്താവു സ്ഥാപിച്ച വി. കുർബാനയുടെ ആവശ്യകതയെപ്പററി കഴിഞ്ഞ ഒരു അദ്ധ്യായത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതിനാൽ ഇവിടെ വീണ്ടും അതു ആവത്തിക്കണമെന്നുദ്ദേശിക്കുന്നില്ല. ഏതായാലും ഒരു ക്രൈസ്തവസഭ എന്നുള്ള പേരിനുപോലും രക്ഷാസൈന്യത്തിനു് അർഹതയില്ലെന്നാത്രേ ഇവരുടെ ഊട്ടുശപഥനങ്ങളും ആചാരാനുഷ്ഠാനങ്ങളും തെളിയിക്കുന്നതു്.

അദ്ധ്യായം 22

# സപ്തദിന പുനരാഗമനസഭ

## അഥവാ

# ശബ്ബത്തു സഭ

---

### ഒരു പ്രവചന വ്യാഖ്യാനസമൂഹം

**വേ**ദഗ്രന്ഥത്തിൽ ദാനിയേൽ, വെളിപാട് എന്നീ പുസ്തകങ്ങളിൽ അടങ്ങിയിരിക്കുന്ന പ്രവചനവാക്യങ്ങളെ അടിസ്ഥാനമാക്കിയും അവയുടെ സ്വകീയവ്യാഖ്യാനത്തിൽ അടിയുറപ്പിച്ചും നൂറു വർഷങ്ങൾക്കു മുൻപ് അമേരിക്കയിൽ സ്ഥാപിതമായ ഒരു സഭയത്രേ "സപ്തദിന പുനരാഗമനസഭ." (Seventh Day Adventists)

ക്രിസ്താബ്ദം 1844-ൽ അമേരിക്കയിൽ ന്യൂയോർക്കിൽ എലൻ ഹെർമ്മൻ എന്ന പേരോടുകൂടിയ ഒരു മദാമ്മയാണ് ഈ സഭ സ്ഥാപിച്ചതു്. "സ്ത്രീ സഭയിൽ മൗനമായിരിക്കട്ടെ" എന്നു് വി. പൗലോസ് അപ്പസ്തോലൻ സ്പഷ്ടമായി കല്പിച്ചിരിക്കുമ്പോൾ സഭയിൽ പ്രസംഗിക്കുന്നതിനോ പഠിപ്പിക്കുന്നതിനോ മാത്രമല്ല, സഭയുടെ സ്ഥാപകയായിത്തീരുന്നതിനുപോലും ഒരു സ്ത്രീ സന്നദ്ധയായതു് ആശ്ചര്യജനകമെന്നേ പറയേണ്ടു! കത്തോലിക്കാസഭയോടും, സഭാദ്ധ്യക്ഷനായ മാർപ്പാപ്പായോടും ഇത്രമാത്രം വിദ്വേഷം പ്രകടിപ്പിക്കുന്ന വേറേ ഒരു വിഭാഗം അകത്തോലിക്കാസഭകളിൽ ഉണ്ടെന്നു പറയുവാൻ നിവൃത്തിയില്ല. പഴയനിയമകാലത്തു യഹൂദന്മാരും പുതിയ നിയമകാലത്തേ ആദ്യ ശതകങ്ങളിൽ ക്രൈസ്തവരും ആചരിച്ചു വന്നിരുന്ന ശാബത്തുദിവസം (ശനിയാഴ്ച) മാററുകയും, തൽസ്ഥാനത്തു ഞായറാഴ്ച സ്വസ്ഥദിനമായി ആചരിക്കുവാൻ കല്പിക്കുകയും ചെയ്തതു കത്തോലിക്കാസഭാദ്ധ്യക്ഷനായ മാർപ്പാപ്പായാണെന്നുള്ളതത്രേ ഈദൃശവിദ്വേഷത്തിനു കാരണം.

യഹോവായുടെ കല്പനയനുസരിച്ച് ആഴ്ചവട്ടത്തിൻെറ ഏഴാംദിവസമായ ശനിയാഴ്ചയാണ് സ്വസ്ഥദിനമായി ആചരിക്കേണ്ടതെന്നും, ആഴ്ചവട്ടത്തിൻെറ ഒന്നാം ദിവസമായ ഞായറാഴ്ച സ്വസ്ഥ

ദിനമായി ക്രൈസ്തവർ ആചരിക്കുന്നതു ദൈവകല്പനയ്ക്കു വിരുദ്ധമാണെന്നുമുള്ള പഠനത്തിന്മേലത്രേ ഈ സഭ അടിയുറച്ചിരിക്കുന്നതു്. ഇതിൻെറ സ്ഥാപകയായിരുന്ന എലൻ ഹെമ്മൻ, പുനരാഗമനസഭ (Adventists) യിലെ ഒരു അംഗമായിരുന്നതിനാലും പ്രസ്തുത സഭയിലെ ഏതാനും വിശ്വാസങ്ങൾ ഇവർ സ്വീകരിച്ചിരിക്കുന്നതിനാലുമാണു് "സപ്തദിന പുനരാഗമനസഭ" എന്ന നാമം ഈ സഭ സ്വയം സ്വീകരിച്ചിരിക്കുന്നതു്. ഈ അവസരത്തിൽ പുനരാഗമനസഭയെപ്പററി ഏതാനും വിവരങ്ങൾ പ്രതിപാദിക്കുന്നതു് സമുചിതമെന്നു വിചാരിക്കുന്നു.

## വില്യം മില്ലറും പുനരാഗമനസഭയും

അമേരിക്കയിൽ ഐക്യനാട്ടിൽ "പോർട്ടുലണ്ടു്" എന്ന പട്ടണത്തിൽ വില്യം മില്ലർ എന്ന ഒരു സവിശേഷപ്രാസംഗികൻ കർത്താവിൻെറ രണ്ടാമത്തെ വരവു 1843-ൽ സംഭവിക്കുമെന്നു് ഏതാനും വേദവാക്യങ്ങളെ വ്യാഖ്യാനിച്ചുകൊണ്ടു് അതിനു മൂന്നു വർഷങ്ങൾക്കു മുമ്പു പ്രസംഗങ്ങൾ നടത്തിക്കൊണ്ടിരുന്നു. പ്രസ്തുത വ്യാഖ്യാനം ശരിയാണെന്നു വിശ്വസിച്ചുകൊണ്ടും കർത്താവു് 1843-ൽ തന്നെ ഭൂമിയിൽ എഴുന്നെള്ളുമെന്നു പ്രതീക്ഷിച്ചുകൊണ്ടും അനേകായിരങ്ങൾ പ്രാർത്ഥനാപൂർവ്വം കാത്തിരുന്നു. ഇപ്രകാരം തൻെറ വ്യാഖ്യാനം വിശ്വസിച്ചു നിന്നിരുന്നവരെ ഉൾപ്പെടുത്തിക്കൊണ്ടു് വില്യം മില്ലർ "പുനരാഗമനസഭ" എന്ന പേരിൽ ഒരു പുതിയ സഭ സ്ഥാപിക്കുകയുണ്ടായി. വില്യം മില്ലറിൻെറ പുനരാഗമന പ്രഖ്യാപനത്തെപ്പററി എലൻ ഹെമ്മൻ തൻെറ ആത്മകഥാകഥനത്തിൽ എഴുതിയിരിക്കുന്നതു് ഇപ്രകാരമാണു്:-

"രണ്ടായിരത്തിമുന്നൂറു സന്ധ്യയും ഉഷസ്സും (ദിവസങ്ങൾ) തികയുവോളം തന്നെ, പിന്നെ വിശുദ്ധ മന്ദിരം യഥാസ്ഥാനപ്പെടും. (ദാനി. 8. 14) എന്ന പ്രവചനവാക്യമാണു് പുനരാഗമനകാംക്ഷികളെ 1843-ൽ തന്നെ ക്രിസ്തു വരുമെന്നു് വിശ്വസിക്കുമാറാക്കിയതു്. ഈ പ്രവചനവാക്യങ്ങൾ ആക്ഷരികമായി അത്രയും വർഷങ്ങളാണെന്നും, ആ കാലം ദാനിയേൽ 9. 24-ലെ എഴുപതു ആഴ്ചവട്ട (490 വർഷം) ക്കാലത്തോടൊരുമിച്ചു് യറുശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിയുവാൻ കല്പന പുറപ്പെട്ടപ്പോൾ തന്നെ ആരംഭിച്ചുവെന്നും അവർ വിശ്വസിച്ചു. എസ്രായുടെ പുസ്തകം, ഏഴാം അദ്ധ്യായത്തിൽ കാണുന്ന

പ്രകാരം കല്പന പുറപ്പെട്ടതു് ബി. സി. 457-ൽ ആയിരുന്നു. 2300 വഷങ്ങളിൽ അവർ ക്രിസ്തുവിനു മുമ്പുള്ള 457 വഷങ്ങളും കുറച്ചപ്പോൾ കിട്ടിയ 1843 വഷങ്ങളും ക്രിസ്തുവിൻശേഷമുള്ള വഷങ്ങളാണു്. 1843-ാമത്തെ വഷം കഴിഞ്ഞപ്പോൾ അവർ ഇച്ഛാഭംഗപ്പെട്ടുപോയി. എന്നാൽ കല്പന പുറപ്പെട്ടതു ആ വഷത്തിൻെറ ആരംഭത്തിലല്ലാ മദ്ധ്യത്തിലാകയാൽ 457-നു പകരം 456½ അവർ കുറച്ചു. അതിൻെറ ഫലം 1843½ ആയിരുന്നതുകൊണ്ടു് 2300 രാപ്പകൽ അവസാനിച്ചതു എ. ഡി. 1843-ൽ അല്ല, 1844-ൽ ആണെന്നു് അവർ മനസ്സിലാക്കി. ഇതു അവരുടെ പ്രത്യാശയെ പുതുക്കുന്നതിനു് ഒരു കാരണമാക്കിത്തീത്തു. (എലൻ ജി. വൈററിൻെറ ജീവിതോപദേശങ്ങൾ പുറം 41—42.)

1843-ൽ ക്രിസ്തു രണ്ടാമതു് എഴുന്നെള്ളുമെന്നു പ്രതീക്ഷിച്ചുകൊണ്ടിരുന്നവർ നിരാശരായിത്തീരാതിരിക്കുവാൻ ഒരു വർഷംകൂടെ കഴിഞ്ഞു് 1844-ൽ രണ്ടാമത്തേ വരവു സംഭവിക്കുമെന്നു സാധുക്കളെ വിശ്വസിപ്പിക്കുന്നതിനു വില്യം മില്ലറും കൂട്ടരും പരിശ്രമിച്ചു. പക്ഷേ, പ്രസ്തുത വർഷവും കത്താവിൻെറ വരവു സംഭവിക്കാതിരുന്നപ്പോൾ വേറൊരു പുതിയ വ്യാഖ്യാനം നല്കുന്നതിനാണു സമത്ഥന്മാരായ സഭാനേതാക്കന്മാർ മുതിന്നതു്. അതു് ഇപ്രകാരമായിരുന്നു. "ദാനിയേൽ 8. 14-ൽ കാണുന്ന പ്രവചനം ഈ ഭൂമിയുടെ ശുചീകരണത്തെയല്ല, പിന്നെയോ സ്വർഗ്ഗീയമന്ദിരത്തിലുള്ള നമ്മുടെ ശ്രേഷ്ഠമഹാപുരോഹിതൻെറ അവസാന ശുശ്രൂഷയെ അതായതു അവൻ വരുന്ന ദിവസം മനുഷ്യക്കു സഹിക്കാവുന്ന ഒന്നാക്കിത്തീപ്പാനായിട്ടുള്ള അവൻെറ പ്രായശ്ചിത്തവേലയുടെ സമാപ്തിയെയാണു് സൂചിപ്പിക്കുന്നതു". (പുറം 45) ക്രിസ്തുവിൻെറ രണ്ടാമത്തെ വരവിൻെറ പ്രാരംഭച്ചടങ്ങു മാത്രം 1844-ൽ അദൃശ്യമായി സംഭവിച്ചുവെന്നും അധിക താമസമെന്യേ ക്രിസ്തു രണ്ടാമതു് എഴുന്നെള്ളുമെന്നും പിന്നീടു് അവർ പഠിപ്പിച്ചു തുടങ്ങി. ഈ കൂട്ടത്തിൽ പ്രഥമസ്ഥാനം വഹിച്ചതു സഭാസ്ഥാപകയായ എലൻ ഹെമ്മനായിരുന്നു.

## എലൻ ഹെമ്മൻ

അമേരിക്കയിൽ പോർട്ടു് ലണ്ടിനടുത്തു് റോബർട്ടു്, യൂണിസ് ഹെമ്മൻ എന്നിവരുടെ സന്താനമായി 1827-ൽ ഹെലൻ ഭൂജാതയായി. മാതാപിതാക്കന്മാർ മെതഡിസ്റ്റു് എപ്പിസ്ക്കോപ്പൽ സഭയുടെ അംഗങ്ങളായിരുന്നതിനാൽ പ്രസ്തുത സഭയുടെ അംഗമായിട്ടാണു് എലനും

വളന്നു്. 1842-ൽ 15-ാമത്തെ വയസ്സിൽ മെതഡിസ്റ്റ് സഭാനിയമ മനുസരിച്ചു് അവരം വിശ്വാസസ്നാനം സ്വീകരിച്ചു. 1843-ൽ വില്യം മില്ലറിൻെറ പ്രസംഗത്തിൽ ആകൃഷ്ടയായി സ്വമാതാപിതാക്കന്മാരൊന്നിച്ചു് എലൻ പുനരാഗമനസഭയിൽ ചേരുകയുണ്ടായി. അനന്തരം കത്താവിൻെറ രണ്ടാമത്തേ വരവിനുവേണ്ടി എലൻ കാത്തിരുന്നുവെങ്കിലും അപ്രകാരം സംഭവിക്കാതിരുന്നതിനാൽ ഒരു പുതിയ സഭ സ്ഥാപിക്കുന്നതിനു തന്നെ അവരം നിശ്ചയിച്ചു. തനിക്കു് ദൈവത്തിൽ നിന്നും വെളിപാടു ഉണ്ടായതായി പ്രസംഗിച്ചുകൊണ്ടായിരുന്നു അവരം സ്വസഭയെ ഉത്ഘാടനം ചെയ്തതു്.

എലനു് ഉണ്ടായതായി പറയപ്പെടുന്ന ദർശനമനുസരിച്ചു ഞായറാഴ്ച വിശുദ്ധ ദിനമായി ആചരിക്കുന്നതു 'ദൈവകല്പനയ്ക്കു വിരുദ്ധമാണെന്നും, ശനിയാഴ്ചയാണു് ശാബതായി ആചരിക്കേണ്ടതെന്നും അവരം പ്രസംഗിക്കുകയും ഇതെപ്പററിയുള്ള ലഘുലേഖകരം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. അവളുടെ പ്രസംഗത്തിലും പ്രസിദ്ധീകരണത്തിലും ആകൃഷ്ടരായ ഒട്ടനേകർ ശനിയാഴ്ച സ്വസ്ഥദിനമായി ആചരിക്കുവാൻ സന്നദ്ധത പ്രദർശിപ്പിച്ചു. അവരെയെല്ലാം അംഗങ്ങളായി ചേത്തുകൊണ്ടു്എലൻ സ്ഥാപിച്ച സഭയത്രേ "സെവന്തു് ഡേ അഡ്വൻററിസ്റ്റ്" (സപ്തദിന പുനരാഗമനസഭ).

1816-ൽ എൽസർ ജയിംസ് വൈററ് എന്ന ഒരു സ്വവിശേഷ പ്രാസംഗികനെ എലൻ വിവാഹം കഴിച്ചു. അനന്തരം ഭാര്യാഭത്താക്കന്മാർ ഇരുവരുംകൂടെ പുതിയ സഭയുടെ പ്രചാരണത്തിനുവേണ്ടി യൂറോപ്പു്, ആസ്ട്രേലിയാ എന്നീ ഭൂഖണ്ഡങ്ങളിൽ പല സ്ഥലങ്ങളിലും സഞ്ചരിച്ചു പ്രസംഗിക്കുകയും, സഭയിലേയ്ക്കു് അംഗങ്ങളെ ചേക്കുകയും, സ്ഥാപനങ്ങരം നിമ്മിക്കുകയും ചെയ്തു. ഇപ്രകാരം ശാബതുസഭ പലേടത്തും പ്രചരിപ്പിച്ചതിനുശേഷം മിസ്സസ്സ് എലൻ വൈററു് കാലിഫോർണിയായിലെത്തി താമസിക്കുകയും അവിടെവെച്ചു് തൻെറ 72-ാമത്തെ വയസ്സിൽ ചരമം അടയുകയും ചെയ്തു.

## മൂന്നു പ്രവചനവ്യാഖ്യാനങ്ങരം

തങ്ങളുടെ സഭയുടെ ഉത്ഭവകാലമായ 1844 ലോകയുഗത്തിൽ ഒരു പ്രധാന കാലഘട്ടമാണെന്നും, ആ കാലത്തിൽ ഒരു പുതിയ ജനസമൂഹം പ്രത്യക്ഷപ്പെടുമെന്നു വേദപുസ്തകത്തിലുണ്ടെന്നും എതാനും

പ്രവചനങ്ങളെ വ്യാഖ്യാനിച്ചുകൊണ്ടു ശാബതു സഭക്കാർ പ്രസംഗിക്കു വാനും പഠിപ്പിക്കുവാനും തുടങ്ങി. ദാനിയേലിന്റെ ഒന്നാം പുസ്തകം രണ്ടാം അദ്ധ്യായത്തിൽ നെബുക്കദനസർ രാജാവു് സ്വപ്നത്തിൽ കണ്ട ഒരു ബിംബത്തെപ്പററി പ്രതിപാദിക്കുന്നുണ്ടു്. പ്രസ്തുത സ്വപ്ന ത്തിന്റെ അർത്ഥം ദാനിയേൽ ദീർഘദർശി ഓരോന്നായി വിവരിക്കയു ണ്ടായി. ആ പ്രവചനം നടന്ന കാലത്തെപ്പററിയത്രേ ഇവരുടെ ഒന്നാ മത്തെ വ്യാഖ്യാനം. കർത്താവു് തന്റെ പുനരാഗമനത്തേപ്പററി പ്രതി പാദിച്ചിട്ടുള്ള കാര്യങ്ങളെക്കുറിച്ചുള്ള പ്രവചനമത്രേ രണ്ടാമത്തേതു്. മൂന്നാമത്തേതാകട്ടെ വി. യോഹന്നാൻശ്ലീഹായ്ക്കു് മൃഗങ്ങളെപ്പററിയു ണ്ടായ ദർശനത്തെ സംബന്ധിച്ചുള്ള വ്യാഖ്യാനമത്രേ. പ്രസ്തുത ദർശ നങ്ങളും പ്രവചനങ്ങളും ഓരോന്നായി നിറവേറിയതായി ക്ലിപ്തകാല ഘട്ടങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടു് ഈ ശാബതുസഭക്കാർ ശക്തി യുക്തം വാദിക്കയും ചെയ്യുന്നു.

## ഞായറാഴ്ച ആചരണം

ഇന്നു ലോകത്തിലുള്ള ക്രിസ്തീയ സഭകളെല്ലാംതന്നെ ഞായറാഴ്ച വിശുദ്ധ ദിനമായി ആചരിക്കുകയും അന്നു് ഇതരജോലികളിൽ നിന്നു സ്വസ്ഥമായിരിക്കയുമാണല്ലോ ചെയ്യുന്നതു്. എന്നാൽ ഞായറാഴ്ച ആചരണം വേദപുസ്തകത്തിനും ക്രിസ്തുവിന്റേയും അപ്പസ്തോലന്മാരു ടേയും നടപടികൾക്കും വിരുദ്ധമായിട്ടുള്ളതാണെന്നും പഴയ നിയമ ത്തിൽ യഹോവാ കല്പിച്ചിരിക്കുന്നതനുസരിച്ചു് ആഴ്ചവട്ടത്തിന്റെ ഏഴാം ദിവസമായ ശനിയാഴ്ചയാണു് ക്രിസ്ത്യാനികൾ ശാബതായിട്ടു ആചരിക്കേണ്ടതെന്നുമത്രേ സപ്തദിനാചരണക്കാർ പഠിപ്പിക്കുന്നതു്. തങ്ങളുടെ പഠനമനുസരിച്ചു് ശനിയാഴ്ച ഇവർ സ്വസ്ഥദിനമായി ആചരിക്കുകയും ഞായറാഴ്ച പതിവുപോലെയുള്ള ജോലികൾ നിർവ്വ ഹിക്കുകയും ചെയ്യുന്നു.

ശനിയാഴ്ച വിശുദ്ധദിനമായി ആചരിക്കുന്നതിനാണു ദൈവം പഴയനിയമകാലത്തു കല്പിച്ചിരിക്കുന്നതു് എന്ന വാസ്തവം സമ്മതിക്ക തന്നെ ചെയ്യുന്നു. എന്നാൽ പഴയ നിയമകല്പനകളെല്ലാം അക്ഷരം പ്രതി പുതിയ നിയമകാലത്തും ആചരിക്കണമെന്നുള്ള അഭിപ്രായം സ്വീകാര്യമായി പരിഗണിക്കുവാൻ നിവൃത്തിയില്ല. പഴയ നിയമ കല്പനകൾ പല വിഭാഗങ്ങളിലായി തരം തിരിക്കാവുന്നതാണു്.

1. സാന്മാൎഗ്ഗിക നിയമങ്ങൾ

ഉദാ. ദൈവത്തെ ആരാധിക്കുക, മാതാപിതാക്കന്മാരെ ബഹുമാനിക്കുക, കൊല, വ്യഭിചാരം എന്നിവ ചെയ്യാതിരിക്കുക ആദിയായവ. (പുറ: 20. 7, 12 - 17).

2. കൎമ്മപരമായ നിയമങ്ങൾ.

ഉദാ: മൃഗബലി അൎപ്പിക്കുക. ഛേദനാചാരം ചെയ്യുക, പുരോഹിതാഭിഷേകത്തിനു നിശ്ചിത ക്രമം നടത്തുക ആദിയായവ.

(ആദ്യ: 17. 9 - 14, പുറ: 28, 1-8).

3. ഭക്ഷണപദാൎത്ഥങ്ങളെ സംബന്ധിച്ച നിയമങ്ങൾ.

ചെതുമ്പലില്ലാത്ത മത്സ്യം, കഴുകൻ, ചത്തമൃഗം എന്നിവ ഭക്ഷിക്കാതിരിക്കുക. (ആചാൎയ്യ. 11-ാം അദ്ധ്യായം)

4. മനുഷ്യബുദ്ധിക്ക് അനുയോജ്യമായ ചില പ്രകൃതി നിയമങ്ങൾ.

പ്രസവിച്ച സ്ത്രീകളുടേയും, കുഷ്ഠരോഗികളുടേയും മററും ശുദ്ധികരണം etc. (ആചാൎയ്യ. 11-ാം അദ്ധ്യായം)

ഈശ്വരകല്പനകളിൽ സാന്മാൎഗ്ഗികപരമായ നിയമങ്ങൾ പഴയ നിയമകാലത്തും പുതിയ നിയമ കാലത്തും ഒരിക്കലും മാററം വരുന്നതല്ല; വരുത്താവുന്നതുമല്ല. തന്മൂലം പഴയ നിയമകാലത്തേ യഹൂദന്മാരെയും പുതിയ നിയമകാലത്തേ ക്രൈസ്തവരേയും ഒരുപോലെ ബാധിക്കുന്നതാണു പ്രസ്തുത നിയമങ്ങൾ. എന്നാൽ ഇതരവിഭാഗങ്ങളിൽപ്പെട്ട നിയമങ്ങളിൽ പലതും ക്രിസ്തുവും അപ്പോസ്തലന്മാരും മാററിയിട്ടുള്ളതായി വേദപുസ്തകം സാക്ഷ്യം വഹിക്കുന്നു.

ഉദാ. ഛേദനാചാരം, മൃഗബലി, പ്രത്യേക മത്സ്യമാംസ ഭക്ഷണ നിരോധനം, ഏതാനും കൎമ്മാനുഷ്ഠാനങ്ങൾ ആദിയായവ.

ദൈവത്തെ ആരാധിക്കണമെന്നുള്ള കല്പന സാന്മാൎഗ്ഗികപരമായ നിയമങ്ങളിൽ പെട്ടതാകയാൽ അതു് എല്ലാക്കാലത്തും എല്ലാവരേയും ബാധിക്കുന്നതാണ്. എന്നാൽ എങ്ങനെ ദൈവത്തെ ആരാധിക്കണം, എപ്പോഴെല്ലാം ആരാധിക്കണം, എവിടെ വെച്ചെല്ലാം ആരാധിക്കണം എന്നിത്യാദി കാൎയ്യങ്ങളെ സംബന്ധിച്ചു് എന്നന്നേക്കുമായുള്ള നിയമങ്ങൾ നല്കിയിട്ടില്ലെങ്കിൽ അവയെ ക്രമപ്പെടുത്തുന്നതിനുള്ള അധികാരം സഭയ്ക്കും സഭാധികാരികൾക്കും ലഭിച്ചിട്ടുണ്ടെന്നുള്ളതു്

സമ്മതിക്കേണ്ടതാണ്. ക്രിസ്തുവും പ്രാരംഭകാലത്ത് അപ്പോസ്തലന്മാരും യഹൂദനിയമമനുസരിച്ച് ശേരദനാചാരം ആചരിച്ചു വന്നിരുന്നതു പോലെ ശനിയാഴ്ച ശാബതായി സ്വീകരിച്ചിരുന്നുവെന്നുള്ളതു നിഷേധിക്കാവുന്നതല്ല. എന്നാൽ ഇപ്രകാരം അവർ ചെയ്തതു യഹൂദന്മാക്ക് ഇടച്ചു വരുത്താതിരിക്കുന്നതിനും തദ്വാരാ, ക്രിസ്തീയസഭയിലേക്കു അവരെ ആകർഷിക്കുന്നതിനും വേണ്ടി മാത്രമായിരുന്നു. യഹൂദന്മാരിൽ നിന്നു മാത്രമല്ല, പുറജാതികളിൽ നിന്നുകൂടെ അനേകലക്ഷം ജനങ്ങൾ ക്രിസ്തുമതത്തെ ആശ്ലേഷിച്ചപ്പോൾ യഹൂദമതവും ക്രിസ്തുമതവും തമ്മിലുള്ള വ്യത്യാസം പ്രസ്പഷ്ടമാക്കുന്നതിനു വേണ്ടിയും, ക്രിസ്തുമതത്തിലേ പ്രധാനസംഭവങ്ങളായ ക്രിസ്തുവിൻെറ പുനരുത്ഥാനം പരിശുദ്ധാത്മാധിവാസം എന്നിവ ഞായറാഴ്ച ദിവസം നടന്നതു കൊണ്ടും, സാന്മാർഗ്ഗികനിയമത്തിനു എതിരല്ലാത്തതു നിമിത്തവും അപ്പസ്തോലികകാലത്തു തന്നെ ഞായറാഴ്ച ആചരണം നടപ്പിലായിത്തീൎന്നു. പുതിയനിയമകാലത്തുണ്ടായിട്ടുള്ള ഈ മാററം നിമിത്തം പഴയനിയമവും പുതിയനിയമവും തമ്മിൽ ദൈവാരാധനയെ സംബന്ധിച്ച കല്പനയിൽ കാര്യമായ യാതൊരു വ്യത്യാസവും സംഭവിച്ചിട്ടില്ല. ഈ മാററം പില്ക്കാലത്ത് അനധികൃതമായി ആരെങ്കിലും നടപ്പിൽ വരുത്തിയതല്ല; പിന്നെയോ, പുരാതനകാലം മുതൽത്തന്നെ സഭയിൽ നടപ്പിലിരുന്നതാണെന്നു വേദപുസ്തക വാക്യങ്ങളും പിതാക്കന്മാരുടെ സാക്ഷ്യങ്ങളും തെളിയിക്കുന്നു. ഇതു സംബന്ധിച്ചുള്ള ഏതാനും വേദവാക്യങ്ങൾ ചുവടേ ചേർക്കുന്നു. (അപ്പ. പ്രവൃത്തി. 20. 7, 1 കോറി. 16. 2; കൊലോ. 2. 16—17) രക്തസാക്ഷിയായ ജസ്ററിൻ ബർണ്ണബാസ്, അന്ത്യോക്യയിലേ ഇഗ്നാത്തിയോസ്, ഇറനയസ്, തെത്തുല്യൻ ആദിയായ പിതാക്കന്മാരും ഞായറാഴ്ച ആചരണത്തെപ്പററി അവരുടെ കൃതികളിൽ പ്രസ്താവിച്ചിട്ടുണ്ട്.

പഴയ നിയമത്തിലേ ശാബതാചരണത്തെപ്പററിയുള്ള ദൈവകല്പന അതേ വിധംതന്നെ ക്രൈസ്തവരും ആചരിക്കേണ്ടതാണെങ്കിൽ ശനിയാഴ്ച ഭക്ഷണം പാചകം ചെയ്യാതിരിക്കുക (പുറ. 16. 23) വഴിയാത്ര ചെയ്യാതിരിക്കുക, (പുറ. 16. 39) ആദിയായ ദൈവകല്പനകളും അക്ഷരംപ്രതി നിറവേററേണ്ടതാണ്. എന്നാൽ ശാബതുമിഷ്യൻകാർ ദിവസത്തെപ്പററിയുള്ള കല്പനമാത്രം മാററാൻ പാടില്ലെന്നു വാദിക്കുകയും എന്നാൽ ആചരണവിധത്തെപ്പററിയുള്ള ദൈവകല്പന പാടേ നിഷേധിക്കയുമാണു ചെയ്യുന്നതു്. അപ്രകാരംതന്നെ ആറുവർഷം

ഭൂമിയിൽ കൃഷി ചെയ്യണമെന്നും ഏഴാംവർഷം ഭൂമി വെറുതേ ഇട്ടേക്കണമെന്നും പുറ. 23-10, 11 വാക്യങ്ങളിൽ ദൈവം കല്പിച്ചിരിക്കുന്നതായി കാണുന്നു. പ്രസ്തുത കല്പന ശാബതുകാർ പരിപാലിക്കുന്നില്ല. ആകയാൽ ദൈവകല്പനയെ അക്ഷരംപ്രതി ഇവരും അനുസരിക്കുന്നില്ലെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു.

തന്നെയുമല്ല, ഭൂമി ഉരുണ്ടതാകയാൽ ഒരു നിശ്ചിതദിവസം ലോകമെങ്ങും ശാബതായി ആചരിക്കുവാൻ സാദ്ധ്യമല്ലെന്നുള്ളതു് സുസ്പഷ്ടമാണ്. ലോകത്തിൻെറ ഒരു ഭാഗത്തു ശനിയാഴ്ച ആയിരിക്കുമ്പോൾ വേറൊരുഭാഗത്തു് ഞായറാഴ്ചയും മറെറാരുഭാഗത്തു വെള്ളിയാഴ്ചയും ആയിരിക്കും. ആകയാൽ ഇവരുടെ സിദ്ധാന്തമനുസരിച്ചു നിശ്ചിതമായ ഒരു സമയം ലോകമെങ്ങും ശാബതായി ആചരിക്കുക എന്നതു് അസാദ്ധ്യമാണെന്നു സിദ്ധിക്കുന്നു. സർവ്വജ്ഞനായ ദൈവവും ആഴ്ചയിൽ ഒരു ദിവസം എന്നല്ലാതെ ഒരു നിശ്ചിതസമയം ലോകം മുഴുവൻ ശാബതായി ആചരിക്കുവാൻ ഉദ്ദേശിച്ചിട്ടില്ലെന്നു ഇതിൽനിന്നും തെളിയുന്നു.

## ആധുനികസ്ഥിതി

ലോകത്തിൻെറ വിവിധഭാഗങ്ങളിലായി അയ്യായിരത്തോളം സ്ഥലങ്ങളിൽ ശാബതുമിഷ്യൻകാർ ഇപ്പോൾ വേല ചെയ്തുവരുന്നുണ്ടു്. ആകെ 5 ലക്ഷത്തിൽപരം ജനങ്ങൾ ഈ സഭയുടെ അംഗങ്ങളായിട്ടുമുണ്ടു്. ഇവരുടെ വിശ്വാസവിഷയങ്ങളും കർമ്മാചാരങ്ങളും അടങ്ങിയ പ്രസിദ്ധീകരണങ്ങൾ 810 ഭാഷകളിലായി ലോകമെങ്ങും ഇവർ പ്രചരിപ്പിക്കുന്നുണ്ടു്.

ഇൻഡ്യയിൽ പൂനായത്രേ ഇവരുടെ കേന്ദ്രം. അവിടെനിന്നും ഇൻഡ്യയിലേ വിവിധഭാഷകളിലായി ധാരാളം പ്രസിദ്ധീകരണങ്ങൾ ഇവർ പ്രചരിപ്പിക്കുന്നുണ്ടു്. തിരുവിതാംകൂറിൽ തിരുവനന്തപുരം, കൊട്ടാരക്കര, പത്തനംതിട്ട, കോട്ടയം എന്നീ ഏതാനും താലൂക്കുകളിലായി നൂറോളം സ്ഥലങ്ങളിൽ ഇപ്പോൾ ഇവർ വേല നടത്തിക്കൊണ്ടിരിക്കുന്നു. 120 പ്രവർത്തകന്മാരും, രണ്ടായിരത്തിൽപരം ജനങ്ങളും കേരളത്തിൽ ശബ്ബതുസഭയിൽ ഇപ്പോഴുണ്ടു്. ജനസംഖ്യയിലുള്ള വർദ്ധനവു് ഈ സഭയ്ക്കു് ഇനിയും ഉണ്ടാകുമെന്നു് പ്രതീക്ഷിക്കുന്നതിനു യാതൊരു ന്യായവും കാണുന്നില്ല.

അദ്ധ്യായം 23

# യൂയോമയം (അഞ്ചരവേദം)

## ഒരു ഹൈന്ദവീകരണ സംഘടന

"കന്നീററ ഉണർവ്വു സഭ, യൂയോമയം, ആദവർഷക്കക്ഷി, അഞ്ചരവേദം," എന്നിത്യാദി വിവിധ നാമങ്ങളിൽ മദ്ധ്യതിരുവിതാംകൂറിൽ മാത്രം അറിയപ്പെടുന്ന ഒരു സഭയത്രേ ഇതു്. സുമാർ 70 വഷങ്ങൾക്കുമുൻപു് "വിദ്വാൻകുട്ടി" എന്ന പേരിൽ അറിയപ്പെട്ടിരുന്ന യുസ്തൂസ് യോസേഫ് എന്ന ഒരു ആംഗ്ലിക്കൻ വൈദികൻ കായംകുളത്തു് കന്നീററു് എന്ന സ്ഥലത്തത്രേ ഈ സഭ ആരംഭിച്ചതു്. ആംഗ്ലിക്കൻ സഭാംഗങ്ങളുടേയും മാർത്തോമ്മാക്കാരുടേയും ഇടയിലാണു് ഈ സഭയ്ക്കു കാര്യമായ പ്രചാരണം സിദ്ധിച്ചതു്. ഹൈന്ദവാചാരങ്ങളോടുകൂടിയ ഒരു പുതിയ കക്ഷിയെ ആംഗ്ലിക്കൻ സഭയ്ക്കുള്ളിൽ ഉല്പാദിപ്പിക്കുന്നതിനുവേണ്ടി വിദ്വാൻ കുട്ടി ചെയ്ത പരിശ്രമഫലമായിരുന്നു "യൂയോമയ സഭ".

## യുസ്തൂസ് യൗസേഫ്

തിരുനൽവേലി സ്വദേശിയും ഒരു ഹൈന്ദവ മതപണ്ഡിതനുമായിരുന്ന വെങ്കിടേശ്വരൻ എന്ന ബ്രാഹ്മണൻ സ്വഭാര്യയായ മീനാക്ഷിയോടും ആറു സന്താനങ്ങളോടുംകൂടെ കായംകുളത്തിനടുത്തുള്ള ശാസ്താംകോട്ട എന്ന സ്ഥലത്തു വന്നു താമസം ആരംഭിച്ചു. കുട്ടികളിൽ ഒന്നാമനായ രാമൻ അനിതരസാധാരണമായ ബുദ്ധിശക്തിയോടുകൂടിയവനായിരുന്നതിനാൽ ചെറുപ്പത്തിൽതന്നെ മലയാളം, സംസ്കൃതം, ഇംഗ്ലീഷ്, തമിഴ് എന്നീ ഭാഷകളിലും തത്വശാസ്ത്രം, ജ്യോതിശാസ്ത്രം മുതലായ കലകളിലും പ്രാവീണ്യം നേടുകയുണ്ടായി. പഠനത്തിലുണ്ടായിരുന്ന സാമർത്ഥ്യം നിമിത്തം സഹപാഠികളിൽ നിന്നു് "വിദ്വാൻകുട്ടി" എന്നുള്ള അപരനാമവും രാമനു ലഭിക്കയുണ്ടായത്രേ.

മാവേലിക്കര കേന്ദ്രമാക്കിക്കൊണ്ടു് ആംഗ്ലിക്കൻ മിഷ്യനറിമാർ സുവിശേഷവേല നിവ്വഹിച്ചുകൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അതു്. പ്രസ്തുത മിഷ്യനറിമാരിൽ ഒരുവനായ പിററ്സായ്യ് വെങ്കിടേശ്വരനുമായി പരിചയപ്പെട്ടുകയും ക്രിസ്തുമൂലമുള്ള രക്ഷയേയും ക്രിസ്തുമതത്തിന്റെ മാഹാത്മ്യത്തേയും കുറിച്ചു് അയാളോടു സംസാരിക്കയും ചെയ്തു. അതുമന്യേ വേദപുസ്തകപ്രതികളും "പരദേശ മോക്ഷയാത്ര" എന്ന പുസ്തകവും അയാൾക്കു് അദ്ദേഹം നല്കുകയുണ്ടായി. ഇവയെല്ലാം വായിച്ചതിന്റെ ഫലമായി ക്രിസ്തുമതത്തിൽ ആകൃഷ്ടനായിത്തീർന്ന പ്രസ്തുത ബ്രാഹ്മണൻ സ്വഭാര്യയും സന്താനങ്ങളും ഒന്നിച്ചു് 1861-ൽ റവ. പിററ്സായ്യിൽ നിന്നും ജ്ഞാനസ്നാനം സ്വീകരിച്ചു് ആംഗ്ലിക്കൻ സഭാംഗമായിത്തീർന്നു. തൽഫലമായി സ്വജാതീയരായ ബ്രാഹ്മണരിൽ നിന്നും ഒട്ടനേകം പീഡകൾ ഇവക്കു സഹിക്കേണ്ടതായി വന്നുകൂടി. എങ്കിലും മിഷ്യനറിമാരുടെ സഹായത്താൽ അവയെല്ലാം ക്ഷമാപൂവ്വം തരണം ചെയ്യുന്നതിനു് അവക്കു സാധിച്ചു.

ജ്ഞാനസ്നാനാവസരത്തിൽ യുസ്തുസ് യൗസേഫ് എന്ന നാമമായിരുന്നു രാമനു ലഭിച്ചതു്. പഠനത്തിൽ അതിസമത്ഥനായിരുന്നതിനാൽ യുസ്തുസ് യൗസേഫിനു് ആംഗ്ലിക്കൻ മിഷ്യനറിമാർ വൈദികപരിശീലനം നല്കുകയും 1875-ൽ ബിഷപ്പു് ജെൽ വൈദികപട്ടം നല്കുകയും ചെയ്തു. "വിദ്വാൻ കുട്ടിച്ചൻ" എന്ന പേരിലാണു പിന്നീടു് ഇദ്ദേഹം അറിയപ്പെട്ടതു്. കായംകുളം കന്നീററ് ഇടവകയിലെ വികാരിയായി ഇദ്ദേഹം നിയമിതനായി. സംഗീതത്തിലും പ്രസംഗത്തിലും അസാധാരണ സമത്ഥനായിരുന്നതിനാൽ പലരുടേയും പ്രശംസയ്ക്കും ബഹുമാനത്തിനും വിദ്വാൻ കുട്ടിച്ചൻ പാത്രീഭൂതനായിത്തീർന്നു.

അക്കാലത്തെ ഉണർവ്വുയോഗങ്ങളിലും മാനസാന്തരയോഗങ്ങളിലും പ്രധാനപ്രാസംഗികൻ വിദ്വാൻ കുട്ടിച്ചൻ തന്നെയായിരുന്നു. കൂടാതെ അയാളുടെ ഭാര്യയും, അമ്മാവിയമ്മയും, സഹോദരന്മാരായ മത്തായികുട്ടി, യാക്കോബുകുട്ടി എന്നിവരും പല സ്ഥലങ്ങളിലും ഉണർവ്വു പ്രസംഗങ്ങൾ നടത്തിക്കൊണ്ടിരുന്നു. സംസ്കൃതം, മലയാളം, തമിഴ്, ഇംഗ്ലീഷ്, ഗ്രീക്കു് എന്നീ ഭാഷകൾ വശമായിരുന്നതിനാൽ വിദ്വാൻ കുട്ടിയുടെ പ്രസംഗങ്ങൾ സാധാരണക്കാരായ അനേകം ജനങ്ങളെ അകർഷിക്കുന്നതിനു പര്യാപ്തമായിത്തീർന്നു. യോഗസമയത്തു ജനങ്ങൾ

നൃത്തം ചെയ്യുക, പ്രവചിക്കുക, വേദപുസ്തകം വ്യാഖ്യാനിക്കുക, പരസ്യമായി പാപങ്ങൾ ഏററുപറയുക, അനുതാപപൂർവ്വം മാറത്തടിച്ചു നിലവിളിക്കുക എന്നിവയെല്ലാം നടത്തിക്കൊണ്ടിരുന്നു. ഇപ്രകാരമുള്ള പ്രകടനങ്ങളോടുകൂടിയ യോഗങ്ങളെയത്രേ "ഉണർവ്വുയോഗങ്ങൾ" എന്ന പേരിൽ പ്രോട്ടസ്റ്റൻറുകാർ സാധാരണ വിളിച്ചുവരുന്നതു്.

## കുന്നിററ് ഉണർവുസഭ

വിദ്വാൻ കുട്ടിയും അയാളുടെ അനുയായികളായിരുന്ന കൂടാരപ്പള്ളിൽ തൊമ്മൻ, ഓമല്ലൂർ ഈപ്പൻ, പുതുപ്പള്ളിൽ ലൂക്കോസ് ആശാൻ എന്നീ ഉപദേശിമാരും കൂടെ "ഉണർവുസഭ" എന്ന പേരിൽ ഒരു പുതിയ സഭ കുന്നിററിൽ ആരംഭിച്ചു. ഇവരുടെ വാഗ്വിലാസത്തിൽ ആകൃഷ്ടരായ സുറിയാനിക്കാരിൽ ഒട്ടനേകർ ഈ പുതിയ സഭയിൽ അംഗങ്ങളായിച്ചേർന്നു. അപ്പസ്തോലന്മാർ, നായകന്മാർ, ബോധകന്മാർ, ഏവൻഗേലിസ്തന്മാർ, ക്രമപാലകന്മാർ, ശുശ്രൂഷകന്മാർ എന്നിങ്ങനെയുള്ള വിവിധസ്ഥാനങ്ങളും തൻെറ സഭയിൽ വിദ്വാൻകുട്ടി ഏർപ്പെടുത്തി. സുറിയാനിക്കാരിൽ നിന്നും ഉണർവുസഭയിൽ ചേർന്നവക്കു് കശ്ശീശന്മാർ, ശെമ്മാശന്മാർ, ഉപദേശിമാർ എന്നിപ്രകാരമുള്ള വിവിധസ്ഥാനങ്ങൾ നല്കി ആത്മീയാധികാരത്തോടുകൂടെ ഉദ്യോഗങ്ങളിൽ നിയമിച്ചു. ഏവംവിധം കുന്നിററിൽ ഒരു പുതിയ സഭ സ്ഥാപിച്ചു എന്നറിഞ്ഞപ്പോൾ ആംഗ്ലിക്കൻ മിഷ്യനറിമാർ കോട്ടയത്തു് ഒരു കോൺഫറൻസു കൂടുകയും റവ: യുസ്തുസ് യൗസേപ്പിൽ ഒട്ടനേകം കുററങ്ങൾ ആരോപിച്ചു മേലധികാരസ്ഥാനത്തേയ്ക്കു റിപ്പോർട്ടയക്കയും ചെയ്തു. പരസ്യമായി പാപങ്ങൾ ഏററുപറയിപ്പിക്കുക, വ്യർത്ഥമായ പ്രവചനങ്ങൾ നടത്തുക, സ്ത്രീകളെക്കൊണ്ടു നൃത്തം ചെയ്യിക്കുക, സാധുക്കളെ മാനസാന്തരപ്പെടുത്തി അവരുടെ ആഭരണങ്ങൾ അപഹരിക്കുക, വേദവചനത്തിനു ദുർവ്യാഖ്യാനം നല്കുക ആദിയായ ഒട്ടനേകം കുററങ്ങളായിരുന്നു വിദ്വാൻ കുട്ടിയിൽ ആരോപിക്കപ്പെട്ടതു്. എന്നാൽ വിദ്വാൻ കുട്ടിയാകട്ടേ പ്രസ്തുത കുററങ്ങൾ ചെയ്തതായി സമ്മതിക്കയോ അവയ്ക്കു ക്ഷമായാചനം നടത്തുകയോ ചെയ്കയുണ്ടായില്ല. തന്മൂലം ആംഗ്ലിക്കൻ സഭയിൽ നിന്നും അയാൾ ബഹിഷ്കൃതനായിത്തീന്നു. അനന്തരം കൂടുതൽ തീക്ഷ്ണതയോടു തൻെറ സഭയെ പ്രചരിപ്പിക്കുന്നതിനാണു് ഇതര സഭാസ്ഥാപകന്മാരെപോലെ വിദ്വാൻ കുട്ടിയും പരിശ്രമിച്ചതു്. തൽഫലമായി കായംകുളം, മാവേലിക്കര, ചെങ്ങന്നൂർ, തിരുവല്ലാ, കോട്ടയം എന്നിങ്ങനെ മദ്ധ്യ തിരുവിതാംകൂറിലുള്ള ഏതാനും താലൂക്കുകളിൽ

നിന്നും ഉദ്ദേശം ഇരുപതിനായിരത്തോളം ആളുകൾ പുതിയ ഉണർവ്വുസഭയിൽ ചേർന്നു. അവരിൽ ബഹുഭൂരിപക്ഷവും മാർത്തോമ്മാ, സി. എം. എസ്സ്. എന്നീ സഭകളിൽ നിന്നുമുള്ള സുറിയാനിക്കാരായിരുന്നു. അപൂർവ്വം ചില അക്രൈസ്തവരും പ്രസ്തുത സഭയുടെ അംഗങ്ങളായിത്തീർന്നിട്ടുണ്ടു്.

## അത്ഭുതകരമായ ചില പ്രവചനങ്ങൾ

ഉണർവ്വുസഭയിൽ വലിയ ദീർഘദർശി എന്ന പേരിൽ അറിയപ്പെട്ടിരുന്ന കൂടാരപ്പള്ളിൽ തൊമ്മനായിരുന്നു പ്രവാചകന്മാരിൽ പ്രമുഖൻ. തൊമ്മനെ കൂടാതെ ഒട്ടനേകം ചെറിയ പ്രവാചകന്മാരും പ്രസ്തുതസഭയിൽ ഉണ്ടായിരുന്നു. പ്രാർത്ഥനാസമയത്തു് മനസ്സിൽ ഉളവാകുന്ന വിചാരങ്ങളും നിദ്രാസമയത്തു് ഉണ്ടാകുന്ന സ്വപ്നങ്ങളും എല്ലാം ദൈവനിവേശിതങ്ങളായ പ്രവചനങ്ങളാണെന്നു സാധുക്കളെ പറഞ്ഞു തെറ്റിദ്ധരിപ്പിക്കുകയായിരുന്നു ഇവരുടെ പ്രധാനജോലി. അവയെല്ലാം സംഭവിക്കാനിരിക്കുന്നവയാണെന്നു സാധുക്കൾ വിശ്വസിച്ചും പോന്നു. ഈ പ്രവാചകന്മാരെ ബഹുമാനിക്കയും അവർക്കു ഭക്ഷണവും വിവിധസമ്മാനങ്ങളും നല്കുകയും ചെയ്യുന്നതിൽ സാധുക്കൾ അതിയായ ഔത്സുക്യം പ്രകടിപ്പിച്ചുമിരുന്നു. ഈ പ്രവാചകന്മാർ നടത്തിയ രണ്ടു പ്രവചനങ്ങളായിരുന്നു "അന്ധകാരാഗമന"വും ക്രിസ്തുവിന്റെ "മഹത്വപ്രത്യക്ഷതയും".

1875 ആഗസ്റ്റ് 10, 11, 12 എന്നീ തീയതികളിൽ ലോകത്തിൽ സർവ്വത്ര അന്ധകാരം വ്യാപിക്കുമെന്നും, അകാശത്തിൽ ചില പ്രത്യേക അടയാളങ്ങൾ ഉണ്ടാകുമെന്നും ആയിരുന്നു ഇവരുടെ ഒന്നാമത്തെ പ്രവചനം. രണ്ടാമത്തെ പ്രവചനമാകട്ടെ 5 വർഷങ്ങൾക്കുശേഷം (1881-ൽ) കർത്താവു രണ്ടാമതു് എഴുന്നള്ളുമെന്നും, അതോടുകൂടെ ലോകാവസാനം ഉണ്ടാകുമെന്നും, പിന്നീടുള്ള കാലം സ്വർഗ്ഗവാസകാലമാണെന്നുമായിരുന്നു. ഈ രണ്ടു പ്രവചനങ്ങളും അക്ഷരംപ്രതി നിറവേറുമെന്നു വിദ്വാൻകുട്ടി പ്രഖ്യാപനം ചെയ്തു. ഇതെപ്പറ്റി അനേകം യോഗങ്ങളിൽ അയാൾ പ്രസംഗിക്കയും, ഇപ്രകാരമെല്ലാം സംഭവിക്കുമെന്നു കാണിച്ചു് അനേകർക്കു എഴുതി അയയ്ക്കുകയും, തിരുവിതാംകൂർ രാജാവിനും വിക്ടോറിയാ രാജ്ഞിക്കും കമ്പിയടിക്കുകയും ചെയ്തു. ഇവയെല്ലാം അപ്രകാരംതന്നെ സംഭവിക്കുമെന്നു സാധുക്കളായ ഉണർവ്വുസഭാംഗങ്ങൾ വിശ്വസിക്കയും അതിനുവേണ്ടി കാത്തിരിക്കയും

ചെയ്തു. പക്ഷേ, അവയൊന്നുംതന്നെ സംഭവിച്ചില്ലെന്നു ഗ്രഹിച്ചപ്പോൾ പലരും യുയോമയം ഉപേക്ഷിച്ച് ഇതരസഭകളിൽ ചേരുകയാണു് ഉണ്ടായതു്. വിദ്വാൻകുട്ടിയും ഇതര ദീർഘദർശിമാരുമാകട്ടേ അദൃശ്യവും ആത്മീയവുമായ വിധത്തിലാണു് അന്ധകാരവും മഹത്വപ്രത്യക്ഷതയും സംഭവിച്ചതു് എന്നു പിന്നീടു പ്രസംഗിച്ചുകൊണ്ടു നടക്കുകയാണുണ്ടായതു്.

## വിശ്വാസങ്ങളും ആരാധനക്രമങ്ങളും

വസ്ത്രധാരണത്തിലും ഭക്ഷണരീതികളിലും ഹൈന്ദവാചാരങ്ങളെ അനുകരിച്ചിരുന്ന വിദ്വാൻകുട്ടി ത്രീയേകദൈവത്തിലും ക്രിസ്തുവിൻെറ രക്ഷയിലും ഉള്ള വിശ്വാസം മാത്രമേ തൻെറ സഭയുടേതായി അംഗീകരിച്ചിരുന്നുള്ളു. താൻ ദൈവത്തിൻെറ പ്രതിനിധി എന്നു മാത്രമല്ല, പരിശുദ്ധാത്മാവിൻെറ അവതാരമാണെന്നുകൂടെ അയാൾ പഠിപ്പിക്കയും സാധുക്കളായ തൻെറ അനുഗാമികളെ അപ്രകാരം വിശ്വസിപ്പിക്കയും ചെയ്തിരുന്നു. വേദപുസ്തകത്തെ ദൈവനിവേശിതഗ്രന്ഥമാണെന്നു വിദ്വാൻകുട്ടി പഠിപ്പിക്കയും, എന്നാൽ അതേസമയംതന്നെ തൻെറ എഴുത്തുകൾ അടങ്ങിയ "നിത്യാക്ഷരങ്ങൾ"എന്ന പുസ്തകത്തെ വേദപുസ്തകമെന്നോണം സ്വ സഭാംഗങ്ങൾക്കു് നല്കയും ചെയ്തിരുന്നു. മത്സ്യമാംസാദികൾ ഭക്ഷിക്കുന്നതും ആഭരണങ്ങൾ ധരിക്കുന്നതും പാപമാണെന്നു് ഇയാൾ പഠിപ്പിച്ചിരുന്നു. കർത്താവിൻെറ മഹത്വപ്രത്യക്ഷത അഥവാ രണ്ടാമത്തേ വരവു കഴിഞ്ഞിരിക്കുന്നതിനാൽ തങ്ങൾ സ്വർഗ്ഗസൌഭാഗ്യം അനുഭവിക്കയാണെന്നും തന്മൂലം പാപം ചെയ്യുവാൻ തങ്ങൾക്കു സാദ്ധ്യമല്ലെന്നുംകൂടെ ഇയാൾ പഠിപ്പിക്കയും സാധുക്കൾ അതു വിശ്വസിക്കയും ചെയ്തിരുന്നു. ജ്ഞാനസ്നാനത്തിനുപകരം "പട്ടാഭിഷേകം" എന്ന ഒരു കർമ്മം നടത്തിയാണു് ഉണർവുസഭയിലേക്കു ആളുകളെ ചേർത്തുകൊണ്ടിരുന്നതു്. വി. കുർബാനയിൽ ക്രിസ്തുവിൻേറതല്ല, പിന്നെയോ തൻെറ ശരീരരക്തങ്ങളാണു് നല്കപ്പെടുന്നതെന്നുപോലും ഈയാൾ പഠിപ്പിച്ചിരുന്നു. വി. കുർബാനയുടെ കർമ്മസാധനമായി ഇവർ ഉപയോഗിച്ചിരുന്നതു പച്ചവെള്ളവും, കപ്പയോ ചേനയോ പുഴുങ്ങിയതും, അതില്ലാത്തപ്പോൾ തേങ്ങാക്കഷണവും ആയിരുന്നത്രേ. പട്ടാഭിഷേകം, വിവാഹം എന്നിവ നടത്തുന്നതിനു പ്രത്യേക അധികാരത്തോടുകൂടിയ സ്ഥാനികൾ ഇവരുടെ ഇടയിൽ ഉണ്ടായിരുന്നു. ആരാധനഭാഷ വിദ്വാൻ കുട്ടി ഉണ്ടാക്കിയതും സംസ്കൃതത്തോടു യോജിപ്പു

ള്ളതുമായ ഒരു പുതിയ ഭാഷയായിരുന്നു. കൂടാതെ "യൂയോമയാബ്ദം" എന്ന പേരിൽ 1881-മുതൽ ഒരു പുതിയ അബ്ദവും പ്രത്യേക പേരുകളോടുകൂടിയ പന്ത്രണ്ടു മാസങ്ങളും വിദ്വാൻകുട്ടി ഏർപ്പെടുത്തി.

## ആധുനികസ്ഥിതി

പ്രാരംഭകാലത്ത് യൂയോമയത്തിനു ഇരുപതിനായിരത്തിൽ കൂടുതൽ ആളുകളുണ്ടായിരുന്നു എങ്കിലും വിദ്വാൻകുട്ടിയുടെ മരണത്തിനുമുമ്പുതന്നെ അവരിൽ ബഹുഭൂരിഭാഗവും പ്രസ്തുത സഭയെ ഉപേക്ഷിക്കയാണുണ്ടായതു്. അയാളുടെ പ്രവചനങ്ങൾ നിറവേറാതെ വന്നതും, ആംഗ്ലിക്കൻ മിഷ്യനറിമാരും നവീകരണ കക്ഷികളും ശക്തിമത്തായ എതിർപ്രചാരണം നടത്തിയതും നിമിത്തമായിരുന്നു പലരും യൂയോമയത്തെ ഉപേക്ഷിച്ചതു്. വിദ്വാൻകുട്ടി 1887-ൽ നിര്യാണം അടഞ്ഞതിനു ശേഷം അയാളുടെ മകൻ യാക്കോബുകുട്ടിയായിരുന്നു യൂയോമതത്തെ ഭരിച്ചുകൊണ്ടിരുന്നതു്. പക്ഷേ, വിദ്വാൻകുട്ടിയെപ്പോലെയുള്ള സാമർത്ഥ്യം മകനു ഇല്ലാതിരുന്നതിനാൽ യൂയോമതം ഒന്നിനൊന്നിനു് അധഃപതിക്കയും അയാളുടെ മരണശേഷം നാഥനില്ലാസഭയായിത്തീരുകയും ചെയ്തു. ഇപ്പോൾ മദ്ധ്യതിരുവിതാംകൂറിൽ അയിരൂർ, ഇലന്തൂർ, കുമ്പനാട്ട് എന്നീ സ്ഥലങ്ങളിൽ ഏതാനും ആളുകൾ പ്രസ്തുത സഭയിലേ അംഗങ്ങളായി വേഷവിധാനങ്ങളോടുകൂടെ അവശേഷിച്ചിട്ടുണ്ടു്. ഇവരുടെ സംഖ്യ 500-ൽ കൂടുതൽ വരുമെന്നു തോന്നുന്നില്ല. ഇവർ തന്നെയും മൂന്നുവിഭാഗങ്ങളിലായി ഇപ്പോൾ പിരിഞ്ഞിരിക്കുകയും ചെയ്യുന്നു. അധികകാലതാമസമെന്യേ ഇതര സഭകളിൽ ഇവരും ലയിക്കയും അങ്ങനെ പ്രസ്തുത സഭ നാമാവശേഷമായിത്തീരുകയും ചെയ്യുമെന്നു പ്രസ്താവിക്കുന്നതിനു സാധിക്കും.

അദ്ധ്യായം 24

# അഞ്ചു ചെറുസഭകൾ

## 1. തോഴിയൂർ (അഞ്ഞൂർ) സഭ

ഇരുന്നൂററി അൻപതു വർഷങ്ങൾക്കുമുമ്പ് യാക്കോബായ സഭയിൽനിന്നു പിരിഞ്ഞു മലബാറിൽ അഞ്ഞൂർ എന്ന സ്ഥലത്തു് ആരംഭിച്ചതും അവിടെമാത്രം പ്രചരിച്ചതുമായ ഒരു സഭയത്രേ ഇതു്. 1751-ൽ യറുശലേമിൽനിന്നും കേരളത്തിൽ എത്തിയ മാർ ഗ്രിഗോറിയോസ് എന്ന യാക്കോബായ മെത്രാൻ കാട്ടുമങ്ങാട്ട് റമ്പാനെ "മാർ കൂറിലോസ്" എന്ന അഭിധാനത്തിൽ 1772-ൽ മട്ടാഞ്ചേരിയിൽവെച്ചു മെത്രാനായി അഭിഷേചിച്ചു. അന്ന് ഇവിടത്തെ യാക്കോബായ സഭാഭരണം നിർവ്വഹിച്ചുകൊണ്ടിരുന്ന ആറാം മാർത്തോമ്മാ (ഒന്നാം മാർ ദിവന്നാസ്യോസ്) മെത്രാപ്പോലീത്തായുടെ അറിവോ സമ്മതമോ കൂടാതെയായിരുന്നു മാർ ഗ്രിഗോറിയോസ് മാർ കൂറിലോസിനെ മെത്രാനായി വാഴിച്ചതു്. മെത്രാൻ സ്ഥാനം ലഭിച്ചുകഴിഞ്ഞശേഷം കൊച്ചീ രാജാവിന്റെ തിട്ടൂരത്തോടുകൂടെ യാക്കോബായക്കാരെ ഭരിക്കുവാൻ മാർ കൂറിലോസു സന്നദ്ധനായി. ഇതിങ്കൽ ക്ഷുഭിതനായിത്തീന്ന ആറാം മാർത്തോമ്മാ ഉടൻതന്നെ തിരുവിതാംകൂർ ഗവണ്മെൻറിനെക്കൊണ്ടു കൊച്ചി ഗവണ്മെൻറിനെ പ്രേരിപ്പിക്കുകയും തൽഫലമായി മാർ കൂറിലോസ് കൊച്ചിയിൽ താമസിച്ചുകൂടെന്നു കൊച്ചീ രാജാവു കല്പന പുറപ്പെടുവിക്കുകയും ചെയ്തു. തൻമൂലം മുളന്തുരുത്തിയിലുള്ള "തേവനാൽ" കാടുകളിൽ കുറേനാൾ കൂറിലോസ് ഒളിച്ചു താമസിച്ചെങ്കിലും തിരുവിതാംകൂർ രാജ്യത്തു താമസിച്ചുകൂടെന്നുള്ള നിരോധന ഉത്തരവ് ഉണ്ടാകുകയാൽ ബ്രി. മലബാറിലേയ്ക്കു പോകുകയും അവിടെ ഏതാനും ചിലരുടെ ഔദാര്യത്താൽ പള്ളി സ്ഥാപിച്ചു തോഴിയൂർ എന്ന സ്ഥലത്തു താമസം ആരംഭിക്കുകയും ചെയ്തു. തോഴിയൂരിലുണ്ടായിരുന്ന യാക്കോബായക്കാർ അദ്ദേഹത്തെ തങ്ങളുടെ മെത്രാനായി സ്വീകരിക്കുകയും അങ്ങിനെ "തോഴിയൂർ അഥവാ അഞ്ഞൂർ സഭ" ആരംഭിക്കുകയും ചെയ്തു. പില്ക്കാലത്തു് യാക്കോബായക്കാർ തോഴിയൂർ പള്ളിയും

സ്വത്തുക്കളും തങ്ങൾക്കു ലഭിക്കണമെന്നു കാണിച്ചു കേസ്സു കൊടുത്തെ ങ്കിലും അഞ്ഞൂർകാക്ക് അനുകൂലമായ വിധിയാണു കോഴിക്കോട്ടേയും മദ്രാസിലേയും കോടതികളിൽ നിന്നുമുണ്ടായതു്.

യാക്കോബായ സഭയിൽ നിന്നും പിരിഞ്ഞ സഭയാണെങ്കിലും വിശ്വാസവിഷയങ്ങളിൽ കാര്യമായ യാതൊരു വ്യത്യാസവും തോഴിയൂർ സഭക്കാർ വരുത്തിയിട്ടില്ല. എങ്കിലും, മാർത്തോമ്മാക്കാരും പ്രോട്ടസ്റ്റൻറ കാരുമായുള്ള സമ്പക്കം നിമിത്തം പ്രസ്തുത സഭയിലേ ഏതാനും വ്യക്തി കൾ പ്രോട്ടസ്റ്റൻറ വിശ്വാസികളായിത്തീന്നിട്ടുണ്ടു്. യാക്കോബായ സഭയിലേയും മാർത്തോമ്മാസഭയിലേയും മെത്രാന്മാരെ അഭിഷേചിക്കു ന്നതിനു് തോഴിയൂർ മെത്രാന്മാരുടെ സഹകരണം പലപ്പോഴും ഇരുസഭ കൾക്കും സിദ്ധിച്ചിട്ടുണ്ടു്. മാർത്തോമ്മാ സഭയിലേ മെത്രാന്മാരുടെ കൈവെയ്പു് തോഴിയൂർ സഭയ്ക്കു് പില്ക്കാലത്തു് ലഭിച്ചിട്ടുള്ളതി നാൽ തോഴിയൂർ സഭയുടെ പട്ടത്വത്തിൻെറ സാധുതയെപ്പററി ഇപ്പോൾ സംശയിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

“മലബാർ സ്വതന്ത്ര സുറിയാനി സഭ” എന്ന അഭിധാനമാണു് ഈ സഭ ഇപ്പോൾ സ്വയം സ്വീകരിച്ചിരിക്കുന്നതു്. മാർക്കുറിലോസ് മെത്രാപ്പോലീത്തായുടെ 12-ാമത്തെ പിൻഗാമിയായ ഗീവർഗീസ് മാർ കുറിലോസ് ആണു് തോഴിയൂർ സഭയെ ഇപ്പോൾ ഭരിച്ചുകൊണ്ടിരി ക്കുന്നതു്. ആറു ചെറിയ ഇടവകകളും നാലു സ്കൂളുകളും മാത്രമേ ഇപ്പോൾ ഇവക്കുള്ളു. ഉദ്ദേശം അയ്യായിരത്തോളം പേർ മാത്രമേ ഈ സഭയുടെ അംഗങ്ങളായിട്ടുള്ളൂ. ജനസംഖ്യയിലോ സ്ഥാപനങ്ങളിലോ കാര്യമായ യാതൊരു അഭിവൃദ്ധിയും ഈ സഭയ്ക്കില്ല. ഇനിയും ഉണ്ടാകു വാൻ മാർഗ്ഗവും കാണുന്നില്ല.

## II. ദൈവസഭ (Church of God)

അമേരിക്കൻ ഐക്യനാട്ടിൽ ഒരു മെതഡിസ്ററ് സഭാംഗ മായിരുന്ന ഡാനിയെൽ വർണ്ണൻ എന്ന ദേഹം 1884-ൽ സ്ഥാപിച്ച തത്രേ ഈ സഭ. യാതൊരു വിശ്വാസ സംഹിതയുമില്ലാത്തതും ക്രിസ്തു വിൽ വിശ്വസിക്കുന്ന ഏവരേയും ഉൾപ്പെടുത്തുന്നതുമായ ഒരു സംഘടന യായിട്ടാണു് ഈ സഭ രൂപം പ്രാപിച്ചതു്. ഇക്കഴിഞ്ഞ എഴുപതു വഷ ത്തിനുള്ളിൽ അമേരിക്കാ, ബ്രിട്ടൻ, ഫ്റാൻസ്, ആഫ്റിക്കാ, ചൈനാ, ജപ്പാൻ ആദിയായ പല രാജ്യങ്ങളിലും ഈ സഭ പ്രചരിച്ചിട്ടുണ്ടു്.

അമേരിക്കൻ ഐക്യനാട്ടുകളിലേ അൻഡേഴ്സൺ പട്ടണത്തിലാണ് ഇവരുടെ കേന്ദ്രാലയം സ്ഥാപിതമായിരിക്കുന്നതു്. തൻനിമിത്തം "അൻഡേഴ്സൺ ദൈവസഭ" എന്ന പേരിലാണ് ഈ സഭ അറിയപ്പെടുന്നതു്. ബാപ്‌റ്റിസ്റ്റ് സഭകളിലെപ്പോലെ വിശ്വാസസ്നാനവും, നിമജ്ജനസ്നാനവും ഇവർ സ്വീകരിച്ചിട്ടുണ്ടെങ്കിലും പൗരോഹിത്യം ഒരത്ഥത്തിൽ ഇവർ സമ്മതിക്കുകയും, ഭരണത്തിനും കമ്മാനുഷ്ഠാനത്തിനുമായി കൈവയ്പുമൂലം വൈദികസ്ഥാനികളെ നിയമിക്കുകയും ചെയ്യുന്നുണ്ടു്. രണ്ടായിരത്തോളം സ്ഥലങ്ങളിൽ ഇവർ പ്രവത്തനം നടത്തിക്കൊണ്ടിരിക്കുന്നുണ്ടെങ്കിലും ഒരുലക്ഷത്തോളം അംഗങ്ങൾ മാത്രമേ ഈ സഭയിൽ ആകെ അംഗങ്ങളായിട്ടുള്ളു.

## ഇൻഡ്യയിലെ ഉത്ഭവം

ബങ്കാൾ സ്വദേശിയും ഒരുത്കൃഷ്ട കുടുംബജാതനുമായ എ. ഡി ഖാൻ എന്ന മഹമ്മദീയൻ കേവലം ഹൈസ്കൂൾ വിദ്യാത്ഥിയായിരുന്നപ്പോൾ വേദപുസ്തകം വായിച്ചതിന്റെ ഫലമായി ക്രിസ്തുവിന്റെ ഗിരിപ്രഭാഷണത്തിൽ അപഹൃതചിത്തനായിത്തീരുകയും തദ്വാരാ, ക്രിസ്തുവിന്റെ വ്യക്തിമാഹാത്മ്യത്തിൽ ആകൃഷ്ടനായി അവിടുത്തെ അനുഗമിക്കുന്നതിനു നിശ്ചയിക്കുകയും ചെയ്തു. അന്നു് ബങ്കാളിൽ വേലചെയ്തുകൊണ്ടിരുന്ന ബാപ്‌റ്റിസ്റ്റ് മിഷ്യനറിമാരിൽ നിന്നും ജ്ഞാനസ്നാനം സ്വീകരിച്ചു ഖാൻ ക്രൈസ്തവനായിത്തീന്നു. എന്നാൽ ക്രൈസ്തവസഭകളുടെ സംഖ്യയും വിശ്വാസവിഭിന്നതയും അദ്ദേഹത്തെ വിഷമിപ്പിക്കുകയും തൽഫലമായി അദ്ദേഹം ബാപ്‌റ്റിസ്റ്റ് സഭയെ ഉപേക്ഷിച്ചു സകല ക്രിസ്തീയ വിശ്വാസികളേയും ഉൾക്കൊള്ളുന്ന ഒരു പുതിയ സംഘടന ഉണ്ടാക്കുന്നതിനു നിശ്ചയിക്കയും ചെയ്തു ഈ അവസരത്തിൽ അദ്ദേഹം ഒരു പാശ്ചാത്യപര്യടനത്തിനു പുറപ്പെട്ടു. അക്കൂട്ടത്തിൽ അമേരിക്കയിൽ ചെന്നെത്തുകയും, അവിടെവച്ചു് "ദൈവസഭാ"പ്രവത്തകരുമായി സമ്പക്കത്തിലേർപ്പെടുകയും, തൻഫലമായി ദൈവസഭാംഗമായിത്തീരുകയും ചെയ്തു. അനന്തരം ഖാൻ ഇൻഡ്യയിൽ മടങ്ങിയെത്തി ദൈവസഭ ഇവിടെ പ്രചരിപ്പിക്കുവാൻ അക്ഷീണം പരിശ്രമിച്ചു. റവ. ജെ. നിക്കോൾസ് റോയി എന്ന ഒരു പണ്ഡിതനെ അനുഗാമിയായി ലഭിക്കയാൽ അയാളുടെ സഹായത്തോടുകൂടെ ബംഗാൾ, ഒറീസാ, ആസ്സാം ആദിയായ പല സ്ഥലങ്ങളിൽ ദൈവസഭയെ പ്രചരിപ്പിക്കുന്നതിനു ഖാനിനു സാധിച്ചു. 1924-ൽ അദ്ദേഹം നിര്യാണമടഞ്ഞു. അനന്തരം

ദൈവസഭയുടെ നേതൃത്വം നിക്കോൾസ്റോയി ഏറെറടുക്കുകയും ഇപ്പോൾ ഇൻഡ്യയിലെ ദൈവസഭയെ അദ്ദേഹം നിയന്ത്രിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു.

ചെങ്ങന്നൂർ സ്വദേശിയായ മി. പി. ജെ. ഫിലിപ്പ് ബി. ഏ. 1910-ൽ ദൈവസഭയുടെ ഒരു അംഗമായിത്തീന്നശേഷം ചെങ്ങന്നൂരിനടുത്ത മുളക്കുഴ എന്ന സ്ഥലത്തു് ഒരു സ്ഥാപനം നിർമ്മിക്കുകയും അനന്തരം തിരുവിതാംകൂറിൽ പല സ്ഥലങ്ങളിലും ദൈവസഭയെ പ്രചരിപ്പിക്കുന്നതിനു പരിശ്രമിക്കയും ചെയ്തു. അമേരിക്കൻ ദൈവസഭാമിഷ്യനറിമാരുടെ സാമ്പത്തികസഹായം മൂലം ചെങ്ങന്നൂർ, ഹരിപ്പാട്, പൂവത്തൂർ, ചേപ്പാട്, പന്തളം, പഴഞ്ഞി, ചാലശേരി മുതലായ ഏതാനും സ്ഥലങ്ങളിൽ സ്ഥാപനങ്ങൾ ഈ സഭവകയായി നിർമ്മിച്ചിട്ടുണ്ട്. പാസ്റ്റർ ഫിലിപ്പിൻെറ നേതൃത്വത്തിൽ 15 പ്രവർത്തകന്മാരും ആയിരത്തോളം അംഗങ്ങളും ഈ സഭയ്ക്കു് ഇപ്പോഴുണ്ട്. അമേരിക്കയിൽ നിന്നുള്ള സാമ്പത്തിക സഹായത്തെ മാത്രം ആശ്രയിച്ചാണ് ഈ സഭ മുമ്പോട്ടു പോകുന്നതു്. കാര്യമായ യാതൊരഭിവൃദ്ധിയും ഈ സഭയ്ക്കു് ഇവിടെ ഉണ്ടെന്നുപറയുവാൻ നിവൃത്തിയില്ല.

## III. റസ്സൽ സഭ

നിഖ്യാ സുന്നഹദോസ് കാലത്തു് (A. D. 325) ക്രൈസ്തവസഭയിലുണ്ടായ ആരിയൻ ഇടത്തൂടിൻെറയും പത്തൊൻപതാം നൂററാണ്ടിൽ അമേരിക്കയിൽ ഉല്പാദിതമായ യൂണിറേററിയൻ സഭയുടേയും ഒരു സങ്കലനമായി റസ്സൽ സഭയെ പരിഗണിക്കാവുന്നതാണ്. 1900-ാമാണ്ടിനോടടുത്തു് പാസ്റ്റർ സി. ററി. റസ്സൽ എന്ന ഒരു പ്രോട്ടസ്റ്റൻറു വൈദികനാണ് ഈ സഭയെ അമേരിക്കയിൽ സ്ഥാപിച്ചതു്. ക്രൈസ്‌വസഭയുടെ മൌലികവിശ്വാസങ്ങളായ ക്രിസ്തുവിൻെറ ദൈവത്വം, മനുഷ്യാവതാരം, ശാരീരികപുനരുത്ഥാനം, ദുഷ്ടന്മാക്കുള്ള ശിക്ഷ, നരകത്തിൻെറ അസ്തിത്വം ആദിയായവയെല്ലാം ഇവർ പാടേ നിഷേധിക്കയാണ് ചെയ്യുന്നതു്. തന്മൂലം ഒരു കൈസ്തവസഭയായിട്ടെങ്കിലും ഈ സഭയെ പരിഗണിക്കാമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

തങ്ങളുടെ സകല വിശ്വാസവിഷയങ്ങൾക്കും വേദപുസ്തകമാണു അടിസ്ഥാനമെന്ന് ഇവർ വാദിക്കുന്നതിൽ അത്ഭുതപ്പെടാതെ നിവൃത്തിയില്ല. ക്രൈസ്തവ സഭയുടെ പുരാതന വിശ്വാസ സത്യങ്ങളെ പാടേ നിഷേധിക്കുന്ന ഇവരെപ്പോലെ ശതക്കണക്കിനു വേദവാക്യങ്ങൾ ഉദ്ധരിക്കുന്ന വേറേ ഒരു വിഭാഗം പ്രോട്ടസ്റ്റൻറു സഭകളിൽ ഉണ്ടെന്നു തോന്നുന്നില്ല.

പക്ഷേ, ഓരോ വേദവാക്യത്തിനും ഇവർ നല്കുന്ന വ്യാഖ്യാനം ലോകത്തിലുള്ള സകലരും കണ്ണുമടച്ചു് സ്വീകരിച്ചുകൊള്ളണമെന്നുള്ള ഇവരുടെ മക്കടമുഷ്ടിക്കു് വിദൂരനമസ്ക്കാരം നല്കാതിരിക്കുവാനും നിവൃത്തിയില്ല.

## വിശ്വാസ വിഷയങ്ങൾ

റസ്സൽ സഭക്കാരുടെ വിശ്വാസവിഷയങ്ങളിൽ ചിലതു "റസ്സൽ മതോപദേശം" എന്ന പുസ്തകത്തിൽനിന്നും ചുവടേ ഉദ്ധരിച്ചുകൊള്ളുന്നു:- 1) യേശുക്രിസ്തു ജനനം മുതൽ മരണം വരെയും കേവലം ഒരു മനുഷ്യൻ മാത്രമായിരുന്നു. 2) ക്രിസ്തുവിന്റെ മരണം വെറും ഒരു മനുഷ്യന്റെ മരണവും തന്റെ യാഗം ഒരു മനുഷ്യയാഗവും തന്റെ പ്രായശ്ചിത്തം മാനുഷികവുമായിരുന്നു. ദൈവികമായ യാതൊരു ശക്തിയും അവയിൽ ഉണ്ടെന്നു പറയുവാൻ നിവൃത്തിയില്ല. 3) മരണശേഷവും ഉയിർപ്പിനുശേഷവും മാത്രമാണു് ക്രിസ്തുവിന്റെ ശരീരത്തിൽ ദൈവത്വം ആവസിച്ചതു്. 4) ലോകാവസാനം ഉണ്ടാകുന്ന ശരീരിക ഉയർപ്പിനുശേഷം ദുഷ്ടന്മാരോടു സുവിശേഷം ഘോഷിക്കപ്പെടുകയും അവരെല്ലാം മാനസാന്തരപ്പെട്ടു രക്ഷപ്രാപിക്കയും ചെയ്യും. 5) ദുഷ്ടന്മാക്കു് നരകമോ ശിക്ഷാവിധിയോ ഇല്ല. 6) കർത്താവിന്റെ രണ്ടാമത്തേ വരവു് 1884-ൽ സംഭവിച്ചു കഴിഞ്ഞു. 1914-ൽ ക്രിസ്തുവിനോടുകൂടെയുള്ള സഹസ്രാബ്ദവാഴ്ച ആരംഭിച്ചുകഴിഞ്ഞു. തൻമൂലം ഇപ്പോൾ സഹസ്രാബ്ദവാഴ്ചയുടെ കാലമാണു്. (പുറം 3).

മുകളിൽ ചേർത്ത ആറു വിശ്വാസവിഷയങ്ങളും തെളിയിക്കുന്നതിനുവേണ്ടി നിരവധി വേദവാക്യങ്ങൾ ഇവർ ഉദ്ധരിക്കുന്നുണ്ടു്. ഓരോ വ്യക്തിയ്ക്കും ഇഷ്ടാനുസാരം വേദവാക്യങ്ങളെ വ്യാഖ്യാനിക്കുന്നതിനുള്ള അധികാരവും അവകാശവും ഉണ്ടെന്നുള്ള മാർട്ടിൻ ലൂഥറുടേയും അനുയായികളുടേയും ഉപദേശം ഇനിയും ഇതുപോലെയുള്ള എന്തെല്ലാം ദുരന്തരഫലങ്ങൾ ഉളവാക്കുമെന്നുള്ളതു കണ്ടറിയേണ്ടിയിരിക്കുന്നു. ദൈവത്തിന്റെ അസ്തിത്വം പോലും നിഷേധിക്കുകയും അതിന്നും ആധാരമായി വേദവാക്യങ്ങൾ ഉദ്ധരിക്കുകയും ചെയ്യുന്ന ഒരു സഭ കൂടെ ഇനിയും ലോകരംഗത്തു് ആവിർഭവിക്കയില്ലെന്നു് ആരറിഞ്ഞു! ശാന്തം! പാപം!

## കേരളത്തിലേ റസ്സൽ സഭ

തിരുവല്ലായ്ക്കടുത്ത മല്ലപ്പള്ളിൽ 1925-ൽ റസ്സൽ മിഷ്യനറിമാരിൽ ചിലർ വന്നെത്തുകയും പ്രസംഗങ്ങളാലും പ്രസിദ്ധീകരണങ്ങളാലും അവരുടെ വിശ്വാസം ഇവിടെ പ്രചരിപ്പിക്കുവാൻ പരിശ്രമി

ക്കയും ചെയ്തു. തൽഫലമായി മല്ലപ്പള്ളി, കങ്ങഴ, അയർക്കുന്നം, പുതുപ്പള്ളി, ഉപ്പുതറ ആദിയായ ഏതാനും സ്ഥലങ്ങളിൽ ഈ സഭ പ്രചരിക്കയുണ്ടായി. "യഹോവയുടെ സാക്ഷികൾ" എന്ന പേരോടു കൂടിയ ഒരു വിഭാഗവും ഇവരുടെ കൂട്ടത്തിലുണ്ട്. റസ്സൽ സഭയിൽ ചേർന്നിരുന്ന പലരും തിരിച്ച് ഇതര സഭകളിൽ ചേരുകയാൽ ഇപ്പോൾ 1000-ൽ കൂടുതൽ അംഗങ്ങൾ ഈ സഭയ്ക്ക് ഇവിടെ ഇല്ല. ആസന്നഭാവിയിൽ ലോകരംഗത്തുനിന്നും തിരോധാനം ചെയ്യേണ്ടി വരുന്ന അകത്തോലിക്കാ സഭകളുടെ പട്ടികയിൽ ഈ സഭയുടെ നാമവും ഉൾപ്പെടുത്തുവാൻ സാധിക്കും.

## IV. പ്രത്യക്ഷ രക്ഷാ ദൈവസഭ (P. R. D. S.)

തിരുവല്ലായിൽനിന്നും നാലു മൈൽ കിഴക്ക് ഇരവിപേരൂർ എന്ന സ്ഥലത്തു പൊയ്കയിൽ യോഹന്നാൻ എന്നയാൾ നാല്പത്തിയഞ്ചു വർഷങ്ങൾക്കു മുൻപ് സ്ഥാപിച്ചതാണ് ഈ സഭ. ഒരു ഹൈന്ദവൻ (പറയ സമുദായാംഗം) ആയിരുന്ന യോഹന്നാൻ മാർത്തോമ്മാ സഭയിൽ ചേരുകയും പിന്നീട് വിശ്വാസസ്നാനം സ്വീകരിച്ച് ബ്രദർ സഭാംഗമായിത്തീരുകയും ചെയ്തു. അനന്തരം പുലയർ, പറയർ ആദിയായ താണ ജാതികളിൽനിന്നും ഒട്ടനേകർക്ക് ജ്ഞാനസ്നാനം നല്കി "പ്രത്യക്ഷരക്ഷാ ദൈവസഭ" എന്ന പേരിൽ ഒരു പുതിയ സഭ ഇയാൾ സ്ഥാപിച്ചു. ദൈവത്തിന്റെ ഒരു പ്രത്യേക ദൂതനാണ് താനെന്നു സാധുക്കളായ തന്റെ അനുയായികളെ യോഹന്നാൻ വിശ്വസിപ്പിച്ചിരുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമായി 50,000 ത്തോളം ആളുകൾ ബാഹ്യമായ അഭിവൃദ്ധിയെ മാത്രം ഉദ്ദേശിച്ച് പൊയ്കയിൽ യോഹന്നാനെ "അപ്പച്ചനായി" കരുതി പ്രത്യക്ഷ രക്ഷാ ദൈവസഭയിൽ ചേർന്നിരുന്നു. ഇക്കൂട്ടത്തിൽ ഏതാനും സുറിയാനിക്കാരും ഉൾപ്പെട്ടിരുന്നു. പിതാവായ ദൈവത്തിന്റെ അവതാരമാണു യോഹന്നാൻ എന്ന് ഇവരിൽ ഭൂരിപക്ഷവും വിശ്വസിച്ചിരുന്നുവത്രേ. മിക്കവാറും ബ്രദറൺ സഭയുടെ വിശ്വാസാചാരങ്ങൾ തന്നെയായിരുന്നു ഈ സഭയുടെ അംഗങ്ങളും സ്വീകരിച്ചിരുന്നതു്.

1938-ൽ പ്രസ്തുത സഭയുടെ സ്ഥാപകനും നേതാവുമായിരുന്ന പൊയ്കയിൽ യോഹന്നാൻ നിര്യാണമടഞ്ഞതോടുകൂടെ പ്രസ്തുത സഭയുടെ ശനിദശയും ആരംഭിച്ചു. യോഹന്നാന്റെ മരണശേഷം അയാളുടെ ഭാര്യ ജ്ഞാനമ്മ പ്രസ്തുത സഭയുടെ ഭരണഭാരം ഏറെറടുത്തുവെങ്കിലും ഏതാനും വർഷങ്ങൾക്കുശേഷം അവരും സഭാംഗങ്ങളിൽ ബഹുഭൂരിപക്ഷവും ഹൈന്ദവമതാനുയായികളായിത്തീരുകയാണുണ്ടായതു്.

എങ്കിലും ഒരു കൂട്ടർ ഞാലികുഴിയിൽ യോഹന്നാൻ എന്നയാളിന്റെ നേതൃത്വത്തിൽ ക്രിസ്ത്യാനികളായി ഇപ്പോഴും അവശേഷിച്ചിട്ടുണ്ട്. ഇവരുടെ സംഖ്യ അയ്യായിരത്തോളം വരും.

പ്രത്യക്ഷരക്ഷാദൈവസഭ വകയായി ഉണ്ടായിരുന്ന സ്വത്തുക്കളുടെ അവകാശത്തെ സംബന്ധിച്ച് ഞാലികുഴിയിൽ യോഹന്നാനും ജ്ഞാനമ്മയും വാദിപ്രതികളായി കോട്ടയംജില്ലാക്കോടതിയിൽ ഇപ്പോഠം കേസു നടന്നുകൊണ്ടിരിക്കയാണ്. പൊയ്കയിൽ യോഹന്നാന്റെ സാക്ഷാൽ അനുഗാമി താനാണെന്നും തന്മൂലം സ്വത്തുക്കളുടെ അവകാശം തനിക്കാണു കിട്ടേണ്ടതെന്നും ജ്ഞാനമ്മയും, പ്രത്യക്ഷരക്ഷാ ദൈവസഭ ഒരു ക്രൈസ്തവ സഭയാണെന്നും ഹൈന്ദവമതത്തെ സ്വീകരിച്ചിരിക്കുന്ന ജ്ഞാനമ്മയ്ക്കു പ്രസ്തുത സഭാസ്വത്തിന്മേൽ യാതൊരു അവകാശവുമില്ലെന്നും ഞാലികുഴിയിൽ യോഹന്നാനും ശക്തിയായി വാദിച്ചുകൊണ്ടിരിക്കുന്നു. ഈദൃശസാഹചര്യങ്ങളിൽ പ്രസ്തുത സഭയുടെ ഭാവിയെപ്പററി സന്ദേഹിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

## V. ലൂതറൻ മിഷ്യൻ

പ്രോട്ടസ്റ്റൻറ് സഭയിലെ പ്രസ്ബിറേററിയൻ സഭാവിഭാഗത്തിൽ ഉൾപ്പെടുത്താവുന്ന ഒരു സഭയത്രേ ഇതു്. നവീകരണ കർത്താവായ മാർട്ടിൻലൂഥറിന്റെ സാക്ഷാൽ അനുഗാമികഠം തങ്ങളാണെന്നു് ഇവർ സ്വയം അഭിമാനിക്കുന്നുണ്ടു്. സത്യസഭ തങ്ങളുടേതു മാത്രമാണെന്നും, ഇതര സഭാവിഭാഗക്കാരുമായി ആദ്ധ്യാത്മികമായി യാതൊരു സമ്പക്കവും പാടില്ലെന്നും, തങ്ങളുടെ സഭയ്ക്കു പുറമേ രക്ഷയില്ലെന്നും ഇവർ ശക്തിയുക്തം പഠിപ്പിക്കുന്നു.

ലൂഥറൻ മിഷ്യനറിമാർ 1911-ൽ തിരുവനന്തപുരത്തു് പേരൂക്കട എന്ന സ്ഥലത്തു എത്തി വേലയാരംഭിച്ചു. തൽഫലമായി തെക്കൻ തിരുവിതാംകൂറിലും പരിസരങ്ങളിലുമായി 70-ൽപരം സ്ഥലങ്ങളിൽ സ്ഥാപനങ്ങഠം നിമ്മിക്കുന്നതിനും പതിനായിരത്തിൽപരം അക്രൈസ്തവരെ തങ്ങളുടെ സഭയിൽ ചേക്കുന്നതിനും ഇവക്കു സാധിച്ചിട്ടുണ്ടു്. തെന്നിന്ധ്യൻ ഐക്യസഭയുമായി യോജിക്കാതെ സ്വതന്ത്രരായിത്തന്നെ ഇപ്പോഠം ഇവർ നിലകൊള്ളുന്നു. പരോപകാരപ്രദമായ ഏതാനും ആശുപത്രികളും 50-ഓളം സ്കൂളുകളും സ്ഥാപിച്ചു പൊതുജനസേവനം ഇവർ നിർവഹിച്ചു കൊണ്ടിരിക്കുന്നുണ്ടു്.

അദ്ധ്യായം 25

# ക്രൈസ്തവ പുനരൈക്യം

വിവിധ സഭാവിഭാഗങ്ങളിലായി നിലകൊള്ളുന്നതുനിമിത്തം യാതൊരു പ്രത്യേകഗുണവും തങ്ങൾക്കു സിദ്ധിക്കുന്നില്ലെന്നു മാത്രമല്ല ഏതൻമൂലം നിരവധി ദോഷങ്ങൾ സംഭവിക്കുകയും ചെയ്യുന്നു എന്ന പരമാൎത്ഥം സകല ക്രൈസ്തവരും സമ്മതിക്കുന്നുണ്ട്. ഈദൃശഭിന്നത നിമിത്തം മൂന്നുവിധ ദോഷങ്ങൾ സംഭവിക്കുന്നതായിട്ടാണ് അനുഭവത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നതു്.

## I. ബാഹ്യവും ആഭ്യന്തരവുമായുള്ള അഭിവൃദ്ധിക്കു വിഘാതം

സുസംഘടിതമായ പ്രവൎത്തനം നിമിത്തമേ ഏതൊരു രാഷ്ട്രത്തിനും, സമുദായത്തിനും, സംഘടനയ്ക്കും അഭിവൃദ്ധി ഉണ്ടാകയുള്ളു എന്നതു് കേവലം പരമാൎത്ഥം മാത്രമാണ്. ക്രൈസ്തവരുടെ അസംഘടിതമായ ഈദൃശഭിന്നതമൂലം അവശ്യാനുസരണം ദൈവാലയങ്ങൾ, വിദ്യാലയങ്ങൾ, പരോപകാരസ്ഥാപനങ്ങൾ എന്നിവ നിൎമ്മിക്കുന്നതിനോ അവ ശ്രേയസ്കരമാംവിധം നടത്തുന്നതിനോ സാധിക്കുന്നില്ല. ബാഹ്യമായ അഭിവൃദ്ധിയെ ഏറെക്കുറെ ആശ്രയിച്ചാണ് ആഭ്യന്തരമായ അഥവാ ആദ്ധ്യാത്മികമായ അഭിവൃദ്ധിയും നിലകൊള്ളുന്നതു്. കേരളത്തിൽത്തന്നെയുള്ള ചില സഭകളുടെ ഇടയിൽ നടക്കുന്ന മത്സരങ്ങളും, കലഹങ്ങളും, വ്യവഹാരങ്ങളും നിമിത്തം ബാഹ്യവും ആഭ്യന്തരവുമായ നിലയിൽ പ്രസ്തുത സഭകൾ എത്രമാത്രം അധഃപതിച്ചിരിക്കുന്നുവെന്ന് അവയുടെ ആധുനികസ്ഥിതി വെളിപ്പെടുത്തുന്നുണ്ടു്. ആകയാൽ ക്രൈസ്തവസഭകളുടെ ഐകമത്യം അഥവാ പുനരൈക്യം ദ്വിവിധ പുരോഗതിക്കും അത്യന്താപേക്ഷിതമെന്നു സിദ്ധിക്കുന്നു.

## II. അക്രൈസ്തവരുടെ മാനസാന്തരത്തിനു തടസ്സം

സമാധാനദാതാവായ ക്രിസ്തുവിൻെറ സുവിശേഷം ഒരു അക്രൈസ്തവൻെറ മുമ്പാകെ ഘോഷിക്കുവാൻ സന്നദ്ധനാകുന്ന ക്രൈസ്തവനോടു് ആ അക്രൈസ്തവ സഹോദരൻ പറയുന്നതു് ഇപ്രകാരമായിരിക്കും:—

ത്രദ്യമായി നിന്നെത്തന്നെ സുഖപ്പെടുത്തുക". ക്രൈസ്തവസഭ
"വൈദ്യാ, ലുള്ള ഭിന്നതയും, മത്സരവും, കലഹവും അക്രൈസ്തവരുടെ
കൾ ത സത്തിനു പാത്രീഭവിച്ചിരിക്കുന്നു എന്നുമാത്രമല്ല, ക്രിസ്തുമതാശ്ലേ
പ ന്നത്തിനു് ഒരു വിലങ്ങുതടിയായി പരിണമിക്കുകയും ചെയ്തിരിക്കുന്നു. റമ്മുടെ മാതൃരാജ്യമായ ഭാരതത്തിലുള്ള അനേകകോടി അക്രൈസ്തവരുടെ മാനസാന്തരത്തിനുവേണ്ടി പ്രവർത്തിക്കുവാൻ സാദ്ധ്യമല്ലാത്തവിധത്തിലാണു വിവിധസഭാവിഭാഗത്തിലായുള്ള ക്രൈസ്തവരുടെ ഇന്നത്തേ നില എന്നുള്ള വാസ്തവം സങ്കടസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ആകയാൽ ക്രൈസ്തവർ ഏകയോഗക്ഷേമമായി നിലകൊണ്ടു് സുസംഘടിതമായ പ്രവർത്തനം നടത്തുന്നപക്ഷം അക്രൈസ്തവരുടെ മാനസാന്തരം ക്ഷിപ്രസാദ്ധ്യമായിത്തീരുമെന്നുള്ളതിനു തെല്ലും സംശയമില്ല.

## III. പ്രതികൂലശക്തികളുടെ മുമ്പിൽ പരാജയം

ക്രിസ്തുമതത്തിനെതിരായി അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന പ്രതികൂലശക്തികളെ പരാജയപ്പെടുത്തണമെങ്കിൽ നിശ്ചയമായും ക്രൈസ്തവർ യോജിക്കേണ്ടതു് അത്യന്താപേക്ഷിതമാണു്. "ഐകമത്യം മഹാബലം" എന്ന തത്വം ക്രൈസ്തവർ പ്രായോഗികമാക്കിത്തീർക്കുന്നപക്ഷം സുസംഘടിതവും ക്രിസ്തീയവുമായ പ്രവർത്തനത്തിന്റെ മുമ്പാകെ ഏതു പൈശാചികശക്തിയും നാമാവിശേഷമായിത്തീരുകതന്നെ ചെയ്യും. നേരെ മറിച്ചു്, ക്രൈസ്തവസഭകളുടെ ഇന്നത്തേ വിഭിന്ന നില പ്രതികൂലശക്തികളുടെ പ്രവർത്തനങ്ങൾക്കു വിജയം കൈവരിക്കുവാൻ സഹായിക്കുകയത്രേ ചെയ്യുന്നതു്. റഷ്യയിലേ യവുനായസഭയും ചൈനയിലേ പ്രൊട്ടസ്റ്റൻറു സഭകളും കമ്മ്യൂണിസവ്യാഘ്രത്തിന്റെ പിടിയിൽ അകപ്പെടുന്നതിനും തദ്വാരാ, ക്രൈസ്തവവിശ്വാസത്തിൽനിന്നും വ്യതിചലിച്ചു് നാശഗർത്തത്തിൽ നിപതിക്കുന്നതിനും ഇടയാക്കിത്തീർത്ത പ്രധാന കാരണം പ്രസ്തുത സഭകളുടെ ഇടയിലുള്ള അനൈക്യവും വിഭിന്ന നിലയുമാണെന്നുള്ളതു സുസ്പഷ്ടമത്രേ. ആകയാൽ ക്രൈസ്തവ പുനരൈക്യം കഴിയുംവേഗം സുസാദ്ധ്യമാക്കിത്തീർക്കാത്തപക്ഷം പ്രതികൂലശക്തികളുടെ മുമ്പാകെ ക്രൈസ്തവ പ്രവർത്തനങ്ങൾക്കു പരാജയം സംഭവിക്കുമെന്നുള്ളതിനു തെല്ലും സംശയമില്ല.

ഈദൃശ കാരണങ്ങളാൽ ക്രൈസ്തവർ യോജിക്കേണ്ടതു് അവശ്യം ആവശ്യമാണെന്നു് സകല ക്രൈസ്തവരും ഒരുപോലെ സമ്മതിക്കുന്നുണ്ടു്.

പക്ഷേ, ഏതാദൃശയോജിപ്പിന്റെ അഥവാ പുനരൈക്യത്തിന്റെ മാറ്റ്ങ്ങൾ ഏവയെല്ലാമായിരിക്കണമെന്ന വിഷയത്തിൽ ക്രൈസ്തവർ യോജിക്കാത്തതാണു പുനരൈക്യത്തിന് ഒരു പ്രധാന പ്രതിബന്ധമായിത്തീന്നിരിക്കുന്നതു്. ആകയാൽ പുനരൈക്യവിഷയത്തിൽ ക്രൈസ്തവരുടെ ഇടയിലുള്ള വിവിധാഭിപ്രായങ്ങളെപ്പററിയും യഥാൎത്ഥപുനരൈക്യത്തിനുള്ള മാറ്റ്ത്തെക്കുറിച്ചും ഈ അദ്ധ്യായത്തിൽ പ്രതിവാദിക്കുവാൻ ഉദ്ദേശിക്കുന്നു.

## പരസ്പര സംസർഗ്ഗം

വിഭിന്നങ്ങളായ വിശ്വാസങ്ങളോടുകൂടിയും വിവിധാധികാരികളുടെ കീഴിലും പല പല സഭകളിലായി നിലകൊള്ളുന്ന ക്രൈസ്തവർ പരസ്പര സംസൎഗ്ഗത്തിൽ കഴിയുന്നുവെങ്കിൽ അതിനെ യഥാൎത്ഥ ക്രൈസ്തവ പുനരൈക്യമായി പരിഗണിക്കാമെന്നു ക്രൈസ്തവരിൽ ഒരുകൂട്ടർ അഭിപ്രായപ്പെടുന്നു. ഉദാഹരണാൎത്ഥം കേരളത്തിൽ ഇപ്പോഴുള്ള യാക്കോബായ സഭയും മാർത്തോമ്മാസഭയും തമ്മിൽ വിശ്വാസവിഷയത്തിൽ വ്യത്യാസമുണ്ടെങ്കിലും പ്രസ്തുത സഭകളിലേ അംഗങ്ങൾ അന്യോന്യ സംസൎഗ്ഗത്തിൽ വൎത്തിച്ചാൽ അതു ഇരുസഭകളും തമ്മിലുള്ള പുനരൈക്യമാകുമെന്നാത്രേ ഇവരുടെ അഭിപ്രായം. "പരസ്പരസംസൎഗ്ഗ"മെന്ന പദപ്രയോഗത്താൽ ഇവർ വിവക്ഷിക്കുന്ന അൎത്ഥം ആദ്ധ്യാത്മികകാൎയ്യങ്ങളിൽ അതായതു പ്രാൎത്ഥന, വി. കുർബാന, ഇതര കൂദാശകൾ എന്നിവയിലുള്ള സഹകരണമാണെന്നുള്ളതിനു സംശയമില്ല. പക്ഷേ, യാക്കോബായ-മാർത്തോമ്മാസഭാംഗങ്ങൾ തമ്മിലുള്ള ഏതാദൃശസംസൎഗ്ഗം വിശ്വാസത്തിൽ യോജിപ്പില്ലാത്ത കാലത്തോളം സാദ്ധ്യമല്ലെന്നു സുനിശ്ചിതമായി പ്രസ്താവിക്കുവാൻ സാധിക്കും.

ദൈവസന്നിധിയിൽ ഒരുമിച്ചിരുന്ന് ഒരു യാക്കോബായക്കാരനും മാർത്തോമ്മാക്കാരനും പ്രാൎത്ഥിക്കുവാൻ തുടങ്ങുന്നുവെന്നു തൽക്കാലത്തേക്കു സങ്കല്പിക്കാം. മാർത്തോമ്മാക്കാരൻ അയാളുടെ ഇഷ്ടംപോലെ മനസ്സിൽ തോന്നുന്നതെല്ലാം ഉച്ചസ്വരത്തിൽ പ്രാൎത്ഥിക്കുവാൻ തുടങ്ങുമ്പോൾ അതിനെ തടഞ്ഞുകൊണ്ടു യാക്കോബായ സഹോദരൻ "സഹോദരാ, 'വായിൽ വരുന്നതു് കോതയ്ക്കു പാട്ടു്' എന്ന വിധമുള്ള നിങ്ങളുടെ തോന്ന്യാസപ്രാൎത്ഥനയിൽ സംബന്ധിക്കുവാൻ ഞാൻ തയ്യാറില്ല. ദൈവത്തോടു പ്രാൎത്ഥിക്കുന്നതിനു പുരാതന പിതാക്കന്മാർ എഴുതിയിട്ടുള്ളവയും തിരുസ്സഭ അംഗീകരിച്ചിട്ടുള്ളവയും, അതിമനോഹരങ്ങളുമായ പ്രാൎത്ഥന

കഠം ചൊല്ലുന്നതാണ് അനുഗ്രഹപ്രദവും പ്രയോജനകരവും. അതിനു പകരമുള്ള നിങ്ങളുടെ ഈ ജല്പനത്തിൽ സംബന്ധിക്കുവാൻ ഞാൻ സന്നദ്ധനല്ല" എന്നു പറഞ്ഞുകൊണ്ടു യാക്കോബായക്കാരൻ തൽക്ഷണം അവിടെ നിന്നും കടന്നു കളയും. മറിച്ചു യാക്കോബായക്കാരനായ സഹോദരനാണു പ്രാർത്ഥിക്കുവാൻ തുടങ്ങുന്നതെങ്കിൽ വിശുദ്ധന്മാർക്കു വേണ്ടിയുള്ള അപേക്ഷ, മരിച്ചവൎക്കുവേണ്ടിയുള്ള പ്രാർത്ഥന എന്നിവ അവൻ ചൊല്ലുമെന്നുള്ളതു നിശ്ചയമാണ്. ആ അവസരത്തിൽ മാർത്തോമ്മാക്കാരനാകട്ടെ, പ്രസ്തുത പ്രാർത്ഥന വേദവിപരീതവും മൂഢാചാരവുമാണെന്നു പരിഹസിച്ചുകൊണ്ട് ഉടൻതന്നെ അവിടെ നിന്നും സ്ഥലംവിടുകയും ചെയ്യും. അങ്ങനെ പ്രാർത്ഥനയിലുള്ള "പരസ്പരസംസൎഗ്ഗം" അവസാനം പരസ്പര വിദ്വേഷത്തിനുമാത്രം കാരണമായിത്തീരുകയും ചെയ്യും.

ഇനിയും വി. കർബാന, കുമ്പസാരംആദിയായ കൂദാശകളിലും മററും വിഭിന്നവിശ്വാസം നില നില്ക്കുന്ന കാലത്തോളം യാക്കോബായ മാർത്തോമ്മാ സംസൎഗ്ഗം പ്രായോഗികമായിത്തീരുന്നതല്ല. ഒരു മാർത്തോമ്മാ വൈദികൻ അൎപ്പിക്കുന്ന കുർബാനയിൽ സംബന്ധിക്കുവാൻ ത്രിവിധ കാരണങ്ങളാൽ ഒരു യഥാർത്ഥ യാക്കോബ്യന് ഒരു കാലത്തും സാധിക്കുന്നതല്ല.

1. ശീശ്മസഭ. മാർത്തോമ്മാസഭയെ മുടക്കപ്പെട്ട ഒരു ശീശ്മസഭയായിട്ടാണു യാക്കോബായസഭ പരിഗണിക്കുന്നതു്. ശീശ്മസഭയിലെ ഒരു വൈദികൻ അൎപ്പിക്കുന്ന കുർബാനയിലോ ഇതരകൂദാശകളിലോ സംബന്ധിക്കുവാൻ യാക്കോബായസഭ തദംഗങ്ങളെ അനുവദിക്കുകയില്ല.

2. പട്ടത്വം. മാർത്തോമ്മാസഭയിലെ കൈവെപ്പ് സാധുവല്ലെന്നാണ് യാക്കോബായസഭ പഠിപ്പിക്കുന്നതു്. തന്നിമിത്തം ഒരു മാർത്തോമ്മാ വൈദികനെ വെറും അല്മേനിയായിട്ടുമാത്രമേ യാക്കോബായക്കാർക്കു പരിഗണിക്കുവാൻ നിവൃത്തിയുള്ളൂ. അല്മേനി അൎപ്പിക്കുന്ന കുർബാന കുർബാനയല്ലാത്തതിനാൽ യാക്കോബായസഹോദരൻ അതിൽ സംബന്ധിക്കുന്നതല്ല.

3. വിശ്വാസം. വി. കുർബാന ബലിയല്ലെന്നും ക്രിസ്തുവിൻെറ സാന്നിദ്ധ്യം വി. കുർബാനയിൽ ഇല്ലെന്നും പഠിപ്പിക്കുന്ന ഒരു മാർത്തോമ്മാവൈദികൻെറ കുർബാനയിൽ സംബന്ധിക്കുവാൻ വി. കുർബാന ബലിയാണെന്നും, ക്രിസ്തുവിൻെറ തിരുശരീരരക്തങ്ങളാണെന്നും വിശ്വസിക്കുന്ന ഒരു യാക്കോബായക്കാരനെ അവൻെറ മനസ്സാക്ഷി ഒരു കാലത്തും അനുവദിക്കുന്നതല്ല. അപ്രകാരംതന്നെ വി. കുർബാനയെപ്പററിയുള്ള യാക്കോബായവിശ്വാസം മൂഢവിശ്വാസമാണെന്നു പരിഹസിക്കുകയും വി. കുർബാനയുടെ മുമ്പാകെ യാക്കോബായക്കാർ പ്രകടിപ്പിക്കുന്ന ഭക്തിബഹുമാനങ്ങളെ വിഗ്രഹാരാധനയായി പരിഗണിക്കുകയും ചെയ്യുന്ന മാർത്തോമ്മാക്കാർ യാക്കോബായവൈദികൻ അർപ്പിക്കുന്ന കുർബാനയിൽ സംബന്ധിക്കയില്ലെന്നുള്ളതു സുനിശ്ചിതമാണു്. ഇങ്ങനെ ഇരുകൂട്ടരും കുർബാനയിൽ പരസ്പരം സംബന്ധിക്കാത്ത സ്ഥിതിക്കു വി. കുർബാന സ്വീകരിക്കയില്ലെന്നുള്ളതു് അനുക്തസിദ്ധമാണല്ലോ.

അപ്രകാരംതന്നെ അധികാരകേന്ദ്രവും വിഭിന്നമായിരിക്കുന്നതും പരസ്പരസംസർഗ്ഗത്തിനു പ്രതിബന്ധമായിട്ടു മാത്രമേ തീരുകയുള്ളു എന്നതിനും സന്ദേഹമില്ല. വിശ്വാസവിപരീതികളുമായി ആദ്ധ്യാത്മികവിഷയങ്ങളിൽ സംസർഗ്ഗം നടത്തുന്നതിനു സ്വസഭാംഗങ്ങളുടെ ക്ഷേമത്തെ കാംക്ഷിക്കുന്ന സാക്ഷാൽ അധികാരികൾ ഒരു കാലത്തും അനുവദിക്കുന്നതല്ല. ആകയാൽ വിശ്വാസത്തിലും അധികാരത്തിലും വിഭിന്നനില പാലിക്കുന്ന കാലത്തോളം പരസ്പരസംസർഗ്ഗമോ ക്രൈസ്തവപുനരൈക്യമോ സുസാദ്ധ്യമാകയില്ലെന്നുള്ള വാസ്തവം പ്രസ്പഷ്ടമായി തെളിയുന്നു.

## വിശ്വാസത്തിലുള്ള ഐക്യം

ക്രൈസ്തവപുനരൈക്യകാംക്ഷികളായ വേറൊരു കൂട്ടർ അഭിപ്രായപ്പെടുന്നതു, വിവിധസഭാധികാരികളുടെ കീഴിൽ വിവിധസഭകളിലായി നിലകൊണ്ടാലും വിശ്വാസവിഷയങ്ങളിൽ യോജിപ്പുണ്ടെങ്കിൽ അതു യഥാർത്ഥക്രൈസ്തവപുനരൈക്യമാകും എന്നത്രേ. ഉദാഹരണാർത്ഥം യൗനായസഭയിലെ അംഗങ്ങൾ സ്വതന്ത്രരായ പതിനാറോളം പാത്രിയർക്കീസന്മാരുടെ കീഴിൽ വിവിധസഭകളിലെന്നപോലെ വർത്തിക്കുന്നു എങ്കിലും വിശ്വാസവിഷയങ്ങളിൽ പ്രസ്തുത സഭാംഗങ്ങൾ തമ്മിലുള്ള ഐക്യം ഏകസഭയെന്നോണം യൗനായസഭയെ പുരോ

ഗമിപ്പിക്കുന്നു എന്നാണ് അവർ പറയുന്നതു്. അപ്രകാരംതന്നെ കേരളത്തിലേ ബാവാകക്ഷിക്കാരും മെത്രാൻ കക്ഷിക്കാരും (ഇപ്പോൾ യാക്കോബായസഭയും ഓർത്തഡോക്സ് സഭയും) ഇരുസഭകളിലായി വിവിധാധികാരികളുടെ കീഴിൽ സ്ഥിതിചെയ്യുന്നു എങ്കിലും വിശ്വാസവിഷയങ്ങളിൽ കാര്യമായ വ്യത്യാസമില്ലാത്തതിനാൽ ക്രൈസ്തവ പുനരൈക്യത്തിൻെറ പരിധിയിൽ അതും ഉൾപ്പെട്ടമത്രേ. മേല്പറഞ്ഞ സഭകളെപ്പററി സൂക്ഷ്മപഠനം നടത്തിയിട്ടുള്ളവർക്ക് — പ്രസ്തുത സഭകളുടെ ആധുനികനിലയെപ്പററി അല്പമെങ്കിലും അറിയാവുന്നവർക്ക് — ഏതാദൃശനിലയെ ക്രൈസ്തവപുനരൈക്യമായിട്ടോ ബാഹ്യവും ആഭ്യന്തരവുമായ അഭിവൃദ്ധിക്കു നിദാനമായിട്ടോ പരിഗണിക്കുവാൻ സാധിക്കുന്നതല്ല. പത്തുകോടിയോളം വരുന്ന യൗനായസഭാംഗങ്ങൾ വിവിധാധികാരികളുടെ കീഴിൽ നിലകൊള്ളുന്നതു നിമിത്തം യാതൊരു പുരോഗതിയുമില്ലാതെ പ്രതിദിനം അധഃപതിച്ചുകൊണ്ടാണിരിക്കുന്നതെന്നു പ്രസ്തുത സഭയുടെ ചരിത്രമറിയാവുന്നവർ സമ്മതിക്കതന്നെ ചെയ്യും. ക്രൈസ്തവ മതവിരോധിയായ കമ്മ്യൂണിസ്റ്റ് ഗവണ്മെൻറിൻെറ കീഴിൽ തങ്ങളുടെ ക്രൈസ്തവവിശ്വാസത്തേയും ആത്മാഭിമാനത്തേയും അടിയറവു വെയ്ക്കുവാൻ യൗനായപാത്രിയക്കീസന്മാരിൽ പലരേയും പ്രേരിപ്പിച്ചിട്ടുള്ളതിൻെറയും, ഗത്യന്തരമില്ലാതെ അതിനു് അവർ സമ്മതിച്ചിട്ടുള്ളതിൻെറയും യഥാർത്ഥകാരണം വിവിധാധികാരികളുടെ കീഴിൽ പ്രസ്തുത സഭ വിഭജിക്കപ്പെട്ടു പോയതാണെന്നുള്ളതു നിസ്സംശയമത്രേ. നിരീശ്വരന്മാരും, മതവിദ്വേഷികളുമായ റഷ്യയിലേ ഭരണാധികാരികളുടെ ചരട്ടുവലിയൊപ്പിച്ചു താളം തുള്ളുന്നതിനു് യൗനായ സഭയിൽപ്പെട്ട ഒട്ടേറെ മെത്രാന്മാരെയും വൈദികന്മാരെയും സന്നദ്ധരാക്കിത്തീർത്തിട്ടുള്ളതിൻെറ കാരണം ഇതുതന്നെയാണെന്നുള്ളതു തക്കമററ സംഗതിയത്രേ. വിവിധ പാത്രിയക്കീസന്മാരുടെ കീഴിൽ ഭിന്നിച്ചു നില്ക്കുന്ന കാലത്തോളം പ്രസ്തുത സഭയ്ക്കു ബാഹ്യമായോ ആഭ്യന്തരമായോ യാതൊരഭിവൃദ്ധിയും ഇനിയും ഉണ്ടാകുമെന്നു പ്രതീക്ഷിക്കുവാൻ നിവൃത്തിയില്ല.

യാക്കോബായ സഭയിലേ പാത്രിയക്കീസുകക്ഷിയും മെത്രാൻ കക്ഷിയും തമ്മിൽ ഇക്കഴിഞ്ഞ നാല്പതു വർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്ന കേസുകളും, വ്യവഹാരങ്ങളും,, കലഹങ്ങളും തൽഫലമായി ഇരു കക്ഷികൾക്കും ഉണ്ടായിട്ടുള്ള അധഃപതനവും അറിയാവുന്നവർ വിശ്വാസത്തിൽ മാത്രമുള്ള യോജിപ്പു പുരോഗമനപരമാണെന്നും ക്രൈസ്തവപുനരൈക്യമാണെന്നും പറയുവാൻ ധൈര്യപ്പെടുമെന്നു തോന്നുന്നില്ല. വ്യവ

സ്ഥാപിതമായ അധികാരത്തെ സംബന്ധിച്ച തക്കമുണ്ടായാൽ ഗണ്യമായ അഭിപ്രായവ്യത്യാസങ്ങൾ കൂടാതെ ദീർഘകാലം എല്ലാ വിശ്വാസസത്യങ്ങളും പാലിച്ചുകൊണ്ടു പോകുവാൻ സാധിക്കാതെ വരുന്നതാണു്. ഉദാഹരണമായി, വി. പത്രോസിന്റെ പരമാധികാരത്തെ നിഷേധിച്ചു് അപ്പസ്തോലന്മാരെല്ലാം സമാധികാരികളായിരുന്നുവെന്നു പഠിപ്പിക്കുന്നതിനു ഓത്തഡോക്സു് കക്ഷിയും, പാത്രിയക്കീസു മുടക്കിയാൽ പട്ടം മാഞ്ഞു മുടക്കപ്പെട്ടയാൾ വെറും ഒരു അല്മേനിയായിത്തീരുമെന്നു് പാത്രിയക്കീസ് കക്ഷിയും തങ്ങളുടെ നിലയെ സാധൂകരിക്കുവാൻ വേണ്ടി ഇപ്പോൾ വാദിച്ചു വരുന്നുണ്ടല്ലോ. ആകയാൽ വിവിധാധികാരികളുടെ കീഴിൽ നിലകൊള്ളുന്ന കാലത്തോളം വിശ്വാസത്തിലുള്ള യോജിപ്പു പരിപാലിച്ചുകൊണ്ടു ക്രൈസ്തവപുനരൈക്യം നിലനിത്തുവാൻ സാധിക്കുന്നതല്ലെന്നു തെളിയുന്നു.

## ഭരണത്തിലുള്ള ഐക്യം

ഇനിയും മററൊരു കൂട്ടർ അഭിപ്രായപ്പെടുന്നതു, വിശ്വാസവിഷയങ്ങളിൽ എന്തെല്ലാം അഭിപ്രായവ്യത്യാസങ്ങളുണ്ടായിരുന്നാലും ഒരധികാരകേന്ദ്രത്തിന്റെ കീഴിലാണെങ്കിൽ ക്രൈസ്തവപുനരൈക്യത്തിനു് അതു് ധാരാളം മതിയാകുമെന്നാത്രേ. ഈ അഭിപ്രായം അശേഷം സ്വീകാര്യമല്ലെന്നു, ഏക പരമാധികാരിയുടെ കീഴിൽ വിഭിന്നവിശ്വാസങ്ങളോടു കൂടിയ അംഗങ്ങൾക്കു് ഐകമത്യത്തിൽ ദീർഘകാലം നിലനില്ക്കുവാൻ സാധിച്ചിട്ടില്ലെന്നുള്ള അനുഭവം വിളിച്ചു പറയുന്നു. വിശ്വാസവിഷയങ്ങളിൽ ഭിന്നതയുള്ള ഒരു വിഭാഗം മറേറ വിഭാഗക്കാരുടെ വിശ്വാസം സ്വീകരിക്കുകയോ അഥവാ അതിനു സമ്മതമില്ലാത്തപക്ഷം ആ സഭയിൽനിന്നും വേർപെട്ടു് അധികാരത്തിലും വിശ്വാസത്തിലും വ്യത്യാസമുള്ള ഒരു പുതിയ സഭയെ രൂപവത്കരിക്കുകയോ ചെയ്യുന്നതായിട്ടാണു് ഇതുവരെയുള്ള സഭകളുടെ ചരിത്രം പഠിപ്പിക്കുന്നതു്. കാൻറർബറിയിലെ ആംഗ്ലിക്കൻ ആർച്ചുബിഷപ്പിന്റെ കീഴിൽ വിശ്വാസത്തിൽ പരസ്പരം യോജിക്കാത്ത ഹൈച്ചർച്ചുകാരും ലോച്ചർച്ചുകാരും നിലകൊള്ളുന്നതും, ഇവിടത്തെ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ കീഴിൽ യാഥാസ്ഥിതികന്മാരും ഉല്പതിഷ്ണുക്കളുമെന്നപേരിൽ വിശ്വാസയോജിപ്പില്ലാത്ത രണ്ടു കക്ഷികൾ ഒരു സഭയായി നില്ക്കുന്നതും ഇതിനു സമാധാനമായി ചിലർ ചൂണ്ടിക്കാണിച്ചേക്കാം. പക്ഷേ, പ്രസ്തുത സഭകളുടെ ഇതുപര്യന്തമുള്ള ആഭ്യന്തര ചരിത്രം ഇവരുടെ സമാധാനം ബലഹീനമാണെന്നുള്ള വാസ്തവമത്രേ തെളിയിക്കുന്നതു്. ആംഗ്ലിക്കൻ സഭയിൽ വിശ്വാസസംബന്ധമായി ഇക്ക

ഴിഞ്ഞ 300 കൊല്ലങ്ങളായി നടന്നുകൊണ്ടിരിക്കുന്ന കലഹങ്ങളും ഹൈചർച്ചുകാരിൽ അനേകായിരങ്ങളുടെ കത്തോലിക്കാസഭയിലേക്കുള്ള പ്രത്യാഗമനവും, ബാപ്‌റ്റിസ്റ്റ്, പെന്തിക്കോസ്ത് ആദിയായ സഭകളിലേക്കുള്ള ലോച്ചർച്ചുകാരുടെ പ്രവാഹവും, കാൻറർബറി ആർച്ചുബിഷപ്പിൻെറ നിരാലംബസ്ഥിതിയും വിശ്വാസവിഷയങ്ങളിൽ ഐക്യമില്ലെങ്കിൽ യഥാൎത്ഥ സമാധാനമോ പുരോഗമനമോ ഉണ്ടാകയില്ലെന്നത്രേ തെളിയിക്കുന്നതു്. ഇന്നാട്ടിലേ മാൎത്തോമ്മാസഭയിൽ ഒരധികാരിയുടെ കീഴിൽ വിഭിന്നവിശ്വാസങ്ങളോടു കൂടിയ യാഥാസ്ഥിതികന്മാരും ഉല്പതിഷ്ണുക്കളുമുണ്ടെന്നുള്ളതു് പരമാൎത്ഥം തന്നെ. പക്ഷേ, ഈ അടുത്തകാലത്തു് തക്സാപരിഷ്കരണം സംബന്ധിച്ചും എപ്പിസ്ക്കോപ്പൽ തെരഞ്ഞെടുപ്പു സംബന്ധിച്ചും പ്രസ്തുത സഭയിലുണ്ടായിട്ടുള്ളതും ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ നിരവധി കലഹങ്ങളും, ഇരുകക്ഷികളും പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നവയും പരസ്പരവിദ്വേഷം വമിപ്പിക്കുന്നവയുമായ ലഘുലേഖകളും, പഥ്യോപദേശസമിതിയുടെ പ്രവൎത്തനങ്ങളും ആ സഭയുടെ അസ്തിത്വത്തിൻെറ മുൻപാകെ ചോദ്യചിഹ്നങ്ങളായി നിലകൊള്ളുകയത്രേ ചെയ്യുന്നതു്. വിശ്വാസത്തിലുള്ള അനൈക്യം ഒരു സഭയ്ക്കുള്ളിൽ ദീൎഘകാലം നിലനിൎത്തിക്കൊണ്ടു പോകുവാൻ സാദ്ധ്യമല്ലെന്നു് ഈ വസ്തുത തെളിയിക്കുന്നു. ആകയാൽ ഏകപരമാധികാരിയെ സ്വീകരിച്ചുതു കൊണ്ടുമാത്രം ക്രൈസ്തവപുനരൈക്യം സുസ്ഥിരമാകയില്ലെന്നുള്ള വാസ്തവം സമ്മതിക്കാതിരിക്കുവാൻ നിവൃത്തിയില്ല.

അകത്തോലിക്കാസഭാംഗങ്ങളായ ചിന്തകന്മാർ ക്രൈസ്തവപുനരൈക്യാൎത്ഥം നിൎദ്ദേശിക്കുന്ന മൂന്നു മാൎഗ്ഗങ്ങളെക്കുറിച്ചാണല്ലോ മുകളിൽ പ്രതിപാദിച്ചതു്. പ്രസ്തുത മാൎഗ്ഗങ്ങൾ മൂന്നും പ്രായോഗികമല്ലെന്നും തൻമൂലം അവ സ്വീകരിക്കുവാൻ നിവൃത്തിയില്ലെന്നും വായനക്കാരായ ക്രൈസ്തവ സഹോദരങ്ങൾക്കു ബോദ്ധ്യമായിട്ടുണ്ടെന്നു വിശ്വസിക്കുന്നു. ഇനിയും കത്തോലിക്കാസഭ ഇതിനായി നിൎദ്ദേശിക്കുന്ന പ്രായോഗിക മാൎഗ്ഗം കൂടെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

## ഏകവിശ്വാസവും ഏകപരമാധികാരകേന്ദ്രവും

വിഭിന്നവിശ്വാസങ്ങളോടുകൂടിയും വിവിധാധികാരികളുടെ കീഴിലും വസിക്കുന്ന ക്രൈസ്തവരെല്ലാം ഏകവിശ്വാസം സ്വീകരിക്കുകയും ഏക പരമാധികാരിയുടെ ഭരണത്തിൻകീഴിൽ വരുകയും ചെയ്യുമ്പോൾ മാത്രമേ യഥാൎത്ഥ ക്രൈസ്തവപുനരൈക്യം സുസാദ്ധ്യമാകയുള്ളു എന്നാണു കത്തോലിക്കാസഭ പ്രബോധിപ്പിക്കുന്നതു്. സഭാസ്ഥാപകനും

ഭൂലോകരക്ഷകനുമായ ക്രിസ്തുനാഥൻ ഉദ്ദേശിച്ചിരുന്നതും ഇതുതന്നെയാണെന്ന് അവിടുന്നു അരുളിച്ചെയ്ത വചനങ്ങൾ സുസ്പഷ്ടം തെളിയിക്കുന്നു. അവിടുത്തെ ശിഷ്യന്മാരും ക്രിസ്തുമതത്തിൻെറ പ്രഥമ പ്രേഷിതരുമായിരുന്ന അപ്പസ്തോലന്മാർ ആഗ്രഹിച്ചതും പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നതും ഈദൃശഐക്യമാണെന്ന് അവരുടെ ലേഖനങ്ങൾ പ്രസ്പഷ്ടമാക്കുന്നുണ്ട്. ക്രൈസ്തവസഭയിലെ പുരാതന പിതാക്കന്മാർ അഭിലഷിച്ചിരുന്നതും ഇതുതന്നെയാണെന്ന് അവരുടെ സാക്ഷ്യങ്ങളും തെളിയിക്കുന്നു. ഇവയെല്ലാം ഓരോന്നായി ഉദ്ധരിക്കുന്നതിനു ഈ ഗ്രന്ഥത്തിൻെറ സ്ഥലപരിമിതി എന്നെ അനുവദിക്കുന്നില്ല. ഏകപരമാധികാരിയുടെ കീഴിൽ ഏകവിശ്വാസത്തിൽ യോജിക്കാത്ത കാലത്തോളം സുദൃഢമായ ഐക്യം സാദ്ധ്യമല്ലെന്നു യുക്തിയും അനുശാസിക്കുന്നു. ഈദൃശമായ ഐക്യത്തിനുപകരം കേവലം വിശ്വാസത്തിൽ മാത്രമോ അധികാരത്തിൽ മാത്രമോ ഉള്ള ഐക്യം ഒരിക്കലും പ്രായോഗികമോ സുസ്ഥിരമോ ആകയില്ലെന്ന് ഇതിനകം പല സഭകളും നടത്തിയിട്ടുള്ള ഐക്യപരിശ്രമങ്ങളുടെ ചരിത്രം തെളിയിക്കുകയും ചെയ്യുന്നു. ആകയാൽ ശ്രുതിയും, യുക്തിയും, അനുഭവവും ഒരുപോലെ അനുശാസിക്കുന്ന യഥാൎത്ഥ ക്രൈസ്തവപുനരൈക്യം വിശ്വാസത്തിലും അധികാരത്തിലുമുള്ള ഐക്യമാണെന്നു സ്പഷ്ടമായി തെളിഞ്ഞു കാണാവുന്നതാണ്.

ഈ അവസരത്തിൽ ക്രൈസ്തവരെല്ലാം ഏതു വിശ്വാസമാണു സ്വീകരിക്കേണ്ടതു്, ഏതു പരമാധികാരിയ്ക്കാണു കീഴ്വഴങ്ങേണ്ടതു് എന്നുള്ള ചോദ്യവും ഒരു യഥാൎത്ഥ സത്യാന്വേഷിയിൽ നിന്നും പുറപ്പെടുന്നതാണ്. സത്യദൈവമായ ക്രിസ്തു കല്പിച്ചതും, അവിടുത്തെ അപ്പോസ്തലന്മാർ പഠിപ്പിച്ചതും, ക്രിസ്തുവിൻെറ ശരീരമായ സഭ പ്രബോധിപ്പിക്കുന്നതുമായ വിശ്വാസമേതോ അതായിരിക്കണം യഥാൎത്ഥവിശ്വാസം. തൻെറ സഭയുടെ പരമാധികാരിയായി ഏതൊരുവനെ ക്രിസ്തു നിയമിച്ചുവോ ആ വി. പത്രോസിൻെറ യഥാൎത്ഥപിൻഗാമികളുടെ ഭരണത്തിനായിരിക്കണം എല്ലാ ക്രൈസ്തവരും വിധേയരാകേണ്ടതു്. ഇന്നു ഭൂമുഖത്തുള്ള ക്രൈസ്തവസഭകളിൽ കത്തോലിക്കാസഭ മാത്രമാണു വി. പത്രോസിൻെറ യഥാൎത്ഥപിൻഗാമികളാൽ ഭരിക്കപ്പെടുന്ന സഭ എന്നു വാസ്തവം നിഷ്പക്ഷവാദികളായ സത്യാന്വേഷികൾക്കു ബോധപ്പെടുന്നതാണ്. ആകയാൽ കത്തോലിക്കാസഭയോടുള്ള യോജിപ്പുമൂലം മാത്രമേ യഥാൎത്ഥ ക്രൈസ്തവപുനരൈക്യം കൈവരുത്തുന്നതിനും സുദൃഢമാക്കിത്തീൎക്കുന്നതിനും സാധിക്കയുള്ളു.

അദ്ധ്യായം 26

# കത്തോലിക്കാ പുനരൈക്യ സാഹചര്യങ്ങളും പ്രതിബന്ധങ്ങളും

കേരളക്കരയിൽ നിവസിക്കുന്ന പന്ത്രണ്ടുലക്ഷത്തോളം അകത്തോലിക്കാസഹോദരങ്ങൾക്കു റോമാമാർപ്പാപ്പായുടെ പരമാധികാരം സ്വീകരിച്ചു കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിനുള്ള സകല സൗകര്യങ്ങളും സാഹചര്യങ്ങളും ഇതിനകം സംലബ്ധമായിട്ടുണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല. പുത്തൻകൂർ വിഭാഗം കേരളത്തിൽ ഉണ്ടായതിനു ശേഷമുള്ള ഇക്കഴിഞ്ഞ മുന്നൂറുവർഷക്കാലവും തങ്ങളുടെ സഹോദരങ്ങളെ മാതൃസഭയിലേക്കു് ആനയിക്കുന്നതിനുവേണ്ടി ഇവിടുത്തെ പഴയക്കൂറുകാരായ കത്തോലിക്കർ അശ്രാന്തം പരിശ്രമിച്ചുകൊണ്ടാണിരുന്നിട്ടുള്ളതു്. പുനരൈക്യപ്രസ്ഥാനം ആരംഭിച്ചതിനുശേഷം ഇക്കഴിഞ്ഞ ഇരുപത്തിയഞ്ചുവർഷക്കാലവും അകത്തോലിക്കാസഹോദരങ്ങളുടെ പുനരൈക്യാർത്ഥം വ്യാപകമായും ശക്തിമത്തായുമുള്ള പ്രവർത്തനങ്ങളാണു നടത്തിക്കൊണ്ടിരുന്നിട്ടുള്ളതു്. അകത്തോലിക്കരുടെ എല്ലാ കേന്ദ്രങ്ങളിലും സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനും, പ്രസംഗങ്ങൾ നടത്തുന്നതിനും, പ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിക്കുന്നതിനും ഇതിനകം സാധിച്ചു കഴിഞ്ഞിട്ടുണ്ടു്. വൈദികന്മാർ, കന്യാസ്ത്രീകൾ, ഉപദേശിമാർ ആദിയായ കത്തോലിക്കാമിഷ്യനറിമാർ ശതക്കണക്കിനു കേരളത്തിലുള്ള മിക്കവാറും എല്ലാ സ്ഥലങ്ങളിലും പുനരൈക്യപ്രസ്ഥാനം ശക്തിമത്തായി നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഏവംവിധം കത്തോലിക്കാസഭയെപ്പററി സമ്യക്കായി ഗ്രഹിക്കുന്നതിനും പ്രസ്തുത സഭയെ ആശ്ലേഷിക്കുന്നതിനുമുള്ള സകല സാഹചര്യങ്ങളുമാണു് ഇവിടുത്തെ അകത്തോലിക്കാസഭാംഗങ്ങൾക്കു് ഇതിനകം സംലബ്ധമായിട്ടുള്ളതു്.

## ആധുനിക നില

കേരളത്തിലേ അകത്തോലിക്കാസഭകളുടെ ആധുനികസ്ഥിതി ശരിയ്ക്കു പഠിക്കുകയും നിഷ്പക്ഷബുദ്ധ്യാ ചിന്തിക്കുകയും ചെയ്യുന്ന ഒരു അകത്തോലിക്കൻ താൻ ഉൾപ്പെട്ടു നില്ക്കുന്ന സഭയെ പരിത്യജിച്ചു

കത്തോലിക്കാസഭയെ ആശ്ലേഷിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. അത്രമാത്രം കുഴപ്പങ്ങളാണ് പ്രസ്തുത സഭകളിൽ പ്രതിദിനം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. യാക്കോബായ ഓർത്തഡോക്സ് സഭകളിൽ "ഭരണക്കുഴപ്പ"മെങ്കിൽ മാർത്തോമ്മാസഭയിൽ "വിശ്വാസക്കുഴപ്പ"വും പ്രോട്ടസ്റ്റൻറസഭയിൽ "വിഭാഗക്കുഴപ്പ"വുമാണു സർവ്വത്ര നടമാടിക്കൊണ്ടിരിക്കുന്നത്. കക്ഷിമത്സരവും, നിസ്വാർത്ഥരായ നേതാക്കന്മാരുടെ അഭാവവും, ഭരണഘടനയുടെ കുഴപ്പവും, വേണ്ടത്ര പാണ്ഡിത്യമോ പരിശീലനമോ സിദ്ധിച്ചിട്ടില്ലാത്ത വൈദികാധികാരികളുടെ ആദ്ധ്യാത്മികനേതൃത്വവും നിമിത്തമാണു പ്രസ്തുത സഭകൾ യാതൊരു നിലയിലും പുരോഗമിക്കാത്തതെന്നുള്ള പരമാർത്ഥം സൂക്ഷ്മാന്വേഷകന്മാർക്കു ബോധപ്പെടുന്നതാണ്. തങ്ങളുടെ സഭയ്ക്കു കാര്യമായ അഭിവൃദ്ധി ഉണ്ടാകുന്നില്ലെന്നും, ഉണ്ടാകുവാൻ സാദ്ധ്യമല്ലെന്നും, നേരേമറിച്ചു, കത്തോലിക്കാസഭ പ്രതിദിനം ശക്തി പ്രാപിച്ചു അഭിവൃദ്ധ്യോന്മുഖമായി പുരോഗമിച്ചു കൊണ്ടിരിക്കുന്നുവെന്നും ബോദ്ധ്യപ്പെട്ടതിൻെറ ഫലമായിട്ടല്ലയോ അകത്തോലിക്കാ സഹോദരങ്ങൾ സഹസ്രക്കണക്കിന് കത്തോലിക്കാസഭയെ ആശ്ലേഷിച്ചുകൊണ്ടിരിക്കുന്നത്? ഈദൃശബോദ്ധ്യം നിമിത്തമല്ലയോ അനേകായിരം അകത്തോലിക്കർ കത്തോലിക്കാസഭാശ്ലേഷണത്തിനു് ഇനിയും സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ടുമിരിക്കുന്നത്?

## ആരാധനക്രമങ്ങൾ

കേരളത്തിലേ യാക്കോബായ, ഓർത്തഡോക്സ്, മാർത്തോമ്മാ ആദിയായ സഭകളിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ആരാധനക്രമവും കൂദാശക്രമവും കാര്യമായ വ്യത്യാസം വരുത്താതെ തന്നെ ഉപയോഗിക്കുന്നതിനുള്ള അനുവാദം റോമാസിംഹാസനത്തിൽ നിന്നും ലഭിച്ചുകഴിഞ്ഞിരിക്കുന്നതിനാൽ കത്തോലിക്കാപുനരൈക്യത്തിനുള്ള ആ പ്രതിബന്ധവും നീങ്ങിക്കിട്ടിയിരിക്കുന്നു. യാക്കോബായസഭയിലേയും ഓർത്തഡോക്സ് സഭയിലേയും പട്ടത്വം, ജ്ഞാനസ്നാനം, മൂറോൻ അഭിഷേകം ആദിയായ കൂദാശകളുടെ സാധുത്വത്തെപ്പററി യാതൊരു സംശയവും പുറപ്പെടുവിക്കാതെയും പ്രസ്തുത സഭകളിൽനിന്നും പുനരൈക്യപ്പെടുന്ന അല്മേനികൾക്കു് ജ്ഞാനസ്നാനം മൂറോനഭിഷേകം എന്നീ കൂദാശകൾ വീണ്ടും നല്കാതെയും, വൈദികന്മാരെ "അഴിച്ചു പട്ട"ത്തിനു വിധേയരാക്കാതെയും കത്തോലിക്കാ സഭയിലേക്കു സ്വീകരിക്കുകയത്രേ ചെയ്തുകൊണ്ടിരിക്കുന്നതു്. അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിനെക്കാൾ എത്രമാത്രം ഹൃദയവിശാലതയും, നീതിബോധവും, സത്യസംരക്ഷണവു

മാണ് റോമാ മാർപ്പാപ്പാ ഇക്കാര്യത്തിൽ പ്രകടിപ്പിക്കുന്നതെന്ന സൂക്ഷ്മനിരീക്ഷകന്മാക്കു ഗ്രഹിക്കുവാൻ കഴിയുന്നതാണ്. മാതൃഭാഷയിൽ ത്തന്നെ ആരാധനക്രമവും കൂദാശക്രമവും ഉപയോഗിച്ചുകൊള്ളുന്നതിനു —അഥവാ മലങ്കര സുറിയാനി റീത്തു് അനുവദിക്കുന്നതിനു്—മാപ്പാപ്പാ തിരുമനസ്സുകൊണ്ടു പ്രദർശിപ്പിച്ച സന്നദ്ധത അവിടുത്തേ ഹൃദയവിശാലതയും അകത്തോലിക്കരെ മാതൃസഭയിലേക്കു തിരിച്ചുകൊണ്ടുവരുന്നതിനുള്ള അവിടത്തേ അത്യാകാംക്ഷയുമത്രേ പ്രസ്പഷ്ടമാക്കുന്നതു്.

## അധികാരസ്ഥാനം

കത്തോലിക്കാസഭയിലേ അധികാരസ്ഥാനത്തെ അംഗീകരിച്ചനുസരിക്കുന്നതിനുള്ള വൈഷമ്യവും കത്തോലിക്കാ പുനരൈക്യത്തിനുള്ള പ്രതിബന്ധമായി ഉന്നയിക്കുവാൻ സാദ്ധ്യമല്ല. അഖിലലോകപ്രശസ്തിയിലും, ഹൃദയവിശാലതയിലും, സ്വാധീനശക്തിയിലും, സമാധാനതല്പരതയിലും, നീതിസംരക്ഷണത്തിലും, പാണ്ഡിത്യത്തിലും എന്നുവേണ്ടാ എല്ലാ നിലകളിലും അകത്തോലിക്കാ സഭാമേലദ്ധ്യക്ഷന്മാരെ അതിശയിക്കത്തക്ക സ്ഥാനമാണു റോമാമാപ്പാപ്പായ്ക്കുള്ളതെന്ന് ഇന്നു ലോകത്തിലുള്ള സകല മഹാന്മാരും സമ്മതിക്കുകതന്നെ ചെയ്യുന്നു. അപ്രകാരം തന്നെ കത്തോലിക്കാസഭയിലേ മെത്രാന്മാരും വൈദികന്മാരും വിശ്വാസതീക്ഷ്ണത, പാണ്ഡിത്യം, കാര്യപ്രാപ്തി, സ്വഭാവഗുണം, നിസ്സ്വാത്ഥത, വേദപ്രചരണാസക്തി എന്നിവയിൽ അകത്തോലിക്കാ വൈദികസ്ഥാനികളെ വെല്ലുകതന്നെ ചെയ്യുന്നുണ്ടു്. ഭരണഘടനയാണെങ്കിൽ ലോകം മുഴുവൻ ഇളകിമറിഞ്ഞാലും യാതൊരു കോട്ടവും വാട്ടവും തട്ടുവാൻ ഇടവരാത്തവിധമുള്ള ഭരണഘടനയാണു കത്തോലിക്കാസഭയ്ക്കുള്ളതെന്ന വാസ്തവവും സകലജാതിമതസ്ഥരും ഒരുപോലെ സമ്മതിക്കുന്നുണ്ടു്. ആ സ്ഥിതിക്കു് കത്തോലിക്കാസഭയിലേ പരമാധികാരിയേയോ അധികാരസ്ഥാനികളേയോ അനുസരിക്കുന്നതിനുള്ള പ്രയാസമോ ഭരണഘടനയ്ക്കു കീഴ്വഴങ്ങുന്നതിനുള്ള വൈമുഖ്യമോ പുനരൈക്യവീഥിയിലേ വിലങ്ങുതടിയായി പരിഗണിക്കുവാൻ നിവൃത്തിയില്ല.

## സാമുദായികൈക്യം

ഇനിയും സാമുദായികമായോ ജാതീയമായോ നോക്കുന്നപക്ഷവും കേരളത്തിലേ സുറിയാനിക്കാരായ അകത്തോലിക്കാസഭാംഗങ്ങൾക്കു് കത്തോലിക്കാപുനരൈക്യത്തിനു യാതൊരു വൈഷമ്യവും ഉണ്ടാകുന്നതല്ല. കേരളത്തിലുള്ള തങ്ങളുടെ സഹോദരങ്ങളായ പന്ത്രണ്ടു ലക്ഷ

ത്തിൽപ്പുറം സിറിയൻ കത്തോലിക്കരോടു യോജിച്ചുകൊണ്ടു് ആദ്ധ്യാത്മികമായും, സാമൂഹ്യമായും, സാമ്പത്തികമായും, രാഷ്ട്രീയമായും, സാഹിത്യപരമായുമുള്ള പുരോഗതിക്കുവേണ്ടി പ്രവൎത്തിക്കുവാനുള്ള സകല സൗകര്യവുമത്രേ ഇവിടുത്തെ സുറിയാനിക്കാരായ അകത്തോലിക്കാ സഹോദരങ്ങൾക്കു ലഭിച്ചിരിക്കുന്നതു്. ജനസംഖ്യയിൽ ഇരുപതിനായിരത്തോളം വരുന്ന ഇവിടുത്തെ ക്നാനായ (തെക്കും ഭാഗം) യാക്കോബ്യക്കാകട്ടെ അവരെക്കാൾ മൂന്നിരട്ടി ജനസംഖ്യയിലും, പതിന്മടങ്ങു് ഉൽകൃഷ്ടനിലയിലുമെത്തിയിരിക്കുന്ന ക്നാനായ കത്തോലിക്കരോടു യോജിച്ചു കൊണ്ടു സാമുദായികാചാരങ്ങളും വിവാഹബന്ധങ്ങളും അതേ വിധംതന്നെ പരിപാലിക്കുന്നതിനുള്ള സൗകൎയ്യങ്ങളും ലഭിച്ചിട്ടുണ്ടു്. ലത്തീൻറീത്തുകാരും വിദേശ്യരുമായ മെത്രാന്മാരുടെ ഭരണത്തിൻ കീഴിൽ ഇരിക്കുന്നതിനുള്ള വൈമനസ്യം മൂലം ക്രൂനൻകുരിശു സത്യം ചെയ്തു പുത്തൻകൂറ്റുകാരായിത്തീരുകയും അങ്ങനെ കത്തോലിക്കാസഭാബന്ധത്തിൽ നിന്നകലുകയും ചെയ്യുന്നതിനു നിർഭാഗ്യം സിദ്ധിച്ച പിതാക്കന്മാരുടെ സന്താനങ്ങൾക്കു സ്വന്തം റീത്തും ഏതദ്ദേശീയമെത്രാന്മാരേയും, ഇതാ ലഭിച്ചു കഴിഞ്ഞിരിക്കുന്നു. ആ സ്ഥിതിക്കു് ക്രൂനൻകുരിശു സത്യാനന്തരം "എലിയെ തോല്പിച്ചു് ഇല്ലം ചുടുന്നതിനു" സന്നദ്ധരായിത്തീൎന്ന അന്നത്തെ പിതാക്കന്മാർ പ്രവൎത്തിച്ച അതേ അബദ്ധത്തിൽത്തന്നെ മക്കടമുഷ്ടി പിടിച്ചുകൊണ്ടു് ഇനിയും നിലകൊള്ളുന്നതു സുബുദ്ധിയുള്ള സന്താനങ്ങൾക്കു് അശേഷം അനുയോജ്യമായിട്ടുള്ളതല്ല.

## പുനരൈക്യ പ്രതിബന്ധങ്ങൾ

ജനസംഖ്യയിൽ പന്ത്രണ്ടു ലക്ഷത്തോളം വരുന്ന കേരളത്തിലെ അകത്തോലിക്കൎക്കു് കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്നതിനുള്ള സകല സാഹചൎയ്യങ്ങളും പരിതഃസ്ഥിതികളുമാണല്ലോ ഇപ്പോൾ ഒത്തിണങ്ങി കിട്ടിയിരിക്കുന്നതു്. ഈ സന്ദർഭം ശരിക്കുപയോഗിക്കുന്നതിനു അനേകായിരങ്ങൾ ഇതിനകം സന്നദ്ധരായിക്കഴിഞ്ഞിരിക്കുന്നുവെങ്കിലും കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്നതിൽ പലരും ഇപ്പോഴും വൈമനസ്യം പ്രകടിപ്പിക്കുന്നുണ്ടെന്നുള്ളതു സങ്കടജനകമായ പരമാൎത്ഥമത്രേ. ആകയാൽ പുനരൈക്യവീഥിയിലേ വിലങ്ങുതടികളായി അവരുടെ മുമ്പാകെ നിലകൊള്ളുന്ന പ്രതിബന്ധങ്ങൾ ഏവയെല്ലാമെന്നും പ്രസ്തുത പ്രതിബന്ധങ്ങളെ തരണംചെയ്യേണ്ടതു് എപ്രകാരമെന്നും ഇതിനുപരി പ്രതിപാദിക്കുന്നതിനുദ്ദേശിക്കുന്നു.

## സ്വാതന്ത്ര്യഭംഗം

കത്തോലിക്കാസഭയിലേ ഒരംഗമായിത്തീൎന്നുകഴിഞ്ഞാൽ യഥേഷ്ടം ജീവിക്കുന്നതിനും, എഴുതുന്നതിനും, പ്രസംഗിക്കുന്നതിനും അകത്തോലിക്കാ സഭകളിലെപ്പോലെയുള്ള സ്വാതന്ത്ര്യം തങ്ങൾക്കു ലഭിക്കുകയില്ലെന്നുള്ള ഭയം കത്തോലിക്കാസഭാശ്ലേഷണത്തിൽനിന്നും പലരേയും അകററി നിൎത്തുന്നുണ്ടെന്നുള്ളതു പരമാൎത്ഥമത്രേ. യഥാൎത്ഥസ്വാതന്ത്ര്യം എന്താണെന്ന് അറിയുവാൻ പാടില്ലാത്തതിന്റേയും ദുഃസ്വാതന്ത്ര്യത്തെ യഥാൎത്ഥസ്വാതന്ത്ര്യമായി പരിഗണിക്കുന്നതിന്റേയും ഫലമാണ് ഈദൃശഭയമെന്നുള്ളതിനു തെല്ലും സംശയമില്ല. വിശ്വാസവും സന്മാൎഗ്ഗവും സംബന്ധിച്ച കാൎയ്യങ്ങളിൽ ഓരോ വ്യക്തിയുടേയും ഇഷ്ടാനുസാരം പ്രസംഗിക്കുന്നതിനും പഠിപ്പിക്കുന്നതിനും കത്തോലിക്കാസഭ അനുവദിക്കുന്നില്ലെന്നുള്ളതു പരമാൎത്ഥം തന്നെ. സത്യസ്വരൂപനും സഭാസ്ഥാപകനുമായ ക്രിസ്തുനാഥൻ അപ്രകാരമുള്ള സ്വാതന്ത്ര്യം നല്കിയിട്ടില്ലാത്തതിനാൽ അവിടുത്തേ ശരീരമാകുന്ന സഭയും അതിനു് അനുവദിച്ചിട്ടില്ല; അനുവദിക്കുകയുമില്ല. സത്യം ഒന്നു മാത്രമേ ഉള്ളുവെന്നും, അതിനെതിരായിട്ടുള്ളതെല്ലാം അസത്യമാണെന്നും, ഇഷ്ടംപോലെ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതു യഥാൎത്ഥസ്വാതന്ത്ര്യമല്ലെന്നും സുബുദ്ധിയുള്ള ഏവനും സമ്മതിക്കുന്നതാണ്. അകത്തോലിക്കാസഭകൾ പ്രത്യേകിച്ചു പ്രോട്ടസ്റ്റൻറു സഭകൾ നിരവധി വിഭാഗങ്ങളായി തീൎന്നതിനുള്ള പ്രധാന കാരണം ഈദൃശസ്വാതന്ത്ര്യാനുവാദമാണെന്നുള്ളതിനു സംശയമില്ല.

വിശ്വാസവും സന്മാൎഗ്ഗവും ഒഴിച്ചുള്ള കാൎയ്യങ്ങളിൽ—വേഷം, ഭാഷ, പ്രാൎത്ഥനാരീതികൾ, ആചാരനടപടികൾ, നോയ്മ്പു്, ഉപവാസം എന്നിവയിലെല്ലാം—കാലദേശവ്യത്യാസമനുസരിച്ച് അകത്തോലിക്കാ സഭാധികാരികൾ നല്കുന്നതിൽ കൂടുതൽ സ്വാതന്ത്ര്യം കത്തോലിക്കാസഭാമേലദ്ധ്യക്ഷന്മാർ നല്കുന്നുമുണ്ടു്. തന്നിമിത്തമത്രേ "എപ്പോഴും പുരാതനവും എപ്പോഴും അധുനാധനവും ആയ സഭ" യാണു കത്തോലിക്കാസഭയെന്നു ലോകത്തിലേ മഹാന്മാർ മുക്തകണ്ഠം പ്രശംസിച്ചിട്ടുള്ളതു്. ആകയാൽകത്തോലിക്കാസഭാപുനരൈക്യം യഥാൎത്ഥസ്വാതന്ത്ര്യത്തിനു ഭംഗം വരുത്തുമെന്നുള്ള അകത്തോലിക്കരുടെ ഭയം കേവലം മിഥ്യാഭയം മാത്രമാണെന്നുള്ളതു നിർവിവാദമത്രേ.

## അഭിമാനക്ഷയം

കത്തോലിക്കാസഭയോട്ട പുനരൈക്യപ്പെടുന്നതു നിമിത്തം തങ്ങളുടെ അഭിമാനത്തിനു ക്ഷതം സംഭവിക്കുമെന്നുള്ള ആശങ്ക സത്യസഭാശ്ലേഷണത്തിൽ നിന്നും ഒട്ടനേകം അകത്തോലിക്കരെ തടഞ്ഞുകൊണ്ടിരിക്കുന്നുണ്ടു്. തങ്ങളുടെ ബന്ധുമിത്രാദികൾ, സ്നേഹിതന്മാർ, സ്വദേശികൾ ആദിയായവരുടെ അധിക്ഷേപത്തേയോ, വിരോധത്തേയോ അഭിമുഖീകരിക്കുന്നതിനുള്ള വൈമനസ്യവും ഭീരുത്വവുമത്രേ മനസ്സാക്ഷിയുടെ പ്രേരണയെ ബലികഴിക്കുവാൻ ഇവരെ പ്രധാനമായി പ്രേരിപ്പിക്കുന്നതു്. കത്തോലിക്കാസഭയുടെ ചരിത്രം, വിശ്വാസവിഷയങ്ങൾ, വിശുദ്ധീകരണ മാർഗ്ഗങ്ങൾ, ആധുനികലോകത്തിൽ അതിനുള്ള സ്ഥാനം എന്നിവയെപ്പററി യാതൊരു വിവരവുമില്ലാത്ത വെറും കിഞ്ചിജ്ഞന്മാർ അസൂയാതിമരത്താലോ അധിക്ഷേപാസക്തിയാലോ അതുമിതും പുലമ്പുന്നെങ്കിൽ മനസ്സാക്ഷിബോധവും സുധീരമനസ്ഥിതിയുമുള്ളവർ അണുമാത്രം വില അതിനു കല്പിക്കുന്നതല്ല.

പുനരൈക്യപ്രസ്ഥാനം ആവിർഭവിച്ച കാലത്തു് അധിക്ഷേപശരങ്ങൾ ധാരാളം പ്രയോഗിച്ചുകൊണ്ടിരുന്ന പലരും യഥാർത്ഥസത്യം ബോധപ്പെട്ടു് ഇതിനകം കത്തോലിക്കാസഭയെ ആശ്ലേഷിച്ചുകഴിഞ്ഞുവെന്നും ബാക്കിയുള്ളവർ പുനരൈക്യപുരോഗതിയെ തടയുവാൻ സാദ്ധ്യമല്ലെന്നു ഗ്രഹിച്ചതിൻെറ ഫലമായി ഇപ്പോൾ മൗനാവലംബികളായി തീർന്നിരിക്കുന്നുവെന്നും മററുമുള്ളപരമാർത്ഥങ്ങൾ അറിയാവുന്നവർ പുനരൈക്യപ്പെടുന്നവരെ അധിക്ഷേപിക്കുവാൻ ഇനിയും ധൈര്യപ്പെടുന്നതല്ല. അഥവാ, അപ്രകാരം അധിക്ഷേപിക്കുന്നതിനോ ഉപദ്രവിക്കുന്നതിനോ അവർ മുതിരുന്നപക്ഷവും ക്ഷമാപൂർവ്വം അവയെ സഹിക്കുന്നതിനുള്ള സന്നദ്ധതയും ഒരു ഉത്തമക്രൈസ്തവനു് ഉണ്ടായിരിക്കേണ്ടതാണു്. കാരണം, "ഞാൻ നിമിത്തം നിങ്ങളെ നിന്ദിക്കുകയും, ഉപദ്രവിക്കുകയും, സകല തിന്മകളേയും നിങ്ങളുടെമേൽ വ്യാജമായി ആരോപിക്കുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ടു സന്തോഷിച്ചുല്ലസിപ്പിൻ" (മത്തായി 5 11—12 വരെ) എന്നാണല്ലോ സഭാസ്ഥാപകനായ ക്രിസ്തുനാഥൻ അരുൾചെയ്തിരിക്കുന്നതു്. ആകയാൽ മനസ്സാക്ഷിയുടെ പ്രേരണയെ അനുസരിക്കുകയും സത്യസഭയെ ആശ്ലേഷിക്കുകയും ചെയ്യുന്നതു മൂലം നേരിടേണ്ടി വരുന്ന ഈദൃശകുരിശുകളെ ക്രിസ്തുവിനെപ്രതി ക്ഷമാപൂർവ്വം സഹിക്കുവാൻ സന്നദ്ധതയുള്ള ഒരുവനു കത്തോലിക്കാ പുനരൈക്യം ക്ഷിപ്രസാദ്ധ്യമായിത്തീരുന്നതാണു്.

## വ്യക്തി വിദ്വേഷം

ചില പ്രത്യേകവ്യക്തികൾ കത്തോലിക്കാസഭാപുനരൈക്യം പ്രാപിച്ചതു മൂലമോ അഥവാ, അവർക്കു പ്രസ്തുത സഭയിൽ ചില സ്ഥാനങ്ങൾ ലഭിച്ചിരിക്കുന്നതു നിമിത്തമോ കത്തോലിക്കാസഭാപുനരൈക്യത്തിനു വൈമനസ്യം പ്രകടിപ്പിക്കുന്ന ഒട്ടനേകർ ഇവിടുത്തെ അകത്തോലിക്കാസഭകളിൽ ഉണ്ടെന്നുള്ളതു സങ്കടജനകമായ ഒരു പരമാർത്ഥം മാത്രമാണു്. "ഇന്ന മെത്രാൻ അഥവാ, ഇന്ന വൈദികൻ അല്ലെങ്കിൽ ഇന്ന അയ്മേനി ചേർന്നിരിക്കുന്ന സഭയിൽ ആ സഭ എത്ര നല്ല സഭ ആയിരുന്നാലും ചേരുവാൻ ഞാൻ തയ്യാറില്ല" എന്നു പരസ്യമായിപ്പോലും പറയുവാൻ ധൈര്യപ്പെടുന്ന അനേകം അകത്തോലിക്കർ ഈ കേരളക്കരയിൽ തന്നെ ഉണ്ടു്. കേവലം വ്യക്തിവിദ്വേഷം മാത്രമാണു കത്തോലിക്കാപുനരൈക്യത്തിൽ നിന്നും ഇവരെ അകററി നിറുത്തിയിരിക്കുന്നതു്.

48 കോടി ജനങ്ങളേയും, 10 ലക്ഷത്തോളം വൈദികന്മാരേയും, ലക്ഷക്കണക്കിനു കന്യാസ്ത്രീകളേയും, 3000-ത്തോളം മെത്രാന്മാരേയും ഉൾക്കൊള്ളുന്ന സാർവ്വലൗകികമായ കത്തോലിക്കാസഭയിൽ ഒരു അയ്മേനിയുടേയോ വൈദികനോ, അഥവാ മെത്രാനു തന്നെയോ ഉള്ള സ്ഥാനം കേവലം നിസ്സാരമാണെന്നും, ഒരൊററ വ്യക്തിയെ ആശ്രയിച്ചല്ല കത്തോലിക്കാസഭ സ്ഥിതിചെയ്യുന്നതും പുരോഗമിക്കുന്നതുമെന്നും ആ വ്യക്തിയില്ലെങ്കിലും സഭയ്ക്കു യാതൊരു കുഴപ്പവും സംഭവിക്കുകയില്ലെന്നും ഇപ്രകാരം വ്യക്തിവിദ്വേഷത്തിൻെറ മറവിൽ അഭയം പ്രാപിക്കുന്ന സഹോദരങ്ങൾ മനസ്സിലാക്കേണ്ടതാണു്. മനുഷ്യനെന്നുള്ള നിലയിൽ ഏതൊരു വ്യക്തിയ്ക്കും തെററുകൾ വരാവുന്നതാണു്. ഏതൊരു സ്ഥാനത്തിരിക്കുന്നവനായാലും തെററുകളും ബലഹീനതകളും ഉണ്ടാകാവുന്നതുമാണു്. പക്ഷേ, അപ്രകാരമുള്ള ഒരു വ്യക്തി കത്തോലിക്കാസഭാംഗമായിത്തീരുന്നതു സ്വമനസ്സാക്ഷിക്കെതിരായി പ്രവർത്തിക്കുന്നതിനുള്ള ഒരു കാരണമായി ഉന്നയിക്കുന്നവർ നിശ്ചയമായും പരിശുദ്ധാത്മാവിനു വിരോധമായ പാപമാണു പ്രവർത്തിക്കുന്നതെന്നുള്ളതിനു യാതൊരു സംശയവുമില്ല.

തന്നിൽ അഭയം പ്രാപിക്കുന്ന ഏതു ഭയങ്കരപാപിയേയും സ്വീകരിക്കുന്നതിനും ആശ്ലേഷിക്കുന്നതിനുമുള്ള പരിപൂർണ്ണ സന്നദ്ധതയും ഹൃദയവിശാലതയും സഭാസ്ഥാപകനായ ക്രിസ്തുവിനുള്ളതു പോലെ

തന്നെ അവിടത്തേ ശരീരമായ സഭയ്ക്കും ഉണ്ടെന്നുള്ളതിന്ന സംശയമില്ല. പാപിയെ അവൻെറ പാപകളങ്കത്തിൽ നിന്നും വിമുക്തനാക്കി വിശുദ്ധ സോപാനത്തിലേക്ക് കരേററണമെന്നുള്ളതത്രേ സഭാമാതാവിൻെറ ഉദ്ദേശ്യം. പരിപാവനമായ ഈ ഉദ്ദേശ്യത്തോടുകൂടെയത്രേ അകത്തോലിക്കരേയും അക്രൈസ്തവരേയും സഭാമാതാവു് തൻെറ വക്ഷസ്സിലേക്കു് സ്വീകരിക്കുന്നതു്. എന്നാൽ ഒരു പാപിയെ സ്വീകരിച്ചു എന്നുള്ള ഏകകാരണത്താൽ കത്തോലിക്കാസഭാശ്ലേഷണത്തിൽ നിന്നും അകന്നു നില്ക്കുകയും സ്വമനസ്സാക്ഷിക്കെതിരായി പ്രവർത്തിക്കുകയും ചെയ്യുന്നതു് ഉത്തമനായ ഒരു ക്രൈസ്തവനു് ഒരുകാലത്തും അനുയോജ്യമായിട്ടുള്ളതല്ല.

## സ്ഥാനബഹുമാനനഷ്ടം

കത്തോലിക്കാസഭാംഗമായിത്തീന്നാൽ തങ്ങളുടെ സഭയിൽ ഉള്ള സ്ഥാനവും ബഹുമാനവും നഷ്ടപ്പെടുകയും കത്തോലിക്കാസഭയിൽ അവ ലഭിക്കാതെ വരുകയും ചെയ്യുമെന്നുള്ള ഭയവും പുനരൈക്യവീഥിയിൽ നിന്നും പലരേയും അകററി നിത്തുന്നുണ്ടു്. "ഒന്നാമതു് ദൈവരാജ്യവും അതിൻെറ നീതിയും അന്വേഷിക്കുക. അതോടുകൂടെ സകലതും കണ്ടെത്തു"മെന്നു അരുളിച്ചെയ്ത ക്രിസ്തുനാഥൻെറ അനുയായികൾ സ്ഥാനമോ ബഹുമാനമോ നഷ്ടപ്പെടുമെന്നു ഭയന്നു് മനസ്സാക്ഷിയുടെ പ്രചോദനത്തെ തൃണവൽഗണിക്കുന്നതിന്ന ധൈര്യപ്പെടുന്നതു ക്ഷന്തവ്യമായിട്ടുള്ളതല്ല. തങ്ങളുടെ രക്ഷകന്ന വേണ്ടി സ്ഥാനത്തേയും ബഹുമാനത്തേയും എന്നുവേണ്ടാ, സകലത്തേയും ബലികഴിക്കുവാനുള്ള പരിപൂർണ്ണസന്നദ്ധതയത്രേ ഒരു ഉത്തമ ക്രൈസ്തവനു് ഉണ്ടായിരിക്കേണ്ടതു്. "എൻെറ നിമിത്തമായിട്ടും സുവിശേഷത്തിൻെറ നിമിത്തമായിട്ടും വീടുകളേയോ, സഹോദരന്മാരേയോ, സഹോദരികളേയോ, പിതാവിനേയോ, മാതാവിനേയോ, ഭാര്യയേയോ, മക്കളേയോ, നിലം പുരയിടങ്ങളെയോ, ഉപേക്ഷിച്ചുകൊണ്ടു് ഈ ആയുസ്സിൽ വെച്ചു് ഉപദ്രവങ്ങളോടുകൂടെ തന്നെ നൂറിരട്ടി വീടുകളേയും, സഹോദരങ്ങളേയും, സഹോദരികളേയും, മാതാപിതാക്കളേയും, മക്കളേയും, നിലംപുരയിടങ്ങളേയും, നിത്യജീവനേയും പ്രാപിക്കാത്തവൻ ആരുമില്ല." എന്നാണല്ലൊ ക്രിസ്തുനാഥൻ അരുളിച്ചെയ്തിരിക്കുന്നതു്. (മർക്കോസ് 10. 30-32)

യഥാത്ഥ ബഹുമാനവും സ്ഥാനവും അർഹിക്കുന്നവർ കത്തോലിക്കാസഭയെ ആശ്ലേഷിച്ചതു മൂലം കൂടുതൽ സ്ഥാനവും ബഹുമാനവും ലഭിച്ചിട്ടുള്ളതായിട്ടത്രേ ഇതുവരെയുള്ള അനുഭവം തെളിയിക്കുന്നതു്.

ഇതിനകം കത്തോലിക്കാപുനരൈക്യം പ്രാപിച്ചിട്ടുള്ള അയ്മേനിക്കാർക്കും, വൈദികന്മാർക്കും, മെത്രാന്മാർക്കും അകത്തോലിക്കാസഭകളിൽ ഉണ്ടായിരുന്നതിൽ കൂടുതൽ സ്ഥാനബഹുമാനങ്ങൾ കത്തോലിക്കാസഭയിൽ ലഭിച്ചിട്ടുണ്ടെന്നുള്ളതു പരമാർത്ഥം മാത്രമാണ്. കേരളത്തിലുള്ള അകത്തോലിക്കാസഭകളെ അപേക്ഷിച്ച് ഏതു നിലയിൽ നോക്കിയാലും സമുന്നതമായ സ്ഥാനം കേരളീയ കത്തോലിക്കാസഭയ്ക്കുണ്ടെന്നുള്ള വാസ്തവം സകലരും സമ്മതിക്കുകതന്നെ ചെയ്യും. ആ സ്ഥിതിക്കു കത്തോലിക്കാപുനരൈക്യംമൂലം സ്ഥാനത്തിനോ, ബഹുമാനത്തിനോ ക്ഷതം സംഭവിക്കുമെന്നുള്ള ഭയം പുനരൈക്യവീഥിയിലേ വിലങ്ങുതടിയായി ആരെങ്കിലും പരിഗണിക്കുന്നുണ്ടെങ്കിൽ അതിൻെറ കാരണം സ്ഥിതിഗതികളെക്കുറിച്ചുള്ള അജ്ഞത മാത്രമാണെന്നു പറയുന്നതിനേ നിവൃത്തിയുള്ളു.

## വൈവാഹിക വിഷമതകൾ

നിസ്സാരമായ ഒരു കാരണമായി മററുള്ളവരുടെ ദൃഷ്ടിയിൽ തോന്നുമെങ്കിലും കത്തോലിക്കാസഭാശ്ലേഷണത്തിനുള്ള ഒരു വലിയ പ്രതിബന്ധമായിട്ടത്രേ പലേ അകത്തോലിക്കാസഹോദരങ്ങളും ഇതിനെ പരിഗണിക്കുന്നതു്. ഇഷ്ടമുള്ള ഏതു സഭയിലേ അംഗങ്ങളുമായും വിവാഹബന്ധത്തിൽ ഏർപ്പെടുന്നതിനുള്ള പരിപൂർണ്ണസ്വാതന്ത്ര്യം അകത്തോലിക്കാസഭകളിൽ ഉണ്ടെന്നും അപ്രകാരമുള്ള സ്വാതന്ത്ര്യം കത്തോലിക്കാസഭയിൽ ഇല്ലെന്നും ഉള്ളതു പരമാർത്ഥം തന്നെ. സാക്ഷാൽ അധികാരികളെ ധിക്കരിച്ചു യാഥാർത്ഥവിശ്വാസത്തിൽ നിന്നും വ്യതിചലിച്ചിരിക്കുന്ന ശീശ്മസഭകളിലേക്കോ ഇടത്തൂട്ടസഭകളിലേക്കോ സ്വസന്താനങ്ങളെ വിടുന്നതിനോ, ദൈവദത്തമായ അധികാരമില്ലാത്തവരെക്കൊണ്ടു് വിവാഹകർമ്മം നടത്തിക്കുന്നതിനോ സത്യവിശ്വാസത്തെ സകലത്തിലും ഉപരിയായി കരുതുന്ന കത്തോലിക്കാസഭാമാതാവു് ഒരു കാലത്തും അനുവദിക്കുകയില്ല. വിശ്വാസതീക്ഷ്ണതയുള്ള ഒരുത്തമകത്തോലിക്കൻ വിശ്വാസവിപരീതം പഠിപ്പിക്കുന്ന സഭകളിലേ അംഗങ്ങളായിത്തീരുവാൻ തങ്ങളുടെ സന്താനങ്ങളെ-എത്രമാത്രം ബാഹ്യപ്രലോഭനങ്ങൾ ഉണ്ടായാലും-അയയ്ക്കുന്നതിനു സന്നദ്ധത പ്രകടിപ്പിക്കുകയുമില്ല.

കത്തോലിക്കരായിത്തീർന്നുകഴിഞ്ഞാൽ തങ്ങളുടെ സന്താനങ്ങളെ പ്രത്യേകിച്ചു പെൺകുട്ടികളെ എവിടെ വിവാഹംകഴിച്ചു കൊടുക്കുവാൻ സാധിക്കുമെന്നുള്ള ഭയം അകത്തോലിക്കരായ മാതാപിതാക്കന്മാർക്ക് ഉണ്ടാകുന്നതിൽ അവരേയും കുററപ്പെടുത്തുവാൻ നിവൃത്തിയില്ല. അക

ത്തോലിക്കരുടെ ഇടയിൽ മാത്രം താമസിക്കുന്നവരും കത്തോലിക്കർ എവിടെയെല്ലാമുണ്ടെന്നു് നിശ്ചയമില്ലാത്തവരും ഇപ്രകാരം ഭയപ്പെട്ടു പോകുന്നതു സ്വാഭാവികവുമാണ്. എന്നാൽ കുറെ പരിശ്രമിച്ചാൽ തങ്ങളുടെ സന്താനങ്ങൾക്കു് അനുരൂപരായ വധൂവരന്മാരെ കത്തോലിക്കാസഭയിൽ നിന്നുതന്നെ ലഭിക്കുന്നതിനു സാധിക്കുമെന്നു് ഇവർ മനസ്സിലാക്കേണ്ടതാണ്. ഈ കേരളത്തിലുള്ള യാക്കോബായ, ഓർത്തഡോക്സ്, പ്രോട്ടസ്റ്റൻറു ആദിയായ ഇരുപതോളം സഭകളിലെല്ലാം കൂടെ 12 ലക്ഷത്തിൽപരം മാത്രമേ അംഗങ്ങൾ ഉള്ളുവെന്നും എന്നാൽ കേരളീയ കത്തോലിക്കാസഭയിലാകട്ടെ 20 ലക്ഷത്തോളം അംഗങ്ങൾ ഉണ്ടെന്നുമുള്ള വാസ്തവം ഈ ദുശങ്കയം പുറപ്പെടുവിക്കുന്ന സഹോദരങ്ങൾ ഗ്രഹിച്ചിരിക്കേണ്ടതാണ്. ജനസംഖ്യയിൽ മാത്രമല്ല, സാമ്പത്തികമായും, വിദ്യാഭ്യാസപരമായും, രാഷ്ട്രീയമായും എന്നുവേണ്ടാ ഏതു നിലയിൽ നോക്കിയാലും ഇതരസഭകളെ അപേക്ഷിച്ചു സമുന്നതമായ ഒരു സ്ഥാനമാണു കേരളീയ കത്തോലിക്കാസഭയ്ക്കു് ദൈവാനുഗ്രഹത്താൽ ഇന്നു ലഭിച്ചിട്ടുള്ളതെന്നും ഇവർ സ്മരിക്കേണ്ടതാണ്. ആകയാൽ കത്തോലിക്കരായ വധൂവരന്മാരെ തങ്ങളുടെ സന്താനങ്ങൾക്കു ലഭിക്കുവാൻ സാധിക്കുമോ എന്നുള്ള സന്ദേഹം അടിസ്ഥാനരഹിതമാണെന്നുള്ളതിനു സംശയമില്ല. അകത്തോലിക്കാസഹോദരങ്ങളുടെ പുനരൈക്യത്തെ യഥാർത്ഥമായി ആഗ്രഹിക്കുന്നവരായ കത്തോലിക്കാസഹൃദയന്മാർ പുനരൈക്യപ്പെട്ട കത്തോലിക്കരെ ഈ വിഷമത്തിൽ സഹായിക്കുവാൻ പരിപൂർണ്ണസന്നദ്ധത പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതു പ്രശംസാർഹവും സന്തോഷപ്രദവുമത്രേ. ആകയാൽ വൈവാഹികവിഷമങ്ങൾ കത്തോലിക്കാപുനരൈക്യത്തിനുള്ള കാര്യമായ ഒരു പ്രതിബന്ധമല്ലെന്നു സിദ്ധിക്കുന്നു.

## പിതാക്കന്മാരോടുള്ള ബഹുമാനം

"എൻെറ പിതാക്കന്മാർ ഉൾപ്പെട്ടു നിന്ന സഭയെ ഉപേക്ഷിക്കുവാൻ ഞാൻ തയ്യാറില്ല. പിതാക്കന്മാരെ സംസ്കരിച്ചേടത്തു് എന്നെയും സംസ്കരിച്ചാൽ മതി. എൻെറ പിതാക്കന്മാർ നരകത്തിൽ പോയെങ്കിൽ അവരോടുകൂടെ ഞാനും നരകത്തിൽ പൊയ്ക്കൊള്ളാം" തങ്ങൾ ഉൾപ്പെട്ടു നില്ക്കുന്ന സഭ ദൈവസ്ഥാപിതമല്ലെന്നും, കത്തോലിക്കാസഭ മാത്രമാണു സത്യദൈവമായ ക്രിസ്തു സ്ഥാപിച്ചിട്ടുള്ള സഭയെന്നും സുദൃഢം ബോദ്ധ്യമായിട്ടുള്ള പല അകത്തോലിക്കാസഹോദരന്മാരു

ടേയും നാവിൽനിന്നും പുറപ്പെട്ടിട്ടുള്ള വചനങ്ങളാണു മേലുദ്ധരിച്ചതു്. സഭാചരിത്രപരമായ അജ്ഞതയും, മനസ്സാക്ഷിയുടെ പ്രചോദനം അനുസരിച്ചു പ്രവൎത്തിക്കുന്നതിനുള്ള അധൈൎയ്യവും, പിതൃപുത്രബന്ധം ഏതെല്ലാം കാൎയ്യങ്ങളിൽ പരിപാലിക്കണമെന്നതിനെപ്പററിയുള്ള അറിവില്ലായ്മയുമാണു് ഈദൃശസമാധാനത്തിൽ പ്രകടമായിക്കാണുന്നതു്. പിതാക്കന്മാർ ഏതു മതത്തിലോ സഭയിലോ ഉൾപ്പെട്ടിരുന്നാലും അവരുടെ വിശ്വാസം എന്തെല്ലാമായിരുന്നാലും യഥാൎത്ഥസത്യം ബോദ്ധ്യമായിക്കഴിഞ്ഞാൽ മനസ്സാക്ഷിയുടെ പ്രേരണയ്ക്കു വശംവദരായി ആ സത്യത്തെ ആശ്ലേഷിക്കുകയത്രേ ഉത്തമന്മാരുടെ ധൎമ്മം. തന്നെയുമല്ല, ക്രിസ്തുവിനെ അനുഗമിക്കുന്നതിനുമുമ്പു് തന്റെ പിതാവിനെ സംസ്കരിക്കുന്നതിനുള്ള അനുവാദം ആവശ്യപ്പെട്ട ഒരുവനോടു് "മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിച്ചുകൊള്ളട്ടെ. നീ പോയി ദൈവരാജ്യം പ്രസംഗിക്കുക." എന്നാണല്ലോ ക്രിസ്തു അരുൾചെയ്തിരിക്കുന്നതു്. (ലൂക്കോസ് 9. 60).

ഭൂമി പരന്നതാണെന്നു പിതാക്കന്മാർ വിശ്വസിച്ചിരുന്നതു മൂലം അവരുടെ സന്താനങ്ങളും ഭൂമി പരന്നതാണെന്നു വിശ്വസിക്കണമെന്നു് സുബുദ്ധിയുള്ള ഒരുവനും പറയുന്നതല്ല. പിതാക്കന്മാർ മനുഷ്യഭോജികളായിരുന്നതുകൊണ്ടു് അവരുടെ സന്താനങ്ങൾ മനുഷ്യഭോജികളായിരിക്കണമെന്നോ കൊലപാതകം തെററല്ലന്നോ പറയുന്നതിനു് സന്മാൎഗ്ഗനിഷ്ഠയുള്ള ഒരുവൻപോലും സന്നദ്ധനാകുന്നതല്ല. പിതാക്കന്മാർ ബഹുദൈവവിശ്വാസികളായിരുന്നതുനിമിത്തം അവരുടെ സന്താനങ്ങളും ബഹുദൈവങ്ങളിൽ വിശ്വസിക്കണമെന്നോ, അക്രൈസ്തവരായ മാതാപിതാക്കന്മാരുടെ സന്താനങ്ങൾ അക്രൈസ്തവരായിത്തന്നെ ആയുഷ്പൎയ്യന്തം ജീവിക്കണമെന്നോ ഉത്തമനായ ഒരു ക്രൈസ്തവനും പറയുവാൻ സാദ്ധ്യമല്ല. പിതാക്കന്മാരുടെ വിശ്വാസവും പ്രവൃത്തിയും അവരുടെ മനസ്സാക്ഷിക്കനുസൃതമായിരുന്നെങ്കിൽ സൎവ്വശക്തനായ ദൈവം അവരുടെ സുവിശ്വാസത്തിനു് പ്രതിഫലം നല്കുമെന്നുള്ളതിനു സംശയമില്ല. പക്ഷേ, അവരുടെ വിശ്വാസം സത്യവിശ്വാസമല്ലെന്നും, അവർ ഉൾപ്പെട്ടു നിന്നിരുന്ന സഭ സത്യസഭ അല്ലെന്നും ഉത്തമ ബോദ്ധ്യം വന്ന ഒരുവൻ പിതാക്കന്മാരോടുള്ള ബഹുമാനമെന്ന തിരസ്കരണിയ്ക്കുള്ളിൽ തന്റെ മനസ്സാക്ഷിയെ മറയ്ക്കുവാൻ പരിശ്രമിക്കുന്നുവെങ്കിൽ നിശ്ചയമായും പരിശുദ്ധാത്മാവിനു് എതിരായ പാപമായിരിക്കും അവൻ പ്രവൎത്തിക്കുന്നതു്.

ഒന്നാം നൂററാണ്ടു മുതൽ പതിനാറാം നൂററാണ്ടുവരെ ജീവിച്ചിരുന്ന കേരളത്തിലേ സുറിയാനിപ്പിതാക്കന്മാർ കത്തോലിക്കാസഭയിലേ അംഗങ്ങളായിരുന്നു എന്നുള്ള ചരിത്രവാസ്തവം നിരവധി രേഖകൾ ഉദ്ധരിച്ചുകൊണ്ടു് ഈ ഗ്രന്ഥത്തിൻെറ ഏഴും എട്ടും അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളതാണല്ലോ. ആകയാൽ കേരളത്തിലേ അകത്തോലിക്കാസഹോദരങ്ങളുടെ കത്തോലിക്കാസഭയിലേക്കുള്ള തിരിച്ചുവരവു് — അഥവാ, മാതൃസഭയിലേക്കുള്ള പ്രത്യാഗമനം — പൂർവ്വപിതാക്കന്മാരോടുള്ള സ്നേഹത്തിൻെറയും ബഹുമാനത്തിൻെറയും പ്രത്യക്ഷലക്ഷ്യമായിത്തന്നെ പരിഗണിക്കാവുന്നതാണു്.

കത്തോലിക്കാ പുനരൈക്യപ്രതിബന്ധങ്ങളായി അകത്തോലിക്കാസഹോദരങ്ങൾ ഉന്നയിക്കുന്ന ആറു കാരണങ്ങളിൽ ഒന്നുപോലും യഥാർത്ഥപ്രതിബന്ധമല്ലെന്നും ബാഹ്യദൃഷ്ടിയിൽ അപ്രകാരം വിഷയീഭവിക്കുന്നതു മാത്രമാണെന്നും മേൽ പ്രസ്താവിച്ചതിൽ നിന്നും വായനക്കാർക്കു സുവിശദമായിട്ടുണ്ടെന്നു വിശ്വസിക്കുന്നു.

---

അദ്ധ്യായം 27

# പുത്തൻക്രൂററുകാരും കത്തോലിക്കാ പുനരൈക്യപരിശ്രമങ്ങളും

---

ക്രിസ്തബ്ദം 1653-ൽ മട്ടാഞ്ചേരിയിൽ വെച്ചു കൂനൻകുരിശുസത്യം നടത്തിയ കേരളത്തിലേ സുറിയാനിക്കാരായ പിതാക്കന്മാരിൽ ഒരുവനു പോലും കത്തോലിക്കാസഭയെ ഉപേക്ഷിക്കണമെന്നോ മാർപ്പാപ്പായുടെ പരമാധികാരത്തെ പരിത്യജിക്കണമെന്നോ ഉള്ള ഉദ്ദേശ്യം ഇല്ലായിരുന്നു എന്ന വാസ്തവം അന്നത്തേ ചരിത്രസംഭവങ്ങൾ സുസ്പഷ്ടം തെളിയിക്കുന്നുണ്ട്. ഇതു സംബന്ധിച്ചുള്ള നിരവധി ചരിത്രരേഖകൾ ഈ ഗ്രന്ഥത്തിൻെറ ഏഴും എട്ടും അദ്ധ്യായങ്ങളിൽ ഉദ്ധരിച്ചു സവിസ്തരം പ്രതിവാദിച്ചിട്ടുള്ളതാകയാൽ പ്രസ്തുത തെളിവുകൾ വീണ്ടും ഇവിടെ ഉദ്ധരിക്കേണ്ട ആവശ്യമില്ലെന്നു കരുതുന്നു. ഇവിടത്തേ റീത്തും ഭരണവും മാററുന്നതിനുവേണ്ടി പോർട്ടുഗീസ് മിഷ്യനറിമാർ നടത്തിയ പ്രവൎത്തനങ്ങൾക്ക് എതിരായുണ്ടായ പ്രതിഷേധപ്രകടനം മാത്രമായിരുന്നു കൂനൻകുരിശു സത്യമെന്നു പ്രസ്തുത തെളിവുകളിൽനിന്നും സുവിശദമായിട്ടുണ്ടല്ലോ.

## കൂനൻകുരിശു സത്യാനന്തരം

അഹത്തല്ലാ മെത്രാൻേറതായി ഇട്ടിത്തൊമ്മൻ കത്തനാർ എഴുതിയ ഒരു കള്ളക്കത്തിനെ വിശ്വസിച്ചു പന്ത്രണ്ടു വൈദികന്മാർ കൂടി ഒരു മെത്രാനെ വാഴിച്ചുവെങ്കിലും പ്രസ്തുത മെത്രാൻ യഥാൎത്ഥകൈവെപ്പില്ലാത്ത വെറും "ചുവപ്പുവേഷധാരി"മാത്രമാണെന്നും ദൈവദത്തമായ അധികാരവും കൈവെപ്പുമുള്ള മെത്രാന്മാരെ അനുസരിക്കേണ്ടതു് ആത്മരക്ഷയ്ക്കു് അത്യന്താപേക്ഷിതമാണെന്നുമുള്ള ബോദ്ധ്യംനിമിത്തം തോമ്മാ അൎക്കദിയാക്കോൻെറ കീഴിൽ സ്ഥിതിചെയ്തിരുന്ന 114-പള്ളികളിലേ അംഗങ്ങളിൽ 20-ൽപരം പള്ളികളിലേ അംഗങ്ങളും അദ്ദേഹത്തെ ഉപേക്ഷിച്ചു കത്തോലിക്കാ സഭാധികാരികൾക്കു കീഴ്‌വഴങ്ങുകയാണുണ്ടായതു്. പോർട്ടുഗീസ് മിഷ്യനറിമാർ മൂലം കേരളത്തിലുണ്ടായ വിപ്ലവം

ശരിയ്ക്കു ഗ്രഹിച്ചതിൻെറ ഫലമായി ഇവിടത്തേ കുഴപ്പങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി കർമ്മലീത്താ വൈദികനായ ജോസേഫ് സെബസ്ത്യാനിയെ മാപ്പാപ്പാ തിരുമനസ്സുകൊണ്ടു് ഇവിടേയ്ക്കു അയയ്ക്കുകയുണ്ടായി; അദ്ദേഹം ഇവിടെ എത്തി സ്ഥിതിഗതികൾ ശരിയ്ക്കു ഗ്രഹിച്ചശേഷം 1664-ൽ റോമിലേയ്ക്കു പോകുകയും പുനരൈക്യപ്രവർത്തനത്തിനു് അവശ്യം വേണ്ട പ്രത്യേകാധികാരങ്ങളും മെത്രാൻസ്ഥാനവും സമ്പാദിച്ചുകൊണ്ടു് കേരളത്തിൽ മടങ്ങി എത്തുകയും ചെയ്തു. അദ്ദേഹത്തിൻെറ പരിശ്രമഫലമായി ഭിന്നിച്ചുനിന്നിരുന്ന ഒട്ടനേകം പള്ളികൾ വീണ്ടും മാതൃസഭയിൽത്തന്നെ ലയിച്ചു. കേരളം വിടുന്നതിനു മുമ്പ് കുറവിലങ്ങാട്ടു സ്വദേശിയായ പള്ളിവീട്ടിൽ ചാണ്ടിക്കത്തനാരെ "അലക്സാണ്ടർ" എന്ന പേരിൽ മെത്രാനായി അദ്ദേഹം അഭിഷേചിച്ചു. അലക്സാണ്ടർ മെത്രാൻെറ പരിശ്രമഫലമായി വീണ്ടും ഒട്ടനേകം പള്ളികൾ കത്തോലിക്കാസഭയോടു പുനരൈക്യം പ്രാപിച്ചു. ഇപ്രകാരം കൂനൻ കുരിശു സത്യംചെയ്തു ഭിന്നിച്ചിരുന്ന 114 പള്ളികളിൽ 84 പള്ളികളും ആരംഭകാലത്തുതന്നെ കത്തോലിക്കാസഭയിൽ ലയിക്കുകയാണുണ്ടായതു്. ബാക്കി 30 പള്ളികൾ മാത്രമായിരുന്നു തോമ്മാ അർക്കദിയാക്കോൻെറ കൂടെ പുത്തൻകൂറുകാരായി ഭിന്നിച്ചു നിലകൊണ്ടതു്.

## ഒന്നാം മാർത്തോമ്മാ

കത്തോലിക്കാ സഭാധികാരികൾക്കു കീഴ്‌വഴങ്ങാതെ ജീവിക്കുന്നതു തങ്ങളുടെ ബാഹ്യവും ആഭ്യന്തരവുമായ അഭിവൃദ്ധിയ്ക്കു തടസ്സമാണെന്നുള്ള ബോദ്ധ്യംനിമിത്തം ഒന്നാം മാർത്തോമ്മായും അനുയായികളും കത്തോലിക്കാസഭാ പുനരൈക്യത്തിനായുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരുന്നു. ഇടപ്പള്ളിയിൽവച്ചു കൂടിയ പുത്തൻകൂറുകാരുടെ ഒരു മഹായോഗത്തിലെ നിശ്ചയമനുസരിച്ചു കത്തോലിക്കാപുനരൈക്യത്തിനു തങ്ങൾ അതിയായി ആഗ്രഹിക്കുന്നുവെന്നും എന്നാൽ അതിലേക്കായി രണ്ടു കാര്യങ്ങൾ സാധിച്ചുതരണമെന്നും സെബസ്ത്യാനി മെത്രാനോടു് അവർ അപേക്ഷിക്കുകയുണ്ടായി. തോമ്മാ അർക്കദിയാക്കോനെ മെത്രാനായി അഭിഷേചിക്കണമെന്നും അദ്ദേഹത്തിനു ഭരണാധികാരം നല്കണമെന്നുമുള്ളതായിരുന്നു ആ രണ്ടപേക്ഷകൾ. പക്ഷേ, പ്രസ്തുത അപേക്ഷകൾ രണ്ടും സെബസ്ത്യാനിമെത്രാൻ നിരസിക്കയാണുണ്ടായതു്. "അർക്കദിയാക്കോൻ സ്വയമേവ സ്വീകരിച്ച മെത്രാൻപട്ടം പരസ്യമായി ഉപേക്ഷിക്കട്ടെ!" എന്നായിരുന്നു ആദ്യത്തേ അഭ്യർത്ഥനയ്ക്കു് അദ്ദേഹം നല്കിയ മറുപടി. രണ്ടാമത്തേതിനാകട്ടെ "അർക്കദിയാ

ക്കോന്ന ഭരണാധികാരം നല്കുന്ന കാര്യം റോമിലെ അനുവാദത്തോടു കൂടെ മാത്രമേ സാധിക്കയുള്ളൂ" എന്ന മറുപടി നല്കിക്കൊണ്ടു് അദ്ദേഹം ഒഴിഞ്ഞു മാറുകയാണുണ്ടായതു്. ഈ അപേക്ഷകൾ രണ്ടും സാധിച്ചു കൊടുത്തിരുന്നുവെങ്കിൽ യാക്കോബായ മെത്രാനായ മാർ ഗ്രീഗോറിയോസിനെ ഇവിടെ വരുത്തുന്നതിനു വേണ്ടി ഒന്നാം മാർത്തോമ്മായും കൂട്ടരും പരിശ്രമിക്കുകയോ, യാക്കോബായസഭയ്ക്കു കേരളക്കരയിൽ പ്രവേശം ലഭിക്കുകയോ, കത്തോലിക്കാസഭയിൽ നിന്നും ഭിന്നിച്ചുള്ള ഒരു പുത്തൻകൂർവിഭാഗം ഇവിടെ ജാതമാവുകയോ ചെയ്യുമായിരുന്നില്ല.

## നാലാം മാർത്തോമ്മാ

കത്തോലിക്കാ മെത്രാന്മാരിൽ നിന്നുമുള്ള കൈവെപ്പോ മാർപ്പാപ്പായിൽനിന്നും ഭരണാധികാരത്തിനുള്ള അനുവാദമോ ലഭിക്കയില്ലെന്നുള്ള ബോദ്ധ്യം നിമിത്തം രണ്ടാം മാർത്തോമ്മായും മൂന്നാം മാർത്തോമ്മായും കത്തോലിക്കാ പുനരൈക്യാർത്ഥം പരിശ്രമിക്കയുണ്ടായില്ല. എന്നാൽ നാലാം മാർത്തോമ്മായാകട്ടെ അതിനുവേണ്ടി കഴിയുന്നത്ര പരിശ്രമങ്ങൾ നടത്തുകയുണ്ടായി. തൻെറ കീഴിൽ ഉണ്ടായിരുന്ന എല്ലാ പള്ളിക്കാരുടേയും 12 വൈദികപ്രധാനികളുടെയും കൈയ്യൊപ്പോടുകൂടെ 1704-ൽ മാർപ്പാപ്പായ്ക്കു് അദ്ദേഹം ഒരു അപേക്ഷ അയയ്ക്കുകയുണ്ടായി. പുത്തൻകൂറുകാർ കത്തോലിക്കാസഭയെ പരിത്യജിക്കുന്നതിനുണ്ടായ കാരണം പോർട്ടുഗീസുകാരായ ഈശോസഭക്കാരുടെ പ്രവർത്തനങ്ങളാണെന്നും, അവർക്കു പകരം കർമ്മലീത്തരെ അയച്ചതു ഗുണകരമായെന്നും, കേരളത്തിൽ സുറിയാനിക്രമം ആചരിക്കത്തക്കവിധം കല്പനയുണ്ടാകണമെന്നും, കർമ്മലീത്തരായ വരാപ്പുഴ മെത്രാന്മാരും മാർത്തോമ്മായും കൂടെ സഭാഭരണം നടത്തുന്നതിനു് അനുവാദം നല്കണമെന്നും മറ്റുമായിരുന്നു പ്രസ്തുത ഹർജിയിൽ അപേക്ഷിച്ചിരുന്നതു്. പ്രസ്തുത അപേക്ഷ വരാപ്പുഴ വികാരി അപ്പസ്തോലിക്കായെ മാർത്തോമ്മാ ഏല്പിക്കുകയും ഒരു കർമ്മലീത്താ വൈദികൻ മുഖേന അദ്ദേഹം അതു റോമിലേക്കു് അയച്ചുകൊടുക്കുകയും ചെയ്തു. എങ്കിലും അതിനു അനുകൂലമായ യാതൊരു മറുപടിയും എന്തുകൊണ്ടോ റോമിൽ നിന്നും ലഭിക്കുകയുണ്ടായില്ല. തൻനിമിത്തം നിരാശനായിത്തീർന്ന നാലാം മാർത്തോമ്മാ യാക്കോബായസഭയുമായുള്ള ബന്ധത്തെ ഉറപ്പിക്കുന്നതിൽ വീണ്ടും ശ്രദ്ധ പതിക്കുകയാണുണ്ടായതു്.

## അഞ്ചാം മാർത്തോമ്മാ

നാലാം മാർത്തോമ്മായുടെ മരണശേഷം ഭരണഭാരമേററ അഞ്ചാം മാർത്തോമ്മായും കത്തോലിക്കാപുനരൈക്യത്തിന വേണ്ടി കഴിവതു പരിശ്രമിക്കയുണ്ടായി. തന്നേയും തൻെറ കീഴിലുള്ള വൈദികരേയും ജനങ്ങളേയും കത്തോലിക്കാസഭയിലേക്കു സ്വീകരിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടുള്ള സുദീർഘമായ ഒരപേക്ഷ 1748-ൽ അദ്ദേഹം റോമാ മാർപ്പാപ്പായ്ക്കു് അയച്ചു കൊടുത്തു. പ്രസ്തുത അപേക്ഷയുടെ അവസാനഭാഗം ചുവടേ ചേർത്തുകൊള്ളുന്നു :—

"ശ്ലീഹന്മാരുടെ തലവനെന്ന പത്രോസിൻെറ കുർബാനക്രമത്തിൽ വിവരിക്കുന്ന വി. പത്രോസിൻെറ നാമത്തിൽ ഞാൻ അങ്ങയോടു ഒരപേക്ഷ ചെയ്യുന്നു. അതെന്തെന്നാൽ ഗ്രീക്കുകാൎക്കു് അനുവദിച്ചിട്ടുള്ളതുപോലെ പുളിച്ച അപ്പം ഉപയോഗിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഞങ്ങൾക്കും തരണം. ഞങ്ങളുടെ ഇടയിലുള്ള എല്ലാ പള്ളികൾക്കും ഈ സ്വാതന്ത്ര്യം തരണമെന്നുള്ള ഞങ്ങളുടെ അപേക്ഷയെ അവിടെനിന്നും സ്വീകരിക്കുന്നപക്ഷം ഞങ്ങൾ എല്ലാവരും ഉടൻതന്നെ അവിടുത്തെ സിംഹാസനത്തിനു് അനുസരണയുള്ളവരായിത്തീരുന്നതാണു്. കമ്മലീത്തർ ഞങ്ങളെ സഹായിക്കുന്നതിനാജ്ഞാപിക്കയും ഈ ഇടവകയിൽനിന്നും പോർട്ടുഗീസു മെത്രാനെ മാററുകയും ചെയ്യുവാൻ ദയവുണ്ടാകണം. ഞങ്ങൾക്കു് ഈ അനുഗ്രഹം ചെയ്യണമേ. സജീവ ദൈവത്തിൻെറ ദയയും അനുകമ്പയും ഞങ്ങളുടെമേൽ ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

1748-ാം കൊല്ലം പ. മറിയത്തിൻെറ പള്ളിയിൽ നിന്നു് ഇൻഡ്യയുടെ തലവനായ തോമ്മാ."

അഞ്ചാം മാർത്തോമ്മായുടെ ഈ അപേക്ഷ വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ ആജ്ഞാനുസരണം ഫാദർ ബോനിഫസ്സ് എന്ന ഒരു കമ്മലീത്താവൈദികനായിരുന്ന റോമിൽ എത്തിച്ചതു്. പ്രൊപ്പഗാന്താ തിരുസംഘത്തിൻെറ സെക്രട്ടറി ഈ അപേക്ഷയ്ക്കുള്ള ഒരു മറുപടി വരാപ്പുഴ വികാരിഅപ്പസ്തോലിക്കായ്ക്കു അയച്ചുകൊടുത്തു. മാർത്തോമ്മായുടെ ലേഖനത്തിൽ കത്തോലിക്കാ ഐക്യത്തിൽനിന്നും അദ്ദേഹവും കൂട്ടരും ഭിന്നിച്ചുപോയതിനെക്കുറിച്ചാകട്ടെ ദൈവദ്രോഹകരമായവിധത്തിൽ മെത്രാൻപട്ടം സ്വീകരിച്ചതിനെ സംബന്ധിച്ചാകട്ടെ യാതൊരു മനസ്താപവും രേഖപ്പെടുത്തിക്കാണാത്തതുകൊണ്ടും പോർട്ടുഗീസുകാരെ

രാജ്യത്തിൽ നിന്ന മാററിക്കൊട്ടക്കണമെന്ന അപേക്ഷിച്ചതുനിമിത്തവും റോമിലേ ഉദ്യോഗസ്ഥന്മാർ ഈ അപേക്ഷയെ അത്ര കാര്യമായി പരിഗണിച്ചില്ലത്രേ. തന്നെയുമല്ല, ഉദിയംപേരൂർ സുന്നഹദോസിൽവച്ച പുളിക്കാത്ത അപ്പം ഉപയോഗിച്ചുകൊള്ളാമെന്ന കേരളത്തിലേ സകല ക്രിസ്ത്യാനികളും സമ്മതിച്ചിട്ടുണ്ടെന്നായിരുന്ന റോമിലേ ധാരണ. ഇവയെല്ലാം പുറമെ മാർത്തോമ്മായുടെ ഉദ്ദേശ്യശുദ്ധിയെപ്പററി റോമിന്ന സംശയമുള്ളതായി പ്രസ്തുത മറുപടിയിൽ എഴുതിയുമിരുന്നു. ഈദൃശ സംശയങ്ങളും തെററിദ്ധാരണകളും റോമിലേ അധികാരികൾക്കുണ്ടാകുവാൻ ഇടയായ കാരണം അന്ന കേരളത്തിൽ ഭരിച്ചുകൊണ്ടിരുന്ന ലത്തീൻ മെത്രാന്മാർ നടത്തിയ എഴുത്തുകുത്തുകളായിരുന്നുവെന്നതിന്ന യാതൊരു സംശയവുമില്ല. ഏതായാലും അഞ്ചാം മാർത്തോമ്മായുടെ പുനരൈക്യപരിശ്രമവും പരാജയത്തിൽത്തന്നെ കലാശിക്കയാണുണ്ടായതു്.

## ആറാം മാർത്തോമ്മാ

കത്തോലിക്കാസഭയുമായി പുനരൈക്യം പ്രാപിക്കുന്നതിന്ന യാക്കോബായസഭയിലേ മെത്രാന്മാർ നടത്തിയിട്ടുള്ള പരിശ്രമങ്ങളിൽ അദ്വിതീയമായ ഒരു സ്ഥാനമാണ് ആറാം മാർത്തോമ്മായുടെ അഥവാ വലിയ മാർ ദിവന്നാസ്യോസിൻെറ പുനരൈക്യപരിശ്രമം അർഹിക്കുന്നതു്. ഇവിടത്തെ ലത്തീൻകാരായ വൈദികാധികാരികളുടെ പ്രതികൂലപ്രവർത്തനം നിമിത്തം റോമിൽ നിന്നും വേണ്ട അനുവാദവും ആനുകൂല്യവും ലഭിക്കുന്നതിന്ന സാധിച്ചില്ലെങ്കിലും പരാജയബോധം നിമിത്തം നിരാശയിൽ നിപതിക്കാതെ തുടച്ചയായി അദ്ദേഹം പരിശ്രമിച്ചുകൊണ്ടിരിക്കയാണു ചെയ്തതു്. മെത്രാൻസ്ഥാനം ഏലക്കുന്നതിന്ന മുമ്പും ഏററതിന്നശേഷവും ഇതിന്നുവേണ്ടിയുള്ള അപേക്ഷകൾ അദ്ദേഹം റോമിലേക്കു അയച്ചുകൊണ്ടിരുന്നു. അവയ്ക്കു തൃപ്തികരമായ മറുപടി ലഭിക്കായ്കയാൽ 1778-ൽ ആലങ്ങാട്ടു സ്വദേശിയും അകത്തോലിക്കരുടെ പുനരൈക്യത്തിന്ന വേണ്ടി സ്വജീവൻ പോലും ബലികഴിക്കുന്നതിന്ന സന്നദ്ധനുമായിരുന്ന കരിയാററിൽ ജോസഫ് മല്പാൻ മുഖേന റോമിലേക്ക് അദ്ദേഹം ഒരപേക്ഷകൊടുത്തയക്കയാണുണ്ടായതു്, പ്രസ്തുത അപേക്ഷ അതേവിധം തന്നെ ചുവടേ ഉദ്ധരിച്ചുകൊള്ളുന്നു:—

"ലോകത്തിലുള്ള പള്ളികൾ ഒക്കെയുടേയും മാതാവാകുന്ന എന്ന ശുദ്ധ റോമാപള്ളിയുടെ തലവനാകുന്ന മിശിഹായുടെ സ്ഥാനത്തിലിരിക്കുന്ന എത്രയും ശുദ്ധമാകപ്പെട്ട ഞങ്ങടെ ബാവായും അച്ഛനുമായിരിക്കുന്ന ആറാമത്തെ മാർപീയൂസ് പാപ്പായുടെ തിരുമനസ്സിൽ ബോധിപ്പാൻ എഴുതുന്നതു്:

കെല്പിക്ഷയപ്പെട്ട ദീവിന്നിയാസ്യോസ് മെത്രാപോലീത്തയായ ഞാൻ മുൻപിൽ മലയാളത്തിന്റെ തോമ അപ്പസ്തോലാ എന്ന പെരും കയ്യേററിരുന്നു. ശുദ്ധ റോമാപള്ളിയുടെ വിശ്വാസത്തിൻപുറമെ കിഴക്കിന്നടുത്ത കൽദായ സുറിയാനിക്കാരുടെയും യാക്കോബായക്കാരുടേയും വിശ്വാസത്തിൽ വിശ്വസിച്ചിരുന്നു മുമ്പിൽ കൈക്കൊണ്ടിരുന്ന ചെറിയ പട്ടങ്ങളും വലിയ പട്ടങ്ങളും മെത്രാന്റെ സ്ഥാനവും പട്ടാങ്ങ ഉള്ളതല്ലെന്നു ഞാനറികകൊണ്ടും യാക്കോബായക്കാരൻ മെത്രാപ്പോലീത്തയുടെ കയ്യാലെ പട്ടവും മെത്രാന്റെ സ്ഥാനവും രണ്ടാമതു് ഞാൻ കയ്യേൽക്കുകയും ചെയ്തു. ഇപ്പോൾ തമ്പുരാന്റെ കടാക്ഷത്താലെയും ശുദ്ധ റൊമാപള്ളിയുടെ കൂട്ടത്തിന്റെ അപേക്ഷയാലെയും ശുദ്ധ റൊമാപ്പള്ളിയുടെ വിശ്വാസമത്രെ പട്ടാംങ്ങയുള്ളതാകുന്നുവെന്നും ഈ വിശ്വാസം കൈക്കൊള്ളുന്നില്ല എന്ന ആത്മാവുകൾ ഒക്കെക്കും രക്ഷയില്ലെന്നും പട്ടാംങ്ങയാലെ ഞാനറികകൊണ്ടും കൊടുങ്ങല്ലൂർ രൂപതയുടേയും കൊച്ചി എടവകയുടെയും മെല്പട്ടക്കാരൊടെ എന്റെ മനസ്സ ഞാൻ പരസ്യപ്പെടുത്തി അറിയിക്കുകയും ശുദ്ധ റൊമാപ്പള്ളിയുടെ വിശ്വാസത്തിൽ എന്നെയും എനിക്കു് കീഴ്‌വഴങ്ങിയിരിക്കുന്ന ജനം 50000 പെരൊളം ഉള്ളവരെയും ചെർപ്പിക്കണമെന്നും റൊമ വിശ്വസിച്ചിരിക്കുന്ന പട്ടക്കാരെയും മാപ്പിളമാരെയും പറഞ്ഞയച്ചറിയിച്ചാറെയും ഈ രൂപതയുടെ യജമാനന്മാരു എന്റെ അപേക്ഷ കൈക്കൊണ്ടില്ല എന്നു തന്നെയല്ല മെത്രാപ്പോലീത്താ ആയിരിക്കുന്ന ഞാൻ അൽമെനിയായിരുന്നുകൊണ്ടു് ശുദ്ധ പള്ളിക്കു വഴക്കം ചെയ്യണമെന്നും അവർ പറകയും ചെയ്തു.

ഇതു കേട്ടാറെ ഇടത്തൂട്ടകാരിൽ ഒരുത്തൻ ശുദ്ധ പള്ളിക്കു വഴക്കം ചെയ്വാൻ മനസ്സായാൽ തെളിവോടുകൂടെ അവനെ കൈക്കൊള്ളുവാൻ കാവ്യരെക്കൂടെയും മിശിഹായുടെ പട്ടത്വത്തിൽ വരുത്തുവാനായിട്ടു് അപേക്ഷിച്ച അച്ചസുഖത്തിന്റെ സിംഹാസനത്തിൽനിന്നും യാത്രയാക്കപ്പെട്ട മെല്പട്ടക്കാറരു എന്തുകൊണ്ടു ഈവണ്ണം പറഞ്ഞതെന്ന വിചാരിച്ചാറെ ഇനിക്കു് വളരെ ദുഃഖമാകയും ചെയ്തു. വിശെഷിച്ചു ഈ മെല്പട്ടക്കാറരുടെയും അവരുടെ പാതിരിമാരുടെയും കാരണത്താൽ മലയാളത്തിലുള്ള പട്ടാംങ്ങയുള്ള വിശ്വാസക്കാരർക്കു് ഏറിയ ഉതപ്പുകളും പന്തികളും കുറവുകളും ഉണ്ടാകയും ചെയ്യുന്നു, അതെന്തെന്നാൽ ഒരു മേല്പട്ടക്കാരൻ കെട്ടുന്നത മറെറ മെല്പട്ടക്കാരൻ അഴിക്കുന്നു. ഒരു മെല്പട്ടക്കാരൻ അഴിക്കുന്നത മറെറ മെല്പട്ടക്കാരൻ കെട്ടുന്നു. അവരുടെ അവസ്ഥ തമ്പുരാൻതന്നെ അറിഞ്ഞിരിക്കുന്നു. അങ്ങെ അച്ചസുഖത്തിൽ ഇതൊക്കെയും ബോധിപ്പിപ്പാൻ ഇനിക്കു് വളരെ ശങ്കതന്നെയാകുന്നു. ഇക്കാരണത്താൽ ഞാനും ശുദ്ധ പള്ളിക്കു് വഴക്കമുള്ള മലയാളത്തിലുള്ള പട്ടക്കാരരും വിശ്വാസക്കാരരും കൂടി വിചാരിച്ച ഞങ്ങടെ ആവലാതികളും സങ്കടങ്ങളും

ശുദ്ധ സിംഹാസനത്തിങ്കൽ എത്തിക്കേണ്ടതിന്നു പത്രോസിന്നടുത്ത സിംഹാസനത്തിന്റെ മുഷ്കരത്വത്തിൽനിന്ന് കല്പിച്ചുതരുന്ന ഗുണങ്ങളാലെ ഞങ്ങൾക്കു തണുപ്പും രക്ഷയും ഉണ്ടാകണ്ടിട്ടും ബ. കരിയാററിൽ യവുസേപ്പ് മല്പാനെയും പാറമാക്കൽ തൊമാ കത്തനാരച്ചനെയും ശുദ്ധ സിംഹാസനത്തിങ്കൽ യാത്രയാക്കുന്നു. കാവ്യരാജാവിന്റെ ഇടയിൽ കിടക്കുന്ന ഞങ്ങൾ പാവപ്പെട്ടവരും പിച്ചക്കാരുമാകകൊണ്ടു ഞങ്ങൾ പലരു കൂടി ചിലവിന്നെടുത്ത് കൊടുത്തത്രെ അങ്ങെ അച്ചസുഖത്തിങ്കൽ ഇവരെ യാത്രയാക്കുന്നത. ഇതിനെ കൊണ്ടു കെല്പിക്ഷയപ്പെട്ട മെത്രാപ്പൊലീത്തയായ മിവിന്നിയാസിയോസായ ഞാൻ അങ്ങെ ശുദ്ധതയൊട അപെക്ഷിക്കുന്നതെന്തെന്നാൽ അങ്ങെ സിംഹാസനത്തിങ്കൽ യാത്രയാക്കുന്ന പട്ടക്കാരര അപെക്ഷിക്കുന്ന അപെക്ഷകൾ കൈക്കൊണ്ടു എന്റെ ദൊഷങ്ങളും കുററങ്ങളും പൊക്കി എന്നെയും എന്റെ കിഴിലുള്ള ജനങ്ങളെയും ശുദ്ധ റൊമാപള്ളിയുടെ സഭ കൂട്ടത്തിൽ കൂടി ഒന്നിപ്പിച്ചുകൊള്ളുകയും വിശെഷിച്ചു ഞങ്ങടെ സുറിയാനി പെച്ചുകൾ കുറവുതീത്ത ഞങ്ങളെ പഠിപ്പിക്കണ്ടതിന്ന് നല്ലവണ്ണം സുറിയാനി അറിയാവുന്നവരിൽ നാലു മെല്പാന്മാരെ ഇവരോടുകൂടെ അയയ്ക്കുകയും വെണം. യജമാനന്മാരുടെ കീഴ വഴങ്ങിച്ചെല്ലുന്ന പട്ടാംങ്ങയുള്ള വിശ്വാസക്കാരര ഒക്കെക്കും രക്ഷക്കും പരിപാലനത്തിന്നും ഒരു യജമാനനെ കല്പിക്കയും വെണം. ശെഷം സങ്കടപ്രകാരങ്ങളൊക്കെയും ഞങ്ങളുയക്കുന്ന പട്ടക്കാരര അങ്ങെ അച്ചസുഖത്തിങ്കൽ ബൊധിപ്പിക്കയും ചെയ്യും. അപ്പൊഴൊ അച്ചന്മാരുടെ അച്ചനും എടയന്മാരുടെ എടയനും ആയിരിക്കുന്ന ഞങ്ങടെ ബാവായെ എടയനില്ലാത്ത ആടുകളെപ്പൊലെയും അച്ചനില്ലാത്ത അടിയാരപ്പൊലെയും ഞങ്ങളായിരിക്കകൊണ്ടു ഞങ്ങടെ മെൽ അനുഗ്രഹിച്ചു ഞങ്ങളപെക്ഷിച്ച സഹായങ്ങളൊക്കയും ഞങ്ങൾക്കു ചെയ്തുതരണമെന്നും വീണ്ടും ഞാൻ അപെക്ഷിക്കുന്നു. നന്മ അന്വെഷിച്ചു പുറപ്പെട്ട തെളിവാലെ ദൊഷത്താളരെ തന്റെ ശങ്കകൾ വിളിക്കുന്നുവെന്ന് ഞങ്ങടെ ബാവായെ മിശിഹാ തമ്പുരാന്റെ പങ്കപ്പാടെ കുറിച്ചും കുരിശുമരണത്തെക്കുറിച്ചും മലയാളത്തിലുള്ള ആരുമൊരുമില്ലാത്ത ജനങ്ങളായിരിക്കകൊണ്ടു ഞങ്ങടെ അപെക്ഷ കൈക്കൊണ്ടു ഞങ്ങടെ ദൊഷങ്ങളെ പൊക്കി ഞങ്ങളെ രക്ഷിക്കുകയും ചെയ്യണമെന്ന ഞങ്ങൾ അപെക്ഷിക്കുന്നു.

൯൫൩-ാം കാലം മീനം ൧൯ൻ എഴുതി (1778 മീനം 19)

ആറാം മാർത്തോമ്മായുടെ മേലുദ്ധരിച്ച അപേക്ഷയുംകൊണ്ടു പാറേമ്മാക്കൽ തോമ്മാക്കത്തനാരും, കരിയാററിൽ ജോസഫ് മല്പാനും കൂടി റോമിലേയ്ക്കു പോകുകയും, മാർപ്പാപ്പായെ സന്ദർശിച്ച് അപേക്ഷ സമർപ്പിക്കയും ചെയ്തു. റോമിൽനിന്നും ഇതുസംബന്ധിച്ചുള്ള അന്വേഷണങ്ങൾ നടത്തിയശേഷം ആറാം മാർത്തോമ്മായേയും ജനങ്ങളേയും കത്തോലിക്കാസഭയിലേക്കു സ്വീകരിക്കുന്നതിനുള്ള അധികാരത്തോടുകൂടെ മെത്രാൻപട്ടവും നല്കി ജോസേഫ് മെത്രാനെ കേരളത്തിലേയ്ക്കു അയയ്ക്കുകയുണ്ടായി. പക്ഷേ, ഗോവയിൽ എത്തിയശേഷം

നിർഭാഗ്യവശാൽ അദ്ദേഹം അവിടെ വെച്ചു് മരണം പ്രാപിക്കയാണു ണ്ടായതു്. തൻമൂലം ആറാം മാർത്തോമ്മായുടെ പുനരൈക്യത്തിനു കാലവിളംബം നേരിട്ടു.

പഴയകൂർ സമുദായനേതാവും ഒരു വമ്പിച്ച ധനാഢ്യനുമായിരുന്ന തച്ചിൽ മാത്തുതരകൻെറ പ്രേരണയോടും സഹായത്തോടും കൂടെ ആറാം മാർത്തോമ്മാ വീണ്ടും പുനരൈക്യപരിശ്രമങ്ങൾ നടത്തിക്കൊണ്ടിരുന്നു. തൽഫലമായി 1799 ജൂൺ 22-ാംനു- ആലപ്പുഴ തത്തംപള്ളി കത്തോലിക്കാദൈവാലയത്തിൽ വെച്ചു് അദ്ദേഹം കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുകയും അനന്തരം ആറു മാസത്തോളം അവിടെ താമസിച്ചു വി. കർബാന അർപ്പിക്കയും ചെയ്തു. തദവസരത്തിൽ തൻെറ കീഴിലുള്ള സുറിയാനിക്കാരുടെമേൽ ഭരണാധികാരം ലഭിക്കുന്നതിനുവേണ്ടി അദ്ദേഹം അശ്രാന്തം പരിശ്രമിച്ചുകൊണ്ടുമിരുന്നു. പക്ഷേ അദ്ദേഹത്തിൻെറ അഭിലാഷാനുസാരം ഭരണാധികാരം നല്കുന്നതിനു കൊച്ചീമെത്രാൻ വിസമ്മതം പ്രകടിപ്പിച്ചതിനാൽ നിരാശനായിത്തീന്ന മാർത്തോമ്മായും അനുചരന്മാരും കത്തോലിക്കാസഭയെ ഉപേക്ഷിച്ചു തത്തംപള്ളിയിൽ നിന്നും മടങ്ങി പുത്തൻകാവിൽ എത്തിത്താമസിച്ചു് അവിടെ ഒരു ദൈവാലയം പണിയിക്കുകയും 1808-ൽ നിര്യാണമടയുകയും അവിടെത്തന്നെ സംസ്കരിക്കപ്പെടുകയും ചെയ്തു.

## ചേപ്പാട്ടു മാർ ദിവന്നാസ്യോസ്

ക്രിസ്ത്വാബ്ദം 1825 മുതൽ 1853 വരെ കേരളത്തിലെ യാക്കോബായക്കാരെ ഭരിച്ചുകൊണ്ടിരുന്ന ചേപ്പാട്ടു മാർ ദിവന്നാസ്യോസു മെത്രാപ്പോലിത്തായും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിനുള്ള ആലോചനകൾ നടത്തിക്കൊണ്ടിരുന്നു. തന്നേയും തൻെറ കീഴിലുള്ള ജനങ്ങളേയും കത്തോലിക്കാസഭയിൽ സ്വീകരിക്കണമെന്നു കാണിച്ചുകൊണ്ടുള്ള ഏതാനും എഴുത്തുകൾ വരാപ്പുഴ മെത്രാപ്പോലീത്തായ്ക്കു് അദ്ദേഹം അയയ്ക്കുകയുണ്ടായി. തൻെറ അവകാശത്തേയും അധികാരത്തേയും അവഗണിച്ചു കൊണ്ടു് അന്തോക്യാപാത്രിയക്കീസു നടത്തിയ പ്രവത്തനങ്ങൾ നിമിത്തമുണ്ടായ സങ്കടവും, പ്രോട്ടസ്റ്റൻറ മിഷ്യനറിമാരുടെ പ്രവത്തനഫലമായി തൻെറ കീഴിലുള്ള ക്രൈസ്തവരുടെ വിശ്വാസത്തിനു ക്ഷതം സംഭവിക്കുമോ എന്നുള്ള ഭയവും ആയിരുന്നു മാർ ദിവന്നാസ്യോസിനെ കത്തോലിക്കസഭാപുനരൈക്യത്തിനു പ്രധാനമായിപ്രേരിപ്പിച്ചതു്. പക്ഷേ, മേല്പട്ടക്കാരൻ എന്നാ നിലയിൽ

മാർ ദിവന്നാസ്യോസിനെ കത്തോലിക്കാസഭയിലേക്കു സ്വീകരിക്കുവാൻ നിവൃത്തിയില്ല എന്ന മറുപടി വരാപ്പുഴ മെത്രാപ്പോലീത്തായിൽ നിന്നും ലഭിക്കുകയാലും, ഒരു അയ്മേനിയായി കത്തോലിക്കാസഭയിൽ പ്രവേശിക്കുന്നതിനുള്ള ധൈര്യത്തിൻെറ അഭാവത്താലും ചേപ്പാട്ട മാർ ദിവന്നാസ്യോസും പുനരൈക്യപരിശ്രമത്തിൽ നിന്നും പിൻതിരിയുക യാണുണ്ടായതു്.

## പുലിക്കോട്ട മാർ ദിവന്നാസ്യോസ്

1866 മുതൽ 1909 വരെ യാക്കോബായസഭാഭരണം നിർവ്വഹിച്ചു കൊണ്ടിരുന്ന പുലിക്കോട്ട മാർ ദിവന്നാസ്യോസിൻെറ കാലത്തു പൂർവ്വാധികം ശക്തിമത്തായ പുനരൈക്യപരിശ്രമങ്ങൾ നടത്തുകയുണ്ടായി. കുറവിലങ്ങാട്ട സ്വദേശിയും പാണ്ഡിത്യം, നയതന്ത്രജ്ഞത, വേദ പ്രചാരാസക്തി എന്നിവയിൽ പഴയകൂറുകാരായ കത്തോലിക്കുവൈദി കന്മാരിൽ പലരേയും അതിശയിക്കത്തക്ക നിലയിൽ എത്തിയിരുന്ന ദേഹവുമായ നിധിയിരിക്കൽ മാണിക്കത്തനാരുടെ പ്രേരണയും പ്രോത്സാഹനവും നിമിത്തമായിരുന്നു പുലിക്കോട്ടതിരുമേനി ഇതിനു ഉദ്യുക്തനായതു്. പുത്തൻകൂറുകാരുടെയും പഴയകൂറുകാരുടെയും ബാഹ്യവും ആഭ്യന്തരമായ അഭിവൃദ്ധിയ്ക്കും തദ്വാരാ, കത്തോലിക്കാപുനരൈക്യ ത്തിനും സാഹായകമായി "ജാത്യൈക സംഘം" എന്നപേരിൽ ഒരു സംഘം അവർ സ്ഥാപിക്കയും പ്രസ്തുത സംഘത്തിൻെറ ആഭിമുഖ്യത്തിൽ കോട്ടയത്തു 15 ഏക്കർ സ്ഥലം എഴുതി വാങ്ങിക്കുകയും ചെയ്തു. അനന്തരം മാണിക്കത്തനാരോടും കട്ടക്കയത്തിൽ ചാണ്ടിക്കത്തനാരോട്ട മൊന്നിച്ചു മാർ ദിവന്നാസ്യോസ് ഉട്ടാക്കമെണ്ടിൽപോയി മാർപ്പാപ്പായുടെ ഇന്ത്യയിലേ ഡെലിഗെററായിരുന്ന മോൺ. അയൂത്തിയെ സന്ദർശിച്ചു. മോൺ. അയൂത്തി അവരെ സബഹുമാനം സ്വീകരിക്കുകയും പുനരൈക്യവിഷയകമായ പല കാര്യങ്ങൾ സംസാരിക്കയും ചെയ്തു. കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുവാൻ താൻ സന്നദ്ധനാണെന്നും, മാർ മാത്യൂസ് അത്താനാസ്യോസുമായി അക്കാലത്തു നടത്തിക്കൊണ്ടിരുന്ന പഴയസെമ്മിനാരിക്കേസിൻെറ വിധി തനിക്കു ഗുണമായിരുന്നാലും ദോഷമായിരുന്നാലും ഈ നിശ്ചയത്തിൽനിന്നും താൻ വ്യതിചലിക്കുന്നതല്ലെന്നും പുലിക്കോട്ട മാർ ദിവന്നാസ്യോസ് അവിടെ വെച്ചു വാഗ്ദത്തം ചെയ്യുകയുണ്ടായി. പക്ഷേ, സെമ്മിനാരിക്കേസിൽ അനുകൂലമായ വിധിയുണ്ടാകയും യാക്കോബായസഭയുടെ യഥാർത്ഥ ഭരണാധികാരിയായിത്തീരുകയും ചെയ്തപ്പോൾ പള്ളികളും മററു സ്ഥാപ

നങ്ങളും കൈവിടേണ്ടിവരുമെന്നുള്ള ഭയംനിമിത്തം കത്തോലിക്കാ പുനരൈക്യത്തിൽ നിന്നും അദ്ദേഹം പിന്മാറുകയാണുണ്ടായതു്. അങ്ങനെ ആ പുനരൈക്യപരിശ്രമവും അവസാനം പരാജയമടഞ്ഞു.

## മാർ സേവേറിയോസ്

1909-ൽ കേരളത്തിൽ വന്ന അബ്ദുള്ളാ പാത്രിയക്കീസിൽ നിന്നും മെത്രാഭിഷേകം സ്വീകരിച്ചു കേരളത്തിലേ ക്നാനായ യാക്കോബായക്കാരെ ഭരിച്ചുകൊണ്ടിരുന്ന മാർ സേവേറിയോസ് മെത്രാപ്പോലീത്താ കോട്ടയത്തുവച്ചു ചൂളപ്പറമ്പിൽ മാർ അലക്സാണ്ടർ തിരുമേനിയുമായി കത്തോലിക്കാപുനരൈക്യസംബന്ധമായ ആലോചനകൾ നടത്തുകയുണ്ടായി. ഇതു സംബന്ധിച്ചു നടന്ന ആലോചനയെപ്പററി മാർ ചൂളപ്പറമ്പിൽ തിരുമനസ്സുകൊണ്ടു് അയച്ച ഒരു കല്പനയിൽ ഇപ്രകാരമാണു രേഖപ്പെടുത്തിയിരുന്നതു്:—

"ഈ യോജിപ്പിനെപ്പററി അവരുടെ പട്ടക്കാരും ജനങ്ങളും തമ്മിൽ തമ്മിൽ മാത്രമല്ല അവരുടെ വൈദികമേലദ്ധ്യക്ഷനേയും പറഞ്ഞു മനസ്സിലാക്കുകയും, ഞങ്ങൾ തമ്മിൽ ഒരു കൂടിക്കാഴ്ച നടക്കത്തക്ക നിലയിൽ വരുത്തുകയും, അദ്ദേഹത്തെ നാം പോയി ആദ്യം സന്ദർശിക്കുകയും പിന്നീടു് അദ്ദേഹത്തെ ഇവിടെ നാം സ്വീകരിക്കുകയും, അദ്ദേഹത്തിൽ നിന്നും കിട്ടിയ ഉറപ്പു അടിസ്ഥാനമാക്കി അവരുടെ ചില പള്ളിക്കാരെ നാം പോയി കാണുകയും, കൂട്ടമായും തനിച്ചും ഇക്കാര്യം പറയുകയും, അവരെ മനസ്സുവരുത്തുകയും അവരുടെ ആളുകളിൽതന്നെ ആലോചന മുറുക്കുകയും ചെയ്തു. ഇതിനു ചില വിപരീതങ്ങളും എതിരഭിപ്രായങ്ങളും അങ്ങുമിങ്ങും ഇല്ലാതില്ല. ........................ പലയിടങ്ങളിലായി പലരും സത്യവിശ്വാസം സ്വീകരിച്ചു വരുന്നു. ഒരു പട്ടക്കാരനും ഒരു ശെമ്മാശനും സത്യസഭയിൽ ചേർന്നുകഴിഞ്ഞു". (1921 നവംബർ 21-ാം തീയതി പുറപ്പെടുവിച്ച കല്പന)

പക്ഷേ, എന്തു കാരണവശാലോ പ്രതീക്ഷിച്ചിരുന്നതു പോലെ മാർ സേവേറിയോസ് തിരുമേനിയുടെ പുനരൈക്യാലോചനകളും പ്രവൃത്തിപഥത്തിൽ വരുകയുണ്ടായില്ല.

## കണ്ടനാട്ടു മാർ ഈവാനിയോസു

യാക്കോബായസഭയിലെ മേലദ്ധ്യക്ഷന്മാരിൽ ഒരുവനായിരുന്ന കണ്ടനാട്ടു യൂയാക്കിം മാർ ഈവാനിയോസ് തിരുമേനിയും കത്തോ

ലിക്കാപുനരൈക്യത്തിനായി അതിയായി ആഗ്രഹിക്കുകയും അതിനു വേണ്ടി അശ്രാന്തം പ്രവൎത്തിക്കയും ചെയ്ത ഒരു ദേഹമായിരുന്നു. കത്തോലിക്കാസഭാംഗമായി തീരുവാൻ നിശ്ചയിച്ചു കൊണ്ടു് എറണാകുളത്തേക്കു് അദ്ദേഹം യാത്ര പുറപ്പെട്ട വിവരവും അതിനിടയ്ക്കുണ്ടാക്കിയ പ്രതിബന്ധവും വിശദീകരിച്ചു കൊണ്ടു അദ്ദേഹത്തിന്റെ സഹോദരപുത്രനും ഏതാനും വൎഷങ്ങൾക്കു മുമ്പു കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ട ദേഹവുമായ സൈമൺ ഡി കരോട്ടു കോർ എപ്പിസ്കോപ്പാ അവർകൾ എഴുതിയിരുന്ന ലേഖനത്തിലെ ഒരു ഭാഗം ചുവടേ ഉദ്ധരിച്ചുകൊള്ളുന്നു:—

“സുറിയാനിഭാഷയിൽ പണ്ഡിതനായിരുന്ന തിരുമേനി യാക്കോബായക്കാർ കൈക്കൂപ്പി സമ്മതിക്കുന്ന ഹൂദായ കാനോനിൽ “റീശ് പാത്രിയാൎക്കീസ്സി”നെപ്പറ്റി പറയുന്ന ഭാഗമാണു് ഏറ്റവും പ്രധാനമായി ഉന്നയിച്ചിരുന്ന വാദമുഖം. തിരുമനസ്സിലെ സ്വന്തം കയ്യക്ഷരത്തിൽ ആ ഭാഗങ്ങൾ മലയാളത്തിൽ വിവൎത്തനം ചെയ്തു് എഴുതി ഒപ്പും മുദ്രയും വെച്ചിട്ടുള്ള ഒരു പുസ്തകം എന്റെ പക്കൽ ഉണ്ടു്. റോമാ പാത്രിയൎക്കീസിന്റെ “റീശാ ഉ റാബോ” (തലവനും നേതാവും) എന്ന സ്ഥാനം സമ്മതിച്ചു കൊടുക്കേണ്ട അത്യാവശ്യത്തെപ്പറ്റി തിരുമേനിക്കു സുദൃഢമായ അഭിപ്രായമുണ്ടായിരുന്നു.

രണ്ടാമതായി തിരുമനസ്സുകൊണ്ടു് പലപ്പോഴും ശക്തിയായി കല്പിച്ചിരുന്ന കാര്യം “യാക്കോബായ ആരാധനക്രമങ്ങളിൽ നിന്നും വി. പത്രോസിന്റെ പരമാധികാരം, റോമ്മാസിംഹാസനം ആദിയായ വിഷയങ്ങൾ പ്രസ്പഷ്ടമായി തെളിയിക്കുവാൻ സാധിക്കും” എന്നുള്ളതത്രേ. തിരുമനസ്സിലെ ഈ അഭിപ്രായങ്ങൾ പ്രബലപ്പെട്ടതിന്റെ ഫലമായി 1098-ൽ അന്നു കണ്ടനാട്ടു കത്തോലിക്കാ പള്ളിവികാരിയായിരുന്ന ബ. തോട്ടുങ്കൽ അച്ചനുമായി പുനരൈക്യത്തിനുള്ള ആലോചനകൾ ആരംഭിച്ചു- അന്നു് ഇൻഡ്യയുടെ ഡെലിഗേറ്റ് തിരുമനസ്സിലെ സെക്രട്ടറിയായിരുന്ന കണ്ടനാട്ടു സ്വദേശിയും എറണാകുളം അതിരൂപതയിലെ ഒരു വൈദികനും ആയിരുന്ന പൈനാങ്കൽ റവ. ഫാദർ ജോസഫ് പി. എച്ച്. ഡി, ഡി.ഡി. യെ വരുത്തി എറണാകുളം അതിരൂപതാമെത്രാപ്പോലീത്താ നി. വ. ദി. മ. ശ്രീ മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സിലെ ആലോചനയോടുകൂടെ പുനരൈക്യപ്രശ്നം സംബന്ധിച്ചു് അത്യാവശ്യം വേണ്ട സകല കാൎയ്യങ്ങളും തിരുമേനി ശരിപ്പെടുത്തുകയുണ്ടായി. എറണാകുളം അരമനയിൽ ചെന്നു സത്യപ്രതിജ്ഞ നടത്തേണ്ട ദിവസവും സമയവും കൂടെ നിശ്ചയിച്ചുകഴിഞ്ഞു. ഈ സംഗതി മനസ്സിലാക്കിക്കൊണ്ടിരുന്ന ഞാൻ തിരുമേനിയെ പ്രസ്തുത ഉദ്യമത്തിൽനിന്നും പിന്തിരിപ്പിക്കുന്നതിനു് പഠിച്ച പണി പതിനെട്ടും നോക്കി. വളരെ ശക്തിയായി തിരുമേനിയുടെ അഭിപ്രായങ്ങളെ ഞാൻ എതിൎത്തുകൊണ്ടിരുന്നു. ന്യായങ്ങൾ കൊണ്ടു തിരുമേനിയെ മടിപ്പിക്കുവാൻ കാൎയ്യമായി എനിക്കു് ഒന്നുമല്ലായിരുന്നുവെ

ങ്കിലും ബാഹ്യമായ പല സംഗതികൾ പറഞ്ഞാണു ഞാൻ ശ്രമിച്ചുകൊണ്ടിരുന്നതു്. പക്ഷെ, നേരെയുള്ള വഴിക്കു സാദ്ധ്യമല്ലെന്നു കണ്ടതിനാൽ ഒരു ചതിവുതന്നെ പ്രയോഗിച്ചു തിരുമേനിയെ തടയണമെന്നു തീരുമാനിക്കത്തക്കവണ്ണം അന്നു് അതികഠിനമായ പ്രതിഷേധം എനിക്കു് അക്കാര്യത്തിൽ ഉണ്ടായിരുന്നു. കാരണം, കത്തോലിക്കാസഭയോടു് അത്രമാത്രം വെറുപ്പും വിരോധവുമാണു് എനിക്കു് അന്നുണ്ടായിരുന്നതു്.

അന്നു ശെമ്മാശനായിരുന്ന മൂക്കാഞ്ചേരിൽ ബ. പത്രോസ് റമ്പാച്ചനെ വരുത്തി എന്റെ ആശയഗതികൾ അദ്ദേഹത്തെ മനസ്സിലാക്കി. എറണാകുളം അരമനയിൽനിന്നും കാർ അയയ്ക്കാമെന്നും, പിറേറദിവസം അതിരാവിലെ അവിടെ എത്തിക്കൊള്ളാമെന്നുമാണു നിശ്ചയിച്ചുറപ്പിച്ചതെന്നു ഞങ്ങൾ മനസ്സിലാക്കി. കാറിൽ കരവഴി പോകുന്നതു് ഉദ്ദേശസാദ്ധ്യത്തിനു തടസ്സമായിത്തീരുമെന്നും, ആളുകൾ വളരെ ബഹളമുണ്ടാക്കുകയും തടയുകയും ചെയ്യാൻ സംഗതി ആയേക്കുമെന്നും, രാത്രിയിൽ ഒരു നല്ല വള്ളത്തിൽ എറണാകുളത്തിനു പോകുന്നുവെങ്കിൽ വളരെ ശാന്തമായി നിർദ്ദിഷ്ടസ്ഥാനത്തും സമയത്തും എത്തുവാൻ സാധിക്കുമെന്നും മററും തിരുമേനിയെ—സാധുവും പരമാർത്ഥിയുമായ ആ തിരുമേനിയെ—വളരെ തന്മയത്വത്തോടെ പറഞ്ഞു ധരിപ്പിച്ചു. നിഷ്കളങ്കനായ തിരുമേനി അതു് അപ്പാടെ വിശ്വസിക്കുകയും, അതിനു സമ്മതിക്കുകയും ചെയ്തു. ഉടൻതന്നെ നല്ല ഒരു വള്ളവും ഞങ്ങൾ ഏർപ്പാടു ചെയ്തു. അങ്ങനെ അത്താഴമേശ കഴിഞ്ഞു സകല സാധനസാമഗ്രികളോടുംകൂടി ഞങ്ങൾ വള്ളത്തിൽ കയറി. പരുമല സിമ്മനാരിയിലേയ്ക്കു് വള്ളം വിടുവാൻ വള്ളക്കാരനെ തിരുമേനി അറിയാതെ രഹസ്യമായി ചട്ടം കെട്ടുകയും ചെയ്തു. പതിവിലധികം സുഖമായി തിരുമേനി ആ രാത്രിയിൽ ഉറങ്ങി. വെളുപ്പിനു മൂന്നുമണി ആയപ്പോൾ പതിവുപോലെ പ്രഭാതപ്രാർത്ഥനയ്ക്കു് തിരുമനസ്സുകൊണ്ടു് ഉണർന്നു് എന്നെ വിളിച്ചു. നടുപ്പന്നകം മാററി മുഖം കഴുകിക്കൊണ്ടിരുന്നപ്പോൾ കരയിലേക്കു നോക്കിക്കൊണ്ടു "ഇതു് വൈക്കം അടുത്തുള്ള ചെമ്മനാകരി എന്ന സ്ഥലമല്ലേ? എറണാകുളത്തിനു പോകുന്നതിനു ഇങ്ങനെ തെക്കോട്ടു പോകുന്നതെന്തിനാണു്?" എന്നു ചോദിച്ചു. ഉടനെ വളരെ ശക്തിയായും നിർബന്ധമായും എറണാകുളത്തു പോകുന്നതിലുള്ള തടസ്സങ്ങൾ പറഞ്ഞിട്ടു പരുമല സെമ്മിനാരിയിലേക്കു പോകയാണെന്നു തുറന്നു പറഞ്ഞു. തിരുമനസ്സുകൊണ്ടു് വാവിട്ടു കരഞ്ഞുകൊണ്ടു് "നിങ്ങളുടെ എല്ലാം ഇഷ്ടംപോലെ ആകട്ടെ" എന്നു കല്പിക്കയും ചെയ്തു. അന്നുമുതൽ തിരുമനസ്സിലേയ്ക്കു് പ്രത്യേകം മനസ്സുഖമില്ലായ്മയും രോഗപീഡകളും വർദ്ധിച്ചു. മൂന്നുകൊല്ലം തുടർന്നു് പരുമല സെമിനാരിയിൽ തിരുമേനി താമസിച്ചു. ....... ശാശ്വതമായ ആത്മസൗഭാഗ്യം സിദ്ധിച്ചു നിർവൃതി നേടുന്നതിനു തിരുസഭാപുനരൈക്യം അത്യന്താപേക്ഷിതമായ ഒരു കാര്യമാണെന്നു് ആത്മാർത്ഥമായി വിശ്വസിച്ചിരുന്ന ഒരു പുണ്യദേഹമായിരുന്നു വന്ദ്യതിരുമനസ്സുകൊണ്ടു്. ഈ സുവിശ്വാസത്തിൽ തന്നെയാണു് തിരുമേനി കാലധർമ്മം പ്രാപിച്ചിട്ടുള്ളതു്."

(സത്യസഭാകാഹളം വിശേഷാൽ പ്രതി പുറം 54—56)

# വിജയമകുടം ചൂടിയ പുനരൈക്യപരിശ്രമം

"ഒരരിശത്തിനു് ആററിൽ ചാടിയാൽ ഏഴരിശത്തിനു കരയ്ക്കു കയറാൻ സാധിക്കുകയില്ല" എന്ന പിതാക്കന്മാരുടെ പഴഞ്ചൊല്ലു പരമാൎത്ഥമാണെന്നു കേരളത്തിലേ പുത്തൻകൂർ സഹോദരങ്ങൾ ദീർഘകാലം നടത്തിയിട്ടുള്ള പുനരൈക്യപരിശ്രമങ്ങളും അവയോരോന്നിനും ഉണ്ടായിട്ടുള്ള പരാജയചരിത്രവും തെളിയിക്കുന്നു. ഒന്നാം മാർത്തോമ്മാ മുതൽ കണ്ടനാട്ടു മാർ ഈവാനിയോസു മെത്രാപ്പോലീത്താ വരെയുള്ള ഒട്ടനേകം മെത്രാപ്പോലീത്തന്മാരും, വൈദികരും, അയ്മേനിപ്രമുഖരും നടത്തിയിട്ടുള്ള പരിശ്രമങ്ങളിൽ ഒന്നു പോലും വിജയപ്രാപ്തിയിൽ എത്തുകയുണ്ടായിട്ടില്ല എന്നുള്ളതു സങ്കടകരമായ പരമാൎത്ഥമത്രേ. ആറാം മാർത്തോമ്മാ 1799-ൽ കത്തോലിക്കാസഭയെ ആശ്ലേഷിച്ചുവെങ്കിലും, ആറുമാസം കഴിഞ്ഞപ്പോൾ ഭരണാധികാരം ലഭിക്കായ്കയാൽ കത്തോലിക്കാസഭയെ ഉപേക്ഷിച്ചു യാക്കോബായസഭാമേലദ്ധ്യക്ഷനായിത്തീരുകയാണു ചെയ്തതു്. പക്ഷേ, കൂട്ടത്തോടു കൂടെയുള്ള പുനരൈക്യം സാധിതപ്രായമായില്ലെങ്കിലും യാക്കോബായസഭയിലേ വൈദികന്മാരും അയ്മേനികളും അവിടവിടെ വ്യക്തികളായി കത്തോലിക്കാസഭയെ ആശ്ലേഷിച്ചുകൊണ്ടാണിരുന്നതു് എന്നവാസ്തവം ഇവിടെ ഗോപനം ചെയ്യുന്നില്ല.

എന്നാൽ ബഥനിയുടെ മാർ ഈവാനിയോസു മെത്രാപ്പോലീത്താ യാക്കോബായസഭയിലേ മെത്രാൻകക്ഷിയിൽപ്പെട്ട മെത്രാന്മാരുടെ സുന്നഹദോസിലേ തീരുമാനമനുസരിച്ചു് 1924—1930 വരെ നടത്തിക്കൊണ്ടിരുന്ന പുനരൈക്യപരിശ്രമങ്ങൾ അവസാനം വിജയമകുടം ചൂടുകതന്നെ ചെയ്തു. റോമാമാർപ്പാപ്പായുടെ ഭരണത്തിൻകീഴിലുള്ള അന്ത്യോക്യയിലേ റഹമാനി പാത്രിയക്കീസിൻെറ കീഴിൽ കത്തോലിക്കാ പുനരൈക്യം പ്രാപിക്കുന്നതിനുള്ള എഴുത്തുകുത്തുകളായിരുന്നു ആദ്യത്തേ രണ്ടുവർഷക്കാലം അദ്ദേഹം നടത്തിക്കൊണ്ടിരുന്നതു്. അന്ത്യോക്യൻ റീത്തനുസരിച്ചുള്ള കുർബാനതക്സാ, കൂദാശക്രമങ്ങൾ, നമസ്കാരക്രമം എന്നിവയെല്ലാം ഇതിലേക്കായി വരുത്തി പ്രത്യേകം പരിശോധന നടത്തിക്കൊണ്ടുമിരുന്നു. പക്ഷേ, മാർപ്പാപ്പായുടെ നേരിട്ടുള്ള ഭരണത്തിൻകീഴിൽ ഇരിക്കുന്നതാണു് ഇവിടത്തേ ക്രൈസ്തവരുടെ ബാഹ്യവും ആഭ്യന്തരവുമായ അഭിവൃദ്ധിയ്ക്കു് ഏററം പ്രയോജനകരമെന്നുള്ള യാ

യാക്കോബായസഭയിലെ പല പ്രമുഖന്മാരുടേയും അഭിപ്രായമനുസരിച്ചു റോമിലേക്കു നേരിട്ടു എഴുത്തുകുത്തുകൾ നടത്തുന്നതിലാണു് മാർ ഈവാനിയോസ് തിരുമനസ്സുകൊണ്ടു് പിന്നീടു് ഉദ്യുക്തനായതു്.* തൽഫലമായി മലങ്കര സുറിയാനിറീത്തു അനുവദിച്ചു കിട്ടുകയും മെത്രാൻ കക്ഷിയിൽപ്പെട്ട മെത്രാന്മാരെയും, വൈദികന്മാരെയും, അയ്മേനികളേയും കത്തോലിക്കാസഭയിലേക്കു സ്വീകരിക്കുന്നതിനുള്ള അനുവാദം ഇൻഡ്യയിലെ അന്നത്തെ ഡെലിഗേററായിരുന്ന മോൺ. എഡ്വേർഡ് മൂണി തിരുമനസ്സിലേക്കു ലഭിക്കുകയും ചെയ്തു. പക്ഷേ, സമുദായക്കേസിന്റെ വിധി ഇതിനകം തങ്ങൾക്കനുകൂലമായിത്തീരുകയാൽ പുനരൈക്യത്തിനു സമ്മതിച്ചിരുന്ന മെത്രാന്മാരിൽ പലരും പിൻവലിയുകയാണുണ്ടായതു്. എങ്കിലും മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും മാർ തീയോഫിലോസ് എപ്പിസ്ക്കോപ്പായും കത്തോലിക്കാസഭാപുനരൈക്യത്തിനായി ധൈര്യപൂർവ്വം മുമ്പോട്ടു വരുകയാണുണ്ടായതു്. ഇതു സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ഈ ഗ്രന്ഥത്തിന്റെ 154—158 വരെയുള്ള പുറങ്ങളിൽ സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതാണല്ലോ.

1930-സെപ്റ്റംബർ 20-ാം തീയതി കൊല്ലത്തുവെച്ചു് ഡോക്ടർ ബൻസിഗർ തിരുമേനിയുടെ മുമ്പാകെ മാർ ഈവാനിയോസ്, മാർ തിയോഫിലോസ് എന്നീ അഭിവന്ദ്യതിരുമേനിമാരും, ഫാദർ ജോൺ, അലക്സാണ്ടർ ശെമ്മാശൻ, കിളിയിലേത്തു ചാക്കോ എന്നിവരും വിശ്വാസപ്രതിജ്ഞ ചെയ്തു് കത്തോലിക്കാസഭാപുനരൈക്യം പ്രാപിച്ചു. അങ്ങനെ കേരളത്തിലെ പുത്തൻകൂർ സുറിയാനിക്കാരായ പിതാക്കന്മാർ ഇക്കഴിഞ്ഞ മുന്നൂറു വർഷക്കാലം ഏതൊന്നിനുവേണ്ടി നിസ്സ്വാർത്ഥം അഭിലഷിക്കുകയും അശ്രാന്തം പരിശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്നുവോ ആ പുനരൈക്യപ്രസ്ഥാനശിശു കേരളക്കരയിൽ സംജാതമാകുകയും ചെയ്തു.

---

* ഇതുസംബന്ധിച്ചുള്ള സകല രേഖകളും അടുത്തുതന്നെ പ്രസിദ്ധപ്പെടുത്തുവാനിരിക്കുന്ന "ആർച്ചുബിഷപ്പു മാർ ഈവാനിയോസ്" എന്ന ജീവചരിത്രഗ്രന്ഥത്തിൽ ചേർക്കുന്നതായിരിക്കും. (ഗ്രന്ഥത്തിൽ)

അദ്ധ്യായം 28

# വിശ്വവിഖ്യാതമായ പുനരൈക്യപ്രസ്ഥാനം

ആയിരത്തിത്തൊള്ളായിരത്തിമുപ്പതു സെപ്റ്റംബർ ഇരുപതാം തീയതി സംജാതമായ പുനരൈക്യപ്രസ്ഥാനശിശുവിന് ഇക്കഴിഞ്ഞ കാൽശതാബ്ദത്തിനുള്ളിൽ ഉണ്ടായിട്ടുള്ള വളർച്ച ആരെയും അത്ഭുതപരതന്ത്രരാക്കിത്തീർക്കുന്നതാണ്. അഞ്ചുപേരിൽ മാത്രമാണ് ആരംഭിച്ചതെങ്കിലും എൺപതിനായിരത്തിൽപരം ജനങ്ങളെ ഉൾക്കൊള്ളുന്ന ഒരു വമ്പിച്ച സംഘടനയായി പുനരൈക്യപ്രസ്ഥാനം ഇപ്പോൾ രൂപം പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. വൈദികന്മാർ, കന്യാസ്ത്രീകൾ ആശ്രമങ്ങൾ, മഠങ്ങൾ, ദൈവാലയങ്ങൾ, മിഷ്യൻ കേന്ദ്രങ്ങൾ, വിദ്യാലയങ്ങൾ, പരോപകാരസ്ഥാപനങ്ങൾ, വിവിധ സംഘടനകൾ എന്നിവയിലെല്ലാം വിസ്മയാവഹമായ അഭിവൃദ്ധിയത്രേ ഇതിനകം ഈ പ്രസ്ഥാനത്തിനുണ്ടായിട്ടുള്ളതു്. ലോകമെങ്ങുമുള്ള പത്രങ്ങൾ, മാസികകൾ പ്രസിദ്ധീകരണങ്ങൾ എന്നിവ വഴിയായും, പുനരൈക്യപ്പെട്ട അഭിവന്ദ്യ തിരുമേനിമാർ വിവിധ സന്ദർഭങ്ങളിലായി നടത്തിയ ഭൂലോകപര്യടനം മുഖേനയും കേരളത്തിലേ പുനരൈക്യപ്രസ്ഥാനം വിശ്വവിഖ്യാതമായിത്തന്നെ തീർന്നുകഴിഞ്ഞിരിക്കുന്നു. "ഇരുപതാംനൂററാണ്ടിൽ കത്തോലിക്കാസഭയിൽ ഉണ്ടായിട്ടുള്ളതിലേക്കും വലുതായ മിഷ്യൻപ്രസ്ഥാനമാണ് കേരളത്തിലേ പുനരൈക്യപ്രസ്ഥാനം" എന്ന് മാർപ്പാപ്പായുടെ ഇൻഡ്യയിലേ ഡെലിഗേററായിരുന്ന മോൺ. പീററർ കേർക്കിൽസ് തിരുമനസ്സുകൊണ്ടു് മുക്തകണ്ഠം പ്രശംസിക്കത്തക്കവിധം അത്രമാത്രം പ്രസിദ്ധിയത്രേ കത്തോലിക്കാലോകത്തിൽ ഈ പ്രസ്ഥാനം സമാർജ്ജിച്ചു കഴിഞ്ഞിരിക്കുന്നതു്.

## അഭിവന്ദ്യ തിരുമേനിമാർ

യാക്കോബായ—ഓർത്തഡോക്സ് സഭകളിലേ മേലദ്ധ്യക്ഷന്മാരായിരുന്ന നാലു് അഭിവന്ദ്യതിരുമേനിമാർ ഇതിനകം കത്തോലിക്കാപുനരൈക്യം പ്രാപിച്ചിട്ടുണ്ടു്. മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും മാർ തെയോഫിലോസ് എപ്പിസ്ക്കോപ്പായും 1930-സെപ്റ്ററംബർ

20-ാംനു-യും, മാർസേവേറിയോസ് മെത്രാപ്പോലീത്താ1937 നവംബർ 29-ാംനു-യും, യാക്കോബായസഭയിലേ ക്നാനായ (തെക്കുംഭാഗം) വിഭാഗത്തിൻെറ അദ്ധ്യക്ഷനായിരുന്ന മാർ ദിയസ്കോറോസ് മെത്രാപ്പോലീത്താ 1939 നവംബർ 12-ാംനു-യും കത്തോലിക്കാസഭയെ ആശ്ലേഷിച്ചു. ഇവരിൽ പുനരൈക്യപ്രസ്ഥാനത്തിൻെറ പ്രണേതാവും തിരുവനന്തപുരം അതിരൂപതാദ്ധ്യക്ഷനുമായിരുന്ന മാർ ഈവാനിയോസു മെത്രാപ്പോലീത്താ 22 കൊല്ലത്തേ സ്തുത്യർഹമായ ഭരണത്തിനു ശേഷം 1953 ജൂലൈ 15-ാംനു- ദിവംഗതനാകുകയും തിരുവനന്തപുരത്തു പട്ടത്തുള്ള കതീഡ്റലിൽ പ്രത്യേക കബറിൽ സംസ്കരിക്കപ്പെട്ടകയും ചെയ്തു. പ്രായാധിക്യം നിമിത്തം വിശ്രമിച്ചുകൊണ്ടിരുന്ന മാർ ദിയസ്കോറോസ് മെത്രാപ്പോലീത്താ 1943-ഫെബ്രുവരി 21-ാംനു- നിര്യാണമടയുകയും തിരുവല്ലാ തിരുമൂലപുരംചാപ്പലിൽ സംസ്കരിക്കപ്പെട്ടകയും ചെയ്തു. തിരുവല്ലാ മെത്രാനായി എട്ടുവഷക്കാലം ഭരണം നടത്തിക്കൊണ്ടിരുന്ന മാർ തിയോഫീലോസ് തിരുമേനിയാകട്ടേ അനാരോഗ്യം നിമിത്തം ഭരണം ഒഴിഞ്ഞു തിരുവല്ലായിൽ വിശ്രമിച്ചുകൊണ്ടിരിക്കുന്നു. തിരുവല്ലാരൂപതയുടെ മെത്രാനായി ഭരണം നടത്തിക്കൊണ്ടിരിക്കുന്ന മാർ സേവേറിയോസ് തിരുമേനി പുനരൈക്യപ്രസ്ഥാനത്തിൻെറ നാനാവിധമായ അഭിവൃദ്ധിക്കു വേണ്ടി ഇപ്പോഠം അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

തിരുവനന്തപുരം അതിരൂപതയുടെ അപ്പസ്തോലിക്ക് അഡ്മിനിസ്ട്രേറ്ററായി ഭരണം നടത്തിക്കൊണ്ടിരിക്കുന്ന ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് എപ്പിസ്ക്കോപ്പാ ഒരു അയ്മേനിയായിരിക്കുമ്പോഠം നടത്തിയ സത്യാന്വേഷണത്തിൻെറ ഫലമായി ഓത്തഡോക്സ് സഭയിൽനിന്നും കത്തോലിക്കാസഭയെ ആശ്ലേഷിക്കുകയും, അനന്തരം കാൻഡി സെമ്മിനാരിയിൽ പഠനം പൂത്തിയാക്കി 1944 ഓഗസ്റ്റ് 24-ാം തീയതി വൈദികപട്ടം സ്വീകരിക്കുകയും ചെയ്തു. 1953 ജനുവരി 29-ാം തീയതി മാർ ഈവാനിയോസ് മെത്രാപ്പോലീത്തായിൽ നിന്നും മെത്രാൻ സ്ഥാനാഭിഷേകം പ്രാപിച്ച വന്ദ്യതിരുമേനി തിരുവനന്തപുരം അതിരൂപതാഭരണം സ്തുത്യർഹമായി ഇപ്പോഠം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു.

ഒരു യുവാവായിരിക്കുമ്പോഠം ഓർത്തഡോക്സ് സഭയെ പരിത്യജിച്ചു് കത്തോലിക്കാപുനരൈക്യം പ്രാപിച്ച സക്കറിയാസു മാർ അത്താനാസ്യോസു തിരുമേനി ആലുവായിലും കാൻഡിയിലുമുള്ള സെമ്മിനാരിക

ളിൽ വൈദികവിദ്യാഭ്യാസം നടത്തുകയും അനന്തരം 1946-ൽ വൈദികാഭിഷേകം സ്വീകരിക്കുകയും ചെയ്തു. പലേ ഇടവകകളിലും വികാരിഭരണം സ്തുത്യർഹമായി നിർവ്വഹിച്ചുകൊണ്ടിരുന്ന ഇദ്ദേഹത്തെ പരിശുദ്ധ സിംഹാസനത്തിൽ നിന്നും മാർ. സേവേറിയോസു തിരുമേനിയുടെ സഹായമെത്രാനായി തെരഞ്ഞെടുക്കയുണ്ടായി. 1954 ഏപ്രിൽ 22-ാം തീയതി തിരുവല്ലായിൽ വെച്ചു മാർ സേവേറിയോസു തിരുമേനിയാൽ മെത്രാൻ സ്ഥാനത്തേയ്ക്കു ഉയർത്തപ്പെട്ട ഇദ്ദേഹം രൂപതാഭരണത്തിൽ അഭിവന്ദ്യതിരുമേനിയെ ഇപ്പോഴും സഹായിച്ചു കൊണ്ടിരിക്കുന്നു.

## ബഹുമാനപ്പെട്ട റമ്പാന്മാർ

ഓർത്തഡോക്സ് സഭയിൽ മാർ ഈവാനിയോസു തിരുമേനിയുടെ വലങ്കയ്യായി നിന്നുകൊണ്ടു നി:സ്വാർത്ഥം പ്രവർത്തിച്ചുകൊണ്ടിരുന്ന രണ്ടുപേരായിരുന്നു വന്ദ്യശ്രീമാന്മാരായ പുലിക്കോട്ടു ജോസേഫ് റമ്പാനും ചേപ്പാട്ടു പീലിപ്പോസു റമ്പാനും. പ്രസ്തുത സഭയിലേ മെത്രാന്മാരായി അഭിഷേചിക്കുന്നതിനായി ഇവരിരുവരും തെരഞ്ഞെടുക്കപ്പെട്ടുകയും അതിൻെറ പ്രാരംഭപടിയായി റമ്പാൻ സ്ഥാനത്തേക്കു് ഇവരെ ഉയർത്തുകയും ചെയ്തു. പക്ഷേ, യഥാർത്ഥ സമാധാനവും ആദ്ധ്യാത്മിക സംതൃപ്തിയും യാക്കോബായസഭയിലോ ഓർത്തഡോക്സ് സഭയിലോ നിന്നാൽ ലഭിക്കുക സാദ്ധ്യമല്ലെന്നും, നേരേമറിച്ചു ക്രിസ്തുവിൻെറ സത്യൈകസഭയായ കത്തോലിക്കാസഭയിൽ നിന്നു മാത്രമേ അവ രണ്ടും ലഭിക്കുകയുള്ളുവെന്നുമുള്ള ബോദ്ധ്യം നിമിത്തം തങ്ങൾക്കു ലഭ്യമായിരുന്ന മെത്രാൻ സ്ഥാനം ഉപേക്ഷിച്ചുകൊണ്ടു മാർ ഈവാനിയോസു തിരുമേനിയെ അനുഗമിച്ചു് ഇവർ ഇരുവരും കത്തോലിക്കാസഭയെ ആശ്ലേഷിക്കയാണുണ്ടായതു്. ഇവരിൽ പുലിക്കോട്ടു ജോസേഫ് റമ്പാൻ ഒരു സുപ്രസിദ്ധ സാഹിത്യകാരനും, പ്രാസംഗികനും, ഗ്രന്ഥകാരനുമായിരുന്നു. പുനരൈക്യപ്രസ്ഥാനത്തിൻെറ പുരോഗതിക്കുവേണ്ടി അശ്രാന്തം പ്രവർത്തിച്ചുകൊണ്ടിരുന്ന അദ്ദേഹം അനാരോഗ്യംനിമിത്തം സ്വദേശമായ കുന്നംകുളത്തു പോയി വിശ്രമിക്കവേ 1941 ജൂലൈ 6-ാംതീയതി 52-ാമത്തേ വയസ്സിൽ നിര്യാണം പ്രാപിക്കുകയും കുന്നംകുളത്തുള്ള ചാപ്പലിൽ സംസ്കരിക്കപ്പെടുകയും ചെയ്തു.

മാർ ഈവാനിയോസു മെത്രാപ്പോലീത്തായുടെ മരണം വരെ അദ്ദേഹവുമൊന്നിച്ചു പുനരൈക്യപ്രസ്ഥാനത്തിൻെറ നാനാവിധമായ അഭിവൃദ്ധിക്കുവേണ്ടി അക്ഷീണം പരിശ്രമിച്ചുകൊണ്ടിരുന്ന വന്ദ്യശ്രീ

ഫേപ്പാട്ട പിലിപ്പോസു റമ്പാൻ ഇപ്പോഴും യുവസഹജമായ പ്രസരിപ്പോടുകൂടെ പുനരൈക്യപ്രസ്ഥാനത്തിൻെറ പുരോഗതിക്കുവേണ്ടി പ്രസിദ്ധീകരണങ്ങളാലും, പ്രസംഗങ്ങളാലും അശ്രാന്തം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

## വൈദികന്മാർ

പുനരൈക്യപ്രസ്ഥാനത്തിൻെറ പ്രാരംഭകാലത്തു കല്ദായ സുറിയാനിറീത്തുകാരും വേദപ്രചാരാസക്തരുമായിരുന്ന ഒട്ടനേകം വൈദികന്മാർ തിരുവല്ലാ, തിരുവനന്തപുരം രൂപതാതിരൂപതകളിൽ ചേർന്നുകൊണ്ടു അകത്തോലിക്കരുടേയും അക്രൈസ്തവരുടേയും മാനസാന്തരാത്ഥം നി:സ്വാത്ഥം പരിശ്രമിക്കുകയും, തദ്വാരാ, പുനരൈക്യപുരോഗതിയെ സഹായിക്കുകയും ചെയ്തുകൊണ്ടിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ യാക്കോബായ, ഓത്തഡോക്സ്, മാത്തോമ്മാ എന്നീ സഭകളിൽ നിന്നും ഇതിനകം കത്തോലിക്കാപുനരൈക്യം പ്രാപിച്ചിട്ടുള്ള നൂറോളം വൈദികന്മാർ തങ്ങളുടെ സഹോദരങ്ങളുടെ പുനരൈക്യത്തിനുവേണ്ടി കഴിയുന്നതു പരിശ്രമിച്ചു കൊണ്ടിരിക്കുന്നു. അതുമെന്യേ, വൈദികവിദ്യാഭ്യാസാത്ഥം സെമ്മിനാരികളിൽ പ്രവേശിച്ചു സുദീർഘകാലത്തെ വൈദികപഠനത്തിനും പരിശീലനത്തിനും ശേഷം പൗരോഹിത്യപദത്തിൽ പ്രവേശിച്ച 50-ൽപ്പരം വൈദികന്മാർ ഇപ്പോൾ ഇരു രൂപതകളിലുമായി വേലചെയ്യുന്നുണ്ടു്. ഇവക്കും പുറമേ ബഥനി ആശ്രമസ്ഥരായ 18-വൈദികന്മാരും, കമ്മലീത്താസഭാംഗങ്ങളായ 12-വൈദികന്മാരും, ഫ്രാൻസിസ്കൻ സന്യാസസമൂഹത്തിൽപ്പെട്ട 12-സഹോദരന്മാരും രണ്ടു രൂപതകളിലും വേലചെയ്യുന്നുമുണ്ടു്. ഇവരുടെഎല്ലാം പ്രവത്തനത്തിൻെറ ഫലമായിട്ടത്രേ പുനരൈക്യപ്രസ്ഥാനം പ്രതിദിനം പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്നതു്.

## വൈദികവിദ്യാത്ഥികൾ

പുനരൈക്യപ്രസ്ഥാനത്തിൻെറ പ്രാരംഭകാലത്തു വൈദികവൃത്തിക്കുവേണ്ടിയുള്ള ദൈവവിളി പുനരൈക്യപ്പെട്ട കത്തോലിക്കരിൽ ചുരുക്കമായിരുന്നതിനാൽ എറണാകുളം, ചങ്ങനാശ്ശേരി ആദിയായ രൂപതകളിൽ നിന്നും വിദ്യാസമ്പന്നരായ ഒട്ടനേകം കത്തോലിക്കായുവാക്കന്മാർ പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടി പ്രവത്തിക്കുന്നതിനുള്ള പരിപൂണ്ണസന്നദ്ധതയോടുകൂടി വൈദികസെമ്മിനാരികളിൽ പ്രവേശിക്കുകയും വേണ്ടതു പഠനത്തിനും പരിശീലനത്തിനുംശേഷം വൈദികരാ

യിത്തീരുകയും ചെയ്തിട്ടുണ്ട്. എന്നാൽ പുനരൈക്യപ്പെട്ടവരുടെസംഖ്യ വദ്ധിച്ചതോടു കൂടെ അവരിൽനിന്നുതന്നെ വൈദികവിദ്യാഭ്യാസാത്ഥം ഒട്ടനേകം യുവാക്കന്മാർ അഹമഹമികയാ മുമ്പോട്ടുവരുകയും വൈദിക പഠനത്തിനായി സെമ്മിനാരികളിൽ പ്രവേശിക്കയും ചെയ്തു. അങ്ങനെ തിരുവനന്തപുരം, തിരുവല്ലാ, തൃശ്ശിനാപ്പള്ളി, മംഗലാപുരം, പൂനാ, കാൻഡി, റോം എന്നീ സ്ഥലങ്ങളിലുള്ള കത്തോലിക്കാസെമ്മിനാരികളിലായി 80-ഓളം വിദ്യാത്ഥികൾ ഇപ്പോൾ രണ്ടുരൂപതകൾക്കും വേണ്ടി അദ്ധ്യയനം നിവ്ഹിച്ചുകൊണ്ടിരിക്കുന്നു. തങ്ങളുടെ സഹോദരങ്ങളെ കത്തോലിക്കാസഭയിലേയ്ക്കു് ആനയിക്കുന്നതിനുവേണ്ടി ആസന്നഭാവിയിൽത്തന്നെ ഇവരും ക്രിസ്തുനാഥന്റെ ദ്രാക്ഷാവാടിയിൽ രംഗപ്രവേശം ചെയ്യുന്നതാണു്.

## മ്ശിഹാനുകരണ സന്യാസസമൂഹം

മാർ ഈവാനിയോസു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു 1919-ൽ യാക്കോബായസഭയിൽ സമാരംഭിച്ച മിശിഹാനുകരണസന്യാസസമൂഹത്തിലെ അംഗങ്ങളിൽ ബഹുഭൂരിപക്ഷവും 1930-ൽ കത്തോലിക്കാസഭയെ ആശ്ലേഷിക്കുകയാണുണ്ടായതു്. ഇക്കഴിഞ്ഞ കാൽ ശതാബ്ദത്തിനുള്ളിൽ പ്രസ്തുത സന്യാസസമൂഹം കാൎയ്യമായ അഭിവൃദ്ധിപ്രാപിച്ചിട്ടുണ്ടു്. തിരുവനന്തപുരം, ചെങ്ങന്നൂർ, കററാനം, തിരുവല്ലാ, വെണ്ണിക്കുളം എന്നീസ്ഥലങ്ങളിൽ ആശ്രമങ്ങൾ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ടു്. ഇപ്പോഴുള്ള 18-വൈദികന്മാൎക്കു പുറമേ തിരുവനന്തപുരം, തിരുവല്ലാ, പൂനാ എന്നീ സെമ്മനാരിക്ളിലായി 30-ഓളം വിദ്യാത്ഥികൾ പ്രസ്തുത സമൂഹത്തിനുവേണ്ടി വൈദികപഠനം നിവ്വഹിച്ചു കൊണ്ടിരിക്കുന്നു. ആസന്നഭാവിയിൽ പല കേന്ദ്രങ്ങളിലും ആശ്രമങ്ങൾ നിമ്മിച്ചുകൊണ്ടു പുനരൈക്യപ്രസ്ഥാനപുരോഗതിക്കുവേണ്ടി പരിശ്രമിക്കുന്നതിനുള്ള സകല സാഹചൎയ്യങ്ങളും ഈ സന്യാസസമൂഹത്തിനു ഇപ്പോൾ ലഭിച്ചുകഴിഞ്ഞിരിക്കുന്നു.

## കന്യാസ്ത്രീകൾ

മാർ ഈവാനിയോസ് തിരുമനസ്സുകൊണ്ടു സ്ത്രീകൾക്കു വേണ്ടി സ്ഥാപിച്ച "മ്ശിഹാനുകരണസന്യാസിനീസമൂഹ"ത്തിൽപ്പെട്ട കന്യാസ്ത്രീകൾ ഒന്നടങ്കം 1930-ൽ കത്തോലിക്കാസഭയെ ആശ്ലേഷിക്കുകയാണുണ്ടായതു്. അതിനുശേഷം പ്രശംസാർഹമായ അഭിവൃദ്ധി ഈ സമൂഹത്തിനും സിദ്ധിച്ചിട്ടുണ്ടു്. ഇപ്പോൾ നാലാഞ്ചിറ, തിരുവനന്ത

പുരം, കായംകുളം, ഈരേഴ, നങ്ങ്യാർകുളം, തിരുവല്ലാ, ചെങ്ങന്നൂർ, കോട്ടയം, പിറവം, കുന്നംകുളം എന്നീ വിവിധ മഠങ്ങളിലായി നൂറോളം കന്യാസ്ത്രീകൾ ഈ സമൂഹത്തിൽ ഉണ്ടു്. ചങ്ങനാശേരി രൂപതയിൽ നിന്നും പ്രാരംഭകാലത്തുതന്നെ തിരുവനന്തപുരം അതിരൂപതയിൽ സേവനാൎത്ഥം എത്തിച്ചേൎന്ന ത്യാഗവര്യനായ റവ: ഫാദർ. ജോസേഫ് കുഴിഞ്ഞാലിൽ അവർകളുടെ അക്ഷീണപരിശ്രമത്താൽ തെക്കൻ തിരുവിതാംകൂറിൽ മാർത്താണ്ഡത്തു് ആരംഭിച്ച "Daughters of Mary" എന്ന സന്യാസിനീസമൂഹത്തിൽ 80 കന്യാസ്ത്രീകളോളം ഇപ്പോളുണ്ടു്. മാൎത്താണ്ഡം കേന്ദ്രമാക്കി ചെല്ലംകോണം, കീരാത്തൂർ, അടൂർ, വെണ്ണിയൂർ കാരക്കോണം, അഞ്ചൽ, നെല്ലിക്കാക്കുഴി ആദിയായ വിവിധ സ്ഥലങ്ങളിൽ മഠങ്ങൾ സ്ഥാപിച്ചുകൊണ്ടു് പരോപകാരപ്രവൎത്തനങ്ങൾ ഇവർ നിർവഹിച്ചു കൊണ്ടിരിക്കുന്നു. ഏവം വിധം പ്രാൎത്ഥന, പരിത്യാഗം, ജീവിതമാതൃക, പരോപകാരം എന്നിവ മുഖേന പുനരൈക്യപുരോഗതിക്കു വേണ്ടി 180-ഓളം കന്യാസ്ത്രീകളാണു് ഇരു രൂപതകളിലുമായി ഇപ്പോൾ സ്തുത്യർഹമായ പ്രവൎത്തനം നടത്തിക്കൊണ്ടിരിക്കുന്നതു്.

## പുനരൈക്യപ്പെട്ട ബിരുദധാരികൾ

തിരുവല്ലാ, തിരുവനന്തപുരം രൂപതാതിരൂപതകളിലായി ഉദ്ദേശം 200-ഓളം ഉത്കൃഷ്ടബിരുദധാരികൾ ഇപ്പോളുണ്ടു്. ഇവരിൽ ബഹുഭൂരിപക്ഷവും സത്യാന്വേഷണഫലമായി തങ്ങൾ ജനിച്ചുവളൎന്ന അകത്തോലിക്കാസഭകളെ ഉപേക്ഷിച്ചു മനസ്സാക്ഷിയുടെ പ്രേരണയ്ക്കു വശംവദരായി കത്തോലിക്കാസഭയെ ആശ്ലേഷിച്ചവരാണു്. ഇവരിൽ റവ: ഫാ. എൻ. ജി. കുര്യാക്കോസ് M. A.; B. D. L. T ; മെസ്സേഴ്സ് ജോർജ്ജ് ജോസേഫ് M. A. ബാർ അററ്ലാ, കെ. വി. ചാക്കോ B. A. L. T. റാവു സാഹേബ് പി. കെ. വറുഗീസ്, പി. എ. എബ്രഹാം ബി. എ.ബി.എൽ. എന്നിവർ നിര്യാണം പ്രാപിച്ചുവെങ്കിലും പുനരൈക്യപ്രസ്ഥാനം നില നില്ക്കുന്ന കാലത്തോളം അവരുടെ നാമധേയം വിസ്മൃതമാവുന്നതല്ല. ശ്രീമാൻ ഏ. പിലിപ്പോസ് M. A. B. L., വി. ഏ. വറുഗീസ് B. A. L. T., മിസ്സ്. സാറാപോത്തൻ M. A. B. L. ആദിയായി അകത്തോലിക്കാസഭകളിൽ നിലയും വിലയുമുണ്ടായിരുന്ന ശതക്കണക്കിനു് ഉത്കൃഷ്ടബിരുദധാരികൾക്കു, തങ്ങൾ ജനിച്ചുവളൎന്ന സഭയെ ഉപേക്ഷിച്ചു കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്നതിനു, പ്രേരകമായിത്തീൎന്നിട്ടുള്ള കാരണമെന്തെന്നു സത്യാന്വേഷികളായ ഏവരും

ചിന്തിക്കേണ്ടതുതന്നെയാണ്. മററു യാതൊരു മതത്തിലേയ്ക്കോ സഭയിലേയ്ക്കോ ഇപ്രകാരം ഉത്കൃഷ്ടബിരുദധാരികളുടെ പ്രവാഹം ഉണ്ടാകാത്തതു എന്തുകൊണ്ടാണെന്നു നിമ്മത്സരബുദ്ധികളായ അകത്തോലിക്കാ സഹോദരങ്ങൾ ചിന്തിക്കുമെന്നു വിശ്വസിക്കട്ടെയോ?

## മിഷ്യൻ കേന്ദ്രങ്ങൾ

തെക്കു കന്യാകുമാരിമുതൽ വടക്കു പൊന്നാനിവരെ നീണ്ടുകിടക്കുന്ന തിരുവല്ലാ തിരുവനന്തപുരം രൂപതാതിരൂപതകൾക്കുള്ളിൽ നിവസിക്കുന്ന അകത്തോലിക്കരുടെ പ്രധാന സ്ഥലങ്ങളിൽ എല്ലാം തന്നെ ഇതിനകം മിഷ്യൻകേന്ദ്രങ്ങൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ടു്. രണ്ടു രൂപതകളിലുമായി ഇപ്പോഴുള്ള 300-ഓളം മിഷ്യൻ കേന്ദ്രങ്ങളിൽ 150-ലും വൈദികന്മാർ താമസിച്ചുകൊണ്ടു മിഷ്യൻപ്രവത്തനം ശക്തിമത്തായി നടത്തിക്കൊണ്ടിരിക്കുന്നു. 100 മുതൽ 4000 വരെ അംഗങ്ങൾ ഉള്ള ഇടവകകളാണ് ഇവയിൽ ബഹുഭൂരിഭാഗവും. മിക്കവാറും എല്ലാസ്ഥലങ്ങളിലും ഷെഡ്ഡുകൾ, ചാപ്പലുകൾ, ദൈവാലയങ്ങൾ, വിദ്യാലയങ്ങൾ, കുരിശടികൾ എന്നിവ നിമ്മിതമായിട്ടുണ്ടു്. ചെറുതെങ്കിലും മനോഹരങ്ങളായ 50-ൽപരം ദൈവാലയങ്ങൾ ഇരു രൂപതകളിലും ഇപ്പോൾ നിമ്മിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. പല മിഷ്യൻകേന്ദ്രങ്ങളിലും ദൈവാലയനിമ്മാണം ഇപ്പോൾ ത്വരിതഗതിയിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. പാശ്ചാത്യരാജ്യങ്ങളിലുള്ള വേദപ്രചാരാസക്തരായ കത്തോലിക്കരുടെ നിരന്തരമായ പ്രാത്ഥനയും ഉദാരമായ സംഭാവനയുമത്രേ അഭിവന്ദ്യതിരുമേനിമാക്കു പ്രചോദനം നല്കിക്കൊണ്ടിരിക്കുന്നതു്. ദൈവാലയനിമ്മാണത്തിനും മററുമായി സഹൃദയരായ കേരളീയകത്തോലിക്കർ കാര്യമായ സംഭാവന നല്കി പുനരൈക്യപ്രസ്ഥാനത്തെ സഹായിച്ചുകൊണ്ടിരിക്കുന്നു എന്ന പരമാത്ഥവും കൃതജ്ഞതാപൂവ്വം ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

## വിദ്യാലയങ്ങൾ

ലോകത്തിൻെറ നാനാഭാഗങ്ങളിലും വിദ്യാലയങ്ങൾ നിമ്മിച്ചുകൊണ്ടു മനുഷ്യകുലത്തിൻെറ അഭിവൃദ്ധിയ്ക്കു വേണ്ടി കത്തോലിക്കാസഭ നിസ്തന്ദ്രം പ്രവത്തിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതു് അനിഷേധ്യമായ പരമാത്ഥമത്രേ. ഏതദ്വിഷയത്തിൽ പുനരൈക്യപ്രസ്ഥാനവും ഇക്കഴിഞ്ഞ 25 വർഷക്കാലം കാര്യമാംവിധം പ്രവത്തിച്ചുകൊണ്ടാണിരുന്നിട്ടുള്ളതു്. സകല സജ്ജീകരണങ്ങളോടുംകൂടിയ ഒരു ഒന്നാംഗ്രേഡ് കാളേജും,

15 ഹൈസ്കൂളുകളും, 19 മിഡിൽസ്കൂളുകളും, 4 ട്രെയിനിംഗ് സ്കൂളുകളും, 73 പ്രൈമറിസ്കൂളുകളും ഇപ്പോൾ തിരുവനന്തപുരം അതിരൂപതയിലും, തിരുവല്ലാ രൂപതയിലുമായുണ്ട്. ഉദ്ദേശം ഇരുപതുലക്ഷത്തോളം രൂപാ ചെലവു ചെയ്തിട്ടുള്ളതും മാർ ഈവാനിയോസു തിരുമനസ്സിലെ വമ്പിച്ച നേട്ടങ്ങളിൽ ഒന്നായി പരിഗണിക്കപ്പെടേണ്ടതുമായ "മാർ ഈവാനിയോസു കോളേജ്" നാനാവിധത്തിലും അഭിവൃദ്ധി പ്രാപിച്ചുകൊണ്ടാണിരിക്കുന്നതു്. കോളേജു വകയായുള്ള 200 ഏക്കർ സ്ഥലത്തു രണ്ടു ബ്രഹ്മാണ്ഡകെട്ടിടങ്ങളും 300 കുട്ടികൾക്കു താമസിക്കാവുന്നതും മൂന്നു നിലകളുള്ളതുമായ രണ്ടു ഹോസ്റ്റലുകളും ഒട്ടനേകം ചെറിയ കെട്ടിടങ്ങളും ഇതിനകം നിർമ്മിതമായിട്ടുണ്ട്. ഉദ്ദേശം 1000-ത്തോളം വിദ്യാർത്ഥികൾ ഇവിടെ അദ്ധ്യയനം നടത്തിക്കൊണ്ടുമിരിക്കുന്നു. മാർ ഈവാനിയോസു തിരുമനസ്സിലെ നിത്യസ്മാരകമായും പുനരൈക്യപ്രസ്ഥാനത്തിന്റെ അഭിമാനസ്തംഭമായും ഈ കോളേജു പരിലസിക്കുന്നു.

## വിവിധസംഘടനകൾ

പുനരൈക്യപ്പെട്ട കത്തോലിക്കരിൽ വിശ്വാസതീക്ഷ്ണതയും ആദ്ധ്യാത്മികചൈതന്യവും ഉളവാക്കുന്നതിനുവേണ്ടി വിവിധ സംഘടനകൾ ഇരുരൂപതകളിലും സംസ്ഥാപിതമായിട്ടുണ്ട്. എവിഡൻസ് ഗിൽഡ്, സൊഡാലിററി, സണ്ടേസ്കൂൾ, ലീജിയൻ ഓഫ് മേരി എന്നീ ആദ്ധ്യാത്മികസംഘടനകൾ മിക്കവാറും എല്ലാ ഇടവകകളിലും സ്ഥാപിച്ചുകൊണ്ടു സ്തുത്യർഹമാംവിധം പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ഈ അടുത്തകാലത്തു സ്ഥാപിതമായിട്ടുള്ള "ലീജിയൻ ഓഫ് മേരി" എന്ന സംഘടന അത്ഭുതാവഹമായ അഭിവൃദ്ധി പ്രാപിച്ചു ശക്തിമത്തായ പ്രവർത്തനങ്ങൾ ഇരുരൂപതകളിലും നടത്തുന്നുണ്ട്. 8 ക്യൂരിയാകളിലായി 150-ഓളം പ്രസീദിയങ്ങളും 1200-ൽപ്പരം അംഗങ്ങളും ഇപ്പോൾ രണ്ടു രൂപതകളിലുമുണ്ട്. പുനരൈക്യപ്പെട്ട കത്തോലിക്കരുടെ ആദ്ധ്യാത്മികാഭിവൃദ്ധിയ്ക്കും, അകത്തോലിക്കരുടെ പുനരൈക്യത്തിനും, അക്രൈസ്തവരുടെ മാനസാന്തരത്തിനും വേണ്ടി ലീജിയൻ അംഗങ്ങളായ പുരുഷന്മാരും, സ്ത്രീകളും, കുട്ടികളും അക്ഷീണം പരിശ്രമിച്ചുകൊണ്ടാണിരിക്കുന്നതു്. പുനരൈക്യപ്രസ്ഥാനത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന ഈ വർഷത്തിൽ അഭിവന്ദ്യതിരുമേനിമാരുടെ പ്രോത്സാഹനത്താൽ ഏതാദൃശസംഘടനകൾക്കു് നവജീവൻ ലഭിച്ചിട്ടുള്ളതും ശോഭനമായ ഒരു ഭാവിയുടെ നാന്ദിയായി പരിഗണിക്കാവുന്നതാണു്.

## മനഃപരിവർത്തനം

കേരളത്തിൽ പുനരൈക്യപ്രസ്ഥാനം ഇതിനകം നിർവ്വഹിച്ചിട്ടുള്ള മഹാകാര്യങ്ങളിൽ ഏററം പ്രാധാന്യമർഹിക്കുന്ന ഒന്നാത്രേ അകത്തോലിക്കാസഹോദരങ്ങളിൽ ഉളവാക്കിയിട്ടുള്ള മനഃപരിവർത്തനം. കത്തോലിക്കാസഭയെപ്പററിയും, കത്തോലിക്കരെക്കുറിച്ചും, വിശ്വാസവിഷയങ്ങളെ സംബന്ധിച്ചും ഇരുപത്തിയഞ്ചു വർഷങ്ങൾക്കു മുമ്പു കേരളത്തിലേ അകത്തോലിക്കാസഹോദരങ്ങൾക്കുണ്ടായിരുന്ന ഭയങ്കരമായ അജ്ഞതയും, കഠിനമായ വിദ്വേഷവും, നിരവധി തെററിദ്ധാരണകളും പുനരൈക്യപ്രസ്ഥാനത്തിൻെറ ആവിർഭാവത്തിൻേറയും പ്രവർത്തനത്തിൻേറയും ഫലമായി പാടേ ദൂരീകൃതമായിക്കഴിഞ്ഞിരിക്കുന്നു. മാത്രമല്ല, കത്തോലിക്കരേയും കത്തോലിക്കാസഭയേയും പററി അതിയായ ബഹുമാനവും, ലോകമെങ്ങും കത്തോലിക്കാസഭ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന മഹനീയ സേവനങ്ങളെപ്പററിയുള്ള സുദൃഢമായ ബോദ്ധ്യവും അകത്തോലിക്കാസഹോദരങ്ങളിൽ ഇതിനകം ഉളവായിക്കഴിഞ്ഞിട്ടുണ്ടു്. പുനരൈക്യപ്രവാഹത്തിൻെറ ശക്തിയെ പതിന്മടങ്ങു വർദ്ധിപ്പിക്കുന്നതിനു് ഏതാദൃശമനഃപരിവർത്തനം പര്യാപ്തമായിബ്ഭവിക്കുമെന്നു ന്യായമായി പ്രതീക്ഷിക്കാവുന്നതാണു്.

## പ്രാർത്ഥനയുടെ ഫലം

ലോകത്തിൻെറ നാനാഭാഗങ്ങളിലുമുള്ള അനേകായിരം കത്തോലിക്കർ ദൈവസന്നിധിയിൽ നടത്തിക്കൊണ്ടിരുന്ന നിരന്തരമായ പ്രാർത്ഥനയുടേയും പരിത്യാഗപ്രവൃത്തികളുടേയും ഫലമായിട്ടാണു് ഇത്ര ചുരുങ്ങിയ കാലയളവിനുള്ളിൽ പുനരൈക്യപ്രസ്ഥാനത്തിനു ഇത്രമാത്രം അഭിവൃദ്ധി ഉണ്ടായതെന്നുള്ള പരമാർത്ഥം ഒരുകാലത്തും വിസ്മരിക്കാവുന്നതല്ല. അപ്രകാരം തന്നെ, ദിവംഗതനായ മാർ ഈവാനിയോസു തിരുമേനിയുടെ പവിത്രാത്മാവു ദൈവസന്നിധിയിൽ നടത്തുന്ന മദ്ധ്യസ്ഥപ്രാർത്ഥനയും ഇതിനു സഹായകമായിത്തീർന്നിട്ടുണ്ടെന്നുള്ളതിനു തെല്ലും സംശയമില്ല. ഏതൊന്നിൻെറ ആവിർഭാവത്തിനും അഭിവൃദ്ധിയ്ക്കും വേണ്ടി താൻ നിരന്തരം പ്രാർത്ഥിക്കുകയും അക്ഷീണം പരിശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്നുവോ ആ മഹാകാര്യത്തെ—അതേ, പുനരൈക്യപ്രസ്ഥാനത്തെ—വിസ്മരിക്കുവാൻ ഈ ലോകയവനികയ്ക്കുള്ളിൽ മറഞ്ഞുകഴിഞ്ഞുവെങ്കിലും ആ മഹാരഥനു സാദ്ധ്യമല്ല. മരണാസന്നനായി രോഗക്കിടക്കയിൽ കിടന്നിരുന്ന അവസരത്തിൽ മാർ ഗ്രിഗോറിയോസു

തിരുമേനിയെ സമീപം വിളിച്ചുകൊണ്ടു് ആ അഭിവന്ദ്യതിരുമേനി കല്പിച്ചരുളിയ വചനങ്ങൾ പുനരൈക്യകാംക്ഷികളും പുനരൈക്യപ്രസ്ഥാനത്തിൽ ഉൾപ്പെട്ടിരിക്കുന്നവരുമായ ഏവരുടേയും കർണ്ണരന്ധ്റങ്ങളിൽ എക്കാലവും മുഴങ്ങുക തന്നെ ചെയ്യും. "ഞാൻ മരിച്ചു സ്വർഗ്ഗത്തിൽ എത്തിയശേഷം പുനരൈക്യപ്രസ്ഥാനത്തിൻെറ അഭിവൃദ്ധിയ്ക്കുവേണ്ടി ദൈവസന്നിധിയിൽ നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കും." അതേ, ദിവംഗതനായ ആ അഭിവന്ദ്യ നേതാവിൻെറ മദ്ധ്യസ്ഥപ്രാർത്ഥന ഇതിനകം പുറപ്പെടുവിച്ചിട്ടുള്ളതും, ഇനിയും പുറപ്പെടുവിക്കാനിരിക്കുന്നവയുമായ മഹനീയ ഫലങ്ങൾ കണ്ടു ആനന്ദനിർവൃതി അടയുന്നതിനുള്ള ഭാഗ്യം ആ വന്ദ്യപിതാവിൻെറ വത്സലസന്താനങ്ങൾക്കു സിദ്ധിക്കുന്നതിനു ഇടയായിത്തീരട്ടെ!

അദ്ധ്യായം 29

# കത്തോലിക്കാ മതത്തിനുള്ള പ്രത്യേക വിശേഷതകൾ

**ലോ**കത്തിലുള്ള വിവിധരാജ്യങ്ങളിൽ ഒട്ടനേകം മതങ്ങളും, സഭകളും, പാർട്ടികളും നിലകൊള്ളുകയും പ്രവർത്തനം നടത്തുകയും ചെയ്യുന്നുണ്ട്. ഹിന്ദുമതം, ബുദ്ധമതം, മഹമ്മദുമതം, ക്രിസ്തുമതം ആദിയായ വിവിധമതങ്ങളും, ഗ്രീക്കുസഭ, യാക്കോബായസഭ, ബാപ്റ്റിസ്റ്റ് സഭ, രക്ഷാസൈന്യം ആദിയായ നിരവധി സഭകളും, കോൺഗ്രസ്സുപാർട്ടി, കമ്മ്യൂണിസ്റ്റുപാർട്ടി, ലേബർപാർട്ടി, റിപ്പബ്ളിക്കൻപാർട്ടി ആദിയായ ഒട്ടനേകം പാർട്ടികളും ഇന്നു ലോകത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇതര സംഘടനകൾക്കില്ലാത്ത ഏതാനും വിശേഷതകൾ ഇവയ്ക്ക് ഓരോന്നിനുമുണ്ടെന്നു മാത്രമല്ല താദൃശവിശേഷതകളിലാണ് ഇവ ഓരോന്നിൻേറയും ആസ്തിത്വം സ്ഥിതിചെയ്യുന്നതും. എന്നാൽ ഇവയ്ക്കൊന്നിനുമില്ലാത്ത ആറു പ്രത്യേകവിശേഷതകളാണു കത്തോലിക്കാമതത്തിനുള്ളത്. അവ ഓരോന്നിനെപ്പററിയും ഈ അദ്ധ്യായത്തിൽ ചുരുക്കമായി പ്രതിപാദിക്കുവാൻ ഉദ്ദേശിക്കുന്നു.

## I. അഖിലലോകവ്യാപകത്വം

അഖിലലോകവ്യാപകമായ ഒരു സംഘടന ഇന്നു ലോകത്തിലുണ്ടെങ്കിൽ അതു കത്തോലിക്കാമതം മാത്രമാണെന്നു നിസ്സംശയം പ്രസ്താവിക്കുവാൻ സാധിക്കും. ലോകത്തിലേ അഞ്ചു ഭൂഖണ്ഡങ്ങളിലുള്ള എല്ലാ രാജ്യങ്ങളിലും, ദ്വീപുകളിലും, പട്ടണങ്ങളിലും, ഗ്രാമങ്ങളിലും എന്നുവേണ്ടാ, ലോകത്തിൻെറ ഒരററംമുതൽ മറേറ അററംവരെ കത്തോലിക്കാമതം വ്യാപിച്ചു കഴിഞ്ഞിട്ടുണ്ട്. ഭൂലോകപര്യടനം നടത്തുന്ന ഒരുവന് എവിടെച്ചെന്നാലും കത്തോലിക്കാജനങ്ങളേയും, വൈദികന്മാരേയും, മെത്രാന്മാരേയും, ദൈവാലയങ്ങളേയും, ഇതരസ്ഥാപനങ്ങളേയും ദർശിക്കുന്നതിനു സാധിക്കും. 48 കോടി ജനങ്ങളേയും, 10 ലക്ഷത്തോളം വൈദികന്മാരേയും, 3000-ത്തോളം മെത്രാന്മാരേയും, ലക്ഷക്കണക്കിനു കന്യാസ്ത്രീകളേയും ഉള്ളടക്കിക്കൊള്ളുന്ന ഒരു വമ്പിച്ച സംഘടനയത്രേ

കത്തോലിക്കാമതം. ഈ അടുത്തകാലത്തു പ്രസിദ്ധംചെയ്ത ഒരു കണക്കിൽ നിന്നും ഓരോ ഭൂഖണ്ഡത്തിലുമുള്ള ജനസംഖ്യയും കത്തോലിക്കരുടെ സംഖ്യയും ചുവടേ ഉദ്ധരിച്ചുകൊള്ളുന്നു.

| | ഭൂഖണ്ഡം | ജനസംഖ്യ | കത്തോലിക്കർ |
|---|---|---|---|
| 1. | യൂറോപ്പ് | 59 കോടി | 23 കോടി |
| 2. | ആഫ്രിക്കാ | 19 ,, 80 ലക്ഷം | 1 ,, 70ലക്ഷം |
| 3. | ഏഷ്യാ | 130 ,, | 3 ,, 10 ,, |
| 4. | ഓഷ്യാനിയാ | 1 ,, 40 ,, | 20 ,, |
| 5. | അമേരിക്കാ | 33 ,, 70 ,, | 19 ,, 20 ,, |
| | ആകെ | 243 കോടി 90 ലക്ഷം. | 47 കോടി 20 ലക്ഷം |

ലോകത്തിലുള്ള ജനങ്ങളിൽ അഞ്ചിലൊന്നു കത്തോലിക്കരാണെന്നു മേലുദ്ധരിച്ച കണക്കിൽ നിന്നും ഗ്രഹിക്കുവാൻ സാധിക്കും.

സഭ വകയായ ദൈവാലയങ്ങൾ, വിദ്യാലയങ്ങൾ, അനാഥശാലകൾ, വൃദ്ധമന്ദിരങ്ങൾ, അസ്പത്രികൾ, തൊഴിൽശാലകൾ, സന്യാസമന്ദിരങ്ങൾ ആദിയായ ലക്ഷക്കണക്കിനുള്ള സ്ഥാപനങ്ങൾ ലോകത്തിന്റെ നാനാഭാഗങ്ങളിലുമായി ചിതറപ്പെട്ടിരിക്കുകയാണെന്നു പ്രസ്താവിക്കുന്നതിൽ തെല്ലും അതിശയോക്തിയില്ല. ക്രിസ്തുനാഥൻ കുഴിച്ചിട്ടതും വളൎന്നു വികസിച്ചു ലോകമെങ്ങും വ്യാപിച്ചതുമായ കടുകുവൃക്ഷം കത്തോലിക്കാമതമാണെന്നുള്ള പരമാൎത്ഥമല്ലയോ ഇവയെല്ലാം പ്രസ്പഷ്ടമാക്കുന്നതു്?

ലോകമെങ്ങും പര്യടനം നടത്തുന്ന ഒരു കത്തോലിക്കനു ഭൂമിയുടെ ഏതൊരു ഭാഗത്തു ചെന്നാലും ആദ്ധ്യാത്മികകൎമ്മങ്ങൾ നിൎവ്വഹിച്ചു കിട്ടുന്നതിനു യാതൊരു കുഴപ്പവും നേരിടുന്നതല്ല. വി. കുർബ്ബാനയിൽ സംബന്ധിക്കുന്നതിനോ, കുമ്പസാരം, കുർബ്ബാന ആദിയായ കൂദാശകൾ സ്വീകരിക്കുന്നതിനോ അവനു യാതൊരു പ്രയാസവുമുണ്ടാകുന്നതല്ല. അങ്ങനെ കത്തോലിക്കാമതത്തിന്റെ അഖിലലോകവ്യാപകത്വം മൂലമുള്ള ഗുണം ഭൂലോകപര്യടനം നടത്തുന്ന ഒരു കത്തോലിക്കനു ശരിയ്ക്കു് അറിയുന്നതിനും അനുഭവിക്കുന്നതിനും സാധിക്കും. നേരേമറിച്ചു്, ഇതരമതങ്ങളുടേയോ, സഭകളുടേയോ, പാർട്ടികളുടേയോ അംഗങ്ങൾക്കു തങ്ങൾ ഉൾപ്പെട്ടുനില്ക്കുന്ന സംഘടന അഖിലലോകവ്യാപകമാണെന്നു

അഭിമാനിക്കുന്നതിനോ അതുമൂലമുള്ള ആദ്ധ്യാത്മികാനന്ദം അനുഭവിക്കുന്നതിനോ സാധിക്കുന്നതല്ല. കാരണം, അവയിൽ ഒന്നുപോലും അഖിലലോകവ്യാപകമായിട്ടുള്ളതല്ല എന്നതത്രേ.

## II. അഭംഗുരമായ നിലനില്പ്

ഭൂലോകരക്ഷകനായ ക്രിസ്തു ലോകത്തിൽ തൻെറ മതം—കത്തോലിക്കാമതം—സ്ഥാപിച്ചിട്ടു രണ്ടായിരം വൎഷത്തോളമായിരിക്കുന്നു. ഇക്കഴിഞ്ഞ ഇരുപതു നൂററാണ്ടുകൾക്കുള്ളിൽ പതിനായിരക്കണക്കിനു സംഘടനകൾ ലോകരംഗത്തു് ആവിർഭവിച്ചിട്ടുണ്ടു്. അവയിൽ ഭൂരിപക്ഷവും ഭൂമുഖത്തുനിന്നും എന്നന്നേക്കുമായി തിരോധാനം ചെയ്തുകഴിഞ്ഞു. അവശേഷിക്കുന്നവയാകട്ടേ കാര്യമായി യാതൊരു പുരോഗതിയുമില്ലാത്ത നിലയിൽ ക്രമശഃ അധഃപതിച്ചുകൊണ്ടുമാണിരിക്കുന്നതു്. പ്രതികൂലശക്തികളുടെ പ്രവൎത്തനത്തിനുമുമ്പിൽ സധീരം നില കൊള്ളുവാൻ ശക്തമല്ലാതെ അവയെല്ലാം പരാജയം കൈവരിക്കുകയോ അഥവാ അസ്തംഗതമാവുകയോ ആണു ചെയ്തിട്ടുള്ളതു്. മണലിന്മേൽ പണിത കെട്ടിടങ്ങളെന്നോണം എത്രയോ സാമ്രാജ്യങ്ങളും രാഷ്ട്രങ്ങളും, സഭകളും സംഘടനകളും, പാർട്ടികളും ഇസങ്ങളും ഭൂമിയുടെ മുഖത്തു് ഇതിനകം ഉദയം ചെയ്തിട്ടുണ്ടു്. പക്ഷേ, സ്വനാമധേയം മാത്രം ലോകചരിത്രത്തിൻെറ പുറങ്ങളിൽ അവശേഷിപ്പിച്ചശേഷം സംസാരസാഗരത്തിലേ ചുഴികളിലകപ്പെട്ടു് അവയോരോന്നും നശിച്ചു പോകുകയാണുണ്ടായിട്ടുള്ളതു്. നേരേമറിച്ചു കത്തോലിക്കാമതമാകട്ടേ പാറമേൽ പണുത കെട്ടിടംപോലെ ഭയങ്കരമായ കൊടുംകാററിനേയും ശക്തിയേറിയ ഓളങ്ങളേയും അതിജീവിച്ചുകൊണ്ടു് ഈ ഇരുപതാം നൂററാണ്ടിലും അക്ഷയഭാസ്സോടെ പരിലസിക്കുന്ന കാഴ്ചയത്രേ നാം ദർശിക്കുന്നതു്. നരകകവാടങ്ങൾ പ്രബലപ്പെടാതെ ലോകാവസാനം വരെ സംരക്ഷിച്ചുകൊള്ളാമെന്നു് വാഗ്ദത്തം ചെയ്ത സൎവ്വശക്തനും സത്യദൈവവുമായ ക്രിസ്തുവിൻെറ ശക്തിയാലത്രേ പ്രതികൂലശക്തികളുടെ മദ്ധ്യേ കത്തോലിക്കാമതം അഭംഗുരമായി ഇന്നും നില നില്ക്കുകയും വിജയശ്രീയോടുകൂടെ പുരോഗമിക്കുകയും ചെയ്യുന്നതു്.

## III. അചഞ്ചലമായ ഭരണസംഘടന

ലോകംമുഴുവൻ ഇളകി മറിഞ്ഞാലും, പ്രതികൂലശക്തികളുടെ പോരാട്ടം എത്ര ശക്തിമത്തായിരുന്നാലും യാതൊരു കോട്ടവും വാട്ടവും നേരിടുവാൻ സാദ്ധ്യമല്ലാത്ത വിധമുള്ള ഭരണസംഘടനയത്രേ കത്തോ

ലിക്കാ മതത്തിനുള്ളതു്. ഒരു യന്ത്രശാലയിലേ ചക്രങ്ങൾ യാതൊരു കുഴപ്പവും കൂടാതെ കറങ്ങിക്കൊണ്ടിരിക്കുന്നതു പോലെയാണു കത്തോലിക്കാസഭയുടെ ഭരണചക്രം തിരിഞ്ഞു കൊണ്ടിരിക്കുന്നതു്. സഭാസ്ഥാപകനായ ക്രിസ്തുവിൻെറ ലോകത്തിലേ പ്രതിനിധിയായ മാപ്പാപ്പായുടെ ഭരണത്തിൻ കീഴിൽ കർദ്ദിനാളന്മാർ, പാത്രിയക്കീസന്മാർ, ഡെലിഗേററന്മാർ, മെത്രാപ്പോലീത്തന്മാർ, വൈദികന്മാർ, കന്യാസ്ത്രീകൾ, അയ്മേനികൾ എന്നിവരെല്ലാം അവരവരുടെ ചുമതല ശരിയ്ക്കു മനസ്സിലാക്കിക്കൊണ്ടു പരിപൂർണ്ണമായ അനുസരണത്തിൽ ജീവിക്കുന്ന ഒരു കാഴ്ചയത്രേ കത്തോലിക്കാസഭയിൽ നാം ദർശിക്കുന്നതു്. വിശ്വാസത്തിനും സന്മാർഗ്ഗത്തിനും എതിരായി ആരെങ്കിലും പഠിപ്പിച്ചാൽ അവൻ എത്ര വലിയ സ്ഥാനത്തിരിക്കുന്നവനായാലും ശരി, തൽക്ഷണം സഭാബഹിഷ്കൃതനായിത്തീരുന്നു. നയതന്ത്രജ്ഞതയോ ഒത്തുതീർപ്പുമനഃസ്ഥിതിയോ ലവലേശം പ്രകടിപ്പിക്കാതെ വിശ്വാസവിപരീതികളേയും അനുസരണ വിമുഖരേയും സഭയിൽനിന്നു നിഷ്കാസനം ചെയ്യുന്നു. ഈ ദൃശമായ ഭരണഘടനയോടു കൂടിയ വേറെ ഒരൊററ സംഘടന പോലും ഭൂമുഖത്തില്ലെന്നു നിർവ്വിവാദം പ്രസ്താവിക്കുന്നതിനു സാധിക്കും.

ലോകമെങ്ങും വ്യാപിച്ചുകിടക്കുന്നതും കോടാനുകോടി പവൻ വിലയുള്ളതുമായ സ്വത്തുക്കൾ മാപ്പാപ്പാ മുതലുള്ള യാതൊരു വ്യക്തിയ്ക്കും സ്വന്തമെന്നവണ്ണം അവകാശപ്പെടുവാൻ നിവൃത്തിയില്ലാത്തവിധമുള്ള ഭരണഘടനയത്രേ കത്തോലിക്കാസഭയ്ക്കുള്ളതു്. "യാതൊരുത്തനും അവകാശമില്ല, എന്നാൽ അതേ അവസരം തന്നെ എല്ലാവരുടേതുമാണു്." എന്നവിധമത്രേ എതാദൃശസ്വത്തുക്കളുടെ നില. ഏവംവിധം അചഞ്ചലമായ ഭരണഘടനയോടു കൂടിയ വേറൊരു രാഷ്ട്രമോ, മതമോ, സഭയോ ഭൂമുഖത്തില്ലെന്നുള്ളതിനു യാതൊരു സംശയവുമില്ല.

## IV. ആഗോളവ്യാപകമായ പരോപകാരപ്രവർത്തനങ്ങൾ

സാധുക്കളെ സഹായിക്കുന്നതിനും, അനാഥരെ സംരക്ഷിക്കുന്നതിനും, രോഗികളെ ശുശ്രൂഷിക്കുന്നതിനുംവേണ്ടി അനാഥശാലകൾ, വൃദ്ധമന്ദിരങ്ങൾ, ആസ്പത്രികൾ ആദിയായ ലക്ഷക്കണക്കിനു പരോപകാരസ്ഥാപനങ്ങൾ ലോകത്തിൻെറ നനാഭാഗങ്ങളിലും നിർമ്മിച്ചുകൊണ്ടു കത്തോലിക്കാമതം മനുഷ്യസേവനം നടത്തിക്കൊണ്ടിരിക്കുന്നു. വിദ്യാഭ്യാസവിഷയകമായി നോക്കുന്നപക്ഷം ശതക്കണക്കിനു സർവ്വകലാ

ശാലകളും, ആയിരക്കണക്കിനു കോളജുകളും, ലക്ഷക്കണക്കിനു ഹൈസ്കൂളുകളും, കോടിക്കണക്കിനു മിഡിൽസ്കൂളുകളും പ്രൈമറിസ്കൂളുകളും സ്ഥാപിച്ചുകൊണ്ടു നിരക്ഷരകുക്ഷികൾക്കു അക്ഷരാഭ്യാസം നല്കി അവരെ സംസ്കൃതചിത്തരും ഉൽകൃഷ്ടമാനസരുമാക്കിത്തീക്കുന്നതിനു കത്തോലിക്കാമതം അഹോരാത്രം പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നു. നൂറിൽ ഒന്നു മാത്രം കത്തോലിക്കരേ ഭാരതത്തിൽ ഉള്ളുവെങ്കിലും ഉൽകൃഷ്ടനിലയിൽ നടത്തപ്പെടുന്ന 50 കോളേജുകളും പതിനായിരക്കണക്കിനു സ്കൂളുകളും ഇതര പരോപകാരസ്ഥാപനങ്ങളും കത്തോലിക്കാസഭ വകയായി ഇവിടെത്തന്നെയുണ്ടു്. സൎവ്വസംഗപരിത്യാഗികളായി സ്വൎഗ്ഗരാജ്യത്തിനുവേണ്ടി തങ്ങളെത്തന്നെ ഷണ്ഡന്മാരാക്കിത്തീൎത്തുകൊണ്ടു സമസൃഷ്ടങ്ങൾക്കുവേണ്ടി സ്വജീവൻ പോലും ബലികഴിക്കുന്നതിനുള്ള പരിപൂൎണ്ണ സന്നദ്ധതയോടുകൂടെ ലക്ഷക്കണക്കിനു വൈദികന്മാരും, സഹോദരന്മാരും, കന്യാസ്ത്രീകളും ഈദൃശസ്ഥാപനങ്ങളിൽ വേലചെയ്തുകൊണ്ടിരിക്കുന്നു. നിസ്സ്വാൎത്ഥരും നിഷ്കളങ്കരുമായ ഇവരുടെ മഹനീയസേവനങ്ങളെ ലോകത്തിലേ മഹാന്മാരെല്ലാം തന്നെ മുക്തകണ്ഠം പ്രകീൎത്തിക്കുന്നുണ്ടു്: ആരെങ്കിലും ഇവരുടെ സേവനങ്ങളെ പ്രശംസിക്കാതിരിക്കുകയോ, അധിക്ഷേപിക്കുകയോ ചെയ്യുന്നുവെങ്കിൽ കേവലം കിഞ്ചിജ്ഞതയും സങ്കുചിതമനഃസ്ഥിതിയുമായിരിക്കും അതിനുള്ള പ്രധാന കാരണം. ഇതര മതങ്ങളിലും സഭകളിലും പരോപകാരപ്രവൎത്തനങ്ങൾ നിൎവ്വഹിക്കുന്ന ഏതാനും വ്യക്തികളുണ്ടെങ്കിലും അവരുടെ സംഖ്യ വിരളവും അവരുടെ പ്രവൎത്തനപരിധി നിസ്സാരവുമാണു്. നേരേമറിച്ചു് കത്തോലിക്കാമതത്തിലേ പരോപകാരപ്രവൎത്തനങ്ങളാകട്ടെ സുസംഘടിതവും, ആഗോളവ്യാപകവും, നിസ്സീമവുമത്രേ.

## V. ഫലസംദായകങ്ങളായ വിശുദ്ധീകരണമാൎഗ്ഗങ്ങൾ

ഭൂലോകരക്ഷകനായ ക്രിസ്തുനാഥന്റെ മനുഷ്യാവതാരത്തിന്റേയും, പീഡാനുഭവത്തിന്റേയും, കുരിശുമരണത്തിന്റേയും പരമപ്രധാനമായ ലക്ഷ്യം ആത്മാക്കളുടെ വിശുദ്ധീകരണമായിരുന്നു എന്നതിനു തെല്ലും സംശയമില്ല. അവിടുത്തേ ശരീരമായ കത്തോലിക്കാസഭയും ഏതദുദ്ദേശ്യത്തെ ലാക്കാക്കി ഒന്നാം നൂററാണ്ടുമുതൽ ഇരുപതാം നൂററാണ്ടുവരെ പ്രവൎത്തിച്ചുകൊണ്ടിരുന്നു. ഇനിയും ലോകാവസാനംവരെ പ്രവൎത്തിക്കുകയും ചെയ്യും. ലോകമെങ്ങുമുള്ള കത്തോലിക്കാദൈവാലയങ്ങ

ളിൽ ദിവസംതോറും അർപ്പിക്കപ്പെടുന്ന ദിവ്യബലി, അനുഗ്രഹദായകങ്ങളായ ഏഴു കൂദാശകൾ, മനോഹരങ്ങളായ പ്രാർത്ഥനകൾ, ആദ്ധ്യാത്മികപ്രസംഗങ്ങൾ, വിശുദ്ധന്മാരുടെ ജീവചരിത്രഗ്രന്ഥങ്ങൾ, ഭക്തിപരങ്ങളായ സംഘടനകൾ എന്നിവയെല്ലാം ആത്മാക്കളുടെ വിശുദ്ധീകരണമെന്ന ഏകോദ്ദേശ്യം ലോകമെങ്ങും നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. ദൈവസ്നേഹത്താലും, പരസ്നേഹത്താലും പ്രേരിതരായി തങ്ങളുടെ സഹോദരങ്ങളുടെ ആത്മവിശുദ്ധീകരണാർത്ഥം പ്രവർത്തിക്കുവാൻ സന്നദ്ധരായിട്ടുള്ള അനേകലക്ഷം വൈദികന്മാരും, കന്യാസ്ത്രീകളും, സഹോദരന്മാരും ലോകത്തിന്റെ നാനാഭാഗങ്ങളിലും അഹോരാത്രം ഇതിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കുമ്പസാരം, വിശുദ്ധകുർബാനാനുഭവം എന്നിവ മുഖേന പാപപങ്കിലമായ ആത്മാവിനെ പവിത്രീകരിച്ചു മനസ്സിനു സമാധാനവും ഹൃദയത്തിനു ആനന്ദവും നല്കി വിശുദ്ധസോപാനത്തിലേക്കു ഉയർത്തുകയത്രേ കത്തോലിക്കാസഭ ചെയ്തുകൊണ്ടിരിക്കുന്നതു്.

ഈദൃശവിശുദ്ധീകരണമാർഗ്ഗങ്ങൾ മുഖേന തന്റെ സന്താനങ്ങളിൽ ലക്ഷക്കണക്കിനു് അംഗങ്ങൾ വിശുദ്ധന്മാരും വിശുദ്ധമതികളുമായിത്തീർന്നിട്ടുള്ളതിൽ സഭാമാതാവു് അഭിമാനംകൊള്ളുന്നു. ലോകമെല്ലാം അവരുടെനാമം പ്രകീർത്തിക്കുകയും, അവരുടെ മാദ്ധ്യസ്ഥം അപേക്ഷിക്കുകയുംചെയ്യുന്നു. വിശുദ്ധന്മാരുടെ മാദ്ധ്യസ്ഥം മുഖേന എന്തുമാത്രം അനുഗ്രഹങ്ങളാണു മനുഷ്യകുലത്തിനു സിദ്ധിച്ചുകൊണ്ടിരിക്കുന്നതെന്നു അനുഭവസ്ഥന്മാർ സാക്ഷിക്കുകയും, പ്രതിദിനപ്പത്രങ്ങൾ ലോകമെങ്ങും മുഴങ്ങുമാറു വിളിച്ചു പറയുകയും ചെയ്യുന്നു. ഇതരമതങ്ങളിലും സഭകളിലും ആത്മാക്കളുടെ രക്ഷയ്ക്കു് ഉപയുക്തങ്ങളായ വിശുദ്ധീകരണമാർഗ്ഗങ്ങൾ സുലഭമായിട്ടില്ലാത്തതിന്റേയും വിശുദ്ധന്മാരും വിശുദ്ധമതികളും പ്രസ്തുത സംഘടനകളിൽ ഉണ്ടാകാത്തതിന്റേയും കാരണം എന്തെന്നു ചിന്തിക്കുവാനുള്ള കടമ മനുഷ്യരായ സകലർക്കുംഉണ്ടെന്നുള്ളതിനു സംശയമില്ല.

## VI. പ്രമാദരഹിതമായ വിശ്വാസ സംഹിത

സത്യസ്വരൂപനായ ക്രിസ്തുനാഥൻ അവിടുത്തെ ദിവ്യസത്യങ്ങൾ സ്വശിഷ്യരെ പഠിപ്പിക്കുകയും പ്രസ്തുത സത്യങ്ങൾ ലോകാവസാനംവരെ പ്രമാദരഹിതമായി മനുഷ്യകുലത്തെ പഠിപ്പിക്കുന്നതിനുള്ള അധികാരം തന്റെ സഭയ്ക്കു നല്കുകയും ചെയ്തു. അന്നുമുതൽ ഇന്നുവരെ വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച കാര്യങ്ങളിൽ യാതൊരു തെററും കൂടാതെ പഠിപ്പിക്കുന്നതിലും സത്യവിശ്വാസസംരക്ഷണാർത്ഥം അസത്യ

പഠനങ്ങളെ ധീരധീരം എതിരിടുന്നതിലും സഭ ബദ്ധശ്രദ്ധയായിരിക്കുന്നു. യഥാൎത്ഥവിശ്വാസസത്യം പരസ്യമായി പ്രഖ്യാപിക്കുന്നതിൽ വേദപുസ്തകം, പിതാക്കന്മാരുടെ സാക്ഷ്യങ്ങൾ, പാരമ്പര്യം, സൂന്നഹദോസ് നിശ്ചയങ്ങൾ, യുക്തിയിൽ നിന്നുമുള്ള തെളിവുകൾ എന്നിവയെല്ലാം സഭയ്ക്കു സഹായകമായിബ്ഭവിക്കുന്നു. പ്രാൎത്ഥനാപൂർവ്വം ചിന്തിക്കുകയും നിഷ്പക്ഷപൂർവ്വം അന്വേഷിക്കുകയും ചെയ്യുന്ന ഒരുവനു കത്തോലിക്കാസഭയുടെ വിശ്വാസസംഹിത പരിപൂൎണ്ണമായും സത്യമായിട്ടുള്ളതാണെന്നു സുദൃഢം ബോധപ്പെടുന്നതാണ്.

ക്രിസ്തു പഠിപ്പിച്ചതും പരമ്പരാഗതമായി ക്രൈസ്തവലോകം വിശ്വസിച്ചിരുന്നതുമായ ദിവ്യസത്യങ്ങൾ ഏവയെല്ലാമെന്ന്അറിയുന്നതിനു ഒരു കത്തോലിക്കനു യാതൊരു വിഷമവും ഉണ്ടാകുന്നതല്ല. കാരണം, ക്രിസ്തുവിന്റെ ശരീരമായ സഭയുടെ പ്രബോധനത്തിൽ യാതൊരു തെററും ഉണ്ടാകയില്ലെന്നും സ്നേഹസംപൂൎണ്ണയായ സഭാമാതാവു് തന്നെ തെററിൽ അകപ്പെടുത്തുകയില്ലെന്നുമുള്ള സുദൃഢമായ ബോദ്ധ്യം അവനുണ്ട്. തന്നിമിത്തം, ഏതദ്വിഷയത്തിൽ സഭാമാതാവിനെ അവൻ അഭയം പ്രാപിക്കുകയും യഥാൎത്ഥവിശ്വാസം അവളിൽനിന്നും ഗ്രഹിക്കുകയും ചെയ്യുന്നു. അങ്ങനെ സത്യവിശ്വാസമാകുന്ന തുഴയും കരത്തിലേന്തി "കല്ലോലമാലകളാൽ തിമി തകൎത്തു കൊണ്ടിരിക്കുന്ന" ഈ ലോകസാഗരത്തിൽക്കൂടെ ആദ്ധ്യാത്മികജീവതമാകുന്ന നൗകയെ സ്വർഗ്ഗീയതുറമുഖത്തേയ്ക്കു പ്രശാന്തപൂർവ്വം അവൻ നയിക്കുകയും ചെയ്യുന്നു.

അദ്ധ്യായം 30

# ഉപസംഹാരം

"കേരളത്തിലെ ക്രൈസ്തവസഭകൾ" എന്ന ഈ ഗ്രന്ഥത്തിൻെറ പ്രഥമാദ്ധ്യായം മുതൽ അവസാന അദ്ധ്യായം വരെ വായിച്ചു കഴിഞ്ഞിരിക്കുന്ന കത്തോലിക്കരും അകത്തോലിക്കരുമായ വായനക്കാരോട് ഉപസംഹാരത്തിലേണ്ട ഏതാനും കാര്യങ്ങൾ ഇനിയും പ്രസ്താവിക്കുന്നതിനു് ഉദ്ദേശിക്കുന്നു. കേരളത്തിലെ കത്തോലിക്കാസഭയുടേയും അകത്തോലിക്കാസഭകളുടേയും ഉത്ഭവം, സ്ഥാപകന്മാർ, വിശ്വാസവിഷയങ്ങൾ ആധുനികസ്ഥിതി എന്നിവയെപ്പററി ഏകദേശമായ ഒരു ജ്ഞാനമെങ്കിലും ലഭിക്കുന്നതിനു ഈ കൃതിയുടെ പാരായണം മൂലം വായനക്കാർക്കു് സാധിച്ചിട്ടുണ്ടെന്നാണു് എൻെറ ദൃഢമായ വിശ്വാസം. ചരിത്രപരവും വിശ്വാസപരവുമായുള്ള വിഷയങ്ങളെ ആസ്പദമാക്കിയുള്ള ഈ ഗ്രന്ഥത്തിൻെറ രചനയിൽ നിഷ്പക്ഷവാദിയായ ഒരു ഗ്രന്ഥകാരൻെറ നിലയാണു ഞാൻ ആദ്യന്തം അവലംബിച്ചിട്ടുള്ളതു്. വായനക്കാരിൽ ഒരുവനെങ്കിലും അഹിതകരമായ ഒരൊററ പദം പോലും ഉപയോഗിക്കാതിരിക്കുവാൻ ഞാൻ കഴിയുന്നത്ര പരിശ്രമിച്ചിട്ടുണ്ടു്. എങ്കിലും സത്യത്തോടുള്ള ബഹുമാനവും, സത്യം വെളിപ്പെടുത്തണമെന്നുള്ള ആഗ്രഹവും, സത്യസ്വീകരണത്തിൽ എൻെറ സഹോദരങ്ങളെ സഹായിക്കണമെന്നുള്ള അഭിലാഷവും നിമിത്തം ചില സംഗതികൾ ഈ കൃതിയിൽ തുറന്നു പ്രസ്താവിക്കേണ്ടി വന്നിട്ടുണ്ടു്. തന്മൂലം ആർക്കെങ്കിലും എന്തെങ്കിലും അഹിതകരമായിത്തീർന്നിട്ടുണ്ടെങ്കിൽ എൻെറ സദുദ്ദേശ്യം മനസ്സിലാക്കി അതു സദയം ക്ഷമിക്കണമെന്നപേക്ഷിക്കുന്നു.

## കേരളീയ കത്തോലിക്കരോടു്

കത്തോലിക്കാസഭയുടെ അംഗങ്ങളായിത്തീരുവാൻ ജനനം മൂലം ഭാഗ്യം സിദ്ധിച്ചിട്ടുള്ള കേരളീയ കത്തോലിക്കരോടു ചില കാര്യങ്ങൾ ആദ്യമായി പ്രസ്താവിച്ചുകൊള്ളുന്നു. സുറിയാനി രീതിയിലും ലത്തീൻ രീതിയിലുമായി ഉദ്ദേശം ഇരുപതുലക്ഷം കത്തോലിക്കർ ഇക്കേരളക്കരയിൽ ഉണ്ടു്. ഈ ഇരുപതുലക്ഷം കത്തോലിക്കരും ഒത്തൊരുമിച്ചു പരിശ്രമിക്കുന്നപക്ഷം പന്ത്രണ്ടുലക്ഷത്തോളം വരുന്ന കേരളത്തിലെ അകത്തോ

ലിക്കാസഹോദരങ്ങളെ കത്തോലിക്കാസഭാമാതാവിൻെറ മടിയിലേക്ക് ആനയിക്കുന്നതിനു നിഷ്പ്രയാസം സാധിക്കുന്നതാണ്. പ്രാർത്ഥന, മാതൃകാജീവിതം, പ്രസംഗങ്ങൾ, പ്രസിദ്ധീകരണപ്രചരണം, വ്യക്തിപരമായ സംഭാഷണം ആദിയായ നിരവധിമാർഗ്ഗങ്ങൾ ഇതിലേക്ക് ഉപയോഗിക്കുവാൻ സാധിക്കും. അങ്ങനെ കേരളത്തിലെ 32 ലക്ഷം ക്രൈസ്തവരും "ഒരു തൊഴുത്തിൽ ഒരു ഇടയൻെറ കീഴിൽ" ആയിത്തീരുകയും തൽഫലമായി കേരളത്തിലെ ക്രൈസ്തവസഭയ്ക്കു ശോഭനമായ ഒരു ഭാവി ലഭിക്കുകയും ചെയ്യും. തന്നെയുമല്ല, കേരളത്തിലും ഭാരതത്തിലുമുള്ള അനേകകോടി അക്രൈസ്തവരുടെ മാനസാന്തരാർത്ഥം മാർ തോമ്മാശ്ലീഹായുടെ സന്താനങ്ങൾക്ക് ഒത്തൊരുമിച്ചു് പ്രവർത്തിക്കാവുന്നതും അങ്ങനെ ആസന്നഭാവിയിൽ ഒരു "ക്രൈസ്തവഭാരതം" രൂപവൽക്കരിക്കുവാൻ സാധിക്കുന്നതുമാണ്.

കത്തോലിക്കാപുനരൈക്യം പ്രാപിച്ചിട്ടുള്ള അഭിവന്ദ്യതിരുമേനിമാരേയും, വൈദികന്മാരേയും, ജനങ്ങളേയും കഴിയുന്നത്ര സഹായിക്കുവാനുള്ള കടമ കേരളീയകത്തോലിക്കക്ക് ഉണ്ടെന്നുള്ള പരമാർത്ഥം ഈ അവസരത്തിൽ അനുസ്മരിപ്പിച്ചു കൊള്ളുന്നു. ദൈവാലയങ്ങൾ, വിദ്യാലയങ്ങൾ, ആശ്രമങ്ങൾ, മഠങ്ങൾ ആദിയായ നിരവധി സ്ഥാപനങ്ങൾ പല കേന്ദ്രങ്ങളിലും ഇനിയും നിർമ്മിക്കേണ്ടതായിട്ടാണിരിക്കുന്നതു്. വിദേശത്തു നിന്നുമുള്ള ധനസഹായം കുറഞ്ഞിരിക്കുന്ന ഈ സന്ദർഭത്തിൽ കേരളീയകത്തോലിക്കരുടെ ഉദാരമായ സംഭാവനയാണു പുനരൈക്യപ്രസ്ഥാനത്തിൻെറ പുരോഗതിയ്ക്കു ഏകാവലംബമായിരിക്കുന്നതു്. ഇതരനിലകളിലെന്നപോലെ സാമ്പത്തികസ്ഥിതിയിലും ദൈവാനുഗ്രഹത്താൽ ഉയർന്നു കൊണ്ടിരിക്കുന്ന കേരളീയകത്തോലിക്കർ തങ്ങളുടെ കർത്തവ്യം ശരിയ്ക്കു മനസ്സിലാക്കി പ്രവർത്തിക്കുമെന്നും അങ്ങനെ പുനരൈക്യപ്രസ്ഥാനത്തെ കാര്യമാംവിധം സഹായിക്കുമെന്നും വിശ്വസിക്കുന്നു.

## പുനരൈക്യപ്പെട്ട കത്തോലിക്കരോട്

സുദീർഘവർഷക്കാലത്തെ സത്യാന്വേഷണത്തിൻെറ ഫലമായി ആംഗ്ളിക്കൻ സഭയിൽനിന്നും കത്തോലിക്കാസഭയെ ആശ്ലേഷിച്ച പണ്ഡിതവര്യനും ലോകപ്രസിദ്ധനുമായിരുന്ന കർദ്ദിനാൾ ന്യൂമാൻെറ ഹൃദയസ്പൃക്കായ വാക്കുകൾ കത്തോലിക്കാസഭാപുനരൈക്യം പ്രാപിക്കുന്നതിനു ഭാഗ്യം സിദ്ധിച്ചിട്ടുള്ള എൻെറ സഹോദരങ്ങളുടെ ശ്രദ്ധയ്ക്കായി ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു:—

"എൻെറ പ്രിയപ്പെട്ട സഹോദരരേ, ദൈവം നമ്മെ തൻെറ പുത്രൻെറ സഭയിലേയ്ക്കു ആനയിച്ചതിൽ നമുക്കുള്ള ആനന്ദവും കൃതജ്ഞതയും എത്രയോ മഹത്തമമായിരിക്കണം! ഇത്ര അമൂല്യവും അനന്യസാധാരണവുമായ ദാനം ലോകത്തിൽ മറേറതുണ്ടു്? പ്രകാശത്തിൻെറ വാസസ്ഥാനവും, സമാധാനത്തിൻെറ സങ്കേതവും, വിശുദ്ധാത്മാക്കളുടെ സാന്നിദ്ധ്യസ്ഥലവുമായ ഇവിടെ (തിരുസഭയിൽ) നാം അഗതരായിരിക്കുന്നതും, യഥാൎത്ഥമായ സ്ഥാനങ്ങളിലെത്തുകയും, യഥാൎത്ഥമായ ഉദ്യോഗങ്ങളിൽ ഏപ്പെട്ടകയും ചെയ്തിരിക്കുന്നതിനാൽ നമ്മുടെ സകല മാനസികശക്തികൾക്കും പ്രേമവികാരങ്ങൾക്കും പരിപൂൎണ്ണവികാസം പ്രാപിക്കാവുന്ന ഒരവസ്ഥയിലേയ്ക്കു നാം ആനയിക്കപ്പെട്ടിരിക്കുന്നതും മനുഷ്യബുദ്ധിയുടെ എത്രയോ ഉത്കൃഷ്ടവും എത്രയും പരിശുദ്ധവുമായ ചിന്താവിഷയങ്ങളെക്കുറിച്ചു സന്ദേഹരഹിതവും, പൂൎവാപരയോജ്യവും നിശ്ചഞ്ചലവുമായ ബോദ്ധ്യം നമുക്കു കരസ്ഥമായിരിക്കുന്നതും, ഇഹത്തിൽ ആശാഭരിതരും പരത്തിൽ സ്വൎഗ്ഗപ്രാപ്തരുമാകുവാൻ നമുക്കു സാധിക്കുന്നതും, പാവപ്പെട്ട ലോകം പൎവ്വതത്തിൻെറ അടിവാരത്തിൽ ഊഹാപോഹങ്ങളിലും പരസ്പര കലഹങ്ങളിലും കാലംകഴിക്കുമ്പോൾ നമുക്കു ക്രിസ്തുവിനോടൊരുമിച്ചു പൎവ്വതശിഖരത്തിൽ വസിക്കുവാൻ കഴിയുന്നതും ഇവയെല്ലാം അനുസ്മരിക്കുന്ന നമ്മിൽ ആരാണു സ്വസൗഭാഗ്യത്തെക്കുറിച്ചു ആശ്ചൎയ്യപരതന്ത്രനാകാത്തതു്? സാത്താൻ അവൻെറ സൎവ്വശക്തികളും സാമൎത്ഥ്യങ്ങളും ആസന്നമരണമായ ആത്മാവിനെതിരായി പ്രയോഗിക്കുന്ന അന്ധകാരനിബിഡമായ ആ അന്ത്യസമയത്തു വിശ്വാസത്തിനും പ്രാൎത്ഥനയ്ക്കും മാത്രമേ പ്രാബല്യമുണ്ടാകയുള്ളു. മറേറന്തെങ്കിലുംകൊണ്ടു് ആ സന്ദർഭത്തിൽ വല്ല പ്രയോജനവുമുണ്ടോ? ഗഹനങ്ങളായ ന്യായങ്ങൾ കണ്ടുപിടിക്കുകയോ, അതിസമൎത്ഥങ്ങളായ വാഗ്വാദങ്ങൾ നടത്തുകയോ, ചരിത്രസംഭവങ്ങളെ ക്രമീകരിച്ചു കാണിക്കുകയോ, വാദപ്രതിവാദപരമായ സകല ആയുധങ്ങളേയും വിവേചനാപൂൎവം പ്രയോഗിക്കുകയോ, വിജയലബ്ധിയിൽ മിത്രങ്ങളുടെ സ്നേഹാദരങ്ങൾക്കും ലോകരുടെ അഭിനന്ദനത്തിനും പാത്രമാകുകയോ ചെയ്യുന്നതു നിമിത്തം വല്ലപ്രയോജനവും സിദ്ധിക്കുമോ? സമുദായത്തിൽ ബഹുമാനസ്ഥാനം വഹിക്കുകയോ, മഹാകാൎയ്യങ്ങൾ നിൎവ്വഹിക്കുകയോ മഹദ്വിചാരങ്ങൾക്കു ചൈതന്യം നല്കുകയോ, മഹാപ്രസ്ഥാനങ്ങളെ വിജയകരമാക്കുകയോ ചെയ്താലും ഈ ലോകത്തിൽ നിന്നും പരലോകത്തിലേയ്ക്കുള്ള മാർഗ്ഗദർശിയായ വിശ്വാസദീപം നമുക്കു ലഭിച്ചിട്ടില്ലാത്തപക്ഷം വല്ല പ്രയോജനവുമുണ്ടോ? ദൈവത്തിൽനിന്നു മഹത്തായ ദാന

ങ്ങൾ സ്വീകരിക്കുകയും, അവയെ സ്വാത്ഥപരവും മാനുഷികവുമായ ഉദ്ദേശ്യങ്ങൾക്കായി വിനിയോഗിക്കുകയും, കാണേണ്ടെന്നുവെച്ചു് കണ്ണു പൂട്ടിയിരിക്കുകയും, സത്യത്തെ അവഗണിക്കുകയും, സംശയങ്ങളെ അടിച്ചമത്തുകയും, ദൈവപ്രസാദവരത്തിൻെറ നേതൃത്വം തദുദ്ദേശ്യപ്രാപ്തിവരെ അനുസരിക്കാതിരിക്കയും, വാഗ്ദത്തഭൂമിയുടെ സമീപത്തു ചെന്നശേഷം അതിനെ കരസ്ഥമാക്കാതിരിക്കുകയും ചെയ്ത ദുർഭഗന്മാരുടെ ഗണത്തിൽപ്പെട്ട ദൈവികന്യായാസനത്തിൻെറ മുൻപിൽ നിലകൊള്ളുന്നതിനെക്കാൾ മനുഷ്യരിൽ വച്ചു ഏററം നിസ്സാരനും, ഏററം ബുദ്ധിഹീനനും, അജ്ഞനുമായ ആളുടെ സ്ഥാനത്തു നില്ക്കുവാൻ നാം ആ ദിവസത്തിൽ എന്തുമാത്രം ആഗ്രഹിക്കും?..................വിശ്വാസമാകുന്ന അനുഗ്രഹം ദാനം ചെയ്തതിനു ദൈവത്തെ ഇടവിടാതെ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്വിൻ. അതു പ്രസാദവരത്തിൻെറ ഫലമാണെന്നു എത്രകാലം കഴിഞ്ഞാലും വിസ്മരിക്കാതിരിപ്പിൻ. അതു ഒരിക്കലും നഷ്ടപ്പെടാതിരിക്കുന്നതിനുവേണ്ടി പ്രാത്ഥിക്കുവിൻ. മററുള്ളവർക്കും അതു ലഭിക്കുന്നതിനായി സവ്വശക്തികളോടും കൂടെ പ്രയത്നിക്കുകയും ചെയ്വിൻ."

## അകത്തോലിക്കരായ സഹോദരങ്ങളോട്

കത്തോലിക്കാസഭയെപ്പററി ഉണ്ടായിരുന്ന നിരവധി തെററിദ്ധാരണകൾ എൻെറ അകത്തോലിക്കാസഹോദരങ്ങളുടെ മനസ്സിൽ നിന്നും നീങ്ങുന്നതിനു് ഈ ഗ്രന്ഥത്തിൻെറ പാരായണം പര്യാപ്തമായിത്തീന്നിട്ടുണ്ടെന്നു ഞാൻപരിപൂണ്ണമായി വിശ്വസിക്കുന്നു. അനേകലക്ഷം അകത്തോലിക്കരെ കത്തോലിക്കാസഭയിലേയ്ക്കു ആനയിച്ചിട്ടുള്ള "പിതാക്കന്മാരുടെ വിശ്വാസം" എന്ന സുപ്രസിദ്ധ ഗ്രന്ഥത്തിൻെറ ആമുഖപ്രസംഗത്തിൽ തൽഗ്രന്ഥകത്താവായ കർദ്ദിനാൾ ഗിബൺസു് എഴുതിയിട്ടുള്ള ശ്രദ്ധേയമായഭാഗം കേരളത്തിലേ എൻെറ അകത്തോലിക്കാസഹോദരങ്ങളുടെ സഗാഢമായ ചിന്തയ്ക്കുവേണ്ടി ചുവടേ ഉദ്ധരിച്ചുകൊള്ളുന്നു:-

"ഹാ എൻെറ പ്രിയസ്നേഹിതാ, നിങ്ങൾ അവളെ അവളുടെ പുത്രന്മാർ കാണുന്നതുപോലെ കണ്ടാൽ "ബാബിലോണിലേ സ്ത്രീ"യുടെ ഛായപോലെ അവൾ നിങ്ങൾക്കു കാണപ്പെടുന്നതല്ല. അവൾ സൂര്യനെപ്പോലെ പ്രകാശവും, ചന്ദ്രനെപ്പോലെ ഭംഗിയും ഉള്ളവളായും, നെററിയിന്മേൽ സ്വർഗ്ഗീയസൗന്ദര്യം പതിഞ്ഞവളായും, യുദ്ധത്തിനു് അണിനിരയായി നില്ക്കുന്ന ഒരു സൈന്യത്തെപ്പോലെ പ്രതാപമുള്ളവളായും

നിങ്ങൾക്കു വെളിപ്പെടുന്നതാണ്. നിങ്ങൾ അവളെ സ്നേഹിക്കുകയും, അവളെ ആശ്ലേഷിക്കുകയും, അവളുടെ മക്കളോടുകൂടെ ഭക്തിയിൽ ഉയൎന്ന് അവളെ അനുഗ്രഹിക്കപ്പെട്ടവളെന്നു വിളിക്കുകയും ചെയ്യും.

കത്തോലിക്കാമതത്തെ സ്വീകരിക്കുന്നതിനാൽ നിങ്ങൾക്ക് എന്തു നഷ്ടമുണ്ടാകുമെന്നും എന്തു ലാഭമുണ്ടാകുമെന്നും ചിന്തിച്ചു നോക്കുവിൻ! നിങ്ങളുടെ നഷ്ടം ലാഭത്തോടു തുലനം ചെയ്തു നോക്കിയാൽ കേവലം നിസ്സാരമെന്നു പറയാം. നിങ്ങളുടെ വ്യക്തിത്വമോ, ബഹുമാനമോ, സ്വാതന്ത്ര്യമോ, ചിന്താശക്തിയോ ഉപേക്ഷിക്കേണ്ടി വരുന്നതല്ല. വളരെ മുമ്പു തന്നെ നിങ്ങൾക്കു ലഭിക്കാമായിരുന്ന വെളിപ്പെടുത്തപ്പെട്ടിട്ടുള്ള യാതൊരു സത്യവും നിങ്ങൾ പരിത്യജിക്കേണ്ടി വരുന്നില്ല. നിങ്ങളുടെമേൽ ചുമത്തപ്പെടുന്ന ഒരു നിർബന്ധം സുവിശേഷത്തിൻെറ നിർബന്ധം മാത്രമാകുന്നു. ഇതിനോടു ന്യായമായ എതിർപ്പു നിങ്ങൾക്കുണ്ടാകുവാൻ പാടുള്ളതല്ലല്ലോ.

സഭയിൽ പ്രവേശിക്കുന്നതിനാൽ അപരിചിതമായ ഒരു സ്ഥലത്തേക്കല്ല നിങ്ങൾ പ്രവേശിക്കുന്നതു്. പിന്നെയോ, നിങ്ങളുടെ പിതാവിൻെറ ഭവനത്തിലേക്കു നിങ്ങൾ മടങ്ങിച്ചെല്ലുകയാണു ചെയ്യുന്നതു്. ഭവനവും അതിലെ സജ്ജീകരണങ്ങളും നിങ്ങൾക്കു പരിചയമില്ലാത്തതായി തോന്നിയേക്കാം. എങ്കിലും മുന്നൂറു വർഷങ്ങൾക്കു മുമ്പ് നിങ്ങളുടെപിതാക്കന്മാർ ഉപേക്ഷിച്ചു പോയപ്പോൾ ഉണ്ടായിരുന്ന സ്ഥിതിയിൽതന്നെയാണ് അതു് ഇപ്പോഴും ഇരിക്കുന്നതു്. സഭയിലേയ്ക്കു പിൻതിരിയുന്നതിനാൽ ഇതിനു മുമ്പ് നിങ്ങളുടെ പിതാക്കന്മാർ ആരാധിച്ച ആസ്ഥലത്തുതന്നെ നിങ്ങളും ആരാധിക്കുകയും, അവർ മുട്ടുകുത്തിയ അതേ ബലിപീഠത്തിൻെറ മുമ്പിൽ നിങ്ങളും മുട്ടുകുത്തുകയും, അവർ കൈക്കൊണ്ട കുർബാന നിങ്ങളും കൈക്കൊള്ളുകയും, അവർ ബഹുമാനിച്ച പൗരോഹിത്യാധികാരത്തെ നിങ്ങളും ബഹുമാനിക്കുകയും ചെയ്യും. നിങ്ങൾ നിങ്ങളുടെ മാതാപിതാക്കന്മാരുടെ ഭവനത്തിലേയ്ക്കു തിരിച്ചു വരുന്നതു ധൂർത്തനായ പുത്രനെപ്പോലെ ആയിരിയ്ക്കും. സന്തോഷത്തിൻെറ വസ്ത്രം നിങ്ങളെ ധരിപ്പിക്കുകയും, സ്നേഹത്തിൻെറ വിരുന്നു നിങ്ങൾക്കു നല്കുകയും, പുത്രത്വത്തിൻേറയും സ്വീകരണത്തിൻേറയും ലക്ഷ്യമായ സമാധാനത്തിൻെറ ചുംബനം നിങ്ങൾക്കു ലഭിക്കുകയും ചെയ്യും. നിങ്ങളുടെ വത്സലമാതാവിൻെറ ഗാഢാശ്ലേഷം നിങ്ങൾക്ക് ഉണ്ടായിട്ടുള്ള സകല നഷ്ടങ്ങളേയും പരിഹരിക്കുകയും അനുതാപിയായ

അഗസ്തീനോസിനെപ്പോലെ "എന്നും പ്രാചീനയും എന്നും അഭിനവവുമായിരിക്കുന്ന ഓ, സൗന്ദര്യവതീ! വളരെ താമസിച്ചു മാത്രമാണല്ലോ ഞാൻ നിന്നെ അറിഞ്ഞതും സ്നേഹിച്ചതു"മെന്ന് നിങ്ങൾ വിളിച്ചു പറയുകയും ചെയ്യും.

ഈ പുസ്തകത്തിൻെറ പാരായണം നിമിത്തം ഒരൊററ ആത്മാവെങ്കിലും കത്തോലിക്കാസഭയിൽ പ്രവേശിക്കുന്നതിനിടയായാൽ എൻെറ പ്രയത്നത്തിനു തക്ക സമ്മാനമായി അതിനെ ഞാൻ പരിഗണിക്കുന്നതാണ്. മരണമില്ലാത്ത നിങ്ങളുടെ ആത്മാവിൻെറ രക്ഷയെക്കാൾ പ്രാധാന്യമർഹിക്കുന്ന മററു യാതൊന്നുമില്ലെന്നു നിങ്ങൾ മനസ്സിലാക്കണം. എന്തുകൊണ്ടെന്നാൽ, ലോകം മുഴുവൻ നേടിയാലും തൻെറ ആത്മാവു നഷ്ടപ്പെട്ടുത്തുന്നപക്ഷം ഒരു മനുഷ്യന് എന്തു പ്രയോജനമാണുള്ളതു്? അല്ലാത്തപക്ഷം, തൻെറ ആത്മാവിനു പകരമായി ഒരു മനുഷ്യന് എന്തു നല്കുവാൻ സാധിക്കും? (മത്തായി 16. 26).

അതിനാൽ സ്നേഹിതന്മാരുടേയും ബന്ധുക്കളുടേയും വിരോധം സമ്പാദിക്കേണ്ടി വരുമെന്നുള്ള ഭയമോ, മനുഷ്യരിൽ നിന്നുള്ള വിഷമങ്ങളോ, ഈ ലോകവസ്തുക്കളുടെ നഷ്ടമോ, ഭൗതികമായ മറേറതെങ്കിലും വിപത്തോ സത്യമതത്തെപ്പററി അന്വേഷിച്ചു് അതിനെ സ്വീകരിക്കുന്നതിൽ നിന്നും നിങ്ങളെ തടയാതിരിക്കട്ടെ. എന്തുകൊണ്ടെന്നാൽ, ഈ സമയത്തിലെ ഞെരുക്കം വളരെ നിസ്സാരവും ലഘുവുമെങ്കിലും അതു് അനന്തമായ മഹാതേജസ്സിനു എന്നും എന്നേയ്ക്കുമായി നമ്മെ തയ്യാറാക്കുന്നു. (2. കോരി. 4. 17). അങ്ങനെ സത്യം ഗ്രഹിക്കുന്നതിനുള്ള പ്രകാശവും ഗ്രഹിച്ചതിനുശേഷം അതിനെ അനുഗമിക്കാനുള്ള ധൈര്യവും ദൈവം നിങ്ങൾക്കു നല്കുമാറാകട്ടേ!" (പിതാക്കന്മാരുടെ വിശ്വാസം, പുറം 7—9.)

19-ാംനൂററാണ്ടിൽ അമേരിക്കയിൽ ജീവിച്ചിരുന്ന ചിന്തകന്മാരിലും, പത്രപ്രവർത്തകന്മാരിലും, സമുദായനേതാക്കന്മാരിലും അദ്വിതീയനും ഒരു പ്രോട്ടസ്റ്റൻറുകാരനുമായിരുന്ന ഡോക്ടർ ബ്രൗൺസൺ എന്ന ദേഹം സത്യാന്വേഷണത്തിൻെറഫലമായി കത്തോലിക്കാസഭയെ ആശ്ലേഷിച്ചു 32 വർഷംകഴിഞ്ഞു തൻെറ മരണത്തിനു് അല്പം മുമ്പായി പ്രസിദ്ധപ്പെടുത്തിയ"അന്ത്യസന്ദേശ"ത്തിലെ ഹൃദയംഗമമായ വാക്കുകൾ കത്തോലിക്കരും അകത്തോലിക്കരുമായ എൻെറ വായനക്കാരുടെ

ചിന്തയ്ക്കു വിഷയീഭവിപ്പിച്ചുകൊണ്ടു "കേരളത്തിലേ ക്രൈസ്തവസഭകൾ" എന്ന ഈ ഗ്രന്ഥത്തിൻെറ അവസാന അദ്ധ്യായം ഞാനും ഉപസംഹരിച്ചു കൊള്ളുന്നു.

"കത്തോലിക്കാസഭയ്ക്കു പുറമേ എനിക്കു ഒരു സങ്കേതസ്ഥാനവുമില്ല. ഉണ്ടാകണമെന്നു ഞാൻ ആഗ്രഹിക്കുന്നതുമില്ല. ആ സഭയ!ൽ പ്രതീക്ഷയെക്കവിഞ്ഞു ഞാൻ സന്തുഷ്ടനായിക്കഴിഞ്ഞിരിക്കുന്നു. എത്രയും പ്രിയപ്പെട്ടതും, എത്രയും വാത്സല്യപൂർണ്ണയും, എത്രയും പ്രേമമസൃണയുമായ ഒരു മാതാവിനെ എന്നപോലെ ഞാൻ അവളെ സ്നേഹിക്കുന്നു. അവളുടെ സന്താനമായി ജീവിക്കുകയും സന്താനമായിത്തന്നെ മരിക്കുകയും ചെയ്യണമെന്നതത്രേ എൻെറ ആഗ്രഹസർവ്വസ്വം."

ശുഭം

ACHARYA PALACKAL ... LIBRARY
15440

DHARMARAM LIBRARY
BANGALORE - 560 029

| Due Date | Due Date | Due Date |
|---|---|---|

CT Library
00089744
J63 IN21